KOTTAYAM PUBLIC LIBRARY

M900

Call No. MAN-L Acc. No. 32795

Author വാന്യൻ ആൻഡ്രു

Title ലോകവികാസത്തിന്റെ നൂറ്റാണ്ട്

66 page
6th Decem, Sat[illegible]

എ. അർസ്സമാന്യൻ

# ലോക വികാസത്തിന്റെ നൂററാണ്ടു്

KOTTAYAM PUBLIC LIBRARY
KOTTAYAM

NATIONAL BOOK STALL LTD

# ലോക വികാസത്തിന്റെ നൂററാണ്ടു്

32795

ലോകപുരോഗതിയുടെ നൂറു വർഷങ്ങളും
സാർവ്വദേശീയമായ വിപ്ലവ–വിമോചന
പ്രസ്ഥാനങ്ങളുടെ അടിയന്തര പ്രശ്നങ്ങളും

KOTTAYAM PUBLIC LIBRARY
KOTTAYAM.

പ്രഭാത് ബുക്ക് ഹൗസ്, H. O. തിരുവനന്തപുരം

M 900

Malayalam

# LOKA VIKASATHINTE NOOTTANDU

A. ARZUMANYAN

**Hundred Years of World Development and Urgent Problems of International Revolutionary Liberation Movement.**

Translated by

**P. R. NAMBIAR**

Price: Rs. **3.75**

Copies: 3000

Published by

**Prabhatham Printing & Publishing Co. (P) Ltd.,**
**H. O. Trivandrum-14**

Cover by

**VASU PRADEEP**

Printed at

**Saraswathy Press, Calicut-1.**

KOTTAYAM PUBLIC LIBRARY
KOTTAYAM.
32795

# ഒന്നാം ഇൻടർനേഷനൽ

ദശാബ്ദങ്ങൾക്കോ ശതാബ്ദങ്ങൾക്കോ മുൻപു നടന്നവയാണെങ്കിൽപോലും "കഴിഞ്ഞുപോയതു്" എന്നു കണക്കാക്കുവാൻ വയ്യാത്ത ചില സംഭവവികാസങ്ങൾ ചരിത്രത്തിലുണ്ടായിട്ടുണ്ടു്. അത്തരം ഒരു സംഭവവികാസത്തിന്റെ ശതാബ്ദിയാണു് നാമിന്നാഘോഷിക്കുന്നതു്—അതായതു് ഒന്നാം ഇൻടർനേഷനലിന്റെ സ്ഥാപനം. ഒന്നാം ഇൻടർനേഷനലിന്റെ സ്ഥാപകന്മാരും നേതാക്കന്മാരുമായ മാർക്സും എംഗൽസും അവർ സ്ഥാപിച്ച ഇൻടർനേഷനൽമുഖേന വിപ്ലവചിന്തകളുടെയും വിപ്ലവപരമായ പ്രവർത്തനങ്ങളുടെയും ഒരു ഭദ്രദീപമാണു കൊളുത്തിയതു്. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിക്കുന്ന കമ്യൂണിസ്റ്റുകാരായ നമ്മെ സംബന്ധിച്ചേടത്തോളം അതൊരു പ്രഭാതസൂര്യനായിരുന്നു. നാം ജീവിക്കുന്ന ഈ യുഗത്തിന്നു വെളിച്ചംനൽകുവാൻ ആ ഉദയസൂര്യൻ ചക്രവാളത്തിൽ ഉയർന്നുവന്നു. ഒന്നാം ഇൻടർനേഷനൽ ഇന്നും ജീവിക്കുന്നു. ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയുടെയുംസാർവ്വദേശീയ തൊഴിലാളി പ്രസ്ഥാനത്തിന്റെയും ദേശീയ വി

മോചന പ്രസ്ഥാനത്തിൻെറയും പ്രവത്തനങ്ങളിലാണ് അതു ജീവിക്കുന്നതു്. കമ്യൂണിസ്റ്റ്പാർട്ടികളുടെ, ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ, പ്രവത്തനങ്ങളിലാണ് അതു ജീവിക്കുന്നതു്. സി. പി. എസ്. യുവിൻെറ ഇരുപതാം കോൺഗ്രസ്സും 1957-ലും, 1960-ലും നടന്ന കമ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടികളുടെ സാർവ്വദേശീയ സമ്മേളനങ്ങളും പ്രചോദനംനൽകിയ വിപ്ലവചിന്തയുടെയും വിപ്ലവപ്രവത്തനങ്ങളുടെയും സർഗ്ഗാത്മകമായ വേലിയേററത്തിലാണ് അതു ജീവിക്കുന്നതു്.

മാർക്സും, എംഗൽസും, ലെനിനും നമുക്കു ഒസ്യത്തായി നൽകിയ മഹത്തായ സന്ദേശമാണ് ഒന്നാം ഇൻടർനേഷനൽ. കമ്യൂണിസ്റ്റ്കാർമാത്രമാണ് അതിൻെറ യഥാത്ഥ അനന്തരാവകാശികൾ. എന്നാൽ അനന്തരാവകാശികളും ശിഷ്യന്മാരും മാത്രമല്ല നമ്മൾ. മാനവസമുദായത്തിൻെറ വിമോചനത്തിന്നായി തൊഴിലാളിവർഗ്ഗം നടത്തിക്കൊണ്ടിരിക്കുന്ന മഹത്തായ സമരത്തിലെ പങ്കാളികൾകൂടിയാണു നാം.

ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനം ഏററവുമധികം സ്വാധീനശക്തിയുള്ള ഒരു രാഷ്ട്രീയശക്തിയായി വളന്നുകഴിഞ്ഞിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ഈ ജൂബിലി ആഘോഷിക്കുന്നതു്. ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനം ദുർഗ്ഗമമായ ഒരു പാതയിൽക്കൂടിയാണ് മുന്നേറിവന്നതു്. ആരംഭംമുതൽക്കുതന്നെ നമ്മുടെ പ്രസ്ഥാനം അതിൻെറ മുഖ്യ ശത്രുവായ മുതലാളിത്ത വ്യവസ്ഥക്കെതിരായി തൊഴിലാളിവർഗ്ഗത്തെ അണിനിരത്തിയിരുന്നു; അതേസമയംതന്നെ ലോകമുതലാളിവർഗ്ഗത്തിന്റെ ഐക്യത്തെ കമ്യൂണിസ്റ്റ്പ്രസ്ഥാ

32795

നത്തിൻെറ സാർവ്വദേശീയമായ ഐക്യംമുഖേന ചെറുത്തു നില്ക്കുവാനും നാം നിർബ്ബന്ധിതരായി.

തൊഴിലാളിവർഗ്ഗത്തിൻെറ ദേശീയ ഘടകങ്ങൾതമ്മിലുള്ള ഐക്യത്തിൻേറയും ദൃഢബന്ധത്തിൻേറയും പതാകയേന്തികൊണ്ടും ദേശീയവാദത്തിന്നും സങ്കുചിതബോധത്തിന്നും എതിരായി പോരാടിക്കൊണ്ടുമാണു കമ്യൂണിസ്റ്റ് പ്രസ്ഥാനം പുരോഗതിനേടിയതും ഇന്നും നേടിക്കൊണ്ടിരിക്കുന്നതും.

തൊഴിലാളിവർഗ്ഗവും കൃഷകരുംതമ്മിലുള്ള സഖ്യം കെട്ടിപ്പടുക്കുകയും സുദൃഢമാക്കുകയും ചെയ്യുകയെന്ന ലക്ഷ്യം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് അതു മുന്നേറിയതും ഇന്നും മുന്നേറിക്കൊണ്ടിരിക്കുന്നതും. ലോകതൊഴിലാളിവർഗ്ഗത്തിൻെറയും എല്ലാ മർദ്ദിതജനതകളുടെയും സഖ്യത്തിൻെറ പതാകയുമേന്തിക്കൊണ്ടാണ് അതു് പുരോഗതിയടഞ്ഞതും ഇന്നും പുരോഗതിയടഞ്ഞുകൊണ്ടിരിക്കുന്നതും. തൊഴിലാളിവർഗ്ഗത്തിൻെറ ഭാഗത്തേക്കു് വിപ്ലവ ജനാധിപത്യശക്തികളെയാകെ അണിനിരത്തിക്കൊണ്ടാണ് അതു മുന്നോട്ടു പോയതും ഇന്നും മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നതും. മുതലാളിത്തത്തേയും സാമ്രാജ്യത്വത്തേയും ആക്രമിച്ചു തകിടംമറിക്കുവാൻ കഴിവുള്ള ബഹുജന രാഷ്ട്രീയസേനകളെ സൃഷ്ടിച്ചുകൊണ്ടുമാണ് ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്നുവരെ മുന്നേറിയതും ഇന്നും മുന്നേറിക്കൊണ്ടിരിക്കുന്നതും.

മാർക്സിസ്റ്റ്—ലെനിനിസ്റ്റ്കാരായ എല്ലാവരേയും സുദൃഢമായി ഏകീകരിച്ചുകൊണ്ടും 'വലതും' 'ഇടതു'മായ അവസരവാദങ്ങളെ എതിർത്തുകൊണ്ടും മാർക്സിസം ലെനിനിസ

ത്തിൻെറ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഐക്യം സ്ഥാപിക്കുവാൻ അഭ്യധ്വാനംചെയ്തുകൊണ്ടുമാണ് കമ്യൂണിസ്റ്റു് പ്രസ്ഥാനം വളൎന്നുവന്നതും ഇന്നും വളൎന്നുകൊണ്ടിരിക്കുന്നതും.

തൊഴിലാളിവിപ്ലവത്തേയും കമ്യൂണിസ്റ്റ്നിർമ്മാണത്തേയും സംബന്ധിച്ചുള്ള ശാസ്ത്രീയ സിദ്ധാന്തങ്ങൾ സ്വായത്തമാക്കിയതുകൊണ്ടാണ് കമ്യൂണിസ്റ്റ്പ്രസ്ഥാനം പതറിച്ചൂടാതെ മുന്നേറിയതും ഇന്നും മുന്നേറിക്കൊണ്ടിരിക്കുന്നതും. പ്രസ്തുത ശാസ്ത്രീയ സിദ്ധാന്തം മാത്രമാണ് ലോകത്തിൻെറ യഥാൎത്ഥമായ ചിത്രം തൊഴിലാളിവർഗ്ഗത്തിന്നു നല്കുന്നതു്. നിലവിലുള്ള സാമൂഹ്യവ്യവസ്ഥയെ വിപ്ലവപരമായി പുനസ്സംവിധാനംചെയ്യേണ്ടതെങ്ങനെയെന്നു തൊഴിലാളിവൎഗ്ഗത്തിന്നു കാണിച്ചുകൊടുക്കുന്നതും അതേ ശാസ്ത്രീയ സിദ്ധാന്തംതന്നെയാണ്.

ശരിയായ ബോധനം ജനങ്ങൾക്ക് നൽകുവാൻ കഴിഞ്ഞതുകൊണ്ടും സ്വന്തം സിദ്ധാന്തത്തെ ഒരു മന്ത്രമെന്ന നിലയിൽ ഉപയോഗിക്കാതെ നിരന്തരം വളൎന്നുകൊണ്ടിരിക്കുന്നതും വിപ്ലവപ്രവത്തനങ്ങൾക്കും മാർഗ്ഗദൎശനംനൽകുന്നതുമായ തത്വങ്ങളായി നടപ്പിലാക്കിയതുകൊണ്ടുമാണ് കമ്യൂണിസ്റ്റ്പ്രസ്ഥാനം വിജയംനേടിയതു്. സി. പി. എസ്. യു. വിൻെറ പരിപാടിയിലും 1957-ലും 1960-ലും നടന്ന സാൎവ്വദേശീയ സമ്മേളനങ്ങളുടെ പ്രഖ്യാപനത്തിലും പ്രസ്താവനയിലും സഹോദര കമ്യൂണിസ്റ്റ്പാർട്ടികളുടെ പരിപാടികളിലും ഇന്നത്തെ ചരിത്രപശ്ചാത്തലത്തിന്നനുയോജ്യമായി മാർക്സിസ്റ്റ് ലെനിനിസ്റ്റ് സിദ്ധാന്തത്തെ സൃഷ്ടിപരമായി വളൎത്തിക്കൊണ്ടുവന്നിരിക്കയാണ്.

ഒന്നാം ഇൻടർനേഷനലിൻെറ മഹത്തായ നിർദ്ദേശങ്ങൾ നിറവേററിക്കഴിഞ്ഞുവെന്ന കാര്യത്തിൽ ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു ന്യായമായും അഭിമാനംകൊള്ളാം. കമ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ ഒരു പുതിയ സോഷ്യലിസ്റ്റ് സാമൂഹ്യ വ്യവസ്ഥ ഉദയംചെയ്തുകഴിഞ്ഞിരിക്കുന്നു. ചരിത്രത്തിൻെറ സജീവ സ്രഷ്ടാക്കളായി ഉയർന്നുവരുവാൻ മർദ്ദിതരാഷ്ട്രങ്ങളെ സഹായിച്ചതു് ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനമാണ്. സാമ്രാജ്യത്വത്തേക്കാൾ കൂടുതൽ കഴിവുററവെയും ലോകയുദ്ധം നടത്താനൊക്കില്ലെന്നു പറയുവാൻ കരുത്തുള്ളവയുമായ ശക്തികളെ ഈ പ്രസ്ഥാനം വളർത്തിയെടുത്തിട്ടുണ്ടു്; ഒന്നിച്ചണിനിരത്തിയിട്ടുണ്ടു്. കമ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻെറ ആശയസംഹിതയായ മാർക്സിസിസം ലെനിനിസം ഇന്നു കോടിക്കണക്കിൽ ജനങ്ങളുടെ ആശയസംഹിതയായി മാറിക്കഴിഞ്ഞിരിക്കുന്നു; അതു മനുഷ്യരാശിയുടെയാകെ ആത്മീയപ്രവാഹമായിവളർന്നുകഴിഞ്ഞിരിക്കുന്നു.

ഏററവുമധികം കൃത്യമായി സമയം കാണിക്കുന്ന ടൈംപീസിനോടും മാനവചരിത്രത്തിൽ ഏററവുമധികം കണിശമായി വരക്കപ്പെട്ടതായ ഭൂപടത്തോടും തട്ടിച്ചുനോക്കിക്കൊണ്ടാണ് നാംനമ്മുടെ വാച്ചുകളും നാം സ്വീകരിക്കുന്ന പാതകളും ശരിയാണോ എന്നു പരിശോധിക്കുന്നതു്. ആ ടൈംപീസും ആ ഭൂപടവും നൂറു വർഷങ്ങൾക്കു മുൻപ് ഒന്നാം ഇൻടർനേഷനൽ നിർമ്മിച്ചുവെച്ചവയാണ്. ഒന്നാം ഇൻടർനേഷനൽ വരച്ചുകാട്ടിയ പാത പതറാതെ പിൻപററുന്നവരാരാണെന്നും മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാതയിൽ നിന്നും വ്യതിചലിച്ചുകൊണ്ടു് ആശയപരവും രാഷ്ട്രീയവുമായ ചളിക്കുണ്ടിൽ ചെന്നുപെട്ടുഴലുന്നവർ ആരാണെന്നും

നമ്മുടെ പ്രസ്ഥാനം ശരിയ്ക്കും കാണിച്ചുതരുന്നുണ്ട്. ഒന്നാം ഇൻടർനേഷനലിൻെറ മഹത്തായ ആദർശം ശരിയ്ക്കും പിൻതുടൎന്നു സംരക്ഷിച്ചുവരുന്നവരാരാണെന്നും അതു നിരന്തരം പ്രചരിപ്പിക്കുകയും നടപ്പിൽവരുത്തുകയും ചെയ്യുന്നവരാരാണെന്നും അതു കാണിച്ചുതരുന്നു. താൽക്കാലികമായി ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനം എന്തെല്ലാം പ്രതിബന്ധങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നാലും തിരിച്ചടിയും പിൻവാങ്ങലും അനുഭവിക്കേണ്ടിവന്നാലും ചരിത്രത്തിൻെറ ഘടികാരം കൃത്യമായ സമയം കാണിച്ചുതരുമെന്നും കമ്യൂണിസത്തിലേക്കുള്ള മാനവരാശിയുടെ തളരാത്ത പുരോഗതിയെ അടയാളപ്പെടുത്തുമെന്നും അതു തെളിയിച്ചിരിക്കുന്നു.

ഇന്നു്, ഒന്നാം ഇൻടർനേഷനലിൻെറ ശതാബ്ദിയാഘോഷം കൊണ്ടാടുന്ന ഈ വേളയിൽ, എല്ലാ കമ്യൂണിസ്റ്റ് കാരും ഭാവിയിലേയ്ക്കു് ഉററുനോക്കിക്കൊണ്ടിരിക്കുകയാണ്. വൎത്തമാനകാലത്തു നടന്ന സംഭവവികാസങ്ങൾ സൃഷ്ടിച്ച പുതിയ സങ്കീർണ്ണ പ്രശ്നങ്ങളെ അധികരിച്ച് അവർ ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എന്തിനുവേണ്ടി? തങ്ങളുടെ വിപ്ലവസമരങ്ങളുടെ കടമകൾ നിൎവ്വഹിക്കുവാൻ വേണ്ടി യുക്തിബോധവും അധ്വാനവും സമാധാനവും സ്വാതന്ത്ര്യവും സമത്വവും സഹോദര്യവും വിജയിക്കുകയും മനുഷ്യരാശിയ്ക്കാകെ സൌഖ്യം ലഭിക്കുകയും ചെയ്യത്തക്കവണ്ണം പൂൎവ്വാധികം ആത്മവിശ്വാസത്തോടും സ്ഥിരതയോടും മുന്നോട്ടു കുതിക്കുവാൻവേണ്ടി.

## ദ്രുതഗതിയിലുള്ള ചരിത്രപരമായ പുരോഗതിയുടെ യുഗം

ചരിത്രപരമായ പുരോഗതി അത്യന്തം ദ്രുതഗതിയിൽ നടക്കുന്ന ഇന്നത്തെ കാലഘട്ടത്തെസംബന്ധിച്ച് മാർക്സും ഏംഗൽസും പ്രശംസനീയമായ ദീർഘവീക്ഷണത്തോടെ മുന്നറിയിപ്പു നൽകിയിരുന്നു. മനുഷ്യരാശി ഇന്നെത്തിച്ചേർന്നിരിക്കുന്നതു് ഒരു വർഷത്തെ ഒരു ദശാബ്ദത്തിന്നു സമമായും ദശാബ്ദങ്ങളെ ശതാബ്ദങ്ങൾക്കു സമമായും ശരിക്കും കണക്കാക്കാവുന്ന ഒരു കാലഘട്ടത്തിലാണ്. എന്തുകൊണ്ടെന്നാൽ മുൻകാലത്ത് ഒരു ശതാബ്ദംകൊണ്ടു നടന്നിരുന്ന ചരിത്രസംഭവങ്ങൾ ഇന്ന് ഒരു ദശാബ്ദംകൊണ്ടു നടക്കുന്നു. അത്യധികം കേന്ദ്രീകൃതമായ മട്ടിലാണ് സംഭവപരമ്പരകൾ നീങ്ങുന്നതു്. ചരിത്രപരമായ പരിവർത്തനങ്ങളുടെ തോതു് അത്യധികം വേഗമുള്ളതാണ്; വിപ്ലവപരമായ പുനർനിർമ്മാണത്തിന്റെ ഫലങ്ങൾ അത്രയേറെ സമഗ്രവും കുറ്റമറ്റതുമാണ്.

ദ്രുതഗതിയിൽ പരിവർത്തനങ്ങൾ നടക്കുന്ന ഒരു കാലഘട്ടമായിട്ടാണ് ഈ ശതാബ്ദം ശരിക്കും പരിഗണിക്കപ്പെ

ട്ടക. ചൂഷണവ്യവസ്ഥയുടെ അന്തിമരൂപമായ മുതലാളിത്തത്തിനുപകരം ഒരു പുതിയ സാമൂഹ്യവ്യവസ്ഥ നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്. ആ പുതിയ വ്യവസ്ഥ മനുഷ്യനെ മനുഷ്യൻ ചൂഷണംചെയ്യുന്ന സമ്പ്രദായംതന്നെ ഇല്ലാതാക്കുന്ന ഒന്നാണ്.

ഇൻടർനേഷനൽ വർകിങ്ങ്മെൻസ് അസോസിയേഷൻ (ഒന്നാം ഇൻടർനേഷനൽ) സ്ഥാപിതമായതു് 1964-ലാണ്. അക്കാലത്ത് ഈ ലോകത്തിൻെറ സ്ഥിതി എന്തായിരുന്നുവെന്നു നമുക്ക് ഒന്നു അനുസ്മരിച്ചുനോക്കാം.

**ബ്രിട്ടൻ.** ശാശ്വതമാണെന്നു തോന്നിയിരുന്ന മുതലാളിത്തവ്യവസ്ഥയുടെ പ്രതീകമായിരുന്നു അന്നു ബ്രിട്ടൻ. എല്ലാ കടലുകളുടെയും രാജ്ഞിയും ലോകത്തിന്നു വ്യാവസായികോല്പന്നങ്ങൾ നൽകുന്ന വ്യവസായകേന്ദ്രവും ഏറ്റവും വമ്പിച്ച കോളനി സാമ്രാജ്യത്തിൻെറ ഹൃദയവുമായിരുന്നു അന്നു ബ്രിട്ടൻ. പക്ഷെ ചാർട്ടിസ്റ്റ് പ്രസ്ഥാനത്തിൻെറ അനന്തരാവകാശികൾ മൂലധനത്തിന്നെതിരായ സമരം ഉപേക്ഷിച്ചില്ല. പുതിയ ട്രെയ്ഡ്യൂനിയനുകൾ മുളച്ചുവരാൻതുടങ്ങി. ഖനിത്തൊഴിലാളികളുടെ ഒരു നേഷനൽ ഫെഡറേഷൻ സ്ഥാപിതമായിക്കഴിഞ്ഞിരുന്നു. "പരുത്തിക്കു വേണ്ടിയുള്ള പശിയു"ടെ ഫലമായി പടർന്നുപിടിച്ച ഭയങ്കരമായ തൊഴിലില്ലായ്മയിൽനിന്നും ടെക്സ്റ്റൈൽ വ്യവസായകേന്ദ്രങ്ങൾ വിമോചനംനേടിക്കഴിഞ്ഞിരുന്നില്ല. സിൻഫീൻസ് പ്രസ്ഥാനം സംഘടിപ്പിച്ച ഐറിഷ് ജനങ്ങളുടെ മദ്ധ്യത്തിലുണ്ടായിരുന്ന അസ്വാസ്ഥ്യം പാമേഴ്സൻ

1. Cotton hunger.
2. Sinn Fiennes movement.

മർദ്ദിച്ചൊതുക്കിക്കഴിഞ്ഞിരുന്നു. എന്നാൽ ഗാറിബാൾഡിയ്ക്കു[1] ഇംഗ്ലീഷ് മണ്ണിൽ ആവേശംതുളുമ്പുന്ന സ്വീകരണമാണ് ലഭിച്ചതു്. ബ്രിട്ടന്റെ പ്രധാന കോളനിയായ ഇന്ത്യയിൽ ഒരു പുതിയ വൈസ്രോയിയെ നിയമിച്ചതിനെത്തുടർന്നു രക്തംചിന്തിയ പുതിയ സമരങ്ങൾ നടന്നു.

**ഫ്രാൻസ്.** രണ്ടാം സാമ്രാജ്യത്തിന്റെ തലവനായ നെപ്പോളിയൻ മൂന്നാമൻ പണിമുടക്കിയ തൊഴിലാളികൾക്കെതിരായി മർദ്ദനവിധാനങ്ങൾ അഴിച്ചുവിട്ടു. ഫ്രഞ്ചാധിപത്യത്തിനെതിരായി ആൾജീറിയയിൽ നടന്ന കലാപത്തെ അദ്ദേഹം മൃഗീയമായി മർദ്ദിച്ചൊതുക്കി. മെക്സിക്കോവിൽ ഫ്രഞ്ച് സേനാവിഭാഗം തങ്ങളുടെ യുദ്ധയാത്രകൾ തുടർച്ചയായി നടത്തിക്കൊണ്ടിരുന്നു.

**പ്രഷ്യ.** രക്തംചിന്തിയും നിരങ്കുശമർദ്ദനങ്ങളും നരവേട്ടകളും നടത്തിക്കൊണ്ടും ബിസ്മാർക്ക്[2] ജർമ്മൻപ്രദേശങ്ങൾ ഒന്നിച്ചിണക്കി ഒരു ജർമ്മൻറിപ്പബ്ലിക്ക് സ്ഥാപിച്ചു. അദ്ദേഹം ഡെൻമാർക്കിന്നെതിരായി യുദ്ധംചെയ്തു. ആസ്ത്രിയയ്ക്കും ഫ്രാൻസിന്നുമെതിരായി യുദ്ധംചെയ്യുവാനുള്ള സജ്ജീകരണങ്ങൾ തയ്യാറാക്കിയിരുന്നു.

**ഇററലി.** മുതലാളിമാരും കൃഷകരും തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടായി. ബൂർഷ്വാ ജനാധിപത്യവിപ്ലവത്തിന്റെ ആദർശങ്ങൾ വഞ്ചിക്കപ്പെട്ടു. ടൂരിനിൽനിന്നും ഫ്ളോറൻസിലേയ്ക്കു് ഒരു റെയിൽവെ തുറക്കപ്പെട്ടു.

---

1. Garibaldi.
2. Bismarck.

**റഷ്യ.** അലക്സാണ്ടർ രണ്ടാമൻ അടിയാഴ്മവ്യവസ്ഥ ഔപചാരികമായി അവസാനിപ്പിച്ചു മൂന്നു വർഷങ്ങൾ കഴിഞ്ഞിരുന്നു. എന്നിരുന്നാലും പല പ്രദേശങ്ങളിലും അടിയാഴ്മ നിലനിന്നിരുന്നു. നാടിലാകമാനം തൊഴിലാളികളുടേയും കൃഷിക്കാരുടേയും ഇടയിൽ അസ്വാസ്ഥ്യം ഉടലെടുത്തുകഴിഞ്ഞിരുന്നു. "സ്വതന്ത്രചിന്തകന്മാർ"[1] എന്നറിയപ്പെട്ടിരുന്ന രാഷ്ട്രീയപ്രവർത്തകർ അറസ്റ്റ്ചെയ്യപ്പെട്ടുകൊണ്ടിരുന്നു. പോളൻഡിൽ റഷ്യനാധിപത്യത്തിന്നെതിരായി ഉയർന്നുവന്ന കലാപം അടിച്ചമർക്കപ്പെട്ടു. ഒന്നാമത്തെ ജോയിന്റ് സ്റ്റോക്ക് ബേങ്ക് സെൻറ് പീറേറഴ്സ് ബർഗിൽ സ്ഥാപിതമായി.

**അമേരിക്കൻ ഐക്യനാടുകൾ.** വടക്കൻ സ്റ്റേറ്റുകളും തെക്കൻ സ്റ്റേററുകളും തമ്മിൽ ഒരഭ്യന്തരയുദ്ധം നടന്നു. ലിംകൻ വീണ്ടും പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. അടിമത്വം നിരോധിച്ചുകൊണ്ടുള്ള ഒരു ഭേദഗതി ഭരണഘടനയിൽ ഉൾക്കൊള്ളിക്കേണമെന്നു് കോൺഗ്രസ്സ് തീരുമാനിച്ചു.

**ജപ്പാൻ.** നാട്ടുവാഴിത്തത്തിൻെറ പിടിയിൽനിന്നും രാജ്യം വിമുക്തമായിക്കഴിഞ്ഞിരുന്നില്ല. ബ്രിട്ടൻ, അമേരിക്ക, ഹോളൻഡ്, ഫ്രാൻസ് എന്നീ രാഷ്ട്രങ്ങളുടെ പടക്കപ്പലുകൾ ചേർന്നു ഒരു സംയുക്ത സേന ഷിമൊനോസെക്കി[2] എന്ന തുറമുഖത്തെ ആക്രമിച്ചു. ജപ്പാൻ കീഴടങ്ങി. വിദേശക്കപ്പലുകൾക്കായി ഷിമൊനോസെക്കി തുറന്നുകൊടുക്കുവാൻ ജപ്പാൻ നിർബ്ബന്ധിതമായി.

---

1. Free-thinkers
2. Shimonoseki

**ചൈന**. തൈപ്പിങ്ങ് കലാപം അടിച്ചമത്തുന്നതിൽ ബ്രിട്ടീഷ് ഫ്രഞ്ച് സേനകൾ പങ്കെടുത്തു. തൈപ്പിങ്ങിലെ നരവേട്ട ചൈനയിലാകമാനം കോളിളക്കങ്ങൾ സൃഷ്ടിച്ചു.

1789-1871 വരെയുള്ള കാലം ഒരു പ്രത്യേക കാലഘട്ടമായിട്ടാണ് ലെനിൻ കണക്കാക്കിയതു്. ആ കാലഘട്ടത്തിൻെറ ഭരതവാക്യം കുറിച്ചതു് ഒന്നാം ഇൻടർനേഷനലിൻെറ സ്ഥാപനവും പ്രവത്തനങ്ങളുമാണ്. ആ കാലഘട്ടത്തിൽ മുതലാളിത്തം അതിൻെറ പുരോഗമനസ്വഭാവം ഉപേക്ഷിച്ചു കഴിഞ്ഞിരുന്നില്ല. അതു വളർച്ചയടഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. മുതലാളിത്തരീതിയിലുള്ള സ്വകാര്യ സ്വത്തുടമ സമ്പ്രദായം അക്കാലത്ത് ഉല്പാദനശക്തികളെ ത്വരിതഗതിയിൽ സൃഷ്ടിക്കുവാൻ സഹായിച്ചിരുന്നു. അതിന്നു മുൻപുണ്ടായിരുന്ന എല്ലാ സാമൂഹ്യവ്യവസ്ഥകളിലും ചേന്നു മൊത്തമുണ്ടായിരുന്നതിലുമധികം ഉല്പാദനശക്തികൾ മുതലാളിത്തത്തിൻ കീഴിൽ വളന്നുവന്നു. അക്കാലത്തെ സ്ഥിതി മാർക്സും എംഗൽസും രേഖപ്പെടുത്തിയതിങ്ങനെയാണ്:—

"ഉല്പാദനോപകരണങ്ങളിൽ പെട്ടെന്നുള്ള കുതിച്ചുചാട്ടങ്ങളുണ്ടാക്കാതെയും തദ്വാരാ ഉല്പാദനബന്ധങ്ങളിലും അതിൻഫലമായി സാമൂഹ്യബന്ധങ്ങളുടെ വിവിധ തുറകളിലും വിപ്ലവപരമായ പരിവത്തനങ്ങളുണ്ടാക്കാതെയും ബൂർഷ്വാസിയ്ക്കു നിലനില്ക്കുവാൻ സാദ്ധ്യമല്ല."* ഒട്ടേറെ യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കൻ ഐക്യനാടുകളിലും മുതലാളിത്തം ഒരു വ്യവസായിക വിപ്ലവത്തിൻെറ തുടക്കം

* K. Marx and F. Engels-Communist Manifesto Section—1.

കുറിച്ചു; കായികാദ്ധ്വാനത്തിന്നു പകരം യന്ത്രങ്ങൾ ഏർപ്പെടുത്തി; ഒരു ലോകകമ്പോളംതന്നെ സൃഷ്ടിച്ചു; ദേശീയ സമ്പദ്‌വ്യവസ്ഥകളുടെ മദ്ധ്യത്തിലുണ്ടായിരുന്ന വേലിക്കെട്ടുകൾ പൊളിച്ചുമാററി.

എന്നാൽ ബൂഷ്വാരൂപത്തിലുള്ള ഉടമാവകാശത്തിന്നു അതിൻെറ ആഭ്യന്തരവൈരുദ്ധ്യം കാരണമായും തജ്ജന്യമായ മററു വൈരുദ്ധ്യങ്ങൾ ഹേതുവായും ചരിത്രപരമായിത്തന്നെ സാമൂഹ്യവികാസത്തെ ത്വരിതപ്പെടുത്തുന്നതിൽ പരിമിതികളുണ്ടായിരുന്നു. മുതലാളിത്തം സാമൂഹ്യജീവിതത്തിൻെറ ചില വശങ്ങൾക്കു് വികസിക്കുവാനുള്ള പ്രചോദനം നൽകുന്നുണ്ടു്. അതേ അവസരത്തിൽതന്നെ ഇതരവശങ്ങളുടെ വികാസത്തിന്നു പ്രതിബന്ധവും മാന്ദ്യവും സൃഷ്ടിച്ചിരുന്നു. സാമൂഹ്യമാകെ ചേർന്നു് ഉല്പാദിപ്പിക്കുന്ന സമ്പത്ത് സ്വന്തം ധാരാളിത്തം കാരണമായി ധൂർത്തടിക്കുകയാണു് മുതലാളിത്തം ചെയ്യുന്നതു്.

യൗവ്വനദശ കഴിഞ്ഞ മുതലാളിത്തത്തിനു സാമൂഹ്യപുരോഗതിയുടെ ഉപകരണമായി നിലനിൽക്കുവാൻ സാധ്യമല്ലാതായി, മാത്രമല്ല അതു പുരോഗതിക്കു വിഘാതം വിളയിക്കുന്ന ഒരു ഘടകമായിത്തീർന്നു. സ്വന്തം വർഗ്ഗശത്രുവിന്നു, തൊഴിലാളിവർഗ്ഗത്തിന്നു, അതു ജന്മം നൽകി. ചൂഷണത്തിൽനിന്നും വിമുക്തമായ ഒരു സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുവാൻ അവതരിച്ച വർഗ്ഗമാണു് തൊഴിലാളിവർഗ്ഗം. അവർ ചരിത്രത്തിൻെറ അരങ്ങത്ത് പ്രത്യക്ഷപ്പെടുകയും സ്വന്തം കഴിവിനെ സംബന്ധിച്ചു ബോധവാന്മാരായിത്തീരുകയും ചെയ്തതോടെ മുതലാളിവർഗ്ഗം അവരുടെ വിപ്ലവപരമായ സ്വഭാവവിശേഷതകൾ ഉപേക്ഷിക്കുകയും തൊഴിലാ

ളിവൎഗ്ഗത്തിന്നെതിരായി സമൂഹത്തിലെ അവിശിഷ്ടശക്ത കളുമായി അതായത് നാട്ടവാഴികളായ ഭൂവുടമകൾ, പട്ടാള മേധാവികൾ, പുരോഹിതവർഗ്ഗം എന്നിവരുമായി ഒരു പി ന്തിരിപ്പൻ കൂട്ടുകെട്ടിൽ ഏർപ്പെട്ടുകയും ചെയ്തു. ഇവരാണെ ങ്കിൽ ഇന്നലെവരെ മുതലാളിവൎഗ്ഗത്തെ എതിൎത്ത ശക്തി കളായിരുന്നു.

ഒന്നാം ഇൻടർനേഷനൽ ഒരു പുതിയ യുഗമാണ് ഉൽ ഘാടനം ചെയ്തതു്. 1917 ഒക്ടോബറിൽ റഷ്യയിലെ വിപ്ല വബോധമുള്ള തൊഴിലാളിവൎഗ്ഗം സാമ്രാജ്യത്വ ച്ചങ്ങലയെ പൊട്ടിച്ചെറിഞ്ഞുവെന്നതു് ഈ യുഗത്തിനു മകുടം ചാൎത്തി യ സംഭവമായിരുന്നു. മുതലാളിത്തത്തിൻെറ നേട്ടങ്കോട്ട തകൎത്തുകൊണ്ടു് തൽസ്ഥാനത്ത് ചൂഷണത്തിൽനിന്നും സ്വ തന്ത്രരായ ജനതകളുടെ മദ്ധ്യത്തിൽ ഉടലെടുക്കുമെന്നു മനു ഷ്യരാശിയുടെ ഏററവും ഉൽകൃഷ്ടരായ ചിന്തകന്മാർ വിഭാ വനം ചെയ്ത സമത്വാധിഷ്ഠിതമായ ഒരു പുതിയ സമുദായം കെട്ടിപ്പടുക്കുവാൻ തൊഴിലാളിവർഗ്ഗം ദൃഢനിശ്ചയം ചെ യ്തിരിക്കുന്നുവെന്നു് ഒന്നാം ഇൻടർനേഷനലിൻെറ സന്തതി യായ പാരിസ് കമ്യൂൺ പ്രഖ്യാപനം ചെയ്തു. പാരിസ് കമ്യൂണിന്നു മാർക്സ് അനിതരസാധാരണമായ പ്രാധാ ന്യം കല്പിച്ചിരുന്നു, പതറാത്ത യാഥാൎത്ഥ്യബോധത്തോടെ പാരിസ് കമ്യൂണിൻെറ അനുഭവങ്ങളെ, അതിലെ തെററു കളേയും വ്യാമോഹങ്ങളേയും മൂടിവെക്കാതെ തന്നെ, അദ്ദേ ഹം വിശകലനം ചെയ്യുകയുണ്ടായി. അതിൽനിന്നും മാർക് സ് ചില നിയമങ്ങളിലെത്തി, തൊഴിലാളിവൎഗ്ഗപ്രസ്ഥാന ത്തെ ശാസ്ത്രീയ സോഷ്യലിസവുമായി കൂട്ടിയിണക്കേണ്ടതു് അത്യാവശ്യമാണ്, തൊഴിലാളിവർഗ്ഗം കർഷകരുമായും

അദ്ധ്വാനിയ്ക്കുന്ന ഇതര ജനവിഭാഗങ്ങളുമായും ശാശ്വതമായ സഖ്യം കെട്ടിപ്പടുക്കണമെന്നതു വിജയം വരിക്കുന്നതിന്നനുപേക്ഷണീയമായ ഒരു നിബന്ധനയാണ്: വർഗ്ഗസമരത്തിൻെറ അനുഭവങ്ങളുമായി വിപ്ലവസിദ്ധാന്തങ്ങളെ തട്ടിച്ചുനോക്കുകയും തദ്വാരാ വിപ്ലവസിദ്ധാന്തങ്ങളെ തുടർച്ചയായി സമ്പന്നമാക്കുകയും വേണം—എന്നിവയായിരുന്നു പ്രസ്തുത നിഗമനങ്ങൾ. പാരിസ്കമ്യൂണിൻെറ പരാജയം തൊഴിലാളിവർഗ്ഗത്തിൻെറ ഉജ്ജ്വലമായ മനോവീര്യത്തെ യാതൊരുവിധത്തിലും ഉലക്കുകയുണ്ടായില്ല. പാരിസ് കമ്യൂൺ ഉൽഘാടനം ചെയ്ത കാലഘട്ടം തൊഴിലാളിവർഗ്ഗത്തെ സംബന്ധിച്ചേടത്തോളം ഒരുക്കുകൂട്ടലിൻെറയും ശക്തിസംഭരണത്തിൻെറയും കാലഘട്ടമായിട്ടാണ് കണക്കാക്കപ്പെട്ടതു്.

ഈ നൂററാണ്ടു് പിറന്നതോടെ ഉല്പാദനോപകരണങ്ങൾ ദ്രുതഗതിയിൽ വളർന്നുവരുന്നതു കാണാറായി. നാട്ടുവാഴിത്തത്തിൽനിന്നും കൂടുതൽ രാജ്യങ്ങൾ വിമോചനം നേടി; ആഗോളാടിസ്ഥാനത്തിലുള്ള സാമ്പത്തിക ബന്ധങ്ങൾ വിപുലമായ തോതിൽ വളർന്നു വന്നു. രാജ്യങ്ങളും രാഷ്ട്രങ്ങളും സാമ്പത്തികമായി കൂടുതൽ അടുക്കുവാൻ തുടങ്ങി. ആവിയുടെ യുഗത്തിന്നുപകരം വിദ്യുച്ഛക്തിയുടെ യുഗം സ്ഥാനം പിടിച്ചു. കൂററൻ ഫേക്ടറികളിൽ തൊഴിലാളികളെ കേന്ദ്രീകരിച്ചു ജോലിചെയ്യിക്കുന്ന സമ്പ്രദായം ശീഘ്രഗതിയിൽ വളന്നു വന്നു. ലോകത്തിൻെറ വിവധഭാഗങ്ങളിൽ ഇരതേടി കടന്നുചെന്ന മൂലധനം നിലവിലുണ്ടായിരുന്ന ഉൽപാദസമ്പ്രദായങ്ങളെ നശിപ്പിച്ചുകളഞ്ഞു. ഇതിൻെറയെല്ലാം ഫലമായി വ്യവസായം അഭൂതപൂർവ്വമാംവണ്ണം സാമൂഹ്യവൽക്കരിക്കപ്പെട്ടുവാനിടയായി. സോഷ്യലിസ്റ്റ് വ്യവ

സ്ഥയുടെ സൃഷ്ടിയ്ക്കാവശ്യമായ അസ്ഥിവാരം അതുവഴി വസ്തുനിഷ്ഠമായിത്തന്നെ സജ്ജമായി.

എന്നാൽ ഉൽപാദനശക്തികൾക്കുണ്ടായ ഈ വളർച്ച ഉപയോഗപ്പെടുത്തി സ്വന്തം സാമ്പത്തിക ശക്തിയും രാഷ്ട്രീയമായ അധികാരവും ഉറപ്പിച്ചുനിർത്തുവാനാണ് മുതലാളിവർഗ്ഗം ശ്രമിച്ചത്. സ്വതന്ത്രമായ മത്സരത്തിൽക്കൂടി വളർന്നുവന്ന മുതലാളിത്തം കുത്തകമൂലധനമായി രൂപാന്തരപ്പെട്ടു. മുതലാളിവർഗ്ഗത്തിലെ മേലേത്തട്ടിലുള്ള വിഭാഗം സാമ്പത്തിക മേധാവിത്വമുള്ള ഭരണവർഗ്ഗമായി ഉയർന്നു. അവർ സമൂഹത്തിന്റെ മേലാളരായി സ്ഥാനം പിടിച്ചു. ബഹുജനങ്ങളെ കുത്തകാധികാരമുപയോഗിച്ചുകൊണ്ടു ചൂഷണം ചെയ്യുക, കോളനിജനതകളെ മർദ്ദിച്ചു ഭരിക്കുക, ജനാധിപത്യാവകാശങ്ങളെ നിഷേധിക്കുക എന്നിവ തങ്ങളുടെ ആസ്തിക്യത്തിന്റെ അടിത്തറയാക്കി അവർ മാററി,

മുതലാളിത്തം അതിന്റെ വികാസത്തിലെ ഏററവും ഉയർന്ന പതനത്തിൽ, അന്തിമമായ ഘട്ടത്തിൽ, പ്രവേശിച്ചു-അതാണ് സാമ്രാജ്യത്വം. കുത്തകമുതലാളിത്തം വികസിച്ചുവരുന്നതിന്നനുസരിച്ചു കൂടുതൽ കൂടുതൽ മൃഗീയമായ പാതകങ്ങൾ മാനവരാശിയ്ക്കെതിരായി നടത്തിക്കൊണ്ടിരുന്നു, സ്വതന്ത്രമായി പരസ്പരം മത്സരിച്ചിരുന്ന സമ്പ്രദായത്തെ കുത്തകമുതലാളിത്തം എതിർത്തു; ആക്രമണങ്ങളും ബലപ്രയോഗവും പതിവാക്കി. മുതലാളിത്തം അതിന്റെ വികാസത്തിന്റെ പുലരിയിൽ ബലപ്രയോഗം പ്രാഥമിക മൂലധന ശേഖരണത്തിന്നുള്ള ഉപകരണമാക്കി. സാമ്പത്തികമായി തൊഴിലാളികളെ തങ്ങളുടെ പരിധിയിൽ കൊണ്ടുവരുവാൻ സാധിക്കാത്ത പ്രദേശങ്ങളിൽ ബലംപ്രയോഗിച്ചു

കൊണ്ടുതന്നെ തങ്ങളുടെ മേധാവിത്വം മുതലാളിവർഗ്ഗം സ്ഥാപിച്ചു. മുതലാളിത്വം നാശോന്മുഖമായ ഇന്നത്തെ ഘട്ടത്തിൽ ഉല്പാദനശക്തികൾ പൊതുവുടമവ്യവസ്ഥ നടപ്പിലാക്കണമെന്ന് ശക്തിയായി ആവശ്യപ്പെട്ടുന്നുണ്ട്. ആ ഘട്ടത്തിലും സ്വന്തം അധികാരം നിലനിർത്താനായി മുതലാളിത്തം വീണ്ടും ബലപ്രയോഗം അവലംബമാക്കിയിരിക്കയാണ്. എന്തുകൊണ്ടെന്നാൽ അതിൻെറ സാമ്പത്തികമായ അടിത്തറ വഴുതിപ്പോയിക്കൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ ഡസൻകണക്കിലുള്ള സ്വതന്ത്രരായ ജനതകളുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തെ സാമ്രാജ്യത്വം തട്ടിപ്പറിച്ചെട്ടത്തിരുന്നു. 'മുതലാളിത്തനാഗരികത' മുഖേന അനുഗൃഹീതമാക്കുമെന്നു വാചകമടിച്ചുകൊണ്ട് പല വൻകരകളെയും സാമ്രാജ്യത്വം തട്ടിയെടുത്തിരുന്നു. എന്നാൽ അവ ഇന്നു അവികസിതങ്ങളായി, വളർച്ചമുട്ടി ദാരിദ്ര്യത്തിൽ നരകിക്കുകയാണ്. പരസ്പരം കോളനികളും സ്വാധീനവലയങ്ങളും പുനർവിഭജനം ചെയ്യുവാൻ ലോകമഹായുദ്ധങ്ങൾ പ്രയോജനപ്പെട്ടുമെന്നു ഭരണാധികാരം കിട്ടിയ കുത്തകമുതലാളിമാർ "കണ്ടുപിടിച്ചു" അതോടെ കൂടുതൽ സമ്പന്നരായിത്തീരേണ്ടുന്ന ദുരകൊണ്ട് അവർ കോടിക്കണക്കിൽ ജനങ്ങളെ സംഘടിതമായിത്തന്നെ കൊലചെയ്യുവാൻ ലോകയുദ്ധങ്ങൾ തന്നെ ആരംഭിച്ചു. സാമ്രാജ്യത്വം ആപാദചൂഡം രാഷ്ട്രീയ പിന്തിരിപ്പത്തത്തിൻെറ ഒരു ശക്തിയായിമാറിക്കഴിഞ്ഞിരിക്കുന്നു. മുതലാളിത്തരീതിയിലുള്ള ഉല്പാദനസമ്പ്രദായത്തിൽ അന്തർലീനമായ വൈരുദ്ധ്യങ്ങളെ സാമ്രാജ്യത്വം നഗ്നമായി പ്രദർശിപ്പിച്ചുകഴിഞ്ഞു. മുതലാളിത്തത്തിൻെറ നാശം ത്വരിതപ്പെടുത്തുവാനുള്ള എല്ലാ പ്രക്രിയകൾക്കും അതു ഗതിവേഗം കൂട്ടിയിരിക്കുന്നു. ബൂർഷ്വാസി "സ്വന്തം ശവക്കുഴി

തോണ്ടുന്നവരെ സൃഷ്ടിയ്ക്കുകയാണ്. അവരുടെ തകർച്ചയും തൊഴിലാളിവർഗ്ഗത്തിൻെറ വിജയവും ആർക്കും തടുക്കുവാൻ വയ്യ.''* എന്നു കമ്യൂണിസ്റ്റ് മേനിഫെസ്റ്റോ പ്രവചിച്ചിരുന്നുവല്ലോ. പ്രസ്തുത പ്രവചനം ഇന്നു് ഒരു യാഥാർത്ഥ്യമായി പരിണമിച്ചിരിക്കയാണ്.

മാനവചരിത്രത്തിൽ ഏററവുമധികം സങ്കീർണ്ണമായ ഒരു പതനമായിരുന്നു സാമ്രാജ്യത്വഘട്ടം, സാമ്രാജ്യത്വം ആധിപത്യം വഹിച്ചിരുന്ന പശ്ചാത്തലത്തിൽ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ വികാസങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം തന്നെ ഒരു പുതിയ സ്വഭാവം കൈവരിച്ചു. ഈ പ്രശ്നങ്ങൾക്കു പരിഹാരം കാണേണ്ടുന്ന മാർഗ്ഗം മാനവരാശിയ്ക്കു കാണിച്ചുകൊടുക്കണമെങ്കിൽ മാർക്സിസത്തെ കൂടുതൽ വികസിപ്പിക്കേണ്ടതാവശ്യമായി വന്നു. മുതലാളിത്തത്തിൻെറ പുതിയ ഘട്ടത്തെ സമഗ്രമായും സവ്വസ്പർശിയായും വിശകലനം ചെയ്യേണ്ടതത്യാവശ്യമായിത്തീന്നു. സോഷ്യലിസ്റ്റ് വിപ്ലവത്തിൻെറ സിദ്ധാന്തവും തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവസമരങ്ങളുടെ തന്ത്രവും അടവുകളും പുതുതായി ആവിഷ്കരിക്കേണ്ടിവന്നു. ലോകതൊഴിലാളിവർഗ്ഗത്തിൻെറ നേതാവും ആചാര്യനുമായ ലെനിനാണ് ആ കൃത്യം നിറവേററിയതു്. പുതിയ ചരിത്രപരിതഃസ്ഥിതികൾക്കനുയോജ്യമാവത്തക്കവണ്ണം മാർക്സിസത്തെ ലെനിൻ വളർത്തിക്കൊണ്ടുവന്നുവെന്നതു മാത്രമല്ല പ്രശ്നം. ഒരു പുതിയ മാതൃകയിൽ ഒരു പാർട്ടിയെ സൃഷ്ടിച്ചതിലും ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ സംഘടിപ്പിക്കുകയും ഐക്യപ്പെടുത്തുകയും ചെയ്തതിലും 1917 ഒക്ടോബറിൽ റഷ്യൻ തൊഴി

* K. Marx and F. Engels, Communist Manifesto Section—1.

ലാളിവർഗ്ഗത്തെ വിജയത്തിലേയ്ക്കു നയിച്ചതിലുംകൂടിയാണ് അദ്ദേഹത്തിൻെറ മഹത്വം സ്ഥിതിചെയ്യുന്നതു്. ഒന്നാം ലോകമഹായുദ്ധത്തിൻെറ ആരംഭത്തിൽതന്നെ രണ്ടാം ഇൻടർനേഷനൽ പരാജയമടഞ്ഞുകഴിഞ്ഞിരുന്നു. ഒക്ടോബർ വിപ്ലവം വിജയിച്ചതിന്നുശേഷം ലോകത്തിലെ മുഴവൻ കമ്യൂണിസ്റ്റ് പാർട്ടികളെയും സംയോജിപ്പിച്ചുകൊണ്ടു് ലെനിൻെറ നേതൃത്വത്തിൽ മൂന്നാം ഇൻടർനേഷനൽ രൂപീകൃതമായി. ലോകചരിത്രത്തിൽ ഒരു പുതിയ യുഗം വളന്നുവന്നു. മുതലാളിത്തത്തിൻെറ തകച്ചയുടെയും കമ്യൂണിസത്തിൻെറ വിജയത്തിൻെറയും യുഗം. ഈ പുതിയ പരിതസ്ഥിതിയിൽ പുതിയ സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കാനാവശ്യമായ ആശയപരമായ അസ്ഥിവാരം ലെനിൻ തൊഴിലാളിവഗ്ഗത്തിന്നു സജ്ജമാക്കിക്കൊടുത്തു. മുതലാളിത്തത്തിൽനിന്നും കമ്യൂണിസത്തിലേക്കുള്ള പരിവത്തനഘട്ടത്തിലെ വിപ്ലവസമരങ്ങളുടെ തന്ത്രവും അടവുകളും തൊഴിലാളിവർഗ്ഗത്തിന്നു ലെനിൻ പഠിപ്പിച്ചുകൊടുത്തു.

അങ്ങേയററം സങ്കീണ്ണവും വൈരുദ്ധ്യപൂണ്ണവും നേർവഴി അല്ലാത്തതുമായ പാതയിലൂടെയാണ് മുതലാളിത്തവ്യവസ്ഥയുടെ തകച്ചയും നാശവും സംഭവിക്കുന്നതെന്നു കഴിഞ്ഞ അര ശതാബ്ദകാലത്തെ അനുഭവങ്ങളിൽ നിന്നും നാം കണ്ടതാണ്. ആദ്യമായി ഒരു രാജ്യത്തു മാത്രമായും പിന്നീട് ഒരു വലിയ വിഭാഗം രാജ്യങ്ങളിലും സോഷ്യലിസ്റ്റ് വിപ്ലവം വിജയിച്ചു. അതിൻെറ ഫലമായി മൃതപ്രായമായ ഈ വ്യവസ്ഥയാകെ സ്വയം തകന്നുവീഴുന്ന നില കൈവരികയില്ല. ഒട്ടേറെ രാജ്യങ്ങളിൽ മുതലാളിത്തം ഇന്നു പ്രബലശക്തിയായി സ്ഥിതിചെയ്യുന്നുണ്ടു്. ചരിത്രത്തിൻെറ ചില പ്രത്യേക ഘട്ടങ്ങളിൽ ആധിപത്യം വഹിക്കാനാവശ്യമായ

ത്ര ചൈതന്യം മുതലാളിത്തത്തിന്നു് ഇന്നും അവശേഷിച്ചിട്ടുണ്ടു്. ഉൽപാദനവും മൂലധനവും കൂടുതൽ വിപുലമായ തോതിൽ കേന്ദ്രീകരിച്ചുകൊണ്ടു് ഉല്പാദനശക്തികളെ വികസിപ്പിക്കുവാനും കുത്തകാധിപത്യത്തെ നീട്ടിക്കൊണ്ടുപോകുവാനും മുതലാളിത്തത്തിനു കഴിയുന്നുണ്ടു്. എന്നാൽ ഉല്പാദനത്തിന്റെ സാമൂഹ്യസ്വഭാവവും ഉപഭോഗത്തിന്റെ മുതലാളിത്തരൂപവും തമ്മിലുള്ള നൈസർഗ്ഗികമായ വൈരുദ്ധ്യത്തെ ഇല്ലായ്മചെയ്യുവാനുള്ള മാർഗ്ഗങ്ങളൊന്നും മുതലാളിത്തം കണ്ടെത്തിയിട്ടില്ല; കണ്ടെത്തുവാൻ അതിന്നു കഴിയുകയുമില്ല.

സോഷ്യലിസത്തിലേയ്ക്കുള്ള രാജവീഥിയിലൂടെ മാനവരാശി മുന്നേറിക്കൊണ്ടിരിക്കുകയാണ്. നൂറു കൊല്ലങ്ങൾക്കു മുൻപ് വിപ്ലവകാരികളായ തൊഴിലാളിവർഗ്ഗത്തിന്റെ നേതൃഘടകമായിരുന്ന ഒന്നാം ഇന്റർനേഷനിൽ രൂപംകൊണ്ടതാണ് ശാസ്ത്രീയകമ്യൂണിസത്തിന്റെ ആശയങ്ങൾ. തൊഴിലാളിവർഗ്ഗത്തെയും മനുഷ്യരാശിയെ ആകെയും വിമോചിപ്പിക്കുന്ന മഹത്തായ ആശയങ്ങളാണവ. എന്നാൽ നമ്മുടെ കാലഘട്ടത്തിലെ വിപ്ലവപരമായ നേട്ടങ്ങളിൽ അതേ ആശയങ്ങൾ ഉൾക്കൊണ്ടിട്ടുണ്ടെന്നതു സുവ്യക്തമായി കാണാൻ കഴിയും. "സോഷ്യലിസത്തിന്നുവേണ്ടി തൊഴിലാളിവർഗ്ഗം നടത്തുന്ന സാർവ്വദേശീയമായ സമരത്തിനു ഒന്നാം ഇൻടർനേഷനൽ അസ്ഥിവാരമിട്ടിരിക്കുന്നു."* എന്നു ലെനിൻ പറയുകയുണ്ടായി.

സാമൂഹ്യവികാസത്തിന്റെ എല്ലാതരം പ്രക്രിയകൾക്കും അഭൂതപൂർവ്വമായ ഗതിവേഗം കൈവന്നിട്ടുണ്ടെന്ന ഒരു സവി

---

* V. I. Lenin—The Third International and its place in History (Works, Vol 29, p. 281)

ശേഷത നമ്മുടെ കാലഘട്ടത്തിനുണ്ട്. ഇതിന്നു മുമ്പിലത്തെ യാതൊരു കാലഘട്ടത്തിലും യാതൊരു സാമൂഹ്യവ്യവസ്ഥ യിലും ഈ തോതിലോ ഇത്രയോ ത്വരിതഗതിയിലോ, ഇ ന്നത്തത്ര തീവ്രമായ മട്ടിലോ പരിവർത്തനങ്ങൾ നടന്നിട്ടില്ല. കമ്യൂണിസ്ററുകാരുടെ മഹത്തായ നേതൃത്വത്തിൽ തൊഴി ലാളിവർഗ്ഗമാണ് മാനവചരിത്രത്തിലിതുവരെയുണ്ടായ ലോകപുരോഗതിയുടെ ഗതിവേഗം ഏററവുമധികം വർദ്ധി പ്പിച്ചതു്. ഇരുപതാംനൂററാണ്ടിൻെറ ചലനാത്മകത്വം ന മ്മുടെ കാലഘട്ടത്തിലെ ഏററവും വിപ്ലവകാരികളായ വ ർഗ്ഗത്തിൻെറ, തൊഴിലാളിവർഗ്ഗത്തിൻെറ ചലനാത്മകത്വമാ ണു്. പുതിയ ഉല്പാദനരീതിയുടെ ചലനാത്മകത്വമാണ്, ലോകസോഷ്യലിസ്റ്റ്‌വ്യവസ്ഥയുടെ ചലനാത്മകത്വമാണ്

ലോകവിപ്ലവപ്രക്രിയയുടെ ആഘാതമേററു വർഗ്ഗശ ക്തികളുടെ ചേരിചേരലിലും ബലാബലത്തിലും കാതലായ മാററങ്ങൾ വന്നുചേർന്നിട്ടുണ്ട്. അവയെന്തൊക്കെയാണ്? മഹത്തായ ഒക്ടോബർ വിപ്ലവത്തിനെ തുടർന്നുള്ള അമ്പതോ ളം വർഷങ്ങളിലായി ഭൂലോകത്തിൻെറ രാഷ്ട്രീയമായ പട ത്തിൽ വന്ന മാററങ്ങൾ ഒന്നു പരിശോധിച്ചുനോക്കാം:—

1919ലും 1964ന്റെ ആദ്യത്തിലുള്ള ഭൂലോകത്തിന്റെരാഷ്ട്രീയമായ പടം.

| | 1919 | | | | 1964ന്റെ ആരംഭത്തിൽ | | | |
|---|---|---|---|---|---|---|---|---|
| | വിസ്താരം | | ജനസംഖ്യ | | വിസ്താരം | | ജനസംഖ്യ | |
| | ച. കിലോമീററർ (ദശലക്ഷം) | ശതമാനം | ദശലക്ഷം | ശതമാനം | ച. കിലോമീററർ (ദശലക്ഷം) | ശതമാനം | ദശലക്ഷം | ശതമാനം |
| ലോകം | 135.3 | 100 | 1777 | 100 | 135.3 | 100 | 3240 | 100 |
| 1) സോഷ്യലിസ്റ്റ് ലോകം | 21.7 | 16 | 138 | 7.8 | 35.2 | 26 | 1134 | 35 |
| 2) അവശിഷ്ട ലോകം | 113.6 | 84 | 1639 | 92.2 | 100.1 | 74 | 2106 | 65 |
| 3) പ്രമുഖരായ സാമ്രാജ്യ ശക്തികളും (യു. എസ്. എ., ബ്രിട്ടൻ, ഫെഡറൽ ജർമ്മനി, ഫ്രാൻസ്, ജപ്പാൻ, ഇററലി) അവയുടെ കോളനികളും | 60.3 | 44.6 | 855 | 48.1 | 14.3 | 10.6 | 524.8 | 16.2 |
| 4) കോളനികൾ, അർദ്ധകോളനികൾ, ഡൊമിനിയനുകൾ | 104.5 | 77.2 | 1230 | 69.2 | 9.3 | 6.9 | 45.8 | 1.4 |
| 5) 1919-നു ശേഷം പരമാധികാര രാഷ്ട്രങ്ങളായിതീർന്ന കോളനികളും അർദ്ധകോളനികളുമായിരുന്ന | | | | | | | | |

ഒരു തലമുറയുടെ കാലത്ത് ലോകത്തിലെ സാമൂഹ്യ രാഷ്ട്രീയ ഘടനയിൽ വന്നിട്ടുള്ള മാററങ്ങൾ യാതൊരു കാരണത്താലും എണ്ണംകൊണ്ടു മാത്രം പരിഗണിക്കപ്പെടേണ്ട വയല്ല. ലെനിൻ പറഞ്ഞ തരത്തിൽ, "മുതലാളിത്തത്തിൻെറയും അതിൻെറ അവശിഷ്ടങ്ങളുടെയും നാശവും കമ്യൂണിസ്റ്റ്‌വ്യവസ്ഥിതിയുടെ അസ്ഥിവാരത്തിൻെറ ആരംഭവുമാണ്" ഈ മാററങ്ങളിലടങ്ങിയിട്ടുള്ളത്. ലോകചരിത്രത്തിലെ പുതിയ യുഗത്തിൻെറ ഉള്ളടക്കമാണിത്. ഈ യുഗമാരംഭിച്ചത് 1917ലാണ്.

ലോകശക്തികളുടെ ബന്ധങ്ങളിൽ ഗുണപരമായ ഒരെട്ടത്തുചാട്ടം ഉണ്ടായത് ഇന്നത്തെ കാലഘട്ടത്തിൽ പ്രവത്തിച്ചുകൊണ്ടിരിക്കുന്ന മൂന്നു പ്രക്രിയകളുടെ പ്രവത്തനഫലമാണ്.

ഒന്നാമതായി ലോക സോഷ്യലിസ്റ്റ്‌വ്യവസ്ഥ അതിൻെറ ലോകവ്യാപകമായ വികാസത്തിൻെറ ഫലമായി പുതിയ അതിത്തികളിലേയ്ക്കു കടന്നുകഴിഞ്ഞിരിക്കുന്നു. ഒരു പുതിയ സാമൂഹ്യഘടനയെന്ന നിലയിൽ സോഷ്യലിസ്റ്റ് വ്യവസ്ഥ ഈ ഭൂമുഖത്ത് ദൃഢമൂലമായി ഉറച്ചുകഴിഞ്ഞു. ചരിത്രത്തിൻെറ ഗതിവേഗം വർദ്ധിപ്പിയ്ക്കുന്നതിൽ അതു വദ്ധമാനമായ കരുത്തോടുകൂടിയ ഒരു പ്രചോദനശക്തിയായിത്തീന്നിരിയ്ക്കുന്നു. മാനവരാശിയുടെ ചരിത്രപരമായ വികാസത്തിൻെറ മുഖ്യമായ ഉള്ളടക്കവും മുഖ്യമായ ഗതിക്രമവും മുഖ്യമായ സവിശേഷതകളും നിണ്ണയിക്കുന്ന ശക്തിയായി സോഷ്യലിസ്റ്റ്‌വ്യവസ്ഥ വളന്നുകൊണ്ടിരിക്കുന്നു.

രണ്ടാമതായി ദേശീയവിമോചനവിപ്ലവങ്ങളുടെ ആഘാതമേററു സാമ്രാജ്യത്വത്തിൻെറ കോളനിവ്യവസ്ഥ ച

രിത്രത്തിൻെറ ചുരുങ്ങിയ കാലയളവിൽ ഫലത്തിൽ തക
ന്നുകഴിഞ്ഞിരിയ്ക്കുന്നു. 150 കോടി ജനങ്ങൾ സാമ്രാജ്യത്വ
ത്തിൽനിന്നും സ്വയം മോചനം നേടുകയും ഡസൻ ക
ണക്കിൽ പരമാധികാര രാഷ്ട്രങ്ങൾ ഏഷ്യയിലും ആഫ്രിക്ക
യിലും സ്ഥാപിതമാവുകയും ചെയ്യുന്നതിന്നു പ്രചോദനം
നല്കിയതു് ലോകവ്യാപകമായ പ്രാധാന്യമുള്ള സോഷ്യലി
സമെന്ന ഘടകംതന്നെയാണ്. മുൻ കോളനികളിലെ ജന
ങ്ങൾ ഇന്നത്തെ ലോകരാഷ്ട്രീയത്തിൽ വളരെയേറെ സജീവ
തയുള്ള ഒരു പുതുഘടകമാണ്; ഒരു മഹത്തായ സാമ്രാജ്യ
വിരുദ്ധ ശക്തിയാണ്.

മൂന്നാമതായി മനുഷ്യരാശിയിൽ ഭൂരിപക്ഷത്തിൻെറ
മേൽ സാമ്രാജ്യത്വത്തിന്നുണ്ടായിരുന്ന സ്വാധീനം എന്നെ
ന്നേയ്ക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു. മൊത്തത്തിൽ സ്വന്തം ശ
ക്തി തികച്ചും തകർന്നുകഴിഞ്ഞ അനുഭൂതിയാണ് സാമ്രാജ്യ
ത്വത്തിന്നു് ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ദശാബ്ദങ്ങളായി
കെട്ടിപ്പടുത്ത ക്രൂരൻ മർദ്ദനഭരണ യന്ത്രത്തിൻെറ നെടുംതൂണ
കൾ തൊഴിലാളിവർഗ്ഗത്തിൻെറ പോരാട്ടങ്ങളുടെ അലയടി
യേററു ഇളകിത്തുടങ്ങിയിരിക്കുന്നു. ഈ പോരാട്ടങ്ങളുടെ
മുന്നണിയിൽ കമ്യൂണിസ്റ്റുകാർ നിലയുറപ്പിച്ചിരിക്കുക
യാണ്.

1864ലെ ലോകത്തിന്നു രൂപം കൊടുത്തതു റഷ്യയിലെ
യും ഫ്രാൻസിലേയും കിരീടധാരികളായ ഭരണാധികാരിക
ളും, പാമേഴ്സൺമാരും ബിസ്മാർക്കുകളുമായിരുന്നു. അ
ന്നത്തെ ലോകത്തിൻെറയും നമ്മുടെ കാലഘട്ടത്തിൻെറ
യും മദ്ധ്യത്തിൽ ചരിത്രപരമായ ഒരു യുഗംതന്നെ
കിടക്കുന്നുണ്ടു്. ലോകസംഭവഗതികളുടെ സ്വഭാവം നിർണ്ണ

യിക്കുന്നതിൽ ഇന്നു മുതലാളിത്തത്തേയും സാമ്രാജ്യത്വത്തേയും നിയന്ത്രിയ്ക്കുന്ന വസ്തുനിഷ്ഠമായ നിയമങ്ങൾക്ക് പ്രസക്തിയില്ലാതായികഴിഞ്ഞിരിക്കുന്നു. 1960ലെ മോസ്കോ സമ്മേളനമംഗീകരിച്ച പ്രസ്താവന നമ്മുടെ യുഗത്തെ പററി പറയുന്നതിങ്ങനെയാണ്, "മഹത്തായ ഒക്ടോബർ വിപ്ലവത്തോടെ ആരംഭിച്ച നമ്മുടെ കാലഘട്ടത്തിൻെറ മുഖ്യമായ ഉള്ളടക്കം മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേയ്ക്കുള്ള പരിവത്തനമാണ്. പരസ്പരവിരുദ്ധമായ രണ്ടു വ്യവസ്ഥകൾ തമ്മിലുള്ള സമരത്തിൻെറ കാലഘട്ടമാണിതു്. സാമ്രാജ്യത്വത്തിൻെറ തകർച്ചയുടെ കാലമാണിതു്. കോളനിവ്യവസ്ഥയാകെ തുടച്ചുനീക്കപ്പെടുന്ന കാലമാണിതു്. സോഷ്യലിസ്റ്റ് പാതയിലേയ്ക്കു കൂടുതൽ കൂടുതൽ ജനതകൾ കടന്നുവരികയും ലോകവ്യാപകമായ തോതിൽ സോഷ്യലിസവും കമ്യൂണിസവും വിജയിക്കുകയും ചെയ്യുന്ന കാലഘട്ടമാണിതു്."

ഇന്നത്തെ കാലഘട്ടത്തേക്കാൾ കൂടുതൽ അനുകൂലമായതോ കൂടുതൽ പ്രാധാന്യമർഹിക്കുന്നതോ ആയ മറെറാരു കാലഘട്ടം സാവ്വദേശീയ തൊഴിലാളി വിപ്ലവപ്രസ്ഥാനത്തിൻെറ ചരിത്രത്തിൽ ഇതിന്നുമുൻപുണ്ടായിട്ടില്ല. താല്ക്കാലികമായി എന്തെല്ലാം വിഷമതകളും ബുദ്ധിമുട്ടുകളും അഭിമുഖീകരിക്കേണ്ടിവന്നാലും അവയൊന്നും സാരമാക്കേണ്ടതില്ല. തൊഴിലാളിവർഗ്ഗത്തിൻെറ താല്പര്യങ്ങളും സമാധാനത്തിൻെറ താല്പര്യങ്ങളും സോഷ്യലിസത്തിൻെറ താല്പര്യങ്ങളും വിജയിപ്പിക്കുന്നതിന്നുള്ള വസ്തുനിഷ്ഠമായ സാധ്യതകൾ ഇന്നുള്ളത്ര ഇതിന്നു മുൻപ് ഒരു കാലഘട്ടത്തിലും ഉണ്ടായിട്ടില്ല. ലോകവിപ്ലവ പ്രക്രിയയ്ക്കു പ്രചോദനം നല്കുന്ന ആത്മനിഷ്ഠമായ ഘടകങ്ങൾ ഇന്നുള്ളത്ര ശക്തിയും സ്ഥിരത

KOTTAYAM PUBLIC LIBRARY KOTTAYAM 327

യും ഉൾക്കൊണ്ടുകൊണ്ടു ഇതിന്നുമുമ്പ് ഒരു കാലഘട്ടത്തിലും വളൎന്നുവന്നിരുന്നില്ല. അതായത് ലോകതൊഴിലാളിപ്രസ്ഥാനത്തിലും ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും ഇന്നു കാണപ്പെടുന്ന രാഷ്ട്രീയമായ ജാഗരൂകതയാവട്ടെ സംഘടനാബോധമാവട്ടെ സമരസന്നദ്ധതയാവട്ടെ ഇതിന്നു് മുമ്പൊരിക്കലും കാണപ്പെട്ടിട്ടില്ല. തൊഴിലാളിവൎഗ്ഗം വളൎത്തിക്കൊണ്ടുവന്നിട്ടുള്ള ആശയങ്ങൾക്ക് ഇന്നു് ലോകരംഗത്ത് അഭൂതപൂൎവ്വമായ സ്വാധീനശക്തിയുണ്ടു്. തൊഴിലാളിവർഗ്ഗത്തിൻെറ മുന്നണിപ്പടയായ കമ്യൂണിസ്റ്റ് വൎക്കേഴ്സ് പാർട്ടികളുടെ പ്രശസ്തിയും സ്വാധീനശക്തിയും മുമ്പെന്നത്തേക്കാളും ഇന്നു വൎദ്ധിച്ചിട്ടുണ്ടു്. ഇതിൻെറയെല്ലാം ഫലമായി ലോകതൊഴിലാളിവൎഗ്ഗത്തിന്നും കമ്യൂണിസ്റ്റ് വൎക്കേഴ്സ് പാർട്ടികൾക്കും ഉള്ള ഉത്തരവാദിത്വവും വമ്പിച്ച തോതിൽ വൎദ്ധിച്ചിട്ടുണ്ടു്.

മാർക്സിസ്റ്റ്—ലെനിനിസ്റ്റ് പാർട്ടികൾ നടത്തിയ സംയുക്തപരിശ്രമങ്ങളുടെ ഫലമായി ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്നു് ഇന്നു് ഒരു പൊതുപരിപാടി ആവിഷ്കൃതമായിട്ടുണ്ടു്. 1957ലെ പ്രഖ്യാപനത്തിലും 1960ലെ പ്രസ്താവനയിലും ആ പരിപാടി വിശദീകരിക്കപ്പെട്ടിട്ടുണ്ടു്. പ്രസ്തുത പരിപാടി ദൃഢചിത്തതയോടെ നടപ്പിലാക്കുകയാണു് വിജയകരമായ വിപ്ലവസമരങ്ങൾ നടത്തുന്നതിന്നുള്ള മുഖ്യോപാധി. നിരന്തരം ഗതിവേഗം വൎദ്ധിച്ചുകൊണ്ടിരിക്കുന്നതും ഒരേ നേർരേഖയിൽക്കൂടി കുതിച്ചു മുന്നേറുന്നതുമായ ഒരു പ്രക്രിയയായി വിപ്ലവപ്രസ്ഥാനത്തെ നാം കണക്കാക്കുന്നപക്ഷം നാം മാർക്സിൻെറയും എംഗൽസിൻെറയും ലെനിൻേറയും ഉത്തമശിഷ്യന്മാരെന്ന ബഹുമതിയ്ക്കർഹരാകയില്ല. യഥാൎത്ഥ വിപ്ലവകാരികൾ ഒരിക്കലും വിപ്ലവ

ത്തെപററി അത്തരത്തിലുള്ള ഒരു ധാരണ ഉൾക്കൊണ്ടിട്ടില്ല. നൂറുവർഷത്തെ വിപ്ലവസമരങ്ങളുടെ അനുഭവങ്ങളിൽ നിന്നു ലെനിൻെറ ഈ പ്രസ്താവനയിലെ കശ്നമെങ്കിലും വിവേകപൂർണ്ണമായ നിർദ്ദേശം തികച്ചും ശരിയാണെന്നു തെളിയുന്നുണ്ടു:—"ചരിത്രപരമായ പ്രവത്തനങ്ങൾ നെവ്സ്കി ബുളിവാർഡ്"[1] എന്ന രാജപാതയല്ല. വിപ്ലവം എളുപ്പത്തിൽ സംഘട്ടനങ്ങളൊന്നുമില്ലാതെ മുന്നേറണമെന്നും വ്യത്യസ്തരാഷ്ട്രങ്ങളിലെ തൊഴിലാളികൾ ഒരേയവസരത്തിൽ സംയുക്തമായ പ്രവത്തനങ്ങൾക്കൊരുങ്ങണമെന്നും പരാജയം പററുകയില്ലന്നതിന്നു മുന്നുറപ്പു ലഭിക്കണമെന്നും വിപ്ലവത്തിലേക്കുള്ള പാത വിശാലവും സ്വതന്ത്രവും ഋജ്ജുവും ആയിരിക്കണമെന്നുമുള്ള ഉപാധിയിന്മേൽ വിപ്ലവത്തെ അനുകൂലിക്കുന്നവരുണ്ട്. വിജയത്തിലേക്കുള്ള മുന്നേററത്തിൽ പലപ്പോഴും വമ്പിച്ച ത്യാഗങ്ങൾ സഹിക്കേണ്ടിവരികയില്ലെന്നും ചില ഘട്ടങ്ങൾ ശത്രുവിനാൽ വലയിതമായ കോട്ടകളിൽ ഇരുന്നുകൊണ്ടു വിഷമതകൾ സഹിക്കേണ്ടിവരികയില്ലെന്നും ഇടുങ്ങിയതും ദുർഗ്ഗമമായതും വളഞ്ഞു തിരിഞ്ഞു പോകുന്നതുമായ പവ്വതമാർഗ്ഗങ്ങളിൽകൂടി ചരിക്കേണ്ടിവരികയില്ലെന്നും അത്തരക്കാർ സ്വപ്നം കാണുന്നു. അവർ യഥാത്ഥവിപ്ലവകാരികളല്ല; അവർ ബൂർഷ്വാ ബുദ്ധിജീവികളുടെ സിദ്ധാന്തപാദങ്ങളിൽ നിന്നും മോചനം നേടാത്തവരാണ്; അവർ ഫലത്തിൽ എതൃവിപ്ലവകാരികളായ ബൂർഷ്വാസിയുടെ ചേരിയിൽ ക്രമേണ ക്രമേണ ചെന്നു ചേരും. നമ്മുടെ വലതുപക്ഷ സോഷ്യലിസ്റ്റ് റവല്യൂഷനറികളും മെൻഷെവിക്കുകളും ഇടതുസോഷ്യലിസ്റ്റ് റവല്യൂനറികൾപോലും (അവരുടെതു കുറച്ചു കുറവാണെന്നിരി

1. Nevsky Boulevard

ക്കില്ലം) ചെന്നു ചേർന്ന രീതിയിൽ തന്നെ.''*

വിപ്ലവപരമായ പ്രക്രിയ സങ്കീർണ്ണങ്ങളായ ചുററുപാടുകളിലാണ് മുന്നേറിക്കൊണ്ടിരിക്കുന്നതു്. പലപ്പോഴും പുതിയ പുതിയ വിജയങ്ങൾ നേടുന്നുണ്ടെന്നിരിക്കിലും ചില ഘട്ടങ്ങളിൽ പരാജയവും പിൻവാങ്ങൽതന്നെയും അഭിമുഖികരിക്കേണ്ടി വരുന്നുണ്ട്. ബൂർഷ്വാ പെററിബൂർഷ്വാ ആശയങ്ങളാൽ ആകൃഷ്ടരായി അവസരവാദികളായ നേതാക്കന്മാർ പ്രസ്ഥാനത്തെ വിട്ടുപോകുന്നുണ്ടെങ്കിലും നമ്മുടെ പ്രസ്ഥാനം മുന്നേറിക്കൊണ്ടിരിക്കുകയാണ്. ലോകവ്യാപകമായ തോതിൽ വിപ്ലവപ്രസ്ഥാനം വിജയം വരിക്കുമെന്നതു് അനിവാര്യമാണല്ലോ. സോഷ്യലിസ്റ്റ് സാർവ്വദേശിയത്വമെന്ന മുദ്രാവാക്യത്തിന്നു ചുററും അണിനിരന്നിട്ടുള്ള കമ്യൂനിസ്റ്റ് വർക്കേഴ്സ് പാർട്ടികളുടെ നേതൃത്വത്തിൽ രാഷ്ട്രങ്ങൾ വിജയത്തിലേക്കു മുന്നേറിക്കൊണ്ടിരിക്കുകയാണ്.

* V. I. Lenin, Letter to the American Workers (Works, Vol 28, P. 50)

# കമ്യൂണിസ്റ്റ് നിർമ്മാണവും ലോകവിപ്ലവ പ്രക്രിയയും

ഈ നൂററാണ്ടിൽ നടന്ന ചരിത്രപ്രധാന്യമുള്ള സംഭവ വികാസങ്ങളിൽ പ്രാമുഖ്യം വഹിക്കുന്നതു് സോഷ്യലിസ്റ്റ് വ്യവസ്ഥ ഉദിച്ചുയർന്നു ശക്തിപ്രാപിച്ചുവെന്നതാണ്. ഒട്ടേറെ രാജ്യങ്ങളിൽ പുതിയ സോഷ്യലിസ്റ്റ് ഉൽപാദന രീതി പരിപൂർണ്ണമായും അന്തിമമായും നിലയുറപ്പിച്ചു കഴിഞ്ഞിരിക്കുന്നു.

സോവിയററ് ഭരണാധികാരത്തിൻെറ ആദ്യവർഷങ്ങളിൽ ബൂർഷ്വാചിന്തകരും രാഷ്ട്രീയപ്രവർത്തകന്മാരും റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവത്തെ 'ചരിത്രപരമായ ഒരു പെരുത്തക്കേടാ'യിട്ടാണു കരുതിയതു്. ഒക്ടോബർവിപ്ലവം കമ്യൂനിസത്തിൻെറ വിജയത്തോടും ഒന്നാം ഇൻടർനേഷനലിൻെറ ആശയങ്ങളുടെ സാക്ഷാൽക്കരണത്തോടുമാണ് ഒക്ടോബർ വിപ്ലവം ഉൽഘാടനം ചെയ്തിരിക്കുന്നതെന്നു അന്നുതന്നെ ലെനിനും മററുള്ള എല്ലാ കമ്യൂനിസ്റ്റുകാർക്കും വ്യക്തമായി അറിയാമായിരുന്നു. അന്നു ലെനിൻ

പറഞ്ഞതിതാണ്, "ഒന്നാം ഇൻടർനേഷനൽ..........അവിസ്മരണീയമാണ്; തൊഴിലാളിവർഗ്ഗം സ്വന്തം വിമോചനത്തിനായി നടത്തുന്ന സമരത്തിൽ അതിന്നു ശാശ്വത പ്രതിഷ്ഠ ലഭിച്ചു കഴിഞ്ഞിരിയ്ക്കുന്നു. നാമിന്നു് ആഹ്ലാദപൂർവ്വം പടുത്തുയർത്തിക്കൊണ്ടിരിയ്ക്കുന്ന ലോകവ്യാപകമായ സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് സൗധത്തിന്റെ അസ്ഥിവാരമിട്ടതു് ഒന്നാം ഇൻടർനേഷനലാണ്." *

സോഷ്യലിസം വിജയംവരിച്ചതോടെ ചരിത്രപരമായ വികാസത്തിന്നു പ്രചോദനംനൽകുന്ന ഒരു കൂററൻ ശക്തി പുതുതായി ഉയർന്നുവന്നു. സോവിയററ് റഷ്യ, സോവിയററ് പ്രസ്ഥാനം, സോഷ്യലിസം എന്നിവയുടെ ആസ്തിക്യമാകുന്ന കണ്ണാടിക്കല്ലിൽകൂടി നോക്കിയാൽമാത്രമേ ലോകസംഭവവികാസങ്ങളിൽ അന്തർഭവിച്ചിട്ടുള്ള പ്രവണതകളെ ശരിയ്ക്കും മനസ്സിലാക്കുവാൻ സാദ്ധ്യമാകയുള്ളൂ എന്നു ലെനിൻ പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നതു് ഈ വസ്തുതയാണ്. നമ്മുടെ കാലഘട്ടത്തിന്നു യോജ്യമായി ലെനിന്റെ ഈ സിദ്ധാന്തത്തെ മാർക്ക്സിസ്റ്റുകാർ വളർത്തിയെടുത്തിരിയ്ക്കുന്നു. ലോകതൊഴിപ്രസ്ഥാനവും അതിന്റെ സന്തതിയായ ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയും മാനവ പുരോഗതിയുടെ മുഖ്യമായ ഉള്ളടക്കവും മുഖ്യമായ പ്രവണതയും മുഖ്യമായ സ്വഭാവവിശേഷങ്ങളും നിർണ്ണയിക്കുമെന്നു മാർക്സിസ്റ്റുകാർക്കു ചൂണ്ടിക്കാണിക്കുവാൻ സാധിച്ചിരിക്കുന്നു. ലോകതൊഴിലാളിവർഗ്ഗം ഒരു ലോകസോഷ്യലിസ്റ്റ് വ്യവസ്ഥ സൃഷ്ടിച്ചിട്ടുണ്ടെന്നും അതു മനുഷ്യപുരോഗതിയുടെ നിർണ്ണായക ഘടകമായി

* V. I. Lenin, Works, Vol. 29. P. 216

വളൎന്നുകൊണ്ടിരിക്കുകയാണെന്നതുമുള്ള വസ്തുതയെ ആധാരമാക്കിയെടുക്കാത്തവർക്കാൎക്കും നമ്മുടെ ഈ ഭൂഗോളത്തിൽ നടക്കുന്ന കാര്യങ്ങളെപ്പററി യാതൊന്നും മനസ്സിലാവുകയില്ല.

മുൻപാണെങ്കിൽ ചൂഷിതരായ തൊഴിലാളിവർഗ്ഗമായിരുന്നു നേതൃത്വം വഹിക്കുന്ന പ്രധാന വിപ്ലവശക്തി. ഇന്നു, ഒക്ടോബർ വിപ്ലവത്തിന്നുശേഷം ഗുണപരമായി തികച്ചും പുത്തനായ ഒരു വിപ്ലവശക്തി ചരിത്രത്തിൻെറ അരങ്ങത്ത് പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തിൽ സോഷ്യലിസവും കമ്യൂനിസവും കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്ന ജനതയാണ് ഈ പുതിയ ശക്തി. തൊഴിലാളിവർഗ്ഗം ഭരണാധികാരി വർഗ്ഗമായി ഉയൎന്നു കഴിഞ്ഞിരിക്കുന്നു. വിജയശ്രീലാളിതരായ തൊഴിലാളിവർഗ്ഗം ഇന്നു നിറവേറേണ്ടിയിരിക്കുന്ന കടമകൾ പുത്തനാണ്. അത്തരത്തിലുള്ള കടമകൾ ഇതിന്നു മുൻപു തൊഴിലാളിവർഗ്ഗം നിറവേറേണ്ടി വന്നിട്ടില്ല.

നമ്മുടെ കാലഘട്ടത്തിൻെറ കേന്ദ്രബിന്ദുവായി (in the Lime light) നിലക്കൊള്ളുന്ന സാർവ്വദേശിയ തൊഴിലാളിവർഗ്ഗം ഇന്നു രണ്ടു വ്യത്യസ്ത കടമകൾ നിറവേറേണ്ടിവരുന്നുണ്ട്. സോഷ്യലിസ്റ്റ് സാർവ്വദേശീയതത്വത്തിൽ ഉരുക്കിച്ചേർത്ത ഒരൊററ കൂട്ടലോകമായിട്ടാണ് തൊഴിലാളിവർഗ്ഗത്തിൻെറ രണ്ടു വിഭാഗങ്ങളും നിലകൊള്ളുന്നതു്. ഈ രണ്ടു വിഭാഗങ്ങൾക്കും പൊതുവായ ഒരു വീക്ഷണകോണമുണ്ട്; സാമ്രാജ്യത്വമെന്ന ഒരു പൊതുവർഗ്ഗ ശത്രുവുമുണ്ട്. എന്നാൽ രണ്ടു വിഭാഗങ്ങളും വ്യത്യസ്തങ്ങളായ പരിതസ്ഥിതികളിലാണു ജീവിക്കുന്നതു്; അവ നിറവേറേണ്ടുന്ന കൃത്യങ്ങളും

വ്യത്യസ്തങ്ങളാണ്. വ്യത്യസ്തങ്ങളായ സമരരൂപങ്ങൾ കൈക്കൊള്ളുകയുംവേണം. മുതലാളിത്ത നാട്ടുകളിലെ തൊഴിലാളിവർഗ്ഗം അഭിമുഖീകരിക്കുന്ന കടമ രാഷ്ട്രീയാധികാരം വിപ്ലവപരമായ രീതിയിൽ പിടിച്ചെടുക്കുകയെന്നതാണ്. സോഷ്യലിസ്റ്റ് നാട്ടുകളിലെ തൊഴിലാളിവർഗ്ഗത്തിൻെറ കടമ സാമ്പത്തികവും സാംസ്കാരികവുമായ വികസനം വിജയിപ്പിക്കുക, സോഷ്യലിസത്തിനും കമ്യൂണിസത്തിനുമുള്ള ഭൗതികമായ അടിത്തറസൃഷ്ടിക്കുക പുതിയ സാമൂഹ്യബന്ധങ്ങൾ വളർത്തിക്കൊണ്ടുവരിക എന്നിവയാണ്. ഇന്നത്തെ വിപ്ലവപ്രക്രിയയിൽ ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയ്ക്കുള്ള നേതൃത്വപരമായ, സവിശേഷസ്ഥാനം നിർണ്ണയിക്കുന്നത് ഈ കടമകളാണ്. ലോകസോഷ്യലിസ്റ്റ്വ്യവസ്ഥ അംഗീകരിക്കേണ്ടുന്ന പാത 'വിപ്ലവം ഇറക്കുമതി' ചെയ്യുന്ന തരത്തിലുള്ളതാവാൻപാടില്ല. നേരേമറിച്ച് ലെനിൻെറ ഈ നിർദ്ദേശം നടപ്പാക്കുകയാണ് വേണ്ടത്. അതായത്, "എല്ലാ നാട്ടുകളിലും വിപ്ലവത്തിന്നു വികാസവും, പിൻതുണയും പ്രചോദനവും നൽകുവാൻവേണ്ടി സ്വന്തം നാട്ടിൽ സാധിക്കാവുന്നതിൻെറ പരമാവധി നേടിയെടുക്കുക."*

ലോകസോഷ്യലിസ്റ്റ് വ്യവസ്ഥ ലോകവിപ്ലവ പ്രക്രിയയുടെ പ്രധാന ശക്തിയും നിർണ്ണായകശക്തിയുമായിത്തീന്നതെന്തുകൊണ്ടാണ്? പ്രഥമമായും പ്രധാനമായും സോഷ്യലിസ്റ്റ് വിപ്ലവത്തിൻെറ അന്തിമലക്ഷ്യം ഈ വ്യവസ്ഥയിൽപ്പെട്ട നാട്ടുകളിലാണ് സാക്ഷാൽക്കരിക്കപ്പെടുവാൻ പോകുന്നതു്. എന്താണ് ഈ അന്തിമലക്ഷ്യം? ഏററവും ഒടുവിലത്തെ ചൂഷകവ്യവസ്ഥയെ തുടച്ചുനീക്കൽ, വർഗ്ഗര

* V. I. Lenin, Works, Vol 37 P. 304

ഹിതമായ ഒരു സമുദായം കെട്ടിപ്പടുക്കൽ ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ ജീവിതത്തിന്റെ സർവ്വതോൻമുഖമായ വികസനത്തിന്നു് ഉറപ്പുവരുത്തുക എന്നിവയാണു് ആ ലക്ഷ്യം.

ലോകപ്രാധാന്യമുള്ള ഒരു ഭൗതികശക്തിയായി വളൎന്നുകഴിഞ്ഞതോടെ സോഷ്യലിസം ചരിത്രത്തിന്റെ ഗതിയാകെ മാററത്തക്ക സ്വാധീനശക്തി പ്രത്യക്ഷമായോ പരോക്ഷമായോ ചെലുത്തിത്തുടങ്ങിയിട്ടുണ്ടു്. ഒന്നാമതായി മുതലാളിത്തത്തേക്കാൾ കൂടുതൽ കാര്യമായ രീതിയിൽ സംഘടിപ്പിക്കപ്പെട്ട ഒരു സാമൂഹ്യ വ്യവസ്ഥിതിയുടെ മാതൃകയെന്ന നിലയിലും അങ്ങേയററം പുരോഗമനോൻമുഖമായ അതിന്റെ ആശയസംഹിതയിൽ കൂടിയുമാണു് ഈ സ്വാധീനശക്തി ചെലുത്തപ്പെടുന്നതു്. രണ്ടാമതായി സാമ്പത്തികവും രാഷ്ട്രീയവും സൈനികവുമായ കരുത്തിൽകൂടിയും ഈ സ്വാധീനശക്തി ചെലുത്തുവാൻ സാധിക്കുന്നു.

മുൻകാലത്തു് മുതലാളിത്ത ചൂഷണത്തിനെതിരായി അദ്ധ്വാനിക്കുന്ന ബഹുജനങ്ങളിൽ വളൎന്നുവരുന്ന അമർഷത്തിൽനിന്നും പ്രതിഷേധത്തിൽനിന്നുമായിരുന്നു വിപ്ലവശക്തികൾ പിൻതുണയാർജ്ജിച്ചതു്. എന്നാൽ സോഷ്യലിസ്റ്റ് വിപ്ലവം ഒരു രാജ്യത്തിന്നുമാത്രമല്ല, പ്രത്യേകിച്ചും പല നാടുകളിലും വിജയംവരിച്ചതോടെ വിപ്ലവശക്തികൾക്കു് പ്രബലമായ ഒരു അടിത്തറ ലഭിച്ചിരിക്കുന്നു. മാത്രമല്ല ഈ പുതിയ വ്യവസ്ഥയുടെ യഥാൎത്ഥ വിജയങ്ങളെ അവലംബമാക്കി ശക്തി സംഭരിക്കുവാനുള്ള സാദ്ധ്യതകളുമുണ്ടായിട്ടുണ്ടു്. ഇന്നു മുതലാളിത്തലോകത്തിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾ നടത്തുന്ന വിപ്ലവസമരങ്ങൾക്കു് വിപ്ലവ

KOTTAYAM PUBLIC LIBRARY, KOTTAYAM.

സിദ്ധാന്തങ്ങളിൽനിന്നുമാത്രമല്ല സോഷ്യലിസ്റ്റ്നാട്ടുകളിൽ പ്രസ്തുത സിദ്ധാന്തം പ്രായോഗികമാക്കിയതിൻെറ അനുഭവങ്ങളിൽനിന്നുകൂടി പുത്തൻ ചൈതന്യം ഉൾക്കൊള്ളുവാൻ സാധിക്കുന്നുണ്ടു്.

അതിനുംപുറമെ ഈ പുതിയ സമുദായത്തിൻെറ അപൂർവ്വമായ കഴിവുകളെ ലോകത്തിന്നു കാട്ടിക്കൊടുക്കുന്നതിൽകൂടി സോഷ്യലിസം സാമ്രാജ്യത്വത്തിൻെറ ശക്തികളെ തകിടംമറിച്ചുകൊണ്ടിരിക്കുകയാണ്. മുതലാളിത്തവുമായി നടന്നുകൊണ്ടിരിക്കുന്ന സാമ്പത്തിക മത്സരത്തിലാണ് ഈ കഴിവുകൾ പൂർണ്ണമാംവിധം പ്രകടമായിത്തീരുന്നതു്. ഈ മത്സരത്തിൽ സോഷ്യലിസം വിജയത്തിൽനിന്നും വിജയത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. മനുഷ്യരാശിയെ അഭിമുഖീകരിക്കുന്ന കാതലായ സാമൂഹ്യപ്രശ്നങ്ങൾക്ക് പരിഹാരംകാണുവാൻ സോഷ്യലിസത്തിനുമാത്രമേ സാദ്ധ്യമാകയുള്ളു. മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്നതവസാനിപ്പിക്കാൻ, സ്വയം പ്രചോദിതമായ വികസനത്തിൽനിന്നും ആസൂത്രിതമായ രീതിയിൽ സ്ഥിരതയോടെ വികസിച്ചുകൊണ്ടിരിക്കുന്ന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള പരിവർത്തനം, തൊഴിലില്ലായ്മ, ദാരിദ്ര്യം, ബഹുജനങ്ങളനുഭവിക്കുന്ന അവകാശനിഷേധം എന്നിവ അവസാനിപ്പിക്കാൻ യഥാർത്ഥമായ ജനാധിപത്യം, വ്യക്തിസ്വാതന്ത്ര്യം, സമ്പന്നമായ ഒരു സാംസ്കാരിക ജീവിതം എന്നിവ സ്ഥാപിക്കൽ— ഇവയാണ് പ്രസ്തുത സാമൂഹ്യപ്രശ്നങ്ങൾ.

ഇന്നു ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്ന വിപ്ലവപരമായ വർഗ്ഗസമരത്തിൽ മുൻപന്തിയിൽ സ്ഥിതിചെയ്യുന്നതു സോഷ്യലിസവും മുതലാളിത്തവും തമ്മിലുള്ള മത്സരമാണ്.

മുതലാളിത്തത്തെ പിഴുതെറിഞ്ഞ ജനതകളുടെ ഏററവും ഉയൻ സാവ്വദേശീയ കടമ സോഷ്യലിസവും കമ്യൂണിസവും കെട്ടിപ്പട്ടക്കലാണെന്നു ലെനിനിസം സിദ്ധാന്തിക്കുന്നു. സാമ്പത്തികമായി മുതലാളിത്തത്തെ പരാജയപ്പെടുത്തുവാൻ സാധിക്കണമെങ്കിൽ സോഷ്യലിസത്തിനു ഇന്നുള്ളതില്യമെത്രയോ അധികം കരുത്തുള്ള ഉല്പാദനശക്തികൾ സ്വന്തമായുണ്ടായിരിക്കണം; സാമൂഹ്യമായ ഉല്പാദനക്ഷമത ഇന്നത്തേതില്യം വളരെയധികം ഉന്നതമായിരിക്കണം. ഈ രീതിയിൽ മുന്നേറുന്നുവെങ്കിൽമാത്രമേ സോഷ്യലിസത്തിനു ലോകത്തിലെ വിപ്ലവശക്തികൾക്ക് സുശക്തമായ പിൻതുണ ആത്മീയമായും ഭൗതികമായും നൽകുവാൻ സാധിക്കയുള്ളു. അത്തരത്തിൽമാത്രമേ സാമ്രാജ്യത്വത്തെ കടിഞ്ഞാണിട്ടു പിടിച്ചു ഒരു ന്യൂക്ലിയർ യുദ്ധത്തിൻെറ വിപത്തിലേക്കു മനുഷ്യരാശിയെ വലിച്ചിഴക്കുന്നതിൽനിന്നും തടഞ്ഞുനിത്തുവാൻ സാധിക്കയുള്ളു. ഈ മാർഗ്ഗത്തിലൂടെ സോഷ്യലിസം ലോകവിപ്ലവപ്രസ്ഥാനത്തിനു ശക്തികൂട്ടുന്നു. തദ്വാരാ സോഷ്യലിസം സാമ്രാജ്യത്വത്തിന്റെ അടിത്തറ തകക്കുന്നു; മുതലാളിത്തത്തിൻെറ ശവക്കുഴി തോണ്ടുകയെന്ന ചരിത്രപരമായ കടമ വാക്കുകൾക്കുപകരം പ്രവൃത്തിയിൽകൂടിതന്നെ നിവ്വഹിക്കുവാൻ തൊഴിലാളിവർഗ്ഗത്തെ സഹായിക്കുന്നു. ഇന്നു് ഈ രണ്ടു വ്യവസ്ഥകളും തമ്മിലുള്ള മത്സരത്തിൻെറ ഗതിക്രമവും ഫലവുമാണ് ലോകസംഭവവികാസങ്ങളുടെ മുഖ്യമായ ഗതിയെ നിർണ്ണയിക്കുന്നതു്.

അവസാനമായി, സോഷ്യലിസ്റ്റ് ചേരി ശക്തിപ്രാപിക്കുന്നതിൻ ഫലമായി തൊഴിലാളിവർഗ്ഗസമരങ്ങൾക്കും സോഷ്യലിസ്റ്റ് വിപ്ലവങ്ങൾക്കും ദേശീയ വിമോചന വിപ്ലവ

ങ്ങൾക്കും അനുകൂലമായ ഒരു സാർവ്വദേശീയ സ്ഥിതി സൃഷ്ട മായിരിക്കയാണ്. ഏതെങ്കിലും ഒരു രാജ്യത്ത് വർഗ്ഗസമരം മൂർദ്ധന്യം പ്രാപിക്കുകയും ഒരു വിപ്ലവം പൊട്ടിപ്പുറപ്പെടുക യും ചെയ്താൽ ലോകസാമ്രാജ്യത്വം അതിന്നെതിരായി അ നിവാര്യമായും സമ്മർദ്ദം ചെലുത്തുന്നതു ഒരു പതിവായിരി ക്കയാണ്; സാമ്പത്തികോപരോധങ്ങൾ ചുമത്തിയും സായു ധമായ ഇടപെടലുകൾ നടത്തിയും വിപ്ലവപരമായ സമര ങ്ങളെ സാമ്രാജ്യത്വം മർദ്ദിച്ചമർത്തുവാൻ ശ്രമിയ്ക്കും. എ ന്നാൽ ഇന്നു ഭൂമുഖത്തുയർന്നുവന്നിട്ടുള്ള സോഷ്യലിസ്റ്റ് ലോ കത്തിൻെറ സൈനികശക്തി ഇത്തരത്തിൽ പ്രതിവിപ്ലവം ഇറക്കുമതി ചെയ്യുവാനുള്ള സാമ്രാജ്യതന്ത്രങ്ങളെ തകർക്കുന്ന തിന്നു ഏതു രാജ്യത്തിനും അവലംബിയ്ക്കാവുന്ന ശക്തി ദുർ ഗ്ഗമായിത്തീർന്നിരിയ്ക്കുന്നു. മുൻപെല്ലാം ഏതെങ്കിലും ഒരു രാജ്യത്ത് വിപ്ലവം വിജയിച്ചാൽ ആ രാജ്യം അനിവാര്യ മായും സാമ്രാജ്യത്വത്തിൻെറ ഇടപെടലിൻെറയും രക്തപ ങ്കിലമായ ആഭ്യന്തര യുദ്ധത്തിൻെറയും അഗ്നിപരീക്ഷയിൽ കൂടെ കടന്നു പോകേണ്ടിവന്നിരുന്നു. വിപ്ലവം വിജയിച്ചു എന്നാൽ ഇന്നു ഏതു രാഷ്ട്രത്തിന്നുമെതിരായി സാമ്രാജ്യത്വം നടത്തുന്ന ആക്രമണങ്ങളെ തടയുവാൻ സോഷ്യലിസ്റ്റ് രാ ഷ്ട്രങ്ങൾക്കു്, ഇതരനാട്ടുകളിലെ ജനതകളുടെ പിൻതുണയോ ടെ, സാദ്ധ്യമാവുന്ന സ്ഥിതി കൈവന്നിരിക്കുന്നാണ്.

സോഷ്യലിസ്റ്റ് വിപ്ലവമാവട്ടെ ദേശീയ വിമോചന വിപ്ലവമാവട്ടെ വിജയംവരിച്ചു മുന്നേറണമെങ്കിൽ വിപ്ലവ ശക്തികൾക്കു സൈനികമായ ഇടപെടലുകൾ ഒഴിവാക്കുവാ നോ ചെറുത്തു പരാജയപ്പെടുത്തുവാനോ സാദ്ധ്യമായാൽ മാ ത്രം പോര. പിന്നെയോ? സാമ്രാജ്യത്വത്തിൻെറ സാമ്പത്തി ക സമ്മർദ്ദങ്ങളെ ചെറുത്തുനിൽക്കുവാനും സാമ്പത്തികോപ

രോധത്തെ തകർക്കുവാനും ദേശീയ സമ്പദ്‌വ്യവസ്ഥയിൽ മൗലികമായ പരിവർത്തനങ്ങൾ വരുത്തി പുനസ്സംഘടിപ്പിക്കുവാനുംകൂടി സാധിക്കണം. മാത്രമല്ല സാമ്രാജ്യത്വത്തിൽ നിന്നും യഥാർത്ഥത്തിൽ തികച്ചും സ്വതന്ത്രമായ ഒരു സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുവാനും സാധിക്കണം. വിപ്ലവത്തിന്റെ ഈ കടമകളെല്ലാം നിർവഹിക്കുന്നതിന്നുള്ള സാധ്യത ഗണ്യമായ തോതിൽ വളർത്തിക്കൊണ്ടുവരുന്നത് വിപ്ലവം നടന്നുകഴിഞ്ഞ നാട്ടുകൾക്കു ലോകസോഷ്യലിസത്തിന്റെ ശക്തികൾ നൽകുന്ന സാമ്പത്തിക സഹായവും പിൻതുണയുമാണ്. മുൻകാലത്ത് വിപ്ലവം വിജയശ്രീലാളിതമാണെങ്കിൽ അതു് ഒന്നുകിൽ വളരെ വലിയ രാജ്യങ്ങളിൽ നടക്കണം; അല്ലെങ്കിൽ സോഷ്യലിസ്റ്റ്‌വ്യവസ്ഥയുടെ കേന്ദ്രത്തിന്നടുത്തായി നടക്കണം എന്നതായിരുന്നു നില. എന്നാൽ ഇന്നു ക്യൂബയിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഉദാഹരണത്തിൽ നിന്നും തെളിയുന്നതു് ഭൂമിശാസ്ത്രപരമായി ഏതു ഭാഗത്ത് കിടക്കുന്ന രാജ്യമായാലും ആ രാജ്യത്തിന്റെ വലുപ്പം പരിഗണിക്കാതെ തന്നെ വിപ്ലവം വിജയിക്കുമെന്നാണ്.

ഇത്തരത്തിൽ ചരിത്രപരമായ പുരോഗതിയടയുന്നതിന്നു പ്രചോദനം നൽകുന്ന ഒരു പുതിയ ശക്തിയെ ലോകസോഷ്യലിസ്റ്റ്‌വ്യവസ്ഥ പ്രദാനം ചെയ്തിരിക്കുന്നു. സാമ്രാജ്യത്വത്തെ ചെറുത്തുനിൽക്കുകയും ലോകവിപ്ലവപ്രക്രിയയുടെ ഗതിക്രമം നിർണ്ണയിക്കുകയും ചെയ്യുന്ന പ്രമുഖ ശക്തിയായി ലോകസോഷ്യലിസ്റ്റ്‌വ്യവസ്ഥ ഉയർന്നു കഴിഞ്ഞിരിക്കുന്നു.

സാമൂഹ്യജീവിതത്തിന്റെ വിവിധതുറകളിൽ ലോകസോഷ്യലിസ്റ്റ് വ്യവസ്ഥ നേടിയ വിജയങ്ങൾ ലോകത്തൊ

ഴിലാളിവർഗ്ഗത്തിൻെറ തന്നെ നേട്ടങ്ങളാണ്. മാനവരാശിയുടെ പുരോഗതിയളക്കുന്നതിൽ പ്രധാനമായ മാനദണ്ഡമാണതു്. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽപെട്ട രാജ്യങ്ങളുടെ സാമ്പത്തികശക്തിയും രാഷ്ട്രീയവും സൈനികവുമായ കരുത്തും വളൎന്നുകൊണ്ടിരിക്കുകയാണ്, തന്നിമിത്തം കുത്തകമൂലധനത്തിന്നെതിരായി സാമ്രാജ്യത്വനാട്ടുകളിലെ തൊഴിലാളിവർഗ്ഗം നടത്തുന്ന സമരങ്ങളിൽ തൊഴിലാളിവൎഗ്ഗത്തിൻെറ പദവി മെച്ചപ്പെട്ടിട്ടുണ്ടു്; ദേശീയ വിമോചനപ്രസ്ഥാനത്തിൻെറ ശക്തികൾക്കും കരുത്തുകൂടിയിട്ടുണ്ടു്; സാമ്രാജ്യത്വമർദ്ദനത്തിൽനിന്നും വിമുക്തങ്ങളായ രാഷ്ട്രങ്ങൾക്കു് സ്വന്തം ദേശീയ സ്വാതന്ത്ര്യം നിലനിൎത്തുവാൻ സാധിക്കുമെന്നതിന്നുറപ്പു ലഭിച്ചിട്ടുണ്ടു്; ബൂർഷ്വാസിയുടെ ആശയ സംഹിതകൾക്കു മാരകമായ പ്രഹരമേററിട്ടുണ്ടു്.

ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയുടെ ശക്തി വൎദ്ധിപ്പിക്കുകയെന്നതു് തങ്ങളുടെ ഏററവും പ്രധാനമായ കടമയായിട്ടാണ് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടികൾ കണക്കാക്കുന്നതു്. ഈ വ്യവസ്ഥ ലോകതൊഴിലാളിവൎഗ്ഗത്തിൻെറ ഏററവുമധികം പ്രാധാന്യമുള്ള സൃഷ്ടിയാണ്; നേട്ടമാണ്. ലോകവിപ്ലവപ്രക്രിയയുടെ പ്രേരകശക്തിയായ ഈ വ്യവസ്ഥയെ ശക്തിപ്പെടുത്തുകയെന്നതിൻെറ അൎത്ഥമെന്താണ്? ഒന്നാമതായി സോഷ്യലിസവും കമ്യൂനിസവും കെട്ടിപ്പടുക്കുന്നതിൽ വിജയകരമായ പുരോഗതി നേടണം. രണ്ടാമതായി സ്വതന്ത്രരാഷ്ട്രങ്ങളുമായുള്ള സോഷ്യലിസ്റ്റ് സമുദായത്തിന്റെ ഐക്യം അഭംഗുരം നിലനിർത്തുന്നതിൽ നിതാന്ത ജാഗ്രത പുലത്തണം

ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയിൽ അടുത്ത ചില വൎഷങ്ങളായി ഗണനീയമായ പല പരിവൎത്തനങ്ങളും

ഉണ്ടായിട്ടുണ്ട്. കമ്യൂനിസത്തിന്റെ അടിത്തറ, അതിന്റെ ഭൗതികവും സാങ്കേതികവുമായ അസ്ഥിവാരം, സമഗ്രമായ തോതിൽ കെട്ടിപ്പടുക്കുന്ന, സംരംഭത്തിൽ സോവിയററ് യൂനിയൻ മുന്നേറിക്കൊണ്ടിരിക്കുകയാണ്. കമ്യൂനിസം കെട്ടിപ്പടുക്കുകയെന്നതു തങ്ങളുടെ സാർവ്വദേശീയ കർത്തവ്യമായിട്ടാണ് സോവിയററ് ജനത കരുതുന്നതു്. യു. എസ്. എസ്. ആറിൽ സോഷ്യലിസ്റ്റ് നിർമ്മാണം പൂർത്തിയാക്കിയതുവഴി ഈ പുത്തൻ ലോകവ്യവസ്ഥയിലേക്കുള്ള മാർഗ്ഗം വെട്ടിത്തെളിവാക്കുന്നതിൽ ചരിത്രപരമായ ഒരു പങ്കാണ് സോവിയററ് ജനത വഹിച്ചതു്. ഈ വസ്തുത ആർക്കും നിഷേധിക്കുവാൻ സാദ്ധ്യമല്ല. സോഷ്യലിസം കെട്ടിപ്പടുക്കുന്നതിൽ തങ്ങൾ നേടിയ അനുഭവസമ്പത്തിന്നു ദേശീയ പ്രാധാന്യം മാത്രമല്ല എല്ലാ ജനതകൾക്കും രാജ്യങ്ങൾക്കും ബാധകമാകത്തക്ക സാർവ്വദേശീയ പ്രാധാന്യം തന്നെ ഉണ്ടെന്നു സോവിയററ് ജനതക്കറിയാം. കമ്യൂനിസ്റ്റ് സമുദായം പടുത്തുയർത്തുന്നതിന്നുള്ള മാർഗ്ഗം വെട്ടിത്തുറക്കുന്ന കാര്യത്തിൽ ഒന്നാമതായി രംഗത്തിറങ്ങിയതും അവർ തന്നെയാണ്. ഈ വസ്തുത അവരുടെ ഉത്തരവാദിത്വത്തെ വർദ്ധിപ്പിച്ചിട്ടുണ്ട്. അതിൽ അവർക്കു് ന്യായമായും അഭിമാനം കൊള്ളാം. സ്വന്തം ശക്തിയിൽ കൂടുതൽ വിശ്വാസമർപ്പിക്കുവാൻ അവർക്കിന്നു സാദ്ധ്യമായിട്ടുണ്ട്. നമ്മുടെ കാലഘട്ടത്തിലെ എല്ലാ വിപ്ലവശക്തികളുടെയും പിൻതുണയോടെ സോവിയററ് ജനത കമ്യൂനിസ്റ്റ് നിർമ്മാണപാതയിലൂടെ വിജയകരമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. പല ജനകീയ ജനാധിപത്യരാഷ്ട്രങ്ങളും പൂർണ്ണവികാസംനേടിയ ഒരു സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കുന്നതിലേക്കു കടന്നു കഴിഞ്ഞിരിക്കുന്നു. തങ്ങളുടെ വികാസത്തിൽ ഒരു പുതിയ ഘട്ടമ

ത്തിൽ ഈ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ എത്തിക്കഴിഞ്ഞു വെന്നും പല പുതിയ പ്രശ്നങ്ങളും അവർ അഭിമുഖീകരി ക്കേണ്ടി വരുന്നുണ്ടെന്നുമാണ് ഇതിന്റെയർത്ഥം.

യു. എസ്. എസ്സ്. ആറും ഇതര സോഷ്യലിസ്റ്റ് രാഷ്ട്ര ങ്ങളും കഴിഞ്ഞ ചില വർഷങ്ങളായി തങ്ങളുടെ ഉല്പാദന സംവിധാനത്തെ വമ്പിച്ച തോതിൽ വിപുലീകരിച്ചിട്ടുണ്ട്. ഈ രാജ്യമാകെ ചേർന്നാൽ ലോകത്തിന്റെ മൊത്തം വ്യാവ സായികശക്തിയിൽ അഞ്ചിൽ രണ്ടംശം വരും. സാമൂഹ്യോ ല്പാദനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക, അധ്വാനത്തി ന്റെ ഉല്പാദനക്ഷമത വളർത്തിക്കൊണ്ടുവരിക, സമ്പദ്‌വ്യവ സ്ഥയിൽ മുന്നണിയിൽ നില്ക്കുന്ന ശാഖകളെ മുൻഗണന നല്കിക്കൊണ്ടു വികസിപ്പിക്കുക, സാമ്പത്തിക വികസനത്തി ന്റെ തോതു് സ്ഥിരമായി ഉയർന്ന നിലവാരത്തിൽതന്നെ നിലനിർത്തുക, രസതന്ത്രത്തിന്റെ ശാസ്ത്രീയ സംഭാവനകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് സമ്പദ്‌വ്യവസ്ഥയെയാകെ നവീകരിക്കുക, കൃഷിവർദ്ധനവിൽ കർശനമായ നിഷ്കർഷകൾ പുലർത്തുക, ഉല്പാദനത്തിലും മേനേജ്മെൻറിലും കംപ്യൂട്ടറു കൾ[1] ഉപയോഗപ്പെടുത്തുക മുതലായി പല പുതിയ പ്രശ്ന ങ്ങളും ആധുനികകാലത്തുണ്ടായ ശാസ്ത്രീയവും സാങ്കേതികവു മായ വിപ്ലവങ്ങളുടെ ഫലമായി ഉയർന്നുവന്നിട്ടുണ്ട്. സാ മ്പത്തിക സ്ഥാപനങ്ങൾ മേനേജ്ചെയ്യുന്നതിലും, പദ്ധതി കൾ ആസൂത്രണം ചെയ്യുന്നതിലും, സ്ഥിതിവിവരക്കണക്കു കൾ ഉപയോഗപ്പെടുത്തുന്ന കാര്യത്തിലും മുൻപംഗീകരിച്ച പല രീതികളും രൂപങ്ങളും മാററി തൽസ്ഥാനത്ത് ഉല്പാദ നശക്തികളുടെ ഇന്നത്തെ വികാസത്തിന്റെ തോതുമായി പൊരുത്തപ്പെടുന്ന പുതിയ രീതികളും രൂപങ്ങളും നടപ്പി

1. Computors

ലാക്കേണ്ടിയിരിക്കുന്നു. ഇതു് ഉടനടി ചെയ്യേണ്ട ഒരു കാര്യമായിത്തീർന്നിരിക്കയാണു്. ഈ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിലൂടെ സോഷ്യലിസ്റ്റ് സമുദായത്തിലെ രാഷ്ട്രങ്ങളിൽ ഇന്നുള്ള ജീവിതനിലവാരത്തിൽ ഗണ്യമായ ഉയർച്ച കൈവരുത്തുകയെന്ന കടമ നാം നിറവേററിക്കൊണ്ടിരിക്കുകയാണു്. ഒരു സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ പടുത്തുയർത്തുന്നതിലും കമ്യൂണിസത്തിൻെറ ഭൗതികവും സാങ്കേതികവുമായ അടിത്തറ കെട്ടിപ്പടുക്കുന്നതിലും ഈ കടമകൾ അടിയന്തര സ്വഭാവമുള്ളവയായി തീർന്നിരിക്കുന്നു.

ദ്രുതഗതിയിലുള്ള വളർച്ചകാരണമായി ഈ പുതിയ സമുദായം ഈ കൃത്യങ്ങൾ നിറവേററുന്നതിൽ പല വിഷമതകളും അഭിമുഖീകരിക്കേണ്ടിവരുന്നുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ എന്നാൽ അത്തരം വിഷമതകൾക്കെല്ലാം പരിഹാരം കാണാൻ സാദ്ധ്യമാണു്.

സോഷ്യലിസ്റ്റ് രാജ്യങ്ങൾ തങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളെ വിജയകരമായി നേരിടുന്നുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു്. മൊത്തത്തിൽ ആ രാജ്യങ്ങളിലെ സമ്പദ്‌വ്യവസ്ഥ മുതലാളിത്തത്തേക്കാൾ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുകയാണു്; ഉദാഹരണത്തിനു 1956-63 കാലഘട്ടത്തിൽ കൗൺസിൽ ഫോർ മൂച്വൽ ഇക്കണോമിക്ക് എയ്‌ഡിൽ[1] അംഗങ്ങളായിട്ടുള്ള രാജ്യങ്ങളിലെ വ്യവസായികോല്പാദനം പ്രതിവർഷം 9.7 ശ

1· Council for Mutual Economic Aid (C M E A)—പരസ്പരസാമ്പത്തികസഹായത്തിന്നുള്ള സമിതി—ഇതിൽ അൽബേനിയ ഒഴിച്ചു യൂറോപ്പിലുള്ള സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളെല്ലാം മെമ്പർമാരാണു്.

തമാനംകണ്ട വദ്ധിക്കകയുണ്ടായി. അതേ കാലയളവിൽ മുതലാളിത്ത നാട്ടകളിലെ വ്യാവസായികോല്പാദനം പ്രതിവർഷം ശരാശരി 4.6 ശതമാനംകണ്ട മാത്രമാണ് വർദ്ധിച്ചത്. യൂറോപ്യൻ ഇക്കണോമിക്ക് കമ്യൂനിററിയിലെ[1] അംഗങ്ങളായ മുതലാളിത്തനാട്ടകളിലെ മുതലാളിത്ത വികാസമാണല്ലോ ഏററവുമധികം വദ്ധിച്ചിരിക്കുന്നതെന്നു് പറയപ്പെട്ടന്നതു്. ആ നാട്ടകളുടെ കാര്യം മാത്രമെട്ടത്താൽ 1950-62 കാലയളവിൽ അവയിലെ മൊത്തം വ്യാവസായികോല്പാദനം 140 ശതമാനം വദ്ധിച്ചതായി കാണാം. അതേ കാലയളവിൽ കൗൺസിൽ ഫൊർ മ്യൂചൽ ഇക്കണോമിക്ക് എയ്ഡിലെ അംഗങ്ങളായ നാട്ടകളിലെ വദ്ധനവ് 260 ശതമാനമായിരുന്നു.

സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലെ കമ്യൂണിസ്റ്റ് വക്കേഴ്സ് പാർട്ടികൾ ജനങ്ങളുടെയാകെ സർഗ്ഗശക്തിയെ സംഭരിച്ചുകൊണ്ടാണ് പുതുതായി ഉയന്നുവരുന്ന വിഷമതകൾക്കു പരിഹാരം കാണുവാൻ ശ്രമിക്കുന്നതു്. സോവിയററ് യൂനിയൻ 1959—65 കാലയളവിലേയ്ക്കു ആസൂത്രണം ചെയ്ത സപ്തവർഷ വികസനപദ്ധതിയുടെ പൂത്തീകരണം അട്ടത്തെത്തിയിരിയ്ക്കുന്നു. ചില പ്രത്യേക വർഷങ്ങളിൽ പ്രത്യേകം ചില ശാഖകളിൽ നേടിയ പുരോഗതി തൃപ്തികരമല്ല. എന്നിരുന്നാലും സപ്തവത്സരപദ്ധതി ലക്ഷ്യത്തിലും കവിഞ്ഞതോതിൽ പൂത്തീകരിക്കപ്പെട്ടുമെന്നു് ആത്മവിശ്വാസത്തോടെ ഉറപ്പിച്ചുപറയുവാൻ കഴിയും. ആദ്യം ആസൂത്രണം

---

1. European Economic Community-ഫ്രാൻസ്, ബൽജിയം, നെതർലെൻഡ്സ്, ലക്സംബർഗ്, വെസ്റ്റ് ജർമ്മനി, ഇററലി എന്നീ ആറു രാഷ്ട്രങ്ങൾക്ക് അംഗത്വമുള്ള ഒരു സാമ്പത്തിക സംഘടന.

ചെയ്തതു് വ്യാവസായികോല്പാദനം 80 ശതമാനം വർദ്ധി പ്പിക്കുവാനായിരുന്നു. എന്നാൽ അതു 86 ശതമാനമായി വർദ്ധിക്കുമെന്നു പ്രതീക്ഷിക്കപ്പെട്ടുന്നുണ്ടു്. 1963ലുണ്ടായ വിളനാശം കാരണമായി കൃഷിയിൽ ഗൗരവമേറിയ ചില വിഷമതകൾ നേരിടേണ്ടിവന്നിരുന്നു. എന്നാൽ നാം സ്വീകരിച്ച നടപടികളുടെ ഫലമായി സ്ഥിതിഗതികൾ സാധാരണ നില പ്രാപിച്ചുതുടങ്ങിയിരിക്കുകയാണു്. ഈ വർഷത്തിൽ നമ്മുടെ രാജ്യത്തെ വിളവ് മെച്ചപ്പെട്ടതാണു്.

വസ്തുനിഷ്ഠമായ സാമ്പത്തിക നിയമങ്ങളെ കണിശമായും കണക്കിലെടുക്കണമെന്നും, കാര്യങ്ങൾ സ്വയമേവ ശരിയായി നടന്നുകൊള്ളുമെന്ന ധാരണ ഉപേക്ഷിക്കണമെന്നും സഹോദരപാർട്ടികളുടെ കൂട്ടായ അനുഭവങ്ങളിൽനിന്നും ലഭിക്കുന്ന പാഠങ്ങൾ വിഗണിക്കുവാൻ പാടില്ലെന്നും സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ഇതഃപര്യന്തം നടന്ന പ്രവർത്തനങ്ങൾ വ്യക്തമായും തെളിയിക്കുന്നുണ്ടു്. സാമ്പത്തിക വ്യവസ്ഥയിലുടലെടുക്കുന്ന ദുർഘടങ്ങളെ പുറത്തുകൊണ്ടുവന്നു യഥാസമയം പരിഹരിക്കുക, കെട്ടുപിണഞ്ഞുകിടക്കുന്ന പ്രശ്നങ്ങൾക്കു പോംവഴി കാണുന്നതിനുള്ള മാർഗ്ഗങ്ങളെ ശരിയായി വിശകലനം ചെയ്തുകൊണ്ടു സാമ്പത്തിക വികാസത്തെ ത്വരിതമാക്കുവാനുള്ള അന്തർലീനശക്തികൾ ഏവയെന്നു് നിർണ്ണയിക്കുക, ജീവിതം ഉയർത്തിക്കൊണ്ടുവരുന്ന ആവശ്യങ്ങളുമായി കണിശമായി പൊരുത്തപ്പെടുന്നതരത്തിൽ സാമ്പത്തികപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന രീതികളും സംവിധാനങ്ങളും അംഗീകരിക്കുക എന്നിവയെ ആശ്രയിച്ചാണു് ഇന്നു ഭരണാധികാരത്തിലുള്ള കമ്യൂണിസ്റ്റ് പാർട്ടികളുടേയും വർക്കേഴ്സ് പാർട്ടികളുടേയും പ്രവർത്തനത്തിൻെറ വിജയം സ്ഥിതിചെയ്യുന്നതു്.

അതേയവസരത്തിൽ കഴിഞ്ഞ കുറേ വഷങ്ങളിലെ നമ്മുടെ അനുഭവങ്ങൾ തെളിയിക്കുന്നതെന്താണ്? സോഷ്യലിസ്റ്റ് വ്യവസ്ഥയാകെ വിജയപൂവ്വം വികസിച്ചു മുന്നേറണമെങ്കിൽ അതിൽപെടുന്ന രാഷ്ട്രങ്ങൾതമ്മിൽ ഐക്യവും സഹകരണവും കൂടിയേ കഴിയൂ, മാത്രമല്ല ഈ രാഷ്ട്രങ്ങൾ തമ്മിലുള്ള സാമ്പത്തികവും മററുമായ ബന്ധങ്ങളുടെ രൂപങ്ങളും സമ്പ്രദായങ്ങളും അഭിവൃദ്ധിപ്പെടുത്തുകയും ജീവിതമുന്നയിക്കുന്ന ആവശ്യങ്ങളുമായി ഈ ബന്ധങ്ങളെ പൊരുത്തപ്പെടുത്തുകയും ചെയ്യേണ്ടതു് ഒഴിച്ചുകൂടാത്ത ഒരാവശ്യമാണ്. ഈ കടമകൾ പൂത്തിയാക്കുന്നതിൽ വസ്തുനിഷ്ഠമായ ചില വിഷമതകൾ നാം അഭിമുഖീകരിക്കേണ്ടിവരും. സോഷ്യലിസ്റ്റ് വ്യവസ്ഥയിലെ വിവിധ രാഷ്ട്രങ്ങൾ വിവിധ നിലവാരങ്ങളിലാണ് സ്ഥിതിചെയ്യുന്നതെന്നുള്ളത് ഒരു വസ്തുതയാണ്. മാത്രമല്ല, സോഷ്യലിസ്റ്റ് വ്യവസ്ഥ പടുത്തുയർത്തുന്ന കാര്യത്തിൽ അവ വ്യത്യസ്ഥ പതനങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ഈ വസ്തുതയിൽനിന്നും ഉടലെടുക്കുന്നവയാണ് മേൽ സൂചിപ്പിച്ച വിഷമതകൾ. അതിനാൽ ദീർഘകാലാടിസ്ഥാനത്തിലുള്ള കത്തവ്യങ്ങൾക്കും താല്പര്യങ്ങൾക്കും പുറമെ ചില സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾക്ക പ്രത്യേകമായ ചില താല്ക്കാലിക കത്തവ്യങ്ങളും താല്പര്യങ്ങളും ഉണ്ടായെന്നുവരാം. അത്തരം രാജ്യങ്ങൾ നേടിയ വികാസത്തിൻെറ പ്രത്യേകമായ പതനത്തിനുള്ള സ്വഭാവവിശേഷതകളും സമൂത്തമായ പശ്ചാത്തലവുമാണ് താല്ക്കാലിക കത്തവ്യങ്ങൾ ഏവയെന്നു നിണ്ണയിക്കുക. വസ്തുനിഷ്ഠമായി നാം പരിശോധിക്കുന്നപക്ഷം ഈ താല്ക്കാലിക കടമകളും താല്പര്യങ്ങളും ദീർഘകാലകടമകളും താല്പര്യങ്ങളുമായി വൈരുദ്ധ്യത്തിലുള്ളവയല്ല.

താല്ക്കാലികമായ താല്പര്യങ്ങളെ മൗലികതാല്പര്യങ്ങളായി കണ്ണക്കാക്കുകയും അവയുടെ മറവിൽ സംയുക്തമായ പുരോഗതിമുഖേന ലഭിയ്ക്കാവുന്ന നേട്ടങ്ങളെ വിഗണിക്കുകയും ചെയ്യുന്ന കമ്യൂണിസ്ററുകാർ യഥാർത്ഥത്തിൽ കമ്യൂണിസ്റ്റുകാരല്ലാതായിത്തീരും. സ്വാഭാവികമായി സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ ദേശീയതാല്പര്യങ്ങൾ കണിശമായും സംരക്ഷിക്കപ്പെടണം. സ്വയം സന്നദ്ധതയോടെ ബാദ്ധ്യതകളേറ്റെടുക്കൽ, രാഷ്ട്രത്തിൻെറ പരമാധികാരം സംരക്ഷിക്കൽ, അന്യരാഷ്ട്രങ്ങളുടെ അഭ്യന്തര കാര്യങ്ങളിൽ ഇടപെടാതിരിക്കൽ, ദേശീയ സാമ്പത്തിക വികസനത്തിന്നു പരിപാടി നിർണ്ണയിക്കൽ, എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിൽ ഓരോ രാഷ്ട്രത്തിന്നും പരിപൂർണ്ണമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കൽ മുതലായവയാണ് പ്രസ്തുത ദേശീയ താല്പര്യങ്ങൾ. അവയെല്ലാം സംരക്ഷിക്കപ്പെടേണ്ടവയുമാണ്, എന്നാൽ സോഷ്യലിസ്റ്റ് നാട്ടുകൾ തമ്മിലുള്ള ബന്ധങ്ങളിൽ അസമത്വം കാണിക്കൽ, ദേശീയമായ താൻപ്രമാണിത്തം, സാർവ്വദേശീയ ബാദ്ധ്യതകളെ മാനിക്കാതിരിക്കൽ എന്നീ നയങ്ങൾ അബദ്ധജടിലവും നിരാശാജനകവുമാണെന്നു ഇതുവരെയുള്ള അനുഭവങ്ങൾ നമ്മെ പഠിപ്പിയ്ക്കുന്നുണ്ട്.

ഭരണാധികാരത്തിലെത്തിയ ഏതു മാർക്സിസ്റ്റ്-ലെനിനിസ്റ്റ്പാർട്ടിയ്ക്കും ലോക സോഷ്യലിസ്റ്റ് വ്യവസ്ഥയുടെയാകെ ഭാവിയും കാഴ്ചപ്പാടും ഭാസുരമാക്കിത്തീർക്കുവാനുള്ള ഉത്തരവാദിത്വമുണ്ട്. എന്തുകൊണ്ടെന്നാൽ ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയാകെ ശക്തിപ്രാപിക്കേണമെന്നത് ഓരോ രാഷ്ട്രത്തിലും സോഷ്യലിസം വിജയകരമായി കെട്ടിപ്പടുക്കുന്നതിന്നുള്ള മർമ്മപ്രധാനമായ ഒരുപാധിയാണ്. ദേശീയമായ

കടമകൾ നിറവേററുന്നതിൽ ദേശീയ വീക്ഷണംമാത്രം സ്വീകരിക്കുന്ന അധഃപതിച്ച രീതി യാതൊരു പാർട്ടിക്കും ഭൂഷണമല്ല. അതുപോലെതന്നെ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ പൊതു കടമകൾ നിറവേററുന്ന അവസരത്തിൽ യാതൊരു പാർട്ടിയും ദേശീയ താല്പയ്യങ്ങൾക്ക് ഹാനിവിളയിക്കുന്ന നടപടികൾ സ്വീകരിക്കരുതു്. തൊഴിലാളിവഗ്ഗ സവ്വദേശീയത്വത്തിൻെറ വൈജയന്തി എല്ലാ പാർട്ടികളും ഉയത്തിപ്പിടിക്കണം. മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടികൾക്കു മാർഗ്ഗദർശനം നല്കുന്ന പ്രമാണങ്ങളാണിവ.

സോഷ്യലിസം കെട്ടിപ്പടുക്കുന്നതിൽ നാമംഗീകരിക്കുന്ന മാർഗ്ഗങ്ങളിലും രീതികളിലും ഉള്ള വൈവിദ്ധ്യത്തെയും സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ സവിശേഷമായ താല്പയ്യങ്ങൾ പൊരുത്തപ്പെടുത്തിക്കൊണ്ടുപോകുന്നതിൽ ഉണ്ടാകുവാനിടയുള്ള വിടവുകളേയും ഉപയോഗപ്പെടുത്തി സോഷ്യലിസ്റ്റ് നാടുകൾതമ്മിൽ വിയോജിപ്പുളവാക്കുവാൻ സോഷ്യലിസത്തിൻെറ ശത്രുക്കൾ ശ്രമിച്ചിട്ടുണ്ടു്. മാത്രമല്ല സോഷ്യലിസ്റ്റ്രാഷ്ട്രങ്ങൾതമ്മിൽ ശത്രുതയും അവിശ്വാസവും സൃഷ്ടിക്കുവാൻ അവർ ശ്രമം നടത്തിയിട്ടുണ്ടു്. മേലിൽ നടത്തുകയും ചെയ്യും. എന്നാൽ ശരിയായ മാർക്സിസ്റ്റ്—ലെനിനിസ്റ്റ് നയം അനുവത്തിക്കുന്നപക്ഷം സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾക്കും അവ ഭരിക്കുന്ന പാർട്ടികൾക്കും വൈരുദ്ധ്യങ്ങൾ പരിഹരിക്കുവാനും അഭിപ്രായവ്യത്യാസങ്ങൾ സൗഹാദ്ദപരമായ മനോഭാവത്തോടെ പരിഗണിക്കുവാനും സാധിക്കും. പരിപൂണ്ണമായ സമത്വം, പരസ്പര നന്മ, സഖാക്കളെന്ന നിലയിലുള്ള പരസ്പര സഹായം എന്നിവയുടെ അടിസ്ഥാനത്തിൽ സൗഹാദ്ദബന്ധങ്ങൾ വളത്തിക്കൊണ്ടുവരുവാൻ അതുവഴി സാദ്ധ്യമാകും.

ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയിലെ ഘടകങ്ങളായ വിവിധ രാഷ്ട്രങ്ങൾ സാമ്പത്തിക വികസനത്തിൻെറ വ്യത്യസ്ഥനിലവാരങ്ങളിലാണ് ഇന്നു സ്ഥിതിചെയ്യുന്നത്. ആ സ്ഥിതിക്ക് പ്രസ്തുത വ്യവസ്ഥയുടെ ചട്ടക്കൂട്ടിനുള്ളിൽ ഏതെങ്കിലും ഒരു രാജ്യത്ത് കമ്യൂണിസം എങ്ങനെയാണ് കെട്ടിപ്പടുക്കേണ്ടതു്, ജീവിതംതന്നെ മുമ്പോട്ടു കൊണ്ടുവന്നിട്ടുള്ള ഒരു പ്രശ്നമാണിതു്. ഏതെങ്കിലും ഒരു സോഷ്യലിസ്റ്റ്രാഷ്ട്രത്തിനു മറെറാരു സോഷ്യലിസ്റ്റ് രാഷ്ട്രത്തേക്കാൾ നേരത്തെ കമ്യൂണിസ്റ്റ് നിർമ്മാണം ആരംഭിക്കാമോ? അഥവാ എല്ലാ രാജ്യങ്ങളും ഒരു ടൈംടേബിൾ അംഗീകരിച്ച് ഒരേദിവസംതന്നെ കമ്യൂണിസ്റ്റ് നിർമ്മാണം ആരംഭിക്കേണമെന്നുണ്ടോ?

കമ്യൂണിസത്തിലേക്കുള്ള പരിവർത്തനത്തിന്നു എല്ലാ രാഷ്ട്രങ്ങൾക്കും സ്വീകരിക്കാവുന്ന ഒരു "ശുഭമുഹൂർത്തം" എന്നൊന്നില്ല, അതുണ്ടാവുകയുമില്ല, തികച്ചും വ്യക്തമായ ഒരു വസ്തുതയാണിതു്. അതിന്നുള്ള പ്രധാന കാരണം സോഷ്യലിസ്റ്റ് വിപ്ലവങ്ങൾ വ്യത്യസ്ത കാലങ്ങളിലാണ് പൂർത്തീകരിക്കപ്പെട്ടതെന്നതുതന്നെയാണ്. ഉല്പാദന ശക്തികളുടെ നിലവാരവും സാമൂഹ്യ സാമ്പത്തിക വികസനങ്ങളുടെ നിലവാരവും വിപ്ലവം പൂർത്തിയായ നാട്ടുകളിൽ ഒരേ തരത്തിലുള്ളവയല്ല. ചില രാജ്യങ്ങൾ ഇന്നു മുതലാളിത്തത്തിൽനിന്നും സോഷ്യലിസത്തിലേക്കുള്ള പരിവർത്തനദശയിലാണുള്ളതു്. മററു ചിലവ സോഷ്യലിസ്റ്റ്നിർമ്മാണം പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളിവർഗ്ഗവിപ്ലവം ആദ്യമായി വിജയംവരിച്ച സോവിയററ് യൂണിയൻ പൂർണ്ണമായ അളവിൽ കമ്യൂണിസം കെട്ടിപ്പടുക്കുന്നതിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണ്. സ്വാഭാവികമായി മററു സോഷ്യലി

സ്റ്റ് രാഷ്ട്രങ്ങൾക്ക് കമ്യൂണിസ്റ്റ് നിർമ്മാണത്തിന്നു തുനിയുവാൻ സാധിക്കണമെങ്കിൽ അവശ്യം ചില ഉപാധികൾ സൃഷ്ടമാവേണ്ടതുണ്ട്. സോഷ്യലിസ്റ്റ് നിർമ്മാണം പൂർത്തീകരിക്കപ്പെടണമെന്നതാണ് പ്രസ്തുത ഉപാധികളിൽ മുഖ്യമായതു്. സോഷ്യലിസ്റ്റ് വികസനത്തിന്റെ ഘട്ടത്തിൽ കൂടി കടന്നുപോകാതെ മുതലാളിത്തത്തിൽനിന്നും നേരിട്ടു കമ്യൂണിസത്തിലേയ്ക്കു പ്രവേശിക്കുക അസാദ്ധ്യമാണ്. "മനുഷ്യരാശിയ്ക്കു മുതലാളിത്തത്തിൽനിന്നും നേരിട്ടു സോഷ്യലിസത്തിലേയ്ക്കു മാത്രമെ പ്രവേശിക്കുവാൻ സാദ്ധ്യമാകയുള്ളൂ"*

എല്ലാ രാഷ്ട്രങ്ങളും അനിവാര്യമായും സംപൂർണ്ണമായ കമ്യൂണിസ്റ്റ് നിർമ്മാണത്തിലേയ്ക്കു പ്രവേശിക്കും. അതത്യാവശ്യമാണുതാനും. ഇതരനാട്ടുകളേക്കാൾ മുന്നിലായി കമ്യൂണിസ്റ്റ് നിർമ്മാണമാരംഭിയ്ക്കുന്ന ഈ രാഷ്ട്രങ്ങൾ ലോക സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ വികസനത്തിന്റെ ഗതിയ്ക്കു വേഗം കൂട്ടുകയും ഇതര രാഷ്ട്രങ്ങളെ സോഷ്യലിസ്റ്റ് നിർമ്മാണം ത്വരിതപ്പെടുത്തുവാൻ സഹായിക്കുകയും കമ്യൂണിസത്തിലേയ്ക്കുള്ള അവയുടെ പ്രയാണത്തിനു വേഗത കൈവരുത്തുകയും ചെയ്യുന്നു.

ഒരു രാജ്യത്തിൽ മാത്രമായി കമ്യൂണിസം കെട്ടിപ്പടുക്കുവാൻ ആരംഭിക്കുക സാദ്ധ്യമാണോ? ചരിത്രപരമായി നോക്കിയാൽ ഈ പ്രശ്നം ഇനി മേലിൽ ഉത്ഭവിക്കുകയില്ല. അതിന്നുള്ള ഒന്നാമത്തെ കാരണം നമ്മുടെ ഈ ലോകത്തിൽ ഇന്നുതന്നെ ഒട്ടേറെ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ ഉണ്ട്. അവയിലെല്ലാം കമ്യൂണിസത്തിന്റെ ഒന്നാം ഘട്ടമായ, ഏറവും അടിയിലുള്ള പതനമായ, സോഷ്യലിസ്റ്റ് സമുദായത്തിന്റെ

* V. I. Lenin, Works, Vol 24, P. 62

സൃഷ്ടി നടന്നുകൊണ്ടിരിക്കുകയാണല്ലോ. രണ്ടാമതായി കമ്യൂണിസ്റ്റ് സമുദായത്തിന്റെ ഏററവും അടിയിലുള്ള ഘട്ടത്തിന്റെ പൂർത്തീകരണം ഇന്നു വളരെയേറെ പുരോഗമിച്ചിരിക്കുന്നു. അതിൻഫലമായി ആധുനിക മാനവസമുദായത്തിന്റെ വികാസത്തിലെ നിർണ്ണായകഘടകമായി ലോകസോഷ്യലിസ്റ്റ് വ്യവസ്ഥ ഉയൻ്നുവന്നിരിക്കുന്നു.

നമ്മുടെ രാജ്യത്ത് ഇന്നു കമ്യൂണിസ്റ്റ്നിർമ്മാണത്തിലേക്കുള്ള പരിവത്തനം നടക്കുന്നതു് ഭരണപരമായ ഉത്തരവുകളുടെ ഫലമായോ ആത്മനിഷ്ഠമായ അഭിലാഷത്തിനനുസൃതമായി നല്കുന്ന ആജ്ഞകളുടെ ഫലമായോ അല്ല. അതു് ഉദയം ചെയ്തതുതന്നെ സോഷ്യലിസ്റ്റ് സമുദായത്തിന്റെ വികാസത്തിൽനിന്നും ഉൽഭൂതമായ വസ്തുനിഷ്ഠമായ സാഹചര്യങ്ങളിൽനിന്നാണ്. വസ്തുനിഷ്ഠമായ പ്രസ്തുത സാഹചര്യങ്ങൾ സി. പി. എസ്. യു.വിന്റെ പരിപാടിയിലും ഇരുപത്തിയൊന്നാം കോൺഗ്രസ്സിന്റെയും ഇരുപത്തിരണ്ടാം കോൺഗ്രസ്സിന്റെയും തീരുമാനങ്ങളിലും വിശദീകരിക്കപ്പെട്ടിട്ടുണ്ട്. യു. എസ്സ്. എസ്സ്. ആർ.ൽ സോഷ്യലിസം സംപൂർണ്ണമായും അന്തിമമായും വിജയിച്ചതിന്റെ ഫലമായിട്ടാണ് കമ്യൂനിസത്തിലേക്കുള്ള പരിവത്തനം സാദ്ധ്യമായിത്തീർന്നതു്,

സോഷ്യലിസവും കമ്യൂനിസവും അഭേദ്യമായ ഒരു മതിലുയർത്തി വിഭജിച്ചു നിർത്തപ്പെട്ട രണ്ടു വ്യത്യസ്ഥ സാമൂഹ്യവ്യവസ്ഥിതികളല്ല. അവ രണ്ടും ഒരേ സാമൂഹ്യസാമ്പത്തിക വ്യവസ്ഥയുടെ രണ്ടു വ്യത്യസ്തപതനങ്ങളാണ്. ഉൽപാദനശക്തികളുടെ വികാസത്തിന്റെയും സാമൂഹ്യബന്ധങ്ങളുടെ പക്വതയുടെയും നിലവാരം മാത്രമാണ് അവ

യെ വ്യത്യസ്തമാക്കി നിർത്തുന്നതു്. മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തവും നമ്മുടെ നാട്ടിലെ സോഷ്യലിസ്റ്റ് നിർമ്മാണത്തിൽനിന്നും ലഭിച്ച പ്രായോഗികമായ അനുഭവവും തെളിയിച്ചുകഴിഞ്ഞതാണിതെല്ലാം. സോഷ്യലിസം സ്വന്തമായ ഒരടിത്തറയിൻമേൽ ഉറച്ചുനിന്നു വികസനം പ്രാപിച്ചാൽ അനിവാര്യമായും കമ്യൂനിസത്തിലേയ്ക്കു് വളൎന്നു തുടങ്ങും. സാമൂഹ്യജീവിതത്തിൽ ലഭ്യമാകാവുന്ന ഏററവും ഉന്നതവും ഉൽകൃഷ്ടവുമായ വ്യവസ്ഥയാണ് കമ്യൂനിസം. അതു സോഷ്യലിസത്തിൽനിന്നും വളൎന്നുവരുന്ന ഒരു വ്യവസ്ഥയാണ്; സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ തുടൎച്ചയുമാണു്, സോഷ്യലിസത്തിൻെറ സവിശേഷമായ മഹത്വം കമ്യൂനിസത്തിൽ വികാസം പ്രാപിക്കുകയും കൂടുതൽ ഉജ്ജ്വലമായിത്തീരുകയും ചെയ്യുന്നു. കമ്യൂനിസത്തിൻെറ ഏററവും അടിയിലെ പതനമായ സോഷ്യലിസത്തിൽനിന്നും ക്രമാനുഗതമായി അഭംഗുരം വളർന്നുവളർന്നു മനുഷ്യസമുദായം അതിൻെറ ഏററവും ഉയൎന്ന പതനത്തിൽ എത്തിച്ചേരണമെന്നതു് വസ്തുനിഷ്ഠമായ ഒരാവശ്യകതയാണ്. സാമൂഹ്യനിയമങ്ങൾക്കു വിധേയമായി നടക്കേണ്ടുന്ന ചരിത്രപരമായ ഒരു പ്രക്രിയയാണതു്. ആ പ്രക്രിയയെ മറികടന്നു മുന്നോട്ടു പോവുക സാദ്ധ്യമല്ല. സോഷ്യലിസത്തിൽനിന്നും കമ്യൂനിസത്തിലേയ്ക്കുള്ള പരിവൎത്തനം നമ്മുടെ രാജ്യത്തിലെ ഉൽപാദനശക്തികളുടെ വികസനത്തിനു് ഒഴിച്ചുകൂടാത്ത ഒരാവശ്യമാണ്. കമ്യൂനിസ്റ്റ്നിർമ്മാണം ആരംഭിക്കുന്നതിനു മുൻപായി സോഷ്യലിസത്തിൻെറ ഭൗതികവും സാങ്കേതികവുമായ അടിത്തറ പൂൎണ്ണമായും പണിതു കഴിയണം. യു. എസ്. എസ്. ആറിൽ സോഷ്യലിസത്തിൻെറ ഭൗതികവും സാങ്കേതികവുമായ അടിത്തറ വിജയപൂർവ്വം നാം

നിർമ്മിച്ചുകഴിഞ്ഞിരിക്കുന്നുവെന്നതു ഒരു വസ്തുതയാണ്; അതു ചരിത്രപരമായ ഒരു യാഥാർത്ഥ്യവുമാണ്. അതായതു് യു. എസ്. എസ്. ആറിൽ ഉൽപാദനശക്തികളുടെ വികാസം ഇതര സോഷ്യലിസ്റ്റ് നാടുകളിലേതിനേക്കാൾ കൂടുതൽ ഉന്നതമായ ഒരു നിലവാരം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു.

അടുത്തപടിയെന്തു ചെയ്യണം? എന്തൊരു നയമാണ് അനുവർത്തിക്കേണ്ടത്? ഉൽപാദനോപകരണങ്ങളെ ഇനിയും വികസിപ്പിക്കേണ്ടതു് എങ്ങനെയാണ്, ഏതു ലക്ഷ്യംവെച്ചുകൊണ്ടാണ്? എന്നീ ചോദ്യങ്ങൾക്ക് ഈ പരിതസ്ഥിതിയിൽ പാർട്ടി ഉത്തരം കാണേണ്ടിവന്നു.

ഉൽപാദനശക്തികളെ ഇനിയും മേലോട്ടു വികസിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുകമാത്രമായിരുന്നു അടുത്തു സ്വീകരിക്കാവുന്ന ശരിയായ മാർഗ്ഗം. കമ്യൂനിസത്തിലേയ്ക്കുള്ള ക്രമാനുഗതമായ പരിവർത്തനമെന്നാൽ ഏതെങ്കിലും തരത്തിലുള്ള ഒരു മടിയൻ പ്രസ്ഥാനമല്ല. ആധുനികമായ വ്യവസായവും വൻതോതിലുള്ള യന്ത്രീകൃതകൃഷിവ്യവസ്ഥയും സമ്പദ്‌വ്യവസ്ഥയാകെയും സംസ്കാരവുമെല്ലാം തന്നെ ദ്രുതിഗതിയിൽ വികാസം പ്രാപിക്കുന്ന ഒരു കാലഘട്ടമാണതു്. കമ്യൂനിസ്റ്റ് സമുദായത്തിൻെറ നിർമ്മാതാക്കളായ ദശലക്ഷക്കണക്കിലുള്ള ബഹുജനങ്ങൾ ഈ വികസനപ്രക്രിയയിൽ ബോധപൂർവ്വം പങ്കെടുക്കുന്ന ഒരു കാലഘട്ടം കൂടിയാണതു്. നേട്ടങ്ങൾ എത്ര ഉയർന്ന തോതിൽ ലഭിച്ചാലും പുരോഗമിയുടെ പ്രക്രിയയെ തടഞ്ഞുനിർത്തികൊണ്ടു കാത്തുകെട്ടിക്കിടക്കുകയെന്ന സമ്പ്രദായം ഒരിക്കലും അവലംബിക്കാൻ പാടില്ല; കാരണം അതു വളർച്ച മുട്ടിയ ഒരു സ്ഥി

തിയാണു സംജാതമാക്കുക. സോഷ്യലിസ്റ്റ് യാഥാർത്ഥ്യത്തിലെ വസ്തുനിഷ്ഠമായ നിയമമാണത്.

സോഷ്യലിസത്തിൽ വളൎന്നുവരുന്ന ഉൽപാദനശക്തികളെ സംബന്ധിച്ചേടത്തോളം അവയുടെ വികസനം ഒരു പ്രത്യേകപതനത്തിലെത്തിക്കഴിഞ്ഞാൽ കമ്യൂനിസത്തിൻെറ ഭൗതികവും സങ്കേതികവുമായ അടിത്തറ കെട്ടിപ്പടുക്കുന്ന അടുത്തപതനത്തിലേക്ക് പ്രവേശിക്കേണ്ടതു് ഒഴിച്ചുകൂടാത്ത ഒരാവശ്യമാണ്. വികാസത്തിൻെറ നിയമങ്ങളെ സംബന്ധിച്ചുള്ള ഈ ബോധമാണ് നമ്മുടെ പാർട്ടിക്കു് ശരിയായ മാൎഗ്ഗം നിർദ്ദേശിച്ചുകൊടുത്തതു്. അതിന്നനുസരിച്ച് സോവിയററ് സമുദായത്തിൻെറ മുഖ്യമായ സാമ്പത്തിക കടമ കമ്യൂനിസത്തിൻെറ ഭൗതികവും സങ്കേതികവുമായ അടിത്തറ കെട്ടിപ്പടുക്കലാണെന്നു പാർട്ടി നിർവ്വചിച്ചു. സമഗ്രമായ കമ്യൂനിസ്റ്റ് നിർമ്മാണത്തിൻെറ ഘട്ടത്തിൽ ഉയർന്നുവന്ന ശഹനവും സർവ്വസ്പൎശിയുമായ കടമകളുടെ ശൃംഖലയിൽനിന്നും മുഖ്യവും നിർണ്ണായകവുമായ കണ്ണി വേർതിരിച്ചു കണ്ടുപിടിക്കുവാൻ ഈ വഴി പാർട്ടിക്കു സാദ്ധ്യമായി.

ഉൽപാദനശക്തികളുടെ വളർച്ച അനിവാര്യമായും, ആവശ്യപ്പെടുന്നതു് ഉൽപാദന ബന്ധങ്ങളും തദനുസൃതമായി വികസിപ്പിക്കപ്പെടണമെന്നാണ്. സോഷ്യലിസത്തിൻെറ ഭൗതികവും സാങ്കേതികവുമായ അടിത്തറ നിർമ്മിക്കപ്പെട്ടതോടുകൂടിതന്നെ നമ്മുടെ സമൂഹത്തിൽ സോഷ്യലിസ്റ്റ് ഉൽപാദന ബന്ധങ്ങളുടെ ആധിപത്യവും ഉറപ്പിക്കപ്പെട്ടിരുന്നു. അതിനാൽ ഇനിയേതു പാതയാണു പിൻപറേണ്ടതു്, രാജ്യത്തിലെ സാമൂഹ്യ സാമ്പത്തിക ബന്ധങ്ങൾ

എങ്ങോട്ടേയ്ക്കാണ് വികസിപ്പിയ്ക്കേണ്ടതു് എന്ന പ്രശ്നം പാർട്ടി സ്വാഭാവികമായും അഭിമുഖീകരിക്കേണ്ടിവന്നു.

പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനത്തിൽകൂടി മാത്രമേ ഇതിന്നുള്ള പരിഹാരം കാണുവാൻ സാദ്ധ്യതയുള്ളൂ. കമ്മ്യൂനിസത്തിൻെറ ഭൌതികവും സാങ്കേതികവുമായ അടിത്തറ പടുത്തുയർത്തുന്ന പ്രവർത്തനത്തിലൂടെയും അതേ അടിത്തറയിൻമേൽതന്നെ ക്രമാനുഗതമായി പുതിയ കമ്മ്യൂനിസ്റ്റ് ബന്ധങ്ങൾ രൂപീകരിച്ചു വളർത്തിക്കൊണ്ടുവരണം. അത്തരം ഒരു പ്രസ്ഥാനമാണ് ഇന്നാവശ്യം. അങ്ങനെ സോഷ്യലിസ്റ്റ് ജനാധിപത്യത്തിൻെറ എല്ലാ രൂപങ്ങളേയും വികസിപ്പിക്കേണ്ടതും മെച്ചപ്പെടുത്തേണ്ടതും അത്യാവശ്യമായിത്തീർന്നു. ജനതയുടെ സാംസ്കാരികജീവിതമാകെ കൂടുതൽ സമ്പന്നമാക്കുക ആവശ്യമായിത്തീർന്നു, ഒരു പുതിയ മനുഷ്യനെ, കമ്മ്യൂനിസ്റ്റ് സമുദായത്തിലെ പൗരനെ വളർത്തിക്കൊണ്ടുവരേണ്ടതും അടിയന്തര കർത്തവ്യമായംഗീകരിക്കപ്പെട്ടു. ഈ കടമകളെല്ലാം നിറവേററുവാൻ ഒരു പ്രത്യേകപാത നാം അംഗീകരിച്ചു. അതു ശരിയായ പാതയായിരുന്നു. അതിന്നും പുറമെ യു. എസ്. എസ്. ആറിലെ തൊഴിലിളിവർഗ്ഗ സ്വേച്ഛാധിപത്യം, ചരിത്രപരമായി അതിന്നുണ്ടായിരുന്ന പങ്ക് നിറവേററിക്കഴിഞ്ഞിരുന്നതിനാൽ, ജനങ്ങളുടെയാകെ ഭരണകൂടമായി വികസിച്ചുവന്നിട്ടുണ്ടു്.

ഇനിയും മുന്നോട്ടു പോവുക എന്നു പറഞ്ഞാൽ അതിൻെറ അർത്ഥം കമ്മ്യൂനിസത്തിലേയ്ക്കു മുന്നേറുക എന്നുതന്നെയാണ്. അതു സാധിക്കുവാൻ സാമൂഹ്യമായ ഒരു വിപ്ലവത്തിൻെറ ആവശ്യകത ഇവിടെയില്ല. എന്തുകൊണ്ടെന്നാൽ പരസ്പരവിരുദ്ധങ്ങളായ വർഗ്ഗങ്ങൾ നമ്മുടെ രാജ്യത്തില്ല.

അതുപോലെതന്നെ ബലപ്രയോഗത്തിന്റെ ആവശ്യകതയും ഉത്ഭവിക്കുന്നില്ല. കമ്മ്യൂണിസത്തിന്റെ രണ്ടാം ഘട്ടത്തിലെ പ്രമാണങ്ങൾ അതിന്റെ ആദ്യഘട്ടത്തിൽതന്നെ അടിയിൽനിന്നും സജ്ജമാക്കി വളർത്തിക്കൊണ്ടുവന്നവയാണ്. അവ സോഷ്യലിസത്തിന്റെ അടിസ്ഥാന തത്വങ്ങളിൽനിന്നും വളർന്നുവന്നവയാണ്. സോഷ്യലിസം വിജയിച്ചതിന്റെ ഫലമായി മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യുന്ന സമ്പ്രദായംതന്നെ ഇല്ലാതാക്കപ്പെട്ടിരിക്കയാണല്ലോ. അതായതു കമ്മ്യൂനിസത്തിന്റെ മൗലികപ്രമാണങ്ങളിലൊന്നു നടപ്പിലായിക്കഴിഞ്ഞുവെന്നർത്ഥം. സോഷ്യലിസംതന്നെ ഭാവിയിൽ വികസിച്ചുവരാവുന്ന എല്ലാ മുൻഉപാധികളും സൃഷ്ടിക്കുന്നു. അവയുടെ വികസനം ഒരൊററ ലക്ഷ്യത്തിലേക്കുമാത്രമാണ് വഴിതെളിയിക്കുക; അതായതു് കമ്മ്യൂനിസത്തിലേക്കു. നമുക്കു നാളെ ലഭ്യമാകുവാൻ പോകുന്ന, പണമിടപാടില്ലാത്ത, സമുദായത്തിന്റെ സ്വഭാവവിശേഷതകളാണ് ഇന്നുതന്നെ നടപ്പിലായിക്കഴിഞ്ഞ സൗജന്യ വൈദ്യസഹായവും സൗജന്യ വിദ്യാഭ്യാസവും സൗജന്യമായ വിശ്രമവിനോദ സൗകര്യങ്ങളും. നാളത്തെ സമുദായത്തിൽ ഓരോ വ്യക്തിയ്ക്കും ആവശ്യമായതെല്ലാം നൽകപ്പെടുന്ന സമ്പ്രദായം ഒരു യാഥാർത്ഥ്യമായിത്തീരും.

സോവിയററ് യൂനിയനിലെ ആഭ്യന്തരനില വെച്ചുനോക്കിയാൽ കമ്യൂനിസം വിജയകരമായി കെട്ടിപ്പടുക്കുവാൻ അത്യാവശ്യമായി വേണ്ടുന്നതെല്ലാം നമുക്കുണ്ടെന്നു കാണാം.

മററു രാജ്യങ്ങളിൽനിന്നും ഇടപെടലുകളുടെ ആപത്തുണ്ടാവുമോ? മുതലാളിത്തം പുനസ്ഥാപിക്കപ്പെടുവാൻ സാദ്ധ്യതയുണ്ടോ? എന്നീ പ്രശ്നങ്ങളുണ്ടു്. നമുക്കു് അന്യരാജ്യ

ങ്ങളുടെ ഇടപെടലിന്റെ പ്രശ്നം ആദ്യമായി പരിശോധിക്കാം. അതു ഗൗരവത്തായ സ്വഭാവമുള്ള ഒരു ഭീഷണിയാണ്. ഒരു കാലത്ത് ഒറ്റ രാജ്യത്തിൽ മാത്രമായി സോഷ്യലിസം വിജയിക്കുന്നതിന്നു് ഈ ഭീഷണി പ്രതിബന്ധം സൃഷ്ടിക്കുമെന്നു കണക്കാക്കപ്പെട്ടിരുന്നു.

വ്യത്യസ്ഥമായ ചരിത്രകാലഘട്ടങ്ങളിൽ വ്യത്യസ്ഥ രൂപങ്ങളിലാണ് ഈ പ്രശ്നം ഉന്നയിക്കപ്പെട്ടതു്. ഏതെങ്കിലും ഒരു രാജ്യത്ത് മാത്രമായി വിപ്ലവം പൊട്ടിപ്പുറപ്പെട്ടന്നപക്ഷം വിദേശശക്തികളുടെ ഇടപെടലുകൾ വിപ്ലവത്തെ പരാജയപ്പെടുത്തിക്കളയുമെന്നാണ് മാർക്സിന്റെ കാലത്ത് കണക്കാക്കപ്പെട്ടിരുന്നതു്. മാർക്സ് ഇങ്ങനെ എഴുതുകയുണ്ടായി:—"ഫ്രാൻസിൽ പുതുതായി ഒരു തൊഴിലാളിവിപ്ലവം ഉണ്ടായാൽ അതു് അനിവാര്യമായും ഒരു ലോകയുദ്ധത്തിനു വഴിതെളിയിക്കും. ഒരു പുതിയ ഫ്രഞ്ച് വിപ്ലവം ദേശീയമായ അതൃത്തിയ്ക്കുള്ളിൽ ഒതുങ്ങി നിൽക്കാതെ പുറത്തുകടന്നു് യൂറോപ്യൻ രംഗത്ത് പ്രവേശിക്കുവാൻ നിർബ്ബന്ധിതമായിത്തീരും. എന്തുകൊണ്ടെന്നാൽ പത്തൊമ്പതാം നൂററാണ്ടിൽ ഒരു സാമൂഹ്യവിപ്ലവം പൂർത്തിയാക്കുവാൻ ഇതല്ലാതെ മറെറാരു മാർഗ്ഗമില്ല."

മാർക്സും എംഗൽസും പറഞ്ഞതു തികച്ചും ശരിയായിരുന്നു. അവർ അന്നുന്നയിച്ച പ്രസ്തുത നിഗമനം പത്തൊമ്പതാംനൂററാണ്ടിൽ നിലവിലുണ്ടായിരുന്ന പരിതസ്ഥിതികൾക്കു അനുഗുണമായതാണ്. എന്നാൽ സാമ്രാജ്യത്വത്തിന്റെ കീഴിൽ പരിതസ്ഥിതികൾ മാറി. മുതലാളിത്തത്തി

* K. Marx & F. Engels, Collected Works, Vol 7, pp. 31—32.

ൻെറ രാഷ്ട്രീയ സാമ്പത്തിക വികാസം അസമമായ രീതിയിലായിരിക്കുമെന്ന നിയമം സാമ്രാജ്യത്വത്തിൻെറ കാലഘട്ടത്തിലും പ്രവർത്തിച്ചുകൊണ്ടിരിക്കുമെന്നും അതിൻഫലമായി ഉടലെടുക്കുന്ന പുതിയ പരിതസ്ഥിതികളിൽ ഒന്നാമതായി ഏതെങ്കിലും ഒരു രാജ്യത്ത് മാത്രമായി സോഷ്യലിസം വിജയിക്കുവാൻ സാദ്ധ്യതയുണ്ടെന്നും ലെനിൻ സിദ്ധാന്തപരമായി തെളിയിച്ചു. മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവവും യു. എസ്. എസ്. ആരിൽ സോഷ്യലിസം നേടിയ വിജയവും ലെനിൻെറ നിഗമനം പ്രായോഗികമായിതന്നെ സാധൂകരിച്ചു.

സോവിയററ് യൂനിയൻ കമ്യൂനിസത്തിലേയ്ക്കു മുന്നേറുന്നതിനെ തടഞ്ഞുനിർത്തുവാൻ ഇന്നു സാമ്രാജ്യത്തിനു സാധിക്കുമോ? ഒരിക്കലും സാധിക്കുയില്ല, ഒററ രാജ്യത്തിൽ മാത്രമായി, അതായത് സോവിയററ് യൂനിയനിൽ, സോഷ്യലിസം കെട്ടിപ്പടുക്കുന്നതു തടയുന്നതിൽ സാമ്രാജ്യത്തിന്നുണ്ടായ നിസ്സഹായത തെളിഞ്ഞുകഴിഞ്ഞതാണ്. ഇന്നത്തെ പുതിയ പരിതസ്ഥിതികളിൽ കമ്യൂനിസം കെട്ടിപ്പടുക്കുന്നതു തടയുവാൻ അതിന്നുള്ള കഴിവില്ലായ്മ മുമ്പേത്തേതിലും അധികമാണ്. ഇന്നാണെങ്കിൽ നമ്മുടെ രാഷ്ട്രത്തിൻെറ കരുത്ത് നിസ്തുലമായ തോതിൽ വളന്നുകഴിഞ്ഞിരിയ്ക്കുന്നു; സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ ഒരു പ്രബലസമുദായം നിലവിൽ വന്നിട്ടുണ്ട്; രണ്ടു വ്യവസ്ഥകളുടെയും ശക്തികളുടെ ബലാബലം സോഷ്യലിസത്തിന്നനുകൂലായി സമൂലം മാറിക്കഴിഞ്ഞു; സാമൂഹ്യജീവിതത്തിൽനിന്നും ലോകമഹായുദ്ധത്തെ ഒഴിവാക്കുവാനുള്ള യഥാർത്ഥസാദ്ധ്യതകൾ ഉളവായിട്ടുമുണ്ട്.

അതുകൊണ്ടു് ബാഹ്യമായ ചുററുപാടുകൾ നോക്കിയാലും കമ്യൂനിസ്റ്റ്നിർമ്മാണം വിജയകരമായി പൂർത്തീകരിക്കുവാൻ സോവിയററ് യൂനിയന്നു സാദ്ധ്യമാണെന്നു തെളിയിക്കുന്നു,

യു. എസ്. എസ്. ആറിൽ കമ്യൂനിസ്റ്റ് നിർമ്മാണത്തിന്നായി അംഗീകരിക്കപ്പെട്ട പൊതുപരിപാടിയ്ക്കു് ലോകകമ്യൂനിസ്റ്റ്പ്രസ്ഥാനത്തിൻെറ പൊതുവെയുള്ള പിൻതുണ ലഭിച്ചുകഴിഞ്ഞിരിക്കുയാണു്. ലോകചരിത്രത്തിൽ ഭാസുരമായ ഒരു പുതിയ അദ്ധ്യായമായിട്ടാണ് പരിപാടി വിലയിരുത്തപ്പെട്ടതു്. ഈ പരിപാടി നടപ്പിലാക്കുന്നതിലൂടെ ലോകതൊഴിലാളിവർഗ്ഗത്തോടും മാനവരാശിയോടാകെയുമായി നമുക്കുള്ള സാർവ്വദേശീയ ബാദ്ധ്യത നാം നിറവേററിക്കൊണ്ടിരിക്കുകയാണ്. സഹോദരപാർട്ടികളിൽനിന്നും ലോകമെങ്ങുമുള്ള തൊഴിലാളിവർഗ്ഗത്തിൽനിന്നും പുരോഗമനവാദികളായ ജനങ്ങളിൽനിന്നും സോവിയററ് ജനതയ്ക്കു് തങ്ങളുടെ സർഗ്ഗാത്മകമായ സംരംഭങ്ങളിൽ സാർവ്വദേശീയ പിൻബലം നിരന്തരം ലഭിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

## മാനവരാശിയുടെ പുരോഗതിയ്ക്കുള്ള പ്രധാന പ്രതിബന്ധം സാമ്രാജ്യത്വം

സാമ്രാജ്യത്വം മൊത്തത്തിൽ ക്ഷയത്തിൻേറയും തകർച്ച യുടെയും കാലഘട്ടത്തിലേയ്ക്ക് പ്രവേശിച്ചു കഴിഞ്ഞിരി ക്കുന്നു. അതിൻെറ യൗവ്വനദശ മുമ്പേപ്പോഴേ കടന്നുപോ യി. അതിനുശേഷം മുതലാളിത്തം പുരോഗമനാത്മകമായ ഒരു സാമൂഹ്യവ്യവസ്ഥയെന്ന നിലയിൽനിന്നും ഒരു പിന്തി രിപ്പൻ വ്യവസ്ഥയായി മാറുകയാണ് ചെയ്തതു്. ഇന്നു മുത ലാളിത്തം മാനവരാശിയുടെ പുരോഗതിക്കുള്ള പ്രതി ബന്ധമായി തീർന്നിരിയ്ക്കുന്നു. ദിവസം ചെല്ലുംതോറും അതു കൂടുതൽ കൂടുതൽ പഴഞ്ചനായിത്തീരുകയാണ്. ബൂർഷ്വാ സമൂഹത്തിനു അടിമുതൽ മുടിവരെ ജീർണ്ണത ബാധിച്ചി രിക്കുകയാണ്.

സാമ്രാജ്യത്വത്തിൻെറ സ്തുതിപാഠകന്മാർ അങ്ങേയററം ജീർണ്ണിച്ചു കഴിഞ്ഞ ഈ വ്യവസ്ഥയെ പുനരുദ്ധരിക്കു വാൻ പാടുപെടുന്നുണ്ടു്. മുതലാളിത്തത്തിനു പലതരത്തി ലുള്ള പരിവർത്തനങ്ങളും വന്നിട്ടുണ്ടെന്നും ഒരു 'മിശ്രസമ്പ

ദ്‌വ്യവസ്ഥ' സ്വീകാര്യമാണെന്നും മററുമുള്ള ആശയങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് ഒരു വശത്ത് സാമ്രാജ്യത്വത്തിന്നെതിരായ സമരത്തിൽനിന്നും അദ്ധ്വാനിക്കുന്ന ജനതയെ അവർ വഴിതെററിച്ചുകൊണ്ടുപോകുവാൻ ശ്രമിക്കുന്നു. മറുവശത്ത് മുതലാളിത്തത്തിനു "യൗവ്വനം വീണ്ടുകിട്ടി"യിരിക്കുന്നുവെന്നും ഉൽപാദനം ദ്രുതഗതിയിൽ വദ്ധിപ്പിക്കുവാനുള്ള കഴിവു് മുതലാളിത്തത്തിനുണ്ടെന്നും മററുള്ള വ്യാമോഹങ്ങൾ പ്രചരിപ്പിക്കുവാനും അവർ പാട്ടപ്പെട്ടുന്നു. അത്തരം പ്രചരണങ്ങൾ നടത്തുന്നവർ യുദ്ധാനന്തര കാലഘട്ടത്തിൽ പശ്ചിമയൂറോപ്പിലും ജപ്പാനിലും കൈവന്ന ഉയന്ന തോതിലുള്ള സാമ്പത്തിക പുരോഗതി ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ പാട്ടപെട്ടുന്നുണ്ടു്. ഇന്നു മുതലാളിത്തവ്യവസ്ഥക്കു് നേരിട്ടുകൊണ്ടിരിക്കുന്ന അഗാധമായ കുഴപ്പം ഹേതുവായി ഉയന്നുവരുന്ന പ്രശ്നങ്ങളെ ജനങ്ങളുടെ ശ്രദ്ധയിൽ പെടാതിരിക്കുവാനായി ബൂർഷ്വാപ്രചാരകന്മാർ പ്രസ്തുതരാജ്യങ്ങളിലുണ്ടായ ഉൽപാദന വളർച്ചയുടെ തോതു പൊക്കിക്കാട്ടുകയും അതിൽ മാത്രമായി എല്ലാ കാര്യങ്ങളും ഒതുക്കിനിർത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നു. "ഏററവും നല്ല ചരക്കുകൾ പെറുക്കിയെടുത്തു ജാലകത്തിന്മേൽ നിരത്തിവെച്ചു്" പീടികക്കുകത്തുള്ള ചരക്കുകളെപററി തെററായ ധാരണകൾ മററുള്ളവർക്കുണ്ടാക്കുവാൻ ചില വ്യാപരികൾക്കു സാധിക്കാറുണ്ടു്. അതുപോലെ ചില രാജ്യങ്ങളിൽ ഉണ്ടായിട്ടുള്ള ഉൽപാദന വദ്ധനവു ചൂണ്ടിക്കാട്ടിക്കൊണ്ടു സാമ്രാജ്യത്വത്തിന്നു സ്ഥിരമായി വികസിക്കുവാൻ കഴിയുമെന്നു തെററിദ്ധരിപ്പിക്കുവാൻ ഈ പ്രചാരകന്മാരും ശ്രമിക്കുകയാണ്. മുതലാളിത്തവികാസത്തിന്റെ അടിയൊഴുക്കുകളെ പുറത്തുകൊണ്ടുവരുവാനും മുതലാളിത്തസമ്പ്രദായത്തി

നാകെ എത്രകണ്ട് ഉറപ്പുണ്ടെന്ന വിലയിരുത്തുവാനും മാർക്സിസ്റ്റ് ലെനിനിസ്റ്റ്കാർ ശ്രമിക്കുന്നുണ്ട്. ആ ശ്രമത്തിൽ നിന്നും അവരെ പിന്തിരിപ്പിക്കുവാൻ ഇത്തരം പ്രചരണങ്ങൾക്കൊന്നും സാദ്ധ്യമല്ലതന്നെ.

ബൂർഷ്വാശാസ്ത്രവും ബൂർഷ്വാപ്രചരണവും ചില പ്രത്യേകമാനദണ്ഡങ്ങൾ മററുള്ളവരെകൊണ്ട് അംഗീകരിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. ആ മാനദണ്ഡങ്ങൾ ഉപയോഗിച്ചുകൊണ്ട് ആധുനിക സാമ്രാജ്യത്വത്തിൻെറ ശാസ്ത്രീയമായ ഒരു ചിത്രം വരച്ചുകാണിക്കുവാൻ സാദ്ധ്യമല്ല. റിവിഷനിസ്റ്റുകളും മിതവാദികളും അവസരവാദികളും മുന്നോട്ടുവെച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉപയോഗപ്പെട്ടത്തിയാലും അത്തരം ഒരു ചിത്രം വരക്കാനാവില്ല. മാർക്സിസ്റ്റ് ലെനിനിസ്റ്റ്ശാസ്ത്രം നൽകുന്ന വിശകലനത്തെ അടിസ്ഥാനമാക്കികൊണ്ടുമാത്രമേ ആധുനിക സാമ്രാജ്യത്വത്തിൻെറ ശാസ്ത്രീയമായ ഒരു ചിത്രീകരണം നൽകുവാൻ സാധിക്കയുള്ളു. സി. പി. എസ്. യു. വിൻെറ പരിപാടിയിലും കമ്യൂനിസ്റ്റ് വർക്കേഴ്സ് പാർട്ടികളുടെ സാർവ്വദേശീയ സമ്മേളനങ്ങളിലും നൽകപ്പെട്ടതാണ് പ്രസ്തുത വിശകലനം.

ചരിത്രത്തിൻെറ അരങ്ങത്ത്നിന്നും തിരോധാനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു സാമൂഹ്യ വ്യവസ്ഥയാണ് മുതലാളിത്തം. ആധുനിക വ്യവസായം കെട്ടിപ്പട്ടുക്കുന്നതിലുണ്ടാവുന്ന വിജയങ്ങളും മാനവരാശിയിൽ വമ്പിച്ച വിഭാഗം ജനത അനുഭവിക്കേണ്ടിവരുന്ന ദാരിദ്ര്യവും ഒരേ അളവിൽ കണക്കിലെടുത്തുകൊണ്ടാണ് മുതലാളിത്ത ലോകത്തിലെ സ്ഥിതിഗതികളെ നിർണ്ണയിക്കേണ്ടതു്. കഴിഞ്ഞ നൂററാണ്ടിൽ ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടെ

രംഗത്തുണ്ടായ വിജയങ്ങൾ മുതലാളിത്ത ലോകത്തിലെ ജന ങ്ങളിൽ മൂന്നിലൊരോഹരി അധിവസിയ്ക്കുന്ന രാജ്യങ്ങൾക്കു മാത്രമേ ലഭ്യമായിട്ടുള്ളൂ. മുതലാളിത്തം ആധുനികമായ ഒരു സാങ്കേതികശാസ്ത്രം വളർത്തിയെടുത്തിട്ടുണ്ട്. എന്നാൽ അതേ യവസരത്തിൽ ഏഷ്യയിലേയും ആഫ്രിക്കയിലേയും ലേററി നമേരിക്കയിലേയും നാട്ടുകൾക്കു ആ സാങ്കേതിക ശാസ്ത്രത്തി ൻെറ അനുഗ്രഹങ്ങൾ നിഷേധിച്ചതും മുതലാളിത്തംതന്നെ യാണു്. ഇതിൻഫലമായി പ്രസ്തുത രാജ്യങ്ങളിലെ ജനത കളാകെ പട്ടിണിയിലും ദാരിദ്ര്യത്തിലുംപെട്ട് നട്ടംതിരിയുക യാണ്. എന്നുമാത്രമല്ല മുതലാളിത്തം ഉൽപാദനശക്തി കളെ വളർത്തിക്കൊണ്ടുവന്നിട്ടുള്ള നാട്ടുകളിൽപോലും മുത ലാളിത്തത്തിൽ അന്തർലീനമായികിടക്കുന്ന വിനാശാത്മക മായ പ്രവണത പ്ര്കടിമൊയിട്ടുണ്ട്. വമ്പിച്ച നാശങ്ങൾ ക്കിടനല്കിയ സൈനികമായ അത്യാഹിതങ്ങൾ, സാമ്പത്തി കക്കുഴപ്പംകൊണ്ടുണ്ടാകുന്ന ദുരന്തര ദുരിതങ്ങൾ, വമ്പിച്ച വിഭാഗം ജനങ്ങളെ ബാധിച്ചിട്ടുള്ള തൊഴിലില്ലായ്മ, രാ ഷ്ട്രീയവും സാമ്പത്തികവുമായ അസ്ഥിരത, ഉൽപാദനശ ക്തികളെ സംപൂർണ്ണമായി ഉപയോഗപ്പെടുത്തുവാനുള്ള കഴി വില്ലായ്മ, ഇന്നു നടന്നുകൊണ്ടിരിക്കുന്ന ശാസ്ത്രീയ-സാങ്കേ തിക വിപ്ലവത്തിനുള്ള സാദ്ധ്യതകളെ വളർത്തിക്കൊണ്ടുവ രാതിരിക്കൽ, ബഹുജനങ്ങളുടെ അദ്ധ്വാനഭാരം പരമാവധി വർദ്ധിപ്പിക്കൽ, അദ്ധ്വാനിയ്ക്കുന്ന ജനതകളുടെ ഭാവി അര ക്ഷിതയാക്കിത്തീർക്കൽ, ഭരണാധികാരത്തിലെത്തിയ തല്പ രകക്ഷികൾ അലസരായി ഇത്തിൾകണ്ണിജീവിതം നയിക്കുന്ന ഒരു സ്ഥിതി—ഇവയെല്ലാമാണ് വിനാശാത്മകമായ പ്ര സ്തുത പ്രവണതയുടെ ഫലങ്ങൾ.

ഈ കാരണംകൊണ്ടുതന്നെയാണ് സാമൂഹ്യ പുനരു

ത്ഥാനത്തിൻെറയും സാമൂഹ്യ പുരോഗതിയുടെയും ശക്തിക ളാൽ സാമ്രാജ്യത്വം അകത്തുനിന്നും പുറത്തുനിന്നും ആക്രമി ക്കപ്പെടുന്നത്. സാമ്രാജ്യത്വം ഇന്നു ജീണ്ണിച്ചു വീഴാറായ ഒരു ദുർഗ്ഗത്തിന്നു സദൃശമാണ്. ദിനംപ്രതി വർദ്ധിച്ചുകൊ ണ്ടേയിരിക്കുന്ന സാമ്പത്തികമായ അസ്ഥിരത, മുമ്പുണ്ടായി രുന്ന പ്രമുഖസ്ഥാനങ്ങൾ നിലനിത്തുന്നതിന്നും ശക്തിമത്താ ക്കിത്തീക്കവാനും നടത്തുന്ന പരിശ്രമങ്ങളിൽ ഭീമമായ പ രാജയങ്ങൾ വന്നുചേരുന്നത്, എല്ലാ പ്രധാന മുന്നണിക ളിലും നേരിടുന്ന ഭയങ്കരമായ തോൽവി സാവ്വദേശീയ നയ ത്തിലും സമരതന്ത്രത്തിലും നിലനില്ക്കുന്ന പാപ്പരത്തം—ഇവ യെല്ലാമാണ് സാമ്രാജ്യത്വത്തിൻെറ ഇന്നത്തെ സ്ഥിതിയെ നിണ്ണയിക്കുന്നതു്.

കമ്യൂണിസത്തെ "പിന്നോട്ടേയ്ക്കു തള്ളിമാററു"വാനുള്ള സാമ്രാജ്യത്വത്തിൻെറ പ്ലാൻ പൊളിഞ്ഞിരിയ്ക്കുന്നു. നിശ്ചി തമായ അതിത്തിയ്ക്കുള്ളിൽ 'സോഷ്യലിസത്തെ ഒതുക്കിനി ത്തുവാനുള്ള' പദ്ധതിയും പരാജയമടഞ്ഞിരിയ്ക്കുന്നു. സോ ഷ്യലിസ്റ്റ്‌ലോകം കൂടുതൽ പ്രദേശങ്ങളിലേയ്ക്കു വ്യാപി ച്ചുകൊണ്ടിരിയ്ക്കുകയാണ്. സോഷ്യലിസ്റ്റ് വിപ്ലവം പടി ഞ്ഞാറെ അദ്ധഗോളത്തിലെ സാമ്രാജ്യത്വമുന്നണിയെ ഭേ ദിച്ചുകഴിഞ്ഞിരിയ്ക്കുന്നു. ആഫ്രിക്കൻ വൻകരയിൽ സോ ഷ്യലിസം വേരൂന്നിവരുന്ന ഒരു പുതിയ ഘട്ടത്തെയാണ് ആൾജീരിയയിലെ ജനകീയവിപ്ലവം ഉൽഘാടനം ചെയ്തി ട്ടുള്ളത്. ലോക മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ പിടി യിൽനിന്നും ഒട്ടേറെ യുവദേശീയ രാഷ്ട്രങ്ങൾ വിമുക്തരായി ട്ടുണ്ടു്; അവ മുതലാളിത്തേതര വികസനത്തിൻെറയും സോ ഷ്യലിസ്റ്റ് വികസനത്തിൻെറയും പാത പിൻപററിക്കൊ ണ്ടിരിക്കുകയാണ്. സോഷ്യലിസ്റ്റ് ശക്തികൾക്കു സാമ്രാ

ജ്യത്വശക്തികളുടെ മേലുള്ള മുൻതൂക്കം പണ്ടെന്നത്തേതി നേക്കാളും സുവ്യക്തമായ ഒരു വസ്തുതയായിതീൎന്നിരിക്കുന്നു.

സാമ്രാജ്യത്വത്തിന്നു തങ്ങളുടെ കോളനിവലയം നില നിൎത്താൻ കഴിഞ്ഞിട്ടില്ല. കോളനി സാമ്രാജ്യങ്ങൾ പൊട്ടിത്തകൎന്നുകഴിഞ്ഞിരിക്കുന്നു. മുതലാളിത്തലോകത്തിൽ വ്യവസായികമായി വളൎന്ന രാഷ്ട്രങ്ങളും വികസിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രങ്ങളും തമ്മിൽ പുത്തൻകോളനിമേധാവിത്വത്തിന്നനുയോജ്യമായ ബന്ധങ്ങൾ സ്ഥാപിക്കുവാൻ സാമ്രാജ്യത്വം നടത്തിയ പരിശ്രമങ്ങളും പരാജയമടഞ്ഞുവരികയാണു്.

പുതു സ്വതന്ത്രനാട്ടുകളിൽ ഭൂരിപക്ഷവും സൈനിക ബ്ലോക്കുകളുടെ കെണിയിൽ കുടുങ്ങികിടക്കുവാൻ കൂട്ടാക്കിയിട്ടില്ല. അവ നിഷ്പക്ഷതാനയം അംഗീകരിച്ചിരിക്കുകയാണു്. സോഷ്യലിസ്റ്റ് നാട്ടുകൾക്കെതിരായി ഉപരോധവലയം സൃഷ്ടിക്കുവാനുള്ള സാമ്രാജ്യത്വനയത്തെ പിൻതാങ്ങുവാൻ വിമോചിതരാഷ്ട്രങ്ങൾ കൂട്ടാക്കുന്നില്ല. മാത്രമല്ല അവ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുമായി സഖ്യത്തിൽ ഏൎപ്പെട്ടിരിക്കുകയുമാണു്.

മേലിൽ സാമ്രാജ്യത്വത്തിന്നു ബലപ്രയോഗം മുഖേന സ്വന്തം നില സുരക്ഷിതമാക്കിനിൎത്തുവാൻ സാദ്ധ്യമല്ല. ഒരു വശത്ത് സോഷ്യലിസത്തിന്നു തങ്ങളേക്കാൾ ഒട്ടും കുറവല്ലാത്ത തോതിൽ ന്യൂക്ലിയർ ആയുധശക്തി കൈവന്നിരിക്കുന്നു. ദേശീയ വിമോചന പ്രസ്ഥാനത്തെ ആയുധസേനകളുടെ നരവേട്ടകൾ സംഘടിപ്പിച്ചു തകൎക്കുവാൻ സാധിക്കുന്നില്ല. അതേയവസരത്തിൽ സൈനിക ശക്തികളേയും പോലീസ് വിഭാഗത്തേയും ഉപയോഗപ്പെടുത്തികൊണ്ടോ അഥവാ

ഹിററ്ലർ മാതൃകയിൽതന്നെ ഫാസിസ്റ്റ് സർവ്വാധിപത്യ ങ്ങൾ സ്ഥാപിച്ചിട്ടോ തൊഴിലാളി പ്രസ്ഥാനത്തെ മർദ്ദി ച്ചൊതുക്കുവാൻ സാദ്ധ്യമാവുന്നുമില്ല.

സാമ്രാജ്യത്വത്തിന്നു സാമ്പത്തികമായ സുസ്ഥിരത കൈവരുത്തുവാൻ ഇതുവരെ സാധിച്ചിട്ടില്ല; മേലിൽ സാ ധിക്കയുമില്ല. സാമൂഹ്യമായ മൂലധനം പുനരുല്പാദിപ്പി ക്കുന്ന ഏർപ്പാടുകളാകെ ദിനംപ്രതി കൂടുതൽ കൂടുതൽ വിഘ ടിതമായിത്തീരുകയാണ്. ആധുനിക ശാസ്ത്രീയ സാങ്കേതി ക വിപ്ലവത്തിൻെറയടിസ്ഥാനത്തിൽ തൊഴിലാളികളുടെ ഉല്പാദനക്ഷമതയിലുണ്ടായ വളർച്ച, സ്ഥിരമൂലധനത്തിൽ നിന്നും ലഭിക്കുന്ന പ്രതിഫലത്തിലുണ്ടായ വർദ്ധനവ്, മൂല ധനവും ഉൽപാദനവും തമ്മിലുള്ള അനുപാതത്തിൽ വന്ന കുറവ്—ഇവയെല്ലാം മുതലാളിത്തത്തിലുള്ള അപരിഹാര്യ മായ വൈരുദ്ധ്യത്തെ അങ്ങേയററം മൂർച്ഛിപ്പിച്ചിരിക്കുന്നു. പരമ്പരാഗതമായി അനുവർത്തിച്ചുവന്നിട്ടുള്ള മാർഗ്ഗങ്ങളിൽ കൂടി കുത്തകമൂലധനത്തിന്നു കമ്പോളങ്ങളുടെ പ്രശ്നം പരിഹ രിക്കുവാൻ സാധിച്ചിട്ടില്ല. കമ്പോളപ്രശ്നം മൂർച്ഛിക്കുന്നതു് മുതലാളിത്ത സമ്പദ്‌വ്യവസ്ഥയ്ക്കാകെയുള്ള അസ്ഥിരതയെ ഒററയടിക്കുതന്നെ എത്രയോ ഇരട്ടി വർദ്ധിപ്പിച്ചിരിക്കുന്നു.

സാമ്രാജ്യത്വത്തിൻെറ രാഷ്ട്രീയമായ സ്ഥിരതയെ തകി ടംമറിക്കുന്ന ശക്തികളെ പരാജയപ്പെടുത്തുന്നതിലും 'വർഗ്ഗ സമാധാനത്തിന്നുറപ്പുവരുത്തുന്നതിലും സാമ്രാജ്യത്വം വിജ യിച്ചിട്ടില്ല. ബഹുജനങ്ങളുടെ സമരങ്ങൾ അഭൂതപൂർവ്വമാം വണ്ണം വളൎന്നുവന്നിട്ടുണ്ടു്. ബൂർഷ്വാ സമുദായത്തിൽ ത ങ്ങൾക്കു നൽകപ്പെട്ടിട്ടുള്ള സ്ഥാനത്തിൽ തൃപ്തിപ്പെട്ടു കഴിയു വാൻ മുതലാളിത്തനാടുകളിലെ തൊഴിലാളിവർഗ്ഗം കൂട്ടാ

ക്കുന്നില്ല. അവർ നടത്തുന്ന രാഷ്ട്രീയ സാമ്പത്തിക സമരങ്ങൾ മുമ്പെങ്ങുമില്ലാത്ത കോളനിനുകം വലിച്ചെറിഞ്ഞ രാഷ്ട്രങ്ങളിലെ യുവതൊഴിലാളവർഗ്ഗം രാഷ്ട്രീയരംഗത്ത് പ്രവേശിച്ചിരിക്കുന്നു; സ്വന്തം അവകാശങ്ങൾക്കുവേണ്ടി അവർ സമരം നടത്തിക്കൊണ്ടിരിക്കുന്നു. കർഷകവർഗ്ഗം ഒരു സജീവ രാഷ്ട്രീയ ശക്തിയായി ഉയർന്നു ഒരു വിപുലമായ മുന്നണിയിൽ അണിനിരന്നുകൊണ്ടിരിക്കുകയാണ്. തൊഴിലാളിവർഗ്ഗത്തിൻെറ ഈ പ്രബലമായ സമരസഖാവ് സാമ്രാജ്യത്വത്തിന്നെതിരായി കൂട്ടതൽ കൂട്ടതൽ സംഘടിതമായി സമരം ചെയ്തുകൊണ്ടിരിക്കുകയാണ്. ബുദ്ധിജീവികളുടെ വിഭാഗങ്ങൾ മുമ്പെന്നത്തേതിലുമധികം വിപുലമായ തോതിൽ സാമ്രാജ്യത്വത്തിൻെറ പാദസേവചെയ്യുന്നതിന്നെതിരായി അണിനിരന്നുതുടങ്ങിയിരിക്കുന്നു; അവർ മർദ്ദനങ്ങൾക്കെതിരായ സമരത്തിൽ ബഹുജനങ്ങളോടൊപ്പം അണിനിരക്കുകയാണ്.

ആഭ്യന്തരമായ ഈ അടിയൊഴുക്കുകളിൽനിന്നും നമ്മുടെ ശ്രദ്ധ തിരിച്ചുവിടുവാനായി ബൂർഷ്വാപാദസേവകരും സാമൂഹ്യപരിവർത്തനത്തെപററി വീമ്പിളക്കി കഴിയുന്നവരും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്: മുതലാളിത്തം 'പുരോഗതി'യുടെ ഒരു സവിശേഷപതനത്തിലേക്ക് പ്രവേശിച്ചിരിക്കുന്നുവെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ അവർ പിടിവാശിയോടെ പാടുപെടുന്നു. അതിന്നും പുറമെ "സാമ്പത്തികമായ ജാലവിദ്യ" എന്ന ഒരു പുതിയ പദം തന്നെ അവർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ 'ജാലവിദ്യയെ' പററി വാചാലമായി വാചകമടി നടത്തിക്കൊണ്ടിരിക്കുമ്പോൾതന്നെ ചില വ്യവസായിക രാഷ്ട്രങ്ങളിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക വളർച്ചയുടെതോതിന്നു ഗതിവേഗം കൂടാ

KOTTAYAM PUBLIC LIBRARY KOTTAYAM.

ന്നുള്ള കാരണങ്ങളെന്താണെന്നും വിശദീകരിക്കുവാൻ ബൂർഷ്വാ ശാസ്ത്രത്തിന്നു കഴിയുന്നില്ലെന്നതു് ചരിത്രത്തിൻെറ ഒരു വൈപരീത്യം തന്നെയാണ്.

മുതലാളിത്തവ്യവസ്ഥയ്ക്കകത്ത് നടന്നുകൊണ്ടിരിയ്ക്കുന്ന പ്രക്രിയയെ ശാസ്ത്രീയമായി വിശകലനം ചെയ്യുവാനുള്ള ബാദ്ധ്യത മാർക്സിസ്റ്റ്—ലെനിനിസ്റ്റുകാർക്കുണ്ട്.

സാമ്പത്തിക പരിവൃത്തി[1] യുടെ മുന്നേററഘട്ടത്തിലൂടെയാണ് ഇന്നു മുതലാളിത്തം കടന്നുപോകുന്നതെന്നു തീർച്ചയാണ്. അതിന്നുപുറമെ മുതലാളിത്തലോകത്തിലെ വ്യാവസായികോൽപാദനത്തിൻെറ വളർച്ചയ്ക്കു് ഒരുതരത്തിൽ ഗതിവേഗം കൈവന്നിട്ടുണ്ട്. യുദ്ധത്തിന്നു മുൻപുണ്ടായിരുന്നതിലും മൂന്നിരട്ടിയാണ് ഇന്നത്തെ ഉൽപാദനം. യുണൈററഡ് സ്റ്റേററസ്, കനഡ, ബ്രിട്ടൻ എന്നീ നാട്ടുകളിൽ യുദ്ധാനന്തര കാലഘട്ടത്തിൽ മന്ദമായ തോതിലാണ് ഈ വളർച്ച ഉണ്ടാവുന്നതെങ്കിൽ മററു ചില രാജ്യങ്ങളിൽ—ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്ക്, ജപ്പാൻ, ഇററലി, ഫ്രാൻസ് എന്നീ നാട്ടുകളിൽ—താരതമ്യേന നീണ്ടുനിൽക്കുന്ന ഒരു കാലയളവിൽ ഉൽപാദനത്തിൽ തികച്ചും ഗണനീയമായ തോതിലുള്ള വികാസമുണ്ടായിട്ടുണ്ട്.

പൊതുവെ പറഞ്ഞാൽ മുതലാളിത്തരാജ്യങ്ങളിൽ ഉൽപാദനവർദ്ധനവുണ്ടാവുന്നതു മാർക്സിസ്റ്റുകാരെ സംബന്ധിച്ചേടത്തോളം അപ്രതീക്ഷിതമായ കാര്യമല്ല. സാമൂഹ്യോല്പന്നങ്ങളുടെ പുനരുൽപാദനവും സാക്ഷാൽകരണവും[2] സം

1. Economic cycle
2. Theory of reproduction and realisation

ബന്ധിച്ചുള്ള മാർക്സിസ്റ്റ്-ലെനിസ്റ്റ് സിദ്ധാന്തം ഈ പ്രതി ഭാസത്തിന്നു ശരിയായ വിശദീകരണം നൽകുന്നുണ്ട്.

പ്രാകൃതസമ്പദ്‌വ്യവസ്ഥയുടെ തകർച്ചയും മുതലാളിത്തബന്ധങ്ങളുടെ വളർച്ചയും കമ്പോളത്തെ ഗണ്യമായ തോതിൽ വിപുലപ്പെടുത്തിയിരിക്കുന്നുവെന്ന വസ്തുത ഇത്തരുണത്തിൽ സ്മരിക്കാവുന്നതാണ്. മാർക്കററിന്റെ വികാസത്തിന്നുള്ള സാദ്ധ്യതകൾ ഇതുമായി മാത്രം ബന്ധപ്പെട്ട കാര്യമായി മാർക്സിസ്റ്റുകാർ കണക്കാക്കിയിട്ടില്ല. അതിന്നും പുറമെ മറ്റൊരു സംഗതിയുണ്ട്. കോളനിവലയത്തെ അന്തിമമായി മുതലാളിത്ത ബന്ധങ്ങളുടെ സഞ്ചാരപഥത്തിലേക്കു പ്രവേശിപ്പിച്ചുകഴിഞ്ഞാൽ മൂലധനരൂപീകരണം നിലക്കുമെന്നും വളർച്ച മുട്ടിനിൽക്കുന്ന ഒരു സ്ഥിതി സംജാതമാവുകയും മുതലാളിത്തം തനിയെ തകരുകയും ചെയ്യുമെന്നും വാദിച്ചവരുണ്ടായിരുന്നു. മാർക്സിസ്റ്റുകാർ ആ വാദഗതിയെ രൂക്ഷമായി എതിർത്തതും ശരിയാണ്. 'ശുദ്ധമായ' മുതലാളിത്തത്തിൻ കീഴിൽപോലും മുതലാളിത്ത രീതിയിലുള്ള പുനരുൽപാദനം കൂടുതൽ വികസിതമായിത്തീരാനുള്ള സാദ്ധ്യതയുണ്ടെന്നു മാർക്സ് സമർത്ഥിച്ചിരുന്നു. തൊഴിൽ വിഭജനം പുരോഗമിക്കുക, ഉൽപാദനത്തിൽ സ്പെഷലൈസേഷനും[1] സഹകരണവും വികസിപ്പിക്കുക, സാമൂഹ്യജീവിതത്തിൽ സാങ്കേതികവും ഘടനാപരവുമായ മാററങ്ങളും സാമൂഹ്യ സാമ്പത്തിക പരിവർത്തനങ്ങളും സമഗ്രമായ രീതിയിൽ ഉണ്ടാവുക എന്നിവയോടെല്ലാം നേരിട്ടു ബന്ധപ്പെട്ട തരത്തിലാണ് മുതലാളിത്ത മാർക്കററ്‌വികസനം പ്രാപിക്കുന്നതു്.

---

1. Specialisation

സാമ്രാജ്യത്വ കാലഘട്ടം ഉദയം ചെയ്തതോടെ മുതലാളിത്തം മൊത്തത്തിൽ മുൻപേത്തേതിലും എത്രയോ അധികം വേഗത്തിൽ വളൎന്നുവെന്നു ലെനിൻ പറയുകയുണ്ടായി. സാമ്രാജ്യത്വരാഷ്ട്രങ്ങൾ വിപുലമായ തോതിൽ കോളനികളുടെ ആധിപത്യം നേടി വികസിക്കുകയും തദ്വാരാ പ്രാകൃതസമ്പദ്‌വ്യവസ്ഥ തകരുവാനും മാർക്കററ് വികസിക്കുവാനും ഇടയാവുകയും ചെയ്തു. അതുമാത്രമായിരുന്നില്ല ലെനിന്റെ ദൃഷ്ടിയിൽപെട്ട വസ്തുത.

അതിനുപുറമെ പത്തൊമ്പതാം നൂററാണ്ടിന്റെ രണ്ടാം പകുതിയിൽ സാങ്കേതികമായും ഘടനാപരമായും വന്നുചേൎന്നിട്ടുള്ള അഗാധമായ പരിവൎത്തനങ്ങളും അദ്ദേഹം ഗ്രഹിച്ചിരുന്നു. പത്തൊമ്പതാം നൂററാണ്ടിന്റെ ഒടുവിലത്തെ മൂന്നുദശകങ്ങളെടുത്താൽ ആ ഘട്ടത്തിൽ ഘടനാപരമായും സാങ്കേതികമായും വന്നിരുന്ന പരിവൎത്തനങ്ങൾ ജർമ്മനി, യുണൈറഡ്സ്റ്റേയിററ്സ്, റഷ്യ എന്നീ നാടുകളിൽ ഉൽപാദനവൎദ്ധനവിന്നു ഗതിവേഗം കൂട്ടുകയും അധികോൽപാദനം കൊണ്ടുണ്ടാവുന്ന കുഴപ്പങ്ങളുടെ വൈപുല്യം ഒരളവോളം കുറക്കുകയും ചെയ്തിരുന്നുവെന്നു നമുക്കു കാണാം. അതേയവസരത്തിൽ അന്നത്തെ പ്രമുഖ മുതലാളിത്ത കോയ്മയായ ബ്രിട്ടൻ, എംഗൽസ് ചൂണ്ടിക്കാണിച്ചതുപോലെ ഉൽപാദനവൎദ്ധനവിലുണ്ടായ മാന്ദ്യവും സാമ്പത്തികമായ വളർച്ചമുട്ടലും അനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു, ഇതിൽനിന്നു റഷ്യൻ സാമ്പത്തിക വിദഗ്ദ്ധനായ തുഗാൻബറനോസ്സ്കി[1] ചില കപടന്യായങ്ങൾ ഉന്നയിച്ചുകൊണ്ടു തികച്ചും തെററായ ഒരു നിഗമനത്തിലെത്തി. സാമ്പത്തിക കുഴപ്പങ്ങളുടെ രൂക്ഷത കുറയുവാനും കുഴപ്പങ്ങൾ തന്നെ ഇ

1. Tugan—Baranovsky

ല്ലാതാക്കുവാനും ഇടയുള്ള ഒരു കാലഘട്ടം സമാഗതമായെക്കു മെന്നതായിരുന്നു അദ്ദേഹത്തിൻെറ നിഗമനം. അക്കാലത്തു തന്നെയാണ് റിഫോമിസ്റ്റുകാർ 'സംഘടിതമായ മുതലാളിത്ത'ത്തെ പററി പ്രചരണം ആരംഭിച്ചതു്.

ഇവരുടെ വാദങ്ങൾക്കെല്ലാം എതിരായ നിഗമനങ്ങളായിരുന്നു ലെനിൻ ആവിഷ്കരിച്ചതു്. ഉൽപാദനവർദ്ധനവിന്നു ഗതിവേഗം കൂടികൊണ്ടിരുന്ന അന്നത്തെ സാങ്കേതികമായ കോളിളക്കങ്ങളാവട്ടെ മുതലാളിത്തം കുത്തകരൂപത്തിൽ വളൎന്നുവന്നതാവട്ടെ സാമ്പത്തികക്കുഴപ്പങ്ങളെ ഇല്ലാതാക്കുകയില്ലെന്നു ലെനിൻ സമർത്ഥിച്ചു. നേരെമറിച്ച് ഇവയെല്ലാം മുതലാളിത്തത്തിൻെറ വൈരുദ്ധ്യങ്ങളെ മൂർച്ഛിപ്പിക്കുകയാണ് ചെയ്യുകയെന്നും ലെനിൻ തെളിയിച്ചു.

സാങ്കേതിക വിദ്യയില്ലും ഉൽപാദനത്തില്ലും അന്നുവരുത്തിയ മാററങ്ങളും യുദ്ധാനന്തരകാലഘട്ടത്തില്ലുണ്ടായ ഇന്നത്തെ മാററങ്ങളും തമ്മിൽ ചില സാദൃശ്യങ്ങൾ കണ്ടെത്താൻ സാധിച്ചെന്നു വരും. ഇന്നാണെങ്കിൽ ശാസ്ത്രീയ-സാങ്കേതിക വിപ്ലവത്തിൻെറയും ഘടനാപരമായ മാററങ്ങളുടെയും ഫലമായി മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിൽ വമ്പിച്ച പരിവൎത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഭൗതികോൽപാദന രംഗത്തെ പ്രധാന മേഖലകളായ വ്യവസായം, കൃഷി, ഗതാഗതസൗകര്യം എന്നിവയുടെ ശാഖാഘടനയെ സാങ്കേതികവിപ്ലവം സാരമായി ബാധിച്ചിട്ടുണ്ടു്; ഇനിയും തുടർച്ചയായി ബാധിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഉൽപാദനേതരമായ മേഖലയുടെ സ്ഥിതിയും അതു തന്നെയാണ്, ഇതു പലതരത്തില്ലും മുതലാളിത്ത മാർക്കററിൻെറ വികാസത്തിന്നു സഹായകമായിട്ടുണ്ടു്. മുതലാളിത്ത

പരമായ പുനരുൽപാദനം വികസിപ്പിക്കുന്നതിന്നു ശാസ്ത്രീയ സങ്കേതികവിപ്ലവം നൽകിയ പ്രചോദനത്തിൻെറ സ്വാധീനം ഇനിയും അസ്തമിക്കാറായിട്ടില്ല.

കമ്പോളത്തെ വികസിപ്പിക്കുകയും ഉൽപാദന വളർച്ചയുടെ ഗതിവേഗം കുറഞ്ഞതോതിൽ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുള്ള ഈ മാററങ്ങൾ ഏതെല്ലാം വിധത്തിലാണ് സമ്പൂർത്തമാംവണ്ണം പ്രകടിതമായതു?

ഒന്നാമതായി സാമ്പത്തിക രംഗത്ത് ഘടനാപരമായ മാററങ്ങൾ നടന്നു. ഉദാഹരണത്തിന്നു, പുരോഗമനോന്മുഖമായ പുത്തൻ ഉൽപാദനശാഖകൾ, തികച്ചും നവീനമായ സാങ്കേതികവിദ്യ, അസംസ്കൃതവസ്തുക്കൾ ഉൽപാദിപ്പിക്കുന്ന പുതിയ വ്യവസായങ്ങൾ, പുത്തനായ ഉൽപന്നങ്ങൾ, വിദ്യുച്ഛക്തിക്കുള്ള പുതിയ ഉറവിടങ്ങൾ മുതലായവ. ഈ മാററങ്ങൾ സാർവ്വദേശീയമായി നിലനിന്നിരുന്ന തൊഴിൽവിഭജനത്തിൽ ഗൗരവമേറിയ പരിവർത്തനങ്ങൾ വരുത്തുകയുണ്ടായി. ഉൽപാദനത്തിൽ സ്പെഷ്യലൈസേഷനും സഹകരണവും വളർന്നു വന്നിരിക്കുന്നു. സ്ഥിരമൂലധനത്തിന്നുള്ള ആവശ്യം വമ്പിച്ചതോതിൽ വർദ്ധിച്ചിട്ടുണ്ട്. പശ്ചിമയൂറോപ്പിലും ജപ്പാനിലും ഈ മാററങ്ങളുടെ ഫലമായി ഉൽപാദന വളർച്ചക്കു ഗതിവേഗം കൈവന്നിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ ആ രാജ്യങ്ങളിൽ ഒട്ടേറെ പുതിയ വ്യവസായങ്ങൾ തികച്ചും പുത്തനായ സാങ്കേതികാടിസ്ഥാനത്തിൽ നിർമ്മിക്കേണ്ടതു് അത്യാവശ്യമായിത്തീർന്നു.

അതിന്നുംപുറമെ ആധുനിക ശാസ്ത്രവും സാങ്കേതികവിദ്യയും കൃഷിയെ യന്ത്രാടിസ്ഥാനത്തിലുള്ള ഉപൽപാദനമേ

ഖലയിലേയ്ക്കു മാറുക അട്ടപ്പമുള്ളതാക്കിതീർത്തിരിയ്ക്കുന്നു. അതിൻഫലമായി വ്യവസായത്തിനുള്ള മാക്കററ് വിപുലപ്പെട്ടുവെന്നു മാത്രമല്ല—യന്ത്രീകൃതമായ രീതിയിൽ കൃഷി നടത്തുന്ന രാജ്യങ്ങൾക്കു തങ്ങളുടെ സ്വന്തം ഭക്ഷ്യാവശ്യം നിറവേററുന്നതിന്നു പുറമെ കാർഷിക ചരക്കുകൾ വമ്പിച്ചതോതിൽ കയററി അയക്കുന്നതിന്നുള്ള കഴിവുണ്ടാവുകയും ചെയ്തിരിക്കുന്നു.

ഉൽപാദനത്തിൽ വന്ന മാററങ്ങൾ ഉപഭോഗത്തിന്റെ മാതൃകയിലും ചില മാററങ്ങൾ വരുത്തിയിട്ടുണ്ട്. യുനൈറെഡ് സ്റ്റെയിററ്സിനെ അനുകരിച്ചുകൊണ്ട് പശ്ചിമയൂറോപ്പിലും ജപ്പാനിലും പുത്തൻ വ്യവസായങ്ങളിൽനിന്നും പുറത്തുവരുന്ന ചരക്കുകൾ വിപുലമായതോതിൽ വാങ്ങി ഉപയോഗിക്കുന്ന ഒരു മാക്കററ് പുതുതായി ഉദയംചെയ്തിട്ടുണ്ട്; അതു വളന്നുവന്നുകൊണ്ടിരിക്കുകയുമാണ്.

തൊഴിലാളികളുടെ ഉൽപാദനക്ഷമതയിൽ ഗണ്യമായ വളർച്ചയുണ്ടായതിൻഫലമായി ഉൽപാദനേതര മേഖലയെ വിപുലീകരിക്കുവാൻ സമൂഹത്തിനു സാദ്ധ്യമായിട്ടുണ്ട്. അതിൻഫലമായി ഉപഭോഗത്തിൻേറയും ഉൽപാദനത്തിൻേറയും അതൃത്തികൾ കൂടുതൽ വിപുലീകൃതമാക്കുവാൻ സാധിച്ചിരിക്കുന്നു. 1948-നും, 1963-നുമിടയിൽ ഭൗതികോൽപാദനത്തിൻെറ ശാഖകളിൽ (കൃഷിയൊഴിച്ച്) ജോലി ചെയ്യുന്നവരുടെ എണ്ണം യുനൈറെഡ് സ്റ്റേററ്സിൽ 1,683,000 കണ്ടു വദ്ധിച്ചു. അതേകാലയളവിൽ വ്യാപാരം, ധനകാര്യം, സിവിൽഭരണം എന്നിവയിലെ ജീവനക്കാരുടെ എണ്ണത്തിലുള്ള വദ്ധനവ് 10,609,000 ആയിരുന്നു.

വത്തമാന മുതലാളിത്തവ്യവസ്ഥയിലുണ്ടാവുന്ന ഘടനാപരമായ മാററങ്ങളെ മാർക്സിസ്റ്റ്കാരായ നാം ശ്രദ്ധാപൂവ്വം പരിശോധിക്കേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ ഇതു സാങ്കേതികമോ സാമ്പത്തികമോ ആയ ഒരു പ്രശ്നംമാത്രമല്ല; ഗൗരവമേറിയ ഒരു രാഷ്ട്രീയപ്രശ്നംകൂടിയാണ്. ഈ പ്രശ്നത്തിൻെറ പരിഹാരമാണ് വിപ്ലവപരമായ വർഗ്ഗസമരം വളത്തിക്കൊണ്ടുവരാനുള്ള ചുററുപാടുകളെ സാമാന്യമായി നിർണ്ണയിക്കുന്നതു്. മുതലാളിത്തോൽപാദനത്തിൻെറ ശാഖാഘടനകളിൽ വരുന്ന മാററങ്ങൾ, പുതിയ ശാഖകൾ ഉദയംചെയ്യുകയും പഴയവ അധഃപതിക്കുകയും ചെയ്യുന്നതു് അനിവാര്യമായും ബൂർഷ്വാസമുദായത്തിലെ സാമൂഹ്യഘടനയിൽത്തന്നെ മാററംവരുത്തുന്നു. വർഗ്ഗശക്തികളുടെയും രാഷ്ട്രീയശക്തികളുടേയും അണികളിൽ മാററമുണ്ടാക്കി അതു പുതിയ അണിചേരലിന്നു വഴിതുറക്കുന്നു.

മുതലാളിത്തത്തിൻെറ സാമ്പത്തിക ഘടനയിൽ വന്ന മാററങ്ങൾ, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ശാസ്ത്രീയ സാങ്കേതിക വിപ്ലവം, സ്ഥിരമൂലധനത്തെ വിപുലമായ തോതിൽ പുതുക്കുകയും വികസിപ്പിക്കുകയും ചെയ്യുതു് ഈ ഘടകങ്ങളിൽ ഏതെങ്കിലും ഒന്നിനുമാത്രമായി മുതലാളിത്തോൽപാദനത്തിൽ അടുത്തകാലത്തായി നാം കണ്ടുവരുന്നതരത്തിലുള്ള വദ്ധനവു കൈവരുത്തുവാൻ സാധിക്കുകയില്ല. ഈ വസ്തുത നാം ശ്രദ്ധാപൂവ്വം ഗ്രഹിക്കേണ്ടതാണു്. എന്നാൽ ഈ ഘടകങ്ങളെല്ലാം ഒന്നിച്ചുചേന്നപ്പോൾ അവയുടെ ആകത്തുക മുതലാളിത്ത സമ്പദ്‌വ്യവസ്ഥയെ വികസിപ്പിയ്ക്കുന്നതിന്നനുകൂലമായ ഒരു ശക്തിയായി മാറുകയാണുണ്ടായതു്.

സ്റ്റേററ് കുത്തക നിയന്ത്രണത്തെ കൂടുതൽ വികസിപ്പിക്കുകയും, ആസൂത്രിതമായ വികസനത്തിൻെറ പതനത്തിലേ

ക്ക് അതു പരിവത്തനംചെയ്യപ്പെടുകയും ചെയ്തിരുന്നില്ലെങ്കിൽ ഒട്ടേറെ സാമ്രാജ്യത്വരാജ്യങ്ങളിൽ ഉൽപാദനവളർച്ചയ്ക്കു പ്രചോദനംനൽകിയ ഘടകങ്ങൾക്ക് ഇന്നുള്ളത്ര പങ്ക്‌വഹിക്കുവാൻ സാധിക്കുമായിരുന്നില്ല. കലവറകൂടാതെ തുറന്നു പറയാവുന്ന ഒരു പരമാത്ഥമാണിതു്.

എന്നാൽ സ്റ്റേററ് കുത്തകമുതലാളിത്തം കേന്ദ്രീകൃതമായ രൂപത്തിൽ മുതലാളിത്തത്തിൻെറ ശക്തി പ്രകടിതമാക്കുന്നുവെന്നുമാത്രം കണ്ടാൽപോര. ആധുനിക മുതലാളിത്തത്തിൻെറ ദൗർബല്യവും ദുർവൃത്തികളും കേന്ദ്രീകൃതമായ രൂപത്തിൽ അതു പുറത്തു കൊണ്ടുവരുന്നുണ്ടു്.

സാമ്രാജ്യത്വമാണെങ്കിൽ സ്റ്റേററ് കുത്തകമുതലാളിത്തത്തെ ഉപയോഗപ്പെടുത്തി സ്വന്തം നിലപാടു ഭദ്രമാക്കുവാനും അധഃപതനത്തിൽനിന്നും രക്ഷനേടുവാനും പാടുപെടുകയാണു്. സ്വകാര്യക്കുത്തകക്കാരുടെ സാമ്പത്തിക പ്രവത്തനങ്ങളും അതിന്നവരുണ്ടാക്കിയ സംവിധാനങ്ങളും പാപ്പരായവയാണെന്നു 1930-ലെ സാമ്പത്തികത്തകർച്ച തെളിയിച്ചുതന്നു. അതുകൊണ്ടാണ് വ്യത്യസ്തമായ സാമ്പത്തിക പ്രവത്തനങ്ങളിലേയ്ക്കു മാറുന്നതു് ആവശ്യമാണെന്നു മുതലാളിത്തത്തിന്നു തോന്നിയതു്. സിദ്ധാന്തപരമായി ഈ മാററത്തിന്നു സമത്ഥനംനൽകിയതു് കീൻസ് പ്രഭു[1]വാണു്. അന്നുവരെ അധികൃതമായി കരുതപ്പെട്ടിരുന്ന ബൂർഷ്വാ സാമ്പത്തിക ഗ്രന്ഥങ്ങളിലെ നിഗമനങ്ങൾ അദ്ദേഹം ദൂരത്തെറിഞ്ഞു: സമൂഹത്തിൻെറ സാമ്പത്തിക ജീവിതത്തിൽ ഭരണകൂടം (സ്റ്റേററ്) ഇടപെടുന്നതിനെ എതൃക്കുന്നവയായിരുന്ന

1. Lord Keynes—സുപ്രസിദ്ധനായ ഒരു ബൂർഷ്വാ സാമ്പത്തിക ശാസ്ത്രജ്ഞൻ.

I-A-137



പ്രസ്തുത നിഗമനങ്ങൾ. സ്റ്റേററ് സാമ്പത്തിക ജീവിതത്തിൽ ഇടപെടേണ്ടതു് ആവശ്യമാണെന്ന കീൻസിന്റെ നിഗമനങ്ങളുമായി ബന്ധപ്പെടാതെതന്നെ പ്രസിഡൻറ് റൂസ്‌വെൻട് തന്റെ ന്യൂ ഡീൽ[2] മുഖേന സമത്ഥിയ്ക്കുകയുണ്ടായി.

ഭരണകൂടം സാമ്പത്തിക ജീവിതത്തിൽ ഇടപെടരുതെന്ന സിദ്ധാന്തത്തിൽ പിടിച്ചുതൂങ്ങരുതെന്നും സാമ്പത്തിക വികസനം സ്വയം പ്രേരിതമായി നടക്കേണ്ടുന്ന ഒരു പ്രക്രിയയാണെന്ന നിയമത്തെ വിശ്വസിച്ചിരിക്കുക സാദ്ധ്യമല്ലെന്നും കുത്തക മുതലാളിമാർക്കു ബോദ്ധ്യംവരാൻതുടങ്ങി. എന്തുകൊണ്ടെന്നാൽ പഴയ രീതികൾ അവലംബിയ്ക്കുന്നതുവഴി ഭരണാധികാരവർഗ്ഗമെന്ന പദവി സ്വന്തമാക്കി നിലനിൎത്തുവാൻ സാധിക്കുകയില്ലെന്നു് അവർക്കു മനസ്സിലായി. ബൂർഷ്വാസിയുടെ സ്തുതിപാഠകന്മാരും ജനസ്വാധീനമുള്ള പല രാഷ്ട്രീയപാർട്ടികളും അടുത്തകാലംവരെ ഭരണകൂടം സാമ്പത്തിക ജീവിതത്തിൽ ഇടപെടുന്നതിനെ ശക്തിയായി എതിൎത്തവരാണ്. എന്നാൽ ഇന്നത്തെ നിലയെന്താണ്? ഇന്നു സ്വകാര്യ മൂലധനംമാത്രം മതിയെന്നും സ്വയം പ്രേരിതമായ വികസനനിയമത്തെ അവലംബിച്ചാൻ മതിയെന്നും വാദിയ്ക്കുന്നവർ വ്യക്തമായും ഒരു ന്യൂനപക്ഷംമാത്രമായിതീൎന്നിരിക്കുന്നു. ഈ രണ്ടു വാദഗതികളും തമ്മിലുള്ള സമരം തുടർച്ചയായി നടന്നുകൊണ്ടിരിക്കുകയാണെന്നിരിക്കിലും സാമ്രാജ്യത്വ ബൂർഷ്വാസികളംഗീകരിച്ചിട്ടുള്ള പ്രമുഖ പ്രവണതയ്ക്കാണു് ആധിപത്യം ലഭിച്ചിരിക്കുന്നതു്. ആ പ്രവണതയനുസരിച്ച് സ്റ്റേററ് കുത്തമൂലധനം ഉപയോഗപ്പെടു

2. New Deal.

ത്തണം; സ്വന്തം ഭരണാധികാരം നിലനിൎത്തുന്നതിലും ഉറപ്പിയ്ക്കുന്നതിലും ഭരണകൂടത്തെക്കൂടി പങ്കാളിയാക്കണം.

മുതലാളിത്വത്തിൻെറ ചരിത്രത്തിൽ നടന്ന ഏററവും അഗാധമായ സാമ്പത്തികക്കുഴപ്പവും അതിൻെറ തുടൎച്ചയായനുഭവപ്പെട്ട നീണ്ടകാലത്തെ സാമ്പത്തികമാന്ദ്യവും ഒരു വസ്തുത തെളിയിച്ചു. സ്വയം പ്രേരിതമായ രീതിയിൽ കമ്പോളനിയന്ത്രണം സാധിക്കുവാനുള്ള സംവിധാനങ്ങൾ പാപ്പരായിക്കഴിഞ്ഞുവെന്നതാണ് ആ വസ്തുത.

മൂലധനകേന്ദ്രീകരണത്തിന്നുള്ള പഴയ രീതികൾ അപര്യാപ്തമായിത്തീൎന്നു. കുത്തകമൂലധനത്തിൻെറ താല്പര്യങ്ങൾ സുരക്ഷിതമാവണമെങ്കിൽ ദേശീയ വരുമാനം കൂടുതൽ വിപുലമായതോതിൽ ഭരണകൂടത്തിൻെറ കയ്യിൽ കേന്ദ്രീകരിക്കപ്പെടണമെന്നും ഉല്പാദനത്തിൻെറയും ഉപഭോഗത്തിൻെറയും അതിരുകൾ വിപുലീകരിക്കുവാൻ ആ ധനം ഉപയോഗപ്പെടണമെന്നും വ്യക്തമായി. വ്യവസായങ്ങൾക്കു സാമ്പത്തികസഹായം നൽകുവാനും കുത്തകമുതലാളിമാരുടെ നഷ്ടം നികത്തുവാനും ദേശീയ ബഡ്ജററ് പ്രയോജനപ്പെടുത്തുകയെന്നതു് കുത്തകമൂലധനത്തിൻെറ താല്പൎയ്യസംരക്ഷണത്തിന്നു് അനിവാര്യമായിത്തീൎന്നു. ഭരണകൂടംതന്നെ ഒരു പ്രധാന ഉപഭോക്താവായി മാറുകയും സൈനികാവശ്യങ്ങൾക്കുള്ള ഒരു പുതിയ കമ്പോളം സൃഷ്ടിക്കുകയും തദ്വാരാ മുതലാളിത്തകമ്പോളത്തിൻെറ അതൃത്തികൾ വിപുലീകരിക്കുകയും ചെയ്യുന്നതിൽ കുത്തകക്കാൎക്ക് താല്പൎയ്യം വൎദ്ധിച്ചുവന്നു. ഭരണകൂടത്തിൻെറ സഹായം ലഭിച്ചിരുന്നില്ലെങ്കിൽ കുത്തകമുതലാളിമാൎക്ക് ഉൽപാദനേതരമായ മേഖലയെ ഇത്ര വിപുലമായതോതിൽ വികസിപ്പിയ്ക്കുവാൻ സാധിക്കു

മായിരുന്നില്ല. ഇതിൽനിന്നെല്ലാം വന്നുകൂടിയതെന്താണ്? സ്വകാര്യകുത്തകക്കാർ കമ്പോളത്തിൽ നടത്തുന്ന പരസ്പര സംഘട്ടനങ്ങളിൽനിന്നും സ്വയം പ്രേരിതമായി രൂപംകൊള്ളുന്ന സാമ്പത്തികനയം തുടരുന്നതിന്നുപകരം കുത്തക മുതലാളിവർഗ്ഗത്തിൻെറയാകെ പൊതു താല്പര്യങ്ങളുടെ ആജ്ഞാനുവർത്തിയായ ഒരു സാമ്പത്തികനയത്തിലേക്കുള്ള പരിവർത്തനം അത്യാവശ്യമായിത്തീൎന്നു.

കുത്തകമൂലധനവ്യവസ്ഥയിൽതന്നെ കുത്തകക്കാരുടെ ശക്തികളും ഭരണകൂടത്തിൻെറ ബലവും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നതിന്നുള്ള സാദ്ധ്യതയും ആവശ്യകതയും അന്തർലീനമായി കിടന്നിരുന്നു. അതില്ലായിരുന്നുവെങ്കിൽ കുത്തകമൂലധനവും ഭരണകൂടവും തമ്മിലുള്ള ലയനം അസാദ്ധ്യമാകുമായിരുന്നു. സ്റ്റേററ് കുത്തക മൂലധനത്തിലേയ്ക്കുള്ള പ്രയാണം ആരംഭിക്കുന്നതു് കുത്തക മുതലാളിത്തത്തിൽനിന്നാണ്. കുത്തകകൾക്കു പുറത്തായി സ്റ്റേററ് കുത്തകമുതലാളിത്തം നിലനില്ക്കുകയില്ല, നിലനില്ക്കുവാൻ സാദ്ധ്യവുമല്ല. മുതലാളിത്ത വൈരുദ്ധ്യങ്ങളുടേയും യുദ്ധങ്ങളുടേയും കുഴപ്പങ്ങളുടേയും വളർച്ചയുടെ ഫലമായി സ്റ്റേററ് കുത്തക മൂലധനത്തിൻെറ വികാസത്തിന്നു വേഗത കൂടിവരുന്നു. ഇന്നത്തെ ഘട്ടത്തിൽ ഈ പ്രവണത സവിശേഷമായ ശക്തിയോടെ പ്രവർത്തിച്ചുവരികയാണ്. താഴെകൊടുക്കുന്ന രൂപങ്ങളിലാണ് പ്രധാനമായും അതു പ്രകടിതമായിത്തീരുന്നതു്:—

ഒന്നാമതായി, ഭരണകൂടം സ്വന്തമായോ കുത്തകകളും ഭരണകൂടവും കൂട്ടായോ നടത്തുന്ന സ്ഥാപനങ്ങളുടെ മേനേജ്മെൻറിൻ;

രണ്ടാമതായി, ഭരണകൂടം സൃഷ്ടിക്കുന്ന കമ്പോളത്തിലും ഗവർമ്മേണ്ട് നേരിട്ട് ചരക്കുകൾ വാങ്ങുന്ന സമ്പ്രദായത്തിലും;

മൂന്നാമതായി, ദേശീയബഡ്ജററിൽകൂടി ദേശീയവരുമാനം പുനർവിതരണം ചെയ്യുന്ന രീതിയിലും നികുതിനയത്തിലും കുത്തകമൂലധനത്തിന്നു പ്രത്യക്ഷമായും, പരോക്ഷമായും സഹായധനം നൽകുന്നതിലും;

നാലാമതായി, വായ്പയേയും പണമിടവാടിനേയും സംബന്ധിയ്ക്കുന്ന നയത്തിലും ഡിസ്കൗണ്ടിൻെറ തോതു നിയന്ത്രിയ്ക്കുന്ന കാര്യത്തിലും;

അഞ്ചാമതായി, സാമ്പത്തികപ്രവത്തനത്തിന്റെ നാനാരൂപത്തിലുള്ള മേഖലകളിലും തൊഴിലാളികളും മുതലാളിമാരും തമ്മിലുള്ള ബന്ധങ്ങളിലും ഭരണകൂടം ചെലുത്തുന്ന നിയന്ത്രണത്തിൽ;

അവസാനമായി സാമ്പത്തികവ്യവസ്ഥയുടെ വികാസത്തിലുള്ള പ്രമുഖങ്ങളായ പ്രവണതകളെ നിയന്ത്രിക്കുകയെന്നപേരിൻ ഭരണകൂടം നടത്തുന്ന പ്രവത്തനങ്ങളിൽ.

കുത്തകമൂലധനത്തിൻെറ വികാസത്തിൽ ഒരു പുതിയ ഘട്ടം ആഗതമായിട്ടുണ്ടെന്നു ഇവയൊന്നുംതന്നെ സൂചിപ്പിയ്ക്കുന്നില്ലെന്നു തീർച്ചയാണ്. ആ പഴയ സാമ്രാജ്യത്വം തന്നെയാണ് ഇന്നും നിലനില്ക്കുന്നതു്. എന്നാൽ അതിന്റെ സാമ്പത്തികഘടനയ്ക്കു സാരമായ മാററങ്ങൾ വന്നുചേന്നിട്ടുണ്ട്. അതേയവസരത്തിൽ അതിൻെറ സാമ്പത്തികനയത്തെ നയിക്കുന്നതു കുത്തകമുതലാളിമാക്കു മൊത്തത്തിലുള്ള

KOTTAYAM PUBLIC LIBRARY KOTTAYAM

താല്പര്യങ്ങളാണ്. വ്യക്തികളായ കുത്തകമുതലാളിമാരുടെ സങ്കുചിതങ്ങളായ അഭിലാഷങ്ങളിൽനിന്നോ വ്യക്തിഗതമായ താല്പര്യങ്ങളിൽനിന്നോ മാത്രമല്ല സാമ്പത്തികനയം രൂപംകൊള്ളുന്നത്. കുത്തകമൂലധനത്തിൻെറ ദീർഘകാല താല്പര്യങ്ങളും അവരുടെ സാമ്പത്തികവും രാഷ്ട്രീയവുമായ സമരതന്ത്രവും മുതലാളിത്വത്തിൻെറ സാമ്പത്തികഘടനയിൽ വന്നിട്ടുള്ള മാററവുമാണ് സാമ്രാജ്യത്വത്തിൻെറ സാമ്പത്തികനയത്തിൽ വദ്ധമാനമായതോതിൽ പ്രതിഫലിക്കുന്നതു്.

"ഭരണകൂടത്തിനുവേണ്ടിയുള്ള ജോലി" എന്നതു സാധാരണ ഗതിയിലുള്ള മുതലാളിത്വമല്ലെന്നു ലെനിൻ ഒരവസരത്തിൽ പറയുകയുണ്ടായി. മുതലാളിത്തത്തിൻെറ സ്വഭാവത്തിൽ മാററം വന്നിരിക്കുന്നുവെന്നൊന്നും അതു പറയുമ്പോൾ ലെനിൻ സൂചിപ്പിച്ചിരുന്നില്ല. ഭരണകൂടവും കുത്തകളും തമ്മിൽ ഉടലെടുത്തുവരുന്ന പുതിയ ബന്ധങ്ങളുടെനേരെ വിരൽ ചൂണ്ടുകയാണ് ലെനിൻ ചെയ്തതു്. ഭരണകൂടം കുത്തകകൾക്കു കീഴടങ്ങുന്ന പ്രശ്നത്തെ സ്റ്റാലിൻ പാട്ടുള്ളതിലധികം സരളമായിട്ടാണ് വ്യാഖ്യാനിച്ചതു്. അതുവഴി ഭരണകൂടവും കുത്തകകളും പരസ്പരം കെട്ടുപിണഞ്ഞുകിടക്കുന്നതിനെ സംബന്ധിച്ചുള്ള ലെനിൻെറ ആശയത്തെ നിഷേധിക്കുകയെന്ന തെററിലേക്കാണ് അതു ചെന്നെത്തിയതു്.

സ്റ്റേററ് കുത്തകമൂലധനത്തിൻെറ പ്രശ്നത്തെ ലെനിനിസ്റ്റ്കാരുടെ നിലയിലാണ് നാം സമീപിക്കുന്നതു്. വ്യക്തികളായ കുത്തകമുതലാളിമാർ തങ്ങളുടെ ആജ്ഞകൾ ഭരണകൂടത്തെക്കൊണ്ടു അനുസരിപ്പിക്കുന്ന ഒരു പ്രശ്നമാക്കി ചുരുക്കത്തക്ക പ്രാകൃതമായ പദ്ധതിയൊന്നും സ്റ്റേററ്കുത്തക

മൂലധനത്തിൽ നാം കാണുന്നില്ല. നേരേമറിച്ച് എല്ലാററിലുമുപരിയായി കാണുവാൻ കഴിയുന്നതു് ഗുണപരമായിത്തന്നെ പുത്തനായ ഒരു ശക്തി ഉയൎന്നുവന്നിട്ടുണ്ടെന്നാണ്— അതായതു ബൂൎഷ്വാഭരണകൂടവും കുത്തകമൂലധനവും സംയോജിച്ചു സൃഷ്ടിച്ച ശക്തി. ദേശീയ സമ്പദ്‌വ്യവസ്ഥയുടെ മേൽ സ്റ്റേററിൻെറ നിയന്ത്രണമുണ്ടാകുവാൻ സൃഷ്ടമായ ഒരു നൂലാമാല പിടിച്ച സംവിധാനം മാത്രമല്ല ഈ ശക്തി. പിന്നെയോ? മുതലാളിത്വത്തിൻെറ ഉൽപാദന ബന്ധങ്ങളിലും ബൂർഷ്വാസമുദായത്തിലെ മൗലികമായ വൎഗ്ഗവൈരുദ്ധ്യങ്ങളുടെ വികാസത്തിലും വന്ന വ്യക്തമായ മാററത്തെക്കൂടി സ്റ്റേററ് കുത്തകമൂലധനം സൂചിപ്പിക്കുന്നു.

സ്റ്റേററ് കുത്തകമുതലാളിത്തം ഒരു രാഷ്ട്രീയ സാമ്പത്തിക ശക്തിയാണ്. മേലിൽ തൊഴിലാളിവൎഗ്ഗം നേരിടേണ്ടതു് വ്യക്തികളായ മുതലാളിമാരെ മാത്രമല്ല ഗവർമെൻറിൻെറ പിൻതുണയുള്ള കുത്തകമുതലാളിമാരെ മാത്രവുമല്ല, പിന്നെയോ? സ്റ്റേററ്കുത്തകമുതലാളിത്വത്തിൻെറ പതനത്തിലേയ്ക്കു നീങ്ങിക്കഴിഞ്ഞിട്ടുള്ള കുത്തകമൂലധനത്തെയാണ് തൊഴിലാളിവൎഗ്ഗത്തിന്നു നേരിടേണ്ടിവരുന്നതു്. മുതലാളിത്തവ്യവസ്ഥയുടെ ഘടനയാകെ ഇനിയും സ്റ്റേററ് കുത്തകമൂലധനമായി മാറുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. മുതലാളിത്വസംവിധാനമാകെയും അതിൻെറ സാമ്പത്തികനയവും പുനസ്സംഘടനയ്ക്കു വിധേയമായിരിക്കുകയാണ്. ഇന്നത്തെ ബൂർഷ്വാഭരണകൂടങ്ങളുടെ സാമ്പത്തികനയം വ്യക്തികളായ കുത്തകമുതലാളിമാരുടെ താല്പര്യങ്ങൾ സ്വയമേവ കെട്ടിപ്പിണഞ്ഞുകിടക്കുന്നതിൻെറ ഫലമായോ അവർ അസംഘടിതമായ രീതിയിൽ ഇടയ്ക്കിടക്ക തങ്ങളുടെ ആജ്ഞകൾ ഭരണകൂടത്തെക്കൊണ്ടു നടപ്പിലാക്കിച്ചതിൻെറ ഫലമാ

യോ രൂപംപൂണ്ടതല്ല. കുത്തകമൂലധനത്തിൻെറ മൊത്തത്തിലുള്ള താല്പര്യങ്ങളെയാണ് ബൂർഷ്വാസ്റ്റേററുകളുടെ സാമ്പത്തികനയം ഇന്നു പ്രതിനിധാനം ചെയ്യുന്നതു്.

പുനരുൽപാദനത്തിൻെറ ഗതിക്രമത്തിൽ ബൂർഷ്വാഭരണകൂടം ചെലുത്തുന്ന സ്വാധീനശക്തി കെട്ടുപിണഞ്ഞുകിടക്കുന്നതും വൈരുദ്ധ്യങ്ങൾ നിറഞ്ഞതുമാണ്. മുമ്പു കമ്പോളസംവിധാനവും മത്സരവും കുഴപ്പങ്ങളും വഴി സ്വയം പ്രചോദിതമായ മട്ടിൽ നടന്നിരുന്ന പല പ്രവൎത്തനങ്ങളും ഇന്നു് ഒരു വശത്ത് ഭരണകൂടം ഏറെറടുത്തു നടത്തുന്നു. മറുവശത്തു് സ്വന്തം സാമ്പത്തികപ്രവൎത്തനത്തിൻെറ ഫലമായി ഭരണകൂടം എത്രയോ പുതിയ വൈരുദ്ധ്യങ്ങൾ അടിക്കടി ഉളവാക്കിക്കൊണ്ടിരിക്കുകയാണ്. അവയുടെ ഫലമായി ആധുനിക മുതലാളിത്വത്തിൻെറ വൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുകയും പൊതുവേയുള്ള ജീർണ്ണാവസ്ഥ രൂക്ഷമായിത്തീരുകയും ചെയ്യുന്നു.

തൊഴിലാളിവർഗ്ഗത്തിൻെറ സമ്മർദ്ദംഹേതുവായി സമ്പദ്‌വ്യവസ്ഥയുടെ മർമ്മപ്രധാനമായ ശാഖകൾ സ്റ്റേയിറെ് ഏറെറടുക്കേണ്ടിവരുന്നുണ്ട്. പല സാമ്രാജ്യത്വരാജ്യങ്ങളിലും മുതലാളിത്തവ്യവസ്ഥയിലെ പല മേഖലകളും വികസിച്ചുവരുന്നതിന്നുള്ള അടിത്തറ പണിതുകൊടുത്തതു സ്റ്റേറെിൻെറ ഉടമാവകാശമാണ്. ഖനികൾ, റെയിൽവെ, വിദ്യുച്ഛക്തികേന്ദ്രങ്ങൾ, ഗ്യാസ് നിർമ്മാണശാലകൾ മുതലായ ദേശവൽകൃതസ്ഥാപനങ്ങളിലാണ് ബ്രിട്ടനിലെ ഫേക്ടറി തൊഴിലാളികളുടേയും ഓഫീസ് ജീവനക്കാരുടേയും 20 ശതമാനം ജോലിചെയ്യുന്നതു്. ഫ്രാൻസിൽ കല്ക്കരിവ്യവസായവും ഗ്യാസ് വ്യവസായവും മിക്കവാറും മുഴവനുമായി

സക്കാറുടമയിലാണ്. വിമാനനിർമ്മാണത്തിൻെറയും വിദ്യുച്ഛക്തി വ്യവസായത്തിൻെറയും 80ശതമാനവും മോട്ടോർ വ്യവസായത്തിൻെറ പകുതിയോളവും കെമിക്കൽ വ്യവസായം വളനിർമ്മാണം മുതലായവയുടെ മൂന്നിലൊരു ഭാഗവും സക്കാറുടമയിലാണ്. ഫ്രാൻസിലെ ആകെ ഉല്പന്നങ്ങളിൽ ഏഴിലൊരു ഭാഗത്തോളം നിർമ്മിക്കുന്നതു് പൊതുമേഖലാ വ്യവസായങ്ങളാണ്. ഈ വ്യവസായശാലകളുമായി സംയോജിക്കപ്പെട്ടിട്ടുള്ളതും സ്വകാര്യമൂലധനവും സ്റ്റേററ് മൂലധനവും എത്രയും ഗാഢമായി കൂടിപ്പിണഞ്ഞുകിടക്കുന്നതുമായ എണ്ണമററ കമ്പനികളിലെ ഉല്പന്നങ്ങൾ ഈ കണക്കിൽ പെട്ടത്തിയിട്ടില്ല. ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കിൽ ജോയിൻറ് സ്റ്റോക്ക് കമ്പനികളുടെ ആകെ മൊത്തം മൂലധനത്തിൽ ആറിലൊന്നും സക്കാറിന്നു പങ്കാളിത്വമുള്ള ജോയിൻറു് സ്റ്റോക്ക് കമ്പനികളുടെ ആകെ മൂലധനത്തിൽ അഞ്ചിലൊന്നോളവും സർക്കാറിൻെറ നിയന്ത്രണത്തിലാണ്. ഇററലിയിലെ മൂന്നു സ്റ്റേററ് കുത്തകവ്യവസായ ഗ്രൂപ്പുകൾ മാത്രം (IRI, ENI, FIM) ചേന്നു നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ ആകെ വ്യവസായോൽപാദനത്തിൻെറ വിലയുടെ അഞ്ചിലൊരോഹരി വരും. ഇററലിയിലെ വ്യവസായ വ്യാപാരസ്ഥാപനങ്ങളിലായി ജോലിചെയ്യുന്ന തൊഴിലാളികളിൽ 20 മുതൽ 25 ശതമാനത്തോളം സക്കാറുടമയിലുള്ള സ്ഥാപനങ്ങളിലാണ് പണിയെടുക്കുന്നതു്. ആസ്ത്രിയയിലും സ്വീഡനിലും നിർമ്മിക്കുന്ന ആകെ ഉല്പന്നങ്ങളിൽ സക്കാറിന്നുള്ള പങ്ക് 25 ശതമാനമാണ്. പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിൽ സക്കാർ വഹിക്കുന്ന പങ്കും ഗണ്യമായ തോതിൽ വദ്ധിച്ചിട്ടുണ്ട്. സർക്കാരിൻെറ ചിലവിൽ നടത്തപ്പെടുന്ന ഗവേഷണ ലേബറട്ടറികളിലും പ

ദ്ധതികളിലും പല പുതിയ സങ്കേതികപ്രക്രിയകളും പുതിയ ഉപകരണങ്ങളും കണ്ടുപിടിക്കപ്പെട്ടുന്നുണ്ട്. ആ കണ്ടുപിട്ടത്തങ്ങൾ കുത്തകമുതലാളിമാരാണ് ഉപയോഗപ്പെട്ടത്തുന്നതു്.

മുതലാളിത്വനാട്ടുകളിൽ സർക്കാറുടമയിലുള്ള വ്യവസായങ്ങളുടെ എണ്ണം വദ്ധിച്ചുവരുന്നതിൽ ഭരണാധികാരിവർഗ്ഗത്തിന്നു് അസ്വാസ്ഥ്യമുണ്ടാകുന്നുണ്ട്. ഉൽപാദനം സംഘടിപ്പിക്കുവാൻ മുതലാളിമാർ ആവശ്യമില്ലെന്നു് അതു തെളിയിക്കുന്നു. സമൂഹശരീരത്തിൽ മുതലാളിത്വം ഇത്തിൾക്കണ്ണിസ്വഭാവത്തിൽ നിലനിൽക്കുന്ന അനാവശ്യമായ ഒരവയവമായി പരിണമിച്ചിരിക്കുന്നുവെന്നു് അതു പ്രകടമാക്കുന്നു. സ്റ്റേററ്ഉടമയിലുള്ള സ്വത്ത് വളരെ എളുപ്പത്തിൽ വിപ്ലവപരമായരീതിയിൽ സോഷ്യലിസ്റ്റ് സ്വത്തായി മാറ്റപ്പെട്ടുവാൻ സാദ്ധ്യമാണെന്നു കുത്തകബൂർഷ്വാസി സ്വന്തം വർഗ്ഗവാസനയുടെ ബലംകൊണ്ടു ഗ്രഹിക്കുന്നു. "സക്കാറുടമയിലുള്ള സമ്പദ്‌വ്യവസ്ഥ" വർഗ്ഗസമരങ്ങളുടെ ഒരു പ്രധാന രംഗമായി മാറിയിരിക്കുന്നു. പരസ്പരമായ രണ്ടു പ്രവണതകൾ ഈ സമരത്തിൽ തെളിഞ്ഞുനില്ക്കുന്നുണ്ട്. അതിലൊന്നു് കുത്തകമൂലധനത്തിൻെറ അധികാരശക്തി നിലനിത്താനും അതിന്നു ഉത്തേജനം നല്കുവാനും സ്റ്റേറ്റുടമയിലുള്ള സ്ഥാപനങ്ങളെ ഉപയോഗപ്പെട്ടുത്തണമെന്നാവശ്യപ്പെട്ടുന്നു. രാഷ്ട്രത്തിൻെറ പൊതുതാല്പര്യങ്ങൾക്കുവേണ്ടി, ജനങ്ങളുടെ നന്മക്കായി അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെ ഗുണത്തിന്നായി സ്റ്റേറ്റുടമയിലുള്ള സ്ഥാപനങ്ങളെ ഉപയോഗപ്പെട്ടുത്തണമെന്നാവശ്യപ്പെട്ടുന്നതാണ് രണ്ടാമത്തെ പ്രവണത. ഈ രണ്ടാമത്തെ പ്രവണതയുടെ ഭാഗത്തുനിന്നു തൊഴിലാളിവർഗ്ഗം സമരം ചെയ്യുന്നു.

ഇന്നു നടന്നുകൊണ്ടിരിയ്ക്കുന്ന മുതലാളിത്ത പുനരുല്പാദനത്തിന്നു ഭരണകൂടം അതിൻെറ സാമ്പത്തികനയം കൊണ്ടും പ്രവത്തനങ്ങൾമുഖേനയും വമ്പിച്ച പിൻതുണ നൽകുന്നുണ്ടു്.

നമ്മുടെ ഈ കാലഘട്ടത്തിൽ ശാസ്ത്രീയവും സാങ്കേതികവുമായ പല പദ്ധതികളും നടപ്പിലാക്കുവാൻ വമ്പിച്ച ധനാഗമമാൎഗ്ഗങ്ങൾ അത്യന്താപേക്ഷിതമായിത്തീൎന്നിട്ടുണ്ട്. ആവശ്യമായത്ര ധനം വിനിയോഗിയ്ക്കുവാൻ മുതലാളി വൎഗ്ഗത്തെ കൂട്ടായി പ്രതിനിധീകരിക്കുന്ന സൎക്കാരിന്നുമാത്രമേ കഴിയുകയുള്ളു. ന്യൂക്ലിയർ ഗവേഷണം ആററംശക്ത്യുൽപാദനകേന്ദ്രങ്ങൾ നിർമ്മിക്കൽ, സൂപ്പർസോണിക്ക് വിമാനനിൎമ്മാണം, വാൎത്താവിനിമയത്തിനു് ഉപഗ്രഹങ്ങളുപയോഗിക്കൽ മുതലായ പല ഇനങ്ങളും ഇതിൽ പെട്ടും. ആററംബോംമ്പ്, ഹൈഡ്രജൻബോംമ്പ്, ഇൻടർകോൺടിനെൻടൽ ബാലിസ്റ്റിക്ക് മിസ്സൈലുകൾ മുതലായവയും മനുഷ്യനെ കൂട്ടക്കൊല ചെയ്യുവാനുള്ള ഏററവും നവീനങ്ങളായ മററു മാരകായുധങ്ങളും നിർമ്മിക്കുന്നതുവഴി ഭരണകൂടത്തിന്നു സാമ്പത്തികവ്യവസ്ഥയിൽ ഇടപെടുവാനുള്ള മേഖല വികസിപ്പിക്കുന്നതിന്നു ശക്തിയായ പ്രേരണ ലഭിക്കുന്നു. യുദ്ധാവശ്യത്തിന്നുവേണ്ടി ശാസ്ത്രത്തെ വികസിപ്പിക്കുവാനുള്ള നടപടികൾക്കുള്ള സാമ്പത്തികസാദ്ധ്യത മിക്കവാറും പൂൎണ്ണമായിത്തന്നെ സർക്കാറാണ് ഏറെറടുക്കുന്നതു്.

ഇന്നത്തെ സാമ്രാജ്യത്വഭരണകൂടം ദേശീയ സമ്പദ്‌വ്യവസ്ഥയിലാകമാനം മൂലധനത്തിൻെറ പുനരുല്പാദനത്തിന്നനുകൂലമായ പൊതു പരിസ്ഥിതി നിലനിൎത്തുന്നതിന്നുറപ്പുനല്കുക മാത്രമല്ല ചെയ്യുന്നതു്. സ്വകാര്യമുതലാളിമാർ നടത്തുന്ന സ്ഥാപനങ്ങളുടെ പ്രവൎത്തനത്തിന്നാവശ്യമായ സാമ്പ

ത്തിക പ്രവത്തനങ്ങളുടെ പല ശാഖകളും മേഖലകളും വികസിപ്പിക്കുന്നതിൽ വ്യക്തമായ ബാദ്ധ്യതകൾ ഭരണകൂടം ഏറെറടുക്കുകയും അവയുടെ പ്രവത്തനത്തെ കുത്തകമൂലധനത്തിൻെറ പൊതുസാമ്പത്തികനയത്തിൻെറ വരുതിയ്ക്കുള്ളിൽ ഒതുക്കിനിത്തുകയും ചെയ്യുന്നുണ്ട്. ഭരണകൂടത്തിൻെറ ഈ പ്രവത്തനം നടക്കുന്നതു് [1]ഇൻഫ്രാ സ്ട്രക്ചർ എന്നറിയപ്പെടുന്നവ സൃഷ്ടിയ്ക്കുന്ന കാര്യത്തിലാണ്—അതായതു് വാത്താവിനിമയ സൗകര്യങ്ങൾ, വാഹനഗതാഗതത്തിന്നുള്ള ഏർപ്പാടുകൾ, റോഡുകൾ, വിദ്യുച്ഛക്തിവ്യവസായം, ജലവിതരണം മുതലായ ഉല്പാദനശാഖകൾ. പല വികസിത രാഷ്ട്രങ്ങളിലും ഈ ശാഖകൾ സ്വകാര്യമൂലധനസ്ഥാപനങ്ങളുടെ പ്രവത്തനമേഖലയിൽ പെടുന്നതായി കണക്കാക്കപ്പെടുന്നില്ല.

പ്രധാന മുതലാളിത്തനാടുകളിൽ സ്ഥിരമൂലധന നിക്ഷേപത്തിൽ 20 മുതൽ 40 ശതമാനത്തോളം സക്കാരാണ് വഹിയ്ക്കുന്നതു്. ഈ നിക്ഷേപങ്ങളും സക്കാരാവശ്യത്തിന്നായി ചരക്കുകൾ വാങ്ങുന്ന സമ്പ്രദായവും ചേന്നാൽ മിക്കവാറും സ്ഥിരമായ ഒരു കമ്പോളം മുതലാളിമാർക്കു ലഭിയ്ക്കുമെന്നതിന്നു് ഉറപ്പു നല്കും. കമ്പോളപ്രശ്നത്തിനു മുതലാളിത്തപുനരുല്പാദനത്തിലെ ഏററവും നിശിതമായ പ്രശ്നത്തിനു ഈ നടപടികൾകൊണ്ടുമാത്രം പരിഹാരമുണ്ടാവുകയില്ല. അതു പരിഹരിക്കപ്പെടുവാൻ സാദ്ധ്യവുമല്ല. എന്നാൽ പടുകൂററൻ കുത്തകമുതലാളി സ്ഥാപനങ്ങളുടെ കമ്പോളപ്രശ്നത്തിനു ഭാഗികമായി താല്ക്കാലിക പരിഹാരം ഈ നടപടികൾ ഉണ്ടാക്കും. "സർക്കാറിന്നു വേണ്ടിയുള്ള ജോലി" എന്നുവെച്ചാൽ സുസ്ഥിരമായ അഥവാ പൊതുവെ സുസ്ഥിരമാ

---

1. Infrastructure

ണെന്നു പറയാവുന്ന ഒരു കമ്പോളത്തിന്നു വേണ്ടിയുള്ള ജോലി എന്നാർത്ഥം. പ്രധാന മുതലാളിത്ത നാടുകളിൽ മൊത്തം ഉല്പന്നങ്ങളുടെ കാലോഹരിയോളവും ചിലപ്പോൾ അതിൽക്കൂടതലും ചിലവഴിക്കുന്നതു് ഈ കമ്പോളത്തിലാണു്.

നികുതികളുടെ പങ്ക് മൗലികമായും മാററപ്പെട്ടിരിക്കുന്നു. ഭരണയന്ത്രവും സൈനിക പോലീസ് സംവിധാനങ്ങളും നില നിർത്താനുള്ള ധനാഗമമാർഗ്ഗം മാത്രമല്ല ഇന്നത്തെ നികുതികൾ. വികസനത്തിൻെറ തോതു, ഉൽപാദന ശാഖകളുടെ ഘടന, മൂലധനനിക്ഷേപത്തിലംഗീകരിക്കേണ്ടുന്ന നയം, കുത്തകകൾക്കു മത്സരിച്ച് മുന്നോട്ടുപോകുവാനുള്ള കഴിവു് എന്നിവയെ സജീവമായ രീതിയിൽ സ്വാധീനിയ്ക്കുന്നതിന്നു ഭരണകൂടത്തിനുള്ള ഒരുപകരണമായിട്ടാണ് നികുതിനയത്തെ ഇന്നു് വിപുലമായ തോതിൽ ഉപയോഗപ്പെടുത്തുന്നതു്.

1962-ൽ യുണൈറൈഡ് സ്റ്റെയ്റ്റ്സിൽ ആസ്തികളിൽ കാലാകാലം വരുത്തേണ്ടും കിഴിവിൻെറ തോതു്(ഡിപ്രീഷിയേഷൻ[1] തോതു്) പുനഃപരിശോന ചെയ്യു മാററുകയും ഉപകരണങ്ങൾ [2]റൈറേരാഫ് ചെയ്യുന്നതിന്നുള്ള കാലയളവു ചുരുക്കുയും ചെയ്തതു് ഈ നിയമനുസരിച്ചാണു്. മാത്രമല്ല സ്ഥിരമൂലധനത്തിലുള്ള നിക്ഷേപങ്ങൾക്കു് നികുതിയിളവുകൾ നൽകുന്ന ഒരു നിയമംതന്നെ അവിടെ അംഗീകരിക്കപ്പെടുകയുണ്ടായി. 1964 ഫിബ്രുവരിയിൽ അംഗകരിക്കപ്പെട്ട നികുതിയാളവു നിയമം അമേരിക്കയിലെ കുത്തകകമ്പ

1. Depreciation
2. Write off-ആസ്തിയിൽനിന്നും വെട്ടിത്തള്ളിക്കളയുക.

നികളുടെ ലാഭത്തുകയിൽ 500 കോടി ഡോളർ മുതൽ 700 കോടി ഡോളർ വരെ വദ്ധനവുണ്ടാകുമെന്നും അതുവഴി അവരുടെ മൂലധനനിക്ഷേപ സാധ്യതകളെ വികസിപ്പിക്കു മെന്നും പ്രസിഡണ്ട് ജോൺസൺ പറയുകയുണ്ടായി. ഇററലിയിൽ 1963-ൽ ഡിപ്രീഷിയേഷനുള്ള കാലയളവുകൾ പുതുക്കി നിശ്ചയിക്കുകയുണ്ടായി. മുമ്പുണ്ടായിരുന്നതിനേക്കാൾ ശരാശരി 20 ശതമാനത്തോളം കുറവായിരുന്ന പുതിയ കാലയളവുകൾ. ജപ്പാൻ ഡിപ്രീഷിയേഷൻെറ തോതു തന്നെ പുതുക്കി.

സ്റ്റേററ് കുത്തകനിയന്ത്രണത്തിനുള്ള ഒരുപകരണമെന്ന നിലയിൽ നാണയപ്പെരുപ്പം ചെലുത്തുന്ന സ്വാധീനം ചെറുതൊന്നുമല്ല. "ഇഴഞ്ഞിഴഞ്ഞു" മുന്നേറിക്കൊണ്ടിരിക്കുന്ന ഒരുതരം നാണയപ്പെരുപ്പം സ്ഥിരപ്രതിഷ്ഠ നേടിയിരിക്കയാണ്; സ്റ്റേററ് കുത്തകമുതലാളിത്തത്തിൻെറ അവിഭാജ്യമായ ഒരു ഗുണവിശേഷമായി അതു പരിണമിച്ചിരിക്കുന്നു. സ്റ്റേററ് തന്നെ മുതലാളിമാർക്ക് ധനസഹായം നൽകുന്നതിൻ ഫലമായി ബഡ്ജററുകളിൽ കമ്മിവരാറുണ്ട്. പക്ഷെ അതു കുത്തകകൾക്ക് നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ലാഭം കിട്ടുന്നതിനുള്ള മാർഗ്ഗമായി തീന്നിരിക്കയാണ്. അദ്ധ്വാനിക്കുന്ന ജനങ്ങൾക്കാണ് കമ്മി അനുഭവപ്പെടുന്നതു്. കാരണം വിലകൾ വാണംപോലെ കയറുന്നതിൻ ഫലമായി അവരുടെ യഥാർത്ഥകൂലി ചുരുങ്ങിവരുന്നു. ഇത്തരത്തിൽ തൊഴിലാളികളും മുതലാളികളും തമ്മിലുള്ള ബന്ധങ്ങളിൽ ഭരണകൂടം ഇടപെടുന്നതിനുള്ള ഒരു രൂപമായി തീന്നിരിക്കയാണ് നാണയപ്പെരുപ്പം. ഒരു നിശ്ചിതമായ മിനിമംവേജ് അംഗീകരിക്കുവാൻ കുത്തകകളെ നിർബ്ബന്ധിക്കുന്നതുവഴി ഭരണകൂടം തൊഴിലാളിവർഗ്ഗത്തെ സഹായിക്കു

കയാണു് ചെയ്യുന്നതെന്നു് കരുതപ്പെട്ടുന്നുണ്ടു്. എങ്ങനെ യെല്ലാമായാലും യഥാർത്ഥത്തിൽ ഈ മിനിമത്തെ നാണയ പ്പെരുപ്പത്തിന്റെ സഹായത്തോടെ വെറും കെട്ടുകഥയാക്കി അധഃപതിപ്പിച്ചിരിക്കുന്നു.

അടുത്ത ചില വർഷങ്ങളായി സ്റ്റേററ് കുത്തക മൂലധനം പഴയ സമ്പ്രദായങ്ങൾകൊണ്ടു തൃപ്തിപ്പെട്ടുന്നില്ല. അവരുടെ താല്പര്യങ്ങൾ സുരക്ഷിതമാക്കുവാൻ സാമ്പത്തിക വ്യവസ്ഥയെ ദീർഘകാലാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തു വികസിപ്പിക്കേണ്ടതാവശ്യമാണെന്നു് അവർ കരുതുന്നു. പശ്ചിമ യൂറോപ്പിലെ മിക്കവാറും എല്ലാ രാജ്യങ്ങളും ജപ്പാനും ദീർഘകാലാടിസ്ഥാനത്തിലുള്ള സാമ്പത്തിക പരിപാടികൾ തയ്യാറാക്കുവാനും അവ നടപ്പിലാക്കുന്നതിന്നുള്ള പ്രചോദനം എന്ന നിലക്കു് ധനസഹായം നൽകുവാനും ആരംഭിച്ചിട്ടുണ്ടു്. സ്റ്റേററ് കുത്തക മുതലാളിത്തത്തിന്റെ വികാസത്തിൽ ഇതു പ്രാധാന്യമുള്ള ഒരു പുതിയ ഘടകമാണു്. ഇതിനുള്ള ഹേതുവെന്താണു്?

ഒന്നാമതായി, സോഷ്യലിസം ഉയർത്തിയ സാമ്പത്തികമായ "വെല്ലുവിളിക്കു്" സ്റ്റേററു് കുത്തക മുതലാളിത്തം നൽകുന്ന മറുപടിയാണിതു. കടകവിരുദ്ധമായ രണ്ടു വ്യവസ്ഥകൾ തമ്മിൽ നടക്കുന്ന മത്സരത്തിൽ സ്വന്തം നില സുരക്ഷിതമാക്കുവാൻ ഭരണാധികാരി വർഗ്ഗം അതിന്റെ മുഴവൻ കഴിവുകളും സംഭരിച്ചണിനിരത്തുവാൻ പാടുപെടുകയാണു്. ആ വർഗ്ഗത്തിന്റെ സാമൂഹ്യമായ കടമകൾ നിറവേററുവാൻ സ്റ്റേററു് തന്നെ മുന്നോട്ടു വന്നിരിക്കുകയാണു്.

രണ്ടാമതായി, മൂലധനമിറക്കിയാൽ ദീർഘകാലത്തോളം ലാഭം കിട്ടാതിരിക്കുന്ന ശാഖകളിൽ സ്റ്റേററു് തന്നെ മൂല

ധനം നിക്ഷേപിച്ചുകൊണ്ടിക്കുന്നു.

മൂന്നാമതായി, സ്റ്റേറ്റിന്റെ നേതൃത്വത്തിൽ ആസൂത്രണം നടത്തുന്നതുകൊണ്ട് ഗവർമെൻറും കുററൻ കുത്തകക്കാരുംതമ്മിൽ ദീർഘകാലത്തേയ്ക്കു നിലനിൽക്കുന്നതും താരതമ്യേന സ്ഥിരതയുള്ളതുമായ ബന്ധങ്ങൾക്കുള്ള അടിസ്ഥാനം സൃഷ്ടമായിത്തീരും. മാത്രമല്ല തങ്ങൾക്കു സുരക്ഷിതമായ ഒരു മാക്കററ് സൃഷ്ടിക്കുന്നതിന്നായി ഗവർമ്മെൻറന്താണ് ചെയ്യുകയെന്നു ഒരുവിധത്തിൽ മുൻകൂട്ടി അറിയുവാൻ കുത്തകകൾക്ക് ഇത്തരത്തിൽ സൌകര്യം ലഭിയ്ക്കുന്നു.

ഗണിതശാസ്ത്രപരമായ മാതൃകകൾ ഉപയോഗിച്ചുകൊണ്ടു സാമ്പത്തിക പരിപാടികൾ ആസൂത്രണംചെയ്യുന്നതുകൊണ്ടു ഉല്പാദനശക്തികളുടെ വളർച്ചയെ ഭരിയ്ക്കുന്ന ചില നിയമങ്ങൾ പുറത്തു കൊണ്ടുവരുവാൻ സാദ്ധ്യമാവുന്നു; സാമൂഹ്യ സമ്പദ്‌വ്യവസ്ഥയുടെ വ്യത്യസ്ത വശങ്ങൾതമ്മിലുള്ള പരസ്പരബന്ധങ്ങളെ സംബന്ധിച്ചു സമൂർത്തമായ ബോധം ഉടലെടുക്കുന്നു: ഓരോ രാജ്യത്തിലെയും സമ്പദ്‌വ്യവസ്ഥയിൽ രൂപംപൂണ്ടുവരുന്ന ശാഖകളുടെ വികാസം ഏതനുപാതത്തിലായിരിക്കണമെന്നു് കണക്കാക്കുവാൻ സാധിക്കുന്നു. അത്തരം കണക്കുകൂട്ടലുകളിൽനിന്നു വ്യവസായകുത്തകകൾ വ്യക്തമായ ആനുകൂല്യങ്ങൾ നേടുന്നു. എങ്ങനെയെന്നുവെച്ചാൽ ആധുനിക സമ്പദ്‌വ്യവസ്ഥയുടെ നൂലാമാലപിടിച്ച സംവിധാനങ്ങളുമായി സ്വയം പൊരുത്തപ്പെട്ടുപോകുവാനുള്ള സന്ദർഭം അവർക്കു ലഭിയ്ക്കുന്നു; മാത്രമല്ല ഭാവിയിൽ രൂപംകൊള്ളുന്ന സാമ്പത്തിക വികസനത്തിൽ തങ്ങൾക്ക് ലഭിയ്ക്കാനിടയുള്ള സ്ഥാനമെന്തെന്നു നിർണ്ണയിക്കുവാനും അവർക്കു സാധിയ്ക്കുന്നു.

ഉൽപാദനത്തിൻെറ സാമൂഹ്യവൽക്കരണത്തിൻെറ ഇന്നത്തെ ഘട്ടം ആവശ്യപ്പെടുന്നതു് സമ്പദ്‌വ്യവസ്ഥയെ സമതുലിതരീതിയിൽ അനുപാതികമായി വളൎത്തിക്കൊണ്ടു വരണമെന്നാണ്. അതു സാധിക്കണമെങ്കിൽ സ്വകാര്യമുതലാളിത്വരീതിയിലുള്ള ഉടമാവകാശം അവസാനിപ്പിച്ചു തദ്‌സ്ഥാനത്തു് സോഷ്യലിസ്റ്റ് രീതിയിലുള്ള പൊതുവുടമസ്ഥത സ്ഥാപിതമാവണം. മുതലാളിത്തരീതിയിലുള്ള ആസൂത്രണത്തെ യാതൊരു തരത്തിലും സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയിലെ ആസൂത്രണവുമായി കൂട്ടിക്കുഴക്കരുതു്. മുതലാളിത്തരീതിയിലുള്ള പ്ലാനിങ്ങിൽ മുതലാളിത്തോൽപാദനത്തിൻെറ നിയമങ്ങളുടെ ചെറുത്തുനിൽപ് നേരിടേണ്ടി വരും. അത്തരം വിഷമതകൾ സോഷ്യലിസ്റ്റ് പ്ലാനിങ്ങിൽ ഉണ്ടാവുകയില്ല. മുതലാളിത്തോൽപാദനത്തിൻെറ സംവിധാനങ്ങളിൽ 'അസൂത്രിത'മായ സ്വാധീനശക്തി അഥവാ കൂടുതൽ കണിശമായി പറയുകയാണെങ്കിൽ, സ്റ്റേററ് കുത്തകയുടെ സ്വാധീനശക്തി ചെലുത്തുവാനുള്ള പ്രധാനോപകരണം കുത്തകകൾക്കു കൂടുതൽ ലാഭമുണ്ടാക്കിക്കൊടുക്കലാണ്. സ്റ്റേററിൻെറ സാമ്പത്തിക പരിപാടികൾ നിറവേററുവാൻ മുതലാളിമാരെ പ്രേരിപ്പിക്കുന്നതു് ലാഭത്തിൻെറ നിയമമാണ്. അതേ നിയമംതന്നെ ചില ഘട്ടങ്ങളിൽ നേരെ എതിരായി പ്രവൎത്തിക്കുവാനും മുതലാളിമാരെ നിർബ്ബന്ധിച്ചെന്നുവരാം.

ഇത്തരം പരിതസ്ഥിതികളിൽ ഏററവും "ചലനാത്മകവും" തന്ത്രപരമായി ഏററവും പ്രധാനവുമായ കുത്തകകൾക്കും സമ്പദ്‌വ്യവസ്ഥയുടെ ശാഖകൾക്കും സാമ്പത്തികമായ സഹായം നൽകലായിരിക്കും സാമ്പത്തിക പടിപാടികൾ ആസൂത്രണംചെയ്യുന്നതിലെ മുഖ്യമായ ഉള്ളടക്കം.

സാമൂഹ്യമായ ഉൽപാദനത്തിൻെറ ഗതിക്രമത്തെ ബൂർഷ്വാ ഭരണകൂടം സ്വാധീനിക്കും; എന്നാൽ പ്രസ്തുത ഗതിക്രമം നിർണ്ണയിക്കുവാൻ അതിന്നു സാദ്ധ്യമല്ല. മുതലാളിത്തോൽപാദനത്തിൻെറ സ്വയം പ്രേരിത സ്വഭാവത്തിൻെറ ഫലമായുണ്ടാവുന്ന ചില പൊരുത്തക്കേടുകളെ പരിമിതപ്പെടുത്താൻ ഇന്നുള്ള സാമ്രാജ്യത്വ ഭരണകൂടത്തിന്നു സാധിക്കും; എന്നാൽ അതേയവസരത്തിൽ മററുചില പൊരുത്തക്കേടുകൾ, പലപ്പോഴും കൂടുതൽ അഗാധമായവതന്നെ, അതേ സ്റ്റേററ് സൃഷ്ടിക്കും. എല്ലാററിലുമുപരിയായി സമ്പദ്‌വ്യവസ്ഥയെ സൈന്യകസ്വഭാവമുള്ളതാക്കിതീർക്കുന്നതു് ഇതിന്നുദാഹരണമാണ്. സ്റ്റേററ് സൃഷ്ടിക്കുന്ന മാക്കററ് സാമാന്യമായി മിലിററി മാക്കററ്തന്നെയായിരിക്കും.

കുത്തകകളുടെ താല്പര്യങ്ങളുടെ സംരക്ഷണത്തിനായി സമ്പദ്‌വ്യവസ്ഥയെ ആസൂത്രണംചെയ്യുവാനും നിയന്ത്രിക്കുവാനും ഉള്ള ക്രമത്തിൽ ഭരണകൂടം കോർപറേഷനുകളും വ്യവസായസ്ഥാപനങ്ങളുമായി ഇടപെടേണ്ടിവരുന്നു. വ്യത്യസ്തശാഖകളുടെ ആധിപത്യം ഒന്നോ ഒന്നിലധികം കുത്തകക്കമ്പനികളോ കൈവശപ്പെടുത്തുകയും സമ്പദ്‌വ്യവസ്ഥയുടെ മർമ്മപ്രധാനമായ ശാഖകളെല്ലാം ഒരു പിടി കുത്തകമുതലാളിമാർ നിയന്ത്രിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ കുത്തക മുതലാളിമാർ നേരിട്ടു ഭരണകൂടവുമായി ഇടപാടുകൾ നടത്തേണ്ടിവരും; അവരുടെ ഉൽപാദനപരിപാടികൾ സ്റ്റേററിൻെറ സാമ്പത്തിക പരിപാടിയുമായി സംയോജിപ്പിച്ചുകൊണ്ടുപോകേണ്ടിയുംവരും. അതുകൊണ്ടാണ് സ്റ്റേററ് കുത്തക മുതലാളിത്തം സമ്പദ്‌വ്യവസ്ഥയെ നിശ്ചിതമായ പരിപാടിക്കനുസരിച്ചു വികസിപ്പിക്കുന്നതിലേക്കു നീങ്ങുമ്പോൾ കുത്തകകളുടെ സംയോജനത്തെ ഭരണകൂടം എല്ലാ

തരത്തിലും പ്രോത്സാഹിപ്പിയ്ക്കുന്നതു്. 1958-60 കാലത്ത് ഫ്രഞ്ച് ഗവർമ്മെൻറ് മൂലധനത്തിൻെറ കേന്ദ്രീകരണത്തെ സഹായിക്കുന്ന ചില നിയമങ്ങൾ നടപ്പിലാക്കുകയുണ്ടായി. ഒന്നിലധികം കമ്പനികൾ ലയിച്ചുണ്ടാവുന്ന പുതിയ കമ്പനികൾക്കു സവിശേഷമായ നികുതിയിളവുകൾ അനുവദിച്ചിരുന്നു. അതേതരത്തിലുള്ള നടപടികൾ ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കിലും ഇററലിയിലും നടപ്പിലാക്കിയിരുന്നു. ഏററവും വലിയ വ്യവസായക്കുത്തകകൾ ജനങ്ങൾക്കെതിരായി മത്സരിയ്ക്കുന്ന ചെറുകിടക്കാരെ വിഴുങ്ങിയതിൻെറ ഫലമായി കമ്പനികളുടെ ലയനത്തിൻെറ ഒരു വേലിയേററംതന്നെ നാം അടുത്ത ചില വഷങ്ങളിലായി കണ്ടതു് യാദൃച്ഛികമായ ഒരു സംഭവമല്ല. *

* ലയനങ്ങളിലും സംയോജനങ്ങളിലും കൂടുതൽ വിപുലമായ പങ്ക്വഹിച്ചതു് യുണൈററഡ് സ്റ്റെയ്ററ്സിൽ വൻകിടക്കാരായ കമ്പനികളാണ്. ആ രാജ്യത്തിലെ മൂലധന കേന്ദ്രീകരണത്തിൻെറ സ്വഭാവവിശേഷമാണതു്. 10 മില്യൻ ഡോളറിലധികം (1 കോടി) ആസ്തിയുള്ള കമ്പനികളാണ് 1940-47 കാലത്തു് കൂട്ടിച്ചേർക്കപ്പെട്ട കമ്പനികളിൽ 53 ശതമാനത്തേയും 1948-59-ലേതിൻെറ 66 ശതമാനത്തേയും 1960ലേതിൻെറ 72 ശതമാനത്തേയും ഏറെറടുത്തതു്. ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കിൽ ജോയിൻറ് സ്റ്റോക്ക് കമ്പനികളുടെ എണ്ണം യുദ്ധത്തിന്നു മുമ്പുണ്ടായിരുന്നതുമായി താരതമ്യപ്പെടുത്തിയാൽ 1964 ആയപ്പോഴേയ്ക്കു 56 ശതമാനം കുറഞ്ഞതായി കാണാം. എന്നാൽ അവയുടെ മൊത്തം മൂലധനം 110 ശതമാനം വർദ്ധിക്കുകയുണ്ടായി. ലയനങ്ങളുടെ ഫലമായി വെസ്റ്റ് ജർമ്മനിയിലെ മൂലധന കേന്ദ്രീകരണം ജർമ്മൻ സാമ്രാജ്യത്വത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ പതനംതന്നെ പ്രാപിച്ചിരിക്കയാണ്. ഫ്രാൻസിൽ യുദ്ധാനന്തരം ആദ്യത്തെ പത്തു വർഷങ്ങളിൽ 310 ലയനങ്ങളും സംയോജനങ്ങളും നടന്നു. എന്നാൽ 1958-60 കാലത്ത് അവയുടെ എണ്ണം 2472 ആയി ഉയന്നു.

ബേങ്ക്‌വ്യവസായത്തിലേക്കും ലയനത്തിന്റെ അല അടിച്ചുകയറുന്നുണ്ട്. പരിപാടിക്കനുസൃതമായി നടക്കുന്ന സാമ്പത്തിക വികസനത്തിന്നു ദീർഘകാലാടിസ്ഥാനത്തിലുള്ള നിക്ഷേപത്തിന്നുള്ള പരിപാടി വേണ്ടിവരും. ഇതു സുപ്രസിദ്ധ ബേങ്കുകുത്തകകളായ [1]മൂന്നു കൂററൻ ബേങ്കുകളും, നാലു കൂററൻ ബേങ്കുകളും, അഞ്ചു കൂററൻ ബേങ്കുകളും ഉപയോഗപ്പെടുത്തി. ബേങ്കുകുത്തകകളുടെ അധിപന്മാൎക്ക് ഭരണകൂടത്തിനുവേണ്ടി സംസാരിക്കുവാൻ സാധിക്കുന്ന സ്ഥിതി സംജാതമാവത്തക്കവണ്ണം ഇന്നു ബേങ്കിങ്ങ് വ്യവസ്ഥയും ഭരണകൂടവും അത്രയേറെ ഗാഢമായി പരസ്പരം കെട്ടിപ്പിണഞ്ഞു കിടക്കുകയാണ്.

സ്റ്റേററ് കുത്തക നിയന്ത്രണത്തിന്റെ ഈ നയത്തിന്റെ ഫലങ്ങളെന്തൊക്കെയാണ്? ആരുടെ താല്പര്യം സംരക്ഷിക്കുവാനാണ് ഈ നയം ആവിഷ്കരിച്ചതു്? ഉൽപാദനത്തിന്റെ വികാസത്തിൽനിന്നും മെച്ചം കിട്ടുന്നതു് ആൎക്കാണ്? ഏതെങ്കിലും ഒരു ഉൽപാദന സമ്പ്രദായം പുരോഗമനപരമോ പിന്തിരിപ്പനോ ആണെന്നു തെളിയുന്നതു് മുഖ്യമായ ഈ നാലു ചോദ്യങ്ങൾക്കും ലഭിക്കുന്ന ഉത്തരത്തിൽനിന്നാണ്.

സ്റ്റേററ്കുത്തകമുതലാളിത്വത്തിന്റെ വികാസത്തിലെ ഓരോ നടപടിയും ഓരോഘട്ടവും അതിലെ പിന്തിരിപ്പൻ സത്തയെ കൂടുതൽ കൂടുതൽ വ്യക്തമായി പുറത്തുകൊണ്ടുവന്നിരിക്കുന്നുവെന്നു പറയുവാൻ നമുക്കവകാശമുണ്ട്.

യുദ്ധാനന്തരകാലഘട്ടത്തിലെ വികസനത്തിന്റെ ഫലമായി ഏററവും വലിയ ട്രസ്റ്റുകളുടെയും ബേങ്കുകളുടെയും

---

1. BIG THREE, BIG FOUR, BIG FIVE

കയ്യിലേക്കുള്ള സാമ്പത്തികാധികാരത്തിന്റെ കേന്ദ്രീകരണം വദ്ധിച്ചിട്ടുണ്ടെന്നു വ്യക്തമായിരിക്കുന്നു. മുതലാളിത്വലോകത്തിലാകെയുള്ള വ്യാവസായികോൽപന്നങ്ങളിൽ അഞ്ചിലൊരോഹരിയിലധികംവരുന്ന സ്വത്ത് നിയന്ത്രിക്കുന്നതു് ഏററവും വലിയ നൂറു് വൻകിടകുത്തകക്കാരാണ്. മുതലാളിത്വത്തിന്റെ ചരിത്രത്തിൽ ഇതുവരെ കാണാത്തത്ര നിഷ്ഠുരമായി ലാഭം നേടിയെടുക്കുവാനുള്ള പ്രചോദനമാണ് ഇതിനെല്ലാം പുറമെ സ്റ്റേററ്കുത്തകമൂലധനത്തിന്റെ വളർച്ചകൊണ്ടുണ്ടായിട്ടുള്ളതു്. ആധുനിക ശാസ്ത്രീയ സാങ്കേതിക വിപ്ലവത്തിൻേറയും ഉൽപാദനത്തിന്റെ സാമൂഹ്യവൽക്കരണത്തിൽ കൈവന്ന പുരോഗതിയുടെയും നേട്ടങ്ങൾ കുററൻമാരായ കുത്തകകൾ തട്ടിപ്പറിച്ചു സ്വന്തമാക്കിക്കൊണ്ടിരിക്കുകയാണ്; ആ നേട്ടങ്ങളെ ജനങ്ങൾക്കെതിരായി അവർ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നുമുണ്ട്.

അവസാനമായി, സ്റ്റേററ്കുത്തകമുതലാളിത്വത്തിന്റെ വളർച്ചയുടെ ഫലമായി ഭരണാധികാരകുത്തക കയ്യടക്കിവെച്ച സാമ്പത്തിക മേധാവിഗ്രൂപ്പ് തകരുകയുണ്ടായില്ല. കുത്തകരൂപത്തിലുള്ള ക്രമീകരണത്തിന്നും നിയന്ത്രണത്തിനും തങ്ങളുടെ കയ്യശയുണ്ടായിരുന്ന എല്ലാ സംവിധാനങ്ങളും അവർ നഷ്ടപ്പെടാതെ നിലനിത്തിയിട്ടുണ്ട്. അവയ്ക്കു പുറമെ ഭരണപരമായ നിർബ്ബന്ധം ചെലുത്തുവാനുള്ള യന്ത്രവും തങ്ങളുടെ പ്രവത്തനങ്ങളിൽ ഉപയോഗപ്പെടുത്തുവാൻ അവക്കിന്നു സാധിക്കുന്നുണ്ടുതാനും. ബൂർഷ്വാപ്രചാരകന്മാർ അവകാശപ്പെടുന്നതരത്തിൽ ഫിനാൻസ് മൂലധനവും സാമ്പത്തികമേധാവികളുടെ ഭരണവും വ്യക്തികളിൽനിന്നും അതിരിണമായിട്ടല്ല നിലനില്ക്കുന്നതു്. അമേരിക്കയിലെയും പശ്ചിമയൂറോപ്പിലേയും ജർമ്മനിലേയും അദ്ധ്വാനി

ക്കുന്ന ജനതക്കുറിയാം എറ്റവും വലിയ വൻകിട ബിസിനസ്സ് മേധാവികളുടെ പേരുകൾ. റോക്ക്ഫെല്ലർമാർ, മെലോണ്ട്മാർ, റോത്ത്സ് മൈൽസുകൾ, ലദ്സാർസുകൾ, ഡിവെൻഡൽമാർ, മിഷെലിൻമാർ, ക്രൂപ്പ്സുകൾ, ഫ്ളിക്കുകൾ, മിത്സുയികൾ, ഇവാസാക്കികൾ എന്നിങ്ങനെ പോകുന്നു അവരുടെ പേരുകൾ.

സാമ്പത്തികമേധാവികളായ ഭരണാധികാരികളും കുത്തകാധിപൻമാരും ഭരണകൂടമെന്ന തിരശ്ശീലക്കുപിന്നിൽ ഒളിക്കുവാൻ എത്രതന്നെ കഠിനാധ്വാനം ചെയ്താലും, സമൂഹത്തിന്റെ ഭാവിയ്ക്കുള്ള ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറുവാൻ അവർ എത്രതന്നെ പാടുപെട്ടാലും, സ്റ്റേറ്റ് കുത്തകമുതലാളിത്വത്തിൻെറ വികാസത്തിൻെറ യുക്തിസഹജമായ പരിണാമം ബഹുജനങ്ങളുടെ ദുരന്തങ്ങൾക്കുത്തരവാദികളായ കുററവാളികളുടെ മേൽ അനിവാര്യമായും വെളിച്ചംവീശും. മുതലാളിമാരുടെ പേരു പുറത്തുവരാതെനോക്കുവാനുള്ള പ്രവണത കൂടുതൽ ശക്തിപ്പെട്ടുവരുന്നുണ്ടെങ്കിലും കുത്തകമുതലാളിമാരായ ഇത്തിൾക്കണ്ണികളുടെ കുഡുംബങ്ങളാണ് ആ കുററവാളികളെന്നു ജനങ്ങൾ മനസ്സിലാക്കാതിരിക്കയില്ല. ഈ കുഡുംബങ്ങളാണ് രാഷ്ട്രീയവും സാമ്പത്തികവുമായ സമരതന്ത്രത്തിന്നു രൂപം നൽകുന്നതിൽ നിർണ്ണായകമായ പങ്കു വഹിക്കുന്നതു്. മുതലാളിത്വരീതിയിലുള്ള ചിട്ടപ്പെടുത്തലിന്റെയും, സാമ്പത്തികപരിപാടികൾ ആവിഷ്കരിക്കുന്നതിൻേറയും, സാമ്രാജ്യത്വരീതിയിലുള്ള 'ഉൽഗ്രഥന'ത്തിൻെറയും പിന്നിലുള്ള സജീവശക്തികൾ അവരാണ്. അവർ നേരിട്ടുതന്നെ പങ്കെടുത്താലുംശരി അവരുടെ കീഴിൽ ജോലിചെയ്യുന്ന മേനേജർമാർ മുഖേന പങ്കാളിത്വം വഹിച്ചാലും ശരി കുറ്റൻമാരായ ഈ വൻ

കിടകുത്തകാധിപൻമാരാണ് സ്റ്റേറ്റ് കുത്തക-മുതലാളിത്വ ത്തിന്റെ നയത്തിനാകെ ജീവൻ നല്കുന്നത്.

രാഷ്ട്രമഭിമുഖീകരിക്കുന്ന പൊതുപ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിൽനിന്നും തൊഴിലാളിവർഗ്ഗത്തെ, ബഹുജനങ്ങളെ, തടഞ്ഞുനിർത്തുന്നതു സ്റ്റേറ്റ് കുത്തകമുതലാളിത്തമാണ്. ഈ കുത്തകാധിപന്മാരുടെ സർവ്വശക്തസ്വഭാവം ജനങ്ങൾക്കു ദൈനംദിനജീവിതത്തിൽ അനുഭവപ്പെടുന്നുണ്ട്. മാത്രമല്ല അവർ രാഷ്ട്രത്തിന്റെ താൽപര്യങ്ങൾക്കെതിരായ നയമാണ് തുടർന്നുകൊണ്ടിരിക്കുന്നതും. തൊഴിലാളികളും മുതലാളികളും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെ ഒരു പുതിയ രൂപത്തെപ്പററി പറയുവാൻ നമുക്കിന്നു കഴിയും— തൊഴിലാളിവർഗ്ഗവും സ്റ്റേറ്റ്കുത്തക മുതലാളിത്വവും തമ്മിലുള്ള വൈരുദ്ധ്യം. ഇന്നു തൊഴിലാളിവർഗ്ഗത്തിന്നു നേരിടുവാനുള്ളത് ഭരണക്കൂടവും കുത്തകകളും ചേർന്നിട്ടുണ്ടാവുന്ന സംയുക്തമായ ശക്തിയെയാണ്. സ്റ്റേറ്റ്കുത്തകമുതലാളിത്തത്തിന്റെ സാമ്പത്തികസംവിധാനങ്ങളാകെയും സാമ്പത്തിക നയവും അദ്ധ്വാനിക്കുന്ന ജനങ്ങൾക്കെതിരായിട്ടാണു പ്രവർത്തിക്കുക. അതുകൊണ്ടാണ് അദ്ധ്വാനിക്കുന്ന ജനത നടത്തുന്ന സാമ്പത്തികസമരത്തിന്നു ഭരണകൂടത്തിനെതിരായ ഒരു സമരത്തിന്റെ പദവി ലഭിക്കുന്നത്. അതിൽ രാഷ്ട്രീയസമരത്തിന്റെ ചില അംശങ്ങൾ കാണാം. കുത്തകകൾ നല്കുന്ന സാമ്പത്തികമായ ഉത്തരവുകൾക്കെതിരായി ഇടത്തരക്കാരും കുത്തകതരസ്വഭാവമുള്ള മുതലാളിമാരും നടത്തുന്ന സമരങ്ങൾക്കും അതേതരത്തിൽത്തന്നെ ഒരു രാഷ്ട്രീയസ്വഭാവം വന്നുചേരുന്നുണ്ട്.

സമൂഹത്തിൽ വമ്പിച്ച ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ സാമ്പത്തികതാല്പര്യങ്ങൾക്കെതിരായി മാത്രമല്ല സാമ്പ

ത്തിക മേധാവികളായ ഭരണാധികാരികൾ തങ്ങളുടെ നയം പ്രാവൎത്തികമാക്കുന്നതു്. സമൂഹത്തിന്റെ നിലനില്പിന്നുതന്നെ അവർ ഒരു ഭീഷണി ഉയൎത്തിയിരിക്കുന്നു. യുദ്ധവ്യവസായ വിഭാഗത്തെ നിയന്ത്രിയ്ക്കുന്നവരും ന്യൂക്ലിയർ—മിസ്സൈൽ പടക്കോപ്പുകൾക്കുവേണ്ടിയുള്ള പന്തയത്തിൽനിന്നും ഭീമമായ തുകകൾ ലാഭമായി തട്ടിയെടുക്കുന്നവരുമായ ഒരു പിടി കുത്തകാധിപൻമാരെയാണ് ഇതു പ്രധാനമായും ബാധിയ്ക്കുക. സൈനികമേധാവിത്വത്തിന്റെ നയം അഗാധമായ കുഴപ്പത്തിൽകൂടി കടന്നുപോകയാണെന്നിരിക്കിലും, സൈനികമായ സമരതന്ത്രത്തിലും സാൎവ്വദേശീയമായ ബന്ധങ്ങളിലും പ്രസ്തുത നയം പൂൎണ്ണമായും പരാജയമടഞ്ഞിരിക്കുന്നുവെന്നിരുന്നാലും കുത്തകകൾ ആയുധപന്തയം ഉപേക്ഷിക്കുവാൻ ആഗ്രഹിയ്ക്കുന്നില്ല. ഫാസിസത്തെ പുനൎജ്ജീവിപ്പിക്കുവാനുള്ള പരിശ്രമങ്ങൾ കുത്തകമുതലാളിമാർ ഉപേക്ഷിച്ചിട്ടില്ല ഫാഷിസ്റ്റ്കളോ അൎദ്ധഫാഷിസ്റ്റുകളോ ഫാഷിസ്റ്റനുകൂലികളോ ആയ ഗ്രൂപ്പുകൾക്ക് അവർ പ്രോത്സാഹനവും പിൻതുണയും നല്കുന്നു. സാമ്പത്തികമേധാവിത്വമുള്ള ഭരണാധികാരികളിൽ ഏററവും പിന്തിരിപ്പനായ വിഭാഗത്തിന്റെ ഭീകരമായ സൎവ്വാധിപത്യം പുനസ്ഥാപിയ്ക്കുവാൻ സാധിക്കുമെന്നു സ്വപ്നം കാണുന്നവയാണ് ഈ ഗ്രൂപ്പുകൾ. എന്നിരുന്നാലും ഫാഷിസ്റ്റ് നുകത്തിൽ നിന്നും ഫാഷിസ്റ്റ് നയത്തിന്റെ ഫലമായും ദുരിതങ്ങളനുഭവിക്കേണ്ടുന്ന ബഹുജനങ്ങളിൽ വമ്പിച്ചൊരു വിഭാഗം നടത്തിക്കൊണ്ടിരിയ്ക്കുന്ന രാഷ്ട്രീയപ്രവൎത്തനത്തെ കണക്കിലെടുക്കുവാൻ കുത്തകബൂർഷ്വാസി നിൎബ്ബന്ധിതരായിട്ടുണ്ട്. ഇത്തരം പരിതസ്ഥിതികളിൽ ഫാഷിസ്റ്റുകളെ സജീവപ്രവൎത്തനത്തിലിറക്കിയാൽ ബഹുജനങ്ങളിൽനിന്നും കൂടുതൽ

പ്രബലമായ തിരിച്ചടി ലഭിക്കുമെന്നും കുത്തക ബൂർഷ്വാസി മനസ്സിലാക്കുന്നുണ്ട്.

നിലവിലുള്ള നയത്തിൽ വലത്തോട്ടുള്ള വ്യതിയാനം വരുത്തുവാനുള്ള സംരംഭങ്ങളെ ബഹുജനങ്ങൾ ശക്തമായി എതിർക്കുന്നതായിരിക്കുമെന്നും അനുഭവങ്ങൾ തെളിയിക്കുന്നുണ്ട്. ഇതു യൂറോപ്പിനു മാത്രമല്ല, യുണൈറഡ് സ്റ്റെയ്റ്റ്സിനും ബാധകമാണ്. ഉദാഹരണമായി ഇററലിയിലെ രാഷ്ട്രീയജീവിതത്തെ വലത്തോട്ടു തിരിക്കുവാനുള്ള തംബ്രോണി ഗവർമെൻറിൻെറ പരിശ്രമം ബഹുജനങ്ങളുടെ സമ്മർദ്ദത്തിൻെറ ഫലമായിത്തന്നെ പരാജയത്തിൽ കലാശിച്ചതു് പരക്കെ അറിയാവുന്ന കാര്യമാണ്.

ഇതു മനസ്സിലാക്കിയിട്ടാണ് കുത്തകകളുടെ ആധിപത്യം ശക്തിപ്പെടുത്തുവാനും ജനാധിപത്യശക്തികളെ മർദ്ദിച്ചമർത്തുവാനും വേണ്ടി നടത്തുന്ന ശ്രമങ്ങളിൽ കുത്തകബൂർഷ്വാസി കൂടുതൽ അയവേറിയ അടവുകൾ സ്വീകരിക്കുന്നതു്. ഒരു വശത്ത് ഈ കുത്തക മുതലാളിമാർ സ്വേച്ഛാധിപത്യപരമായ ഭരണസംവിധാനത്തെ ശക്തിപ്പെടുത്താൻ ശ്രമിക്കുന്നു. പാർലിമെൻറിൻെറയും ഇതര സംഘടനകളുടെയും ജനധിപത്യപരമായ പരിവേഷം നിലനിർത്തിക്കൊണ്ട്തന്നെ ഈ ഭരണസ്ഥാപനങ്ങൾക്കു യഥാർത്ഥത്തിലുള്ള ശക്തി ഫലത്തിൽ നിഷേധിക്കുകയും ഒരു കൂട്ടം വ്യക്തികളുടെ കയ്യിലോ അഥവാ ഏതെങ്കിലും ഒരു വ്യക്തിയുടെ കയ്യിലോ അധികാരം മുഴുവൻ കേന്ദ്രീകരിക്കുകയും ചെയ്യുവാനാണ് കുത്തക മുതലാളിമാർ ശ്രമിക്കുന്നതു്. പാർലിമെൻറിനു പിന്നിലുള്ള അണിയറയിൽവെച്ചാണ് എല്ലാ തീരുമാനങ്ങളും എടുക്കുന്നതു്. ചിലപ്പോൾ ഗവർമെൻറുകൾ അ

റിയാതെ തീരുമാനങ്ങൾ എടുക്കപ്പെട്ടും. നിലവിലുള്ള സ്വേച്ഛാഭരണത്തിൻെറ പാവകൾ മാത്രമാണ് നാം കാണുന്ന ഗവർമെൻറുകൾ.

മറുവശത്ത് തൊഴിലാളിവർഗ്ഗത്തെ കീഴടക്കുവാനും ട്രെയ്ഡ്യൂനിയനുകളേയും ഇതര സംഘടനകളേയും സ്റ്റേററ് കുത്തകമുതലാളിത്തത്തിൻെറ സാമ്പത്തിക സംവിധാനങ്ങളുടെ അനുബന്ധമാക്കി മാററുവാനും കുത്തക ബൂർഷ്വാസി പരിശ്രമിയ്ക്കുന്നു. വ്യവസായസ്ഥാപനങ്ങൾ, സാമ്പത്തിക മന്ത്രിമാരുടെ കാര്യാലയങ്ങൾ, പൊതുവിപണി സംഘടനകൾ മുതലായവയിൽക്കൂടി നിഗൂഢമായ പല മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ടു അയഥേറിയ രൂപങ്ങളിലാണ് ഈ പ്രവർത്തനങ്ങളെല്ലാം നടത്തപ്പെടുന്നതു്. തൊഴിലാളിവർഗ്ഗത്തേയും ബഹുജനങ്ങളേയും അറിയിക്കാതെ മുഖ്യമായ രാഷ്ട്രീയ സാമ്പത്തിക കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കുക, സ്റ്റേററ് കുത്തകമുതലാളിത്തത്തിൻെറ താല്പര്യങ്ങൾക്കു വിധേയമാംവണ്ണം തൊഴിലാളിസംഘടനകളെ അടിമപ്പെടുത്തുക, കുത്തകകളുടെ സാമ്പത്തികനയങ്ങളെ അംഗീകരിക്കുവാൻ അവരെ നിർബ്ബന്ധിതരാക്കുക എന്നീ കാര്യങ്ങൾ നേടുക മാത്രമാണ് ഇത്തരം സൂത്രപ്പണികളുടെ ഏകോദ്ദേശം.

അത്തരത്തിലുള്ള ഒരു പരിതഃസ്ഥിതിയിൽ ട്രെയ്ഡ് യൂനിയനുകളുടേയും ഇതര തൊഴിലാളി സംഘടനകളുടേയും സ്വാതന്ത്ര്യം നിലനിത്തുകയെന്നതു് സവിശേഷപ്രാധാന്യമുൾക്കൊള്ളുന്ന ഒരു പ്രശ്നമായി തീൎന്നിരിയ്ക്കുന്നു.

സ്റ്റേററു് കുത്തകനിയന്ത്രണങ്ങളുടെ ഫലമായി രാഷ്ട്രത്തിന്നു പൊതുവായുള്ള രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിൽ തൊഴി

ലാളിവർഗ്ഗം കൂടുതൽ സജീവമായി ഇടപെടേണ്ടതുമെന്നതു് അ ടിയന്തരപ്രാധാന്യമുള്ള ഒരു കടമയായി തീർന്നിരിക്കുന്നു. ഈ പുതിയ ചുററുപാടിൽ സ്റ്റേററ് കുത്തകമുതലാളിത്തത്തി ന്നെതിരായ സമരത്തിന്നു കമ്യൂണിസ്റ്റ്പാർട്ടികൾ പുതിയ രൂപങ്ങൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്.

നമ്മുടെ സമരവുമായി ബന്ധപ്പെട്ട് വമ്പിച്ച പ്രാധാ ന്യമുള്ള മറെറാരു പ്രശ്നം ഉയർന്നുവന്നിട്ടുണ്ട്. സ്റ്റേററു്കുത്ത കരൂപത്തിലുള്ള നിയന്ത്രണങ്ങളുടെയും ആസൂത്രണങ്ങളുടെ യും പരിധികൾ എന്തൊക്കെയാണ്? അവയെ നിർണ്ണയിക്കു ന്ന ശക്തികളേതൊക്കെയാണ്?

ഒന്നാമതായി, ഉല്പാദനോപകരണങ്ങളിന്മേലുള്ള സ്വ കാര്യ ഉടമസ്ഥതയാണുള്ളതു്. കഴിഞ്ഞ ആറു വർഷങ്ങ ളായി മുതലാളിത്തത്തിൽ പല മാററങ്ങളും വന്നുചേർന്നിട്ടു ണ്ട്. എന്നാൽ അതിൻെറ സ്വകാര്യമൂലധനസ്വഭാവം മാ റാതെ നിലനിന്നുവരുന്നു. മുതലാളിത്തം സ്റ്റേററു് കുത്തക കളുടെ രൂപംപ്രാപിച്ചതുകൊണ്ടൊന്നും ഈ സ്വഭാവം മാ റുവാൻ സാധിക്കയില്ല. "......ഒരു പ്രത്യേക മുതലാളിക്കു പകരം മുതലാളിമാരുടെ സംഘടനതന്നെയാണ് പ്രവർത്ത നം നടത്തുന്നതെന്നിരിക്കിലും മുതലാളിത്തോല്പാദനം സാ രാംശത്തിൽ സ്വകാര്യോല്പാദനം തന്നെയാണ്."* —എന്നു മാർക്സ് പ്രസ്താവിച്ചതു് മുമ്പെന്നത്തെക്കാളും ഇന്നു സത്യ സന്ധമായിട്ടാണ് അനുഭവപ്പെടുന്നതു്. "സ്റ്റേററ് സമ്പദ് വ്യവസ്ഥ" വളർന്നുവന്നതിന്നു ശേഷവും മുതലാളിത്തവ്യവ സ്ഥയുടെ അടിത്തറയായി നിലനില്ക്കുന്നതു് സ്വകാര്യക്കുത്ത കകൾതന്നെയാണ്. ഇതിൽനിന്നും ഉടലെടുത്തതാണ് മു

* K. Marx and F. Engels, Works, Vol 24 p, 275

തലാളിത്തരീതിയിലുള്ള ആസൂത്രണങ്ങളുടെ സ്വഭാവം. ശി പാൾകളിലും നിർദ്ദേശങ്ങളിലും പരിമിതപ്പെട്ടത്തിയ പരി പാടികളാണ് അവരുടേതു്. പൊതുമേഖല വിപുലീകരി ക്കുന്നതു് അവർ ഇഷ്ടപ്പെട്ടുന്നില്ല. സ്റ്റേററ് മേഖലയുടെ വളൎച്ച്യുടെ ഫലമായി ഉല്പാദനത്തിൻെറ അടിത്തറതന്നെ സ്വകാൎയ്യസ്വത്താണെന്ന ധാരണ പൂൎണ്ണമായും അവഹേളി ക്കപ്പെട്ടേയ്ക്കുമെന്ന ഭയവും അവൎക്കുണ്ട്. സ്റ്റേററു് മേഖല ഏററവുമധികം വികാസം നേടിയിട്ടുള്ള സാമ്രാജ്യത്വരാഷ്ട്ര ങ്ങളിൽപോലും അതു സ്വകാൎയ്യകുത്തകകൾക്കു വിധേയമാ യിട്ടാണ് നിലകൊള്ളുന്നതു്. സമ്പദ്‌വ്യവസ്ഥയിലെ മർ മ്മപ്രധാനമായ സ്ഥാനമൊന്നും ഒരിടത്തും സ്റ്റേറ്റ്മേഖലയ്ക്കു ലഭിച്ചിട്ടില്ല. സ്റ്റേറ്റിൻെറ ഉടമസ്ഥതയുടെ വളൎച്ചയ്ക്കും സ്റ്റേറ്റിൻെറ സാമ്പത്തികപ്രവൎത്തനങ്ങളുടെ വിപുലീകരണ ത്തിന്നും സ്റ്റേറ്റിൻെറ കയ്യിൽ മിച്ചവില കേന്ദ്രീകരിച്ചു നില്ക്കുന്നതിന്നും വ്യക്തമായ പരിമിതികൾ ഉണ്ട്. അതു് ലംഘിക്കുവാൻ പാടില്ല. കാരണം അത്തരം ലംഘനങ്ങൾ കുത്തകകളുടെ അധികാരശക്തിയും മുതലാളിത്തസമ്പദ്‌വ്യ വസ്ഥയുടെ അടിത്തറയ്ക്കും നേരിട്ടിട്ടുള്ള ഒരു ഭീഷണിയായി ത്തീരും.

രണ്ടാമതു്, സമൂഹത്തിൻെറ ആവശ്യങ്ങളുമായി പൊ രുത്തപ്പെടത്തക്കവണ്ണം ഉപഭോഗവസ്തുക്കൾ നൽകുവാൻ കഴിവുള്ള യുക്തിപൂൎവ്വമായ ഒരു സംവിധാനം സൃഷ്ടിക്കുവാൻ ഇന്നു മുതലാളിത്തത്തിന്നു സാദ്ധ്യമല്ല. തൊഴിലാളിവൎഗ്ഗ ത്തിന്നും അധ്വാനിയ്ക്കുന്ന ജനതയ്ക്കാകെയും എത്രകണ്ട് ഉപ ഭോഗവസ്തുക്കൾ ലഭിയ്ക്കണമെന്നു് നിൎണ്ണയിക്കുന്നതു് ഉൽപാ ദനശക്തികളുടെ പുരോഗതിയല്ല, നേരെമറിച്ചു് മുതലാളി ത്തചൂഷണത്തിൻെറ നിയമങ്ങളും, അധ്വാനശക്തിയുടെ

വിലയുമാണ്ട് അതിന്നു പരിമിതികൾ വിധിയ്ക്കുന്നതു്. അധ്വാനശക്തിയുടെ വില പരമാവധി ചുരുക്കുവാനാണ് മുതലാളിമാർ ശ്രമിക്കുന്നതു്. ഇത്തരത്തിൽ ഉൽപാദനവും ഉപഭോഗവും തമ്മിലുള്ള വൈരുദ്ധ്യം പൂർണ്ണമായ രീതിയിൽ നിലനില്ക്കുന്നു.

ആധുനികജീവിതം സാമ്പത്തികവും സാമൂഹ്യവുമായ പുതിയ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ടുവന്നിട്ടുണ്ട്. സാർവ്വത്രികമായ വിദ്യാഭ്യാസത്തിന്റെ നിലവാരം കൂടുതൽ ഉയർന്നതായിരിക്കണമെന്നതു് ഒഴിച്ചുകൂടാത്ത ഒരാവശ്യമായി തീർന്നിരിക്കയാണ്. കാരണം ആററം, ഇലക്ട്രോണിക്ക്സ്, ഓട്ടോമേഷൻ, കെമിക്കലൈസേഷൻ, [1]സൈബർനെറ്റിക്ക്സ് എന്നിവയുടെ യുഗത്തിന്നനുയോജ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം നേടുവാൻ പൊതു വിദ്യാഭ്യാസനിലവാരം ഉയർത്താതെ നിവൃത്തിയില്ല. ജോലിചെയ്യുന്നവർക്ക് വീണ്ടും പരിശീലനം നല്കുന്നതിന്നും സാമൂഹ്യസംരക്ഷണത്തിന്നും ആരോഗ്യം മുതലായ സാമൂഹ്യക്ഷേമപ്രവർത്തനത്തിന്നും നഗരങ്ങളും സാമൂഹ്യ സ്ഥാപനങ്ങളും അഭിവൃദ്ധിപ്പെടുത്തുന്നതിന്നും ദേശവ്യാപകമായതോതിൽ പല നടപടികളും എടുക്കേണ്ടതായിവരുന്നു. അമേരിക്കൻ സാമ്പത്തികവിദഗ്ദ്ധനായ ഗാൽബ്രെയ്ത്തിനെപ്പോലെയുള്ള ഉദാരമനസ്കരായ ശാസ്ത്രജ്ഞന്മാർപോലും സമ്മതിക്കുന്നുണ്ട് ഈ പ്രശ്നങ്ങൾക്കൊന്നും സ്വകാര്യ മുതലാളിത്വസ്ഥാപനങ്ങളേയോ സ്റ്റേററ് കുത്തക സംവിധാനത്തേയോ അടിസ്ഥാനമാക്കി പരിഹാരം കാണുവാൻ സാദ്ധ്യമല്ലെന്നു.

മൂന്നാമത്, ആധുനിക ഉൽപാദന ശക്തികളിൽ അന്തർലീനമായിട്ടുള്ള വികസന സാദ്ധ്യതകൾക്കനുയോജ്യമാ

1. Cybernetics

KOTTAYAM PUBLIC LIBRARY KOTTAYAM

യതോതിൽ കമ്പോളത്തിൻെറ വികസനത്തിന്നു് ഉററുപ്പാനൽകുവാൻ സ്റ്റേററ് കുത്തക മുതലാളിത്തത്തിന്നു കഴിവില്ല. ആഭ്യന്തര മാക്കററിനെമാത്രം അവലംബമാക്കിക്കൊണ്ടു ഉൽപന്നങ്ങളെ വിററഴിക്കേണ്ടുന്ന പ്രശ്നം പരിഹരിക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷ യാതൊരു സാമ്രാജ്യത്വരാഷ്ട്രത്തിന്നും ഉണ്ടാവാനിടയില്ല. കാരണം ആ രാജ്യങ്ങളിലെ ആഭ്യന്തരമാക്കററിൽ ഭൂരിപക്ഷം ജനങ്ങളും സ്വത്തിന്നവകാശമില്ലാത്ത പാവങ്ങളാണല്ലോ. കമ്പോളത്തെ വിപുലീകരിക്കുവാൻ പുതിയ പ്രദേശങ്ങളിലേയ്ക്കു വ്യാപിക്കണമെന്നാണ് സാമ്രാജ്യത്വരാഷ്ട്രങ്ങൾ ആശിയ്ക്കുന്നതു്, ലോകകമ്പോളത്തിൽ നടക്കുന്ന മാത്സര്യപൂൎണ്ണമായ സമരങ്ങളിൽകൂടി സ്റ്റേററ് കുത്തക മുതലാളിത്തം തങ്ങളുടെ താല്പൎയ്യങ്ങൾക്കു മുൻഗണന നേടിക്കൊടുക്കുമെന്നാണ് എല്ലാ കുത്തക മുതലാളിമാരും പ്രത്യാശിയ്ക്കുന്നതു്. അതുകൊണ്ടാണ് മുതലാളിത്ത വ്യവസ്ഥയാകെ ഇന്നത്തെ പുതിയ ഘട്ടത്തിലേയ്ക്കു പ്രവേശിച്ചതു്. ഇന്നത്തെ ഘട്ടത്തിൽ ലോകരംഗത്തു മാർക്കററിന്നുവേണ്ടിയുള്ള സമരം നടത്തുന്നതു് രാഷ്ട്രത്തിൻെറ പിൻതുണയോടെ വ്യക്തികളായ കുത്തക മുതലാളിമാരോ അവരുടെ സംഘങ്ങളോ അല്ല. ഭരണാധികാരം കയ്യടക്കിയ സാമ്പത്തിക മേധാവികളുടെ പ്രതിനിധികളായ ഗവർമ്മെൻറുകളും സ്റ്റേററ് കുത്തകകളുടെ അന്താരാഷ്ട്രീയ സഖ്യങ്ങളുമാണു് ഇന്നു് ഈ സമരം നടത്തുന്നതു്.

മുതലാളിത്ത മാർക്കററിൻെറ സ്വയംപ്രേരിതസ്വഭാവം ഇല്ലാതാക്കുവാൻ സ്റ്റേററ് കുത്തക നിയന്ത്രണത്തിന്നു തീരേ സാധിച്ചിട്ടില്ലെന്നാണ് ഇതെല്ലാം കാണിക്കുന്നതു്. കുഴപ്പങ്ങളുടെ സാമ്പത്തികാടിസ്ഥാനം നശിപ്പിക്കപ്പെട്ടിട്ടില്ല. ഈ ഗൌരവമേറിയ രാഷ്ട്രീയ സാമൂഹ്യ സംഘാതങ്ങൾ

ഉളവാക്കുവാൻ പോരുന്നതും ദീർഘകാലത്തേയ്ക്കു നിലനിൽക്കുന്നതുമായ ആഴമേറിയ കുഴപ്പങ്ങളെ തടയുവാൻമാത്രമേ സ്റ്റേറ്റ് കുത്തക നടപടികൾകൊണ്ടു സാദ്ധ്യമായിട്ടുള്ളൂ. ഇന്നത്തെ ഘട്ടത്തിൽ കുഴപ്പങ്ങൾ തടയുന്നതിന്നായി സ്റ്റേറ്റ് കുത്തക മേധാവികൾ എടുക്കുന്ന നടപടികൾ സാമ്പത്തികവളച്ച്യുടെ തോതു താഴ്ത്തുന്നതിന്നിടവരുത്തുന്നുണ്ട്. അതും താരതമ്യേന ആഴംകുറഞ്ഞ കുഴപ്പങ്ങളും ചേർന്നു വരുമ്പോൾ പലപ്പോഴും വമ്പൻ കുഴപ്പങ്ങളുടെ പ്രത്യാഘാതങ്ങൾതന്നെ ഉണ്ടാക്കിയെന്നുംവരാം. എന്നാൽ സാമ്രാജ്യത്വ നാടുകൾക്കകത്തുള്ള മാർക്കററിന്റെ സ്വയംപ്രേരിത സ്വഭാവം ഇല്ലായ്മചെയ്യുവാൻ സ്റ്റേററ് കുത്തക മുതലാളിത്തത്തിന്നു സാദ്ധ്യമാവാത്തനിലക്ക് അതിന്നു ലോകമുതലാളിത്തവ്യവസ്ഥയെയാകെ ആസൂത്രണംചെയ്യുന്നതിന്നുറപ്പുവരുത്തുവാൻ തീരെ സാദ്ധ്യമാകയില്ലെന്നു തീർച്ചയാണ്.

ബൂർഷ്വാവ്യവസ്ഥയെ തകർച്ചയിൽനിന്നും തടഞ്ഞുനിർത്തേണ്ടുന്ന ഉദ്ദേശ്യത്തോടെ ഭരണകൂടം എടുക്കുന്ന നടപടികൾ കുത്തക മൂലധനത്തിന്നു് പുതിയ ചൈതന്യം നൽകുന്നു. എന്നാൽ അതേയവരത്തിൽ സ്വകാര്യകുത്തക സംവിധാനവുമായി പൊരുത്തപ്പെടാത്തത്ര വിപുലമായ തോതിൽ നടക്കുന്ന അത്തരം നടപടികൾ അദ്ധ്വാനശക്തിയെ മുതലാളിത്തരീതിയിൽതന്നെ സാമൂഹ്യവൽക്കരിക്കുന്നു. ഒരു വശത്ത് കുത്തകകളെ കൂടുതൽ സമ്പന്നരാക്കുവാനും മുതലാളിത്തവ്യവസ്ഥയെ സംരക്ഷിക്കുവാനും ഉദ്ദേശിച്ചുകൊണ്ട് കുത്തകകളുടെ അധികാരവും ഭരണകൂടത്തിന്റെ അധികാരവും ഒരേ സംവിധാനത്തിൽ ലയിക്കുന്നതു നാം കാണുന്നു. മറുവശത്ത് സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനത്തിന്നാവശ്യമായ ഭൗതികമായ മുൻ ഉപാധികൾ വികസിച്ചുവരുന്ന

ത്തും നമുക്കു കാണാം. സി. പി. എസ്. യുവിന്റെ പരിപാടിയിൽ പറയുന്നതു നോക്കുക:—ബൂർഷ്വാസി പ്രതീക്ഷിക്കുന്ന തരത്തിൽ, മുതലാളിത്തവ്യവസ്ഥയെ കരകയററി രക്ഷപ്പെടുത്തുന്നതിന്നുപകരം സ്റ്റേററ് കുത്തക മുതലാളിത്തം മുതലാളിത്തത്തിലെ വൈരുദ്ധ്യങ്ങൾ മൂർഛിപ്പിക്കുകയും അതിന്റെ അസ്ഥിവാരം തകർക്കുകയുംചെയ്യും. അത്തരത്തിലുള്ളതാണ് സ്റ്റേററ് കുത്തക മുതലാളിത്തത്തിന്റെ വൈരുദ്ധ്യാധിഷ്ഠിത സ്വഭാവം."

സ്റ്റേററ് കുത്തക മുതലാളിത്തം സാമ്രാജ്യത്വത്തിന്റെ സ്വഭാവത്തിനു മാററംവരുത്തുന്നില്ല. സാമൂഹ്യോൽപാദനത്തിൽ അടിസ്ഥാനവർഗ്ഗങ്ങളുടെ സ്ഥാനങ്ങൾക്കു മാററം വരുത്തുന്നില്ലെന്നു മാത്രമല്ല അതിനുനേരെ എതിരായി തൊഴിലാളികളും മുതലാളിമാരും തമ്മിലും കുത്തകകളും രാഷ്ട്രത്തിലെ ഭൂരിപക്ഷം ജനങ്ങളും തമ്മിലും നിലനിൽക്കുന്ന അഗാധഗർത്തത്തിന്നു ആഴം കൂട്ടുകയാണ് അതു ചെയ്യുക. സാമൂഹ്യസമരത്തിന്റെ രംഗത്ത് അഭിമുഖമായി അടരാടുന്ന രണ്ടു മുഖ്യമായ ശക്തികൾ ക്രമേണ കൂടുതൽ കൂടുതൽ വ്യക്തമായ രൂപം കൈക്കൊണ്ട് ഉയന്നുവരുന്നു. സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കുവാൻ ഭരണാധികാരത്തിന്റെ ശക്തിയെ ചൂഷണംചെയ്തു പ്രയോഗപ്പെടുത്തുന്ന കുത്തക മുതലാളിമാരും കുത്തകക്കാരുടെ മർദ്ദനത്തിൽനിന്നും ദുരിതമനുഭവിക്കുന്ന ജനവിഭാഗങ്ങളെയാകെ ഒരു കുത്തക വിരുദ്ധമുന്നണിയിൽ അണിനിരത്തുന്ന തൊഴിലാളിവർഗ്ഗവും.

പ്രധാനപ്പെട്ട ഒരൊറ്റ സാമൂഹ്യപ്രശ്നമെങ്കിലും ജനങ്ങൾക്കനുകൂലമായ തരത്തിൽ പരിഹരിക്കുവാൻ സ്റ്റേററ് കുത്തക മുതലാളിത്തത്തിന്നു ഇന്നുവരെ സാധിച്ചിട്ടില്ല; മേലിൽ സാ

ധിക്കുകയുമില്ല. തൊഴിലാളി വൎഗ്ഗത്തെ, അധ്വാനിക്കുന്ന ജനങ്ങളെയാകെ, മുതലാളിത്തചൂഷണത്തിൽനിന്നും സാമൂഹ്യവും ദേശീയവും വൎണ്ണപരവുമായ മൎദ്ദനങ്ങളിൽനിന്നും അതു വിമോചിപ്പിച്ചിട്ടില്ല. തൊഴിലില്ലായ്മ അവസാനിപ്പിയ്ക്കുമെന്നും ജോലിചെയ്യുവാനും നീതിയുക്തമായ പ്രതിഫലം ലഭിക്കുവാനുമുള്ള അവകാശം സുരക്ഷിതമാണെന്നും ഉറപ്പു നൽകുവാൻ മുതലാളിത്തത്തിന്നു സാധിച്ചിട്ടില്ല; സാധിക്കുകയുമില്ല. യുണൈറ്റഡ് സ്റ്റേയിറ്റ്സിലും മറ്റു പല സാമ്രാജ്യത്വരാജ്യങ്ങളിലും അംഗീകരിക്കപ്പെട്ട ജോലിനിയമങ്ങൾ കേവലം വഞ്ചനമാത്രമാണെന്നു തെളിഞ്ഞിരിക്കുന്നു. വിപുലമായ പ്രദേശങ്ങളിലെ ബഹുജനങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്ന ഉൽപാദനമാന്ദ്യം, ദാരിദ്ര്യം, പട്ടിണി മുതലായ ദുരിതങ്ങൾ തുടച്ചുനീക്കുവാൻ മുതലാളിത്തത്തിന്നു കഴിഞ്ഞിട്ടില്ല. നമ്മുടെ കാലഘട്ടത്തിലെ ഒരു പ്രധാന പ്രശ്നമായ കാർഷികപ്രശ്നം ഇനിയും പരിഹാരംകാണാതെ കിടക്കുകയാണ്. സ്റ്റേറ്റ്കുത്തകമുതലാളിത്തം മുതലാളിത്തപരമായ അരാജകത്വത്തെ അവസാനിപ്പിച്ചിട്ടില്ല. ജനങ്ങൾക്കാകെ ആധുനിക വിദ്യാഭ്യാസവും സൗജന്യമായ വൈദ്യസഹായവും സാമൂഹ്യ ഇൻഷ്വറൻസും ലഭിയ്ക്കുമെന്നതിന്നുറപ്പുവരുത്തുവാൻ അതിന്നു സാധിച്ചിട്ടില്ല. ഇത്തരം സാമൂഹ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് ബഹുജനങ്ങൾ ആവശ്യപ്പെടുന്നതോടെ സ്റ്റേറ്റ്കുത്തകമുതലാളിത്തം അതിൻെറ പിന്തിരിപ്പൻസ്വഭാവം വൎദ്ധമാനമായ തോതിൽ പ്രകടമാക്കുകയാണു ചെയ്യുന്നത്.

സമൂഹത്തിലുള്ള കുത്തക വിരുദ്ധ വിഭാഗങ്ങളുടെയാകെ പിൻതുണ നേടിക്കൊണ്ടു തൊഴിലാളിവൎഗ്ഗത്തിന്നു മാത്രമേ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണുവാൻ സാ

ധിക്കുകയുള്ളൂ. സ്റ്റേറ്റ് കുത്തക മുതലാളിത്തത്തിന്റെ പിന്തിരിപ്പൻനടപടികൾക്കെതിരായി സ്വന്തം സമരപരിപാടിയും ജനങ്ങളുടെ താല്പര്യങ്ങൾക്കനുസൃതമായ മൗലിക പരിഷ്കാരങ്ങളും മുന്നോട്ടുവെച്ചുകൊണ്ടു തൊഴിലാളിവർഗ്ഗം ജനജീവിതത്തിലേയ്ക്കു കൂടുതൽ സജീവമായി കടന്നുവരാൻ തുടങ്ങിയിരിക്കുന്നു. ബൂർഷ്വാസമുദായത്തിൽ ഓരോ പരിഷ്കരണനടപടിയും വിപ്ലവപരമായ പരിവർത്തനങ്ങൾക്കുവേണ്ടിയുള്ള സമരങ്ങളുടെ ആരംഭം കുറിക്കുവാൻ കഴിയും; അങ്ങനെകുറിക്കേണ്ടതാവശ്യവുമാണ്. ഒരു ജനാധിപത്യപരിഷ്കാരത്തിനുവേണ്ടി പോരാടുന്നവർ അവസാനലക്ഷ്യത്തെ വിസ്മരിക്കുവാൻ പാടില്ലന്നതു അവശ്യം ഓർക്കേണ്ടതാണ്. വിപ്ലവപരമായ കാഴ്ചപ്പാടുമായി അടിയന്തരാവശ്യത്തേയും അവസാന ലക്ഷ്യത്തേയും പൊരുത്തപ്പെടുത്തണമെന്നതും അത്രതന്നെ പ്രധാനമാണ്.

സ്റ്റേററ് കുത്തകനിയന്ത്രണത്തിന്നെതിരായി ജനാധിപത്യപരമായ ഒരു ബദൽ പരിപാടി തൊഴിലാളിവർഗ്ഗം മുന്നോട്ടു കൊണ്ടുവന്നിട്ടുണ്ട്. അതു പ്രവർത്തനത്തിനുള്ള പരിപാടിയാണ്. സാമ്പത്തികവും സാമൂഹ്യവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള പരിപാടിയാണ്.

ശരിയായ ജനാധിപത്യപരിഷ്കാരങ്ങൾക്ക് വിപ്ലവപരമായ ഉള്ളടക്കമുണ്ടായിരിക്കണം. അവസാനലക്ഷ്യത്തിന്നു വേണ്ടി പോരാടുവാൻ അതു തൊഴിലാളിവർഗ്ഗത്തിനും തൊഴിൽ ചെയ്യുന്ന ഇതര ജനവിഭാഗങ്ങൾക്കും പ്രോത്സാഹനം നല്കുന്നതായിരിക്കും. റഷ്യൻ ബോൾഷെവിക്കുകാരുടെ സമരത്തിന്റെ ചരിത്രത്തിൽനിന്നു് ഇതിന്നുള്ള ഒരു സമൂർത്തമായ ഉദാഹരണം ഞാനിവിടെ ഉദ്ധരിക്കാം, തങ്ങളുടെ കാർഷിക

പരിപാടിയിൽ ബോൾഷെവിക്കുകൾ ഭൂമി ദേശസാൽക്കരണം ഉന്നയിച്ചിരുന്നുവെന്നതു പരക്കെയറിയാവുന്ന വസ്തുതയാണ്. കോൺസ്റ്റിട്യൂഷനൽ ഡെമോക്രാറ്റ്സ്[1]കാരുടെ പരിപാടിയിലും ഒരതിർത്തിവരെ ഭൂമിദേശസാൽക്കരണം ഉൾക്കൊള്ളിച്ചിരുന്നു. പക്ഷെ ഭൂമിദേശസാൽക്കരണത്തിനുള്ള അവരുടെ പരിപാടി പിന്തിരിപ്പനായിരുന്നു. എന്തുകൊണ്ടെന്നാൽ കൃഷിക്കാരുടെ പിൻപുറത്തു വെച്ച് അവരുടെ താല്പര്യങ്ങൾക്ക് ഹാനികരമായ തരത്തിൽ ഭൂവുടമകളും മുതലാളിമാരും തമ്മിലുള്ള ഒരു രഹസ്യധാരണയായിരുന്നു അവരുടെ ഉന്നം, ബോൾഷെവിക്ക്കാരെ സംബന്ധിച്ചേടത്തോളം ഭൂമി ദേശസാൽക്കരിക്കുന്നതു തീർച്ചയായും മുതലാളിത്തത്തിൻെറ വളർച്ചയ്ക്ക് വഴിതെളിയിക്കുവാൻ വേണ്ടിയായിരുന്നില്ല. സ്വന്തം സാമ്പത്തികവും രാഷ്ട്രീയവുമായ താല്പര്യങ്ങൾക്കുവേണ്ടിയുള്ള വിപ്ലവപരമായ സമരത്തിൽ കർഷകർ അണിനിരക്കുന്നതിനുള്ള പന്ഥാവായിരുന്നു ബോൾഷെവിക്കുകാരുടെ ഭൂമിദേശസാൽക്കരണ പരിപാടി. ബോൾഷെവിക്ക് പരിപാടിയുടെ വിപ്ലവപരമായ സത്ത അത്തരത്തിലുള്ളതായിരുന്നു. കാരണം വിപ്ലവപരമായ രീതിയിൽതന്നെ ഭൂമിയിന്മേലുള്ള നാടുവാഴിത്തപരമായ ഉടമസ്ഥതയും നാടുവാഴിത്താവശിഷ്ടങ്ങളും തുടച്ചുനീക്കണമെന്നു ബോൾഷെവിക്കുകാർ വിഭാവനം ചെയ്തിരുന്നു.

ഈ വീക്ഷണകോണംവെച്ചു പര്യാലോചിച്ചാൽ കുത്തകമുതലാളിമാരുടെ വാഴ്ചക്കെതിരായി ജനാധിപത്യ പരിഷ്ക്കാരങ്ങൾക്കുവേണ്ടിയും ജനാധിപത്യപരമായ പുനരുദ്ധാരണത്തിനുവേണ്ടിയും ഉന്നിതമാവുന്ന പരിപാടിയുടെ ഉള്ളടക്കം രാഷ്ട്രത്തിലെ ഭൂരിപക്ഷം ജനങ്ങളുടെയും വ്യത്യസ്ത

1. Constitutional Democrats

വർഗ്ഗങ്ങളുടെയും ജനവിഭാഗങ്ങളുടെയും താല്പര്യങ്ങൾക്കനുഗുണമായ രീതിയിൽ രണ്ടു പ്രശ്നങ്ങൾക്കും പരിഹാരം കാണത്തക്കതായിരിക്കണം. അതിന്റെ ഫലമായി വിപുലമായ ജനവിഭാഗങ്ങൾ സമരരംഗത്തിറങ്ങുകയും കുത്തകകളെ തകർത്ത് ഇടതുപക്ഷശക്തികളെ ഭരണാധികാരത്തിൽ കൊണ്ടുവരത്തക്കവണ്ണം സമരം നടത്തുകയും വേണം. അത്തരത്തിലുള്ള ഒരു സമരത്തിൽ ഒരു വിപ്ലവം ആരംഭിക്കുവാൻ സന്നദ്ധമായ ഒരു രാഷ്ട്രീയസേനയെ രൂപീകരിക്കേണ്ടതു് അത്യാവശ്യമായ കാര്യമാണ്.

ഈ സമരം നടത്തിക്കൊണ്ടിരിക്കുമ്പോൾതന്നെ തൊഴിലാളിവർഗ്ഗം സാമ്രാജ്യത്വരാഷ്ട്രങ്ങളിലെ ഭരണസംവിധാനത്തിൽ വന്നുകൊണ്ടിരിക്കുന്ന വസ്തുനിഷ്ഠമായ പരിവർത്തനങ്ങൾ പരിഗണിക്കേണ്ടതാണ്. സാമ്പത്തികജീവിതത്തിൽ ബൂർഷ്വാ ഭരണകൂടത്തിന്റെ നേരിട്ടുള്ള ഇടപെടലുകൾ വർദ്ധിക്കുന്നതിന്നനുസരിച്ചു സാമ്പത്തിക സംവിധാനത്തിന്നുള്ള സ്ഥാപനങ്ങളുടെ പങ്ക് വളർന്നുവന്നുകൊണ്ടേയിരിക്കും. സാമ്പത്തിക സംഘടനകളുടെ പ്രവർത്തനങ്ങൾ നടത്തുവാൻ സവിശേഷരീതിയിലുള്ള സ്ഥാപനങ്ങൾ നിർമ്മിക്കപ്പെട്ടും. പൊതു സാമ്പത്തിക സംയോജനത്തിന്നുള്ള സ്ഥാപനങ്ങൾ, സഹായക സ്ഥാപനങ്ങൾ—പ്രാഥമികമായും സ്ഥിതിവിവരക്കണക്കുകളും വാർത്താവിതരണവും നടത്താനുള്ള സംഘടനകൾ, സ്റ്റേററ് പ്രൊഡക്ഷൻ ബോർഡുകൾ മുതലായവ ഈ ഇനത്തിൽ പെടുന്നു; അതായതു് ദേശവൽകൃതമായ വ്യവസായങ്ങൾ നടത്തിക്കൊണ്ടുപോകുവാനുള്ള കോർപ്പറേഷനുകൾ, കമ്പനികൾ മുതലായവ. ഇന്നത്തെ മുതലാളിത്തനാടുകളിലെ സമ്പദ്‌വ്യവസ്ഥയിൽ പണമിടപാടിന്നും വായ്പകൾക്കുമുള്ള സ്റ്റേറ്റ്കേന്ദ്രങ്ങളും, സെൻട്രൽ

ബേങ്കുകളും മർമ്മപ്രധാനമായ ഒരു സ്ഥാനമാണ് വഹിയ്ക്കുന്നതു്.

ബൂർഷ്വാഭരണകൂടത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടു തൊഴിലാളിവർഗ്ഗത്തിന്നു വിപ്ലവത്തിനുള്ള പരിശീലനം നൽകുവാനുള്ള സാദ്ധ്യതകൾ മാർക്സിസം—ലെനിനിസത്തിന്റെ സ്ഥാപകന്മാർ ചൂണ്ടിക്കാണിച്ചുതന്നിട്ടുണ്ടു്. എംഗൽസ് പ്രസ്താവിച്ചതുപോലെ, ബൂർഷ്വാസി സ്വന്തം ഭരണം സംഘടിപ്പിയ്ക്കുന്നതിന്നു സഹായകമായി ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റു്സ്ഥാപനങ്ങളിൽ പൊതുവെ നോക്കിയാൽ തൊഴിലാളിവർഗ്ഗത്തിന്നു അത്തരം സ്ഥാപനങ്ങൾക്കെതിരായ സമരത്തിൽതന്നെ ഉപയോഗപ്പെടുത്താവുന്ന പലതും നിലനിൽക്കുന്നുണ്ടു്.

സ്റ്റേററ് കുത്തക മുതലാളിത്തം വികസിച്ചുകഴിഞ്ഞിട്ടുള്ള നാടുകളിൽ നടക്കുന്ന സോഷ്യലിസ്റ്റ്വിപ്ലവം കുത്തക ബൂർഷ്വാസിയുടെ ഭരണകൂടം ഇല്ലാതാക്കുകയും മർദ്ദനത്തിന്നു വേണ്ടിയുള്ള ഉപകരണങ്ങളായ സൈനിക പോലീസ് സംവിധാനങ്ങളെ തകർക്കുകയും ചെയ്യേണ്ടതുണ്ടു്. സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിയ്ക്കുന്ന വിഭാഗങ്ങൾ ഭരണകൂടത്തിലുണ്ടു്. അവയോടുള്ള സമീപനം ഇതിൽനിന്നും വ്യത്യസ്ഥമായിരിക്കും. സ്റ്റേററ് കുത്തകമുതലാളിത്ത വ്യവസ്ഥകളിൽതന്നെ സമ്പദ്വ്യവസ്ഥയെ, പ്രത്യേകിച്ചും ദേശവൽകൃതങ്ങളായ വ്യവസായങ്ങളെ ശരിയ്ക്കും മേൽനോട്ടം ചെയ്തു നടത്തിക്കൊണ്ടുപോകുവാനായി ഏർപ്പെടുത്തിയ സംഘടനാരൂപങ്ങളും സാമ്പത്തികമായ ആസൂത്രണത്തിൽ വ്യാപൃതരായിട്ടുള്ള പുതിയ സർക്കാർസ്ഥാപനങ്ങളും അർദ്ധൌദ്യോഗിക സ്ഥാപനങ്ങളും അവയുമായി ബന്ധ

പ്പെട്ട പ്രവത്തിക്കുന്ന കാര്യശേഷിയുള്ള സാമ്പത്തിക വിദഗ്ദ്ധരും ഗണിതശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ദ്ധരുമടങ്ങിയ ഉദ്യോഗസ്ഥസംഘവുമുണ്ട്. ഇവയെല്ലാംതന്നെ സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയുടെ വികാസത്തിനായി ഉപയോഗപ്പെടുത്തുവാൻ സാധിക്കും.

അധ്വാനിക്കുന്ന ജനത സ്വന്തം ദൈനംദിനാവശ്യങ്ങൾക്കായി നിഷ്കർഷയോടെ നടത്തുന്ന സമരങ്ങളുടെ ഫലമായി ഭരണയന്ത്രത്തിൻെറ ചില വിഭാഗങ്ങളെ ജനങ്ങളുടെ ഭാഗത്തേയ്ക്ക് കൊണ്ടുവരുവാൻ സാധിച്ചെന്നും വരാം.

ഒരുവശത്ത് തൊഴിലാളിവർഗ്ഗത്തിൻെറ സംഘടനയും ദൃഢതയും കൂടുതൽ ശക്തിപ്പെടുകയും ചില നാടുകളിൽ കമ്യൂനിസ്റ്റ്പാർട്ടികളുടെ നേതൃത്വത്തിൽ വളർന്നു വരികയും ചെയ്യുന്നു. മറുവശത്ത് സ്റ്റേററ് കുത്തകമുതലാളിത്തം സ്റ്റേററ് നിയന്ത്രണത്തിനുള്ള അതിൻെറ സംവിധാനങ്ങളോടൊപ്പം വികാസം പ്രാപിച്ചുവരുന്നു. ഇതു രണ്ടും ചേർന്ന് ഒരു പുതിയ പരിതസ്ഥിതി സൃഷ്ടിച്ചിരിക്കയാണ്. ബഹുജനസമരങ്ങളിൽകൂടി കുത്തകമുതലാളിമാരുടെ അധികാരശക്തിയെ കടിഞ്ഞാണിട്ടുപിടിക്കുവാനും, ഭരണകൂടത്തിൻെറ തലപ്പത്ത്നിന്നും അവരെ തള്ളിമാററുവാനും സാമൂഹ്യവ്യവസ്ഥയെ ജനാധിപത്യപരമായ രീതിയിൽ പുനസ്സംവിധാനം ചെയ്യുവാനും സാധിക്കുമെന്നു നമ്മുടെ കാലത്ത് തൊഴിലാളിവർഗ്ഗം സ്വന്തം പ്രവത്തനങ്ങളിലൂടെ തെളിയിച്ചിരിക്കുന്നു.

## വർത്തമാനകാലഘട്ടത്തിലെ സാമ്രാജ്യത്വ വൈരുദ്ധ്യങ്ങൾ

ഇന്നത്തെ ഘട്ടത്തിലെ സാമ്രാജ്യത്വ വൈരുദ്ധ്യങ്ങളുടെ സവിശേഷ സ്വഭാവങ്ങളെ പരിഗണനക്കെടുക്കാതെ നമുക്ക ലോകവ്യാപകമായി നടന്നുകൊണ്ടിരിക്കുന്ന വിപ്ലവപരമായ പ്രക്രിയയുടെ പ്രവണതകളെ പരിപൂർണ്ണമായി വിലയിരുത്തുവാൻ സാധിക്കുന്നതല്ല. ഇക്കാര്യത്തിൽ മാർക്സിസ്റ്റ് ചിന്ത അഭിമുഖീകരിക്കുന്നതു് തികച്ചും പുത്തനായ ഒരു പരിതസ്ഥിതിയേയാണ്. സാർവ്വദേശീയമായ സ്റ്റേററ് കുത്തക സ്ഥാപനങ്ങളുടെ സംഘങ്ങൾ രംഗത്തു വന്നുകഴിഞ്ഞു. അതിൻഫലമായി പല സാമ്രാജ്യത്വ രാജ്യങ്ങളിലേയും ഭരണാധികാരമുള്ള സാമ്പത്തികമേധാവികളെ ഉൾക്കൊള്ളുന്ന രാഷ്ട്രീയ സാമ്പത്തിക സഖ്യം ഉടലെടുത്തിരിക്കുന്നു.

ഈ പുതിയ പ്രക്രിയയുടെ ഏററവുമധികം സ്ഥൂലമായ ഒരു ഉദാഹരണമാണ് പശ്ചിമയൂറോപ്പിൽ നടന്ന സാമ്രാജ്യത്വപരമായ ഉൽഗ്രഥനം. ആധുനിക മുതലാളിത്തത്തിൽ

കാണുന്ന ഒരു വസ്തുതയാണ് സാമ്രാജ്യത്വോൽഗ്രഥനം. സാ മ്പത്തികമായി നോക്കിയാൽ മൂലധനത്തിന്നു വസ്തുനിഷ്ഠ മായി വന്നുചേൎന്നുകൊണ്ടിരിക്കുന്ന സാൎവ്വദേശീയസ്വഭാവ ത്തേയും, അന്താരാഷ്ട്രീയമായി നടക്കുന്ന സ്പെഷലൈസേഷൻ കൊണ്ടും ഉൽപാദനത്തിന്റെ സംയോജനംകൊണ്ടും ഉണ്ടാ വാനിടയുള്ള നേട്ടങ്ങളെ കുത്തകകൾ ഉപയോഗപ്പെടുത്തുന്ന തിനേയും അടിസ്ഥാനമാക്കിയാണ് പ്രസ്തുത ഉൽഗ്രഥനം നട ക്കുന്നതു്. സ്റ്റേററ് കുത്തക സഖ്യങ്ങളിൽക്കൂടി ലോകകമ്പോ ളത്തിന്നുവേണ്ടി നടക്കുന്ന സമരവും ഇതിന്നുള്ള അടിസ്ഥാ നം സൃഷ്ടിയ്ക്കുന്നു.

ഉൽഗ്രഥനത്തെ 1957-ൽ തന്നെ സമഗ്രവും മൗലികവു മായ രീതിയിൽ മാർക്സിസ്റ്റ്—ലെനിനിസ്റ്റ്ശാസ്ത്രം വിലയിരു ത്തുകയുണ്ടായി; അന്നു ആറു പശ്ചിമ യൂറോപ്യൻനാടുകൾ ചേൎന്നുള്ള [1]കോമൺമാക്കററ് സംഘടനാഘട്ടത്തിൽ എത്തി യിരുന്നതേയുള്ളൂ. യു. എസ്സ്. എസ്സ്. ആറിലെ സയൻസ് അക്കാദമിയുടെ ഘടകമായി പ്രവൎത്തിക്കുന്ന [2]ഇൻസ്റ്റിട്ട്യൂട്ട് ഓഫ് വേൾഡ് ഇക്കോണമി ആൻറ് ഇൻടർനേഷനൽ റിലേഷൻസ് ഉൽഗ്രഥനം സംബന്ധിച്ച തയ്യാറാക്കിയ തി ഖിസ് നാം 1962-ൽ നടന്ന യോഗത്തിൽ ചർച്ചചെയ്തു അംഗീകരിക്കുകയുണ്ടായി.

സാമ്രാജ്യത്വത്തിൻേറയും സോഷ്യലിസത്തിൻേറയും ശക്തികളുടെ ബലാബലത്തിൽ വന്ന മാററങ്ങളേയും ആധു നികമുതലാളിത്വത്തിന്റെ സമ്പദ്ഘടനയിലും നയത്തിലും വന്ന മാററങ്ങളേയും പററിയുള്ള വിശകലനത്തെ അടി

1. Common Market (പൊതുവിപണി)

2. Institute of world Economy & International Relations.

സ്ഥാനമാക്കിയാണ് നാം ഉൽഗ്രഥനത്തെ വിലയിരുത്തിയതു്.

പശ്ചിമയൂറോപ്പിലെ ചില മുതലാളിത്വനാട്ടുകളിലെ ഗവർമെൻറുകൾ നടത്തുന്ന ഒരു സമർത്ഥമായ നീക്കം മാത്രമല്ല ഉൽഗ്രഥനം. ആധുനികകാലത്തെ ഉൽപാദനശക്തികൾക്കുള്ള വസ്തുനിഷ്ഠമായ ആവശ്യങ്ങൾ നേരിടുന്നതിന്നു "സൃഷ്ടിപരമായ മാർഗ്ഗം" കണ്ടുപിടിക്കുവാനായി സാമ്രാജ്യത്വവാദികൾ നടത്തുന്ന പരിശ്രമമാണതു്. ഈ ഉൽപാദനശക്തികളാണെങ്കിൽ എത്രയോ മുൻപുതന്നെ സ്വകാര്യ ഉടമസ്ഥത ചുമത്തുന്ന പരിമിതികൾക്കപ്പുറം വളൎന്നുകഴിഞ്ഞിരുന്നു; മാത്രമല്ല സോഷ്യലിസത്തിലേയ്ക്കുള്ള പരിവൎത്തനം ഉടനെ വേണമെന്നു നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. സ്വകാര്യ മുതലാളിത്വരീതിയിലുള്ള സമ്പദ്‌വ്യവസ്ഥയെ ഉൽപാദനശക്തികളുമായി "പൊരുത്തപ്പെടുത്തുവാൻ" കുത്തകകൾക്കതിയായ കൊതിയുണ്ടു്. എന്നാൽ ദേശീയമായ അതിൎത്തികളെയെല്ലാം ഉൽപാദനശക്തികൾ അതിലംഘിച്ചുകഴിഞ്ഞിരിക്കുന്നു. കുത്തകമുതലാളിമാർ "സാമ്പത്തികമായി ഒന്നു മുന്നോട്ടു നീങ്ങുവാനുള്ള സൗകര്യം" ഉണ്ടാക്കുവാനും അതുവഴി മാർക്കററ് പ്രശ്നത്തിന്നു പരിഹാരം കാണുവാനുമാണു് ശ്രമിയ്ക്കുന്നതു്.

ഉൽഗ്രഥനത്തിൻെറ കളിത്തൊട്ടിലായി തീർന്നതു് പശ്ചിമയൂറോപ്പാണെന്നതു് ഒരു യാദൃച്ഛികസംഭവമല്ല. യൂറോപ്യൻ മുതലാളിത്തം നേരിടേണ്ടിവന്ന വിഷമതകൾ അഭൂതപൂർവ്വങ്ങളായിരുന്നു. അതിൻെറ സ്വാധീനത്തിലുണ്ടായിരുന്ന ഭൂപ്രദേശം ചുരുങ്ങിക്കൊണ്ടിരുന്നു; കോളനിസാമ്രാജ്യങ്ങൾ തകൎന്നു നിലംപതിച്ചു; തൊഴിലാളിവർഗ്ഗപ്രസ്ഥാ

KOTTAYAM PUBLIC LIBRARY KOTTAYAM.

നം ശക്തിമത്തായ രീതിയിൽ മുന്നേറിക്കൊണ്ടുവന്നു. ഇക്കാരണത്തിലാണ് പശ്ചിമയൂറോപ്പിലെ കുത്തക ബൂർഷ്വാസി ശക്തിമത്തായ രാഷ്ട്രാന്തരസംഘടനകൾ കെട്ടിപ്പടുക്കുവാൻ പ്രേരിതരായതെന്നതിന്നു സന്ദേഹമില്ല. ഈ സംഘടനകൾ മുഖേന തങ്ങളുടെ ശക്തികൾ കേന്ദ്രീകരിച്ചു അണിനിരത്തുവാനും സോഷ്യലിസത്തിനും തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിനും പുതുതായി സ്വാതന്ത്ര്യം നേടിയ ദേശീയ രാഷ്ട്രങ്ങൾക്കും എതിരായി പൊതുവായ ഒരു വർഗ്ഗസമര തന്ത്രം ആവിഷ്കരിക്കുവാനും സാധിക്കണമെന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. ഇതിന്നും പുറമെ പശ്ചിമയൂറോപ്പിലെ മുതലാളിത്തം സോഷ്യലിസ്റ്റായ കിഴക്കൻ യൂറോപ്പിന്നു് അഭിമുഖമായിട്ടാണ് സ്ഥിതിചെയ്യുന്നതു്. അതിനാൽ സോഷ്യലിസവുമായി മത്സരിച്ചു വിജയം വരിക്കുകയെന്ന തീവ്രമായ പ്രശ്നം അവർ അഭിമുഖീകരിക്കേണ്ടിവന്നു. സോഷ്യലിസവുമായിട്ടുള്ള മത്സരത്തിൽ നേരിടാനിടയുള്ള പരാജയം ഒഴിവാക്കുവാൻ വേണ്ടിയാണ് പാശ്ചാത്യ മുതലാളിമാർ ഉൽഗ്രഥിതമായ സംഘങ്ങൾ മുഖേന മുതലാളിത്ത രാജ്യങ്ങളുടെ സാമ്പത്തിക നയത്തെ സംയോജിപ്പിച്ചുകൊണ്ടുപോകുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. തങ്ങളുടെ പ്രധാന സാമ്രാജ്യത്വ പ്രതിയോഗിയായ അമേരിക്കയോടൊപ്പമെത്തുവാനുള്ള പരിശ്രമം പശ്ചിമയൂറോപ്പിലെ കുത്തക മുതലാളിത്തം നടത്തിക്കൊണ്ടിരിക്കുന്നതും ഉൽഗ്രഥനത്തിൽ കൂടിതന്നെയാണ്. താൽക്കാലികവും അസ്ഥിരവുമായ ഘടകങ്ങളല്ല ആധുനിക മുതലാളിത്തത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ മൗലികാവശ്യങ്ങളാണ്, പശ്ചിമയൂറോപ്പിലെ ഉൽഗ്രഥനത്തിന്നു പ്രേരണ നൽകിയതെന്നു് ഇതിൽനിന്നും വ്യക്തമാവുന്നതാണ്.

കൊച്ചുയൂറോപ്പിലെ[1] ആറുരാജ്യങ്ങളിൽ മാത്രമായി ഒതുങ്ങിനിൽക്കുന്ന ഒന്നല്ല സാമ്രാജ്യത്വോൽഗ്രഥനം. ബ്രിട്ടൻ മുൻകൈഎടുത്തു തട്ടിക്കൂട്ടിയുണ്ടാക്കിയ യൂറോപ്യൻ ഫ്രീ ട്രെയ്ഡ് എസോസിയേഷനാണ് മറെറാരു ഉദാഹരണം. ഈ രണ്ടു ഗ്രൂപ്പുകളും തമ്മിൽ വികാസത്തിൻെറ വ്യാപ്തിയിലും തോതിലും രാഷ്ട്രാന്തരീയമായി നടത്തുന്ന മുതലാളിത്ത സംവിധാനരീതിയിലും വ്യത്യാസങ്ങളുണ്ട്. ഉൽഗ്രഥനത്തിന്നു സ്വീകരിക്കപ്പെടുന്ന സവിശേഷമായ മാർഗ്ഗങ്ങളും ഉൽഗ്രഥനത്തിൻെറ രൂപങ്ങളും വ്യത്യസ്തങ്ങളാവാം; ഉൽഗ്രഥിതമായ സ്ഥാപനങ്ങളുടെയും ബ്ലോക്കുകളുടെയും ഘടനകൾ വ്യത്യസ്തങ്ങളാവാം: എന്നിരുന്നാലും ഉൽഗ്രഥനപ്രക്രിയ സാമ്രാജ്യത്വത്തിൻെറ അവിഭാജ്യഭാഗമായി നിലകൊള്ളുന്നുവെന്നാണ് ഇതെല്ലാം തെളിയിക്കുന്നത്.

സാമ്രാജ്യത്വോൽഗ്രഥനം സംബന്ധിച്ചു നടത്തിയ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് വിലയിരുത്തൽ തികച്ചും ശരിയായിരുന്നുവെന്നാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. സാമ്രാജ്യത്വോൽഗ്രഥനത്തിൻെറ വസ്തുനിഷ്ഠമായ സ്വഭാവം അംഗീകരിക്കാതെ അന്താരാഷ്ട്രീയമായ സ്റ്റേറ്റ് കുത്തകസഖ്യങ്ങളുടെ നേരെയെടുക്കേണ്ടുന്ന സമരതന്ത്രവും അടവുകളും ശരിയായി ആവിഷ്കരിക്കുവാൻ സാധിക്കുന്നതല്ലെന്നും അനന്തരസംഭവവികാസങ്ങൾ തെളിയിച്ചിരിക്കുന്നു.

ഉൽഗ്രഥനമെന്നത് ദേശീയമായ കമ്പോളങ്ങളുടെ ആകത്തുക കണക്കാക്കിയെടുക്കുന്ന ഒരു ഏർപ്പാടുമാത്രമല്ലെന്നും ഇൻടർനേഷനലായി നടക്കുന്ന സാമ്പത്തികമായ സ്പെഷലൈസേഷൻമുഖേനയും സംയോജനംമുഖേനയും കമ്പോ

1. Little Europe

ളത്തിന്റെ വികസനത്തിന്നുതന്നെ അതു വഴിതെളിയിച്ചേ ക്കാമെന്നും ഉൽപാദനത്തിലും ചരക്കുകളുടെ വില്പനയിലും വളർച്ച കൈവരുത്തുവാൻ അതു പ്രേരണ നൽകുമെന്നുള്ള നമ്മുടെ നിഗമനം സാധുവാണെന്നും വസ്തുതകൾ സമർത്ഥി ക്കുന്നു. അതേയവസരത്തിൽ മുതലാളിത്തക്കമ്പോളത്തിന്റെ പ്രശ്നങ്ങൾക്കു പരിഹാരംകാണുവാൻ ഉൽഗ്രഥനത്തിന്നു സാ ധിച്ചിട്ടില്ല; സാധിക്കുകയുമില്ല. മുതലാളിത്തരീതിയിലുള്ള ഉൽപാദനത്തിൽ അന്തർലീനമായ വൈരുദ്ധ്യമാണ്ട് ഉപ ഭോഗവും ഉൽപാദനവും തമ്മിലുള്ള വൈരുദ്ധ്യം. അതി ന്നു പരിഹാരംകാണുവാൻ കോമൺ മാക്കറ്റിന്നു കഴിഞ്ഞി ട്ടില്ല. അതിനാൽ മാക്കററ് പ്രശ്നത്തിന്നു പരിഹാരംകാ ണുന്നതു് അസാദ്ധ്യമാക്കിത്തീക്കുന്ന പ്രധാന ഹേതു ഇല്ലാ താക്കുവാൻ ഉൽഗ്രഥനത്തിന്നു സാദ്ധ്യമായിട്ടില്ല.

കൊച്ചുയൂറോപ്പിലെ ഉൽഗ്രഥനസംവിധാനം മൂലധന കേന്ദ്രീകരണത്തിന്നും വമ്പിച്ച പ്രചോദനമാണു നൽകിയ തു്. കുത്തകകളുടെ വളർച്ച, അവയുടെ ശക്തികളുടെ കേ ന്ദ്രീകരണം സാമ്പത്തിക സ്ഥാപനങ്ങളുടെ ആസ്തികളും സാ മ്പത്തികമായ ബന്ധങ്ങളും കൂട്ടിപ്പിണച്ചുകെട്ടൽ മുതലായ നടപടികളോടൊപ്പംതന്നെ അദ്ധ്വാനിക്കുന്ന ജനതയുടെ രാ ഷ്ട്രീയാവകാശങ്ങൾക്കും സാമൂഹ്യനേട്ടങ്ങൾക്കുമെതിരായി കു ത്തകകൾ ഒരു പുതിയ ആക്രമണം അഴിച്ചുവിടുകയും പിന്തി രിപ്പൻ ഭരണക്കൂടങ്ങൾ സ്ഥാപിക്കുകയുമാണ്ട് ചെയ്തതു്. തങ്ങ ളുടെ രാഷ്ട്രീയവും സാമ്പത്തികവുമായസ്ഥാനങ്ങളെ ഉൽഗ്ര ഥനംമുഖേന ശക്തിപ്പെടുത്തുവാനാണ് കുത്തകകൾ ശ്രമിക്കു ന്നതു്. അതുകൊണ്ട് രാഷ്ട്രീയമായും സാമ്പത്തികമായും കുത്തകമുതലാളിമാക്കിന്നുള്ള സ്വാധീനവലയങ്ങളെ ദുർബ്ബ ലമാക്കിത്തീക്കുവാൻവേണ്ടി തൊഴിലാളിവർഗ്ഗവും കമ്യൂണി

സ്റ്റ്പ്രസ്ഥാനവും തങ്ങളുടെ മുഴവൻ കഴിവുകളും ഒന്നിച്ചു ണ്ടിനിരത്തി പ്രവർത്തനത്തിലിറങ്ങേണ്ടതു് ഒഴിച്ചുകൂടാത്ത ഒരാവശ്യമായിതീൎന്നിരിയ്ക്കുന്നു.

സാമ്രാജ്യത്തോൽഗ്രഥനവും അതിന്റെ കാഴ്ചപ്പാടും കൂടുതൽ വികാസം പ്രാപിച്ചതിന്റെ ഫലമായി പുതിയ പല പ്രശ്നങ്ങളും ഇന്നു മാർക്സിസ്റ്റുകാർ അഭിമുഖീകരിക്കേണ്ടിവന്നിരിക്കയാണ്. കോമൺ മാക്കററ് നാട്ടുകളുടെ സാമ്പത്തികവും രാഷ്ട്രീയവുമായ ഏകീകരണം ഇന്നുവരെയായി ഏതു പഥനത്തിലെത്തിക്കഴിഞ്ഞു? ഇനിയും ഏതു പരിധിവരെ അതു മുന്നോട്ടുപോകും? പുതിയ സാമ്രാജ്യത്വ രാജ്യങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടും കൊച്ചുയൂറോപ്പിലെ രാജ്യങ്ങൾമാത്രമല്ലാതെ ബ്രിട്ടൻ, യുണൈറഡെ് സ്റ്റെയ്ററ്സ്, ജപ്പാൻ എന്നീ നാട്ടുകളെയാകെ ചേർത്തുകൊണ്ട് ഒരു അററ്ലാൻറിക്ക് കോമൺ മാക്കററൊ അതിലും വിപുലമായ മറെറാരു മാക്കററൊ സ്ഥാപിക്കുന്നതിൽക്കൂടി ഉൽഗ്രഥനത്തിന്റെ ഭൂമിശാസ്ത്രപരമായ ചട്ടക്കൂട് എത്രകണ്ടു വികസിക്കുവാൻ ഇടയുണ്ട്? മുതലാളിത്തലോകത്തിൽ ഉൽഗ്രഥനത്തിന്നുള്ള പരിമിതികളെന്തൊക്കെയാണ്?

പശ്ചിമയൂറോപ്പിലെ ആറു രാജ്യങ്ങളുടെ സാമ്പത്തിക സംയോജനം ആദ്യഘട്ടത്തിൽമാത്രമാണ് വിഷമതകളില്ലാതെ മുന്നോട്ടു നീങ്ങിയതു്. അക്കാലത്താണ് ഈ രാജ്യങ്ങൾതമ്മിൽ ചുങ്കനിരക്ക് സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കിയതും ഒരു [1]കസ്റ്റംസ് യൂനിയൻ രൂപീകൃതമായതും, അന്നത്തെ സാമ്പത്തിക നില താരതമ്യേന മെച്ചമായിരുന്നതുകൊണ്ടും കൊച്ചുയൂറോപ്പിലെ വ്യവസായരംഗ

---

1. Customs Union.

ത്ത് നേതൃത്വംവഹിയ്ക്കുന്ന സ്ഥാപനങ്ങൾ ഇനിയും കൂടുതലായി സ്പെഷലൈസേഷനും സംയോജനവും നടപ്പിലാക്കുവാൻ പററിയ ഒരന്തരീക്ഷം സൃഷ്ടിക്കണമെന്നു് ആഗ്രഹിച്ചതുകൊണ്ടുമാണ് അതു സാദ്ധ്യമായതു്. അത്തരം സംയോജനത്തിൽനിന്നും ഏററവും വലിയ വൻകിടക്കാർക്കാണ് ഏററവുമധികം ലാഭം കിട്ടിയതു്. 1957-ൽ ഉണ്ടായിരുന്നതിലും 60 ശതമാനം കുറവാണ് കോമൺ മാക്കററ് നാട്ടുകളിൽ വ്യവസായോൽപന്നങ്ങളുടെ മേൽ ഇന്നു ചുമത്തുന്ന ചുങ്കനിരക്ക്. ഇതിനുംപുറമെ 1967 ആദ്യത്തിൽതന്നെ ഈ ചരക്കുകളുടെ മേൽ ഇന്നുള്ള തിരുവതന്നെ എടുത്തുകളയുവാനാണ് [1]യൂറോപ്യൻ ഇക്കണോമിക്ക് കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സ് ആലോചിച്ചുവരുന്നതു്, അതായതു് ആദ്യം ഉദ്ദേശിച്ചതിലും മൂന്നു വർഷം മുൻപായിതന്നെ തിരുവകൾ എടുത്തുകളയുമെന്നർത്ഥം.

അതേയവസരത്തിൽ കോമൺ മാർക്കററിൽ പെടാത്ത രാജ്യങ്ങളുമായി നടക്കുന്ന വ്യാപാരങ്ങളിൽ ഒരേതരത്തിലുള്ള ചുങ്കനിരക്ക് ആവിഷ്കരിക്കുവാൻ നടപടി എടുത്തുവരുന്നുണ്ടു്. മാക്കററിൽപെടാത്ത നാട്ടുകളിൽനിന്നും വരുന്ന ചരക്കുകളിൻമേൽ മാർക്കററിലെ അംഗരാജ്യങ്ങൾ ചുമത്തുന്ന ചുങ്കനിരക്കും മാർക്കററിലെ അംഗങ്ങൾക്കു പൊതുവെയുള്ള നിരക്കും തമ്മിലുള്ള വ്യത്യാസം ഇപ്പോൾ ആദ്യമുണ്ടായിരുന്നതിൻെറ 40%മായി കുറഞ്ഞിട്ടുണ്ടു്. ലോകത്തിൻെറ ഇതരഭാഗങ്ങളിൽനിന്നും കോമൺ മാക്കററ് രാജ്യങ്ങളെ വേർതിരിച്ചു നിർത്തത്തക്കവണ്ണം ചുങ്കനിരക്കുകളുടെ ഒരു മതിൽ

1. European Economic Council of Ministers

തന്നെ ഉയർത്തിയിരിക്കയാണ്. [1]യൂറോപ്പ്യൻ ഇക്കണോമിക്ക് കമ്യൂനിററിയിലെ അംഗങ്ങളായ നാട്ടുകളിൽ വിൽക്കപ്പെട്ടുന്ന ചരക്കുകൾ ആകത്തുകയിലും തോതുനോക്കിയാലും വദ്ധിച്ചുവരികയാണ്. കോമൺ മാക്കററിൻെറ മൊത്തത്തിലുള്ള വ്യാവസായിക ഉൽപന്നങ്ങളിൽ കോമൺ മാക്കററിനകത്തു് വിൽക്കപ്പെട്ടുന്നതു് 1958-ൽ 10 ശതമാനമായിരുന്നതു് 1961-ൽ 14 ശതമാനമായി വദ്ധിച്ചു. അതേയവസരത്തിൽ ഈ നാട്ടുകളിൽ ഓരോന്നിൻെറയും ആഭ്യന്തര വിപണിയിലും മാക്കററിനു പുറത്തുള്ള നാട്ടുകളിലും വിൽക്കപ്പെട്ടുന്ന ചരക്കുകൾ ഇതിന്നനുസൃതമായി ചുരുങ്ങുകയാണുണ്ടായതു്. എന്നാൽ ചരക്കുകളുടെ മൊത്തം ഉൽപാദനത്തിൻെറ ആകത്തുക വദ്ധിക്കുകയുമുണ്ടായി.

പക്ഷെ കസ്റ്റംസ് യൂനിയൻെറ നിലയിൽനിന്നും കൂട്ടുതൽ വിശ്ശലമായ ഒരു സാമ്പത്തിക സഖ്യത്തിലേയ്ക്കുള്ള പരിവത്തനം ആരംഭിച്ചതോടെ, അതായതു് സാമൂഹ്യനയം, നികുതിനയം, കാർഷികനയം, ഗതാഗതനയം, കന്ട്രോളനയം, സാമ്പത്തികനയം എന്നിവയുടെ സംയോജനം സംബന്ധിച്ച പ്രശ്നങ്ങൾക്കു തീരുമാനമുണ്ടാക്കേണ്ടുന്ന ഘട്ടം സമാഗതമായതോടെ, ഉൽഗ്രഥനത്തിൻെറ മുന്നോട്ടുള്ള പ്രയാണം ഗണ്യമായതോതിൽ മന്ദീഭവിക്കുവാനാരംഭിച്ചു, കാരണം ഗൌരവമേറിയ വൈരുദ്ധ്യങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നു; ഉൽഗ്രഥനം കൂട്ടുതൽ വ്യാപകമാക്കുന്നപക്ഷം വ്യത്യസ്ത ദേശീയ സമ്പദ്‌വ്യവസ്ഥകൾക്കിന്നുള്ള ഘടനയെ അതു നേരിട്ടു ബാധിക്കുമെന്ന നിലവന്നു. മാത്രമല്ല ജനങ്ങളിൽ വ്യത്യസ്ത വർഗ്ഗങ്ങൾക്കും ഗ്രൂപ്പുകൾക്കും ഇന്നുള്ള സാമ്പത്തിക

1. European Economic Community—കോമൺ മാർക്കററിലെ അംഗരാജ്യങ്ങൾ ചേർന്നുണ്ടാക്കിയ സാമ്പത്തിക സഖ്യം.

രാഷ്ട്രീയ സ്ഥിതിഗതികൾക്കു അതു വിഷമതകൾ സൃഷ്ടിക്കും. ഇതിൽനിന്നെല്ലാമാണ് വൈരുദ്ധ്യങ്ങളുടലെടുത്തതു്.

കോമൺ മാർക്കററിൻെറ ആദ്യവർഷങ്ങളിൽതന്നെ അധ്വാനിക്കുന്ന ജനങ്ങളുടെ വരുമാനം കോമൺമാക്കററിലെ രാജ്യങ്ങളിൽ നിലനിൽക്കുന്ന ഏററവും താണ നിലവാരത്തിലേക്കു് വെട്ടിക്കുറച്ചു "സമത്വം സ്ഥാപി"ക്കുവാൻ കുത്തകമുതലാളിമാർ ശ്രമിക്കുകയുണ്ടായി. എന്നാൽ തൊഴിലാളികളും കർഷകരും നടത്തിയ വർഗ്ഗസമരങ്ങൾ ആ പരിശ്രമത്തെ പരാജയപ്പെടുത്തി. അത്തരം പരീക്ഷണങ്ങൾ ഇന്നത്തെ നിലയിൽ ഉണ്ടാക്കാവുന്ന വിപത്ത് ഇരട്ടിച്ചിരിക്കയാണ്.

ഈഇഈസി[2]ക്കുണ്ടായ "നേട്ടങ്ങളെ"സംബന്ധിച്ചു വമ്പിച്ച പ്രചരണം സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടു്, എന്നാൽ കോമൺ മാർക്കററ് നാട്ടുകളിലോരോന്നിലും സാമൂഹ്യമായ വൈരുദ്ധ്യങ്ങൾ ഫലത്തിൽ അങ്ങേയററം മൂർഛിച്ചിരുന്നുവെന്നാണ് വസ്തുതകൾ തെളിയിക്കുന്നതു്. അതു ഈ നാട്ടുകൾതമ്മിൽ ഗൗരവമേറിയ സംഘട്ടനങ്ങൾക്കു വഴിതെളിയിക്കും. കോമൺ മാക്കററ് സ്വമേധയാ ഉൽഗ്രഥനത്തിൻെറ വികാസത്തിനു പ്രചോദനംനൽകുന്നുണ്ടെന്നും കസ്റ്റംസ് യൂനിയനിൽനിന്നും വളന്ന് സാമ്പത്തിക യൂനിയനിലും പിന്നീട് രാഷ്ട്രീയ യൂനിയനിലും കോമൺ മാക്കററ് പരിവർത്തനംചെയ്യപ്പെടുമെന്നുമുള്ള സിദ്ധാന്തമായിരുന്നു അടുത്തകാലംവരെ ഈഇഈസി (E EC) പ്രചരിപ്പിച്ചതു്. എന്നാൽ അതിന്നെതിരായാണ് സംഭവങ്ങൾ നീങ്ങിയതു്. ചുങ്കനിരക്ക് ചുരുക്കിയതും പരസ്പരം ഈഇഈസി മെമ്പർമാർ തമ്മിലുള്ള വ്യാപാരത്തിന്നു പരിമിതികൾ ചുമത്തിയതും ഹേതുവായി ഒരു പൊതു സാമ്പത്തികനയത്തെ സംബന്ധി

2. European Economic Community–ചുരുക്കപ്പേര് (E EC)

ച്ചു നയിക്കപ്പെട്ട പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാവുകയാണു ണ്ടായതു്.

പശ്ചിമ യൂറോപ്പിലെ സാമ്പത്തിക സ്ഥിതി കഴിഞ്ഞ കുറെ വർഷങ്ങളായി വ്യക്തമായും വഷളായിക്കൊണ്ടുവരി കയാണു്. അതുകാരണമായി ഉൽഗ്രഥന നടപടികൾ നട പ്പിലാക്കുക കൂടുതൽ വിഷമമായിത്തീർന്നിരിക്കുകയാണു്. അതിന്നുംപുറമെ ഈഇഈസി നാട്ടുകളിൽ നാണയപ്പെരുപ്പ ത്തിന്റെ പ്രവണത ശക്തിപ്പെട്ടുവരുന്നുണ്ടു്. "കോമൺ മാക്കററും ഇതര രാജ്യങ്ങളുംതമ്മിലുള്ള ബന്ധത്തിനും കോ മൺ മാക്കററിന്റെ ആസ്തിക്യത്തിന്നും ഒരു ഭീഷണി"യാ യിട്ടാണു് നാണയപ്പെരുപ്പം വളന്നുവരുന്നതെന്നു് 1964 മേയ് ഒട്ടുവിൽ പാരീസിൽവെച്ചു ഈഇഈസി എക്സിക്യൂട്ടി വിന്റെ വൈസ്പ്രസിഡൻറായ [1]മാർജൊലിൻ പ്രസ്താവി ക്കുകയുണ്ടായി. ഈഇഈസിയുടെ വ്യാപാരശിഷ്ടത്തിലുള്ള കമ്മി അടുത്തകാലത്തായി വദ്ധിച്ചിട്ടുണ്ടു്. 1959-ൽ വ്യാ പാരശിഷ്ടത്തിൽ 100 കോടി ഡോളർ മിച്ചമുണ്ടായിരുന്ന തു് 1963 ആകുമ്പോഴേയ്ക്കു 300 കോടി ഡോളറിന്റെ കമ്മി യായിത്തീന്നു. 1964-ലെ ആദ്യത്തെ കാൽവർഷത്തിൽമാ ത്രമുള്ള കമ്മി 100 കോടി ഡോളറാണു്. വർഷാവസാന ത്തിൽ അതു് 400 കോടി ഡോളറായിത്തീരാനിടയുണ്ടു്. ഇതിൻഫലമായി ഈഇഈസി നാട്ടുകൾതമ്മിലുള്ള നാണയ ബന്ധങ്ങളിൽ കൂടുതൽ സംഘർഷമുണ്ടായിട്ടുണ്ടു്. അക്കാ രണത്താൽതന്നെ നാണയവിനിമയത്തിലും സാമ്പത്തിക കാര്യങ്ങളിലുമുള്ള നയങ്ങളെ സംയോജിപ്പിയ്ക്കുന്നതു തടയ പ്പെട്ടിരിക്കുകയാണു്. അനുകൂലമായ ഒരു വ്യാപാരസ്ഥിതി ഷ്ടമാ ണു് വെസ്റ്റ്ജർമ്മനിയ്ക്കുള്ളതു്. എന്നാൽ ഫ്രാൻസ്, ഇററ

1. Marjolin.

ലി, നെതർലെൻസ് എന്നീ നാട്ടുകളുടെ കമ്മി വദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ആ രാജ്യങ്ങളിലെല്ലാംതന്നെ ഉൽപാദനച്ചിലവും വിലയും ബാണംപോലെ കയററിക്കൊണ്ടേയിരിക്കുന്നുമുണ്ട്.

വളന്നുവരുന്ന നാണയപ്പെരുപ്പംകാരണമായി കോമൺ മാക്കററിലെ ഉല്പാദനച്ചിലവിൻെറ പ്രശ്നം വേദനാജനകമാംവിധം സങ്കീണ്ണമായിതീന്നിരിയ്ക്കുന്നു. കൂലിയുടെ തോതു്, അസംസ്കൃതവസ്തുക്കൾ, എണ്ണ, വിദ്യുച്ഛക്തി മുതലായവയുടെ വില എന്നിവയെ ബാധിക്കുന്ന പ്രശ്നങ്ങൾ മുന്നണിയിലേയ്ക്കു വന്നിരിക്കുകയാണ്. അതുപോലെതന്നെ എണ്ണ, അസംസ്കൃത പദാത്ഥങ്ങൾ, വിദ്യുച്ഛക്തി, ഭക്ഷണം എന്നിവയുടെ കാര്യത്തിൽ കോമൺ മാക്കററ് സ്വന്തം കഴിവുകളെ മാത്രം അവലംബിച്ചു ജീവിക്കണമോ അഥവാ ഇറക്കുമതികളെ അവലംബിക്കണമോ എന്ന പ്രശ്നവും പൊന്തിവന്നിട്ടുണ്ട്. കോമൺ മാക്കററിലെ ആറു രാജ്യങ്ങളും പൊതുവെ അംഗീകരിക്കേണ്ടതായ ഭാവി സാമ്പത്തിക നയത്തെ ബാധിയ്ക്കുന്ന ഒരു പ്രശ്നമാണിതു്. ഇക്കാര്യത്തിൽ വ്യത്യസ്ത ഇഊഇഒസി മെമ്പർമാരുടെ താല്പര്യങ്ങൾ നിശിതമായിത്തന്നെ വൈരുദ്ധ്യമുള്ളവയാണ്. ഫെഡറൽ ജർമ്മനി, [2]ബെനെലക്സ്നാട്ടുകൾ, ഇററലി എന്നീ രാജ്യങ്ങൾ ഇതര നാട്ടുകളിൽനിന്നും അസംകൃതപദാത്ഥങ്ങളും ഭക്ഷണവും ഇറക്കുമതിചെയ്യുവാനാണിഷ്ടപ്പെടുന്നതു്. സ്വന്തം വ്യാവസായികോല്പന്നങ്ങൾക്ക് ആ നാട്ടുകളിൽ മാക്കററ് ലഭിക്കുമെന്നും അവർ പ്രത്യാശിയ്ക്കുന്നു. എന്നാൽ ഫ്രാൻസിലെ കുത്തക മുതലാളിമാക്ക് ധാരാളം കാഷികോല്പന്നങ്ങൾ കയററി

2. ബെൽജിയം, നെതർലെൻസ്, ലക്സംബർഗ്. (Benelux)

അയക്കാനുണ്ട്. അതുകൊണ്ട് ഫ്രാൻസിൽനിന്നും ഭക്ഷണവും ഫ്രാൻസിന്റെ സ്വാധീനവലയത്തിൽപെട്ട ആഫ്രിക്കയിലെ മുൻകോളനികളിൽനിന്നും അസംസ്കൃത പദാർത്ഥങ്ങളും ഈഈസിയിലെ തങ്ങളുടെകൂട്ടുകാർ ഇറക്കുമതിചെയ്യണമെന്ന് ഫ്രഞ്ച് ബൂർഷ്വാസി ശാഠ്യംപിടിക്കുന്നു.

കോമൺമാക്കററ് നാടുകൾ തമ്മിലുണ്ടാക്കിയ [1]റോം കരാർ അനുസരിച്ച് ഈഈസിയുടെ ദേശീയേതരമായ അധീശസ്ഥാപനങ്ങൾക്ക് സാമ്പത്തികനയങ്ങളിൽ സംയോജനം വരുത്താനുള്ള അധികാരം ക്രമേണയായി ഓരോ അംഗരാജ്യവും വിട്ടുകൊടുക്കേണ്ടതാണ്. എന്നാൽ ഈഈസി രാജ്യങ്ങളിലെ ഗവർമെൻറുകൾ ഒരുവശത്ത് സ്വന്തം രാജ്യത്തിലെ ഭരണസംവിധാനത്തിൽ പരിപൂർണ്ണമായ നിയന്ത്രണം തങ്ങൾക്കുണ്ടായിരിക്കണമെന്ന് ആഗ്രഹിക്കുന്നു. മറുവശത്ത് കോമൺമാക്കററിന്റെ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് തങ്ങളുടെ കൂട്ടുകാരുടെ നയത്തിൽ പരമാവധി സ്വാധീനം ചെലുത്തണമെന്നും അവർ കൊതിക്കുന്നു. ഫെഡറൽ ജർമ്മനിയെപോലെയുള്ള ചില രാജ്യങ്ങൾ കമ്യൂനിററി സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക നയത്തിന്റെ കാര്യത്തിലുള്ള നിയന്ത്രണാധികാരങ്ങൾ പരമാവധി ചുരുക്കുവാനാണ് ശ്രമിക്കുന്നത്. എന്നാൽ ഫ്രാൻസിനെപ്പോലെയുള്ള മററു ചില രാജ്യങ്ങൾ നേരെ എതിർവശത്തേക്കാണ് നീങ്ങുന്നത്. അംഗരാജ്യങ്ങൾ ഏറെറടുത്ത ബാദ്ധ്യതകൾ അവർ കണിശമായി നിറവേററണമെന്നാണ് ഫ്രാൻസ് വാദിക്കുന്നത്. ഇക്കാരണത്താൽ ചുങ്കനിരക്കുകൾ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽനിന്നും കൂടുതൽ പ്രാധാന്യമുള്ള സാമ്പത്തിക പ്രശ്നങ്ങൾ

1. Rome treaty

പരിഹരിക്കുന്നതിലേയ്ക്കുള്ള പ്രയാണത്തിൽപോലും (രാഷ്ട്രീയ പ്രശ്നങ്ങളുടെ കാര്യം പറയേണ്ടതില്ല) അംഗരാജ്യങ്ങൾ തമ്മിൽ കടുത്ത സംഘട്ടനങ്ങൾ നേരിടേണ്ടിവന്നിരിക്കയാണ്. ഈഇഊസി സംവിധാനത്തിന്റെ ഘടനയും പ്രവത്തനവും സംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസങ്ങളാണ് സംഘട്ടനമുളവാക്കുന്നതു്.

കോമൺമാക്കററു് നാട്ടുകാരുടെ സാമ്പത്തിക നയം മാത്രമല്ല അവയുടെ വിദേശനയവും സൈനികനയവുംകൂടി സംയോജിപ്പിച്ചുകൊണ്ടുപോകുവാനുള്ള ഒരു വ്യവസ്ഥ കെട്ടിപ്പടുക്കുവാനാണ് സാമ്രാജ്യത്വ ബൂർഷ്വാസി ശ്രമിക്കുന്നതു്. പിന്നീട് കൊച്ചുയൂറോപ്പിന്റെ ഉൽഗ്രഥിത സംവിധാനത്തിന്റെ കാര്യശേഷിയെ രാഷ്ട്രീയമായ തീരുമാനങ്ങളുടെ മേഖലയിലേയ്ക്കും വ്യാപിപ്പിക്കുവാൻ സാധിക്കുമെന്നാണ് അവർ പ്രതീക്ഷിക്കുന്നതു്. രാഷ്ട്രീയനയരംഗത്തേയ്ക്കു് ഉൽഗ്രഥനം വ്യാപിപ്പിക്കുന്നതു വളരെ സങ്കീർണ്ണവും അഭിപ്രായസംഘട്ടനങ്ങൾക്കിടവരുത്തുന്നതുമായിട്ടാണ് അനുഭവപ്പെട്ടതു്. ഈഇഊസി സംവിധാനത്തിന്നു നല്കപ്പെടുന്ന അധികാരങ്ങൾ വദ്ധിച്ചതിന്നനുസരിച്ച് രാഷ്ട്രീയോൽഗ്രഥനം സംബന്ധിച്ചുണ്ടാവുന്ന സമരത്തിനും ശക്തി കൂടുകയാണുണ്ടായതു്. കോമൺമാക്കററിനകത്തുള്ള സാമ്പത്തിക വൈരുദ്ധ്യങ്ങളുമായി ഗാഢമായി കൂട്ടിപ്പിണഞ്ഞുകിടക്കുന്നതാണ് ഈ സമരം.

മററു പല പ്രശ്നങ്ങൾക്കും പുറമെ, കോമൺമാക്കററിന്റെ സംവിധാനത്തെ സംബന്ധിച്ചുതന്നെ തീവ്രമായ സംഘട്ടനങ്ങൾ ഉയന്നുവന്നിട്ടുണ്ട്—അതായതു് കോമൺമാക്കററിന്റെ സംവിധാനം ദേശീയമാണോ അഥവാ രാഷ്ട്ര

ങ്ങൾക്കു് തുല്യാധികാരം നല്കുന്നതിന്റെ അടിസ്ഥാനത്തിലോ എന്നതാണ് ഒരു തക്കം. ബെനലക്സ് നാട്ടുകളും ഇററലിയും ആഗ്രഹിക്കുന്നതു് കോമൺമാക്കററ് ദേശീയമായി പ്രവത്തിക്കണമെന്നാണ്. എന്തുകൊണ്ടെന്നാൽ തങ്ങളെക്കാൾ പ്രബലന്മാരായ കൂട്ടുകാരെ എതിരിട്ടുകൊണ്ടു് തങ്ങളുടെ താല്പര്യങ്ങൾ നേടിയെടുക്കുവാൻ അതു വഴി സാധിക്കുമെന്നവർ പ്രതീക്ഷിക്കുന്നു. ഫ്രാൻസ് നിഷ്കർഷിക്കുന്നതു് സ്റ്റേററുകൾ തമ്മിലുള്ള പരസ്പരസഖ്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ഈഇൗസിയുടെ പ്രവത്തനം എന്നാണ്. തങ്ങൾക്കുള്ള രാഷ്ട്രീയവും സൈനികവുമായ ഐക്യങ്ങൾ ഉപയോഗപ്പെടുത്തുവാൻ അതുകൊണ്ടേ സാധിക്കുകയുള്ളുവെന്നാണ് ഫ്രഞ്ച്കുത്തക മുതലാളിമാർ കാണുന്നതു്. സ്വന്തമായ ന്യൂക്ലിയർ ആയുധങ്ങളുടെ ഉടമസ്ഥത സെക്യൂരിററികൗൺസിലിലെ സ്ഥിരാംഗത്വം, ജർമ്മൻപ്രശ്നപരിഹാരത്തിൽ വിധി കല്പിക്കാനുള്ള അധികാരം എന്നിവ ഫ്രാൻസിനു കൂടുതൽ പ്രബലമായ സ്ഥാനം നല്കുന്നുണ്ടു്. കൊച്ചു യൂറോപ്പിന്റെ നേതൃസ്ഥാനംതന്നെ കൈക്കലാക്കുവാനും അതുവഴി ഒരു വൻശക്തിയുടെ പദവിക്കനുയോജ്യമായി സാമ്രാജ്യത്വാഭിലാഷങ്ങൾ പൂത്തീകരിക്കുന്നതിന്നു് കോമൺമാക്കററിനെ ഒരുപകരണമാക്കുവാനും ഫ്രാൻസ് കൊതിക്കുന്നു, ഈ സംഘട്ടനങ്ങളിൽനിന്നും കോമൺമാർക്കററിന്റെ ഭൂമിശാസ്ത്രപരമായ അതൃത്തികൾ സംബന്ധിച്ചുള്ള അഭിപ്രായ സംഘട്ടനങ്ങളിൽനിന്നും പരമാവധി മുതലെടുക്കുന്നതു് ഫെഡറൽ ജർമ്മനിയാണ്. സാമ്രാജ്യത്വച്ചേരിയിലെ വൈരുദ്ധ്യങ്ങളിൽനിന്നു് അവർ നല്ല ലാഭമെടുക്കുന്നുണ്ടു്. കോമൺമാക്കററിന്നു പുറത്തു തങ്ങളുടെ സാമ്പത്തികശക്തി വ്യാപിപ്പിക്കുവാനുള്ള സൗകര്യങ്ങളെ

KOTTAYAM PUBLIC LIBRARY KOTTAYAM

മെച്ചപ്പെടുത്തുവാൻ മാത്രമല്ല അവർ ശ്രമിക്കുന്നതു്. ജർമ്മൻ പ്രശ്നത്തിലും ബർലിൻ പ്രശ്നത്തിലും ബോണിന്റെ പാശ്ചാത്യശക്തികളെക്കൊണ്ടു് അംഗീകരിപ്പിക്കുവാനും ന്യൂക്ലിയർ ആയുധങ്ങളിന്മേൽ കൈവെക്കുവാനനുമതി നേടുവാനും അവർക്കാഗ്രഹമുണ്ടു്. പശ്ചിമയൂറോപ്പിലെ സാമ്രാജ്യത്വ വൈരുദ്ധ്യങ്ങൾ ഇത്തരത്തിൽ വളന്നു വളന്നു കൂടുതൽ സങ്കീർണ്ണവും കുഴഞ്ഞുമറിഞ്ഞതുമായിത്തീരുകയാണു്.

പശ്ചിമയൂറോപ്പിലെ രാജ്യങ്ങൾ തമ്മിൽ രാഷ്ട്രീയോൽഗ്രഥനത്തിനുള്ള കൂടിയാലോചനകൾ കഴിഞ്ഞ കുറേ വഷങ്ങളായി നടന്നുകൊണ്ടിരിക്കുകയാണു്, എന്നിരുന്നാലും ഒരു യൂറോപ്യൻ രാഷ്ട്രീയ സഖ്യം സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ള പ്രാഥമിക തത്വങ്ങൾപോലും ഇന്നുവരെ നിർവ്വഹിക്കപ്പെട്ടിട്ടില്ല. ഭാവിസഖ്യത്തിന്റെ അടിസ്ഥാനമെന്തായിരിക്കണമെന്നതിനെ സംബന്ധിച്ച് അഭിപ്രായസംഘട്ടനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണു്. അതു ഫെഡറേഷൻരൂപത്തിലാവണോ അഥവാ കോൺഫെഡറേഷനായിരിക്കണമോ? രാഷ്ട്രീയവും സൈനികവുമായ പ്രവത്തനങ്ങളിൽ ഏതെല്ലാമാണു് ഉൽഗ്രഥിതമാകേണ്ടതു്? ഏതെല്ലാം പ്രവത്തനങ്ങളാണു് ദേശീയ സക്കാറുകളുടെ അധികാരപരിധിയിൽതന്നെ നിലനിർത്തേണ്ടതു്? എന്നിങ്ങനെയെല്ലാമാണു് അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുന്നതു്, ഈ അഭിപ്രായ സംഘട്ടനങ്ങളിൽനിന്നും പൊച്ചുയൂറോപ്പിന്റെ ആഭ്യന്തരനില വെളിച്ചു വരുന്നുണ്ടു കസ്റ്റംസ് യൂനിയന്റെ പരിധികൾ കടക്കുവാനുള്ള ഏതു പരിശ്രമവും (സാമ്പത്തികസഖ്യം സ്ഥാപിക്കുന്ന പ്രശ്നം അവിടെ ഇരിക്കട്ടെ) ഈഇഊസി നാടുകൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങളുടെ

പൊട്ടിത്തെറിക്കിടയാക്കുമെന്ന കാര്യത്തിൽ സംശയമില്ല; അതു കൂടുതൽ കുഴപ്പങ്ങൾക്കു വഴിവെക്കുകയും ചെയ്യും.

രാഷ്ട്രീയോൽഗ്രഥനത്തിന്നു വല്ല ഭാവിയുമുണ്ടോ? പശ്ചിമയൂറോപ്പിൽ രാഷ്ട്രങ്ങളുടെ മേൽ ആധിപത്യം വഹിക്കുന്ന സാമ്രാജ്യത്വപരമായ ഒരു "അധീശഭരണകൂടം' സ്ഥാപിക്കുകയെന്നതു് ഊഹ്യമായ ഒരു കാര്യമാണോ?

രാഷ്ട്രീയോൽഗ്രഥനത്തിനുള്ള പ്ലാനുകൾ വ്യക്തികളായ ചില രാഷ്ട്രതന്ത്രജ്ഞന്മാരുടെ ആശയാഭിലാഷങ്ങളുടെ സന്തതിയായി യാദൃച്ഛികമായി ഉടലെടുത്തതല്ല. യാഥാർത്ഥ്യാധിഷ്ഠിതമായ അടിത്തറ ഈ പ്ലാനുകൾക്കുണ്ടു. തൊഴിലാളിവർഗ്ഗത്തെയും എല്ലാ ജനാധിപത്യ ശക്തികളേയും അഭിമുഖീകരിക്കുന്ന ഒരു യഥാർത്ഥ വിപത്താണതു്. എന്നാൽ പശ്ചിമയൂറോപ്പിലെ കുത്തകബൂർഷ്വാസിയെ യോജിപ്പിച്ചേകീകരിക്കുവാനുള്ള ദൂരവ്യാപകമായ പ്ലാനെന്ന നിലക്കു് രാഷ്ട്രീയോൽഗ്രഥനം പശ്ചിമയൂറോപ്യൻ സാമ്രാജ്യത്വത്തിലായാലും മറേറതു സാമ്രാജ്യത്വത്തിലായാലും അപരിഹാര്യമായ അന്തർലീന വൈരുദ്ധ്യങ്ങളെയെല്ലാം പുറത്തുകൊണ്ടുവരുമെന്നു തീർച്ചയാണു്. തൊഴിലാളി വർഗ്ഗത്തിന്നു് ഇന്നു ചെയ്യാനുള്ള പ്രധാന കടമ നിലവിൽ വന്നു കഴിഞ്ഞിട്ടുള്ള ഉൽഗ്രഥനരൂപങ്ങളുടെ ദുരന്തഫലങ്ങൾക്കെതിരായി സമൂർത്തമായ ഒരു സമരപരിപാടി ആവിഷ്കരിക്കലാണു്, നിലവിലുള്ള സാമ്പത്തിക സഖ്യങ്ങളുടെ നയത്തിൽ സ്വാധീനം ചെലുത്തുവാനും അതിൽനിന്നും ഉയൎന്നുവരുന്ന സജീവപ്രശ്നങ്ങൾക്കു് പരിഹാരം കാണുവാനും വേണ്ടിയുള്ള പ്രവൎത്തനമാൎഗ്ഗങ്ങളും തൊഴിലാളിവൎഗ്ഗം ആരായേണ്ടതാവശ്യമാണു്. സാമ്പത്തികവും രാഷ്ട്രീയവുമായ അർത്ഥത്തിൽ പശ്ചിമ

യൂറോപ്യൻ ഉൽഗ്രന്ഥനത്തിൻെറ വികാസത്തിൽ, തീവ്രമായ വൈരുദ്ധ്യങ്ങളുടലെടുത്തിട്ടും, കഴിഞ്ഞ കുറേ വഷങ്ങളായി കുറച്ചു പുരോഗതിയുണ്ടായിട്ടുണ്ട്. എന്നാൽ അതിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ചില അലംഘനീയമായ പ്രതിബന്ധങ്ങൾ അപ്രതീക്ഷിതമായി നേരിടേണ്ടിവന്നു. ഉൽഗ്രഥനംകൊണ്ടു യൂറോപ്പിനെ ഏകീകരിക്കുന്നതിനുപകരം യൂറോപ്പിലെ മുതലാളിത്ത പ്രദേശത്തും സാമ്രാജ്യത്വച്ചേരിയിലാകെയുമുണ്ടായിരുന്ന ഭിന്നിപ്പിന്നു് ആഴം കൂട്ടുകയാണ് ഉൽഗ്രഥനം ചെയ്തതു്.

കോമൺമാർക്കററിൽ ബ്രിട്ടന്നു പ്രവേശനം നൽകണമെന്നതു് മുൻകൂടി തീരുമാനിക്കപ്പെട്ട ഒരു സംഗതിയായിട്ടാണ് അടുത്തകാലംവരെ തോന്നിയതു്. പ്രതീക്ഷാനിർഭരരായി ബ്രിട്ടീഷ് കുത്തകകൾ വ്യവസായത്തിൽ വമ്പിച്ചതുകകൾ നിക്ഷേപിക്കുകയുണ്ടായി. ബ്രിട്ടീഷ്ചരക്കുകൾക്കു കോമൺമാക്കററിലെ ചരക്കുകളുമായി മത്സരിച്ചുനില്ക്കുവാൻ അത്യാവശ്യമായിരുന്നു. ബ്രിട്ടനും ബ്രിട്ടൻ മുൻകൈ എടുത്തു പടച്ചുണ്ടാക്കിയ യൂറോപ്യൻ ഫ്രീ ട്രെയ്ഡ് എസോസിയേഷനിലെ അംഗങ്ങളും ഈഇഈസിയിൽ പ്രവേശനം ലഭിക്കുവാനായിഔപചാരികമായ ഒരഭ്യർത്ഥന സമർപ്പിക്കുകതന്നെ ചെയ്തു. അതിന്നനുകൂലമായ പ്രതികരണമുണ്ടാവുമെന്നവർ പ്രതീക്ഷിച്ചു. എന്നാൽ അവരുടെ പ്ലാനുകൾ തകർന്നു. ഈഈസിയിലേക്കുള്ള ബ്രിട്ടൻെറ പ്രവേശനം ഫ്രാൻസ് വിലക്കധികാരം ഉപയോഗിച്ചു തടഞ്ഞു. മാത്രമല്ല യുനൈററഡ് സ്റ്റേയിറ്റ്സിന്റെ അഞ്ചാംപത്തിയാണ് ബ്രിട്ടനെന്നു് ആക്ഷേപിക്കുകയുമുണ്ടായി. കോമൺമാർക്കററിൽ അലിഞ്ഞുചേരുന്നതിന്നു പകരം അസോസിയേഷൻ തങ്ങളെക്കാൾ പ്രബലമായ സാമ്രാജ്യത്വ പ്രതിയോഗികൾക്കെതിരായ സമര

ത്തിൽ തങ്ങളുടെ നിലപാട് സുശക്തമാക്കുവാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ അങ്ങിനെ നിർബന്ധിതരായിത്തീർന്നു.

പശ്ചിമയൂറോപ്പ് പരസ്പരം എതിർത്തുകൊണ്ടിരിക്കുന്ന രണ്ടു സാമ്പത്തിക ബ്ലോക്കുകളും രണ്ടു ചുങ്കനിരക്കു വ്യവസ്ഥകളുമായി വിഭജിക്കപ്പെട്ടു കിടക്കുന്നതു് പലരും പ്രവചിച്ചപോലെ ചുരുക്കം നാളുകൾ മാത്രം നിലനില്ക്കുന്ന ഒരു കാര്യമായിരുന്നില്ല. ഇന്നു് ഈ രണ്ടു ബ്ലോക്കുകളും നികിട ഭാവിയിലൊന്നും തന്നെ ഒരൊററ ഇൻടർനേഷനൽ സ്റ്റേററ് കുത്തക സംഖ്യത്തിൽ ലയിക്കുന്നതിന്നു സാദ്ധ്യതയുണ്ടെന്നു വിശ്വസിക്കുന്നവർ ഇല്ലെന്നുതന്നെ പറയാം. ഒരു അററ്ലാൻടിക്ക് സാമ്പത്തിക സഖ്യം പടച്ചുണ്ടാക്കുവാൻ യു. എസ്. മുൻകൈ എടുത്തു നടത്തിയ പരിശ്രമവും പരാജയമടയുകയാണുണ്ടായതു്. യുനൈറററഡ് സ്റ്റെയ്ററ്സും കോമൺ മാക്കററ് രാജ്യങ്ങളും തമ്മിലുള്ള വ്യാപാരത്തിൽ ചുങ്കനിരക്കുകൾ ഗണ്യമായ തോതിൽ കുറവുചെയ്യുന്നതിന്നുള്ള ഒരു പരിപാടി പരേതനായ പ്രസിഡൻററ് കെന്നടി പ്രഖ്യാപിച്ചിരുന്നു. അതിൻെറ പിന്നിലുണ്ടായിരുന്ന ഉദ്ദേശ്യം യൂറോപ്യൻ വിപണിയിലേയ്ക്കു് അമേരിക്കൻ ചരക്കുകളുടെ കയററുമതി വർദ്ധിപ്പിക്കലായിരുന്നു. എന്നാൽ ഈ പരിപാടിയ്ക്കു് അമേരിക്കയുടെ പശ്ചിമയൂറോപ്യൻ കൂട്ടാളികളിൽ നിന്നും ശക്തിയായ എതിർപ്പു നേരിടേണ്ടിവന്നു. ഗണ്യമായ തോതിൽ പശ്ചാത്തല സംവിധാനം നടത്തിയശേഷം ഇതു സംബന്ധിച്ചുള്ള കൂടിയാലോചനകൾ ([1]കെന്നഡി റൗണ്ട് സംഭാഷണങ്ങൾ എന്നാണിവ അറിയപ്പെടുന്നതു്) 1964 മേയിൽ ജനീവയിൽവെച്ചാരംഭിച്ചു. എന്നാൽ അമേരിക്ക

---

1. Kennedy round

യുടെ നിബന്ധനകൾക്കനുസൃതമായി ചുങ്കനിരക്കുകൾ കുറയ്ക്കുന്ന ഒരു കരാറിൽ ഒപ്പിടുവാൻ കോമൺവെൽത്ത് രാജ്യങ്ങൾ കൂട്ടാക്കിയില്ല.

[2]യൂറോപ്യൻ ഇക്കണോമിക്ക് കമ്യൂണിററിയെ അററ്ലാൻറിക്ക് കമ്യൂണിററിയാക്കി വിപുലീകരിക്കുവാനുള്ള പ്ലാൻ പരാജയമടയാനുള്ള കാരണങ്ങൾ സാമ്രാജ്യത്തോൽ ഗ്രഥനത്തിനുള്ള വസ്തുനിഷ്ഠമായ പരിമിതികളിലാണ് കിടക്കുന്നത്. സാർവ്വദേശീയ പ്രസ്ഥാനത്തിൽ സ്റ്റേററ്കുത്തകസംഘടനകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യം അതിന്റെ മെമ്പർമാക്ക് സാമ്രാജ്യത്വപ്രതിയോഗികൾക്കെതിരായി മാർക്കററിനുവേണ്ടി നടക്കുന്ന സമരത്തിൽ ഏററവും മെച്ചപ്പെട്ട വ്യവസ്ഥകൾ സമ്പാദിച്ചുകൊടുക്കണമെന്നതാണ്. അതുകൊണ്ട് കൂടുതൽ സാമ്രാജ്യത്വരാജ്യങ്ങളെ അംഗങ്ങളാക്കിചേർത്തുകൊണ്ട് അതിലെ അംഗസംഖ്യ ഗണ്യമായി വർദ്ധിപ്പിക്കുന്നതുകൊണ്ടുണ്ടാവുന്ന ഫലം പരിമിതമാക്കപ്പെട്ട സാമ്പത്തിക വ്യാപാരസഖ്യങ്ങൾമുഖേന കിട്ടാവുന്ന മെച്ചങ്ങൾ നഷ്ടപ്പെടലായിരിക്കും. ഉൽഗ്രഥനത്തെ ഒരു ''ലോകട്രസ്റ്റിന്റെ''നിലവാരത്തിലേക്കു വികസിപ്പിക്കുവാനുള്ള സാദ്ധ്യതയെ സാമ്പത്തിക താല്പര്യങ്ങൾ തമ്മിലുള്ള സംഘട്ടനം ഇല്ലാതാക്കിയിരിക്കുന്നുവെന്നാണ് വസ്തുതകൾ തെളിയിക്കുന്നത്.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം എല്ലാ സാമ്രാജ്യത്വനാട്ടുകളും ഒരൊററ ചേരിയായി നിന്നുവെന്നതു് ഇവിടെ അനുസ്മരിക്കാം. ആദ്യമായി മാർഷൽപ്ലാനിന്റെ പരസ്യപ്പലകയും ചുമന്നുകൊണ്ടും യൂറോപ്യൻ അമേരിക്കൻ സാമ്പത്തിക സഹകരണത്തിനുള്ള സംഘടന വഴി അവർ സാമ്പ

2. European Economic Comunity

ത്തികമായി ഉൽഗ്രഥിതരായി. രാഷ്ട്രീയമായും സൈനിക മായും നോർത്ത് അററ്ലാൻടിക്ക് സഖ്യത്തിൻെറ നേതൃത്വ ത്തിലും അതിനോടനുബന്ധിച്ചുണ്ടാക്കിയ ഒട്ടേറെ സൈനി കസഖ്യങ്ങൾ മുഖേനയും അവർ ഒന്നായി നിന്നു. സാമ്രാജ്യ ത്വചേരിയിൽ വൈരുദ്ധ്യങ്ങൾ വളർന്നു വന്നിട്ടും ഈ നാട്ടു കൾ പരസ്പരം എതിർക്കുകയും ആയുധം ഉപയോഗിച്ചു ലോക ത്തെ പുനർവിഭജനം ചെയ്യുവാൻ ശ്രമിക്കുകയും ചെയ്യുന്ന വ്യത്യസ്ത രാഷ്ട്രീയ സൈനിക ഗ്രൂപ്പുകളായി വേർതിരിഞ്ഞു നിൽക്കുകയുണ്ടായില്ല. യുദ്ധാനന്തരകാലഘട്ടത്തിൽ മുതലാ ളിത്ത ലോകത്തിലെ ശക്തികളുടെ അണിചേരലും ഒന്നും രണ്ടും യുദ്ധങ്ങൾക്കു് മുൻപുണ്ടായിരുന്ന സ്ഥിതിഗതികളും തമ്മിലുള്ള മൗലികവ്യത്യാസം ഇതാണു്. ഒന്നും രണ്ടും ലോ കമഹായുദ്ധങ്ങൾക്കു് മുൻപു് മുതലാളിത്തലോകം രണ്ടു വ്യ ത്യസ്തഗ്രൂപ്പുകളായിട്ടാണ് സ്ഥിതിചെയ്തിരുന്നതു്.

രണ്ടാം ലോകമഹായുദ്ധത്തിന്നുശേഷം സോവിയററ് യൂനിയൻെറ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ്ചേരിക്കെതി രായി മുതലാളിത്തരാഷ്ട്രങ്ങളെല്ലാം യുണൈറഡ് സ്റ്റേയി റ്റ്സിൻെറ നേതൃത്വത്തിൽ ഒരൊററച്ചേരിയിൽ ലയിക്കു കയാണുണ്ടായതു്.

സാമ്രാജ്യത്വചേരിയിലെ ശക്തികളുടെ അണിചേരൽ യാതൊരു മാററവും വരാതെ ഇന്നും നിലനിൽക്കുന്നുവെന്നു് ഇതിന്നർത്ഥമില്ല. കഴിഞ്ഞ ദശാബ്ദത്തിൽ സാമ്പത്തികവും രാഷ്ട്രീയവുമായി പുതിയ ആകർഷണകേന്ദ്രങ്ങൾ സാമ്രാജ്യ ത്വലോകത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്; പഴയ കൂട്ടുകെട്ടുകൾ തുന്നിച്ചേർത്തിടത്തുവെച്ചു തന്നെ രണ്ടായി പിളർന്നുപോയി ട്ടുണ്ടു്; പുതിയ ഗ്രൂപ്പുകൾ ഉയർന്നു വന്നിട്ടുണ്ടു്; സാമ്രാജ്യത്വ

ബന്ധങ്ങളുടെ സംവിധാനമാകെ ഒരു കുഴപ്പത്തിൻെറ പ്രവാഹത്തിൽ പെട്ടിരിക്കയാണ്.

സാമ്രാജ്യത്വചേരിയിൽ യുണൈററഡ്സ്റ്റെയിറ്റ്സിന്നുണ്ടായിരുന്ന കുത്തകാധിപത്യപരമായ പദവി അവസാനിച്ചിരിക്കുന്നു. വത്തമാനകാലഘട്ടത്തെ ഇതരകാലഘട്ടത്തിൽ നിന്നും വ്യത്യസ്തമായി നിലനിത്തുന്ന സവിശേഷതകളിലൊന്നാണിതു്. യുണൈറഡ് സ്റ്റെയററ്സിൻെറ നേതൃത്വപരമായ നിലപാടിന്നു് എല്ലാ ഭാഗത്തു നിന്നും ഹാനി തട്ടിക്കൊണ്ടിരിക്കുകയാണ്. ആധുനിക മുതലാളിത്തത്തിൻെറ സാമ്പത്തിക സ്ഥിതിയിലും നയരൂപീകരണത്തിലും അതിന്നുണ്ടായിരുന്ന പങ്ക് ചുരുങ്ങിച്ചുരുങ്ങി വരികയാണ്.

സാമ്രാജ്യത്വചേരിയിലെ ശക്തികളുടെ അണിചേരലിന്നു നൽകപ്പെട്ട നാമധേയം [1]"പൊളിസെൻട്രിക് വ്യവസ്ഥ" എന്നാണ്. പല "അധികാരകേന്ദ്രങ്ങളും" ഒരേ അവസരത്തിൽ നിലനിൽക്കുന്ന വ്യവസ്ഥയെന്നാണതിന്നർത്ഥം. അസമമായ സാമ്പത്തിക വികാസത്തിൻെറ നിയമം ആദ്യഘട്ടത്തിൽ യു. എസ്. സാമ്രാജ്യത്തിന്നനുകൂലമായ തരത്തിലാണ് പ്രവത്തിച്ചിരുന്നതു്. ഇന്നു് അതിൻെറ പ്രവത്തനം നേരെ എതിരായിട്ടാണ്. ആ വസ്തുതയുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഒന്നിലധികം "അധികാര കേന്ദ്രങ്ങൾ" പ്രത്യക്ഷപ്പെട്ടുതുടങ്ങിയതു്.

സാമ്രാജ്യത്വചേരിയിലെ സാമ്പത്തികവും ധനപരവും സൈനീകവുമായ പ്രധാനശക്തി ഇപ്പോഴും അമേരിക്കൻ സാമ്രാജ്യത്വം തന്നെയാണ്. ലോകപിന്തിരിപ്പത്തത്തിൻെറയും സാമ്രാജ്യത്വപരമായ ആക്രമണങ്ങളുടെയും പ്രധാനപ്പെട്ട

1. Polycentric system.

ആസ്ഥാനകേന്ദ്രവും അമേരിക്കൻ സാമ്രാജ്യത്വമാണ്. ഒരു ആഗോളപ്പോലീസ്സുകാരന്റെ ഉത്തരവാദിത്വം സ്വയം ഏറെറടുത്തുകൊണ്ട് യു. എസ്. സാമ്രാജ്യവാദികളും അവരുടെ പട്ടാളവും സാർവ്വദേശീയ സംഘർഷത്തിന്റെ പുതിയ കേന്ദ്രങ്ങൾ ഉടലെടുക്കത്തക്കവണ്ണം പ്രകോപനങ്ങൾ സംഘടിപ്പിയ്ക്കുന്നുണ്ട്. വിയററ്നാമിലെ നെറികെട്ട യുദ്ധം അവർ ഉണ്ടാക്കിയതാണ്. കോംഗോവിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നതിന്നുള്ള പ്രവർത്തനങ്ങൾ നടത്തിയതും അവരാണ്. ക്യൂബക്കെതിരായി അവർ ഭവിഷ്യത്ത് പരിഗണിക്കാതെ നിരന്തരം പ്രകോപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ലാററിനമേരിക്കൻ രാജ്യങ്ങളിൽ പിന്തിരിപ്പൻ പട്ടാളവിപ്ലവങ്ങൾക്ക് പ്രചോദനം നൽകുന്നതും അവർതന്നെയാണ്. ലോകമുതലാളിത്ത വ്യവസ്ഥയിൽ അമേരിക്കയ്ക്കുണ്ടായിരുന്ന വിഹിതത്തിൽ കുറവുവന്നിട്ടുണ്ടെന്നിരിക്കിലും അമേരിക്ക ഇന്നും വ്യാവസായികവും കാർഷികവുമായ ഉല്പാദനം, മൂലധനത്തിന്റെ കയററുമതി, വിദേശവ്യാപാരത്തിന്റെ വലുപ്പം, സ്വർണ്ണനിക്ഷേപം എന്നിവയിൽ മറെറതു മുതലാളിത്ത രാജ്യത്തേക്കാളും എത്രയോ മുൻപന്തിയിലാണ് സ്ഥിതിചെയ്യുന്നതു്. സാമ്രാജ്യത്വച്ചേരിയുടെ സൈനികനേതാവായിട്ടാണ് അമേരിക്ക ഇപ്പോഴും നിലകൊള്ളുന്നത്.

അങ്ങനെയെല്ലാമാണെന്നിരിക്കിലും യു. എസ്. സാമ്രാജ്യത്വം ലോകമേധാവിത്വം നേടിക്കഴിഞ്ഞുവെന്നു ധരിക്കുന്നതു തെററായിരിക്കും. രണ്ടാം ദശാബ്ദത്തിന്റെ ആരംഭത്തിൽ അത്തരത്തിലുള്ള ഒരു തീസിസ് ട്രോഡ്സ്കി തയ്യാറാക്കിയിരുന്നു. യു. എസ്. യൂറോപ്പിനെ പിടിയിലൊതുക്കിക്കഴിഞ്ഞിരിക്കുന്നുവെന്നായിരുന്നു ട്രോഡ്സ്കിയുടെ വാ

ദം. പക്ഷെ നമ്മുടെ പാർട്ടി ആ തിസിസ് നിരാകരിക്കുക യാണ് ചെയ്തത്. അഞ്ചാം ദശകത്തിന്റെ ആരംഭത്തിൽ അതുതന്നെ സ്റ്റാലിനും പറയുകയുണ്ടായി. ആ പ്രസ്താവനയും തെററായിരുന്നു. ജീവിതാനുഭവങ്ങൾതന്നെ അതു നിരാക രിച്ചു, സാമ്രാജ്യത്വച്ചേരിയിൽ പരസ്പരവിരുദ്ധമായ രണ്ടു പ്രക്രിയകൾ വളന്നുവരുന്നുണ്ടെന്ന വസ്തുതയെ അവലംബി ച്ചുകൊണ്ടാണ് നമ്മുടെ പാർട്ടിയുടെ നയം രൂപീകരിക്കപ്പെ ട്ടതു്. സോഷ്യലിസത്തിന്നെതിരായ സമരത്തിൽ ബൂർഷ്വാ സിയുടെ വർഗ്ഗശക്തികളെയാകെ ഏകീകരിച്ച് അണിനിര ത്തുവാനുള്ള പ്രവണതയാണ് അതിലൊന്നു്. സാമ്രാജ്യ ത്വശക്തികൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ അതേ കാലഘ ട്ടത്തിൽതന്നെ രൂക്ഷമായിത്തീരുന്നുവെന്നതാണ് രണ്ടാമത്തേ തു്. ഈ രണ്ടാമത്തെ പ്രവണതയെ കീഴടക്കുവാനും സാ മ്രാജ്യത്വച്ചേരിയിൽ ചോദ്യംചെയ്യപ്പെടാത്ത നേതാവായി ഉയരുവാനും പര്യാപ്തമായ തോതിലുള്ള ശക്തി അമേരിക്ക ക്കുണ്ടായിരുന്നില്ലെന്നതു തീർച്ചയാണ്. പക്ഷെ ഇന്നു അമേ രിക്കൻ കുത്തകകളെ സാമ്രാജ്യത്വഗ്രൂപ്പുകൾതന്നെ എതൃത്തു തുടങ്ങിയിരിക്കുന്നു; ഈ ഗ്രൂപ്പുകളുടെ സംയുക്തമായ മൊത്തം സാമ്പത്തികശക്തി അമേരിക്കയുടേതിനോട് കിടപിടിക്കുന്ന നിലയിലേക്ക് വളന്നുകൊണ്ടിരിക്കുകയാണ്.

യുനൈറെറഡ് സ്റ്റേയിററ്സിനെ എതൃത്തുകൊണ്ടിരു ന്ന പ്രധാന "ശക്തികേന്ദ്രം" ഇന്നു മുതലാളിത്ത പശ്ചിമയൂ റോപ്പാണ്. പശ്ചിമയൂറോപ്പിലാകെയുള്ള വ്യാവസായി കോൽപാദനവും നോത്ത് അമേരിക്കയുടെ (യു. എസ്. എ. കനഡ) വ്യാവസായികോല്പാദനവും തമ്മിലുള്ള ബന്ധം താ

ഴെകൊട്ടുക്കുന്ന രീതിയിൽ മാറിക്കഴിഞ്ഞിരിയ്ക്കുന്നു:—

| ലോക മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിൽ യു. എസ്സിനുള്ള വിഹിതം (% %) | 1937 | 1948 | 1958 | 1962 | 1963 |
|---|---|---|---|---|---|
| 1. വ്യവസായോല്പന്നങ്ങളിൽ യു. എസ്സിൻെറ വിഹിതം | 41 | 54 | 46 | 45 | 45 |
| 2. കയറ്റുമതിയിൽ യു. എസ്സിൻെറ വിഹിതം | 14 | 32 | 19 | 17 | 17 |
| 3. സ്വർണ്ണ സൂക്ഷിപ്പിൽ യു. എസ്സിൻെറ വിഹിതം | 50 | 72 | 41 | 39 | 37 |

രണ്ടാംലോകമഹായുദ്ധത്തിനുമുമ്പ് പശ്ചിമയൂറോപ്പിലെ ഉല്പാദനം നോർത്ത്അമേരിക്കയിലെ ഉല്പാദനത്തെ കവച്ചുവെച്ചിരുന്നു. യുദ്ധാനന്തരം ആദ്യത്തെ വർഷങ്ങളിൽ അതു നോർത്ത്അമേരിക്കയുടേതിൻെറ പകുതിയിൽ സ്വല്പം അധികമുണ്ടായിരുന്നു; ഇന്ന് നോർത്ത്അമേരിക്കയുടെ മുക്കാലോഹരിയോളമെത്തിയിട്ടുണ്ട്. ചില മേഖലകളിൽ കോമൺമാക്കററ് ഒററയ്ക്ക് യുണൈറെഡ്സ്റ്റേയിററ്സിനു സമമാവാൻ പോകുകയാണ്. കയററുമതിയുടെ ആകത്തുകയിൽ അതു യുണൈററഡ് സ്റ്റേയിററ്സിനെ കവച്ചുവെച്ചുകഴിഞ്ഞു.

യൂറോപ്യൻമുതലാളിത്തത്തിന്നു സ്വന്തം കാലിൽ നില്ക്കുവാൻ കഴിവുണ്ടാക്കിയതു യുണൈററഡ് സ്റ്റേയിററ്സാണ്. എന്നാൽ ഇന്നു അന്നത്തെ സഹായിക്കെതിരായിട്ടാണ് കൂടുതൽ കൂടുതലായി യൂറോപ്യൻ മുതലാളിത്തം നീങ്ങിക്കൊണ്ടിരിക്കുന്നതു്. അവരുടെ സാമ്പത്തിക രാഷ്ട്രീയ താല്പര്യങ്ങൾ യു. എസ്സിൻെറ സാമ്രാജ്യവികസന മോഹവുമായി അധിക

മധികം സംഘട്ടനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. പശ്ചിമയൂറോപ്പും അമേരിക്കയും തമ്മിലുള്ള വിഭജനരേഖ മിക്കവാറും മാഞ്ഞുപോയ മട്ടാണ്. കാരണം പശ്ചിമയൂറോപ്പിൽ തന്നെയുള്ള ദേശീയ സാമ്രാജ്യത്വങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ ഹേതുവായി അവർതമ്മിൽ സംഘട്ടനങ്ങൾ വളന്നുവരുമ്പോൾ കക്ഷികളിൽ ഒന്നു് തന്റെ യൂറോപ്യൻ പ്രതിയോഗിക്കെതിരായി യുണൈറഡ് സ്റ്റേയിറസിന്റെ പക്ഷത്തു ചേന്നുനില്ക്കുന്നതു കാണാം.

യു. എസ്. എ., ഈഇഇസി, [1]ഇ എഫ് ടി എയുടെ ഉല്പാദന സൂചികൾ—1962

| | ജനസംഖ്യ (മില്യൻ) | മുതലാളിത്തനാടുകളിലെ വ്യവസായോല്പന്നത്തിലെ വിഹിതം | ഉരുക്കുല്പാദനം (മില്യൻ ടൺ) | വിദ്യുച്ഛക്തി (1000 മില്യൻ കി. വാ.) | കയററുമതി (1000 മില്യൻ ഡോളർ) | സ്വർണ്ണനിക്ഷേപം (1000 മില്യൻ ഡോളർ) |
|---|---|---|---|---|---|---|
| 1. യു. എസ്. എ. | 180 | 45 | 89 | 940 | 21 | 16 |
| 2. യൂറോപ്യൻ ഇക്കണോമിക് കമ്യൂണിററി | 173 | 20 | 79 | 313 | 34 | 12 |
| 3. യൂറോപ്യൻ ഫ്രീട്രെയ്ഡ് അസോസിയേഷൻ | 94 | 14 | 29 | 268 | 20 | 7 |

മുതലാളിത്തയൂറോപ്പിൽ രണ്ട് "അധികാരകേന്ദ്രങ്ങളുണ്ട്"; അവ അന്യോന്യം പോരാടിക്കൊണ്ടിരിക്കുകയാണ്. ഫെഡറൽ ജർമ്മനിയുടെയും ഫ്രാൻസിന്റെയും നേതൃത്വത്തിൽ യൂറോപ്യൻ എക്കണോമിക്ക് കമ്യൂനിററി ഒരുവശ

1, European free trade Associationന്റെ ചുരുക്കപ്പേര്

ത്ത് നിലവിൽ വന്നിട്ടുണ്ട്. മറുവശത്ത് ബ്രിട്ടൻ മുൻകൈ എടുത്തുണ്ടാക്കിയ യൂറോപ്യൻ ഫ്രീ ട്രെയിഡ് എസോസിയേഷനും നിലനിൽക്കുന്നു. ഈ രണ്ടു കേന്ദ്രങ്ങളും നിലവിൽ വന്നിട്ടും വികസനത്തിൻെറ പൊതുപ്രവണതയെ—അതായതു് യുനൈറഡ് സ്റ്റെയിററ്സും മുതലാളിത്തയൂറോപ്പും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ മൂർഛിച്ചുവരുന്നതിനെ—ഇല്ലായ്മചെയ്യുവാൻ കഴിഞ്ഞിട്ടില്ല. കോമൺമാർക്കററിൽ അംഗമാകുവാനുള്ള ബ്രിട്ടൻെറ അഭ്യർത്ഥനയെ യു. എസ്. അനുകൂലിച്ചിരുന്നു. എന്നാൽ അതേ അവസരത്തിൽതന്നെ ഈ ഈസിയിൽ ചേർന്നുകഴിഞ്ഞാൽ ബ്രിട്ടനും, സ്വന്തം സമ്പ്രദായത്തിൽകൂടിയാണെന്നിരിക്കിലും, ഈഈസിയുടെ അമേരിക്കക്കെതിരായ നയത്തെ അനുകൂലിച്ചേക്കുമെന്നു യുനൈറഡ്സ്റ്റെയിററ്സിന്നു ഭയമുണ്ടായിരുന്നു. അല്ലെങ്കിൽ മറ്റൊരു ഉദാഹരണമെടുക്കാം. യുനൈറഡ് സ്റ്റെയിററ്സിൻ്റെ നേരെ സ്വീകരിക്കേണ്ടുന്ന മനോഭാവത്തിൻെറ കാര്യത്തിൽ ഫ്രാൻസും ഫെഡറൽ ജർമ്മനിയും തമ്മിൽ ആഴമേറിയ അഭിപ്രായഭിന്നതകൾ ഉടലെടുത്തിട്ടുണ്ട്. യൂറോപ്യൻ കാര്യങ്ങളിൽ യുനൈററഡ് സ്റ്റെയിററുസ് നേതൃത്വം നൽകുന്നതിനെ ഫ്രാൻസ് നിരാകരിക്കുന്നു; എന്നാൽ ബോണിലെ ഭരണാധികാരികൾ വാഷിങ്ങ്ടണ്ണിൻെറ പക്ഷത്തേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. തീർച്ചയായും പശ്ചിമജർമ്മൻ സാമ്രാജ്യവാദികളുടെ വഞ്ചനാപരമായ ഒരു തന്ത്രം മാത്രമാണിതു്. ഇതു് കേവലം ഒരിടക്കാലഘട്ടത്തിലെ നയംമാത്രമാണ്. ഈ നയം അംഗീകരിച്ച് യു. എസ്സിൻെറ സഹായം തേടുവാനും പശ്ചിമയൂറോപ്യൻകാര്യങ്ങളുടെ നേതൃത്വം കൈക്കലാക്കുവാനും സാധിക്കുമെന്നവർ കരുതുന്നു. എന്നിട്ട് ഒടുവിൽ യുനൈറഡ് സ്റ്റെയിററുസിനെതിരായി

ശക്തിയാകെ തിരിച്ചുവിട്ടവാൻ കഴിയുമെന്നാണ് അവരു ടെ പ്രതീക്ഷ. അതിന്നും പുറമെ [1] മോസ്കോ അണുപരീ ക്ഷണ നിരോധ ഉടമ്പടിയിൽ ഫെഡറൽജർമ്മനി ഒപ്പുവെ ച്ചപ്പോൾ ഫ്രാൻസ് അതിൽനിന്നും ഒഴിഞ്ഞുനിൽക്കുകയാ ണ് ചെയ്തതു്. എന്നാൽ ഫ്രാൻസ് ചൈനാ ജനകീയ റിപ്പബ്ലിക്കിന് അംഗീകാരം നല്കിയപ്പോൾ ഫെഡറൽജർ മ്മനി അതിൽനിന്നൊഴിഞ്ഞുമാറി. ഇതിൽനിന്നെല്ലാം തെ ളിയുന്നതു് പാരീസ്—ബോൺ അച്ചുതണ്ടിലെ പങ്കാളി കൾക്ക് പ്രധാനപ്പെട്ട ചില പ്രശ്നങ്ങളിൽ പൊതുവായ സമരതന്ത്രമൊന്നും ഇല്ലെന്നാണ്.

പശ്ചിമയൂറോപ്പിൽ ഇന്നു് യുനൈറ്റഡ്സ്റ്റേയിററ് സിനെ എതൃക്കുന്ന ശക്തി ഫ്രാൻസാണ്. "ഫ്രാൻസിൻെറ മഹത്വം" പുനസ്ഥാപിക്കുവാനും, ഫ്രഞ്ച് നേതൃത്വത്തിൽ യൂറോപ്പിനെ ഏകീകരിക്കുവാനും അതുവഴി സോവിയററ് യൂനിയന്നും യുനൈററഡ് സ്റ്റേയററ്സിന്നും സമമായ ഒരു മൂന്നാംശക്തിയായി യൂറോപ്പിനെ മാററുവാനും ഇന്നു ഡി ഗോൾ കൊതിയ്ക്കുന്നു. ദേശീയ സാമ്രാജ്യത്വം പ്രത്യേകിച്ചും ഫ്രഞ്ച് സാമ്രാജ്യത്വം പുനരുദ്ധരിക്കപ്പെടുന്നതിന്നുള്ള മാ തൃകാപരമായ ഉദാഹരണമാണതു്.

ജപ്പാൻ വീണ്ടും സാമ്രാജ്യത്വച്ചേരിയിലെ ഒരു 'അധി കാരകേന്ദ്രമായി' വളർന്നുവരിയാണ്. 1963ൽ ആ രാജ്യ ത്തിൻെറ ആകെ വ്യാവസായികോൽപാദനം യുദ്ധത്തിന്നു മുൻപ് (1934-1939) ഉണ്ടായിരുന്നതിൻെറ എട്ടിരട്ടിയാ യിരുന്നു, കഴിഞ്ഞ പത്തുവർഷമായി ജപ്പാൻെറ സാമ്പത്തി കവികസനം ഭീമമായ തോതിൽ നടന്നുകൊണ്ടിരിക്കുകയാ

---

1. Moscow nuclear test ban treaty.

ണ്. തന്നിമിത്തം ലോകമുതലാളിത്ത സമ്പദ്‌വ്യവസ്ഥ യിൽ ജപ്പാനുള്ള സ്ഥാനം ശക്തിപ്പെട്ടിട്ടുണ്ട്. മർമ്മപ്രധാ നമായ ഉരുക്ക് അടക്കമുള്ള ചില വ്യാവസായികോൽപന്ന ങ്ങളിൽ ആ രാജ്യം ബ്രിട്ടനേയും ഫ്രാൻസിനേയും കവച്ചു വെച്ചുകഴിഞ്ഞു. മററുചില ഇനങ്ങളിൽ ലോകത്തിൽ ഒ ന്നാം സ്ഥാനവും ജപ്പാൻ കൈക്കലാക്കിയിരിക്കുന്നു.

ജപ്പാൻെറ സാമ്പത്തിക വളച്ച് യുണൈററഡ് സ്റ്റെയി റ്റ്സുമായി ആ രാജ്യത്തിനുണ്ടായിരുന്ന ബന്ധങ്ങളിൽ മാററമുണ്ടാകുവാൻ പ്രേരകമായിട്ടുണ്ട്. ജപ്പാനീസ് സാമ്രാ ജ്യവാദികൾ യുണൈററഡ്സ്റ്റെയിററ്സിൻെറ ജൂനിയർ പങ്കാളികളായിരുന്ന കാലം പോയി. ഇന്നു ലോകകമ്പോള ങ്ങൾക്കുവേണ്ടിയുള്ള സമരത്തിൽ അവർ യുണൈററഡ്സ്റ്റെ യിററ്സിൻെറ പ്രബലരായ പ്രതിയോഗികളാണ്. യുണൈ ററഡ്സ്റ്റെയിററ്സുമായി ഇന്നുള്ള രാഷ്ട്രീയവും സൈനിക വും സാമ്പത്തികവുമായ സഖ്യത്തെ ജാപ്പനീസ് കുത്തക മുതലാളിമാർ പിൻതാങ്ങുന്നുണ്ട്. കാരണം താൽക്കാലിക മായി ആ സഖ്യം അവരുടെ താല്പര്യങ്ങൾ നേടുവാൻ ആവ മാണ്. യു. എസ്സിൻെറ പിൻതുണകൊണ്ടു ജപ്പാൻ സേന യെ പുനർജീവിപ്പിക്കുവാനും എല്ലാതരം നവീന ആയുധ ങ്ങൾ നൽകി സജ്ജമാക്കുവാനും സാധിക്കുമെന്നു മാത്രമല്ല ഏഷ്യയിലേയും ആഫ്രിക്കയിലേയും ലേററിനമേരിക്കയി ലേയും രാജ്യങ്ങളിൽ കൂടുതൽ വിപുലമായ തോതിൽ കടന്നു കൂടുവാനും സാധിക്കുമെന്നു ജപ്പാനിലെ കുത്തകകൾ പ്രത്യാ ശിക്കുന്നു.

ഏഷ്യയിൽ യുണൈററഡ് സ്റ്റെയിററ്സിനുള്ള ഒരു പ്രധാന ബന്ധുവാണ് തങ്ങളെന്നു ജപ്പാനിലെ കുത്തകകൾ

ക്കറിയാം. ആ ബന്ധം ഉപയോഗപ്പെടുത്തി അമേരിക്കൻ സാമ്രാജ്യവാദികളിൽനിന്നും പുതിയ ആനുകൂല്യങ്ങൾ പിടിച്ചുവാങ്ങുവാൻ അവർ ശ്രമിക്കുന്നുണ്ടുതാനും. തീർച്ചയായും സാമ്പത്തിക കാര്യങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ മാത്രമാണ് ഈ നില ഉള്ളതു്. എന്നാൽ സാമ്പത്തികവും ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ പല ഘടകങ്ങളിലും കെട്ടുപിണഞ്ഞുകിടക്കുന്ന സങ്കീർണ്ണമായ മതഭേദങ്ങൾ അഗാധതലസ്പർശിയായി ജപ്പാനിലെയും അമേരിക്കയിലേയും കുത്തകമുതലാളിമാരുടെയിടയിൽ നിലനിൽക്കുന്നുണ്ട്. അവ ഇന്നു നിലനിൽക്കുന്ന ബന്ധങ്ങളുടെ എല്ലാ മേഖലകളിലും ജപ്പാനും അമേരിക്കയും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ മൂർച്ഛിപ്പിക്കുമെന്നു തീർച്ചയാണ്. ഇന്നത്തെ പരിതസ്ഥിതിയിൽ നിശിതമായ വൈരുദ്ധ്യങ്ങൾ സാമ്രാജ്യത്വ സഖ്യങ്ങളെ കുത്തഴിഞ്ഞമട്ടിലാക്കുവാൻ ഇടയുണ്ടെന്നതിന്നു നേറ്റോവിലെ കുഴപ്പംതന്നെ സമൂർത്തമായ ഉദാഹരണമാണ്. അറ്റ്ലാൻറിക്ക് സഖ്യത്തിൽ ഫ്രാൻസ് സ്വന്തം പങ്ക് ചുരുക്കി ചുരുക്കികൊണ്ടു വരികയാണ്. നേറ്റോവിൻെറ വിവിധ രാഷ്ട്ര ന്യൂക്ലിയർ ശക്തിയെപററി രൂക്ഷമായ അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ടു. ചില നേറ്റോരാജ്യങ്ങൾ ന്യൂക്ലിയർമിസ്സൈൽ താവളങ്ങൾ സ്വന്തം മണ്ണിൽ സ്ഥാപിക്കുന്നതിന്നനുവാദം നൽകുവാൻ കൂട്ടാക്കിയിട്ടില്ല. ബ്ലോക്കിലെ രണ്ടു മെമ്പർമാർ—തുർക്കിയും ഗ്രീസും—സൈപ്രസ്സിൽ പ്രഖ്യാപിതമല്ലാത്ത ഒരു യുദ്ധം നടത്തുകയാണ്. ഈ വൈരുദ്ധ്യങ്ങളെല്ലാം 'അററ്ലാൻറിക് നയത്തോടുള്ള' കൂറിന്നു കോട്ടം തട്ടിക്കുന്നില്ല. നമ്മുടെ കാലഘട്ടത്തിലെ മൗലിക വൈരുദ്ധ്യം സോഷ്യലിസവും സാമ്രാജ്യത്വവും തമ്മിലാണെന്ന ബോധം എല്ലാ സാമ്രാജ്യവാദികൾക്കുമുണ്ടു്.

നേറോവിലെ യൂറോപ്യൻ മെമ്പർമാരുടെയിടയിൽ സ്വതന്ത്രമായ സാമ്രാജ്യത്വതാല്പര്യങ്ങൾ വളൎന്നുവന്നതിന്റെയും അമേരിക്കയുടെ 'നേതൃത്വം' വലിച്ചെറിയുവാൻ അവർ ദൃഢനിശ്ചയം ചെയ്തതിൻെറയും അവരിൽ ചിലൎക്ക് സ്വതന്ത്ര ന്യൂക്ലിയർശക്തികളായി വളരണമെന്ന ഉദ്ദേശമുള്ളതിൻെറയും ഫലമായിട്ടാണ് നേറോവിൽ കുഴപ്പമുണ്ടായതു്. ഈ കുഴപ്പത്തിന്നു ഇതിലും പ്രധാനമായ ഒരു ഹേതുവാണ് സോവിയററ്യൂനിയൻ തുടൎന്നുവരുന്ന സമാധാനനയം ചെലുത്തുന്ന സ്വാധീനശക്തിയും അതിൻഫലമായി സാർവ്വദേശീയസംഘർഷത്തിലുണ്ടായ ശൈഥില്യവും. സോവിയററ് യൂനിയൻെറ സമാധാനപരമായ ഉദ്ദേശങ്ങളെപററി ആൎക്കും ഇന്നു സംശയങ്ങളില്ല. യൂ. എസ്. എസ്. ആറിൽനിന്നും യാതൊരു തരത്തിലുള്ള യുദ്ധഭീഷണിയും പുറപ്പെടാനിടയില്ലെന്നു ഫ്രഞ്ച് പ്രസിഡണ്ടും ബ്രിട്ടീഷ് പ്രധാനമന്ത്രിയും മററുപല യൂറോപ്യൻ രാഷ്ട്രതന്ത്രജ്ഞന്മാരും പരസ്യമായിതന്നെ പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. "ശീതയുദ്ധ"ത്തിൻെറയും സാർവ്വദേശീയ സംഘർഷത്തിൻേറയും ഒരു സന്തതിയാണ് നേറേറാ. "ശീതയുദ്ധ"ത്തിൽ അയവുവരുന്നതു തീച്ചയായും നോത്ത് അററ്ലാൻടിക്ക് സഖ്യത്തെ തകിടം മറിക്കും. "യുദ്ധാവശ്യാൎത്ഥമാണ് സഖ്യങ്ങൾ ഉണ്ടാക്കുന്നതു് യുദ്ധഭീഷണിയില്ലെങ്കിൽ സഖ്യങ്ങൾക്കകത്ത് അനൈക്യം ഉടലെടുക്കും" എന്നാണ് യൂറോപ്യന്മാർ പറയുന്നതു്. നേറോവുമായി ബന്ധപ്പെട്ട ഇതര സാമ്രാജ്യത്വ സഖ്യങ്ങളിലും ഇത്തരത്തിലുള്ള കുഴപ്പങ്ങൾ തലപൊക്കുന്നുണ്ട്.

സാമ്രാജ്യത്വരാജ്യങ്ങൾ തമ്മിലുള്ള സമരത്തിൻെറ അടിയിൽ കിടക്കുന്നതു മുതലാളിത്തത്തിൻെറ അസമമായ സാമ്പത്തിക രാഷ്ട്രീയ വികാസത്തിൻെറ നിയമമാണ്.

എന്നാൽ ഈ നിയമം ഇന്നു പ്രവൎത്തനത്തിൽ വരുന്നതിൽ പല പുതിയ സ്വഭാവ വിശേഷങ്ങളും കാണപ്പെടുന്നുണ്ട്.

ഒന്നാമതായി, സ്റ്റേറ്റു് കുത്തക മുതലാളിത്തം മുമ്പെപ്പോഴുമെന്നതിനേക്കാൾ ശക്തിപ്രാപിച്ച ഘട്ടത്തിലാണ് സാമ്രാജ്യത്വങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം വളൎന്നു വരുന്നതു്. ഇന്നു് ലോകമാൎക്കററിൽ വ്യത്യസ്തകുത്തകകൾ തമ്മിലല്ല സംഘട്ടനം നടക്കുന്നതു് പകരം പ്രബലരായ സ്റ്റേററ് കുത്തക സംവിധാനങ്ങൾ തമ്മിലാണു് അതു് നടക്കുന്നതു്. മാൎക്കററുകൾക്കും, അസംസ്കൃത പദാൎത്ഥങ്ങൾക്കും, സ്വാധീന മേഖലകൾക്കും വേണ്ടിയുള്ള സമരത്തിൽ പ്രധാന സാമ്രാജ്യത്വ രാഷ്ട്രങ്ങളിൽ ഭരണകൂടവും കുത്തകകളും കൈകോൎത്തു പിടിച്ചുകൊണ്ടാണ് നിലകൊള്ളുന്നതു്.

രണ്ടാമതായി, പശ്ചിമയൂറോപ്പിലും ജപ്പാനിലും ഉണ്ടാകുന്ന സാമ്പത്തിക വളൎച്ചയുടെ തോത് ഉയൎന്നുവന്നതിന്റെ ഫലമായി പ്രധാനപ്പെട്ട മുതലാളിത്തനാടുകളുടെ സാമ്പത്തികവികാസത്തിന്റെ നിലവാരം ഒരതൃത്തിവരെ സമാനമാക്കി തീൎന്നിരിക്കുന്നു. അത്തരത്തിൽ സമനിരയിൽ വരുന്നതു കാരണമായി സാമ്രാജ്യത്വ രാക്ഷസൻമാർ തമ്മിലുള്ള മത്സരം കൂടുതൽ രൂക്ഷമായി തീൎന്നിരിക്കയാണ്.

മൂന്നാമതായി സാമ്രാജ്യത്വങ്ങൾ തമ്മിലുള്ള സമരം ഇന്നുമുമ്പത്തേതിനേക്കാൾ എത്രയോ ചെറിയ ഒരു രംഗത്തുവെച്ചാണ് നടക്കുന്നതു്. കാരണം സോഷ്യലിസ്റ്റ് വിപ്ലവങ്ങളും ദേശീയ വിമോചനവിപ്ലവങ്ങളും മുതലാളിത്ത കുത്തകകളുടെ പ്രവൎത്തനമേഖലയെ ഗണ്യമായ തോതിൽ ചുരുക്കിക്കളഞ്ഞിരിക്കുന്നു. സ്വാഭാവികമായും ഇതിൻഫലമായി സാമ്രാജ്യത്വച്ചേരിയിലെ ശണ്ഠകൾ കൂടുതൽ തീക്ഷ്ണമായി തീൎന്നിരിക്കുന്നു.

അങ്ങനെ നോക്കിയാൽ മുതലാളിത്തത്തിൻെറ പരിണാമം യു. എസ്സ്. എ. കേന്ദ്രമാക്കിയിട്ടുള്ള ഒരു 'ഏകലോക ട്രസ്റ്റി'ൻെറ രൂപീകരണത്തിലേയ്ക്കല്ല നിരന്തരം കലഹിച്ചു കൊണ്ടിരിക്കുന്ന ഓറാറൊറാറയുള്ള സാമ്രാജ്യത്വങ്ങൾ അനന്തമായ രീതിയിൽ പെട്ടെന്നു വികാസം പ്രാപിച്ചു വരുന്നതിലേയ്ക്കാണ് ചെന്നെത്തുക. കോട്സ്കിയുടെ 'അൾട്രാ ഇംപീരിയലിസം' എന്ന സിദ്ധാന്തത്തിന്നെതിരായി ലെനിൻ ഉന്നയിച്ച വാദം ഒററ നാട്ടിൽമാത്രമായിട്ടുള്ള ഫിനാൻസ് മൂലധനവും[1] ദേശീയ (കൂട്ടതൽ കണിശമാക്കിയാൽ ഒററ നാട്ടിൻെറതു മാത്രമായ) സാമ്രാജ്യത്വവും നിലനില്ക്കുന്നുണ്ടെന്നായിരുന്നു.* ആ വാദം സാധുവാണെന്നു് ജീവിതം സമർത്ഥിച്ചിരിയ്ക്കുന്നു. വ്യത്യസ്ത നാട്ടുകളിലായി വികസിച്ചുവന്നിട്ടുള്ള ദേശീയ സാമ്രാജ്യത്വങ്ങൾ പഴയകാലത്തെ അനുഭവമായിമാറിയിട്ടില്ല, അങ്ങനെ മാറുവാൻ പററുകയുമില്ല. പരസ്പരം അടരാട്ടുന്ന ശക്തികളായി അവ നിലനിൽക്കുകയാണ്. ഇതു നിക്ഷേധിക്കുകയെന്നാൽ കോട്സ്കിയുടെ അൾട്രാ ഇംപീരിയലിസത്തിൻെറ വാദം സ്വീകരിക്കുകയെന്നാണർത്ഥം.

സാമ്രാജ്യവാദികൾ തമ്മിലുള്ള വൈരുദ്ധ്യങ്ങളുടെ പ്രശ്നത്തിന്നു് അർഹമായ പരിഗണന നൽകണമെന്നു ലെനിൻ തൊഴിലാളിവർഗ്ഗത്തെ പഠിപ്പിച്ചിട്ടുണ്ടു്. ഷ്യയിലെ ബൂർഷ്വാസിയെ പരാജയപ്പെടുത്തിയതിൽ ഈ വൈരുദ്ധ്യങ്ങൾ വഹിച്ച പങ്കിനെ പരാമർശിച്ചുകൊണ്ടു് ലെനിൻ പറഞ്ഞു, "ഇതുവരെ നമുക്കു വിജയം നേടുവാൻ സാധിച്ചതു് സാമ്രാജ്യത്വശക്തികൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ കാര

1. Finance capital
* V. I. Lenin, works, Vol 22. P. 98.

ണമായാണ്. മാത്രമല്ല അവ പാർട്ടികൾ തമ്മിലുണ്ടാവുന്ന യാദൃച്ഛികമായ ആഭ്യന്തര വൈരുദ്ധ്യങ്ങളിയിരുന്നില്ലെന്ന തും പകരം സാമ്രാജ്യത്വനാട്ടുകളുടെ സാമ്പത്തിക താല്പര്യ ങ്ങൾ തമ്മിലുള്ള അഭംഗുരവും അഗാധവുമായ വ്യത്യസ്തത കളായിരുന്നുവെന്നതും നമ്മുടെ വിജയത്തിന്നു കാരണ മായി.........''*

സോഷ്യലിസം ദുർബ്ബലമായിരുന്ന ഘട്ടത്തിലായിരുന്ന സാമ്രാജ്യത്വങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങളെ പരമാ വധി ഉപയോഗപ്പെടുത്തണമെന്നു ലെനിൻ തൊഴിലാളി വർഗ്ഗത്തെ ഉൽബോധിപ്പിച്ചതു്. എന്നാൽ സോഷ്യലി സം ഇന്നു് സുശക്തമാണു്; സാമ്രാജ്യത്വത്തിൻെറ ആക്ര മണ വാസനകളെ ചെറുത്തുനില്ക്കത്തക്ക കഴിവതിനുണ്ടു്; സാമ്രാജ്യത്വത്തിൻെറ മേൽ സമാധാനത്തിൻെറയും സമാ ധാനപരമായ സഹവർത്തനത്തിൻെറയും നയം വെച്ചു കെട്ടുവാനും സാർവ്വദേശീയ ബന്ധങ്ങൾ ഏതുതരത്തിൽ വ ളർത്തിക്കൊണ്ടുവരണമെന്നു നിശ്ചയിക്കുന്നതിൽ കൂടുതൽ വി പുലമായ പങ്ക് വഹിക്കുവാനും സോഷ്യലിസത്തിന്നു് ഇന്നു സാധിക്കുന്നു. ഈ ഘട്ടത്തിലും ആ കരുതൽശക്തിയെ ഉപയോഗപ്പെടുത്തണമെന്നതു് അത്രതന്നെ പ്രധാനമാ ണോ?

റഷ്യയിലെ വിജയംവരിച്ച തൊഴിലാളിവർഗ്ഗം പ്രാ ഥമികമായും ഒക്ടോബർ വിപ്ലവത്തിൻെറ നേട്ടങ്ങളെ സംര ക്ഷിക്കുവാൻവേണ്ടിതന്നെയാണു് സാമ്രാജ്യങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങളെ ഉപയോഗപ്പെടുത്തിയതു്. ഇന്നു്, ഒരു ലോക സോഷ്യലിസ്റ്റ് വ്യവസ്ഥ നിലവിൽവന്നിട്ടുള്ള സ്ഥി

* V. I. Lenin, Works, vol 31, P. 436.

തിയിൽ ലോകകാര്യങ്ങളെയും സാമ്രാജ്യത്വച്ചേരിയുടെ സ്ഥിതിഗതികളെയും സ്വാധീനിക്കാനുള്ള മാർഗ്ഗങ്ങൾ നിസ്തുലമായ അളവിൽ വർദ്ധിച്ചിട്ടുണ്ട്. മാത്രമല്ല വിപ്ലവപ്രസ്ഥാനത്തിൻെറ വികാസത്തിന്നും സമാധാനത്തിൻേറയും സോഷ്യലിസത്തിൻേറയും വിജയത്തിന്നും സഹായകമായ ഏററവും നല്ല സാഹചര്യങ്ങൾ സൃഷ്ടിക്കുവാനുള്ള സാദ്ധ്യതകളും അതോടൊപ്പംതന്നെ വളൎന്നുവന്നിട്ടുണ്ട്.

സമാധാനത്തിനുവേണ്ടിയും ഒരു തെർമോന്യൂക്ലിയർ യുദ്ധം തടഞ്ഞുനിൎത്താനും നടക്കുന്ന സമരത്തിൽ ലോകകമ്യൂണിസ്റ്റ്പ്രസ്ഥാനത്തിനു ഗണനീയമായ വിജയങ്ങൾ കൈവന്നിട്ടുണ്ട്. ലോകയുദ്ധത്തെ തടയുവാനും ലോകസംഘർഷാവസ്ഥയെ ലഘൂകരിക്കുവാനും സാധ്യമാണെന്നു കഴിഞ്ഞ കുറച്ചു വർഷങ്ങളിലെ സംഭവവികാസങ്ങൾ തെളിയിച്ചിരിക്കുന്നു. സമാധാനത്തിന്നുള്ള സമരത്തിൽ നേടിയ ഈ പ്രാരംഭനയങ്ങൾ യാതൊരു കാരണത്താലും ആത്മസംതൃപ്തിക്കു വകനൽകുന്നില്ല. എന്തുകൊണ്ടെന്നാൽ സാമ്രാജ്യത്വവൃത്തങ്ങൾ വലത്തോട്ടു തിരിയുവാനും ഒരു ലോകയുദ്ധം ആരംഭിക്കുവാനും പാടുപെടുന്നുണ്ട്. ന്യൂക്ലിയർ റോക്കററുകളുടെ കുത്തകകൾ സൈനികമേധാവിത്വം, ഫാസിസം ഇവയാണ് ലോകപിന്തിരിപ്പത്തിൻെറ ത്രിമൂൎത്തികൾ. ഇവ മൂന്നും ചേൎന്ന് സാർവ്വദേശീയരംഗത്ത് ഒരു ക്രൂരൻ ആക്രമണം ആരംഭിച്ചിരിക്കയാണ്. ലോക സോഷ്യലിസത്തെ നശിപ്പിക്കുവാനായി ന്യൂക്ലിയർ ആയുധങ്ങൾ ഉപയോഗപ്പെടുത്തണമെന്ന് അവർ ആഗ്രഹിക്കുന്നു.

മാനവസമുദായം ഇന്ന് ഒരു വഴിത്തിരിവിലാണ്— ഒരു പാത ശാശ്വതസമാധാനത്തിലേക്കുള്ളതാണ്; മറേറത്

തെർമോന്യൂക്ലിയർ യുദ്ധത്തിലേക്കും. സാർവ്വദേശീയ സംഘർഷം കുറക്കുന്നതിന്നുള്ള നയമോ യുദ്ധപ്രാന്തനയമോ ഏതാണ് ലോകമംഗീകരിക്കുക എന്ന പ്രശ്നം തീരുമാനിക്കപ്പെട്ടുവാൻ പോകയാണ്. ലോകരംഗത്തണിനിരന്നിട്ടുള്ള ശക്തികളുടെ ഇന്നത്തെ ബലാബലം സാർവ്വദേശീയ സംഘർഷങ്ങളെ ഇനിയും കുറവാക്കുവാൻ സഹായിക്കത്തക്കതാണ്.

മനുഷ്യസമുദായത്തിൻെറ തറക്കല്ലുകൾപോലും ഒരു ന്യൂക്ലിയർ യുദ്ധം തകർത്തുകളയും. യൂറോപ്പിലെയും അമേരിക്കയിലെയും ജനങ്ങളും നാഗരികതയുടേയും ലോകസംസ്കാരത്തിൻെറയും കേന്ദ്രങ്ങളും ഭൂമുഖത്തുനിന്നു തുടച്ചുനീക്കപ്പെട്ടും. ഇതര വൻകരകളിലെ ജനതകൾ റേഡിയോ ആക്ററീവിറ്റിൻെറ പകർച്ചയേററു ഇഞ്ചിഞ്ചായി യാതനകൾ തിന്നുകൊണ്ടു മരണമടയേണ്ടിവരും. തെർമോന്യൂക്ലിയർ യുദ്ധം മനുഷ്യത്വത്തോടുചെയ്യുന്ന ഒരപരാധമാണ്; യാതൊരുതരത്തിലും അതു ന്യായീകരിക്കുവാൻ സാദ്ധ്യമല്ല.

ഒരു ലോകമഹായുദ്ധം തടയുന്നതിന്നുള്ള സമരത്തിൽ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടേയും ദേശീയ പുനരുദ്ധാരണത്തിന്നുവേണ്ടി പോരാടുന്ന രാഷ്ട്രങ്ങളുടേയും, സാമ്രാജ്യത്വനാടുകളിലെ തൊഴിലാളിവർഗ്ഗത്തിൻെറയും താല്പര്യങ്ങൾ ഒന്നിച്ചുചേർന്നു നില്ക്കുന്നു. ഈ സമരത്തിൽ വിപ്ലവകരമായ തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിൻെറ വർഗ്ഗതാല്പര്യങ്ങൾ മനുഷ്യസമുദായത്തിൻെറ മൊത്തം താല്പര്യങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നു.

സാമ്രാജ്യത്വവൈരുദ്ധ്യങ്ങൾ ഏററവുമധികം വിനാശാത്മകമായ രൂപത്തിൽ, അതായത് ഒരു ലോകമഹായുദ്ധത്തിൻെറ രൂപത്തിൽ, പൊട്ടിത്തെറിക്കുന്നത് തടയേണ്ടതാണ് ഈ സമരത്തിൽ വിപ്ലവപരമായ തൊഴിലാ

ളിവർഗ്ഗപ്രസ്ഥാനത്തിൻെറ ലക്ഷ്യം. സോഷ്യലിസം മാനവരാശിയെ യുദ്ധത്തിൽനിന്നും രക്ഷിയ്ക്കുന്നു; സാമ്രാജ്യത്വത്താൽ സൃഷ്ടമായ യുദ്ധാഗ്നി വ്യാപിപ്പിയ്ക്കുന്ന കേന്ദ്രങ്ങളെ അതു കെട്ടുത്തിക്കളയുന്നു.

ലോകസോഷ്യലിസത്തിൻെറ ശക്തികളുടെ സംയുക്തമായ ബലത്തെ ഭയന്നും ഒരു പുതിയ ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ മുതലാളിത്ത വ്യവസ്ഥയുടെ ഭാവി എന്താകുമെന്ന ഉൽക്കണ്ഠ ഹേതുവായും യുദ്ധക്കൊതിയന്മാരായ സാമ്രാജ്യത്വവാദികളുടെ കൊള്ളയ്ക്കുള്ള തള്ളിക്കയററം തടയപ്പെട്ടുന്നുണ്ട്; മാത്രമല്ല സാമ്രാജ്യത്വശക്തികൾ സംഘടിപ്പിക്കുന്ന സൈനികാക്രമണങ്ങളുടെ വ്യാപ്തിയ്ക്കും രൂപങ്ങൾക്കും പരിമിതികൾ കല്പിക്കുവാൻ അവർ നിർബ്ബന്ധിതരായിരിക്കയാണ്. ഇന്നു ലോകത്തിൽ പ്രവർത്തിച്ചുകൊണ്ടിരിയ്ക്കുന്ന എല്ലാ വൈരുദ്ധ്യങ്ങളുടെ മേഖലകളിലും നമ്മുടെ കാലഘട്ടത്തിലെ മൗലിക വൈരുദ്ധ്യത്തിൻെറ പ്രവർത്തനം ആധിപത്യം വഹിയ്ക്കുന്നുണ്ട്, ഇന്നത്തെ സാമൂഹ്യ–രാഷ്ട്രീയ പരിതസ്ഥിതിയിൽ ദേശീയ സാമ്രാജ്യത്വങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങൾ നിശ്ചിതമായ ചില പരിധികളിൽ ഒതുങ്ങിനില്ക്കുന്നതിന്നു് കാരണമായി നിൽക്കുന്നതും ഈ വസ്തുത തന്നെയാണ്.

സാമ്രാജ്യത്വങ്ങൾ തമ്മിൽ സൈനികമായ സംഘട്ടനങ്ങൾ നടക്കുന്നതിനെ തടഞ്ഞുനിർത്തുന്ന ചില ഘടകങ്ങൾ ഇന്നത്തെ ഘട്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്. സാമ്രാജ്യത്വത്തിൻെറ ഘടനയിൽതന്നെ വന്ന ആഭ്യന്തരമാററങ്ങളാണ് അതിന്നുള്ള ഹേതുവെന്നു യാതൊരു കാരണത്താലും കരുതാൻ പാടില്ല. എന്നാൽ അതിന്നുള്ള ഹേതു സോഷ്യലിസവും സാമ്രാജ്യത്വവും തമ്മിലുള്ള ശക്തികളുടെബലാബലത്തിൽ വന്ന മൗലികമായ മാററം തന്നെയാണ്.

# തൊഴിലാളിവർഗ്ഗം ഇന്നത്തെ ഘട്ടത്തിലെ നിർണ്ണായക വിപ്ലവശക്തി

കഴിഞ്ഞ നൂറുവർഷങ്ങളായി മനുഷ്യസമുദായത്തിനുണ്ടായ വികാസം സമർത്ഥിക്കുന്നതു് തൊഴിലാളിവർഗ്ഗത്തിൻെറ ചരിത്രപരമായ ലക്ഷ്യം ശാസ്ത്രീയ കമ്യൂനിസമാണെന്ന നിഗമനം തികച്ചും സാധുവാണെന്നു് തന്നെയാണു്. മുതലാളിത്തത്തിൻെറ ശവക്കുഴി തോണ്ടി തദ്സ്ഥാനത്ത് സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കുകയാണു് തൊഴിലാളിവർഗ്ഗത്തിൻെറ വിശ്വചരിത്രപ്രധാനമായ കടമയൊന്നു് ആദ്യമായും പ്രഖ്യാപിച്ച മാർക്സിൻെറ തീസിസ് ലോകമെങ്ങും നടന്ന സംഭവങ്ങൾ പരിശോധിച്ചതിൽനിന്നും സാധൂകരിക്കപ്പെട്ടിരിക്കുയാണെന്നു് ലെനിൻ എഴുതുകയുണ്ടായി.

ഇന്നു ലോകസംഭവവികാസങ്ങളുടെ കേന്ദ്രത്തിൽ നിൽക്കുന്നതു തൊഴിലാളിവർഗ്ഗമാണു്. മാനവപുരോഗതിയുടെ പന്ഥാവും അതിൻെറ ഭാവിയും നിർണ്ണയിക്കുന്നതിൽ തൊഴിലാളിവർഗ്ഗം കൂടുതൽ വിപുലമായ പങ്കുവഹിക്കുവാൻ തുട

ങ്ങിയിട്ടുണ്ട്. ഇത്ര മഹത്തായ ഒരു ലക്ഷ്യം നിറവേററുവാനുള്ള ബാദ്ധ്യത മററു യാതൊരുവർഗ്ഗത്തിനും ലഭിച്ചിട്ടില്ല; ചരിത്രത്തിൽ മുമ്പൊരിക്കലും യാതൊരു വർഗ്ഗവും അതു നിറവേററിയിട്ടുമില്ല. കഴിഞ്ഞ കാലത്ത് അദ്ധ്വാനിച്ചു ജീവിച്ചിരുന്ന ജനവിഭാഗങ്ങൾ, അടിമകളും അടിയാൻമാരും, തങ്ങളെ ചൂഷണം ചെയ്തുവരെ തൂക്കിയെറിയുകയുണ്ടായി; അത്രമാത്രമേ അവക്ക സാധിച്ചുള്ളു. എന്നാൽ ഭരണാധികാരിവർഗ്ഗങ്ങളായി ഉയർന്നു സാമൂഹ്യവും ദേശീയവുമായ ശത്രുതകൾക്കറുതി വരുത്തുവാനുള്ള സാദ്ധ്യത വസ്തുനിഷ്ഠമായാലും ആത്മനിഷ്ഠമായാലും അവർക്കുണ്ടായിരുന്നില്ല.

തൊഴിലാളിവർഗ്ഗത്തിൻെറ ഇന്നത്തെ കത്തവ്യം സ്വയം വിമോചനം നേടുക മാത്രമല്ല; പിന്നെയോ? എല്ലാവർക്കും സ്വാതന്ത്ര്യം നേടിക്കൊടുക്കതെന്നെവേണം. ഉല്പാദനപ്രക്രിയയിൽ തങ്ങൾക്കുള്ള സവിശേഷമായ പദവി കാരണമായി തൊഴിലാളിവർഗ്ഗത്തിന്നു വർഗ്ഗങ്ങളും ചൂഷണവുമില്ലാത്ത ഒരു സാമൂഹ്യ വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന്നായി അദ്ധ്വാനിക്കുന്ന മുഴുവൻ ജനങ്ങളേയും പുരോഗമനശക്തികളെയാകെയും തങ്ങൾക്കു ചുററും അണിനിരത്തി ഏകോപിച്ചുനിത്തുവാനുള്ള കെല്പുണ്ട്. ആധുനിക സമുദായത്തിലെ പ്രമുഖമായ ഉല്പാദനശക്തിയാണല്ലോ തൊഴിലാളിവർഗ്ഗം. അവർതന്നെയാണ് പ്രധാനമായ വിപ്ലവശക്തിയും-അതായത് ലോകത്തെയാകെ മാററിപുതുക്കിപണിയുവാൻ കഴിവുള്ള ശക്തിയെന്നത്ഥം. ഏററവുമധികം പുരോഗതിയടഞ്ഞതും വിപ്ലവപരവും ശാസ്ത്രീയവുമായ ആശയസംഹിതയുടെ മാർക്സിസം ലെനിനിസത്തിൻെറ സംവാഹകന്മാരും അവരാണ്. മാർക്സിസം ലെനിനിസം ഇന്നു ലോകമെങ്ങു

മുള്ള ജനങ്ങളുടെ ഹൃദയങ്ങളിൽ സ്വാധീനം ചെലുത്തിക്കൊണ്ടു മുന്നേറുകയാണ്.

പത്തൊമ്പതാംനൂററാണ്ടിന്റെ മദ്ധ്യത്തിൽ മാർക്സ് തൊഴിലാളിവർഗ്ഗം ചരിത്രത്തിൽ വഹിക്കേണ്ടിവരുന്ന മഹത്തായ പങ്ക് സിദ്ധാന്തപരമായി വിശദീകരിക്കുകയും അതിന്നുള്ള തെളിവു നല്കുകയും ചെയ്തു; ഇന്നു, നൂറുവർഷങ്ങൾക്കു ശേഷം, ലോകതൊഴിലാളിവർഗ്ഗം ലോകത്തെതന്നെ മാററിക്കൊണ്ടിരിക്കുകയാണ്; അവർ മാനവരാശിക്ക് കൂടുതൽ ഭാസുരമായ ഒരു ഭാവി പടുത്തുയർത്തിക്കൊണ്ടിരിക്കുകയാണ്. മുതലാളിത്തത്തിൽനിന്നും ഭൂഗോളത്തിലുള്ള ജനസംഖ്യയിൽ മൂന്നിലൊരു ഭാഗത്തെ തൊഴിലാളിവർഗ്ഗം മോചിപ്പിച്ചുകഴിഞ്ഞിരിക്കുന്നു; ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയുടെ ശൃംഖലകൾ പൊട്ടിച്ചെറിയുവാൻ മർദ്ദിതജനതകൾക്കു അവർ സഹായം നല്കി; ഇപ്പോൾ മുതലാളിത്തത്തിന്റെ വൻകോട്ടകളെ അതിന്റെ മുഖ്യ കേന്ദ്രങ്ങളിൽ വെച്ചുതന്നെ ആക്രമിക്കുവാൻ അവർ ഒരുക്കം കൂട്ടിക്കൊണ്ടിരിക്കുകയാണ്.

മുതലാളിത്തനാടുകളിലെ തൊഴിലാളിവർഗ്ഗം ലോകവിപ്ലവപ്രസ്ഥാനത്തിന്റെ വിഭാഗങ്ങളിലൊന്നാണ്, ഏററവും വമ്പിച്ചതും പരിചയസമ്പന്നവുമായ വിഭാഗങ്ങളിലൊന്നാണ്. സാമ്രാജ്യത്വത്തിന്റെ കോട്ടകൾക്കുള്ളിൽവെച്ചുതന്നെ അതിന്റെ സാമ്പത്തികവും രാഷ്ട്രീയവും സൈനികവുമായ അധീശാധികാരത്തിന്നെതിരായി പൊരുതുന്ന ശക്തികൾക്കു നേതൃത്വം നല്കുന്നതു് ഈ തൊഴിലാളിവർഗ്ഗമാണ്. ലോക സോഷ്യലിസ്റ്റ്‌വ്യവസ്ഥ, ദേശീയ വിമോചന വിപ്ലവങ്ങൾ, സാമ്രാജ്യത്വരാഷ്ട്രങ്ങളിലെ തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവസമരങ്ങൾ എന്നിവ ഇന്നത്തെ

വിപ്ലവപരമായ പ്രവാഹങ്ങളാണ്. ഇവതമ്മിലുള്ള സഖ്യമാണ് നമ്മുടെ ഈ ഗോളത്തിൽ സോഷ്യലിസം അവസാനവിജയം നേട്ടമെന്നതിന്നുള്ള ഉറപ്പ്.

മൂലധനത്തെ എതൃക്കുകയും അതിന്നെതിരായി അടരാട്ടുകയും ചെയ്യുന്ന ഒരു സംഘടിത ശക്തിയാക്കി തൊഴിലാളിവർഗ്ഗത്തെ കഴിഞ്ഞ ശതകം വളത്തിയെടുക്കുകയുണ്ടായി. അന്നുണ്ടായിരുന്നതിലുമധികം വിപ്ലവവീര്യം ലോകതൊഴിലാളിപ്രസ്ഥാനം ആർജ്ജിച്ചുകഴിഞ്ഞു. ലോകത്തിൻെറ ചരിത്രപരമായ പ്രക്രിയകളുടെ നേതാവെന്ന നിലക്കു് തൊഴിലാളിവർഗ്ഗത്തിന്നുള്ള പങ്ക് ഇന്നു കൂടുതൽ സുനിശ്ചിതമായി തീൎന്നിട്ടുണ്ടു്. തൊഴിലാളിവർഗ്ഗം എണ്ണത്തിലും വർദ്ധിച്ചിട്ടുണ്ട്. ഈ ശതകത്തിൻെറ ആരംഭത്തിൽ വികസിതമുതലാളിത്വനാട്ടുകളിലെ വ്യവസായ തൊഴിലാളികളുടെ എണ്ണം 3 കോടിയായിരുന്നു. ഇന്നു് ആ നാട്ടുകളിലെ ഫേക്ടറിത്തൊഴിലാളികളുടെ എണ്ണം 9 കോടിയാണ്; വേതനത്തിന്നു ജോലിചെയ്യുന്ന ആളുകളുടെ ആകെ എണ്ണം 18 കോടിയിലധികം വരും.

തൊഴിലാളിവർഗ്ഗത്തിൻെറ കേന്ദ്രം അന്നും ഇന്നും വ്യവസായത്തൊഴിലാളികൾ തന്നെയാണ്. തൊഴിലാളിവർഗ്ഗത്തിൽ അവർ എണ്ണത്തിൽ ഏററവുമധികം വരുന്നവരും ഏററവും നല്ല രീതിയിൽ സംഘടിതരും ഏററവുമധികം രാഷ്ട്രീയബോധമുള്ളവരുമായ വിഭാഗമാണ്. കമ്മ്യൂനിസ്റ്റ് വക്കേഴ്സ് പാർട്ടികളുടെയും ട്രെയ്ഡ്യൂനിയനുകളുടെയും ഏററവും പ്രധാനമായ അവലംബം അവരാണ്. "മൂലധനത്തിൻെറ നുകം പിഴുതെറിയാനുള്ള സമരത്തിൽ അധ്വാനിക്കുന്നവരും ചൂഷിതരുമായ ജനതയെയാകെ മു

ന്നോട്ടു നയിക്കുവാനും, ആ സമരം നടന്നു കൊണ്ടിരിക്കു മ്പോൾതന്നെ വിജയം നിലനിൎത്തുവാനും ഭദ്രമായി ഉറപ്പി യ്ക്കുവാനും ആവശ്യമായ കഴിവു പ്രത്യേകമായ ഒരു വൎഗ്ഗത്തി നേയുള്ളൂ, വിശേഷിച്ചും നഗരത്തിലെ തൊഴിലാളിവൎഗ്ഗ ത്തിന്നു, പൊതുവെ വ്യവസായസ്ഥാപനങ്ങളിലെ തൊഴി ലാളിവൎഗ്ഗത്തിന്നു്. അവക്കുമാത്രമേ ഒരു പുതിയ സോഷ്യ ലിസ്റ്റ് സാമൂഹ്യവ്യവസ്ഥ കെട്ടിപ്പട്ടുക്കുന്നതിലും വൎഗ്ഗങ്ങളെ യില്ലാതാക്കുന്നതിനുള്ള സമരത്തിലാകെയും ജനങ്ങളെയാ കെ നയിക്കുവാൻ സാധിക്കയുള്ളൂ." എന്നിങ്ങനെയാണ് ലെനിൻ എഴുതിയതു്.* ലെനിൻെറ ഈ തീസിസ് സാധു വാണെന്നാണ് ലോകതൊഴിലാളിവൎഗ്ഗത്തിന്റെ ചരിത്രമാ കെ തെളിയിക്കുന്നതു്, പ്രത്യേകിച്ചും അടുത്തകാലത്തുണ്ടായ സംഭവവികാസങ്ങൾ. വ്യവസായത്തൊഴിലാളികളുടെയി ടയിൽ നേതൃത്വം വഹിയ്ക്കുന്ന വിഭാഗമാണ് പ്രാധാന്യമുള്ള സമരശക്തി.

തൊഴിലാളിവൎഗ്ഗത്തിൻെറ ചരിത്രപരമായ ഈപങ്കി നെ നിഷേധിക്കുവാനാണ് വ്യത്യസ്തരൂപങ്ങളിലുള്ള ബൂർ ഷ്വാ സാമൂഹ്യശാസ്ത്രജ്ഞന്മാരും അവസരവാദികളും ശ്രമി ച്ചുകൊണ്ടിരിയ്ക്കുന്നതു്. അവരെത്തിച്ചേൎന്നിട്ടുള്ള നിഗമനം യാഥാൎത്ഥ്യവുമായി യാതൊരു തരത്തിലും പൊരുത്തപ്പെട്ടു ന്നില്ല. വ്യവസായത്തൊഴിലാളികളുടെയിടയിൽ ഏററവു മധികം സജീവമായ ഘടകം ഘനവ്യവസായത്തിൽ, അതാ യതു് ഏററവുമധികം കേന്ദ്രീകൃതവും ട്രസ്റ്റ്മാതൃകയിൽ സം ഘടിക്കപ്പെട്ടതുമായ ഉല്പാദനശാഖയിൽ, ജോലിചെയ്യുന്ന തൊഴിലാളികളാണ്. അവരുടെ ശതമാനം എല്ലാ മുതലാ

*V. I. Lenin—A great begining, works, vol 29, P. 387

ളിത്തനാട്ടുകളിലും സ്ഥിരമായി വദ്ധിച്ചുവരികയാണ്. ഉദാഹരണത്തിന്നു, യു. എസ്. എ.യിൽ ദീർഘകാലാവശ്യത്തിന്നുള്ള ചരക്കുകൾ ഉല്പാദിപ്പിക്കപ്പെടുന്ന ശാഖകളിൽ ജോലിചെയ്യുന്നവരുടെ എണ്ണം 1939-ൽ ഉല്പാദനവ്യവസായങ്ങളിലേർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ 46 ശതമാനമായിരുന്നതു് 1960 ആകുമ്പോഴേയ്ക്കും 56 ശതമാനമായി വദ്ധിച്ചു. വ്യവസായത്തൊഴിലാളികൾ കൂടുതൽ കൂടുതൽ കേന്ദ്രീകരിക്കപ്പെട്ടുവരികയാണെന്നും കുത്തകകൾക്കെതിരായ സമരത്തിൻെറ മുഖ്യകേന്ദ്രങ്ങളിൽ അണിനിരന്നിരിക്കയാണെന്നും വസ്തുതകൾ തെളിയിക്കുന്നു.

ഈ നൂററാണ്ടിൻെറ ആദ്യത്തിലുണ്ടായിരുന്ന വ്യവസായത്തൊഴിലാളികളും ഇന്നത്തെ തൊഴിലാളികളും തമ്മിൽ ഘടനയിൽതന്നെ വമ്പിച്ച അന്തരമുണ്ടെന്നതു യുക്തിക്കു നിരക്കുന്ന ഒരു വസ്തുതയാണ്. ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടെയും അധ്വാനത്തിലുള്ള സാമൂഹ്യവിഭജനത്തിൻെറയും ഫലമായി ഇന്നത്തെ ഉല്പന്നം, മാർക്സ് ദീർഘദർശനം ചെയ്തതുപോലെ, "ഒരു വ്യക്തി നേരിട്ടു നിർമ്മിക്കുന്ന ഒരുൽപന്നമല്ലാതായി തീർന്നിരിയ്ക്കുന്നു; ഇതരതൊഴിലാളികളോടൊപ്പം കൂട്ടായി ഒരു തൊഴിലാളി നിർമ്മിച്ച സാമൂഹ്യോൽപന്നമായിട്ട് അതു മാറിയിരിക്കുന്നു." * ഇതെല്ലാം മുതലാളിത്ത ചൂഷണത്തിൻെറ മേഖലയ്ക്കു് വിസ്തൃതികൂട്ടുകയും പുതിയ ജനവിഭാഗങ്ങളെ തൊഴിലാളീകരിക്കുകയും ചെയ്യുന്നു. വ്യവസായ ശാഖ, തൊഴിൽ, വൈദഗ്ദ്ധ്യം എന്നിവയുടെ നിലപാടിൽനിന്നു നോക്കിയാൽ തൊഴിലാളിവർഗ്ഗത്തിൻെറ ഘടനയെതന്നെ ഇതു മാററിയിരിക്കുന്നു.

---

*Karl Marx--Capital, F L P H, Moscow, vol 1, P.508

സമ്പദ്‌വ്യവസ്ഥയുടെ വിവിധ ശാഖകളിലായി തൊഴിലാളികളുടെ പുനർവിഭജനം ഇന്നു നടന്നുകൊണ്ടിരിക്കുകയാണ്. പഴയ തൊഴിലുകൾ നശിച്ചുകൊണ്ടിരിക്കുന്നു. പുതിയ തൊഴിലുകൾ ഉദയം ചെയ്തുവരുന്നു. തൊഴിലാളിവർഗ്ഗത്തിന്നുള്ള വൈദഗ്ദ്ധ്യത്തിന്റെ പൊതുനിലവാരം മൊത്തത്തിൽ ഉയർന്നിട്ടുണ്ട്. എന്നാൽ സങ്കീർണ്ണതയുള്ള ജോലികൾക്കു നൽകുന്ന വേതനത്തിൽ താരതമ്യേന കുറവു വന്നിരിക്കയാണ്. ഇപ്പോൾ ഒരു പുതിയതരം വിദഗ്ദ്ധ തൊഴിലാളി ഉയർന്നുവന്നിട്ടുണ്ട്. ടെക്ക്നിക്കൽ സ്പെഷലിസ്റ്റ്. (Technical specialist) ഒരു ജോലിയിൽനിന്നും മറെറാന്നിലേയ്ക്കു മാറാൻ കഴിയുന്ന ഒരു സ്പെഷലിസ്റ്റാണ് ഈ തൊഴിലാളി. അതിന്നു സമാന്തരമായിതന്നെ ഒരു വലിയ വിഭാഗം തൊഴിലാളികൾ ക്രമേണ അയോഗ്യരായി തള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചും എസംബ്ലി-ലൈൻ തൊഴിലാളികളും അർദ്ധ ഓട്ടോമാറിക്ക് യന്ത്രങ്ങളിലെ തൊഴിലാളികളും. മുമ്പത്തേക്കാളും ഉയർന്ന വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളാണ് ഇന്നു് ഉൽപാദനശക്തികൾക്കു ആവശ്യം.

യു. എസ്. തൊഴിലാളികളുടെ ഘടനയിൽ
വൈദഗ്ദ്ധ്യമനുസരിച്ചുള്ള മാററങ്ങൾ (ശതമാനക്കണക്കിൽ)

| | സമ്പദ്‌വ്യവസ്ഥയിൽ ആകെയുള്ള തൊഴിലാളികൾ (കാർഷിക തൊഴിലാളികളൊഴികെ) | വിദഗ്ദ്ധ തൊഴിലാളികൾ | അർദ്ധവിദഗ്ദ്ധരായ തൊഴിലാളികൾ | അവിദഗ്ദ്ധരായ തൊഴിലാളികൾ |
|---|---|---|---|---|
| 1940 | 100 | 27 | 48 | 25 |
| 1950 | 100 | 33 | 52 | 15 |
| 1960 | 100 | 36 | 43 | 15 |

ആവശ്യമായ യോഗ്യതകളിൽ മാററം വന്നതിൻെറ ഫലമായി മനുഷ്യശക്തിയുടെ പുനരുൽപാദനത്തിനുള്ള ചിലവ് വർദ്ധിയ്ക്കുമെന്നു പറയാതെതന്നെ വ്യക്തമാണല്ലോ. ജോലിയ്ക്കുള്ള കോപ്പട്ട, ശമ്പളത്തോത്, തൊഴിലാളികളെ ഗ്രെയിഡ് തിരിയ്ക്കുന്ന സമ്പ്രദായം മുതലായ പ്രശ്നങ്ങളെ സംബന്ധിച്ച് ഇന്നു തീവ്രമായ വർഗ്ഗസമരംതന്നെ നടന്നു കൊണ്ടിരിക്കുകയാണ്. ഒട്ടേറെ രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗം തങ്ങളുടെ സമരങ്ങൾവഴി കൂലിയിൽ ചില വർദ്ധനവുകൾ നേടിയിട്ടുണ്ടെന്നത് സ്വാഭാവികം മാത്രമാണ്.

ആധുനികകാലത്തെ ഉല്പാദനത്തിനു മുമ്പേത്തേതിലും വ്യത്യസ്തവും കൂടുതൽ ഉന്നതവുമായ വൈദഗ്ദ്ധ്യവും കൂടുതൽ അഗാധമായ വിജ്ഞാനവും കൂടുതൽ നല്ല വിദ്യാഭ്യാസവും പൊതുവെ ആവശ്യമാണ്; മാനസികാധ്വാനമാണ് കൂടുതൽ വലിയ പങ്ക് ഇന്നു ഉൽപാദനപ്രവർത്തനത്തിൽ വഹിയ്ക്കുന്നത്, അതുകൊണ്ടു നമ്മുടെ കാലത്തെ തൊഴിലാളിവർഗ്ഗം ഈ നൂററാണ്ടിൻെറ ആദ്യഘട്ടത്തിലുണ്ടായിരുന്ന തൊഴിലാളിവർഗ്ഗത്തേക്കാൾ കൂടുതൽ നല്ല വിദ്യാഭ്യാസമുള്ളവരും രാഷ്ട്രീയമായി കൂടുതൽ ബോധമുള്ളവരുമാണ്; പത്തൊമ്പതാം നൂററാണ്ടിൻെറ മദ്ധ്യത്തിലുണ്ടായിരുന്ന തൊഴിലാളികളുടെ കാര്യം പരാമർശിക്കേണ്ടതില്ലല്ലോ. തൊഴിലാളിവർഗ്ഗ വിജ്ഞാനത്തിൻെറ ഈ പുതിയ നിലവാരം സങ്കുചിതമായ സ്പെഷലൈസേഷൻെറ പരിധിയ്ക്കുള്ളിൽ ഒതുക്കിനിർത്തുവാനാണ് മുതലാളിത്തം ശ്രമിയ്ക്കുന്നത്. ഫാക്ടറിമതിലുകൾക്കു പുറത്ത് കോമിക്ക്സ്, ടെലിവിഷൻ തുടങ്ങിയ "ബഹുജന സാംസ്കാരിക സിര"കളിൽകൂടി ഈ വിജ്ഞാനനിലവാരത്തെ താഴ്ത്തിക്കൊണ്ടു വരുവാനും മുതലാളിത്തം പാടുപെടുന്നു. എന്നിരുന്നാലും ദൈനംദിന സമ

രവും സാമൂഹ്യജീവിതത്തിന്റെ വൻകിട പ്രശ്നങ്ങളും തമ്മിലുള്ള ബന്ധം ആധുനിക തൊഴിലാളിക്കു പൊതുവെ കൂടുതൽ വേഗത്തിൽ മനസ്സിലാക്കുവാൻ കഴിയും. ഉൽപാദനം നടത്തിക്കൊണ്ടുപോകുന്നതിലും ഭരണസംബന്ധമായ പ്രശ്നങ്ങളിലും ഇടപെടുവാൻ ഇന്നത്തെ തൊഴിലാളിക്കു നല്ല പരിശീലനം ലഭിച്ചിട്ടുണ്ട്.

അതുകൊണ്ട് ലോഹത്തൊഴിലാളികൾ, റെയിൽവെ ജീവനക്കാർ, ഏലക്ട്രിഷൻമാർ മുതലായി ഉയർന്ന വേതനം ലഭിക്കുന്ന തൊഴിലാളികൾ അടുത്ത കാലത്തായി വർഗ്ഗസമരങ്ങളിൽ കൂടുതൽ സജീവമായും ദൃഢതയോടും ഇടക്കിടെ പങ്കെടുക്കുന്നുവെന്നതു് ഒരു യാദൃശ്ചിക സംഭവമല്ല. തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയനേതാക്കൾ, വർഗ്ഗത്തിന്റെ വിശ്വാസം നേടിക്കഴിഞ്ഞ നേതാക്കൾ, മാർക്സിസ്റ്റ് ലെനിനിസ്റ്റ് നിലപാടിൽ പതറിച്ച കൂടാതെ നിലയുറപ്പിച്ചുകൊണ്ടു അവസാനലക്ഷ്യത്തിൽനിന്നും സ്ഥിതികളുടെ യഥാത്ഥനിലയിൽനിന്നും കണ്ണെടുക്കാതെ പ്രവത്തിക്കുന്നേടത്തോളംകാലം തൊഴിലാളിവർഗ്ഗമാകെയോ അതിലേതെങ്കിലും ഒരു വിഭാഗമോ കൂടുതൽ ഉയന്ന ജീവിതനിലവാരം നേടിയെടുക്കുന്നതു മുതലാളിത്തത്തിന്നെതിരായ പോരാട്ടത്തിൽ കൂടുതൽ ഉയന്ന സമരവീര്യവും രാഷ്ട്രീയബോധവും ആജ്ജിക്കുന്നതിന്നാണ് വഴിതെളിയിക്കുക.

ആധുനിക തൊഴിലാളിവർഗ്ഗത്തിന്റെ ഘടനയിൽ വന്നിട്ടുള്ള മറെറാരു പ്രധാനമായ മാററം വ്യവസായത്തിലും സമ്പദ്‌വ്യവസ്ഥയിലും നിയമിതരായ ജീവനക്കാരുടെയിടയിൽ എഞ്ചിനീയർമാരുടെയും, ടെക്‌നീഷൻമാരുടേയും ക്ലാർക്കൻമാരുടെയും തോതു വർദ്ധിച്ചുവരുന്നുവെന്നതാണു്

യുണൈററഡ് സ്റ്റേയിററ്സിലെ നിർമ്മാണവ്യവസായത്തിലെ തൊഴിലാളികളുടെ ശതമാനം 1952-ൽ 73 ആയിരുന്നതു് 1961-ൽ 64 ശതമാനമായി ചുരുങ്ങി. അതേ കാലയളവിൽ എൻജിനിയർമാർ, ടെക്ക്നീഷൻമാർ, ക്ലാർക്കൻമാർ, വ്യാപാരകാര്യജീവനക്കാർ എന്നിവരുടെ ശതമാനം 20-ൽനിന്നും 25 ആയി വദ്ധിക്കുകയാണുണ്ടായതു്. ഇന്നു യു. എസ്സ്. എ.യിൽ ഒരു കോടിയിലധികം ക്ലാർക്കൻമാരുണ്ടു്. ബൂർഷ്വാ സിദ്ധാന്ത വാദികളും മിതവാദിതാശയ പ്രചാരകന്മാരും ഈ മാററത്തെ ബൂർഷ്വാ സമുദായത്തിൽ വന്നുകൊണ്ടിരിക്കുന്ന "തൊഴിലാളീകരണത്തിന്നെതിരായ" ഒരു പ്രവണതയായി മുദ്രകുത്തുവാൻ ശ്രമിയ്ക്കുന്നുണ്ടു്. മാത്രമല്ല തൊഴിലാളിവർഗ്ഗം ഒരു "പുതിയ ഇടത്തരക്കാരുടെ വൃത്ത"ത്തിൽ ലയിക്കുന്നതായിട്ടും ഈ മാററത്തെ അവർ ചിത്രീകരിയ്ക്കുന്നുണ്ടു്. യഥാർത്ഥത്തിൽ ഇതിന്നു നേരെ എതിരായ പ്രക്രിയയാണ് നടന്നുകൊണ്ടിരിയ്ക്കുന്നതു്.

കുറച്ചു ദശകങ്ങൾക്കു മുൻപു എൻജിയർമാർ, ടെക്നീഷൻമാർ, ക്ലാർക്കൻമാർ എന്നിവരും ഫേക്ടറിതൊഴിലാളികളും തമ്മിൽ ഒരു വിടവുണ്ടായിരുന്നു. ഇന്നു സാങ്കേതികജോലിയിൽ വ്യാപൃതരായ ജീവനക്കാരിൽ മുഖ്യമായ വിഭാഗത്തിൻെറ സാമൂഹ്യനിലയും താല്പര്യങ്ങളും ഫേക്ടറിതൊഴിലാളികളുടെ കേന്ദ്രവിഭാഗത്തിൻെറ സാമൂഹ്യനിലയ്ക്കും താല്പര്യത്തിന്നും അനുയോജ്യമാകത്തക്ക നിലയിൽ മാറിക്കൊണ്ടിരിക്കുകയാണു്. ഓഫീസ് ജീവനക്കാരിൽ ഒരു ചെറുവിഭാഗം മാത്രമാണ് (മേനേജർമാർ, ഭരണാധികാരികൾ മുതലായവർ) ഇന്നു ബൂർഷ്വാവിഭാഗത്തിൻെറ അണിയിൽ പെടുന്നതു്. തൊഴിലാളികൾ ചെയ്യുന്നതുപോലെതന്നെ ക്ലാർക്കൻമാരും അവരുടെ അദ്ധ്വാനശക്തി വിൽക്കുന്നു. മുത

ലാളിത്തസ്ഥാപനങ്ങളിൽ അവരും ചൂഷണത്തിനു വിധേയരാവുന്നു. അവർ ചെയ്യുന്ന ജോലിയിൽ അധികം ഭാഗവും ഉൽപാദനവുമായി അടുത്ത ബന്ധമുള്ളവയാണ്. അതിനാൽ അവരേയും 'തൊഴിലാളി സമുദായ'ത്തിൻെറ ഒരു ഭാഗമായി കണക്കാക്കാം. കുത്തക മൂലധനം അവരെ കൂടുതൽ കൂടുതൽ ചൂഷണം ചെയ്യുകയും മർദ്ദിക്കുകയും ചെയ്യുന്നു. യു. എസ്. എ.യിൽ ഓഫീസ് ജീവനക്കാരുടെ ശമ്പളവും സേവനവ്യവസ്ഥകളും വ്യവസായത്തൊഴിലാളികളുടേതിനോടു സമാനമായി മാറിക്കൊണ്ടിരിക്കയാണ്. പുരുഷന്മാരായ ക്ലാർക്കുമാരുടെ ശരാശരി വരുമാനം ഒരുവിദഗ്ധത്തൊഴിലാളിക്കു കിട്ടുന്നതിനേക്കാൾ ഏഴു മുതൽ പത്തു ശതമാനംവരെ കുറവാണ്.

അതുകൊണ്ടു എൻജിനീയർമാർ, ടെക്ക്നീഷൻമാർ, ക്ലാർക്കൻമാർ മുതലായ വിഭാഗത്തിൽപെട്ടവർ ഭൂരിപക്ഷവും തൊഴിലാളിവർഗ്ഗത്തിലേക്കു അടുത്തുകൊണ്ടിരിക്കുകയാണ്. ഒരൊററ വർഗ്ഗമായി ലയിക്കുവാനുള്ള പ്രവണത വളന്നുകൊണ്ടിരിക്കുന്നു. ഇതിൻെറയർത്ഥം തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിൻെറ സാമൂഹ്യാടിസ്ഥാനം ഇനിയും വിപുലപ്പെടുമെന്നാണ്.

പല സാമ്രാജ്യത്വ രാജ്യങ്ങളിലേയും തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിൽ ഗംഭീരമായ പുരോഗതി കാണാനുണ്ടു്. മൂലധനത്തിൻെറ ലോകത്തെ വർഗ്ഗസമരങ്ങൾ കിടിലം കൊള്ളിക്കുകയാണെന്നുതന്നെ പറയാം. പണിമുടക്കുസമരങ്ങൾ പെരുകിവരികയാണ്.

പണിമുടക്കിൽ പങ്കെടുത്തവരുടെ എണ്ണത്തിലുള്ള വളർച്ച
( ദശലക്ഷക്കണക്കിൽ )

| | 1958 | 1959 | 1960 | 1961 | 1962 | 1963 |
|---|---|---|---|---|---|---|
| മുതലാളിത്തലോകത്തിലാകെ | 25–27 | 35–37 | 54–58 | 50–51 | 53 | 58 |
| സാമ്രാജ്യത്വ നാടുകളിൽ മാത്രം | 13–5 | 16 | 43–46 | 41–43 | 42 | 43 |

പണിമുടക്കസമരങ്ങൾ ഇടക്കിടെയ്ക്ക് ഒരു കടന്നാക്രമണത്തിന്റെ സ്വഭാവം ഉൾക്കൊള്ളാറുണ്ട്. സാമ്പത്തികവും രാഷ്ട്രീയവുമായ ഏതെല്ലാം ആവശ്യങ്ങൾക്കു വേണ്ടിയാണോ വികസിത മുതലാളിത്തനാടുകളിലെ തൊഴിലാളിവർഗ്ഗം സമരം ചെയ്തുകൊണ്ടിരിക്കുന്നതു്. പ്രസ്തുത ആവശ്യങ്ങളുടെ പരിധി വളരേയേറെ വിപുലീകരിക്കപ്പെട്ടിട്ടുണ്ട്. കൂലിയുടെ പ്രശ്നത്തിന്മേൽ ആരംഭിക്കപ്പെടുന്ന സമരങ്ങളുടെ കൂടെത്തന്നെ ജോലിസമയം വെട്ടിക്കുറക്കുക, ശമ്പളത്തോടുകൂടിയ ഒഴിവുദിവസങ്ങളുടെ എണ്ണം വദ്ധിപ്പിക്കുക മുതലായ ആവശ്യങ്ങൾ ഉന്നയിക്കപ്പെടുന്നുണ്ട്. ഇന്നു അദ്ധ്വാനിക്കുന്ന ജനത മുന്നോട്ടുവെക്കുന്ന ആവശ്യങ്ങൾ അനുവദിക്കപ്പെട്ടുകയാണെങ്കിൽ അതു മൂലധനത്തിന്റെ മേധാവിത്വം ഗൗരവാവഹമാംവണ്ണം ദുർബ്ബലമാക്കും. വ്യവസായ സ്ഥാപനങ്ങളിലെ തൊഴിൽബന്ധങ്ങളുടെ എല്ലാവശങ്ങളിലും ഇടപെടുവാനുള്ള അധികാരമടക്കമുള്ള ട്രെയ്ഡ് യൂനിയനവകാശങ്ങൾ വിപുലീകരിക്കുന്നതിന്നുവേണ്ടിയുള്ള സമരം ഈ പശ്ചാത്തലത്തിൽ കൂടുതൽ പ്രാധാന്യം ഉൾക്കൊള്ളുന്നുണ്ട്.

KOTTAYAM PUBLIC LIBRARY KOTTAYAM

തൊഴിലാളികൾ വിടാപ്പിടിയായി പതറിച്ച കൂടാതെ നടത്തുന്ന സമരങ്ങൾക്കു ഫലമുണ്ടാവുന്നുണ്ട്. ബ്രിട്ടൻ, യു. എസ്. എ., ഇററലി, ജപ്പാൻ, ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്ക് മുതലായ രാജ്യങ്ങളിൽ കഴിഞ്ഞ പത്തു പതിനഞ്ചു കൊല്ലംകൊണ്ടു് കൂലിയിൽ വർദ്ധനവ് നേടുവാൻ അവർക്കു സാധിച്ചിട്ടുണ്ടു്. കോമൺമാക്കററ് നാട്ടുകളിൽ അടുത്ത വർഷങ്ങളിലായി ആഴ്ചയിലെ പ്രവൃത്തിസമയം കുറപ്പിക്കുവാൻ സാധിച്ചു. അതേസമയത്ത് സ്റ്റേററ് കുത്തകമുതലാളിത്തത്തിൻെറ വികാസത്തിൽനിന്നും സംജാതമായിട്ടുള്ള പുതിയ പരിതസ്ഥിതികൾ സാമ്പത്തികാവശ്യങ്ങൾക്കും മററാവശ്യങ്ങൾക്കും വേണ്ടിയുള്ള വർഗ്ഗസമരങ്ങൾ അത്യന്താപേക്ഷിതമാക്കിത്തീർത്തിരിക്കുന്നു. അത്തരം സമരങ്ങൾക്കു തൊഴിലാളിവർഗ്ഗം പുതിയ രീതികൾ ആവിഷ്കരിക്കേണ്ടതും ആവശ്യമായിട്ടുണ്ടു്. നിലവിലുള്ള സ്ഥിതിവിശേഷത്തെ സൂക്ഷ്മപരമായി വിശകലനം ചെയ്യുന്നതിനെ അവലംബമാക്കിയിട്ടാണ് അത്തരം സംഗതികളിൽ മാർക്സിസ്റ്റ് ലെനിനിസ്ററുകാർ പ്രവർത്തിക്കുക; അല്ലാതെ സുനിശ്ചിതങ്ങളായ ചില വിധികളെ അവലംബമാക്കിയിട്ടല്ല. അവർ ഉന്നയിക്കുന്ന മുദ്രാവാക്യങ്ങൾ ഒരിക്കലുംതന്നെ സൈദ്ധാന്തികമായ ചിന്തകളുടെ സന്തതികളല്ല. പിന്നേയോ? ജനങ്ങളുടെ അഭിലാഷങ്ങളെ സമഗ്രമായി വിലയിരുത്തുന്നതിൽ നിന്നും ഉടലെടുക്കുന്നതായിരിക്കും ആ മുദ്രാവാക്യങ്ങൾ.

സ്വാഭാവികമായും കൂലി, പ്രവൃത്തിസമയം, ഒഴിവുദിവസങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾതന്നെയാണ് ട്രെയ്ഡ്യൂനിയനുകളുടേയും ഇതര സംഘടനകളുടേയും പ്രവർത്തനങ്ങളിലെ ഒഴിച്ചുകൂടാൻ വയ്യാത്ത സവിശേഷങ്ങൾ. ഈ പ്രശ്നങ്ങളെ

പരിഗണിക്കാത്തപക്ഷം അതു തൊഴിലാളി വർഗ്ഗത്തേയും അവരുടെ താല്പര്യങ്ങളേയും കയ്യൊഴിക്കുന്നതിലാണ് ചെന്നെത്തുക. എന്തുതന്നെയായാലും തങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ സമരങ്ങളുടെ മുന്നണി വിപുലീകരിക്കേണ്ടതു് അത്യാവശ്യമാണെന്നു് ഇന്നു തൊഴിലാളികൾക്കു് ബോധ്യം വന്നുകൊണ്ടിരിക്കുകയാണ്. തൊഴിലാളിവർഗ്ഗം പരമ്പരാഗതമായി ഉന്നയിക്കാറുള്ള പ്രാഥമികമായ ആവശ്യങ്ങൾപോലും പഴയ രീതിയിലുള്ള സമരങ്ങൾ മുഖേന പലപ്പോഴും നേടിയെടുക്കുവാൻ സാധിക്കാതെ വരുന്നു.

ഏതെങ്കിലും ഒരു വ്യവസായത്തിലെ ഒരു ശാഖ നിർത്തിക്കളയുവാനുള്ള പ്ലാൻ ഒരു ഗവർമെൻറ് നടപ്പിലാക്കുവാൻ ശ്രമിക്കുന്ന അവസരത്തിൽ (ഉദാഹരണത്തിന്നു ബൽജിയത്തിലെ കൽക്കരിവ്യവസായം) കൂടുതൽ ഉയർന്ന കൂലിക്കുവേണ്ടി പണിമുടക്കുന്നതുകൊണ്ടു ബന്ധപ്പെട്ട വ്യവസായത്തിലെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നത്തിന്നു പരിഹാരം കാണുവാൻ സാധിക്കയില്ല. ഒരു മുതലാളിത്തസർക്കാർ നാണയപ്പെരുപ്പത്തിൻെറ നയം അംഗീകരിക്കുകയും കൂലി മരവിപ്പിക്കണമെന്നു് ആവശ്യപ്പെടുകയും ചെയ്യുന്ന ഘട്ടത്തിൽ അതിന്നെതിരായി തൊഴിലാളിവർഗ്ഗത്തിൻെറ പണിമുടക്കസമരം ഫലപ്രദമായി ഉപയോഗിക്കുന്നതിന്നുള്ള സാദ്ധ്യത കുറവായിരിക്കും.

അധ്വാനശക്തിക്കു് കൊടുക്കുന്ന വില വെട്ടിക്കുറക്കുക എന്ന നയം തൊഴിലാളിവർഗ്ഗത്തെ കൊള്ളയടിക്കുന്നതിന്നുള്ള ഒന്നാംതരം മാർഗ്ഗമായി കുത്തക മുതലാളിമാർ എല്ലാകാലത്തും കണക്കാക്കിവന്നിട്ടുണ്ടു്. പണമായി കൊടുക്കുന്ന കൂലി വദ്ധിക്കുന്നതിനെ തടഞ്ഞുനിർത്തുകയും വിലകൾ

വർദ്ധിപ്പിക്കുകയും ചെയ്യുന്നതിൽ ഭരണകൂടത്തിൻെറ സഹായം നേടിക്കൊണ്ടാണ് ഇന്നു മുതലാളിവർഗ്ഗം ഈ കൊള്ളയടി നടത്തുന്നത്. മിക്ക മുതലാളിത്ത നാട്ടുകളിലും നാണയപ്പെരുപ്പം മൂലം തൊഴിലാളികളുടെ വരുമാനം വെട്ടിക്കുറച്ചിരിക്കുകയാണ്. 1956-മുതൽ 1963-വരെയുള്ള കാലത്ത് സാധനങ്ങളുടെ ചില്ലറ വില വർദ്ധിച്ചതിപ്രകാരമാണ്:—ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കിൽ 16%, ഇററലിയിൽ 20%, യു. എസ്. എ.യിൽ 6%, ജപ്പാനിൽ (1955 മുതൽ '62-വരെ) 10% കഴിഞ്ഞ വർഷങ്ങളിൽ തൊഴിലാളികളുടെ കൂലിയിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നിരിക്കിലും വിലവർദ്ധനവിൻെറ ഫലമായി ഇന്ന് അവക്കു കിട്ടുന്ന കൂലി ആവശ്യങ്ങൾ നിറവേററുവാൻ പര്യാപ്തമല്ലാതായി തീർന്നിരിക്കുകയാണ്. 1960-മുതൽക്കുള്ള ആദ്യവർഷങ്ങളിൽ ശരാശരി ഒരു തൊഴിലാളിക്കു കിട്ടിയിരുന്ന കൂലി ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കിൽ ജീവിക്കാനാവശ്യമായതിൻെറ 75% മാത്രമായിരുന്നു; ഏതാണ്ട് 70 ശതമാനമായിരുന്നു ഫ്രാൻസിൽ, 65 ശതമാനമായിരുന്നു ജപ്പാനിൽ, 50 ശതമാനമായിരുന്നു ഇററലിയിൽ.

തൊഴിൽതക്കങ്ങളിൽ മദ്ധ്യസ്ഥതീരുമാനം ചെയ്യാനുള്ള വിവിധതരം "പാരിററി കമ്മീഷനുകൾ" മുഖേനയും ബൂഷ്വാ ഭരണകൂടം കൂലി സംബന്ധിച്ചുള്ള പ്രശ്നങ്ങളിൽ ഇടപെടുന്നുണ്ട്. ഭരണകൂടം മുതലാളിമാരുടെ താല്പര്യങ്ങളെ ഉയർത്തിപ്പിടിക്കുകയും കൂലിവർദ്ധനവിൻെറ കാര്യത്തിൽ തൊഴിലാളികൾ 'സംയമം' കാണിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. അതിനുവേണ്ടി പൊതുവായ ദേശീയ സാമ്പത്തിക താല്പര്യങ്ങൾ മററു രാഷ്ട്രങ്ങളുമായി മത്സരിച്ചു ജയിക്കുവാനുള്ള കഴിവ് വ്യാപാരശിഷ്ടം മെച്ചപ്പെടുത്തേ

ണ്ടതിൻെറ ആവശ്യകത, നാണയവില ഉറപ്പിക്കേണ്ടതിൻെറ പ്രാധാന്യം മുതലായ പ്രശ്നങ്ങളെ സ്പർശിച്ചുകൊണ്ടു വികാരമിളക്കി മുതലെടുക്കുവാൻ അവർ ശ്രമിക്കുന്നുണ്ടു്.

സ്റ്റേററ് കുത്തക മൂലധനം സ്വീകരിക്കുന്ന ഈ പ്രവർത്തനങ്ങളെ എതിർക്കുവാൻ തൊഴിലാളിവർഗ്ഗത്തിന്നു സാധിക്കണമെങ്കിൽ അവർ ദേശവ്യാപകമായതോതിൽ തങ്ങളുടെ ശക്തി സമാഹരിക്കണം. ഉല്പാദനരംഗത്ത് ഉണ്ടായിട്ടുള്ള ശാസ്ത്രീയവും സാങ്കേതികവുമായ കണ്ടുപിടുത്തങ്ങളുടെ ഫലമായി ഉല്പാദനക്ഷമതയിലും അദ്ധ്വാനത്തിൻെറ കാഠിന്യത്തിലും വന്നുചേർന്നിട്ടുള്ള വളർച്ചയാണ് തൊഴിലാളികൾക്കുള്ള സാമൂഹ്യവും സാമ്പത്തികവുമായ പദവിയെ ഇക്കാലത്ത് കൂടുതൽ കൂടുതലായി നിർണ്ണയിച്ചുകൊണ്ടിരിക്കുന്നതു്. കൂലിവേലയെ പരമാവധി ചൂഷണംചെയ്യുവാൻ കുത്തകകൾ സാങ്കേതിക പുരോഗതിയുടെ നേട്ടങ്ങളെ അങ്ങേയററം ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഒരു തൊഴിലാളി ഓരോ മണിക്കൂറിലും ഉല്പാദിപ്പിക്കുന്ന ധനം വർദ്ധിച്ചിട്ടുണ്ടു്. യു. എസ്. എ.യിൽ 1948 മുതൽ 1961-വരെയുള്ള കാലഘട്ടത്തിൽ ഈ വർദ്ധനവ് 30% ആയിരുന്നു; ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കിൽ 1959-മുതൽ 1962-വരെയായി 30% വർദ്ധിച്ചു. ഇററലിയിൽ 35%വും ഫ്രാൻസിൽ 28%വും വർദ്ധനവുണ്ടായി. ജപ്പാനിൽ 1953-മുതൽ 1963-വരെയായിട്ടുണ്ടായ വർദ്ധനവ് 85% ആണ്.

ഉല്പാദനത്തിൽ മുതലാളിത്തരീതിയിലുള്ള റേഷനലൈസേഷൻമുഖേന തൊഴിലാളി വിരുദ്ധനടപടികൾ മുതലാളിമാർ പലപ്പോഴും നടപ്പാക്കുന്നുണ്ടു്. അതിൽ ഭരണ

കൂടത്തിന്റെ സജീവമായ പിൻതുണ അവക്കു ലഭിക്കുന്നു. സ്റ്റേറ്റ്—കുത്തക ഗവർമെൻറ് സ്ഥാപനങ്ങൾ (വെസ്റ്റ് ജർമ്മനിയിലെ REFAപോലെയുള്ള വ്യവസായത്തിൽ സസൂക്ഷ്മം പ്രച്ഛന്നമാക്കപ്പെട്ട പുതിയ സമ്പ്രദായങ്ങൾ സഭ്യമായ രീതിയിൽ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. അതിനവർ ഉപയോഗപ്പെടുത്തുന്നതു അദ്ധ്വാനഭാരം വദ്ധിപ്പിക്കുന്നതിനുള്ള ഏററവും നവീനമായ രീതികളാണ്. യൂറോപ്യൻ പ്രൊഡക്റ്റീവ് ബ്യൂറോ (European Productive Bureau)പോലെയുള്ള ഇൻടർനേഷനൽ സ്റ്റേററ് കുത്തക സ്ഥാപനങ്ങളും നിലവിൽ വന്നിട്ടുണ്ട്. അവയും ഇതേരീതിയിൽതന്നെയാണു പ്രവത്തിക്കുന്നതു്. ഇതിനെല്ലാം എതിരായി തൊഴിലാളിപ്രസ്ഥാനം സന്ദർഭോചിതമായ നടപടികൾ എടുക്കേണ്ടിവരുന്നു.

ഏതെങ്കിലും ഒരു വ്യവസായസ്ഥാപനത്തിന്റെയോ, ഏതെങ്കിലും ഒരു കുത്തകയുടെയോ, വ്യവസായത്തിന്റെ ഒരു ശാഖയുടെയോ നിലവാരത്തിൽ പരിഹാരം കാണാൻ സാദ്ധ്യമല്ലാത്ത മററുചില പ്രശ്നങ്ങളുമുണ്ട്. തൊഴിലില്ലായ്മക്കെതിരായ ഇൻഷ്വറൻസ്, പിരിച്ചുവിടുന്നതിനെതിരായി ഏററവും ചുരുങ്ങിയ തോതിലുള്ള ഉറപ്പെങ്കിലും ലഭിക്കൽ, പിരിച്ചുവിടപ്പെടുന്നപക്ഷം പ്രതിഫലം ലഭിക്കുക— ഇതെല്ലാം ഇത്തരം പ്രശ്നങ്ങൾക്കുള്ള ഉദാഹരണങ്ങളാണ്. ജോലിയിൽനിന്നും പെട്ടെന്നു പിരിച്ചയക്കപ്പെടുന്നതിനെതിരായി ഏതെങ്കിലും തരത്തിലുള്ള ഉറപ്പു ലഭിക്കുവാൻ പല സ്ഥാപനങ്ങളിലേയും തൊഴിലാളികളും ഓഫീസ് ജീവനക്കാരും സ്വാഭാവികമായും പലപ്പോഴും പോരാടാറുണ്ട്. ചിലപ്പോഴെല്ലാം വിജയിക്കാറുമുണ്ട്. എങ്കിലും ഒററയ്ക്കൊററയ്ക്കുള്ള ഇത്തരം സമരങ്ങൾ ഫലപ്രദമാവണമെ

ങ്കിൽ ദേശീയ നിലവാരത്തിലുള്ള നടപടികൾക്കുവേണ്ടി തൊഴിലാളിവർഗ്ഗമാകെ നടത്തുന്ന ദേശവ്യാപക സമരത്തിൽ അവ ലയിക്കണം—ഇപ്പോൾ ഉന്നയിക്കപ്പെട്ട സമൂർത്തമായ പ്രശ്നത്തിൽ തൊഴിലില്ലായ്മഗ്രാൻറ് വർദ്ധിച്ചതോതിൽ ലഭിക്കുക, പെട്ടെന്ന് പിരിച്ചയക്കുന്നതിന്നെതിരായ ഉറപ്പുകൾ ലഭിക്കുക, പിരിച്ചയക്കുന്നതിന്നുള്ള അലവൻസ് വർദ്ധിപ്പിക്കുക മുതലായവയായിരിക്കും മുന്നോട്ടു വെക്കുന്ന ആവശ്യങ്ങൾ. അദ്ധ്വാനിക്കുന്ന ജനങ്ങളിൽ പ്രത്യേക ഗ്രൂപ്പുകൾ കേന്ദ്രീകൃതമല്ലാതെ നടത്തുന്ന സമരങ്ങളിൽക്കൂടി പരിഹാരം കാണാൻ സാദ്ധ്യമല്ലാത്ത ഇത്തരം പ്രശ്നങ്ങൾ പൊതുവെ ഉയർന്നുവരുന്നതായി കാണ്മാനുണ്ട്.

കുത്തക മുതലാളിത്തത്തിന്നും അവരുടെ ഭരണകൂടത്തിന്നുമെതിരായി ഇപ്പോൾ തൊഴിലാളിവർഗ്ഗം പുതിയ രൂപത്തിലുള്ള സമരങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഏതെങ്കിലും ഒരു വ്യവസായസ്ഥാപനത്തിലോ ഉല്പാദനശാഖയിലോ തൊഴിലാളിവർഗ്ഗം നേടിയ ആനുകൂല്യങ്ങൾ നിയമനിർമ്മാണംമുഖേനയോ ഭരണപരമായ ഉത്തരവുകൾ കൊണ്ടോ തൊഴിലാളികൾക്കാകെയും, രാജ്യത്തിലെ അദ്ധ്വാനി ജനവിഭാഗങ്ങൾക്കു മുഴുവനുമായും, ലഭിക്കുമാറ് വ്യാപകമാക്കുവാൻ ഭരണകൂടത്തെ നിർബ്ബന്ധിക്കുകയാണ് ഈ സമരത്തിന്റെ പ്രത്യേകമായ ലക്ഷ്യം. നിയമസഭകൾ അംഗീകരിച്ച നിയമങ്ങളെ (1946-ലെ യു. എസ്. എംപ്ലോയ്മെൻറ് ആക്റ്റ്പോലുള്ളവ) സാങ്കല്പിക സൃഷ്ടിയുടെ പദവിയിൽനിന്നും മാററി ബഹുജനങ്ങളുടെ ജീവിതനിലയഥാർത്ഥത്തിൽ മെച്ചപ്പെടുത്തുവാനുപയോഗിക്കാവുന്ന ആയുധങ്ങളാക്കിത്തീർക്കുവാൻ തൊഴിലാളിവർഗ്ഗം ആഗ്രഹിക്കുന്നു.

ഒട്ടേറെ സാമ്രാജ്യത്വ രാഷ്ട്രങ്ങളിൽ സമ്പദ്‌വ്യവസ്ഥയിലെ ദേശസാൽകൃതമേഖലകൾ ഇത്തരം സമരങ്ങൾക്കുള്ള പ്രമുഖമായ രംഗങ്ങളാണ്; ഈ മേഖലയിലാണ് ആകെ തൊഴിലാളികളിൽ കാലേ വരിയോ അതിലധികമോ ഇന്നു ജോലിചെയ്യുന്നത്. സ്റ്റേറ്റിന്റെ വ്യവസായസ്ഥാപനങ്ങൾ കുത്തകകളുടെ താല്പര്യം വളർത്തുവാനായി അനസ്യൂതം ഉപയോഗപ്പെടുത്തുന്നതിനെ തടയുകയെന്ന ആവശ്യവും ഈ മേഖലയിൽ നടക്കുന്ന തൊഴിലാളിവർഗ്ഗസമരം വസ്തുനിഷ്ഠമായി നിറവേററുന്നുണ്ട്.

മുതലാളിത്ത വ്യവസ്ഥയിൽതന്നെ തൊഴിലാളിവർഗ്ഗത്തിന്റെ പദവി മൗലികമായും മെച്ചപ്പെടുത്തുവാൻ പര്യാപ്തമായതും ദേശീയ താല്പര്യങ്ങൾക്കു നിരക്കാത്തതുമായ ഒരു നയം ബൂർഷ്വാ ഭരണകൂടത്തിൻമേൽ അടിച്ചേല്പിക്കുവാൻ തൊഴിലാളിവർഗ്ഗത്തിന്നു സാധിക്കുമെന്നു കരുതുന്നതു തീർച്ചയായും വ്യാമോഹം തന്നെയാണ്. എന്നാൽ ഇതിന്റെ അർത്ഥം തൊഴിലാളിവർഗ്ഗം രാഷ്ട്രീയത്വത്തിലേക്കു അധഃപതിക്കണമെന്നല്ല. നേരേമറിച്ച് തൊഴിലാളിവർഗ്ഗം ബൂർഷ്വാ ഭരണകൂടത്തിന്നെതിരായി സമരം വളർത്തിക്കൊണ്ടുവരുന്ന പക്ഷം അതിലെ മുദ്രാവാക്യങ്ങളും സാമ്പത്തിക പരിപാടിയും മുഖേന ബഹുജനങ്ങളെ അണിനിരത്തുവാൻ അവർക്കു സാധിക്കും. ഇത്തരത്തിലുള്ള ഏതു സാമ്പത്തിക സമരവും രാഷ്ട്രീയസമരവുമായി ഗാഢമായി കൂട്ടിയിണക്കിയ നിലയിലാണ് ഇന്നു സ്ഥിതിചെയ്യുന്നതെന്നും അതു തന്നെ ചിലപ്പോൾ രാഷ്ട്രീയ സമരമായി മാറുമെന്നും ഇതുവരെയുള്ള അനുഭവങ്ങൾ കാണിച്ചുതരുന്നുണ്ട്.

ഉദാഹരണത്തിന്നു ഫ്രാൻസിലെ കൽക്കരി വ്യവസായം ദേശസാൽക്കരിക്കുവാനുള്ള ഒരു പരിപാടി 1963-ലെ

പണിമുടക്കിൽ ട്രെയ്ഡ്യൂനിയനുകൾ മുന്നോട്ടുവെച്ചു; റെയിൽവെ നിർത്തലാക്കുന്നതിന്നുള്ള ഗവർമെൻറിൻെറ പ്ലാനിന്നെതിരായി ബ്രിട്ടീഷ് റെയിൽവേത്തൊഴിലാളികൾ സമരം ചെയ്തു. 1962-ൽ ആസ്ത്രേലിയയിലെ ഖനിത്തൊഴിലാളികൾ യഥാർത്ഥ ട്രെയ്ഡ് യൂനിയനുകൾ സ്ഥാപിക്കുവാനും (പാവട്രെയ്ഡ് യൂനിയനുകൾക്കു പകരം) പണിമുടക്കുവാനുള്ള അവകാശമംഗീകരിക്കുവാനും വേണ്ടി പോരാടി; ജപ്പാനിനെ തൊഴിലാളിവർഗ്ഗത്തിൻെറ 'ശരത്കാലത്തെ കടന്നാക്രമണം'—ഇവയും മററു അടുത്തകാലത്തുണ്ടായ പ്രധാന വർഗ്ഗസമരങ്ങളും ബൂർഷ്വാ ഭരണക്കൂടത്തിന്നെതിരായി പ്രധാനപ്പെട്ട രാഷ്ട്രീയാവശ്യങ്ങൾ ഉന്നയിക്കപ്പെടുന്നതിന്നു വഴിതെളിയിക്കുകയുണ്ടായി.

ഇന്നു ബൂർഷ്വാ ഭരണക്കൂടം തൊഴിലാളികളും മുതലാളിമാരും തമ്മിലുള്ള ബന്ധങ്ങളെ നിയന്ത്രിക്കുന്നതിന്നുള്ള ബാധ്യത കൂടുതൽ കൂടുതലായി ഏറെറടുത്തുകൊണ്ടിരിക്കുകയാണ്. ഈയവസരത്തിൽ ഭരണവർഗ്ഗത്തിൻെറയാകെ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയത്തിലെ അടിസ്ഥാന സമീപനത്തിന്നെതിരായിതന്നെ തൊഴിലാളിവർഗ്ഗം സമരംചെയ്യേ മതിയാവൂ. സാമ്പത്തിക സമരങ്ങൾകൊണ്ടുമാത്രം, അവ അത്രതന്നെ വമ്പിച്ചതോതിൽ നടത്തിയാലും അവ എത്ര കണ്ടു വിജയകരമായിത്തിന്നാലും, തൊഴിലാളിവർഗ്ഗത്തെ മൂലധനത്തിൻെറ ആക്രമണങ്ങളിൽ നിന്നും രക്ഷിക്കുവാനോ അതകളുടെ വാഴ്ച തകർക്കുവാനോ സാദ്ധ്യമല്ല. ഈ വസ്തുതയെപ്പററി വികസിത മുതലാളിത്ത നാടുകളിലെ തൊഴിലാളിവർഗ്ഗം കൂടുതൽ കൂടുതലായി ബോധവാന്മാരായിവരികയാണ്. ജനാധിപത്യപരമായ ദേശസാൽക്കരണത്തിന്നുവേണ്ടിയും, ദേശസാൽക്കരിക്കപ്പെട്ട വ്യവസായ ശാഖകളു

KOTTAYAM PUBLIC LIBRARY
KOTTAYAM

ടെ മേനേജ്മെൻറിൽ തൊഴിലാളികൾക്ക പങ്കാളിത്വം ല ഭിക്കുവാൻവേണ്ടിയും, തൊഴിലാളിവർഗ്ഗ സംഘടനകളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും വിപുലീകരിക്കുവാനും വേണ്ടിയും പിന്തിരിപ്പൻ നിയമങ്ങൾക്കും ബില്ലുകൾക്കും എതിരായും സ്വേച്ഛാപ്രഭുത്വപരമായ ഭരണകൂടങ്ങൾ തകക്കുവാൻവേണ്ടിയും ജനാധിപത്യത്തിന്നും സമാധാനത്തിന്നും വേണ്ടിയും തൊഴിലാളിവഗ്ഗം നടത്തുന്ന സമരങ്ങളിൽ ഒരു പുതിയ ചൈതന്യം വിപുലമായതോതിൽ പ്രകടിതമാവുന്നതിൻെറ കാരണം ഇതാണ്. ഞങ്ങളുടെ രാഷ്ട്രീയ സമരത്തിൽ തൊഴിലാളിവഗ്ഗം വിവിധ രൂപങ്ങൾ സ്വീകരിക്കുന്നുണ്ട്—പൊതുയോഗങ്ങൾ, പ്രകടനങ്ങൾ, സമാധാനത്തിന്നും നിരായുധീകരണത്തിന്നുംവേണ്ടിയുള്ള കേമ്പെയിനുകൾ, പോലീസുമായി ഏററുമുട്ടൽ, തിരഞ്ഞെടുക്കപ്പെട്ട പല സമിതികളിലും തൊഴിലാളി പ്രതിനിധികൾ നടത്തുന്ന പ്രവത്തനങ്ങൾ, രാഷ്ട്രീയാവശ്യങ്ങൾക്കവേണ്ടി തൊഴിലാളികൾ ഇന്ന പണിമുടക്കായുധം വിജയകരമാംവണ്ണം കൂടുതൽ കൂടുതൽ വേശത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ട്; വിശേഷിച്ചും പൊതു പണിമുടക്കുകളെ സംബന്ധിച്ചേടത്തോളമുള്ള യഥാത്ഥ സ്ഥിതിയിതാണ്. അടുത്ത ചില വർഷങ്ങളായി രാഷ്ട്രീയ മുദ്രാവാക്യങ്ങളുയത്തിക്കൊണ്ടുള്ളതോ അഥവാ രാഷ്ട്രീയ സ്വഭാവം ആർജ്ജിച്ചുകഴിഞ്ഞതോ ആയ പണിമുടക്കങ്ങളിൽ പങ്കെടുക്കുന്ന തൊഴിലാളികളുടെ എണ്ണം വദ്ധിച്ചിട്ടുണ്ട്. അതു പണിമുടക്കിലേർപ്പെട്ടിട്ടുള്ള ആകെ തൊഴിലാളികളുടെ 60 ശതമാനത്തോളം വരുന്നുണ്ട്.

സാമ്രാജ്യത്വത്തിന്നെതിരായ ഞങ്ങളുടെ സമരത്തിൽ 'ക്ഷേമരാഷ്ട്ര'ത്തെ സംബന്ധിച്ചുള്ള വ്യാമോഹങ്ങളൊന്നും തന്നെ തൊഴിലാളിവഗ്ഗത്തെ പ്രശാന്തരാക്കുന്നില്ല, സ്റ്റേറ്റ്

കുത്തക മുതലാളിത്തം രാഷ്ട്രീയ സമ്മർദ്ദത്തിന്നു ശക്തികൂട്ടുകയും സാമ്രാജ്യത്വ ബൂർഷ്വാസിയുടെ അധികാരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പംതന്നെ അധ്വാനി ജനതയുടെ അവകാശങ്ങൾ വെട്ടിച്ചുരുക്കുകയും ചെയ്തിരിക്കയാണു്. സാമൂഹ്യ—സാമ്പത്തിക ചൂഷണത്തിന്നും രാഷ്ട്രീയമായ മർദ്ദനത്തിന്നുമാവശ്യമായ എല്ലാ ഉത്തോലകങ്ങളും ട്രാൻസ്മിഷൻ ബെൽട്ടുകളും ദൃഢമായി ഘടിപ്പിച്ച് ഒരു യന്ത്രസംവിധാനമാക്കി കെട്ടിപ്പടുത്തിരിക്കയാണു്. തൊഴിലാളിവർഗ്ഗത്തെ മർദ്ദിച്ചൊതുക്കുവാനുള്ള യന്ത്രസംവിധാനമാണതു്.

തൊഴിലാളിവർഗ്ഗത്തിന്നെതിരായി നിയമങ്ങൾ പാസ്സാക്കിയെടുക്കുവാനും സ്റ്റേയ്റ്റിൻെറ മാദ്ധ്യസ്ഥ്യ തീരുമാനം അംഗീകരിക്കുവാനുള്ള നിയമ ബാദ്ധ്യത അടിച്ചേൽപ്പിക്കുവാനും കുത്തകകൾ പാടുപെടുന്നുണ്ടു്, തൊഴിലാളിവർഗ്ഗത്തിന്നുള്ള പണിമുടക്കവകാശത്തിൻമേൽ കൂടെക്കൂടെയായി അവർ ആക്രമണങ്ങൾ നടത്തുകയാണ്; തൊഴിലാളിപ്രസ്ഥാനത്തെ മർദ്ദിച്ചൊതുക്കുവാൻ പോലീസ്സ് നടപടികളും സൈനിക പ്രവർത്തനങ്ങളും അവർ കൂടുതൽ കൂടുതലായി അവലംബിയ്ക്കുന്നുണ്ട്. രാഷ്ട്രീയ ജീവിതത്തിൻെറ മുന്നണിയെ വലത്തോട്ടേയ്ക്കു തട്ടിനീക്കുവാനാണ് അവർ ശ്രമിക്കുന്നതു്; സ്വേച്ഛാധികാര പ്രമത്തമായ ഭരണകൂടങ്ങൾ സ്ഥാപിക്കുവാനാണ് അവരുടെ നീക്കം; പുത്തൻ ഫാസിസ്റ്റ് സംഘടനകളുടേയും ഫാസിസ്റ്റ് സംഘങ്ങളുടേയും പ്രവർത്തനങ്ങൾ വളർന്നുവരുന്നതിന്നു് അവർ എല്ലാത്തരത്തിലും പിൻതുണ നൽകുന്നുണ്ടു്. ഒട്ടേറെ രാജ്യങ്ങളിൽ പരമപിന്തിരിപ്പൻ ശക്തികൾ സംയോജനത്തിലൂടെ കരുത്താർജ്ജിച്ചുകൊണ്ടുവരികയാണ്; ഭരണാധികാരം തട്ടിയെടു

ക്കുവാനാണ് അവരുടെ പരിശ്രമം. പല മുതലാളിത്ത രാഷ്ട്രങ്ങളിലും കമ്മ്യൂണിസ്റ്റ് പാർട്ടികളുടേയും വർക്കേഴ്സ് പാർട്ടികളുടേയും പ്രവർത്തനം നിരോധിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്തിരിക്കയാണ്. ഇതെല്ലാം ചേർന്നു തൊഴിലാളിവർഗ്ഗത്തിന്നു സ്വന്തം സാമൂഹ്യ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കുകയെന്നതു ദുഷ്കരമാക്കിയിരിക്കുന്നു; മുതലാളിമാർക്കാണെങ്കിൽ ജനങ്ങളുടെ ജീവിത നിലവാരത്തിന്നും അവകാശങ്ങൾക്കുമെതിരായി കൂടുതൽ എളുപ്പത്തിൽ ആക്രമണങ്ങൾ നടത്തുവാൻ സാധിക്കുകയും ചെയ്യും.

അമിതവാദികളായ വലതുപിന്തിരിപ്പൻ ശക്തികളെ, "കാടൻമാരെ"യും പ്രതികാരമോഹികളേയും, പരാജയപ്പെടുത്തുവാനുള്ള കരുത്ത് ഇന്നു ഇടതുപക്ഷ ശക്തികൾക്കുണ്ട്. ഫ്രാൻസിൽ കമ്യൂണിസ്റ്റ്കാരും സോഷ്യലിസ്റ്റ്കാരും സംയുക്തമായി നടത്തുന്ന സമരങ്ങൾ, ഇറ്റലിയിലും ബ്രിട്ടനിലും ഇടതുപക്ഷ ശക്തികൾ നേടിയ പുരോഗതി, ഫ്രാങ്കോ സലാസർ ഭരണകൂടങ്ങൾക്കെതിരായി ബഹുജനങ്ങൾ കൂടുതൽ ദൃഢതയോടെ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ, യു. എസ്. എയിൽ ഗോൾഡ്സ് വാട്ടർ നയത്തിന്നു നേരിട്ട പരാജയം, വെസ്റ്റ് ജർമ്മൻ പ്രതികാരമോഹികൾ ഒററപ്പെടുകയും തടയപ്പെടുകയും ചെയ്യുന്നതു—ഇവയെല്ലാംതന്നെ കുത്തകകളുടെ ഭരണാധികാരത്തിന്നെതിരായി ജനാധിപത്യത്തിന്നുവേണ്ടി നടത്തുന്ന സമരത്തിലെ മുന്നോട്ടുള്ള കാൽവെപ്പുകളായിത്തീരാനിടയുണ്ട്.

മുതലാളിത്തത്തെ പരാജയപ്പെടുത്തുകയും, കുത്തകബൂർഷ്വാസിയുടെ ഭരണാധികാരത്തെ ഒരു സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെ പിഴുതെറിയുകയും ചെയ്തുകൊണ്ടുമാത്രമേ

തൊഴിലാളിപ്രസ്ഥാനത്തിന്റെ അടിയന്തര പ്രശ്നങ്ങൾക്ക് മൗലികമായ പരിഹാരമുണ്ടാക്കുവാൻ സാധിക്കയുള്ളു.

വിപ്ലവപരമായ മാർഗ്ഗങ്ങളിലൂടെമാത്രമേ മുതലാളിത്തത്തെ ഉൻമൂലനംചെയ്യുവാനും സോഷ്യലിസം വിജയിപ്പിക്കുവാനും സാധ്യമാകയുള്ളുവെന്നു എത്രയോ മുൻപുതന്നെ ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനം സ്ഥാപിച്ചുകഴിഞ്ഞ കാര്യമാണ്. വിപ്ലവം സമാധാനപരമായ പാതയോ അഥവാ സായുധകലാപത്തിന്റേതായ സമാധാനേതര പന്ഥാവോ സ്വീകരിക്കുമെന്നും രണ്ടിലേതായാലും അതു പരമാവധി ഉപയോഗപ്പെടുത്തി രാഷ്ട്രീയാധികാരം തൊഴിലാളിവർഗ്ഗം പിടിച്ചെടുക്കണമെന്നും എല്ലാ കമ്യൂണിസ്റ്റ്കാർക്കും സുവ്യക്തമായ വസ്തുതയാണ്. എന്നാൽ എല്ലാ പരിതസ്ഥിതികളിലും വിപ്ലവം വിജയിക്കണമെങ്കിൽ വിപ്ലവപരമായ ഒരു ഉയർച്ച നിലവിലുണ്ടായിരിക്കേണ്ടതത്യാവശ്യമാണെന്നു സ്പഷ്ടമാണല്ലോ.

ഈ പ്രശ്നങ്ങളെല്ലാം നമുക്കു വ്യക്തമാണ്. ബഹുജനങ്ങളെ തൊഴിലാളി വിപ്ലവത്തിലേക്കു നയിക്കുകയും, മുതലാളിത്തത്തിന്നറുതി വരുത്തുവാൻ കഴിവുള്ള ഒരു രാഷ്ട്രീയസേനയെ രൂപീകരിക്കുകയും, വിപ്ലവം വിജയകരമാക്കിത്തീർക്കുകയും ചെയ്യേണ്ടതെങ്ങനെയെന്നതാണ് പ്രശ്നം. ബൂർഷ്വാസമുദായത്തിൽ കുത്തക മൂലധനത്തിന്റെ മർദ്ദനത്തിന്നും ഹിംസയ്ക്കും വിധേയമായിട്ടുള്ള എല്ലാ വർഗ്ഗങ്ങളേയും ജനവിഭാഗങ്ങളേയും തങ്ങൾക്കു ചുററും അണിനിരത്തിക്കൊണ്ടു മാത്രമേ തൊഴിലാളിവർഗ്ഗത്തിന്നു ഈ കടമ നിറവേററുവാൻ സാധിക്കയുള്ളു.

തൊഴിലാളിവർഗ്ഗത്തെ മാത്രമല്ല കൃഷിക്കാർ, ബുദ്ധിജീവികൾ, നഗരങ്ങളിലെ 'ഇടത്തരം വിഭാഗങ്ങൾ' എന്നിവരിൽ ബഹുഭൂരിപക്ഷത്തേയും ചെറുകിടക്കാരായ വ്യവസായികളേപ്പോലും സ്റ്റേററ് കുത്തക മുതലാളിത്തം ചൂഷണത്തിന്നും കൊള്ളയടിയ്ക്കും ഭീഷണിയ്ക്കും വിധേയരാക്കിയിരിക്കയാണ്. സാമ്പത്തികമായി വൻകിട കമ്പനികളെ ആശ്രയിച്ചു ജീവിയ്ക്കുന്ന ചെറുകിട വ്യാപാരികളും കൈത്തൊഴിലുകാരും ഒരു ചെറിയ വരുമാനത്തിന്നുവേണ്ടി എത്രയോ മണിക്കൂറുകൾ കടകളിലും വർക്കഷാപ്പുകളിലും ഇരുന്നു ജോലി ചെയ്യേണ്ടിവരുന്നുണ്ട്. വിലകൾ, നികുതികൾ, വായ്പാസൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ ബൂർഷ്വാഭരണക്കൂടം അനുവർത്തിയ്ക്കുന്ന നയത്തിന്റെ ഫലമായി ചെറുകിട വ്യാപാരികൾക്കും കൈത്തൊഴിലുകാർക്കും കൂടുതൽ ദുരിതങ്ങൾ അനുഭവിക്കേണ്ടിവരുന്നുണ്ട്. പെററി ബൂർഷ്വാസിയുടെ ഈ ദുസ്സഹ നിലയെ ഉപയോഗപ്പെടുത്തുവാനും തങ്ങളുടെ മുദ്രാവാക്യങ്ങൾക്കും പ്രവർത്തനങ്ങൾക്കും അവരുടെയിടയിൽനിന്നും ആളെ സമ്പാദിയ്ക്കുവാനുംവേണ്ടി സ്വാഭാവികമായും ഫാസിസ്റ്റനുകൂല പിൻതിരിപ്പൻ സംഘടനകൾ ഈ ഘട്ടത്തിൽ പരിശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നിരുന്നാലും കൈത്തൊഴിലുകാർക്കും പീടികക്കാർക്കുമുള്ള അസംതൃപ്തി രാജ്യഭരണം കയ്യാളുന്ന ധനിക വർഗ്ഗത്തിന്റെ അനന്തരശക്തിക്കെതിരായാണ് വസ്തുനിഷ്ഠമായും തിരിയുകയെന്നതു് നിഷേധിക്കാനാവാത്ത പരമാത്ഥമാണ്.

കുത്തകകളുടെ മദ്ദനത്തിന്റെ ഭാരം വർദ്ധമാനമായ തോതിൽ കൃഷിക്കാരുടെ ചുമലിലും വന്നു വീഴുന്നുണ്ട്. ബൂർഷ്വാ ഗവർമെൻറുകൾ തങ്ങളുടെ പ്ലാനുകളിൽ വിപുലമായ തോതിൽ കൃഷിക്കാരുടെ വിളനിലങ്ങൾ നശിപ്പിക്കു

വാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുവാൻതന്നെ ആരംഭിച്ചിരിക്കുന്നു. സ്ഥിതിഗതികൾ അത്രവരെ എത്തിക്കഴിഞ്ഞു. വൻകിട മുതലാളിമാർക്കും ബൂർഷ്വാഭരണകൂടത്തിന്നുമെതിരായി കർഷകർ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കയാണ്. ഇതിന്നുള്ള ഏററവും നല്ല ഉദാഹരണം ഫ്രാൻസിലും നെതർലെൻസിലും (Netherlands) കർഷകർ നടത്തിയ ഗവർമെൻറ് വിരുദ്ധ പ്രവർത്തനങ്ങളുടെ വമ്പിച്ച വേലിയേററം തന്നെയാണ്. 1962—64-ൽ കർഷകത്തൊഴിലാളികളും ചെറുകിട ഭൂവുടമകളും ഇററലിയിൽ നടത്തിയ പണിമുടക്കങ്ങൾ മുതലായവയും ഇതിൽ പെട്ടും.

അതേയവസരത്തിൽ ബൂർഷ്വാസിസ്റ്റുകൾത്തു പാളികളായും അട്ടുക്കുകളായും വേർതിരിഞ്ഞുവരുന്ന ഒരു പ്രക്രിയ നടക്കുന്നുണ്ടെന്നതു തൊഴിലാളിവർഗ്ഗം കണക്കിലെടുക്കുന്നുണ്ട്. കുത്തക മുതലാളിത്ത സ്ഥാപനങ്ങളും കുത്തകയില്ലാത്ത മുതലാളിത്ത സ്ഥാപനങ്ങളും തമ്മിലുള്ള വൈരുദ്ധ്യം രൂക്ഷമായി വരികയാണ്. അതിൻഫലമായി ഭരണാധികാരം കയ്യാളുന്ന കുബേര വർഗ്ഗത്തിൻെറ അനന്ത ശക്തിക്കു കടിഞ്ഞാണിടുവാൻ ശ്രമിക്കുന്നവരുടെ ഭാഗത്ത് ഇടത്തരം മുതലാളിമാരിൽ ഒരു വിഭാഗത്തെ കൊണ്ടുവരുവാനുള്ള സാദ്ധ്യത വളർന്നു വന്നിട്ടുണ്ട്.

മുതലാളിത്ത സമുദായത്തിൽ ബുദ്ധിജീവികൾക്കുണ്ടായിരുന്ന പദവിയിലും കുത്തക മൂലധനം മാററങ്ങൾ വരുത്തിയിട്ടുണ്ട്. മേലേക്കിടയിലുള്ള ബുദ്ധിജീവികൾ ഭരണാധികാരം കയ്യാളുന്ന കുബേര വർഗ്ഗവുമായി ചേർന്നുനില്ക്കുന്നു. എന്നാൽ ബുദ്ധിജീവികളിൽ വമ്പിച്ച ഭൂരിപക്ഷം സ്വന്തം നിലനിൽപ്പിൻെറ അടിസ്ഥാനത്തിൽതന്നെ കുട്ട

തൽ കൂടുതൽ തൊഴിലാളിവർഗ്ഗത്തോട്ട് അടുക്കുകയാണ് ചെയ്യുന്നതു്. അവരിൽ ഒരു വിഭാഗം തൊഴിലാളിവർഗ്ഗത്തിൽതന്നെ ലയിച്ചുകൊണ്ടിരിക്കുകയാണ്. ഇററലി, ഫ്രാൻസ് മുതലായ രാജ്യങ്ങളിൽ, ഭാഗികമായി ബ്രിട്ടനിൽ അദ്ധ്വാനിച്ചു ജീവിയ്ക്കുന്ന ബുദ്ധിജീവികളിൽ ഭൂരിഭാഗവും തങ്ങളുടെ ഭാവി തൊഴിലാളിവർഗ്ഗത്തിൻെറ ഭാവിയുമായി ബന്ധപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഇതിൻെറയർത്ഥം ഇന്നു തൊഴിലാളിവർഗ്ഗം നടത്തുന്ന സമരം, അവരുടെ മുന്നണി വിഭാഗം നടത്തുന്ന സമരം, രാഷ്ട്രങ്ങളുടെ ആശയപരമായ ജീവിതത്തിലും ശാസ്ത്രം, സാഹിത്യം, കല മുതലായവയുടെ വികാസത്തിലും മുമ്പെന്നത്തേക്കാളുമധികം സ്വാധീനം ചെലുത്തുന്നുണ്ടെന്നാണ്. സ്കൂളുകളിലേയും യൂനിവേഴ്സിറ്റികളിലേയും അദ്ധ്യാപകരിൽ വലിയൊരു വിഭാഗം, മെഡിക്കൽ ജീവനക്കാർ, ഇതര വിഭാഗത്തിൽ പെട്ട ബുദ്ധിജീകൾ എന്നിവരെല്ലാം തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി കുത്തകകൾക്കെതിരായി പോരാടിക്കൊണ്ടിരിക്കുകയാണു്. പല രാജ്യങ്ങളിലും അവർ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്നും വിദ്യാഭ്യാസത്തിന്നും ബഹുജനങ്ങൾക്കുള്ള വൈദ്യസഹായത്തിന്നുംവേണ്ടി കൂടുതൽ സംഖ്യ ബഡ്ജററിൽ വകയിരുത്തണമെന്നും ആവശ്യപ്പെടുന്നുണ്ടു്. സമാധാനത്തിന്നുവേണ്ടിയുള്ള സമരത്തിൽ ബുദ്ധിജീവികളിൽ വിപുലമായ അണികൾ സജീവമായി പങ്കെടുക്കുന്നുണ്ടു്.

ആധുനിക മുതലാളിത്തത്തിൻെറ വൈരുദ്ധ്യങ്ങൾ, കുത്തകകൾ നടത്തുന്ന മർദ്ദനം, മുതലാളിത്ത സമുദായത്തിന്റെ സാമൂഹ്യ ഘടനയിൽ വന്നിട്ടുള്ള മാററങ്ങൾ എന്നിവയുടെ ഫലമായി തൊഴിലാളിവർഗ്ഗം വിളനിലത്തിന്റെ ഉടമാവാക

ശം ഉള്ളവരും ഇല്ലാത്തവരുമായ കൃഷിക്കാർ, ബുദ്ധിജീവികൾ, നഗരങ്ങളിലെ ഇടത്തര വിഭാഗം, ചെറുകിടക്കാരും ഇടത്തരക്കാരുമായ വ്യവസായികൾ എന്നിവരെല്ലാം ചേർന്നുള്ള ഒരു സംയുക്ത മുന്നണി കുത്തകകൾക്കെതിരായി തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തിൽ രൂപം കൊള്ളുന്നതിന്നുള്ള സാദ്ധ്യതകളുണ്ട്. കുത്തകകൾക്കെതിരായ സമരത്തിൽ ഈ വർഗ്ഗങ്ങളുടേയും ജനവിഭാഗങ്ങളുടേയും താല്പര്യങ്ങൾ ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ ഏകീഭവിക്കുന്നു.

തൊഴിലാളിവർഗ്ഗത്തിൻെറ ബന്ധുക്കളെപ്പററി മാർക്സും ലെനിനും ഉന്നയിച്ച നിർദ്ദേശത്തെ കൂടുതലായി വികസിപ്പിച്ചതിൽനിന്നും ഉടലെടുത്തതാണ് തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തിൽ കുത്തകകൾക്കെതിരായ സംയുക്ത മുന്നണി എന്ന ആശയം. കമ്മ്യൂണിസ്റ്റ് ഇൻറർനേഷനലിൻെറ ഏഴാംകോൺഗ്രസ്സംഗീകരിച്ച മൗലികപ്രാധാന്യമുള്ള തീരുമാനങ്ങളും അതിന്നു ശേഷം ദശകങ്ങളായി നടന്ന വിപ്ലവ സമരങ്ങളിൽനിന്നു ലഭിച്ച അനുഭവങ്ങളും പരിഗണനയിലെടുത്തുകൊണ്ടു് ഒരടി മുന്നോട്ടു വെച്ചതിൻെറ ഫലമാണ് പ്രസ്തുത ആശയം.

വിവിധങ്ങളായ വർഗ്ഗങ്ങളും ജനവിഭാഗങ്ങളും ചേർന്നുള്ള ഒരു കുത്തക വിരുദ്ധ സംയുക്ത മുന്നണി കെട്ടിപ്പടുക്കുവാനുള്ള സാദ്ധ്യതയുണ്ടെന്നതിൻെറ അർത്ഥം അത്തരത്തിലുള്ള ഒരു സംയുക്ത മുന്നണി സ്വയം രൂപംകൊള്ളുമെന്നല്ല. ഭരണാധികാരത്തിലുള്ള കുബേരവർഗ്ഗത്തിന്നെതിരായ സമരത്തിൽ തങ്ങളുടെ ബന്ധുക്കളെ അണിനിരത്തുവാൻവേണ്ടി തൊഴിലാളിവർഗ്ഗവും അവരുടെ മാർക്സിസ്റ്റ് മുന്നണിപ്പടയും വമ്പിച്ച പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

മർമ്മപ്രധാനമായ എല്ലാ പ്രശ്നങ്ങളിലും ജനാധിപത്യപരവും കുത്തകവിരുദ്ധവുമായ പരിപാടികൾ ആവിഷ്കരിക്കുമ്പോൾ മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടികൾ തൊഴിലാളിവർഗ്ഗത്തിൻെറ ബന്ധുക്കളായ എല്ലാവരുടേയും താല്പര്യങ്ങൾ കണക്കിലെടുക്കുകയും കുത്തക വിരുദ്ധ സംയുക്ത മുന്നണി രൂപീകരിച്ച് ശക്തിപ്പെടുത്തി ഉറപ്പിക്കുവാൻ കഠിനമായി അദ്ധ്വാനിക്കുകയുംചെയ്യുന്നു. അടിയന്തര പ്രശ്നങ്ങൾക്കു പരിഹാരം കാണുവാനുള്ള വ്യവസ്ഥകളാണ് പരിപാടിയിലുണ്ടായിരിക്കുക, എന്നാൽ അവ കുത്തകകളുടെ അധികാരശക്തിയെ തകിടംമറിക്കുകയും തകർത്തുകളയുകയും ചെയ്യും. മാത്രമല്ല തൊഴിലാളിവർഗ്ഗത്തിനും അവരുടെ ബന്ധുക്കൾക്കും ഒന്നിനു പിറകെ മറ്റൊന്നായി സ്വാധീനവലയങ്ങൾ പിടിച്ചെടുക്കുന്നതിന്ന് അതു വഴിതെളിയിക്കുന്നതുമാണ്.

ഏതെല്ലാം പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിലാണ് ഇന്നു ബഹുജനങ്ങൾക്കു താല്പര്യമുള്ളതു്?

മർമ്മപ്രധാനമായ വ്യവസായങ്ങളും വ്യാപാരസ്ഥാപനങ്ങളും ജനാധിപത്യപരമായി ദേശസാൽക്കരിക്കുക; കുത്തകകളുടെ പ്രവർത്തനത്തെ പരിമിതപ്പെടുത്തുന്ന നിയമങ്ങൾ നടപ്പിലാക്കുക; കുത്തകക്കമ്പനികളുടെയും സ്ഥാപനങ്ങളുടെയും മേൽ തൊഴിലാളികളും ഇതര ജീവനക്കാരും ആഭ്യന്തരമായും പാർലിമെൻറും പ്രാദേശിക ഭരണസ്ഥാപനങ്ങളും പുറമെനിന്നും നിയന്ത്രണം ചെലുത്തുക; സാമ്പത്തിക വികാസത്തെ ത്വരിതപ്പെടുത്തുകയും ദേശീയ വരുമാനം ബഹുജനങ്ങൾക്കനുകൂലമായ വിധത്തിൽ പുനർവിതരണം നടത്തുകയുംവേണമെന്ന ലക്ഷ്യംവെച്ചുകൊണ്ടു ജനാധിപത്യ

പരമായ ആസൂത്രണം നടപ്പിൽ വരുത്തുക; സാമൂഹ്യ സംരക്ഷണം, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നിവയിൽ വിപുലമായ ജനാധിപത്യ പരിഷ്കാരങ്ങൾ നടപ്പിലാക്കുക; ശാസ്ത്രവും സാംസ്കാരവും പുരോഗമനോന്മുഖമായി വികസിപ്പിക്കുക; പിന്നോക്കം കിടക്കുന്ന പ്രദേശങ്ങൾക്കു പ്രത്യേകമായ വികസനപരിപാടികൾ; ഭരണസംവിധാനത്തെയാകെ ജനാധിപത്യപരമായി പുനസ്സംവിധാനംചെയ്യുക—ഇവയെല്ലാമാണ് ബഹുജനങ്ങൾക്കു താല്പര്യമുള്ള കാര്യങ്ങൾ.

ഈ പരിപാടികളിൽ കേന്ദ്രസ്ഥാനം ജനാധിപത്യപരമായ ദേശസാൽക്കരണത്തിന്നാണ്. അതിൻെറ പ്രാധാന്യത്തെപ്പററി കമ്യൂണിസ്റ്റുകാർ ആവത്തിച്ചാവത്തിച്ചു പ്രതിപാദിച്ചിട്ടുണ്ട്. ദേശസാൽക്കരണത്തിൻെറ പുരോഗമനസ്വഭാവത്തെ നിർണ്ണയിക്കുന്നതു് അതിന്നുവേണ്ടി പോരാടുന്ന വർഗ്ഗസഖ്യത്തിൻെറ വൈപുല്യവും, ആ സഖ്യത്തിനകത്തുള്ള വർഗ്ഗശക്തികളുടെ ബലാബലവും തൊഴിലാളിവർഗ്ഗം സോദ്ദേശ്യം നടത്തുന്ന സജീവ സമരവുംകൂടിയാണ്. കുത്തകകളെ ജനാധിപത്യപരമായി ദേശസാൽക്കരിക്കുന്നതിലൂടെ മുതലാളിത്ത ചൂഷണം ഉൻമൂലനംചെയ്യപ്പെടുകയില്ല; എന്നിരുന്നാലും അതു സാമൂഹ്യപുരോഗതിയിൽ മുന്നോട്ടുള്ള പ്രധാനമായ കാൽവെപ്പായിരിക്കും; കുത്തകകളെ അതു നിഷ്കാസനംചെയ്യും. ഭരണാധികാരത്തിന്നുവേണ്ടിയുള്ള സമരത്തിൽ ബഹുജനങ്ങളെ അണിനിരത്തുവാനുള്ള മുഖ്യമായ ഒരു അടവായിട്ടാണ് മാർക്സിസ്റ്റ് ലെനിനിസ്റ്റുകാർ ദേശസാൽക്കരണമെന്ന ആശയം മുന്നോട്ടു കൊണ്ടുവരുന്നതിനെ കണക്കാക്കുന്നതു്.

ദേശസാൽക്കരണം വിപുലമായതോതിൽ നടക്കാത്ത രാജ്യങ്ങളിൽ ഏതെങ്കിലും സ്ഥാപനങ്ങളോ വ്യവസായങ്ങളോ സക്കാർ ഏറെറടുക്കുന്നപക്ഷം അതു തങ്ങളുടെ താല്പര്യങ്ങളുടെ സംരക്ഷണത്തിനായി ഉപയോഗപ്പെടുത്തുവാൻ കുത്തകകൾ എല്ലാതരത്തിലും പരിശ്രമിക്കുമെന്നു് ആർക്കും എളുപ്പം മനസ്സിലാക്കാവുന്നതാണ്. ഇക്കാരണത്താൽ ജനാധിപത്യപരമായ ദേശസാൽക്കരണത്തിൻെറ ആവശ്യം നിരാകരിക്കുന്നതു് ശരിയാവുമെന്നു തോന്നുന്നില്ല. ദേശസാൽക്കരിക്കപ്പെട്ടുകഴിഞ്ഞ വ്യവസായങ്ങളിലേയും സ്ഥാപനങ്ങളിലേയും മേനേജ്മെൻറിലും ആഭ്യന്തരഘടനയിലും മാററങ്ങൾ വരുത്തിക്കൊണ്ടു ജനാധിപത്യപരമായ പരിവത്തനങ്ങൾ വരുത്തുവാനും സ്വകാര്യ കുത്തകകൾക്കു നല്കുന്ന പ്രതിഫലത്തുക കണിശമായി വെട്ടിക്കുറക്കുവാനും മററുംവേണ്ടി തൊഴിലാളിവർഗ്ഗം പരിശ്രമിക്കണം. അതേയവസരത്തിൽതന്നെ ദേശസാൽക്കരണത്തിൻെറ പ്രവത്തനമേഖല വിസ്തൃതമാക്കുവാൻ ശ്രമിക്കുന്നതോടൊപ്പം പൊതുവുടമക്കു സമ്പദ്‌വ്യവസ്ഥയിൽ പുരോഗമനപരമായ ഒരു പങ്കു് വഹിക്കുവാൻ കഴിവുണ്ടാക്കുവാനും കുത്തകകളെ നിർവീര്യമാക്കുവാൻ സ്റ്റേററിൻെറ ഉടമാവകാശമുപയോഗപ്പെടുത്തണമെന്നു നിർബ്ബന്ധിക്കുവാനും തൊഴിലാളിവർഗ്ഗം ശ്രമിക്കുന്നതായിരിക്കും. ബഹുജന സമരങ്ങളുടെ ശക്തിയായ മുന്നേററമുള്ള പ്രദേശങ്ങളിൽ അത്തരത്തിലുള്ള ജനാധിപത്യപരമായ ദേശസാൽക്കരണം സ്റ്റേററ് കുത്തക മുതലാളിത്തത്തിൻെറ പരിധികൾ കടന്നു മുന്നോട്ടു പോയേക്കും; മാത്രമല്ല സ്റ്റേററ് കുത്തക മുതലാളിത്തത്തിന്നെതിരായ സമരത്തിന്നുള്ള ഉപാധിയും കുത്തകകൾക്കെതിരായ കടന്നാക്ര

മന്നാത്തിന്നുള്ള ആയുധവുമായി ദേശസാൽക്കരണമത്തെ വളത്തുവാനും സാധിക്കുന്നു.

ഓരോ രാജ്യത്തിലെയും വർഗ്ഗശക്തികൾ അണിനിരന്നുനിൽക്കുന്ന സ്ഥിതിയും അധ്വാനിക്കുന്ന ജനത നടത്തുന്ന സമരവുമാണ് അവസാന വിശകലനത്തിൽ ഇക്കാര്യത്തിന്നു തീരുമാനമുണ്ടാകുന്നത്. ജനങ്ങളുടെ സമരത്തിൽക്കൂടിതന്നെ ദേശസാൽക്കരണത്തിന്നു പുരോഗമനപരമായ സ്വഭാവവിശേഷങ്ങൾ വന്നുചേരുവാനും അതു ജനാധിപത്യപരമായ ദേശസാൽക്കരണമായി പരിവത്തനംചെയ്യപ്പെട്ടുവാനും സാദ്ധ്യതയുണ്ട്. തൊഴിലാളിവർഗ്ഗത്തിന്നും അവരുടെ ബന്ധുക്കൾക്കും ഇത്തരം നേട്ടങ്ങൾ കൈവരിക്കുവാൻ സാധിക്കുമോ എന്നതു് വർഗ്ഗസമരത്തിൻെറ പ്രചണ്ഡതയെ ആശ്രയിച്ചാണ് നിൽക്കുന്നതു്.

ഉൽപാദനോപകരണങ്ങൾ മുഴുവൻ പിടിച്ചെടുക്കുക, ബേങ്കിങ്ങ് മേഖലയാകെ പൊതുവുടമയിൽ കൊണ്ടുവരിക മുതലായ നടപടികൾ അടിയന്തിര ലക്ഷ്യങ്ങളായി ചില പരിതസ്ഥിതികളിൽ തൊഴിലാളിവർഗ്ഗത്തിനു പരിഗണിക്കുവാൻ സാദ്ധ്യമല്ല. കുത്തക വിരുദ്ധ സംയുക്ത മുന്നണിയുടെ സാമ്പത്തിക മുദ്രാവാക്യങ്ങൾ കുത്തക ബൂർഷ്വാസിയുടെ സ്വത്ത്മാത്രം ദേശസാൽക്കരിക്കലും ഭരണാധികാരത്തിലുള്ള കുബേരവർഗ്ഗത്തിൻെറ സാമ്പത്തിക രാഷ്ട്രീയ മേധാവിത്വം അവസാനിപ്പിക്കലുമായിരിക്കണം. തൊഴിലാളിവർഗ്ഗത്തിനും കർഷകർക്കും മാത്രമല്ല നഗരങ്ങളിലെ ഇടത്തരം വിഭാഗങ്ങൾക്കും, ബുദ്ധിജീവികൾക്കും, ചെറുകിടക്കാർക്കും ഇടത്തരക്കാരായ വ്യവസായികൾക്കും ആനുകൂല്യങ്ങൾ ലഭിക്കത്തക്ക നിലയിലായിരിക്കണം ദേശസാൽക്ക

രണം നടപ്പിൽവരുത്തേണ്ടതു്. കുത്തക വ്യവസായങ്ങളും കുത്തക ബേങ്കുകളും ദേശസാൽക്കരിക്കുമ്പോൾ ചെറുകിട ഓഹരിയുടമകളുടെയും ബേങ്കിൽ പണം നിക്ഷേപിച്ചവ ഇൻഷ്വറൻസ് പോളിസികളെടുത്തവരുമായിട്ടുള്ള ചെറുകിടക്കാരുടെയും താല്പര്യങ്ങൾക്കു ഹാനി തട്ടാതെ നോക്കണം. ചുരുക്കത്തിൽ മുതലാളിത്ത നാടുകളിൽ ഇന്നു ഇടത്തരക്കാരായവർ ദശലക്ഷക്കണക്കിലുണ്ടു്; അവരുടെ എതിർപ്പുകൾ സമ്പാദിക്കരുതെന്നർത്ഥം.

കുത്തക വിരുദ്ധ സമരത്തിൽ തൊഴിലാളിവർഗ്ഗത്തിനും അവരുടെ ബന്ധുക്കൾക്കും അഭിമുഖീകരിക്കേണ്ടിവരുന്ന മറെറാരു പ്രശ്നം സാമ്പത്തിക പദ്ധതികളുടെ ആസൂത്രണത്തിന്റെ നേരെ സ്വീകരിക്കേണ്ടുന്ന സമീപനമാണു്.

ബൂർഷ്വാ ഗവർമെൻറുകൾ സാമ്പത്തികാസൂത്രണത്തെ ഉപയോഗപ്പെടുത്തുന്നതു് ഒരു വശത്തു് തൊഴിലാളികളുടെ വരുമാനം മരവിപ്പിച്ചു നിർത്തുവാനും മറുവശത്തു് കുത്തകകൾക്കു സ്ഥിരമായ ലാഭത്തിന്നു് ഉറപ്പുനൽകുവാനുമാണു് കൂടാതെ ട്രെയ്ഡ്യൂനിയനുകളേയും ഈ അസൂത്രണത്തിൽ പങ്കാളികളാക്കുവാൻ അവർ കഠിനാധ്വാനം ചെയ്യുന്നു. എന്നാൽ അതിന്നു കൊടുക്കേണ്ട വിലയോ? ട്രെയ്ഡ്യൂനിയനുകളുടെ പ്രവത്തനസ്വാതന്ത്ര്യംതന്നെ ബലികഴിക്കണം. ഇത്തരത്തിൽ സ്റ്റേററ് "പ്ലാനിങ്ങിൽ" ട്രെയ്ഡ് യൂനിയനുകൾ "പങ്കാളികളാ"യാൽ അവയുടെ സ്വാതന്ത്ര്യമായ നിലനില്പുതന്നെ നഷ്ടപ്പെടുമെന്നു വ്യക്തമാണു്.

സാമ്പത്തിക പദ്ധതികൾ ആസൂത്രണംചെയ്യുന്നതിന്റെ നേരെ നിഷേധാത്മകമായ നിലപാടുമാത്രം സ്വീകരിച്ചുകൊണ്ടു് അതിനെ തുറന്നുകാട്ടുന്നതിൽമാത്രം ഒതുങ്ങിയിരി

ക്കത്തക്ക നയം അംഗീകരിക്കുവാൻ പര്യാപ്തമായ കാരണങ്ങളുണ്ടോ? കുത്തകകളുടെ പ്ലാനിങ്ങിന്നെതിരായി ജനാധിപത്യപരമായ ഒരു ബദൽപരിപാടിക്കാവശ്യമായ യഥാൎത്ഥഘടകങ്ങളെ സൃഷ്ടിക്കുവാൻ തൊഴിലാളിവൎഗ്ഗത്തിന്നു കഴിയുമെന്നാണ് ഞങ്ങൾക്കു തോന്നുന്നതു്.

ഭരണാധികാരത്തിലുള്ള കുബേരവൎഗ്ഗത്തിന്റെ മൎദ്ദനഭാരം ജനങ്ങൾ കൂടുതലായി അനുഭവപ്പെടാനിടയുള്ളതും കുത്തക മുതലാളിത്ത സ്വഭാവമുള്ളതുമായ പദ്ധതികൾ നടപ്പിൽവരുന്നതിനെ തടയുവാനുള്ള ബാദ്ധ്യത തൊഴിലാളിവൎഗ്ഗം സ്വയം ഏറെറടുക്കണം. ഇതു സാധിക്കണമെങ്കിൽ അത്തരം പരിപാടികളെ തുറന്നുകാട്ടുകയും അവക്കെതിരായി സമരം നടത്തുകയും ചെയ്യുകയെന്ന പരിപാടിക്കുള്ളിൽമാത്രം തൊഴിലാളിവൎഗ്ഗവും അതിന്റെ കമ്യൂണിസ്റ്റ് മുന്നണിപ്പടയും ഒതുങ്ങിനിൽക്കരുതു്, സ്വന്തം സാമ്പത്തിക പരിപാടിപാടികൾ മുന്നോട്ടുവെച്ചുകൊണ്ടു സൎക്കാറിന്റെ പദ്ധതികൾക്കു ബദലായി സ്വന്തം പദ്ധതികൾ ജനങ്ങളുടെ മുൻപാകെ വെക്കണം. കുത്തക വിരുദ്ധ ജനാധിപത്യ മുന്നണിക്കു എല്ലാ അധികാരങ്ങളും കൈവരുന്ന ഘട്ടത്തിൽ വിദൂര ഭാവിയിൽ നടപ്പിലാക്കുവാൻ സാദ്ധ്യമാകുന്ന ദീൎഘകാലാടിസ്ഥാനത്തിലുള്ള സാമൂഹ്യ—സാമ്പത്തിക പരിപാടികളുടെ കാൎയ്യത്തിൽമാത്രം ഇങ്ങനെ ചെയ്താൽപോര. പിന്നെയോ? ഉൽപാദനശക്തികളുടെ വികസനത്തിന്നു് അടിയന്തിരമായി നേരിട്ട ചില ആവശ്യങ്ങൾ നിറവേററുവാനും ജനങ്ങളുടെ ജീവിതനിലവാരം ഉയൎത്തുവാനുംവേണ്ടിയുള്ള സൃഷ്ടിപരമായ സാമ്പത്തിക വികസന പദ്ധതികൾ ഓരോന്നിന്റെയും കാൎയ്യത്തിൽ ഇത്തരം സമീപനം ആവശ്യമാണ്.

ഉദാഹരണത്തിനു, കോമൺ മാർക്കററ് നാട്ടുകളിലെ സമ്പദ്‌വ്യവസ്ഥയുടെ ശാഖാഘടന പുനസ്സംഘടിപ്പിക്കുന്നതിന്നു ആ രാജ്യങ്ങളിൽ നൽകപ്പെടുന്ന വമ്പിച്ച പ്രാധാന്യം എല്ലാവക്കും അറിയാവുന്നതാണ്. എന്തുകൊണ്ടെന്നാൽ കല്ക്കരിഖനികൾ പൂട്ടിയിടുന്നതിനും ചില പ്രദേശങ്ങളാകെ (ഉദാഹരണത്തിന്നു ഫ്രാൻസിൻെറ വടക്കൻ സംസ്ഥാനങ്ങളും ബൽജിയത്തിലെ വലോനിയും) തകരുന്നതിന്നും പാപ്പിരീകരിക്കപ്പെടുന്നതിനും, തൊഴിലാളിവർഗ്ഗത്തിൽ വ്യത്യസ്ത വിഭാഗങ്ങൾ കഠിനമായ പട്ടിണിക്കും ദുരിതങ്ങൾക്കും വിധേയരാവുന്നതിന്നും ഇടനൽകുന്നതാണ് ഈ ഘടന. ഇതിൽ കുത്തകകളെടുക്കുന്ന നടപടികളെ തൊഴിലാളിവർഗ്ഗം നേരിടുന്നതു് അത്തരം പ്രശ്നങ്ങൾക്കുള്ള ബദൽ പരിഹാരനിർദ്ദേശങ്ങൾ ഉന്നയിച്ചുകൊണ്ടാണ്, കല്ക്കരി–വിദ്യുച്ഛക്തി വ്യവസായത്തെ വികസിപ്പിക്കുന്നതിന്നു, ദേശവ്യാപകമായതോതിൽ മാത്രമല്ല എല്ലാ കോമൺ മാക്കററ് നാട്ടുകൾക്കും ബാധകമായ നിലയിൽ പുരോഗമനപരമായ പ്ലാനുകൾതന്നെ തൊഴിലാളിവർഗ്ഗം മുന്നോട്ടു കൊണ്ടുവന്നിട്ടുണ്ടു്.

അതുപോലെതന്നെ ഇന്നത്തെ പരിതസ്ഥിതിയിൽ പൊതു ഖജാനാവിൽ നിന്നും മൂലധനം നിക്ഷേപിക്കുന്നതിന്നുള്ള പരിപാടികൾ, സാങ്കേതികമായ വിശദാംശങ്ങൾ നൽകിക്കൊണ്ട് സാമ്പത്തികമായി സാധൂകരിക്കപ്പെടുന്നതരത്തിൽ, തൊഴിലാളിവർഗ്ഗം തയ്യാറാകേണ്ടതുണ്ട്. വ്യവസായിക സ്ഥാപനങ്ങൾ പണിയുന്നതിനെ സംബന്ധിച്ചും പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതിനെപററിയും, പ്രത്യേകമായി ചില പ്രദേശങ്ങൾ വികസിപ്പിക്കേണ്ട കാര്യത്തിലും, വായ്പകൾ നൽകുന്നതിന്നെ സംബന്ധിച്ചും

സാങ്കേതിക പുരോഗതിയുമായി പൊരുത്തപ്പെട്ടു പോകത്തക്കവണ്ണം തൊഴിലാളികൾക്കു പുനഃപരിശീലനം നൽകുന്നതിനെപററിയും ഇത്തരത്തിലുള്ള വിശദമായ പരിപാടികൾ തൊഴിലാളിവർഗ്ഗം തയ്യാറാക്കേണ്ടതുണ്ട്. ഇവയെല്ലാം ഒന്നിച്ചു ചേർന്നാൽ സാമ്പത്തിക വികസനത്തിന്നുള്ള കുത്തകകളുടെ പ്ലാനുകൾക്കെതിരായ ഒരു ബദൽപരിപാടിയായി കണക്കാക്കപ്പെടുന്നതാണ്.

സ്വാഭാവികമായും ഈ പരിപാടിക്കു് അധികമധികം വിപുലമായ പ്രാധാന്യമുണ്ട്. ഈ പരിപാടി മുന്നോട്ടു വെക്കുന്നതോടെ രാജ്യത്തിന്റെ സാമ്പത്തിക ജീവിതത്തെ നേർവഴിക്കു നയിക്കുന്നതിന്നുള്ള അവകാശം തങ്ങൾക്കു ലഭിക്കണമെന്ന ആവശ്യം ഉന്നയിക്കുകയാണ് തൊഴിലാളിവർഗ്ഗം ചെയ്യുന്നത്. ഈ മേഖലയിൽ കുത്തകകൾക്കുണ്ടായിരുന്ന മുൻകൈ അവരുടെ കയ്യിൽനിന്നും പിടിച്ചെടുക്കുവാനും അവസാന വിശകലനത്തിൽ സാമ്പത്തിക നയത്തിൽ പ്രധാന സൂത്രധാരത്വത്തിൽനിന്നും കുത്തകകളെ തുരത്തുവാനുമാണ് ഇതുമുഖേന തൊഴിലാളിവർഗ്ഗം ശ്രമിക്കുന്നതു്.

വളരെ സജീവതയോടുകൂടിയ ബഹുജനസമരം വളർത്തിക്കൊണ്ടു മാത്രമേ തൊഴിലാളിവർഗ്ഗത്തിനും സംയുക്ത ജനാധിപത്യ മുന്നണിക്കുംകൂടിയും ഈ ലക്ഷ്യം കൈവരിക്കുവാൻ സാദ്ധ്യമാകയുള്ളൂ.

ബൂർഷ്വാ ഭരണകൂടത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങൾ വിപുലീകരിക്കപ്പെട്ടതോടെ സാമ്പത്തിക മന്ത്രികാര്യാലയങ്ങളും, സാമ്പത്തികമായ 'പ്ലാനിങ്ങ്' സംഘടനകളും നിലവിൽ വന്നിട്ടുണ്ട്. മാത്രമല്ല സമ്പദ്‌വ്യവസ്ഥയുടെ

ദേശസാൽകൃതമായ ശാഖകളെ, മേൽനോട്ടം ചെയ്യുവാനുള്ള ഭരണാധികാരികളും, വില നിയന്ത്രിച്ചുകൊണ്ടുള്ള ചട്ടങ്ങളും മൂലധന നിക്ഷേപത്തിനുള്ള സമിതികളും സൎക്കാരിനുവേണ്ടി ചരക്കുകൾ വിലക്കെടുക്കുന്ന ഏജൻസികളും മററും പ്രവൎത്തനരംഗത്തു വന്നുകഴിഞ്ഞു; ഇന്നു് അവയെല്ലാം തന്നെ കുത്തകകളുടെ ആജ്ഞാനുവൎത്തികളാണു്. ജനങ്ങളിൽനിന്നു മാത്രമല്ല പാൎലിമെൻറിൻെറ നിയന്ത്രണത്തിൽനിന്നും ഈ ഏജൻസികളെയെല്ലാം കുത്തകകൾ മതിലുയൎത്തി മാററിനിൎത്തിയിരിക്കുകയാണു്.

സാമ്പത്തികമായ കാൎയ്യങ്ങൾ നോക്കിനടക്കുന്നതിനുള്ള ഈ വിഭാഗങ്ങളിലെല്ലാം സ്വാധീനം ചെലുത്തുവാനും, അവയുടെ പ്രവൎത്തനത്തിൽ പങ്കെടുക്കുന്നതിനുള്ള അധികാരം നേടുവാനും കുത്തകകളുടെ നിയന്ത്രണാധികാരത്തിൽനിന്നും അവയെ സ്വതന്ത്രങ്ങളാക്കി ബഹുജനങ്ങളുടെ താല്പൎയ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുവാനും തൊഴിലാളിവൎഗ്ഗത്തിനു തങ്ങളുടെ സമരങ്ങളിൽകൂടി സാധിക്കുമോ എന്ന പ്രശ്നം ഉത്ഭവിക്കുന്നുണ്ടു്. ഈ പ്രശ്നത്തിനു ക്രിയാത്മകമായ മറുപടി നല്കുവാൻ സാദ്ധ്യമാണെന്നാണു് ഞങ്ങൾക്കു തോന്നുന്നതു്.

KOTTAYAM PUBLIC LIBRARY KOTTAYAM

സോഷ്യലിസത്തിലേക്കുള്ള പരിവൎത്തനത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ തൊഴിലാളിവൎഗ്ഗം സാമ്പത്തിക മേനേജ്മെൻറിനുള്ള മെക്കാനിസത്തെ (അതാണു് ട്രസ്റ്റുകൾ പ്രതിനിധാനം ചെയ്യുന്നതു്) നശിപ്പിച്ചുകളയരുതെന്നും ആ മെക്കാനിസം സ്വന്തം കയ്യിലെടുത്തു ജനങ്ങളുടെ താല്പൎയ്യങ്ങൾക്കു ഉപയോഗപ്പെടുത്തണമെന്നും ലെനിൻ ചൂണ്ടിക്കാണിച്ചിരുന്നുവെന്നതു് ഇവിടെ അനുസ്മരിക്കാവുന്നതാണു്.

ഇന്നു നിലവിലുള്ള സ്റ്റേററ്—കുത്തകക്കമ്മിററികളും സാമ്പത്തികസമിതികളുമെല്ലാം സാമ്പത്തിക മേനേജ്മെൻറിന്നു വേണ്ടിയുള്ള അന്തരം മെക്കാനിസമാണ്. പക്ഷെ കൂടുതൽ ഉയർന്ന നിലവാരത്തിലാണെന്നു മാത്രം. കുത്തക ഗ്രൂപ്പുകളുമായി ഇതിന്നുള്ള ബന്ധങ്ങൾ വേർപെടുത്തുവാൻ പോരാടിക്കൊണ്ടു തൊഴിലാളിവർഗ്ഗം പരിപൂർണ്ണമായ ഭരണാധികാരം നേടുന്നതിന്നു എത്രയോ മുൻപ് തന്നെ ഈ മെക്കാനിസത്തെ ജനങ്ങളുടെ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുവാൻ കഠിനാധ്വാനം ചെയ്യുന്നതായിരിക്കും.

ഇന്നത്തെ ഘട്ടത്തിൽ ഈ സാമ്പത്തിക ഏജൻസികളെല്ലാം പ്രവർത്തിപ്പിക്കുന്ന മര്യാദക്കാരായ എത്രയോ സ്പെഷലിസ്റ്റുകളുണ്ട്—എൻജിനിയർമാർ, ടെക്ക്നീഷൻമാർ, സാമ്പത്തിക വിദഗ്ദ്ധന്മാർ മുതലായവർ. കുത്തകകൾ ചുമത്തിയിട്ടുള്ള നുകം വലിച്ചെറിയുവാനും, ഭരണാധികാരം ജനങ്ങളുടെ നിയന്ത്രണത്തിൽ വരികയും സോഷ്യലിസം സ്ഥാപിതമാവുകയുംചെയ്താൽമാത്രമേ അവക്കു സമൂഹത്തെ സേവിക്കുവാൻ സാധിക്കയുള്ളുവെന്നു മനസ്സിലാക്കുവാനും തൊഴിലാളിവർഗ്ഗം അവരെ സഹായിക്കുന്നതാണ്. അതേയവസരത്തിൽ ഈ സാമ്പത്തിക ഏജൻസികളിൽ ജോലി ചെയ്യുവാനായി സ്വന്തം അണികളിൽനിന്നുതന്നെ ഉല്പാദനത്തിലും സാമ്പത്തിക മേനേജ്മെൻറിലും വൈദഗ്ദ്ധ്യം നേടിയവരെ ഉയർത്തിക്കൊണ്ടുവരുവാനും തൊഴിലാളിവർഗ്ഗത്തിന്നു സാദ്ധ്യമാണ്. ഇതിന്റെയെല്ലാം ഫലമായി തൊഴിലാളിവർഗ്ഗത്തിന്നു സാമ്പത്തിക വികസനത്തിനുള്ള ജനാധിപത്യപരമായ പരിപാടികൾ പ്രഖ്യാപനംചെയ്യുവാൻ മാത്രമല്ല ആ പരിപാടികളുടെ നിർവ്വഹണം ദൈനംദിനം മേൽനോട്ടംചെയ്യുവാനും എല്ലാ വിശദാംശങ്ങളും മനസ്സി

ലാക്കുവാനും മുതലാളിത്തത്തിൻെറ "ശ്രീകോവിലിൽ" കട ന്നുചെല്ലുവാനും, സാമ്പത്തിക മേനേജ്മെൻറിൻെറ നിയന്ത്രണ മേഖലയിൽ പ്രവേശിക്കുവാനും സാദ്ധ്യമായിത്തീരുന്നു.

ഒരു രാഷ്ട്രത്തിൻെറ സാമ്പത്തിക നയത്തിൽ സ്വാധീനം ചെലുത്തുവാനുള്ള തൊഴിലാളിവർഗ്ഗത്തിൻെറ സമരം അനിവാര്യമായും വർഗ്ഗസംഘട്ടനങ്ങളെ ഉയർത്തിക്കൊണ്ടുതന്നെ നടത്തേണ്ടിവരും. 1959—64 കാലഘട്ടത്തിൽ ചില പാശ്ചാത്യ യൂറോപ്യൻ രാജ്യങ്ങളിലും ജപ്പാനിലും അനുഭവപ്പെട്ടതിനേക്കാൾ പ്രചണ്ഡമായ രാഷ്ട്രീയക്കുഴപ്പങ്ങൾ മുളച്ചുവരുന്നതിന്നുള്ള മണ്ണാണിതു്.

വിപ്ലവത്തിൻെറ മുഖ്യ ശത്രുവായ സാമ്രാജ്യത്വ കുത്തകകൾക്കെതിരായിതന്നെ നയിക്കപ്പെടുകയും അവരുടെ അധീശാധികാരത്തെ തകർക്കുകയെന്ന കാഴ്ചപ്പാടോടെ നടത്തപ്പെടുകയുംചെയ്യുന്നപക്ഷം സമഗ്രമായ ജനാധിപത്യ പരിഷ്കാരങ്ങൾക്കുവേണ്ടിയുള്ള സമരം പ്രാധാന്യത്തിലും ഫലപ്രാപ്തിയിലും തികച്ചും വിപ്ലവപരമായ സമരമായിത്തീരും. വരാനിരിക്കുന്ന വിപ്ലവത്തിൻെറ രാഷ്ട്രീയസേനയെ തൊഴിലാളിവർഗ്ഗത്തിന്നുചുററും അണിനിരത്തുവാനും കൂടുതൽ ചൈതന്യാത്മകവും ബോധപൂർവ്വവുമായ രാഷ്ട്രീയപ്രവർത്തനങ്ങൾക്കുള്ള ആവേശം ബഹുജനങ്ങൾക്കു നൽകുവാനും ആ സമരത്തിന്നു വിപ്ലവപരമായ ഫലങ്ങൾതന്നെ ഉളവാക്കുവാൻ സാധിക്കും.

ഇന്നത്തെ ഘട്ടത്തിൽ സമാധാനത്തിന്നും ജനാധിപത്യത്തിന്നും സോഷ്യലിസത്തിന്നുംവേണ്ടിയുള്ള സമരം വിജ

യിപ്പിക്കുന്നതിൽ തൊഴിലാളിവർഗ്ഗത്തിൻെറ എല്ലാ വിഭാഗങ്ങളുടേയും ഐക്യത്തിനു സവിശേഷപ്രാധാന്യമുണ്ട്. വികസിത മുതലാളിത്ത നാട്ടുകളിൽ കമ്യൂണിസ്റ്റ്കാരും സോഷ്യലിസ്റ്റ്കാരും തമ്മിലുള്ള സഹകരണവും സംയുക്ത പ്രവർത്തനവും മുഖേന ഈ ഐക്യത്തിന് ഉറപ്പുവരുത്തുവാൻ കഴിയും. സോഷ്യൽ ഡമോക്രസിയുടെ സാർവ്വദേശീയ പദവിക്കു തകർച്ച പററിയിട്ടുണ്ടെന്നിരിക്കിലും പശ്ചിമയൂറോപ്പിൽ പ്രത്യേകിച്ചും ബ്രിട്ടനിലും, ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കിലും സ്കേൻഡിനേവിയൻ നാട്ടുകളിലും അതിന്നു ഗണ്യമായ സ്വാധീനശക്തിയുണ്ടെന്ന വസ്തുതയുടെ നേരെ കണ്ണടച്ചതുകൊണ്ടു ഫലമില്ല

സ്റ്റാലിൻ ചെയ്തതുപോലെ സോഷ്യൽ ഡെമോക്രാററുകാരെ "സോഷ്യൽ ഫാഷിസ്ററുകൾ" എന്നോ "ഫാഷിസത്തിൻെറ മിതവാദിപക്ഷ"മെന്നോ വിളിച്ചാക്ഷേപിക്കുന്നതു് തെററാണ്. കഴിഞ്ഞകാലത്ത് ഫാഷിസത്തിന്നെതിരായ സമരത്തിൽ കമ്യൂണിസ്ററുകാരും സോഷ്യലിസ്റ്റുകാരും യോജിച്ചുള്ള സമരങ്ങൾ വളർത്തിക്കൊണ്ടുവരുന്നതിന്നു് ഈ നയം പ്രതിബന്ധം സൃഷ്ടിച്ചിട്ടുണ്ടെന്നു് എല്ലാവർക്കും അറിവുള്ളതാണ്. പല വലതുപക്ഷ സോഷ്യൽ-ഡെമോക്രാററിക്ക് നേതാക്കന്മാരും, പ്രത്യേകിച്ച് ബൂർഷ്വാ ഗവമ്മെൻറുകളിൽ അംഗങ്ങളായവർ, വിപ്ലവപ്രസ്ഥാനത്തെ അടിച്ചമർക്കുവാൻ വളരെയേറെ പ്രവർത്തിച്ചിട്ടുണ്ടെന്നതു് ഒരു വസ്തുതതന്നെയാണ്. എന്നിരുന്നാലും സ്റ്റാലിൻെറ ആശയം വിവിധങ്ങളായ സാമൂഹ്യ പ്രതിഭാസങ്ങളെ മൊത്തത്തിൽ കൂട്ടിക്കുഴക്കുകയാണ് ചെയ്തതു്. ഏററവുമധികം യുദ്ധാസക്തിയും ആക്രമണൌത്സുക്യവുമുള്ള സാമ്രാജ്യത്വവൃത്തങ്ങളാണല്ലോ ഫാഷിസം. അതു യാതൊരു വിധത്തി

ല്ലും സോഷ്യൽ ഡമോക്രാററുകാരുടെ ആദർശമാകുവാൻ സാധ്യമല്ല. സോഷ്യൽ ഡെമോക്രസിക്കു പിൻതുണ നൽകുന്ന ജനാവലിയെ സംബന്ധിച്ചേടത്തോളം അതില്ലും കാവായതോതിൽ മാത്രമേ ആ വാദത്തിനു പ്രസക്തിയുള്ളു.

സോഷ്യൽ ഡെമോക്രസിയുടെ നേരെയുള്ള സമീപനത്തിൻെറ കാര്യത്തിൽ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടികളുടെ നിലപാട് സുവ്യക്തമാണ്, സുനിശ്ചിതമാണ്. ങ്ങളും സോഷ്യൽ-ഡെമോക്രാററിക്ക് പാർട്ടികളും തമ്മിൽ ഗൗരവമേറിയ അഭിപ്രായഭിന്നതകൾ രാഷ്ട്രീയമായും ആശയപരമായും ഉണ്ടെന്ന വസ്തുത കമ്യൂണിസ്റ്റുകാർ ഒളിച്ചുവെക്കുന്നില്ല. അടുത്ത ചില വഷങ്ങളിലായി ഏററവും പിൻതിരിപ്പൻമാരായ ചില വലതുപക്ഷ സോഷ്യലിസ്റ്റ് നേതാക്കന്മാർ ബൂഷ്വാസിയുടെ ആശയത്തിലേക്കും നയത്തിലേക്കും കൂടുതൽ അടുക്കുകയാണ് ചെയ്യുന്നതെന്ന വസ്തുത ആരുംതന്നെ നിഷേധിക്കുകയില്ല. അവർ മാർക്സിസത്തെ മാത്രമല്ല പാരമ്പര്യമുള്ള പല സോഷ്യലിസ്റ്റ് മുദ്രാവാക്യങ്ങളേയും നിരാകരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് പരസ്യമായിത്തന്നെ കുത്തകമുതലാളിമാക്കുവേണ്ടി ന്യായവാദം നടത്തുന്നവരുടെ കൂടെ ചേന്നിട്ടുള്ള പ്രസ്തുത സോഷ്യൽ-ഡെമോക്രാററിക്ക് നേതാക്കന്മാരുടെ അവസരവാദപരമായ പ്രവത്തനങ്ങളെയും ആശയപരമായ നിലപാടുകളേയും കമ്യൂണിസ്റ്റ്പാർട്ടികൾ വിമശിച്ചതും, ഇപ്പോഴും വിമശിച്ചുകൊണ്ടിരിക്കുന്നതും. എന്നാൽ സോഷ്യൽ ഡമോക്രാററിക്ക് പ്രസ്ഥാനമാകെ ഒരു പിൻതിരിപ്പൻ കൂട്ടമാണെന്നു കരുതുന്നതു അസംബന്ധമാണ്. സോഷ്യൽ ഡെമോക്രാററിക്ക് പാർട്ടികളിലെ മെമ്പർമാരിൽ ബഹുഭൂരിപക്ഷവും, പ്രത്യേകിച്ച് തൊഴിലാളികൾ, സമാ

ധാനവും സാമൂഹ്യപുരോഗതിയും നേടണമെന്ന് ആഗ്രഹി ക്കുന്ന പരാണ്.

കമ്യൂണിസ്റ്റ്-വക്കേഴ്സ് പാർട്ടി പ്രതിനിധികളുടെ 1960ലെ സമ്മേളനം കമ്യൂണിസ്റ്റ്പാർട്ടികളുടെ നിലപാടി ന്നു സ്ഥിരീകരണം നൽകി:—“അധ്വാനിക്കുന്ന ജനതയുടെ ജീവിതസ്ഥിതി മെച്ചപ്പെടുത്തുന്നതിന്നും ജനാധിപത്യാവ കാശങ്ങൾ നിലനിൎത്തുകയും വിപുലീകരിക്കുകയും ചെയ്യുന്ന തിന്നും ദേശീയ സ്വാതന്ത്ര്യം നേടുകയും സംരക്ഷിക്കുകയും ചെയ്യുന്നതിന്നും രാഷ്ട്രങ്ങൾ തമ്മിൽ സമാധാനം നിലനിൎത്തു ന്നതിന്നും വേണ്ടിയുള്ള സമരത്തിലും അതുഃപോലെതന്നെ ഭരണാധികാരം നേടുന്നതിന്നും സോഷ്യലിസം കെട്ടിപ്പടുക്കു ന്നതിന്നും വേണ്ടിയുള്ള സമരത്തിലും സോഷ്യലിസ്റ്റ്പാർട്ടി കളുടെ സഹകരണം കമ്യൂണിസ്റ്റ്പാർട്ടികൾ തേടുന്നതായി രിക്കും.”

അടുത്ത കാലത്തായി, തൊഴിലാളി പ്രസ്ഥാനത്തിൽ ഗണ്യമായ മുന്നേററം പ്രകടിതമായി വന്ന ചുററുപാടിൽ സാർവ്വദേശീയ സോഷ്യൽ ഡെമോക്രാററിക്ക് പ്രസ്ഥാന ത്തിൽ ആഭ്യന്തരമായ ചേരിതിരിവിൻെറയും ഇടത്തോട്ടുള്ള നീക്കത്തിൻേറയും പ്രക്രിയ കൂടുതൽ ശക്തി പ്രാപിക്കുകയു ണ്ടായി. സമാധാനം, ജനാധിപത്യം, സോഷ്യലിസം എ ന്നീ മുദ്രാവാക്യങ്ങളുയൎത്തിക്കൊണ്ട് തൊഴിലാളിവൎഗ്ഗത്തി ൻെറ സമരൈക്യം വളൎത്തുന്നതിലേയ്ക്കുള്ള നീക്കങ്ങൾ വിവി ധ സോഷ്യലിസ്റ്റ് പാർട്ടികളിൽ ഇനിയും ഉണ്ടാകുന്നതി ന്നുള്ള സാധ്യത സാർവ്വദേശീയ സ്ഥിതി എങ്ങനെ മുന്നോട്ടു കൊണ്ടുപോകുന്നുവെന്നതിനെയും അധ്വാനിക്കുന്ന ബഹുജ നങ്ങൾ നടത്തുന്ന വൎഗ്ഗസമരത്തിൻെറ നിലവാരത്തെയും

പ്രചണ്ഡതയേയും ആശ്രയിച്ചാണ് നിർണ്ണയിക്കപ്പെട്ടുക. സുശക്തവും പരിചയസമ്പന്നവുമായ ഒരു വലിയ കമ്യൂണിസ്റ്റ്പാർട്ടിയുടെ നിലനില്പ് സോഷ്യൽ ഡെമോക്രസിയിലെ ഇടതുപക്ഷ ശക്തികളെ ബലപ്പെടുത്തുമെന്നു പല മുതലാളിത്ത നാട്ടുകളിലേയും അനുഭവങ്ങൾ തെളിയിക്കുന്നുണ്ട്.

ഉദാഹരണത്തിന്നു ഫ്രാൻസിലെ സോഷ്യലിസ്റ്റ്പാർട്ടിയ്ക്കകത്ത് ഗണ്യമായ മാററങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കമ്യൂണിസ്റ്റ്കാരെക്കൂടാതെ ജനാധിപത്യശക്തികൾക്ക് ഭൂരിപക്ഷം ലഭിക്കുന്നതിന്നുറപ്പില്ലെന്നു് ആ പാർട്ടിയുടെ നേതൃത്വം ഇപ്പോൾ അംഗീകരിയ്ക്കുന്നുണ്ട്. ഒട്ടേറെ സംയുക്ത പ്രവർത്തനങ്ങളിൽകൂടി ഫ്രാൻസിലെ കമ്യൂണിസ്റ്റ്കാരും സോഷ്യലിസ്റ്റുംകാരുംതമ്മിൽ പ്രായോഗികമായ സമരൈക്യം പ്രകടിതമായിട്ടുണ്ട്.

സമാധാനത്തിന്നുവേണ്ടിയും യു. എസ്. സൈനികത്താവളങ്ങൾക്കെതിരായും കൂടുതൽ ഉയർന്ന ജീവിതനിലവാരത്തിന്നുവേണ്ടിയുള്ള ബഹുജന പ്രസ്ഥാനത്തിൽ സോഷ്യലിസ്റ്റ്പാർട്ടി ജപ്പാനിൽ വളരെ സജീവമായി പ്രവർത്തിയ്ക്കുന്നുണ്ട്. മാനവ പുരോഗതിയ്ക്കു് ലോകസോഷ്യലിസ്റ്റു വ്യവസ്ഥ നൽകുന്ന സംഭാവനയുടെ മഹത്തായ പ്രാധാന്യം ആ പാർട്ടി അംഗീകരിക്കുന്നുണ്ട്. കമ്യൂണിസ്റ്റ്കാരുടെ സൃഷ്ടിപരമായ സമീപനവും അതോടൊപ്പംതന്നെ സോഷ്യൽ ഡെമോക്രസിയുടെ നയത്തിലും ആശയത്തിലുമുള്ള നിഷേധാത്മക വശങ്ങളെ സംബന്ധിച്ചുള്ള ദൃഢവും സഹോദരനിർവ്വിശേഷവുമായ വിമർശനവുംകൊണ്ടാണ് വിഷമയമായ അധിക്ഷേപങ്ങളെക്കാൾ ഫലപ്രദമായി ബഹുജനങ്ങളെ ഉൽബുദ്ധരാക്കുവാനും റിഫോമിസത്തിൻെറ

സ്വാധീനവലയത്തിൽനിന്നും അവരെ വിമുക്തരാക്കുവാനും സാധിക്കുക, കമ്യൂണിസ്റ്റ്പാർട്ടികളുടെ ഇതുവരെയുള്ള അനുഭവങ്ങളിൽനിന്നും തെളിഞ്ഞ വസ്തുതയാണിതു്. റിഫോമിസ്റ്റ് ആശയത്തിൻെറ സ്വാധീനശക്തിയിൽപെട്ട ജനങ്ങളോട്ട സെക്ടേറിയൻ രീതിയിലുള്ള പാരുഷ്യം കാണിയ്ക്കുന്നതു രോഷമുള്ളവാക്കുകയാണ് ചെയ്യുക. ഇതുപാർട്ടികളുടേയും നിലപാട്ടുകളെപ്പററി കാര്യമാത്ര പ്രസക്തമായ വിശേഷണങ്ങളൊന്നും ഉപയോഗിക്കാതെ ലളിതമായും പരസ്യമായും താരതമ്യ പഠനംനടത്തുന്ന പക്ഷം സ്വന്തം അനുഭവങ്ങളിൽനിന്നും ആവശ്യമായ പാഠങ്ങളുൾക്കൊള്ളുവാൻ അതു ബഹുജനങ്ങളെ സഹായിക്കും. ചരിത്രസത്യം മാർക്സിസ്റ്റ് ലെനിനിസ്റ്റ് ആയശത്തിൻെറ ഭാഗത്താകയാൽ വിജയപൂർവ്വം മുന്നോട്ടുപോകുന്നതിന്നു് ഈ മാർക്സിസം—ലെനിനിസത്തെ സഹായിക്കും.

## തൊഴിലാളിവർഗ്ഗവും കാർഷികപ്രശ്നവും കർഷകപ്രശ്നവും

കമ്യൂണിസ്റ്റുകാരുടെ കാർഷികപരിപാടി അവിതർക്കിതമാംവണ്ണം സാധുവാണെന്നും പ്രതിബന്ധങ്ങളെ അതിജീവിക്കുവാൻ കഴിവുള്ളതാണെന്നും ഒന്നാം ഇൻടർനേഷനലിൻെറ സ്ഥാപനത്തിന്നുശേഷം കഴിഞ്ഞ ഒരു നൂററാണ്ടു കാലത്തെ പ്രവർത്തനം ആർക്കും ബോദ്ധ്യംവരത്തക്കനിലയിൽ തെളിയിച്ചിട്ടുണ്ടു്. കാർഷികപ്രശ്നത്തെ സംബന്ധിച്ചുള്ള ഒരു സിദ്ധാന്തവും കാലത്തിൻെറ പരീക്ഷണത്തെ ചെറുത്തുനില്ക്കുവാൻ കഴിവുള്ള ഒരു കാർഷിക പരിപാടിയും വളർത്തികൊണ്ടുവരാനുള്ള കഴിവ് മാർക്സിസ്റ്റ്—ലെനിനിസ്റ്റുകാർക്കുമാത്രമേ ഉള്ളുവെന്നു തെളിയിക്കപ്പെട്ടിരിയ്ക്കുന്നു.

മാർക്സിസ്റ്റ് കാർഷികസിദ്ധാന്തത്തിലെ ഏറ്റവും പ്രധാനപ്പെട്ട വശം എല്ലാ കാലത്തും തൊഴിലാളിവർഗ്ഗവും കർഷകവർഗ്ഗവുംതമ്മിലുള്ള സഖ്യംതന്നെയാണ്. തൊഴിലാളിവർഗ്ഗത്തിൻെറ നൈസർഗ്ഗികബന്ധുവായിട്ടാണ് മാർക്സിസ്റ്റുകാർ കർഷകരെ എന്നും പരിഗണിച്ചിട്ടുള്ളതു്. പഴയ ലോകത്തെ വിപ്ലവപരമായി പരിവർത്തനംചെയ്യിക്കുന്നതിൻെറ എല്ലാ ഘട്ടങ്ങളിലും തൊഴിലാളിവർഗ്ഗത്തിൻെറ കൊടിക്കൂറയിൻകീഴിൽ പോരാടുവാൻ കഴിവുള്ള ഒരു വിപ്ലവവർഗ്ഗമാണ് കർഷകവർഗ്ഗം. സാമൂഹ്യോൽപാദനത്തിൽ തങ്ങൾക്കുള്ള വസ്തുനിഷ്ഠമായ സ്ഥാനംകാരണമായി കർഷകവർഗ്ഗം വിപ്ലവപ്രക്രിയയിലെ ഒരു സജീവ ശക്തിയായി യഥാർത്ഥത്തിൽ വളർന്നുവരുമെന്നു മാർക്സിസ്റ്റ്—ലെനിനിസ്റ്റ് സിദ്ധാന്തമാണ് ഒന്നാമതായി സമർത്ഥിച്ചതു്; സോഷ്യലിസ്റ്റ് യാഥാർത്ഥ്യം അതു സ്വീകരിക്കുകയുംചെയ്തു.

തറപ്പാട്ടം കൃഷിയിൽ മുതലാളിത്തം ഉദയംചെയ്യുകയും വളരുകയുംചെയ്യുന്ന രീതി, ചെറുകിട കൃഷിയുടെ മേൽ വൻകിട കാർഷികോൽപാദനത്തിന്നുള്ള മേന്മ എന്നിവയെ സംബന്ധിച്ചുള്ള മാർക്സിസ്റ്റ്–ലെനിനിസ്റ്റ് സിദ്ധാന്തങ്ങൾ ചരിത്രപരമായ എല്ലാ ഘട്ടങ്ങളിലും തൊഴിലാളിവർഗ്ഗവും കർഷകവർഗ്ഗവുംതമ്മിൽ സഖ്യത്തിൽ വർത്തിക്കേണ്ടുന്ന ആവശ്യകതയെ തെളിയിക്കുകയുണ്ടായി. നാടുവാഴിത്തത്തിന്നെതിരായി ബൂർഷ്വാ ജനാധിപത്യ വിപ്ലവം വിജയിപ്പിക്കുന്നതിന്നുള്ള സമരത്തിലും, മുതലാളിത്തത്തെ തകർക്കുവാനും സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കുവാനുമുള്ള സമരത്തിലും ഈ സഖ്യം ആവശ്യമാണ്.

തറപ്പാട്ടം സംബന്ധിച്ചുള്ള റിക്കാർഡോവിൻെറ (Ricardo) സിദ്ധാന്തം ഭൂവുടമകൾക്കെതിരായി ബൂർഷ്വാ

സിയുടെ താല്പര്യങ്ങൾ പൊക്കിപ്പിടിക്കുകയാണ് ചെയ്തതു്. പാട്ടത്തെസംബന്ധിച്ചുള്ള റോഡ്ബർതുവിന്റെ (Rodbertu) സിദ്ധാന്തം പ്രഷ്യയിലെ ഭൂപ്രഭുക്കളുടെ ഇത്തിൾക്കണ്ണിമട്ടിലുള്ള വരുമാനത്തെ ന്യായീകരിക്കുന്നതായിരുന്നു. എന്നാൽ മാർക്സാണ് തറപ്പാട്ടംസംബന്ധിച്ചുള്ള തൊഴിലാളിവർഗ്ഗസിദ്ധാന്തം ആവിഷ്കരിച്ചതു്. മുതലാളിത്തത്തിന്റെ നിലപാടിൽനിന്നു വീക്ഷിച്ചാൽപോലും ഭൂവുടമവർഗ്ഗം തികച്ചും ഉപയോഗശൂന്യരാണെന്ന വസ്തുത അതു പുറത്തുകൊണ്ടുവന്നു. തദ്വാരാ ഭൂവുടമകളുടെ സ്വത്തുക്കളെല്ലാം വിപ്ലവപരമായ രീതിയിൽ റദ്ദാക്കപ്പെടേണ്ടതിന്റെ ആവശ്യകതയും മാർക്സ് തെളിയിച്ചു. തറപ്പാട്ടം സംബന്ധിച്ചുള്ള മാർക്സിന്റെ സിദ്ധാന്തം കർഷകവർഗ്ഗത്തോടു വിപ്ലവത്തിന്നു ആഹ്വാനം ചെയ്യുന്ന സിദ്ധാന്തമാണ്. നാടുവാഴിത്തപരവും അർദ്ധ നാടുവാഴിത്തപരവുമായ ബന്ധങ്ങളെ ദൃഢനിശ്ചയത്തോടെ തകർത്തെറിയുവാനും പിന്നീട് മുതലാളിത്തചൂഷണം ഇല്ലാതാക്കുവാനുമുള്ള പോരാട്ടത്തിന്നു് ആ സിദ്ധാന്തം കർഷകർക്കാവേശം നൽകി. മാർക്സിസ്റ്റ് കാർഷിക പരിപാടിയിലങ്ങോളമിങ്ങോളം ഈ ആശയം ഓളംവെട്ടുന്നുണ്ടു്. ചെറുകിട കൃഷിയേക്കാൾ വൻകിട കൃഷിയ്ക്കുള്ള മേന്മയെ സംബന്ധിച്ചുള്ള സിദ്ധാന്തം മാർക്സാണ് ആവിഷ്കരിച്ചതു്. ലെനിൻ ആ സിദ്ധാന്തം കൂടുതൽ സംപുഷ്ടമാക്കി. കൃഷിക്കാർക്കു ചൂഷണത്തിൽനിന്നും പിടിച്ചുപറിയിൽനിന്നും സ്വയം രക്ഷനേടണമെന്നുണ്ടെങ്കിൽ അവർ അനിവാര്യമായും മുതലാളിത്തത്തിന്നെതിരായ ഒരു വിപ്ലവശക്തിയായി തീരേന്ന മതിയാവൂ എന്നു് ആ സിദ്ധാന്തം ചൂണ്ടിക്കാണിയ്ക്കുന്നു.

തൊഴിലാളി കൃഷക സഖ്യത്തിന്റെ പ്രശ്നം മാർക്സിസം—ലെനിനിസം എല്ലാ കാലത്തും മുന്നോട്ട കൊണ്ടുവന്നിട്ടുണ്ട്. അതാതുകാലത്തെ സമൂർത്തമായ സാഹചര്യങ്ങളുമായി ഏററവും അടുത്ത ബന്ധം പുലർത്തിക്കൊണ്ട് കർഷകന്റെ പ്രശ്നത്തിൽ സമൂർത്തമായ മുദ്രാവാക്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. സാമൂഹ്യജീവിതം വികസിച്ചുവരികയാണ്; ഒരു ഘട്ടത്തിൽനിന്നും മറെറാരു ഘട്ടത്തിലേക്കു കടക്കുമ്പോൾ സ്വാഭാവികമായും തൊഴിലാളിവർഗ്ഗത്തിന്റെ കടമകളിൽ മാററംവരും.

ഒന്നാം ഇൻടർ നേഷനലിന്റെ കാലത്തെ അനുഭവങ്ങൾ ചില കാര്യങ്ങൾ തെളിയിക്കുകയുണ്ടായി. ഒന്നാമതായി കൃഷിക്കാരായ ബഹുജനങ്ങളെ തങ്ങൾക്കു ചുററും അണിനിരത്തുന്നില്ലെങ്കിൽ തൊഴിലാളിവർഗ്ഗത്തിന്നു സോഷ്യലിസ്റ്റ്‌വിപ്ലവത്തിൽ വിജയം കൈവരിക്കുവാൻ സാധിക്കയില്ല. രണ്ടാമതായി തൊഴിലാളിവർഗ്ഗത്തിന്നു ചുററും അണിനിരന്നുകൊണ്ടു അല്ലാതെ കൃഷകവർഗ്ഗത്തിന്നു സ്വന്തം മോചനം കൈവരിക്കുവാൻതന്നെ സാധ്യമല്ല. അതുകൊണ്ടാണ് ഒന്നാം ഇൻടർ നേഷനലിന്റെ ആ പഴയ കാലഘട്ടത്തിൽപോലും മാർക്സിസ്റ്റുകാർ കൃഷകവർഗ്ഗത്തെ ഒരു വിപ്ലവശക്തിയായി കണക്കിലെടുക്കുകയും വിപ്ലവപരമായ സമരങ്ങൾക്കുള്ള അചഞ്ചലമായ അടിത്തറ തൊഴിലാളിവർഗ്ഗവും കൃഷക ബഹുജനങ്ങളും തമ്മിലുള്ള സഖ്യമാണെന്ന നിഗമനത്തിലെത്തിച്ചേരുകയും ചെയ്തതു്.

ഇന്നത്തെ ചരിത്രപരമായ വികാസത്തിന്റെ സവിശേഷതയാണ് കൃഷക ബഹുജനങ്ങൾ വിപുലമായ തോതിൽ സജീവപ്രവർത്തനത്തിൽ ഇറങ്ങിയിരിക്കുന്നുവെന്നതു്.

പ്രത്യേകിച്ചും പൗരസ്ത്യനാട്ടുകളിൽ അവർ സുശക്തമായ ഒരു സാമ്രാജ്യ വിരുദ്ധ വിപ്ലവ ശക്തിയായി പ്രവർത്തനത്തിലിറങ്ങിയിരിക്കയാണ്. സോഷ്യലിസത്തിന്നു ലോകത്തിലുള്ള സ്വാധീനവലയം കൂടുതൽ വികസിക്കുവാൻ തുടങ്ങിയതും തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവസമരങ്ങൾ കൂടുതൽ സജീവമായതും ലോകകാര്യങ്ങളിൽ തൊഴിലാളിവർഗ്ഗം സുപ്രധാനമായ പങ്ക് വഹിച്ചുവരുന്നതുമാണ് ഇതിന്നുള്ള അടിസ്ഥാനപരമായ പ്രേരകശക്തി. ലോകവ്യാപകമായ വിപ്ലവപ്രക്രിയയുടെ വികാസത്തിൽ താല്പര്യമുള്ള ഏതൊരാളും തൊഴിലാളിവർഗ്ഗത്തിൻെറയും കൃഷകവർഗ്ഗത്തിൻെറയും ഐക്യത്തേയും അവർ തമ്മിലുള്ള സഖ്യത്തേയും ശക്തിപ്പെടുത്തുവാൻ എല്ലാതരത്തിലും പ്രവൃത്തിക്കേണ്ടതാണ്. മാത്രമല്ല യാതൊരു തരത്തിലും ഈ രണ്ടു വർഗ്ഗങ്ങളേയും പ്രതിതുലിതമായി നിലക്കൊള്ളുവാൻ അനുവദിച്ചുകൂടാ. ഈ വിപ്ലവ സഖ്യത്തെ തകിടംമറിക്കുവാൻ ശ്രമിച്ച ആളുകൾക്കെതിരായി ചരിത്രത്തിൻെറ വിവിധ പതനങ്ങളിൽ മാർക്സിസം നല്ലപോലെ സമരം ചെയ്തിട്ടുണ്ട്.

കാർഷികപ്രശ്നവും കൃഷകൻെറ പ്രശ്നവും പരിഹരിക്കുകയെന്നതു തൊഴിലാളിപ്രസ്ഥാനത്തിൻെറ അടിയന്തിരകടമയായിട്ടാണ് ഒന്നാം ഇൻടർനേഷനൽ കണക്കാക്കിയതു്. കൃഷകവർഗ്ഗവുമായി ഒരു സഖ്യം സ്ഥാപിച്ചാൽ മാത്രമേ "തൊഴിലാളി വിപ്ലവത്തിന്നു അതിൻെറ പല്ലവി പാടുന്ന ഗായകസംഘത്തെ ലഭിക്കുകയുള്ളൂ; അത്തരം ഒരു സഖ്യത്തിൻെറ അഭാവത്തിൽ ഒററക്കുള്ള ആ ഗാനം എല്ലാ കൃഷകരാജ്യങ്ങളിലും ഒടുക്കത്തെ ഗാനമായിട്ടാണു പരിണമിക്കുക"*യെന്നാണ് മാർക്സ് ഉറപ്പിച്ചിട്ടുള്ളതു്.

* Karl Marx, The Eighteenth Brumaire of Louis Bonaparte.

ഒന്നാം ഇൻടർനേഷനലിന്റെ കാലത്ത് കാർഷികപ്രശ്നവും കർഷകന്റെ പ്രശ്നവും പ്രാഥമികമായി നാട്ടുവാഴിത്ത ബന്ധങ്ങളും അവയുടെ അവശിഷ്ടങ്ങളും പൂർണ്ണമായും ഉന്മൂലനം ചെയ്യുവാനുള്ള സമരത്തിന്റെ പ്രശ്നം മാത്രമായിരുന്നു. മിക്ക യൂറോപ്യൻ നാടുകളിലും പത്തൊമ്പതാംനൂററാണ്ടിന്റെ ആരംഭത്തിലും മധ്യത്തിലുമായി നടന്ന ബൂർഷ്വാ ജനാധിപത്യ വിപ്ലവങ്ങൾ കൃഷിയിൽനിന്നും നാട്ടുവാഴിത്തച്ചങ്ങലകൾ പൊട്ടിച്ചെറിയുകയുണ്ടായില്ല. മുതലാളിത്തത്തിൽനിന്നും ഉണ്ടായതിലുമധികം ദുരിതങ്ങൾ കൃഷിക്കാർക്കനുഭവപ്പെട്ടതു മുതലാളിത്തം പര്യാപ്തമായ തോതിൽ വികസിക്കാതിരുന്നതിൽനിന്നായിരുന്നു. നാട്ടുവാഴിത്ത ബന്ധങ്ങളും അതിന്റെ അവശിഷ്ടങ്ങളും ഉൽപാദനത്തിന്റെ ശക്തികളെ തടഞ്ഞുനിർത്തിയിരുന്നു. നാട്ടുവാഴിത്ത നുകം ചുമന്നുകൊണ്ടുതന്നെ കൃഷിക്കാർ ജീവിക്കേണ്ടിവന്നു. ബ്രിട്ടനും ഫ്രാൻസും മാത്രമായിരുന്നു ഇതിൽനിന്നും വ്യത്യസ്തങ്ങളായ നാടുകൾ. ബൂർഷ്വാസിയിൽ ഒരു വിഭാഗം വൻകിട ഭൂവുടമകളായി മാറി. പഴയ ഭൂവുടമകൾ മാർക്കററിനുവേണ്ടി ചരക്കുകൾ നിർമ്മിക്കുവാനും മുതലാളിത്ത രീതിയിലുള്ള ചൂഷണ രീതികൾ നടപ്പിലാക്കുവാനും തുടങ്ങി. അതേയവസരത്തിൽതന്നെ ചെറിയ കൃഷിനിലങ്ങൾ കൈവശമുള്ള കർഷകരേയും തൊഴിലാളികളേയും മുതലാളിത്തത്തിനു മുൻപുണ്ടായിരുന്ന ചൂഷണ വ്യവസ്ഥക്കു വിധേയമാക്കിയിരുന്നതു അതേപടി തുടരുകയും ചെയ്തു. ഇത്തരം പരിതസ്ഥിതികളിലാണ് കർഷകർ മാർക്സ് പറഞ്ഞതരത്തിൽ, "ബൂർഷ്വാ വ്യവസ്ഥിതി പിഴുതെറിയുവാൻ ഉദ്യുക്തരായി നിലകൊള്ളുന്ന തങ്ങളുടെ നൈസർഗ്ഗികബന്ധുവും നേതാവുമായ നാഗരികരായ തൊഴിലാളികളെ കണ്ടുമുട്ടിയതു്."*

* Karl Marx, The Eighteenth Brumaire of Louis Bonaparte.

നാട്ടുവാഴിത്തബന്ധങ്ങളെ ഉൻമൂലനം ചെയ്യുകയെന്ന പ്രശ്നത്തിന്നു വിപ്ലവപരമായിതന്നെ പരിഹാരം കാണണമെന്ന നിലപാടിൽ മാർക്സ് ഉറച്ചുനിന്നു. കാർഷികരംഗത്ത് മുതലാളിത്തത്തെ വളർത്തിക്കൊണ്ടുവരുന്ന പ്രഷ്യയിലെ രീതിയെ മാർക്സിസ്റ്റുകാർ എതൃത്തിരുന്നു. വേദനാജനകമായ രീതിയിൽ വളരെ മന്ദഗതിയിൽ 'കോർവി'യടിമത്വത്തിൽനിന്നും കൂലിവേലയിലേക്കും കലാക്ക് സമ്പ്രദായത്തിലേക്കുമുള്ള മാററമായിരുന്നു പ്രഷ്യൻ രീതി. കൃഷിയിൽ മുതലാളിത്തം വികസിക്കുന്നതിന്നു മറെറാരു മാർഗ്ഗമുണ്ടെന്നു പത്തൊമ്പതാം നൂററാണ്ടിൻെറ ചരിത്രം തെളിയിക്കുകയുണ്ടായി. ആ മാർഗ്ഗത്തിന്നാണ് ലെനിൻ കാർഷികപരിവർത്തനത്തിനുള്ള അമേരിക്കൻ മാർഗ്ഗം എന്നു പേർ നൽകിയതു്. "അമേരിക്കയിലെ പൊതുവിലുള്ള ഭൂവിതരണം" ഉല്പാദനശക്തികൾക്ക് ത്വരിതഗതിയിലുള്ള വികസനത്തിന്നു് അനുകൂലമായ ഒരവസരം സൃഷ്ടിക്കുകയും ചരക്കുനിർമ്മാണത്തിൻെറ ചുററുപാടിൽ ലഭിക്കാവുന്നതിൽ ഏററവും ഉയർന്ന ജീവിതസൌകര്യങ്ങൾ കർഷക ബഹുജനങ്ങൾക്ക് നൽകുകയും ചെയ്തു. റഷ്യയിൽ 1861-ൽ ഭൂവുടമകളുടെ താല്പര്യസംരക്ഷണത്തിന്നായി ചില കാർഷികപരിഷ്കാരങ്ങൾ ഭൂവുടമകൾതന്നെ നടപ്പിലാക്കിയിരുന്നു. ലെനിനും ബോൾഷവിക്ക് പാർട്ടിയും വികസനത്തിന്നുള്ള പ്രഷ്യൻ പാതയെ ശക്തിയായി എതിർത്തു. കൃഷിഭൂമിയുടെയും കർഷകൻെറയും പ്രശ്നത്തിന്നു വിപ്ലവകരമായ രീതിയിലുള്ള ജനാധിപത്യപരിഹാരം കാണുന്നതിനെയാണ് അവർ അനുകൂലിച്ചതു്. ബൂർഷ്വാ-ഭൂവുടമ വ്യവസ്ഥയെ വിപ്ലവപരമായ രീതിയിൽ ഉൻമൂലനം ചെയ്യുന്നതിന്നുള്ള മാർക്സിസ്റ്റ്-ലെനിനിസ്റ്റുകാരുടെ സ്ഥിരതയോടുകൂടിയ നയം മുതലാളി

ത്തത്തിന്നും അതോടൊപ്പംതന്നെ നാടുവാഴിത്തത്തിന്നും എതിരായി തൊഴിലാളി-കർഷക സഖ്യം ഊട്ടിയുണ്ടാക്കി ഉറപ്പിയ്ക്കുന്നതിന്നുള്ള വിപുലമായ സാദ്ധ്യതകൾ തുറന്നിടുകയുണ്ടായി.

ഇരുപതാം നൂററാണ്ടിലേയ്ക്കു കടക്കാൻ പോകുന്ന ഘട്ടത്തിൽ ബൂർഷ്വാസിയുടെ ആശയ പ്രചരണം നടത്തുന്നവരും റിവിഷനിസ്റ്റുകളും ചേർന്നു് രണ്ടു വിപ്ലവ വർഗ്ഗങ്ങളുടെയും സഖ്യത്തിന്റെ പ്രശ്നം പിന്നിലേയ്ക്കു തള്ളുവാനായി ഒരു ശ്രമം നടത്തി. പാശ്ചാത്യരാഷ്ട്രങ്ങളിൽ ഡേവിഡ്, ഹേർട്ട്സ് എന്നിവരും റഷ്യയിൽ ബുൾഗാക്കോവ്, ഷെർനോവ് എന്നിവരും മാർക്സിസ്റ്റ് കാർഷികസിദ്ധാന്തത്തിന്റെ മൗലികനിർദ്ദേശത്തിന്നെതിരായി ഒരു കടന്നാക്രമണം തന്നെ നടത്തി. കാർഷികരംഗത്ത് ചെറുകിട ഉല്പാദനത്തിന്നു് പ്രതിബന്ധങ്ങളെ അതിജീവിക്കുവാനുള്ള സാദ്ധ്യതയുണ്ടെന്നു ചൂണ്ടിക്കാണിച്ചുകൊണ്ടു് വൻകിട കാർഷികോല്പാദനത്തേക്കൾ മേന്മയേറിയതു് ചെറുകിട കാർഷികോല്പാദനമാണെന്നു് സമർത്ഥിക്കുവാൻ അവർ ഒരു ശ്രമം നടത്തി. മുതലാളിത്തം കർഷകരെ നശിപ്പിക്കുകയും ഹിംസിക്കുകയും ചെയ്യുന്ന വസ്തുത മുന്നണിയിലേയ്ക്കു കൊണ്ടുവരുന്നതിന്നു പകരം അവർ അധ്വാനിയ്ക്കുന്ന കൃഷിക്കാരന്റെ "ഉത്സാഹശീല"ത്തെയും 'മിതമായ' ഉപഭോഗത്തേയും മുന്നണിയിലേയ്ക്കു കൊണ്ടുവന്നു. ചെറുകിട ഉല്പാദകരെ മുതലാളിത്തം ചൂഷണം ചെയ്യുന്ന വസ്തുതയെ അവർ നിഷേധിച്ചു; അവന്റെ ജീവിതനിലയെപററി അവർ ഭാസുരമായ ഒരു ചിത്രം വരച്ചുകാട്ടി; ഒരു വ്യാവസായിക സമൂഹത്തിന്റെ കാർഷികമായ അടിത്തറയെന്ന നിലയിൽ ചെറുകിടോല്പാദനം അനിവാര്യമായും നിലനിൽക്കണമെന്നു സമർത്ഥിയ്ക്കുവാൻ

അവർ ശ്രമിച്ചുനോക്കി. ഈ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിലുള്ള രാഷ്ട്രീയോദ്ദേശ്യം തൊഴിലാളിവർഗ്ഗവും കർഷകവർഗ്ഗവും തമ്മിലുള്ള സഖ്യം തടയലായിരുന്നു. എന്തുകൊണ്ടെന്നാൽ ചെറുകിട കൃഷിക്കാരുടെ കൃഷിക്കളങ്ങൾ വൻകിട കാർഷികത്തോട്ടങ്ങളേക്കാൾ കൂടുതൽ ഉല്പാദനക്ഷമമായ ഒരു ഘടകമാണെന്നു വന്നാൽ കർഷകർക്ക് ഒരു വർഗ്ഗമെന്ന നിലയിൽ മുതലാളിത്ത വ്യവസ്ഥയുടെ ചട്ടക്കൂടിന്നുള്ളിൽ തന്നെ സുഖമായി ജീവിക്കുവാൻ സാധിക്കുമെന്നു വ്യക്തമാണ്. അപ്പോൾ പിന്നെ തൊഴിലാളിവർഗ്ഗവുമായി സഖ്യം കെട്ടിപ്പടുക്കേണ്ടുന്നതിന്റെ ആവശ്യകത നേരിടുകയില്ല.

ജീവിതംതന്നെ അവരുടെ ഈ സിദ്ധാന്തം അബദ്ധമാണെന്നു തെളിയിച്ചു. ലെനിൻ ആ സിദ്ധാന്തത്തെ നിശിതമായി വിമർശിച്ചിരുന്നു. "വൻതോതിലുള്ള കൃഷിപ്പാടങ്ങളേക്കാൾ മെച്ചപ്പെട്ടതാണ് ചെറുകിട കൃഷിപ്പാടങ്ങളെന്ന സിദ്ധാന്തം" കർഷകരുടെ വിപ്ലവ സ്വഭാവത്തെ നിഷേധിക്കുന്നതിലും തൊഴിലാളിവിപ്ലവത്തിൽ തൊഴിലാളി കർഷക സഖ്യത്തിന്നുള്ള പ്രാധാന്യവും പങ്കും നിഷേധിക്കുന്നതിലുമാണ് ചെന്നെത്തുകയെന്നു ലെനിൻ തെളിയിച്ചു. റിവിഷനിസ്റ്റുകൾക്കെതിരായ സമരത്തിൽ ലെനിൻ സ്വീകരിച്ച നിലപാടിന്റെ സാധുത 1905—1907-ലെ റഷ്യൻ വിപ്ലവത്തിന്റെ അനുഭവങ്ങളും വീണ്ടും 1917-ലെ അനുഭവങ്ങളും സ്ഥിരീകരിക്കുകയുണ്ടായി. കർഷക വർഗ്ഗത്തിന്നു ഗുണകരമായ ഒരു കാർഷികനയം നടപ്പിലാക്കുവാൻ ഇടതടവില്ലാതെ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് നാട്ടിൻപുറങ്ങളിലെ മദ്ധ്യമ ജനവിഭാഗങ്ങളുടെ വിശ്വാസം ആർജ്ജിക്കുവാൻ കമ്യൂനിസ്റ്റ് പാർട്ടിക്കു സാധിച്ചതു്; ഭൂമിയുടെ ദേശസാൽക്കരണപ്രശ്നം ശരിക്കും പ്രചരിപ്പിച്ചതിന്റെ ഫല

മായി തൊഴിലാളിവർഗ്ഗത്തിന്നു കൃഷകരുടെ പിൻതുണ ലഭിക്കുമെന്നു ഉറപ്പും കിട്ടി.

അന്നു റഷ്യയിലുണ്ടായിരുന്ന പരിതസ്ഥിതിയിൽ ഭൂമി ദേശസാൽക്കരിക്കണമെന്ന മുദ്രാവാക്യം "ഭൂമി പൊതുവെ പുനർവിതരണം ചെയ്യണ'മെന്നുള്ള കൃഷിക്കാരുടെ ആവശ്യത്തിൻെറ മാറെറാലി മാത്രമായിരുന്നു. കാർഷിക ബന്ധങ്ങളുടെ മേഖലയിൽനിന്നും മദ്ധ്യകാലഘട്ടത്തിലെ അടിക്കുട്ടുകൾ തുടച്ചുനീക്കുന്നതിന്നുള്ള ഏററവും നല്ല മാർഗ്ഗവും അതായിരുന്നു. എങ്കിലും 1917-ൽ നാം മുതലാളിത്ത പരിധികളും കടന്നു് അപ്പുറത്തേയ്ക്കു നീങ്ങി; ബൂർഷ്വാജനാധിപത്യ വിപ്ലവം സോഷ്യലിസ്റ്റ് വിപ്ലവമായി വികസിച്ചു; ഭൂമിയുടെ ദേശസാൽക്കരണപ്രശ്നം വ്യത്യസ്തമായ രീതിയിൽ അവതരിപ്പിക്കപ്പെട്ടു. ഭൂമിയുടെ ദേശസാൽക്കരണം ബൂർഷ്വാവിപ്ലവത്തിലെ അവസാനവാക്ക് മാത്രമല്ലെന്നും അതു സോഷ്യലിസ്റ്റ് വിപ്ലവത്തിലേയ്ക്കുള്ള ഒരു കാൽവെപ്പുകൂടിയാണെന്നും ലെനിൻ വിശദമാക്കി.

ഒക്ടോബർ വിപ്ലവത്തിന്നു ശേഷം കാർഷിക പ്രശ്നത്തിന്നും റഷ്യൻ കമ്യൂണിസ്റ്റ്കാരുടെ കാർഷികപരിപാടിക്കും വ്യത്യസ്തമായ ഒരു സ്വഭാവം കൈവരികയുണ്ടായി. 1919-ൽ പാവപ്പെട്ട കർഷകരെ അവലംബിച്ചുകൊണ്ടു് ഇടത്തരം കർഷകരുമായി ഒരു സ്ഥിരമായ സഖ്യം ഉണ്ടാക്കണമെന്ന നയം നമ്മുടെ പാർട്ടി അംഗീകരിക്കുകയും അതു നടപ്പിലാക്കുകയും ചെയ്തു. സോഷ്യലിസം കെട്ടിപ്പടുക്കുന്നതിന്നുള്ള തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിൻെറ അടിത്തറയായിരുന്നു ഈ സഖ്യം. ലെനിൻ തൻെറ സഹകരണ കൃഷിക്കുള്ള പദ്ധതി ആവിഷ്കരിച്ചതു് ഈ ഘട്ടത്തിലാണ്. പെരു

രാണികമായി നിലനിന്നുവരുന്ന കഷകൻെറ പ്രശ്നത്തിന്നുള്ള ശാശ്വതപരിഹാരമെന്ന നിലയ്ക്കു ദശലക്ഷക്കണക്കിൽ ഒരെപ്പെട്ടുകിടക്കുന്ന ചെറുകിട കൃഷിനിലങ്ങൾ കൂററൻ കൂട്ടകൃഷിസ്ഥാപനങ്ങളിൽ സ്വമേധയാ ലയിക്കണമെന്നതായിരുന്നു ആ പദ്ധതിയുടെ കാതൽ.

കാഷിക പ്രശ്നത്തെ ലെനിൻ അവതരിപ്പിച്ചതിങ്ങിനെയാണ്. ഒന്നാമതായി ഭൂവുടമവ്യവസ്ഥയ്ക്കെതിരായ സമരത്തിൽ അധ്വാനിയ്ക്കുന്ന കഷകർക്കു പിൻതുണ നൽകണം. രണ്ടാമതായി തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിൻെറ ചുററുപാടിൽ അധ്വാനികളായ കർഷകക്കു ഗുണകരമായ നിലയിൽ കൃഷിയിൽ സോഷ്യലിസ്റ്റ് പരിവത്തനം വരുത്താനാവശ്യമായ മുൻ ഉപാധികൾ സൃഷ്ടിയ്ക്കണം. ലെനിൻെറ ഈ അവതരണം സഹോദര കമ്യൂണിസ്റ്റ് പാർട്ടികളുടെ കാർഷിക പരിപാടിയ്ക്കുള്ള അടിസ്ഥാനം സൃഷ്ടിക്കുകയുണ്ടായി. തീച്ചയായും ഓരോ പാർട്ടിയും അതാതു രാജ്യത്തിലെ സവിശേഷ പരിതസ്ഥിതിക്കനുഗുണമായി ആവശ്യമായ നീക്കുപോക്കുകൾ തങ്ങളുടെ പരിപാടികളിൽ വരുത്തിയിട്ടുണ്ട്. "റഷ്യൻ മാതൃക എല്ലാ നാട്ടുകൾക്കും ചില കാര്യങ്ങൾ കാണിച്ചുകൊടുക്കും; ആ നാട്ടുകൾ അനിവാര്യമായും കടന്നുപോകേണ്ടതും അനതിവിദൂരമല്ലാത്തതുമായ ഭാവിയ്ക്കു വളരെ പ്രാധാന്യമുള്ള കാര്യങ്ങളായിരിക്കുമവ" എന്നു ലെനിൻ എഴുതീട്ടുണ്ട്.*

നമ്മുടെ കാലഘട്ടത്തിൽ കാർഷികപ്രശ്നവും കർഷകൻെറ പ്രശ്നവും ഏതു നിലയിലാണ് നില്ക്കുന്നതു്? കാർഷിക

---

* V. I. Lenin, Works, Vol. 31, PP. 5–6.

ബന്ധങ്ങളിൽ ആധുനിക മുതലാളിത്തം എന്തെല്ലാം സവിശേഷതകളാണ് പ്രയോഗത്തിൽ കൊണ്ടുവന്നിരിക്കുന്നതു്?

മുൻകാലങ്ങളിലെ പ്രധാന സവിശേഷത കൃഷിയെ തടസ്ഥപ്പെടുത്തുന്ന നാട്ടുവാഴിത്ത ബന്ധങ്ങളായിരുന്നു. എന്നാൽ ഇന്നു കർഷകവർഗ്ഗത്തിന്റെ മുഖ്യ ശത്രുവും ചൂഷകനും കുത്തകമുതലാളിയാണ്.

വ്യവസായത്തിലും വ്യാപാരത്തിലും വളൎന്നുവന്നിട്ടുള്ള കുത്തകമുതലാളിമാരുടെ സഖ്യങ്ങൾ കർഷകരെ കൊള്ളയടിച്ചുകൊണ്ടിരിക്കുകയാണ്. ഒരുവശത്ത് അവർ കാർഷികോല്പന്നങ്ങൾ കുത്തകരീതിയിൽ വിലക്കെടുക്കുന്നതിന്നു എത്രയും താഴ്ന്ന വില നടപ്പിലാക്കിയിരുന്നു. മറുവശത്ത് കൃഷിക്കാർക്ക വില്ക്കുന്ന ചരക്കുകൾക്കു കുത്തകരീതിയിൽ ചില്ലറവില്പനയ്ക്കുള്ള വിലപോലും ഉയൎന്നതോതിൽ നിൎണ്ണയിച്ചിരിക്കുന്നു. വായ്പാസൗകര്യങ്ങൾക്കുള്ള മേഖലയിൽ ആധിപത്യം വഹിക്കുന്ന ബേങ്കുകളും, ഇൻഷ്വറൻസ് കമ്പനികളും ഇതര കുത്തക മുതലാളിത്ത സ്ഥാപനങ്ങളും ചേർന്നു സാധാരണ കർഷകരെയും സ്വന്തമായി ഭൂമി കൃഷിചെയ്യുന്ന വരെയടക്കം അവരുടെ നിയന്ത്രണത്തിന്നു കീഴ്പെടുത്തിയിരിക്കുന്നു. ഈ കുത്തകകൾ ഇതുവഴി കൂറൻ ഭൂവുടമകളായി മാറിയിരിക്കുകയാണ്. ലേററിനമേരിക്കയിലെ ഭൂപ്രഭുക്കൾ കുത്തകമുതലാളിമാരുമായി സഖ്യത്തിൽ ഏൎപ്പെട്ടിരിക്കുയാണ്; തറപ്പാട്ടം കുത്തകകളുടെ ലാഭത്തിൽ ലയിച്ചുകഴിഞ്ഞു.

കാർഷികോല്പാദനത്തിന്റെ മേഖലയിലേക്കു വൻകിട മൂലധനം നേരിട്ടു കടന്നുചെല്ലുന്ന സമ്പ്രദായം യുദ്ധാനന്തര കാലഘട്ടത്തിൽ ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുണ്ട്. ഇതു

എല്ലാതരം കർഷകരേയും കർഷകസ്ഥാപനങ്ങളേയും കുത്തകകളുടെ സാങ്കേതികവും ഭരണപരവും സാമ്പത്തികവുമായ നിയന്ത്രണത്തിന്നു വിധേയമാക്കിയിരിയ്ക്കുന്നു. കൃഷിയും വ്യവസായവും തമ്മിലുള്ള "ഉൽഗ്രഥനം" എന്നു പറയപ്പെടുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. ഈ രൂപത്തിലുള്ള കുത്തകാധിപത്യത്തിന്റെ സാരാംശം ചുവടെ കൊടുക്കുന്നു:- കുത്തകനെയുള്ള ഉൽഗ്രഥനമെന്നു പറയപ്പെടുന്നതുവഴി ഉല്പാദനത്തിന്റേയും വിതരണത്തിന്റേയും എല്ലാ പതനങ്ങളും ഒരൊററ "കേന്ദ്രത്തിന്റെ" കയ്യിൽ വന്നുചേരുന്നു. "ഒരേ വിതാനത്തിലുള്ള ഉൽഗ്രഥനം" എന്നു പറയപ്പെടുന്നതുവഴി അഭിന്നമായ ഉല്പാദന പ്രക്രിയയാലും കാർഷികോല്പന്നങ്ങളുടെ വിക്രയപ്രവർത്തനങ്ങളായാലും എല്ലാം ഒരേ "കേന്ദ്രത്തി"ന്റെ കയ്യിൽ വന്നുചേരുന്നു. ഈ സമ്പ്രദായം യു. എസ്സിൽ കാർഷികരംഗത്ത് വിപുലമായ തോതിൽ നടപ്പിലായിട്ടുണ്ട്. അടുത്ത ചില വർഷങ്ങളിലായി ഇതു പശ്ചിമയൂറോപ്പിലും പുരോഗതി നേടിയിരിയ്ക്കുന്നു.

അതുകൊണ്ട് ഇന്നത്തെ കാലഘട്ടത്തിൽ കാർഷികപ്രശ്നവും കർഷകന്റെ പ്രശ്നവും എന്നുവെച്ചാൽ കുത്തകകളുടെ മർദ്ദനത്തിൽനിന്നും കർഷകരെ വിമോചിപ്പിക്കുകയെന്ന പ്രശ്നമാണ് പ്രാഥമികമായിട്ടുള്ളതു്. കുത്തക മൂലധനത്തിന്റെ ആധിപത്യം ഉൻമൂലനം ചെയ്യുന്നതിൽ തൊഴിലാളിവർഗ്ഗവും കർഷകവർഗ്ഗവും വസ്തുനിഷ്ഠമായിത്തന്നെ തല്പരരാണ്. തൊഴിലാളി കർഷകസഖ്യം ഊട്ടിയുണ്ടാക്കിയുറപ്പിയ്ക്കുന്നതിന്നു ഇതു് ഈടുററ ഒരടിസ്ഥാനം സജ്ജമാക്കിയിരിക്കുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള കുത്തകവിരുദ്ധ മുന്നണിയുടെ ഘടകമായി വർദ്ധമാനമായ തോതിൽ സജീവമായി പ്രവർത്തിക്കുന്ന ഒരു ഘടകമായി, കർഷകപ്രസ്ഥാനം

വളൎന്നുവരും. ഇപ്പോൾതന്നെ അതിലേയ്ക്കുള്ള നീക്കങ്ങൾ ആരംഭിച്ചിരിയ്ക്കുന്നു.

വികസിത മുതലാളിത്തനാട്ടുകളിലെ കൃഷിയിൽ കാണുന്ന മറെറാരു പ്രധാന സവിശേഷത കഴിഞ്ഞ ഇരുപതു ഇരുപത്തഞ്ചു വൎഷങ്ങളായി നടന്ന സാങ്കേതിക വിപ്ലവമാണ്. കാൎഷികോല്പാദനത്തിൻെറ എല്ലാ ശാഖകളിലും ഇതു വ്യാപിച്ചിട്ടുണ്ടു്. മുൻകാലങ്ങളിൽ കൃഷി പ്രധാനമായും അവലംബിച്ചതു് കായികാധ്വാനത്തെയാണ്. ഉഴവുന്നതിനുള്ള മുഖ്യമായ അവലംബം കുതിരയായിരുന്നു. വികസനത്തിൻെറ കാൎയ്യത്തിൽ കൈകൊണ്ടു ചരക്കുകൾ നിൎമ്മിച്ചിരുന്ന പതനത്തിൽനിന്നും കൃഷി മുന്നോട്ടു നീങ്ങിയിട്ടില്ലെന്നു ലെനിൻതന്നെ ചൂണ്ടിക്കാണിച്ചതാണ്. എന്നാൽ ഇന്നു് വൻകിട യന്ത്രോല്പാദനത്തിലേയ്ക്കു കാൎഷികവൃത്തി വികസിച്ചുകഴിഞ്ഞിരിക്കുന്നു. പ്രധാനപ്പെട്ട മുതലാളിത്ത നാട്ടുകളിൽ കാൎഷികയന്ത്രങ്ങളുടെ ഒരു പരമ്പരയുടെ നിൎമ്മാണം തന്നെ പൂൎത്തിയാക്കിക്കഴിഞ്ഞു; കൃഷിക്കായി ഭൂമി വീണ്ടെടുക്കുന്ന രീതിയിൽതന്നെ മൗലികമായ മാററങ്ങൾ വന്നിട്ടുണ്ടു്; കൃഷിയിൽ വൈദ്യുതീകരണവും കെമിക്കലൈസേഷനും നടപ്പിൽ വന്നിരിക്കുന്നു; ഉയൎന്ന നിലവാരത്തിലുള്ള സാങ്കേതിക വിദ്യകൾ കൃഷിയിൽ പ്രയോഗിക്കപ്പെടുന്നു; മണ്ണിനു പററിയ ചെടികൾ തിരഞ്ഞെടുക്കുന്ന സമ്പ്രദായം, കാൎഷികരംഗത്തേയ്ക്കുവേണ്ടിയുള്ള ഒരു ജീവശാസ്ത്രം ശാസ്ത്രത്തിൻെറയും സാങ്കേതികവിദ്യയുടെയും നേട്ടങ്ങൾ വൎദ്ധമാനമായ തോതിൽ കാൎഷികരംഗത്തു് പ്രയോഗിക്കൽ മുതലായവയെല്ലാം ഇന്നത്തെ പുതിയ സവിശേഷതകളാണ്.

ഇതിൻെറയടിസ്ഥാനത്തിൽ വിളവ് ഉയൎന്ന തോതിൽ വൎദ്ധിച്ചിട്ടുണ്ടു്; കന്നുകാലികളുടെ ഉല്പാദനക്ഷമത ഉയൎന്ന

നിലവാരത്തിലെത്തിയിട്ടുണ്ട്. മുൻകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളും കാഷികമായ അസംസ്കൃതവസ്തുക്കളും ഇറക്കുമതി ചെയ്തിരുന്ന ചില വ്യാവസായിക രാഷ്ട്രങ്ങൾ ഇന്നു സ്വന്തം ആവശ്യങ്ങൾ നിറവേററിയശേഷം കാഷികോല്പന്നങ്ങൾ കയററുമതിചെയ്യുവാൻ ആരംഭിച്ചിരിക്കുന്നു.

കൃഷിയിലെ സാങ്കേതിക വിപ്ലവം കാഷികബന്ധങ്ങളിൽ വന്നിട്ടുള്ള ഒരു വഴിത്തിരിവിനെയാണ് കുറിക്കുന്നത്. കൃഷിയിൽ മുതലാളിത്തത്തിന്നുള്ള മൗലികമായ പ്രവണത വൻകിട ഉല്പാദനംമുഖേന ചെറുകിട ഉല്പാദനത്തെ തുരത്തുകയെന്നതാണ്. പ്രസ്തുത പ്രവണത മുമ്പെന്നെത്തേക്കാളും വിപുലമായ ശക്തിയോടെ ഇന്നു പ്രവത്തനത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ ആഭ്യന്തരവിപണിയ്ക്കു കാഷികോല്പന്നങ്ങൾ നല്കിയതു് ചെറുകിടക്കാരായ കഷകരായിരുന്നു. എന്നാൽ ഇന്നു് മാക്കററിൽ വരുന്ന കാഷികോല്പന്നങ്ങളിൽ ഭൂരിഭാഗവും കുത്തകകളുമായി ബന്ധപ്പെട്ട വൻകിട മുതലാളിമാരുടെ കൃഷിക്കളങ്ങളാണ് നല്കുന്നതു്.

ഇതിന്റെയർത്ഥം വികസിത മുതലാളിത്തനാടുകളിൽ കാഷികോല്പാദനവും കാഷിക മൂലധനവും ഒരു പിടിയാളുകളുടെ കയ്യിൽ കേന്ദ്രീകരിച്ചുകൊണ്ടിരിക്കുന്ന സ്ഥിതി ഒരു പുതിയ പതനത്തിലേയ്ക്കു കടന്നുതുടങ്ങിയിരിക്കുന്നുവെന്നാണ്. ഉയന്നതോതിൽ യന്ത്രവൽകൃതങ്ങളായ വൻകിട മുതലാളിത്ത കൃഷിക്കളങ്ങളുടെ ചില ഗ്രൂപ്പുകൾതന്നെ യുണൈറെഡ് സ്റ്റേററ്സിൽ രൂപീകൃതമായിട്ടുണ്ട്. ഇതു ഹേതുവായി കൃഷിയിൽ വന്നുചേന്നിട്ടുള്ള പുതിയ സവിശേഷതകൾ യു. എസ്സിലെ അനുഭവം വിളിച്ചുപറയുന്നുണ്ട്.

1959-ലെ യു. എസ്. കാനേഷുമാരിക്കണക്കനുസരിച്ച് 102,000 വൻകിട കൃഷിക്കളങ്ങളുടെ കയ്യിൽ മാത്രമായി മാക്കറ്റിലയക്കാനുള്ള ഉല്പന്നങ്ങളിൽ മൂന്നിലൊരോഹരി കേന്ദ്രീകരിച്ചുവെച്ചിരിക്കയാണ്. ആകെയുള്ളതിന്റെ 2.8 ശതമാനം വരുന്ന കൃഷിക്കളങ്ങളാണിവ. (ഇവയിൽ പ്രതിവഷം ഉല്പാദിപ്പിയ്ക്കപ്പെട്ട ഉല്പന്നങ്ങളുടെ വില 40,000 ഡോളറിലധികം വരുമത്രെ) ദശലക്ഷത്തോളം ചെറുകിട കൃഷിക്കളങ്ങളിൽനിന്നും ലഭിയ്ക്കുന്ന ഉല്പന്നങ്ങളിലുമധികം കാഷികോല്പന്നങ്ങൾ നല്കുന്ന 1200 ക്കുററൻ കാഷികക്കളങ്ങൾ അമേരിക്കയിലുണ്ടത്രെ. (അവയിൽനിന്നു ലഭിയ്ക്കുന്ന ഉല്പന്നങ്ങളുടെ വില 5 ലക്ഷം ഡോളറിലധികം വരും).

യന്ത്രങ്ങളുടെ ഒരു പരമ്പരയും വൈദ്യുതീകരണവും കെമിക്കലൈസേഷനും നടപ്പിൽവന്നതോടെ വൻകിട കൃഷിക്കളങ്ങൾക്കു ചെറു കിടപ്പാടങ്ങളുടെമേൽ നിണ്ണായകമായ മെച്ചങ്ങൾ ലഭിച്ചിട്ടുണ്ട്. ജോലിസമയം ദീർഘിപ്പിച്ചതുകൊണ്ടോ സ്വന്തം ഉപഭോഗത്തിന്നു വാങ്ങുന്ന പദാത്ഥങ്ങൾ വെട്ടിച്ചുരുക്കിയതുകൊണ്ടോ ചെറുകിട കർഷകർക്കോ ഇടത്തരം കർഷകക്കോ ഇന്നു പാപ്പരീകരണത്തിൽനിന്നും രക്ഷനേടുവാൻ നിവ്വാഹമില്ല. അവരുടെ കൃഷിപ്പാടങ്ങളെ സാങ്കേതിക പുരോഗതി സ്പശിച്ചിട്ടുപോലുമില്ല. കർഷകർ എത്രതന്നെ കഠിനമായി അധ്വാനിച്ചുകൊണ്ടിരുന്നാലും ഇന്നു നടന്നുകൊണ്ടിരിയ്ക്കുന്ന ഓട്ടപ്പന്തയത്തിൽ അവരുടെ കൃഷിക്കളങ്ങൾ നശിക്കുകയല്ലാതെ ഗത്യന്തരമില്ല. മുപ്പതോ അൻപതോ വർഷങ്ങൾക്കു മുമ്പാണെങ്കിൽ കർഷകന്റെ തകച്ച ഒരു ദീർഘകാലത്തേയ്ക്കു നീണ്ടുനില്ക്കുന്ന ഒരു പ്രക്രിയയായിരുന്നു. അതിനാൽ ചെറുകിടക്കാരായ ചരക്കുല്പാദകന്മാക്കു തങ്ങളുടെ ഉപഭോഗാവശ്യങ്ങൾ വെട്ടിച്ചു

രുക്കിക്കൊണ്ടു് പട്ടിണികിടന്നും മററും ഒരതുത്തിവരെ പിടിച്ചുനില്ക്കുവാൻ സാധിച്ചിരുന്നു. എന്നാൽ ഇന്നത്തെ കാലഘട്ടത്തിൽ കർഷകൻെറ സ്വത്തു പിടിച്ചെട്ടക്കൽ ഭീമമായ തോതിലാണ് നടന്നുകൊണ്ടിരിക്കുന്നതു്. വ്യാവസായികമായി വികസിച്ച രാജ്യങ്ങളിൽ മുതലാളിത്തം ഒരു വർഗ്ഗമെന്ന നിലയ്ക്കുള്ള കർഷകരുടെ ആസ്തിക്യത്തെതന്നെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതിനാൽ ആധുനിക മുതലാളിത്തമഭിമുഖീകരിക്കുന്ന സാമൂഹ്യവും രാഷ്ട്രീയവുമായ പ്രശ്നങ്ങളിൽ കർഷകപ്രശ്നം ഏററവും കക്ശമായ പ്രശ്നമായി ഉയർന്നുവന്നിരിക്കുന്നു.

ഔദ്യോഗിക കണക്കുകൾപ്രകാരം അഞ്ചു കൊല്ലക്കാലത്തിനകത്ത് (1954—1959) പത്തുലക്ഷത്തിലധികം കൃഷിക്കളങ്ങൾ യുണൈററഡ് സ്റ്റേയ്ററ്സിൽ അപ്രത്യക്ഷങ്ങളായിരിക്കുന്നു. അതായതു് ആകെ ഉണ്ടായിരുന്നതിൻെറ കാലോഹരി എണ്ണം. ഫ്രാൻസിൽ വർഷംപ്രതി 30,000 കൃഷിക്കളങ്ങൾ തകർന്നുപോവുകയാണ്. ഇററലിയിൽ 1954 നും 1959നും ഇടയിൽ 6 ലക്ഷത്തോളം ചെറുകിട കൃഷീവലന്മാരും പങ്കുപാട്ടക്കാരും കാർഷികവൃത്തിതന്നെ ഉപേക്ഷിക്കേണ്ടിവന്നുവത്രെ. അരനൂററാണ്ടിനുമുൻപു ലെനിൻ പിച്ചിച്ചീന്തിയ ആ സിദ്ധാന്തം, മുതലാളിത്തവ്യവസ്ഥയിൽ ചെറുകിട കൃഷിക്കളങ്ങൾക്കു സ്ഥിരത ലഭിക്കുമെന്ന സിദ്ധാന്തം, ഇന്നു മൃതമായിരിക്കുന്നു, അതിൻെറ ശവസംസ്കാരവും കഴിഞ്ഞിരിക്കുന്നു.

മുതലാളിത്ത നാട്ടുകളിലെ നാട്ടിൻപ്രദേശങ്ങളിൽ കാണുന്ന മറെറാരു പ്രതിഭാസം ഗണ്യമായ താല്പര്യമുള്ളവാക്കത്തക്കതാണ് കർഷകരിൽ ഗണ്യമായ വിഭാഗം കൃഷിപ്രവൃ

ത്തിയോടൊപ്പം ചില ചില്ലറ ജോലികൾ ഏറെറടുത്തു നട ത്തുവാൻ ആരംഭിച്ചിരിയ്ക്കുന്നു. അവരുടെ എണ്ണം വദ്ധിച്ചു കൊണ്ടിരിക്കുകയുമാണ്.

യുദ്ധാനന്തരവഷങ്ങളിൽ ചെറുകിട കർഷകരും ഇട ത്തരം കഷകരുമടങ്ങിയ ഒരു ഗ്രൂപ്പ് ഉല്പാദനത്തിൽ എങ്ങ നെയൊ യന്ത്രീകരണം നടപ്പിലാക്കി. ഇന്നു് അവരിൽ ഗണ്യമായ വിഭാഗം കർഷകർ "ഉൽഗ്രഥനം" ചെയ്യപ്പെട്ട കാർഷിക-വ്യാവസായിക-സങ്കീണ്ണ സംവിധാനത്തിൻെറ അനുബന്ധങ്ങൾ മാത്രമായി തീന്നിരിക്കുകയാണ്. ഈ ഗ്രൂപ്പിൽ ഒട്ടേറെ ചെറുകിട കാർഷിക മുതലാളിമാർ അഥ വാ കുലാക്കുകൾകൂടി ഉൾപ്പെട്ടും. എന്നാൽ ഉൽപ്പാദനം യന്ത്രീകരിക്കപ്പെട്ടതുകൊണ്ടു് അവർ കൂലിഃവലക്കാരെ ജോ ലിയ്ക്കു നിത്താറില്ല. ഈ കൂട്ടക്കു് ഇന്നു വരവും ചിലവും ഒപ്പിച്ചു കൊണ്ടുപോകുവാൻ സാധിക്കുന്നുണ്ടു്, പ്രത്യേകി ച്ചും യന്ത്രവല്ക്കരണം നടത്തിയ തുടന്നുള്ള വർഷങ്ങളിൽ. അവരിൽ കുറച്ചുപേക്കു് ഒരു ചെറിയ ലാഭവും ഉണ്ടാക്കു വാൻ കഴിയുന്നുണ്ടത്രെ. ഇതിൽനിന്നൊന്നും ചെറുകിട ഉൽപ്പാദനത്തിന്നു നിലനില്ക്കുവാനുള്ള സാധ്യതയുണ്ടെന്നു തെളിയുന്നില്ല. എന്തുകൊണ്ടെന്നാൽ ഇത്തരം കൃഷിക്കള ങ്ങൾക്കു സ്ഥിരത ലഭിച്ചിട്ടില്ല. യു. എസ്. എ യിലും കാനഡയിലും കൂടുതലായുണ്ടായ സാങ്കേതിക പുരോഗതി ചെറുകിട മുതലാളിത്ത കൃഷിക്കളങ്ങളുടെ നിലനില്പുതന്നെ തകത്തുകളഞ്ഞിരിയ്ക്കുന്നു.

കർഷകരുടെ സ്വത്തു് ഇത്രയും വിപുലമായ തോതിൽ കൂട്ടമായി പിടിച്ചെടുക്കപ്പെടുന്നതിൻെറയത്ഥം കാർഷിക പ്രശ്നവും കർഷകപ്രശ്നവും മുതലാളിത്തത്തിൻെറ വികാസ

ത്തിൻെറ ഫലമായി പരിഗണിക്കപ്പെടേണ്ടുന്ന ഒരു പ്രശ്ന മല്ലാതായി തീൎന്നിരിക്കുന്നുവെന്നുമല്ല? സ്ഥിതിഗതികളുടെ യഥാൎത്ഥനിലയിൽനിന്നും അത്തരം ഒരു നിഗമനത്തിലെ ത്താൻ വയ്യ. അതു വിപ്ലവപ്രസ്ഥാനത്തിന്നു ദ്രോഹംചെ യ്യുന്ന നിഗമനമായിരിക്കും. വ്യാവസായികമായി വികസ്വ നംപ്രാപിച്ച രാജ്യങ്ങളിൽ ഗ്രാമീണജനതയുടെ സംഖ്യ യിൽ ഗണ്യമായ കുറവുവന്നതായി സ്ഥിതിവിവരക്കണക്കു കൾ കാണിയ്ക്കുന്നുണ്ടു്. എന്നിരുന്നാലും ആ നാട്ടുകളിൽ മിക്കവയിലും ജനസംഖ്യയിൽ വലിയൊരു വിഭാഗം ചെറു കിടക്കാരും പാവപ്പെട്ടവരുമായ കർഷകരാണ്. കർഷക വൃത്തിയിൽ ഏൎപ്പെട്ടിട്ടുള്ളവരായ ദശലക്ഷക്കണക്കിലുള്ള വരും അധ്വാനിച്ചു ജീവിക്കുന്നവരുമായ ഈ ജനങ്ങളുടെ വിപ്ലവവീര്യത്തെ കമ്യൂണിസ്റ്റുകാർക്കു വിഗണിയ്ക്കുവാൻ കഴി യുന്നതല്ല.

കൃഷിയിൽ വൻകിട ഉല്പാദനം വികസിച്ചുവരുന്നതും ചെറുകിട ഉല്പാദനം തുരത്തപ്പെടുന്നതും പുരോഗമനപരമായ ഒരു പ്രവണതയാണെന്നും അതിനാൽ തൊഴിലാളിവൎഗ്ഗം അതിന്നു പിൻതുണ നല്കണമെന്നും ചിലർ അവകാശപ്പെട്ടു ന്നുണ്ടു്. കുത്തകക്കാരുടെ അഭിപ്രായവും നയവും പ്രചരി പ്പിക്കുകയാണ് ഈ വാദക്കാർ ചെയ്യുന്നതു്. അത്തരം വാ ദഗതികൾ പ്രതിലോമമാണ്; കുത്തകകളുടെ പരിപാടിയെ അനുകൂലിക്കുന്നവയാണ്. കൃഷിക്കാരെ മണ്ണിൽനിന്നും ഓടി ക്കുക, മുതലാളിത്ത കൃഷിക്കളങ്ങൾ വിസ്തൃതമാക്കുക, വൻ കിട കൃഷിക്കളങ്ങൾ കൂട്ടിയോജിപ്പിച്ച് ഉറപ്പിച്ചുനിൎത്തുക എന്നിങ്ങനെയുള്ള പരിപാടികളാണ് കുത്തകമുതലാളിമാർ ക്കുള്ളതു്. (ജൎമ്മൻ ഫെഡറൽ റിപ്പബ്ലിക്കിലും ഇറ്റലിയി ലുമുള്ള "ഗ്രീൻപ്ലാനുകൾ", (ഫ്രാൻസിലെ 'കാർഷികരംഗ

ത്തെ 'ഓറിയൻറേഷൻ' നിയമം, യു. എസ്. എയിലെ ഇക്കണോമിക്ക് ഡവലപ്പ്മെൻറ് കമ്മിററിയുടെ 'യാഥാർത്ഥ്യബോധ'ത്തോടെയുള്ള കാർഷികപരിപാടി മുതലായവ)

അധ്വാനിച്ചു ജീവിയ്ക്കുന്ന കർഷകവർഗ്ഗത്തിൻെറ താല്പര്യങ്ങൾക്കുവേണ്ടി പതറിച്ചുകൂടാതെ എന്നും പോരാടിയവരാണ് കമ്യൂണിസ്റ്റുകാർ. കർഷകരുടെ അപരിഷ്കൃതമായ ഉല്പാദനരീതികളെ കമ്യൂണിസ്റ്റുകാർ ഒരിക്കലും പിൻതാങ്ങിയിട്ടില്ല. കൃഷി വ്യവസായവല്ക്കരിക്കപ്പെട്ടുന്നുവെന്നതു് ഒരു വസ്തുതയാണ്. കാർഷികപ്രവർത്തനത്തിൽ സാങ്കേതിക പുരോഗതി ഉണ്ടാവുന്നതു് തടയുവാനോ മന്ദഗതിയിലാക്കുവാനോ സാധ്യമല്ല. കർഷകവർഗ്ഗത്തെ പാപ്പരാക്കി നാമാവശേഷമാക്കുകയെന്നതു് സോഷ്യലിസത്തിലേക്കുള്ള ഒരുപാധിയേ അല്ലെന്നും കർഷകരുടെ പാപ്പരീകരണം തൊഴിലാളി കർഷകസഖ്യത്തെ യാതൊരുവിധത്തിലും ശക്തിപ്പെട്ടുത്തുകയില്ലെന്നും കമ്യൂണിസ്റ്റുകാർ ഊന്നി ഊന്നി പ്രസ്താവിച്ചിട്ടുണ്ട്. അര നൂററാണ്ടുകൾക്കുമുൻപുതന്നെ എംഗൽസ് ഇങ്ങനെ എഴുതുകയുണ്ടായി, "തൊഴിലാളികളായിത്തീരുന്നതിൽ നിന്നും എത്രയധികം കർഷകരെ നമുക്കു രക്ഷിക്കുവാൻ കഴിയുമോ എത്രയധികം പേരെ കർഷകരായിരിക്കുമ്പോൾത്തന്നെ നമ്മുടെ ഭാഗത്ത് അണിനിരത്തുവാൻ നമുക്കു സാധിക്കുമോ അത്രയധികം വേഗത്തിലും അത്രയധികം എളുപ്പത്തിലും നമുക്കു സാമൂഹ്യവിപ്ലവം വിജയിപ്പിക്കുവാൻ സാധിക്കും"*

മാർക്സിസം ലെനിനിസമെന്ന വിപ്ലവസിദ്ധാന്തം സ്വായത്തമാക്കിയ കമ്യൂണിസ്റ്റ്പാർട്ടികൾ ഇന്നു് കാർഷികപ്ര

* **Frederick Engels, Die Baurenfrage in Frankreich Und Dentochland, Chapter II**

ശ്നത്തിന്നു ജനാധിപത്യപരമായ പരിഹാരം നിർദ്ദേശിക്കുന്ന ഒരു പരിപാടിവെച്ചുകൊണ്ടു് കൃഷിക്കാരുടെ സ്വത്തു തട്ടിയെടുക്കുന്ന സാമ്രാജ്യത്വവാദയത്തെ എതൃത്തുകൊണ്ടിരിക്കുകയാണു്. കർഷകവൎഗ്ഗത്തെ നശിപ്പിക്കുവാനുള്ള കുത്തകമുതലാളിമാരുടെ പരിപാടിയെ സ്വന്തം ബന്ധുവായ തൊഴിലാളിവൎഗ്ഗത്തെ വിശ്വാസപൂർവ്വം അവലംബിച്ചുകൊണ്ടു തകൎക്കുവാനുള്ള കരുത്തു് ഇന്നു് കൃഷിക്കാൎക്കുണ്ടെന്നാണ് കമ്യൂണിസ്റ്റ്പാർട്ടി കർഷകജനതയോടു പറയുന്നതു്.

ചെറുകിട കൃഷിക്കളങ്ങൾ ഉൻമൂലനംചെയ്തുകൊണ്ടു് വൻകിട കൃഷിക്കളങ്ങൾ വിപുലപ്പെടുത്തുവാനും ഉല്പാദനം വികസിപ്പിക്കുവാനുമുള്ള ഒരു നയമാണ് ബൂർഷ്വാ ഗവൎമ്മെൻറുകൾ തുടൎന്നുവരുന്നതു്. ഇതിന്നു ബദലായി കമ്യൂണിസ്റ്റ്പാൎട്ടികൾ മറെറാരു പരിപാടി മുമ്പോട്ടുവെച്ചിട്ടുണ്ടു്. അതായതു് കാർഷികവികസനം ഇടത്തരം കൃഷിക്കാൎക്കും ചെറുകിട കൃഷിക്കാൎക്കും ഗുണകരമായ തരത്തിൽ നടപ്പിലാക്കണമെന്നും അതിന്നുവേണ്ടി ലിമിററഡ് കമ്പനികളുടേയും കൃഷിഭൂമി കൈവശംവെക്കാത്ത ഭൂവുടമകളുടെയും, പള്ളിയുടെയും, ഗവൎമ്മെൻറിൻെറയും ഭൂമി ഉപയോഗപ്പെടുത്തണമെന്നും ആ പരിപാടി ആവശ്യപ്പെടുന്നു; കൃഷിക്കാരുടെ ഭൂമി പിടിച്ചെടുക്കേണ്ടുന്ന ആവശ്യമില്ല. കമ്യൂണിസ്റ്റ് പാർട്ടികളും വൎക്കേഴ്സ്പാർട്ടികളും ഉന്നയിക്കുന്ന അടിസ്ഥാനപരമായ മുദ്രാവാക്യം "കൃഷിഭൂമി കൃഷിക്കാർക്കു"!! എന്നുതന്നെയാണ്.

തൊഴിലാളികളുടെയും കർഷകരുടെയും വിപ്ലവസമരങ്ങൾക്കു മാത്രമേ ആധുനികവും വ്യവസായവൽകൃതവുമായ കാർഷികോല്പാദനത്തിലേയ്ക്കു കർഷകരെ ആകർഷിക്കുവാൻ

പററിയ ചുററുപാടുകൾ സൃഷ്ടിക്കുവാൻ സാധ്യമാവൂ എന്ന നിഗമനത്തെ അടിസ്ഥാനമാക്കിയാണ് കമ്യൂണിസ്റ്റുകാരുടെ കാർഷികപരിപാടി തയ്യാറാക്കപ്പെട്ടതു്. കമ്യൂണിസ്റ്റ്പാർട്ടികളുടെ പരിപാടികളിൽ കർഷകസഹകരണസംഘങ്ങൾക്കു പ്രമുഖസ്ഥാനം നല്കപ്പെട്ടിട്ടുണ്ടു്. കുത്തകകൾക്കെതിരായ സാമ്പത്തിക സമരങ്ങൾ യുക്തിസഹമായ രീതിയിൽ കർഷകരെ സഹകരണസംഘത്തിലേയ്ക്കു നയിക്കുന്നു. മുതലാളിത്തത്തിൻകീഴിലുള്ള സഹകരണസംഘങ്ങൾ തീർച്ചയായും അതിൻെറ സ്വഭാവംകൊണ്ടുതന്നെ മുതലാളിത്ത സ്ഥാപനങ്ങളായി നിലനില്ക്കും; അതിനുംപുറമെ ചില സഹകരണസംഘങ്ങൾ കുത്തകസ്വഭാവമുള്ള സംഘങ്ങളായി മാറിയെന്നും വരും. മുതലാളിത്തനാടുകളിൽ സാധാരണയായി ഗ്രാമീണ ബൂർഷ്വാസിയാണ് സഹകരണസംഘങ്ങൾ സ്ഥാപിക്കുക. ആ സംഘങ്ങൾ പ്രധാനമായും അവരുടെ താല്പര്യം സംരക്ഷിക്കുന്നവയായിത്തീരും.

KOTTAYAM PUBLIC LIBRARY KOTTAYAM

വർഗ്ഗസമരം കൂടുതൽ തീവ്രമാവുന്നതോടെ, കുത്തകകൾക്കെതിരായി ഒരു വിപുലമായ പ്രസ്ഥാനം ഉയർന്നുവരുന്നതോടെ, സഹകരണസംഘങ്ങളുടെ സ്വഭാവത്തിലും മൗലികമായ മാററങ്ങൾ വരും. ഈ വിഷയത്തിൽ സഹകരണസംഘങ്ങളോടുള്ള മാർക്സിസ്റ്റ് സമീപനം 'കോഓപ്പററീവ് സോഷ്യലിസത്തിൽനിന്നും' മൗലികമായും വ്യത്യസ്തമാണു്. സഹകരണസംഘങ്ങളിൽ സംഘടിക്കുവാൻ കൃഷിക്കാരെ സഹായിക്കുക മാത്രമല്ല നിലവിലുള്ള സഹകരണസംഘങ്ങളെ ജനാധിപത്യവൽക്കരിക്കുവാനുള്ള സമരത്തിലും അവരെ സഹായിക്കും. കൂടാതെ ഗ്രാമീണ ബൂർഷ്വാസിക്കു സമ്പന്നരാവാനുള്ള ഒരുപകരണമെന്ന നിലയിൽനിന്നും സഹകരണസംഘങ്ങളെ അധ്വാനികളായ കർഷകരെ സംരക്ഷി

ക്കവാനും കാഷികവൃത്തി തുടന്നുപോകുവാനുള്ള സൗകര്യം അവക്കു നല്കുവാനുംവേണ്ടിയുള്ള ഒരുപകരണമാക്കി മാററുന്നതിന്നുള്ള സമരത്തിലും കമ്യൂണിസ്റ്റ്പാർട്ടി കൃഷിക്കാരുടെ കൂടെ ഉറച്ചുനില്ക്കും.

കൃഷിയിൽ ഉല്പാദന സഹകരണസംഘങ്ങൾ വളന്നുവരണമെങ്കിൽ അനിവാര്യമായ ചില മുൻ ഉപാധികൾ നിറവേററപ്പെടണം. ആവശ്യമായ പ്രദേശങ്ങളിൽ മൗലികമായ കാഷികപരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്നതാണ് അതിലൊന്നു്. ഈ പരിഷ്കാരങ്ങളുടെ ഫലമായി കൃഷിയോഗ്യമായ ഭൂമിയിൽ ഭൂരിഭാഗവും കഷകക്കു നൽകപ്പെടണം. അതിന്നു പുറമെ കഷകസഹകരണസംഘങ്ങൾക്കു പിൻതുണ നല്കത്തക്കവണ്ണം ഒട്ടേറെ സങ്കീണ്ണങ്ങളായ നടപടികൾ സക്കാർ നേരിട്ടെടുക്കേണ്ടതുമുണ്ടു്.

കുത്തകകളുടെ മേധാവിത്വത്തിന്നെതിരായി സമരം നടന്നുകൊണ്ടിരിക്കുന്ന ചുററുപാടുകളിൽ സഹകരണസംഘങ്ങൾ കഷകരുടെ വഗ്ഗസംഘടനകളിൽ ഒന്നായിതീരാൻ മതി. അവരുടെ സാമൂഹ്യവും സാമ്പത്തികവുമായ നിലയെ മെച്ചപ്പെടുത്തുന്നതിന്നുള്ള ഉപകരണമായിരിക്കും സഹകരണസംഘങ്ങൾ. മൗലികമായ കാഷികപരിഷ്കാരങ്ങൾക്കുവേണ്ടിയും കുത്തകകളുടെ ആധിപത്യം ഉൻമൂലനംചെയ്യാനും നടത്തുന്ന സമരത്തിൽ ഈ സംഘങ്ങൾ ഒരു സുപ്രധാന രാഷ്ട്രീയ ശക്തിയായിത്തീരാനും സാധ്യതയുണ്ടു്.

കാഷികരംഗത്തുള്ള ഭരണപരമായ നിയന്ത്രണ വ്യവസ്ഥകളിൽ സമൂലമായ പരിവത്തനങ്ങൾ വരുത്താതെ ജനാധിപത്യപരമായ കാഷികപരിപാടി നടപ്പിലാക്കുക അസാധ്യമാണ്. യുദ്ധാനന്തരകാലഘട്ടത്തിൽ വികസിത മുതലാ

ളിത്തനാട്ടുകളിൽ കൃഷിയും വ്യവസായവും തമ്മിലുള്ള ബന്ധങ്ങളും കഷകരും ഇതര വഗ്ഗങ്ങളും തമ്മിലുള്ള ബന്ധങ്ങളും മിക്കവാറും നിലനിന്നുവന്നതു് സ്റ്റേറു്-കുത്തക മുതലാളിത്തത്തിൻെറ നിയന്ത്രണച്ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. സ്റ്റേററ് നിയന്ത്രണച്ചട്ടങ്ങളിൽ കാഷികോല്പന്നങ്ങളുടെ വിലനിലവാരം നിലനിത്തുന്നതിന്നുള്ള വിവിധമാഗ്ഗങ്ങളുൾക്കൊള്ളുന്നുണ്ട്.—അതായതു് വൻകിട കൃഷിക്കളങ്ങൾക്ക ആക്കാരിൽനിന്നും വായ്പകൾ നല്കൽ, ഭൂസ്വത്തുക്കൾ വിസ്തൃതമാക്കവാനും സംയോജിപ്പിച്ചുറപ്പിയ്ക്കുവാനും ആവശ്യമായ ധനസഹായം നല്കാനുള്ള പരിപാടികൾ, രാസവളങ്ങളും യന്ത്രങ്ങളും വിലയ്ക്കുവാങ്ങുവാനുള്ള സഹായധനം, കാഷികക്കുഴപ്പം ബാധിച്ച നാട്ടുകളിൽ കാഷികോല്പാദനം വെട്ടിച്ചുരുക്കാനുള്ള നടപടികൾ, നികുതി ചുമത്തൽ, കാഷികോല്പന്നങ്ങൾ കയററി അയക്കുന്നതിന്നുള്ള സഹായധനം, സംരക്ഷണച്ചുങ്കം മുതലായവ.

മുതലാളിത്ത കാഷികവ്യവസ്ഥയിൽ സ്റ്റേററ്-കുത്തക മുതലാളിത്തം നടപ്പിലാക്കുന്ന നിയന്ത്രണച്ചട്ടങ്ങൾ എല്ലാ വഗ്ഗങ്ങളുടെയും താല്പര്യങ്ങൾക്ക് അനുഗുണമാണെന്നു വരുത്തിത്തീക്കുവാൻ ബൂഷ്വാസിയ്ക്കുവേണ്ടി സാമ്പത്തിക വിദഗ്ദ്ധന്മാരും, സാമൂഹ്യ ശാസ്ത്രജ്ഞന്മാരും രാഷ്ട്രീയപ്രവത്തകരും പരിശ്രമിയ്ക്കുന്നുണ്ട്. ഈ നിയന്ത്രണ വ്യവസ്ഥകളുടെ യഥാത്ഥമായ ഉദ്ദേശ്യം കുത്തകമുതലാളിമാരും കുലാക്കു് കഷകരും പ്രത്യേകിച്ച് വൻകിടക്കാരായ കാഷികമുതലാളിമാരും തമ്മിലുള്ള സഖ്യം ശക്തിപ്പെടുത്തലാണ്. ഒരു ബൂഷ്വാഭരണകൂടത്തിൻെറ സാമ്പത്തികനയം ഒരിക്കലുംതന്നെ ഇടത്തരം കഷകരുടെയും ചെറുകിട കഷകരുടെയും താൽപ്പയ്യങ്ങൾ സംരക്ഷിച്ചിട്ടില്ല; മേലാൽ സംരക്ഷിയ്ക്കുകയുമില്ല. അ

വക്ക് ചില ആനുകൂല്യങ്ങൾ നല്കപ്പെട്ടുന്ന ഘട്ടത്തിൽപോലും പ്രസ്തുത നയം അവരുടെ താല്പര്യങ്ങൾക്കെതിരായാണ് നടപ്പിലാക്കപ്പെട്ടുക.

സ്റ്റേററ് കുത്തകകൾ നടപ്പിലാക്കുന്ന നിയന്ത്രണച്ചട്ടങ്ങളുടെ വർഗ്ഗസ്വഭാവത്തിന്റെ പ്രശ്നം പരിഗണിയ്ക്കുമ്പോൾ കർഷകരെ "വിലക്കത്രികകൾ" മുഖേനയോ മററുതരത്തിലോ കൊള്ളയടിക്കുന്നതിന്നു സുനിശ്ചിതങ്ങളായ ചില പരിമിതികൾ ഉണ്ടെന്നു നാം ഓർക്കണം. മൊത്തത്തിലുള്ള കുത്തകമുതലാളിമാരുടെ നിലപാടിൽനിന്നു നോക്കിയാൽപോലും അതാണു നില. 1930 മുതല്ക്കുള്ള വർഷങ്ങളിലെ കാർഷികക്കുഴപ്പത്തിന്റെ മദ്ധ്യത്തിൽ കൃഷിയ്ക്കുണ്ടായ അധോഗതിയും കാർഷികോല്പന്നങ്ങളുടെ വിലയിലുണ്ടായ ആപൽക്കരമായ ഇടിവും ഒട്ടേറെ മുതലാളിത്തനാട്ടുകളിൽ സാമ്പത്തികവും രാഷ്ട്രീയവുമായ കോളിളക്കങ്ങൾക്കിടവരുത്തുകയുണ്ടായി; കുത്തകകളുടെ ഭരണത്തിനുതന്നെ ആപത്തുവരുമെന്നു നിലവന്നു. കുത്തകമുതലാളിമാരുടെ ഭരണവൃത്തങ്ങൾക്ക് ഈ വസ്തുത കണക്കിലെടുക്കാതിരിക്കുവാൻ നിവൃത്തിയില്ല.

കൃഷിയെ സംബന്ധിച്ചുള്ള സ്റ്റേററ് കുത്തക മുതലാളിത്തത്തിന്റെ നിയന്ത്രണവ്യവസ്ഥകളുടെ വികാസത്തിൽനിന്നും ഉടലെടുത്ത പുതിയ പരിതസ്ഥിതിയിൽ കർഷകബഹുജനങ്ങളുടെ താല്പര്യം സംരക്ഷിയ്ക്കുന്ന ഭരണനയത്തിന്റെ പരിപാടി കമ്യൂണിസ്റ്റ് പാർട്ടികൾ ആവിഷ്കരിക്കേണ്ടതു് അത്യാവശ്യമായി വന്നിരിയ്ക്കുന്നു. 'വിലക്കത്രികകൾ' നിർത്തലാക്കുക, നികുതിയും പാട്ടവും വെട്ടിച്ചുരുക്കുക, സഹകരണസംഘങ്ങൾക്കു ഗുണകരമായ വ്യവസ്ഥയിൽ വായ്പകളും ധനസഹായവും നല്കുക മുതലായി കമ്യൂണിസ്റ്റുകാർ ഉന്നയിക്കു

ണ്ട ആവശ്യങ്ങൾ കഷ കരെസംബന്ധിച്ചേടത്തോളം ജീവാധാരമായ പ്രാധാന്യമുള്ളവയാണ്. ഇതെല്ലാംതന്നെ കുത്തകമുതലാളിമാരെ ഉൻമൂലനംചെയ്യുവാനുള്ള ബഹുജനങ്ങളുടെ പൊതുസമരത്തിൽ ലയിക്കുവാനുള്ള സാഹചര്യങ്ങൾ കുത്തകവിരുദ്ധമായ കഷകപ്രസ്ഥാനത്തിന്നു സൃഷ്ടിച്ചുകൊടുക്കുന്നുണ്ട്.

"കുത്തകകൾക്കെതിരായ പൊതു ജനാധിപത്യസമരങ്ങൾ സോഷ്യലിസ്റ്റ് വിപ്ലവത്തിന്നു വിളംബം വരുത്തുകയില്ല; നേരെമറിച്ചു വിപ്ലവത്തെ ത്വരിതപ്പെടുത്തുകയാണ് ചെയ്യുക. ജനാധിപത്യത്തിന്നുള്ള സമരം സോഷ്യലിസത്തിന്നുള്ള പോരാട്ടത്തിൻെറ ഘടകമാണ്. ജനാധിപത്യപ്രസ്ഥാനം എത്രയധികം സാന്ദ്രമായി വളരുന്നുവോ അത്രയധികം ഉയൎന്ന നിലവാരത്തിൽ ബഹുജനങ്ങളുടെ രാഷ്ട്രീയബോധം വളരുന്നതാണ്; മാത്രമല്ല അത്രതന്നെ വ്യക്തമായി സോഷ്യലിസം മുഖേന മാത്രമേ തങ്ങൾക്കു യഥാൎത്ഥമായ സ്വാതന്ത്ര്യവും ക്ഷേമവും കൈവരികയുള്ളുവെന്നു് ബഹുജനങ്ങൾക്കു മനസ്സിലാക്കുവാനും സാധിക്കും" എന്നാണ് സോവിയറ്റ് യൂനിയനിലെ കമ്യൂണിസ്റ്റ്പാൎട്ടിയുടെ പരിപാടി ചൂണ്ടിക്കാണിക്കുന്നതു്.

കുത്തകകളുടെ സ്വത്തുക്കൾ ദേശസാല്ക്കരിക്കുവാനും ഇത്തിൾക്കണ്ണി സ്വഭാവമുള്ള വൻകിട ഭൂവുടമകളുടെ സ്വത്തുക്കൾ ഇല്ലാതാക്കുവാനും അധ്വാനിക്കുന്ന കഷകരുടെ താല്പയ്യങ്ങൾക്കനുഗുണമായ ഒരു ജനാധിപത്യ കാൎഷികനയം ഭരണതലത്തിൽ നടപ്പിലാക്കുവാനുമുള്ള ആവശ്യം ബഹുജനങ്ങളുടെ വിപ്ലവകരമായ സമരങ്ങളിൽക്കൂടിയും ജനകീയ പിൻതുണയുള്ള കുത്തക-വിരുദ്ധ സംയുക്ത മുന്നണിയുടെ

വിജയത്തിൻെറ ഫലമായും മാത്രമേ നേടിയെടുക്കാനാവൂ. ഈ വസ്തുത കമ്യൂണിസ്റ്റുകാർ ജനങ്ങൾക്കു പഠിപ്പിച്ചുകൊടുക്കുന്നു.

## തൊഴിലാളി വർഗ്ഗവും ദേശീയ വിമോചന വിപ്ലവവും

അടിമകളാക്കപ്പെട്ട ജനതകളുടെ ദേശീയ വിമോചനം വിപ്ലവകാരികളായ തൊഴിലാളിവർഗ്ഗത്തിൻെറ പാവനമായ കടമയാണെന്നു് ഒന്നാം ഇൻടർനേഷനൽ പ്രഖ്യാപിച്ചു. അതിൻെറ സ്ഥാപകന്മാർ ചൂണ്ടിക്കാണിച്ചു. "മററുള്ള ജനതകളെ മർദ്ദിക്കുന്ന ഒരു ജനതയ്ക്കു് സ്വയം സ്വതന്ത്രരായിരിക്കുവാൻ സാധിക്കുന്നതല്ല." അങ്ങനെ സോഷ്യലിസത്തിനുവേണ്ടി തൊഴിലാളിവർഗ്ഗം നടത്തുന്ന സമരം കോളനികളിലേയും അർദ്ധകോളനികളിലേയും ജനതകളുടെ ദേശീയ വിമോചന പ്രസ്ഥാനവുമായി ഗാഢമായ ബന്ധമുള്ളതായിത്തീർന്നു.

ഇന്നു കോളനിലോകത്തിൽ വിപ്ലവപരമായ മഹത്തായ പരിവർത്തനങ്ങൾ നാം കാണുന്നുണ്ടു്. കഴിഞ്ഞ നൂറു വർഷങ്ങൾകൊണ്ടു ലോകത്തിലെ മുതലാളിമാർ കോളനി സാമ്രാജ്യങ്ങൾ സൃഷ്ടിക്കുവാനും അവയെല്ലാം തിരിച്ചുകിട്ടുവാൻ സാദ്ധ്യമല്ലാത്തവിധം നഷ്ടപ്പെടുത്തുവാനും "സാധിച്ചിരിക്കുന്നു".

ഒന്നാം ഇൻടർനേഷനൽ രൂപീകരിച്ചകാലത്തു് മുതലാളിത്തശക്തികൾ ഈ ഭൂഗോളത്തെ പൂർണ്ണമായും വിഭജിച്ചെടുത്തുകഴിഞ്ഞിരുന്നില്ല. കോളനികളായി മാറപ്പെട്ട

കഴിഞ്ഞിട്ടില്ലാത്ത ഒട്ടേറെ 'ഒഴിഞ്ഞ' പ്രദേശങ്ങളുണ്ടായിരുന്നു. എന്നാൽ മുതലാളിത്തം പ്രായോഗികമായി ലോകമാകെ വലയംചെയ്തുകഴിഞ്ഞിരുന്നു. എല്ലായിടത്തും അതു് പ്രാകൃത സമ്പദ്‌വ്യവസ്ഥയെയും രാജ്യങ്ങൾ ഒററപ്പെട്ടുനില്ക്കുന്നതിനെയും തകർക്കുകയുണ്ടായി. അങ്ങനെ ലോക സമ്പദ്‌വ്യവസ്ഥയെ മുതലാളിത്ത പുനരുല്പാദനമെന്ന ഏകവ്യവസ്ഥയ്ക്കു കീഴ്പെടുത്തിക്കൊണ്ടുവരുവാൻ ശ്രമിച്ചുകൊണ്ടിരുന്നു.

പ്രത്യേക രാഷ്ട്രങ്ങളിലെ ദേശീയ സമ്പദ്‌വ്യവസ്ഥയെ ലോക സമ്പദ്‌വ്യവസ്ഥയുടെ കണ്ണികളാക്കി മാററിക്കൊണ്ടു മുതലാളിത്ത രാഷ്ട്രങ്ങൾ സാമ്പത്തികമായി പരസ്പരം അടുപ്പം പുലർത്തണമെന്നുള്ള പ്രവണതയ്ക്കു ജന്മം നൽകി. ലോക സമ്പദ്‌വ്യവസ്ഥയുടെ ഐക്യം നേടിയതു് എല്ലാ നാട്ടുകളിലേയും സമ്പദ്‌വ്യവസ്ഥകളെ ഒന്നിച്ചു ലയിപ്പിച്ചിട്ടല്ല. മുതലാളിത്തത്തിനു മുൻപുണ്ടായിരുന്ന ഉല്പാദനരീതികളിന്മേൽ കുത്തക മുതലാളിത്തത്തിന്നുള്ള ആധിപത്യം തുടരുകയും വിപുലമായ ഭൂഭാഗങ്ങളിലെ പിന്നോക്കനില ശാശ്വതീകരിക്കുകയും ചെയ്യുന്നതിനെ അടിസ്ഥാനമാക്കിയാണ് ലോക സമ്പദ്‌വ്യവസ്ഥയിൽ ഐക്യമുണ്ടാക്കിയതു്. പല രാജ്യങ്ങളെയും മുതലാളിത്തം സാമ്പത്തികമായി ഒന്നിച്ചുകൊണ്ടുവന്നു. എന്നാൽ സ്വന്തം ഇഷ്ടമനുസരിച്ചോ സമത്വാടിസ്ഥാനത്തിലോ അല്ല. നേരെമറിച്ച് ഒരു രാജ്യം മററു രാജ്യങ്ങളെ കീഴടക്കി നിർത്തിക്കൊണ്ടാണ് ഒന്നിച്ചുനിർത്തിയതു്. വിദേശരാജ്യങ്ങളെ ആക്രമിച്ചു കീഴടക്കിയും അവയെ കോളനികളാക്കി മാററിയും ഭൂരിപക്ഷം ജനങ്ങൾക്കും ദേശീയസ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ടുമാണ് ഏകീകരണം നടന്നതു്.

കുത്തകരൂപം കൈക്കൊള്ളുന്നതിന്നു മുൻപുണ്ടായിരുന്ന മുതലാളിത്തം അതിൻെറ വളർച്ചയുടെ പരമകാഷ്ഠ പ്രാപിച്ചപ്പോൾതന്നെയാണ് ഒരു വഴിത്തിരിവുണ്ടായതു്; അതായതു് കോളനിമർദ്ദനത്തിൻെറ ലോകവ്യാപകമായ ഒരു വ്യവസ്ഥ സൃഷ്ടിക്കുവാനാരംഭിച്ചു. കുത്തകകളും ഫിനാൻസ്മൂലധനവും ചേൎന്നു ലോകവ്യാപകമായി നടത്തിയ മർദ്ദനത്തിൽകൂടി ലോകത്തിൻെറ "ഐക്യം" ഊട്ടിയുണ്ടാക്കപ്പെട്ടു. അതേയവസരത്തിൽ സാർവ്വദേശീയമായ "തൊഴിൽവിഭജനം"വും അവർ നടപ്പിലാക്കി. ലോകസമ്പദ്‌വ്യവസ്ഥയെ വ്യാവസായികരാജ്യങ്ങളും കാർഷികരാജ്യങ്ങളുമായും, അധീശരാജ്യങ്ങളും കോളനികളുമായും, കോളനിക്കൊള്ള നടത്തുന്നവരും അതനുഭവിക്കുന്നവരുമായും വിഭജിച്ചു നിർത്തിയിട്ടാണ് ഈ വിഭജനം നടപ്പിലാക്കിയതു്. ലോകത്തിലെ വിപുലമായ ഭൂപ്രദേശങ്ങളിലെ (ഏഷ്യ, ആഫ്രിക്ക, ലാററിനമേരിക്ക) സമ്പദ്‌വ്യവസ്ഥയെ സാമ്രാജ്യത്വം വികലമാക്കി. ഈ ഭൂഖണ്ഡങ്ങളിലെ നാടുവാഴിത്ത പിൻതിരിപ്പൻശക്തികളുമായി സാമ്രാജ്യത്വം ഒരു അന്താരാഷ്ട്രീയ സഖ്യമുണ്ടാക്കി; അതുവഴി പഴയ ബന്ധങ്ങൾ നിലനിൎത്തുകയും ഉല്പാദനശക്തികളുടെ പുരോഗമനോന്മുഖമായ വികാസത്തിന്നു ബ്രെയ്ക്കിടുകയും ചെയ്തു. അനാഥത്വം, നിരാശ, വിശപ്പ്, രോഗങ്ങൾ, അകാലമൃത്യു എന്നിവ മാത്രമായി പലരുടേയും തലയിലെഴുത്തു്. കോളനിമേധാവികൾ 'നാഗരികത പ്രചരിപ്പിച്ച'തിൻെറ അന്ത്യഫലം ഇതായിരുന്നു.

ഓരോ ഭൂഖണ്ഡത്തിലുമുള്ള ജനങ്ങളെയാകെ കോളനിയടിമകളാക്കിക്കൊണ്ടു സാമ്രാജ്യത്വം ഓരോ രാജ്യത്തെയും ആ നാട്ടിലെ ജനങ്ങളുടെ കാരാഗൃഹമാക്കി മാററി. കോള

നിമർദ്ദനമെന്ന മൃഗീയ വ്യവസ്ഥ, കൊള്ളയടി, ആക്രമം എന്നിവ നടപ്പിലാക്കിയതാണ് മുതലാളിത്തവർഗ്ഗം ചെയ്ത പ്രധാനപ്പെട്ട കുററങ്ങളിലൊന്ന്.

ഒട്ടേറെ അധീശസാമ്രാജ്യത്വരാഷ്ട്രങ്ങളും അവരുടെ കീഴിലുള്ള അനേകം കോളനികളും അർദ്ധകോളനികളും തമ്മിൽ വളർന്നുവന്ന വൈരുധ്യത്തിന്റെ ലോകവ്യാപകമായ തോതിൽ നടന്ന സാമ്രാജ്യത്വമർദ്ദനം കാരണമായി ഒരു സാർവ്വലൗകിക സ്വഭാവം സിദ്ധിച്ചു. കോളനിലോകത്തിലെ ജനങ്ങൾ തങ്ങളുടെ മർദ്ദകർക്കെതിരായി മുന്നേറി. പല കോളനിഭരണങ്ങളും തകർക്കപ്പെട്ടു. ചിലവ ആയുധബലം ഉപയോഗിച്ചാണെങ്കിൽ മററുചിലവ സായുധകലാപമില്ലാതെ. ഇത്തരത്തിലാണ് അധീശനാട്ടുകളും കോളനികളും തമ്മിലുള്ള ശത്രുത—സാമ്രാജ്യത്വത്തിനകത്ത് അന്തർലീനമായി കിടക്കുന്ന പൊരുത്തപ്പെട്ടുതാനാവാത്ത വൈരുധ്യം—പരിഹരിക്കപ്പെട്ടത്.

കോളനിവ്യവസ്ഥ തകർന്നതും മർദ്ദിതരാജ്യങ്ങളിലെ ജനങ്ങൾ രാഷ്ട്രീയസ്വാതന്ത്ര്യം നേടിയതും ഒക്ടോബർ വിപ്ലവത്തിന്റെ സ്വാധീനശക്തിയുടെ തണലിൽ ഇരുപതാം നൂററാണ്ടിൽ നടന്നതും വമ്പിച്ച പ്രാധാന്യമുള്ളതുമായ ഒരു പുതിയ വിപ്ലവമാണ്. യുദ്ധാനന്തര കാലഘട്ടത്തിൽ മാത്രമായി 63 പരമാധികാര രാഷ്ട്രങ്ങൾ രാഷ്ട്രീയ ഭൂപടത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. നമ്മുടെ കാലഘട്ടത്തിലെ സാമ്രാജ്യ-വിരുദ്ധ ദേശീയ വിമോചന വിപ്ലവങ്ങളുടെ ആദ്യഫലങ്ങളാണിവ.

കോളനിജനതകളുടെ മുന്നേററത്തിനു മുൻപിൽ എന്തുകൊണ്ടാണ് സാമ്രാജ്യത്വം നിർവീര്യമായിപ്പോയത്?

ഒക്ടോബർവിപ്ലവത്തിന്നു മുൻപ്, ലോകത്തിന്റെ ഒന്നാമത്തെ തൊഴിലാളിവർഗ്ഗ ഭരണകൂടം ഉദയംചെയ്യുന്നതിന്നു മുൻപ്, മർദ്ദിതജനങ്ങൾക്ക് കോളനിവ്യവസ്ഥയെ തകർക്കുവാൻ കഴിവില്ലായിരുന്നു. അസമമായ ശക്തികളായിരുന്നു ഏറ്റുമുട്ടിയതു്. സാമ്രാജ്യത്വം ജനകീയമുന്നേററങ്ങളെ രക്തത്തിൽ മുക്കിക്കൊന്നു. ആ സാമ്രാജ്യത്വം നിലനില്ക്കവെതന്നെ കോളനിവ്യവസ്ഥയെ തകർത്തെറിയുന്നതിൽ ജനങ്ങൾക്ക് വിജയിക്കുവാൻ സാധിച്ചതെങ്ങിനെ? അതിന്നൊരു വിശദീകരണം മാത്രമേയുള്ളൂ—മർദ്ദിത ജനങ്ങളുടെ വിമോചനത്തിന്റെ യുഗത്തെ സോഷ്യലിസം ആനയിച്ചുകൊണ്ടുവന്നിരിക്കുന്നുവെന്നതാണതു്. ദേശീയ വിമോചനത്തിനുള്ള ശക്തികളുടെ വിജയത്തിന്നാവശ്യമായ ചുററുപാടുകൾ സോഷ്യലിസം സൃഷ്ടിച്ച അതേ രീതിയിൽതന്നെ ഈ ശക്തികൾ തങ്ങളുടെ സമരങ്ങൾകൊണ്ടു ഇന്നു സോഷ്യലിസത്തെ ശക്തിപ്പെടുത്തുന്നുണ്ടു്. സോഷ്യലിസ്റ്റ് വിപ്ലവങ്ങളും ദേശീയ വിമോചന വിപ്ലവങ്ങളും ഒരു കൂററൻ വിപ്ലവപ്രവാഹത്തിൽ ലയിച്ചുകഴിഞ്ഞിരിക്കുന്നു.

ഫിനാൻസ് മൂലധനത്തിനെതിരായ സമരം, മനുഷ്യനെ മനുഷ്യൻ വിവിധരീതികളിൽ ചൂഷണംചെയ്യുന്നതിനെതിരായും മർദ്ദകരും മർദ്ദിതരുമില്ലാത്ത നീതിനിഷ്ഠമായ ഒരു പുതിയ സാമൂഹ്യവ്യവസ്ഥക്കുവേണ്ടിയുള്ള സമരം (അതായതു് അവസാനമായി സോഷ്യലിസത്തിനും കമ്യൂണിസത്തിനുംവേണ്ടിയുള്ള സമരം) അനിവാര്യമായും ദേശീയമർദ്ദനങ്ങളും കോളനിമർദ്ദനങ്ങളും ഉൻമൂലനംചെയ്യുവാനുള്ള കടമ കൂടി ഉൾക്കൊള്ളുന്നതാണെന്നു ലെനിൻ പഠിപ്പിച്ചതാണു്. എല്ലാ ചൂഷകന്മാരെയും അസമമായ ബന്ധങ്ങളേയും നശിപ്പിക്കുവാനുള്ള ലക്ഷ്യത്തോടെ നടത്തുന്ന മഹത്തായ സാർവ്വ

ലൗകികവിപ്ലവത്തിൻെറ ഭാഗമാണ് ദേശീയ വിമോചന വിപ്ലവം എന്നാണ് അതിൽനിന്നും സിദ്ധമാവുന്നത്. "ഓരോ രാജ്യത്തിലെയും വിപ്ലവകാരികളായ തൊഴിലാളിവർഗ്ഗം ആ രാജ്യത്തിലെ ബൂർഷ്വാസിയ്ക്കെതിരായി നടത്തുന്ന സമരം മാത്രമല്ല സോഷ്യലിസ്റ്റ് വിപ്ലവം; പ്രധാന സമരവും അതല്ല; സാമ്രാജ്യത്വത്താൽ മർദ്ദിക്കപ്പെടുന്ന എല്ലാ ജനങ്ങളും രാജ്യങ്ങളും ചേർന്നുകൊണ്ട്, എല്ലാ ആശ്രിതരാജ്യങ്ങളിലേയും ജനങ്ങളോടൊപ്പം ലോക സാമ്രാജ്യത്വത്തിന്നെതിരായി നടത്തുന്ന സമരമാണത്."*

ലോകവിപ്ലവപ്രക്രിയയുടെ സ്വഭാവവും സാരാംശവും സംഘടിപ്പിച്ചിട്ടുള്ളത് തൊഴിലാളിവിപ്ലവങ്ങളുടേയും ദേശീയ വിമോചന വിപ്ലവങ്ങളുടേയും സാമ്രാജ്യവിരുദ്ധവും മുതലാളിത്തവിരുദ്ധവുമായ ഒരൊററ മുന്നേററത്തെയാണെന്നു ലെനിൻ കാണിച്ചുതന്നതാണ്. ഈ പ്രക്രിയയിലെ നേതൃത്വപരമായ പങ്ക് തൊഴിലാളിവർഗ്ഗത്തിന്നാണു പ്രകാശപ്പെട്ടതാണെന്നു ലെനിൻ ഊന്നിപ്പറഞ്ഞിട്ടുമുണ്ട്. സ്വയം വിമോചനം നേടുമ്പോൾതന്നെ മററുള്ളവരെയും വിമോചിപ്പിയ്ക്കുന്ന ഒരു വർഗ്ഗം തൊഴിലാളിവർഗ്ഗമാണ്. ദേശവ്യാപകമായ തോതിൽ ഒരു രാജ്യത്തെ തൊഴിലാളിവർഗ്ഗം കർഷകരേയും ഇടത്തരക്കാരെയും മദ്ധ്യവർത്തികളായ എല്ലാ അണികളേയും അട്ടക്കുകളേയും കുത്തകമൂലധനത്തിന്നെതിരായ സമരത്തിൽ മുന്നോട്ടു നയിയ്ക്കുന്നതുപോലെതന്നെ ലോകവ്യാപകമായി നടക്കേണ്ടുന്ന വിപ്ലവത്തിൽ സാർവ്വദേശീയ തൊഴിലാളിവർഗ്ഗം കോടിക്കണക്കിലുള്ള കർഷകരേയും, അർദ്ധ—തൊഴിലാളികളേയും, ഇടത്തരക്കാരേയും, മുതലാളിത്തസമുദായത്തിലുള്ള "ലോകത്തിൻെറ ഗ്രാമപ്രദേശങ്ങളിലെ"

* V. I. Lenin—Works, Vol. 30 P 158.

ജനങ്ങളിൽ ഭൂരിപക്ഷത്തേയും സാമ്രാജ്യത്വത്തിനെതിരാ യും ദേശീയ വിമോചനവും സാമൂഹ്യവിമോചനവും നേ ടാൻവേണ്ടിയും മുന്നോട്ടു നയിക്കുന്നു.

നമ്മുടെ കാലഘട്ടത്തെ ഇതിന്നു മുൻപുള്ള കാലഘട്ട ത്തിൽനിന്നും വ്യത്യസ്തമായി വേർതിരിച്ചുനിർത്തുന്ന സവി ശേഷത ലോകതൊഴിലാളിവർഗ്ഗത്തിന്നു് ഈ ലോകത്തി ലൊരു ഭാഗത്ത് തങ്ങളുടെ സ്വന്തം ഗവർമെൻറുകളുടെ സം ഘടനയുമുണ്ടെന്നതാണ്-അതായതു് ലോക സോഷ്യലിസ്റ്റ് വ്യവസ്ഥ. ലോകവിപ്ലവപ്രസ്ഥാനത്തിൽ തൊഴിലാളിവ ർഗ്ഗത്തിനുള്ള നേതൃത്വപരമായ പങ്കിന്നു് ഇതു വമ്പിച്ച ശ ക്തി നല്കിയിട്ടുണ്ടു്; ദേശീയ വിമോചന വിപ്ലവങ്ങളുടെ വിജയകരമായ മുന്നേററത്തിന്നു ഗണ്യമായ സഹായവും നല്കിട്ടുണ്ടു്. ദേശീയ വിമോചന സമരം സാമ്രാജ്യത്വത്തെ നശിപ്പിക്കുന്നതിൽ ഒരു പ്രബല ഘടകമായി വളൎന്നുകഴി ഞ്ഞിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ ലോകസോഷ്യലിസ്റ്റ് വിപ്ലവം നിർണ്ണായകശക്തിയും നേതൃത്വശക്തിയുമായിട്ടുള്ള ലോകവിപ്ലവ പ്രക്രിയയുടെ ഒരു ഭാഗമായിട്ടാണ് ഈ സമ രം നടക്കുന്നതു്.

ലോകവിപ്ലവ പ്രക്രിയയിൽ ദേശീയ വിമോചന വി പ്ലവങ്ങൾക്കുള്ള സ്ഥാനവും പങ്കും നിർവ്വചിച്ച അതേ സമ യത്തുതന്നെ ലെനിൻ അവയുടെ വിജയത്തിന്നാവശ്യമായി ട്ടുള്ള സമൂർത്തമായ പരിതസ്ഥിതികളെയും കണിശമായി വി ശകലനം ചെയ്തിട്ടുണ്ടു്. സാമ്രാജ്യവിരുദ്ധ ദേശീയയുദ്ധങ്ങൾ വിജയിക്കണമെങ്കിൽ "മർദ്ദിതരാജ്യങ്ങളിലെ ജനസംഖ്യ യിൽ മഹാഭൂരിപക്ഷം (ഇന്ത്യയിലോ ചൈനയിലോ ആ ണെങ്കിൽ 10 കോടികണക്കിൽ, ഉദാഹരണത്തിന്നുവേണ്ടി

മാത്രം കൊടുത്തതാണു്) വരുന്ന ജനങ്ങൾ സംയുക്തമായി സമരരംഗത്തിറങ്ങണം; അല്ലെങ്കിൽ ലോകത്തിലെ സ്ഥിതിഗതികളിൽ സവിശേഷമായും അനുകൂലമായ ഉപാധികളെല്ലാം ഒന്നിച്ചു ചേർന്നുനില്ക്കണം (ഉദാഹരണത്തിനു കഴിവില്ലായ്മ, യുദ്ധം, പരസ്പരമുള്ള വൈരുദ്ധ്യം മുതലായ കാരണങ്ങളാൽ സാമ്രാജ്യശക്തികൾക്കിടപെടുവാൻ സാധ്യമല്ലാതായിത്തീരുക); അതുമല്ലെങ്കിൽ വൻകിട രാഷ്ട്രങ്ങളിലെ ബൂർഷ്വാസിക്കെതിരായി അതേസമയത്തുതന്നെ തൊഴിലാളികൾ കലാപം നടത്തണം (ഞങ്ങൾ വഴി ക്രമത്തിൽ ഒടുവിൽ കൊടുത്തതു് ആദ്യം നടക്കുന്നതായിരിക്കും ഞങ്ങളുടെ വീക്ഷണത്തിൽ ആശാസ്യവും തൊഴിലാളിവർഗ്ഗത്തിന്റെ വിജയത്തിനു സഹായകവുമായിരിക്കുക)'' എന്നാണു് ലെനിൻ ഒന്നാം ലോകമഹായുദ്ധം നടക്കുന്ന അവസരത്തിൽ എഴുതിയതു് * അതേസമയംതന്നെ ഒട്ടേറെ വിപ്ലവങ്ങൾ നടക്കാതെ കോളനികളുടെ ഉടനടിയുള്ള മോചനം സാധ്യമാകയില്ലെന്നും സോഷ്യലിസമില്ലാതെ അത്തരം മോചനം സ്ഥിരമായി നിലനില്ക്കുകയില്ലെന്നും ലെനിൻ ചൂണ്ടിക്കാണിച്ചിരുന്നു.

ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിജയമാണു് വരാനിരിക്കുന്ന കോളനികളുടെയും ആശ്രിതരാജ്യങ്ങളുടെയും ദേശീയ വിമോചനങ്ങൾക്കു പ്രേരണനൽകിയ നിർണ്ണായക ഘടകം. ഒക്ടോബർ വിപ്ലവം പൗരസ്ത്യനാടുകളിലെ ജനതകളെ തട്ടിയുണർത്തി. ജനങ്ങളെ ദേശീയമർദ്ദനത്തിൽനിന്നും സാമൂഹ്യമർദ്ദനത്തിൽനിന്നും വിമോചിതരാക്കുന്ന കാര്യത്തിൽ സോവിയറ്റുയൂനിയനുണ്ടായ അനുഭ

* V. I. Lenin, Works, Vol. 22, P. 298.

വം സാമ്രാജ്യത്വത്തിന്നെതിരായ സമരത്തിൽ കോളനികളിലെയും അർദ്ധകോളനികളിലെയും ജനങ്ങൾക്കാവേശംനല്കി. ദേശീയ വിമോചനസമരങ്ങൾ കൂടുതൽ കൂടുതൽ പ്രചണ്ഡങ്ങളായി വളൎന്നുവന്നു. ഒക്ടോബർവിപ്ലവത്തിൻെറ സ്വാധീനശക്തിയുടെ ഫലമായി കോളനിലോകത്തിൽ കമ്യൂണിസ്റ്റ്പാൎട്ടികൾ ജന്മമെടുക്കുകയും സജീവമായ പ്രവൎത്തനത്തിൽ വ്യാപൃതരാവുകയുംചെയ്തു. സ്വാത്മപ്രചോദിതമായ ബഹുജനപ്രസ്ഥാനത്തിൻെറ സ്ഥാനത്തു് രാഷ്ട്രീയമായി സംഘടിപ്പിക്കപ്പെട്ട ദേശീയപ്രസ്ഥാനങ്ങൾ രംഗത്തുവന്നു. എന്നാൽ സാമ്രാജ്യത്വം അന്നു സുശക്തമായിരുന്നു. ദേശീയ വിമോചനപ്രസ്ഥാനത്തിൻെറ പ്രവൎത്തനങ്ങളെ പരാജയപ്പെടുത്തുന്നതിൽ അതു വിജയിച്ചു.

യു. എസ്സ്. എസ്സ്. ആറിൽ സോഷ്യലിസം കെട്ടിപ്പടുക്കുവാൻ സാധിച്ചതു്, ജൎമ്മൻ ഫാഷിസത്തേയും ജപ്പാനീസ് സൈനിക മേധാവിത്വത്തേയും പരാജയപ്പെടുത്തിയതു്, പൊതുവെ സാമ്രാജ്യത്വത്തിന്നു ദൗർബ്ബല്യം ബാധിച്ചതു്, യൂറോപ്പിലും ഏഷ്യയിലുമുള്ള ഒട്ടേറെ രാജ്യങ്ങളിൽ സോഷ്യലിസ്റ്റ് വിപ്ലവങ്ങൾ നടന്നതു്—ഇവയെല്ലാം ചേൎന്നു കോളനിലോകത്തിലാകെയുള്ള ദേശീയ വിമോചനപ്രസ്ഥാനത്തിന്നു ഉത്തേജനം നല്കി. ലോകതൊഴിലാളിവൎഗ്ഗം, അധീശ സാമ്രാജ്യത്വരാജ്യങ്ങളിലെ അതിൻെറ ഘടകങ്ങൾ, ഈ പ്രസ്ഥാനത്തിന്നു പിൻതുണ നല്കി. കോളനിവ്യവസ്ഥ തകരുവാൻ തുടങ്ങി. ലോക സോഷ്യലിസ്റ്റ് വ്യവസ്ഥ രൂപം കൊള്ളുകയും ഒരു പ്രബല ശക്തിയായി വളരുകയും മാനവസമുദായത്തിൻെറ വികാസത്തിലെ നിൎണ്ണായക ഘടകമായിത്തീരുകയും ചെയ്തതോടെയാണ് കോളനിവ്യവസ്ഥയുടെ അന്ത്യമായ തകൎച്ചയുടെ ഘട്ടം ആഗതമായതു്.

ഒന്നാമതായി, സാമ്രാജ്യത്വത്തിന്റെ ആക്രമണ നടപടികളെ ചെറുത്തുനില്ക്കുന്നതിന്നു യുവ പരമാധികാര രാഷ്ട്രങ്ങൾക്കുള്ള വിശ്വസനീയമായ ഒരു കവചമായിട്ടാണു് ലോക സോഷ്യലിസ്റ്റ് വ്യവസ്ഥ നില്ക്കുന്നതു്.

രണ്ടാമതായി, സാമ്രാജ്യവിരുദ്ധവും കോളനിവിരുദ്ധവുമായ പ്രസ്ഥാനം ഇന്നു എല്ലാ ഭൂഖണ്ഡങ്ങളിലും എല്ലാ രാജ്യങ്ങളിലും വ്യാപിച്ചുകഴിഞ്ഞിട്ടുണ്ടു്; ജനസംഖ്യയിൽ വിപുലമായ വിഭാഗങ്ങളെ അതു് ഉൾക്കൊള്ളുന്നുണ്ടുതാനും—തൊഴിലാളിവർഗ്ഗം, കൃഷകവർഗ്ഗം, ദേശാഭിമാനികളായ ബുദ്ധിജീവികൾ, ദേശീയ ബൂർഷ്വാസി.

മൂന്നാമതായി, സാമ്രാജ്യത്വനാട്ടുകളിലെ തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിവിഭാഗങ്ങൾ സാമ്രാജ്യത്വത്തിന്റെ കോളനിനയത്തിനെതിരായി നടത്തുന്ന സമരത്തിന്നു ശക്തികൂടി. ദേശീയ വിമോചന പ്രസ്ഥാനത്തെസംബന്ധിച്ചു കമ്യൂണിസ്റ്റ്പാർട്ടികൾക്കുള്ള നയം അടിമകളാക്കപ്പെട്ട ജനങ്ങളുടെ വിമോചനത്തിന്നു സഹായകമായിത്തീൻ്നു.

നാലാമതായി, സാർവ്വദേശീയമായ നിലവാരത്തിൽ സോഷ്യലിസത്തിന്റെയും ദേശീയ വിമോചനത്തിന്റെയും ശക്തികൾ കൂടുതൽ ദൃഢതയോടെ യോജിച്ചുനിന്നു. ഇന്നുള്ള മൂന്നു മഹത്തായ വിപ്ലവശക്തികളും—സോഷ്യലിസവും കമ്യൂണിസവും കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്ന ജനതകൾ, സാർവ്വദേശീയ തൊഴിലാളിവർഗ്ഗം, ദേശീയ വിമോചന പ്രസ്ഥാനം—അന്യോന്യബന്ധം പുലത്തിക്കൊണ്ടു അന്യോന്യം സഹായിച്ചുകൊണ്ടു പ്രവത്തിക്കുന്നുവെന്നതു് സാമ്രാജ്യത്വത്തിന്നെതിരായി സമരം ചെയ്യുന്നതിന്നും വിജയം കൈവരിക്കുന്നതിന്നുമുള്ള ഒരു മഹത്തായ ആയുധമായിതീൻ്നിരി

ക്കുന്നു. ഇതു കോളനികളിലേയും ആശ്രിതനാട്ടുകളിലേയും മർദ്ദിതജനങ്ങളുടെ വിജയത്തിന്നു സഹായകമായിട്ടുണ്ട്.

ഇതാണു സാമ്രാജ്യത്വത്തെ നിരായുധമാക്കിയതു്. ദേശീയ വിമോചന സമരത്തെ സൈനിക നടപടികൾ എടുത്തോ മററുതരത്തിലോ മർദ്ദിച്ചൊതുക്കുവാനും കോളനിവ്യവസ്ഥ തകർന്നുപോകുന്നതു തടയുവാനും സാമ്രാജ്യത്വത്തിനു കഴിയാതെവന്നു. അതു നടത്തിയ ഒട്ടേറെ പരിശ്രമങ്ങൾ തകർക്കപ്പെട്ടു: കോളനി ഭരണകൂടങ്ങളേയും പാവ ഗവമ്മെൻറുകളേയും പൊക്കിപ്പിടിക്കുവാനുള്ള സാമ്രാജ്യത്വം നടത്തുന്ന പുതിയ പരിശ്രമങ്ങളും പരാജയപ്പെട്ടുമെന്നു തീച്ച്യാണു്.

യഥാൎത്ഥ ദേശീയസ്വാതന്ത്ര്യം നേടുന്നതിന്നുള്ള ഒരു ഘടകമെന്ന നിലയിൽ സ്വന്തം രാഷ്ട്രീയസ്വാതന്ത്ര്യം ഉപയോഗപ്പെടുത്തുന്നതിന്നുള്ള കഴിവു് ഏതു രാജ്യത്തിന്നും, ചെറുതായാലും വലുതായാലും, പുതിയ ലോകസാഹചര്യങ്ങൾ നല്കുന്നുണ്ടു്. മുൻകാലങ്ങളിൽ അത്തരം രാജ്യങ്ങൾക്കു് ഒരൊററ സംഭാവ്യത മാത്രമേ മുന്നിലുണ്ടായിരുന്നുള്ളു—സ്വാതന്ത്ര്യം നഷ്ടപ്പെടുക, ആശ്രിതരാജ്യമോ കോളനിയോ ആയി മാറുക. ഇന്നു, സോഷ്യലിസം ലോകവികാസത്തിലെ പ്രധാന ഘടകവും നിർണ്ണായക ഘടകവുമായതോടെ, വ്യത്യസ്തമായ മറെറാരു പ്രവണത ആധിപത്യം വഹിക്കുന്നുണ്ടു്—ആശ്രിതത്വത്തിൽനിന്നും സ്വാതന്ത്ര്യത്തിലേക്കു്. അതുകൊണ്ടു് ദേശീയ വിമോചന പ്രസ്ഥാനവും ലോക സോഷ്യലിസ്റ്റു് വ്യവസ്ഥയും തമ്മിൽ അഭേദ്യമായ ഐക്യത്തിന്നുറപ്പുവരുത്തുകയെന്നതു് നമ്മുടെ കാലഘട്ടത്തിൽ പരമപ്രാധാന്യമുള്ള ഒരു കാര്യമാണു്. ഈ ഐക്യം സാമ്രാ

ജ്യത്വത്തിന്റെമേൽ വിജയം കൈവരിക്കാൻ സാധിക്കുമെന്നതിന്നുറപ്പേനല്ലം; ഏഷ്യയിലേയും ആഫ്രിക്കയിലേയും ലേററിനമേരിക്കയിലേയും രാജ്യങ്ങളിൽ യുഗങ്ങളായി നില്പനിന്നുവന്നിട്ടുള്ള പിന്നോക്കനില അവസാനിപ്പിക്കുകയെന്ന ചരിത്രപ്രധാനമായ കടമ നിറവേററുവാൻ സാധിക്കുമെന്നതിന്നും ഉറപ്പുലഭിക്കും.

നമ്മുടെ കാലഘട്ടത്തിലുള്ള ഇതര വിപ്ലവശക്തികളില്ലായിരുന്നുവെങ്കിൽ ദേശീയ വിമോചന പ്രസ്ഥാനത്തിന്നു മാത്രമായി സ്വന്തം ബലംകൊണ്ടുതന്നെ സാമ്രാജ്യത്വത്തെ പരാജയപ്പെടുത്തുവാൻ സാധിക്കുമെന്നു കരുതുന്നതു തികച്ചും അബദ്ധമാണ്. ലോക വിപ്ലവ പ്രക്രിയയിലെ മൂന്നു പ്രവാഹങ്ങളിൽ ഓരോന്നിന്നും അതിന്റേതായ കടമകളുണ്ട്. ആ കടമകൾ നിറവേററുവാൻ ഓരോന്നിന്നും മററുള്ള വിപ്ലവശക്തികളുമായി സഹകരിച്ചുകൊണ്ടുമാത്രമേ സാധിക്കയുള്ളൂ.

കോളനി ഭരണങ്ങൾ തകർക്കുക, സ്വന്തം നാട്ടുകളിലുള്ള സാമ്രാജ്യത്വാവശിഷ്ടങ്ങളെ തുടച്ചുനീക്കുക, സാമ്രാജ്യത്വത്തിന്നു അതിന്റെ താവളങ്ങൾ ഇല്ലാതാക്കുക എന്നിവ ദേശീയ വിമോചനശക്തികളുടെ കടമയാണ്. അതു നിറവേററുന്നതിൽ ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയിലെ ജനങ്ങളിൽനിന്നും സാമ്രാജ്യത്വ നാട്ടുകളിലെ തൊഴിലാളിവർഗ്ഗത്തിൽനിന്നും പിൻതുണ നേടുന്നു. സാമ്രാജ്യത്വ നാട്ടുകളിലെ കുത്തക വിരുദ്ധ സംയുക്ത മുന്നണിയുടെ നേതൃത്വം വഹിക്കുന്ന തൊഴിലാളിവർഗ്ഗത്തിന്റെ കടമയാണ് സാമ്രാജ്യത്വത്തിന്റെ പ്രധാന ശക്തികേന്ദ്രങ്ങളിൽതന്നെ മുതലാളിത്തത്തെ ഉൽമൂലനംചെയ്യുകയെന്നതു്. ഈ കടമ നി

ഒവേററുന്നതിൽ ലോക സോഷ്യലിസ്റ്റ് വ്യവസ്ഥയിൽനിന്നും ദേശീയ വിമോചനശക്തികളിൽനിന്നും പിൻതുണ ലഭിയ്ക്കുന്നു. രണ്ടു വ്യവസ്ഥകളും തമ്മിലുള്ള മത്സരത്തിൽ മുതലാളിത്തത്തിന്നു നിർണ്ണായകമായ ഒരു സാമ്പത്തിക പരാജയമേല്പിക്കുകയും വിപ്ലവശക്തികൾക്കു പിൻതുണനല്കുകയും മാനവരാശിയ്ക്കാകെ കമ്യൂണിസത്തിന്റെ വിജയം യോജിച്ച പ്രവത്തനങ്ങളിലൂടെ നേടിക്കൊടുക്കുകയും ചെയ്യുകയെന്നതാണ് ലോകസോഷ്യലിസ്റ്റ് സമുദായത്തിന്റെ കടമ.

ഇത്തരത്തിൽമാത്രമേ, നമ്മുടെ യുഗത്തിലെ എല്ലാ വിപ്ലവശക്തികളുടെയും ഐക്യത്തിൽക്കൂടിമാത്രമേ, അല്ലാതെ തെർമോന്യൂക്ളിയർ യുദ്ധത്തിലൂടെ ലോകവിപത്തു വിളിച്ചുവരുത്തുന്നതിൽക്കൂടിയല്ല, സാമ്രാജ്യത്വത്തെ തകിടംമറിക്കുവാനും എന്നെന്നേയ്ക്കുമായി മുതലാളിത്ത വ്യവസ്ഥയിൽ നിന്നും മനുഷ്യരാശിയെ വിമോചിപ്പിക്കുവാനും നമുക്കു സാധിക്കുക.

ദേശീയ വിമോചന വിപ്ലവത്തിന്റെ ഇന്നത്തെ പുതിയ കാലഘട്ടത്തിൽ സാമ്രാജ്യവിരുദ്ധ സമരത്തിന്റെ കൂററൻ നെടുംകോട്ടയെന്നനിലയിൽ സോഷ്യലിസത്തിന്റെ ശക്തികളുടെ പങ്ക് വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. ഈ ശക്തികളെ അവലംബമാക്കിക്കൊണ്ടാണ് മർദ്ദിതജനങ്ങൾ രാഷ്ട്രീയസ്വാതന്ത്ര്യം നേടിയത്. ദേശീയ വിമോചന വിപ്ലവം രാഷ്ട്രീയസ്വാതന്ത്ര്യത്തിന്നപ്പുറം കടക്കരുതെന്നാണ് സാമ്രാജ്യത്വവാദികളുടെ ആഗ്രഹം. അവിടെ നിന്നാൽ ക്രമേണ ക്ഷയിച്ചു ക്ഷയിച്ചില്ലാതാവുമെന്നവക്കറിയാം. അതിന്നുംപുറമെ യുവദേശീയ രാഷ്ട്രങ്ങളുടെ രാഷ്ട്രീയ സ്വാത

ന്ത്ര്യത്തെ വെറും കല്പനാസൃഷ്ടികളായി മാററുവാനാണ് അവർ പരിശ്രമിക്കുന്നത്. എന്നാൽ രാഷ്ട്രീയസ്വാതന്ത്ര്യം നേടിയതോടെ ജനങ്ങളുടെ സമരം നിത്തിവെക്കാൻ വയ്യ. എന്തുകൊണ്ടെന്നാൽ, സാമ്പത്തിക വിമോചനം കൈവരാത്ത കാലത്തോളം, "ലോകത്തിലെ ഗ്രാമപ്രദേശ"ത്തെ ചൂഷണംചെയ്യുന്നതു സാമ്രാജ്യത്വ കുത്തകകൾ തുടരുന്നേടത്തോളംകാലം ദേശീയ വിമോചനം പൂർത്തീകരിക്കപ്പെടുന്നതല്ല. സാമ്പത്തിക സ്വാതന്ത്ര്യം നേടാത്ത രാജ്യങ്ങളെ കൊള്ളയടിക്കുന്നതിൽനിന്നും കുത്തകകളെ തടഞ്ഞുനിത്തുവാൻ ഔപചാരികമായ പരമാധികാരത്തിന്നു സാധിക്കയില്ലെന്നു ലേററിനമേരിക്ക സംശയരഹിതമാംവണ്ണം തെളിയിക്കുന്നുണ്ട്.

സാമ്രാജ്യത്വംതന്നെ ഭരണാധികാരം നേരിട്ടു നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ടുകിടക്കുന്നതും മുഖ്യമായും സാമ്പത്തികേതരമായ നിർബ്ബന്ധങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതുമായ കോളനി ചൂഷണത്തിൻെറ രൂപങ്ങൾമാത്രമാണ് രാഷ്ട്രീയ വിമോചനംകൊണ്ടു ഉൻമൂലനംചെയ്യപ്പെടുക. ചൂഷണത്തിൻെറ സാമ്പത്തിക രൂപങ്ങളുടെമേലും രാഷ്ട്രീയ വിമോചനം പ്രഹരമേല്പിക്കും; എന്നാൽ സാമ്പത്തിക ചൂഷണം പൂർണ്ണമായും തുടച്ചുനീക്കപ്പെടുകയില്ല. അതിന്നിടവരുത്തുന്ന സാഹചര്യങ്ങൾ ചുവടെ വിവരിക്കാം:—

ഒന്നാമതായി, അർദ്ധവികസിത നാട്ടുകളിലെ സമ്പദ്‌വ്യവസ്ഥയിൽ ഫിനാൻസ് മൂലധനം വളരെ പ്രമുഖങ്ങളായ സ്ഥാനങ്ങൾ കൈവശംവെച്ചുകൊണ്ടിരിക്കുന്നുണ്ട്.

രണ്ടാമതായി, മുതലാളിത്ത വ്യവസ്ഥയിലെ സമ്പദ്ഘടനയുടെ ചട്ടക്കൂട്ടിനകത്ത് സ്ഥിതിചെയ്യുന്ന കാലത്തോ

ളം പരിപൂർണ്ണമായ രാഷ്ട്രീയ സ്വാതന്ത്ര്യം കൈവന്നിട്ടുള്ള നാട്ടുകളെപ്പോലും ഫിനാൻസ് മൂലധനം ചൂഷണംചെയ്യുകയും കീഴടക്കുകയും ചെയ്യുന്നതാണ്.

മൂന്നാമതായി മുൻകോളനി പ്രദേശങ്ങൾ "ലോകത്തിലെ ഗ്രാമപ്രദേശങ്ങള"ല്ലാതെ മറെറാന്നുമല്ല. അവ ഈ പദവിയിൽതന്നെ ലോകമുതലാളിത്ത വ്യവസ്ഥയിൽ തുടരുന്നേടത്തോളംകാലം "ലോകത്തിലെ നഗരങ്ങൾ" അനിവാര്യമായും അവയെ ചൂഷണംചെയ്യുന്നതായിരിക്കും.

ഇന്നത്തെ ഘട്ടത്തിൽ സാമ്പത്തിക സ്വാതന്ത്ര്യത്തിനുള്ള സമരമാണ് ദേശീയ വിമോചന പ്രസ്ഥാനത്തിലെ പ്രധാന പ്രശ്നം. രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയതിന്നുശേഷം ദേശീയ വിമോചന വിപ്ലവത്തിന്നുണ്ടാവേണ്ടുന്ന യുക്തിസഹമായ തുടർച്ചയും വികാസവുമാണ് ഈ സമരം. ഈ ഘട്ടത്തിലും വിമോചിത ജനതകളുടെ ഒന്നാംനമ്പർ ശത്രു സാമ്രാജ്യത്വവും അതിന്റെ പുത്തൻ കോളനിമേധാവിത്വപരമായ നയവുമാണ്. സാമ്പത്തിക സ്വാതന്ത്ര്യം നേടാതെ യുഗങ്ങളായി നിലനിന്നുവന്നിട്ടുള്ള പിന്നോക്കനില അവസാനിപ്പിയ്ക്കുവാനും ദേശീയമായ പുനരുദ്ധാരണത്തിന്നുറപ്പുവരുത്തുവാനും സാദ്ധ്യമല്ല.

സാമ്പത്തിക സ്വാതന്ത്ര്യത്തിന്നുവേണ്ടിയുള്ള സമരം പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളിലെ ജനജീവിതത്തിന്റെ എല്ലാ തുറകളിലും നടക്കുന്നുണ്ട്—സാമ്പത്തികം, സാമൂഹ്യം, ആശയപരം, രാഷ്ട്രീയം. രാജ്യത്തിനകത്തും പുറത്തുമുള്ള വ്യത്യസ്ത വർഗ്ഗങ്ങളുടേയും സാമൂഹ്യമായ അണികളുടെയും മൗലിക താല്പര്യങ്ങളെ ബാധിക്കുന്ന സമരമാണിത്; ഈ സമരത്തിന്റെ മുൻപന്തിയിൽ നില്ക്കുന്ന രാഷ്ട്രീയ ശക്തി

കളേതൊക്കെയാണ്, ദേശീയ പരമാധികാരം നേടിയശേഷം രാജ്യത്തിൽ സ്ഥാപിതമായ രാഷ്ട്രീയ പരമാധികാരം ഏതുതരത്തിലാണ് എന്നിങ്ങനെ വർഗ്ഗശക്തികളുടെ ബന്ധത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ സമരത്തിൻെറ വിജയം കിടക്കുന്നതു്. സാമ്പത്തിക സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം ഇന്നത്തെ സാമ്രാജ്യ-വിരുദ്ധ മുന്നണിയുടെ കേന്ദ്രഘടകമായിത്തീർന്നിരിക്കുന്നു.

തങ്ങൾക്ക് ഇനി കോളനികളുടെ ആവശ്യമില്ലെന്നും അർദ്ധവികസിത നാടുകളെ ചൂഷണം ചെയ്യുന്നതിൽ തങ്ങൾക്കു താല്പര്യമില്ലെന്നും സാമ്രാജ്യത്വവാദികൾ പ്രഖ്യാപിക്കാറാണ്. അതിന്നവർ പറയുന്ന കാരണം അസംസ്കൃതപദാർത്ഥങ്ങളുടെ ഉറവിടമെന്ന നിലയിലും, ചരക്കുകളുടെ വില്പനക്കുള്ള കമ്പോളമെന്ന നിലയിലും, മൂലധനം കയററി അയക്കുവാനുള്ള മേഖലകളെന്ന നിലയിലും പീരങ്കിക്കു തീററ കൊടുക്കാൻ ആളുകളെ നല്കുന്ന നാടുകളെന്ന നിലയിലും സമരതന്ത്രപ്രാധാന്യമുള്ള പ്രദേശങ്ങളെന്ന നിലയിലും കോളനികൾക്കുള്ള പ്രാധാന്യം നഷ്ടപ്പെട്ടിരിക്കുന്നുവെന്നാണ്. പ്രകൃതിയിൽനിന്നും ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങളുടെ സ്ഥാനം സിൻതെററിക്ക് പദാർത്ഥങ്ങൾ കൈക്കലാക്കിവരികയും സാമ്രാജ്യത്വ നാടുകളുടെ വിദേശവ്യാപാരത്തിൻ അർദ്ധവികസിത നാടുകൾക്കുള്ള ഓഹരി കുറഞ്ഞുവരികയും വികസിത നാടുകളിലേക്കുള്ള മൂലധനക്കയററുമതി വർദ്ധിച്ചുവരികയും ചെയ്യുന്നുവെന്നു സൂചിപ്പിക്കുന്ന ഒരു പ്രവണതയുണ്ടെന്നാണ് അവർ പറയുന്നതു്. സ്ഥിതിവിവരക്കണക്കുകൾ അവർ ഈ വാദത്തിനുള്ള തെളിവായി ഉദ്ധരിക്കുന്നുമുണ്ടു്.

ഈ സമർത്ഥനങ്ങളൊന്നും വസ്തുതകൾക്കു നിരക്കുന്നതല്ല. ഒന്നാമതായി പ്രകൃതിയിൽനിന്നും ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾക്കുള്ള പ്രാധാന്യം നഷ്ടമായിട്ടില്ല. അവയിൽ ചില ഇനങ്ങൾ പിന്നോട്ടുപോയിട്ടുണ്ടെന്നതു ശരിതന്നെ. മുമ്പെന്നപോലെ ഇന്നും കുത്തക മുതലാളിമാരെ എണ്ണയുടെ ഗന്ധം ലഹരിപിടിപ്പിക്കുന്നുണ്ട്. ഏഷ്യ, ആഫ്രിക്ക, ലേററിനമേരിക്ക എന്നീ വൻകരകളിൽ ധാരാളമായി ലഭിക്കുന്ന വിലപിടിച്ച ധാതുദ്രവ്യങ്ങളിൽ അവക്കു കൊതിയുണ്ട്. ഭൂഗർഭത്തിൽ ധാതുനിക്ഷേപങ്ങൾ അസമമായ രീതിയിൽ വിതരണം ചെയ്യപ്പെട്ടുകിടക്കുന്നുവെന്നതും ചിലയിനം അസംസ്കൃത വസ്തുക്കൾ ചില സാമ്രാജ്യത്വനാട്ടുകൾക്കു സ്വന്തം പ്രദേശത്തു കിട്ടാൻ മാർഗ്ഗമില്ലെന്നതുമാണ് പ്രശ്നം. മററുചില നാട്ടുകളിൽ അസംസ്കൃത വസ്തുക്കളുടെ ഉറവിടങ്ങൾ കുത്തക മുതലാളിമാർ പിടിച്ചെടുത്തിട്ടുണ്ടെന്നതു ഏററവും പ്രധാനമായ ഒരു സംഗതിയാണ്. അത്തരം ഉറവിടങ്ങൾ ചൂഷണത്തിന്നു സൗകര്യമുള്ളതും കൊള്ളലാഭം തട്ടിയെടുക്കുവാൻ സാദ്ധ്യതയുള്ളതുമാകയാൽ അവ വിട്ടുകൊടുക്കുവാൻ അവർ ഉദ്ദേശിക്കുന്നില്ലെന്നു മാത്രമല്ല സമ്പത്ത് വർദ്ധിപ്പിക്കുവാനായി പുതിയ ചില മേഖലകൾക്ക് വേണ്ടി അവർ അന്വേഷിച്ചുകൊണ്ടിരിക്കുകയുമാണ്. കൃത്രിമമായി നിർമ്മിച്ച അസംസ്കൃത പദാർത്ഥങ്ങളുപയോഗിക്കുന്നതിലേക്കുള്ള മാററത്തെപററിയാണെങ്കിൽ കുത്തകകൾ ബോധപൂർവ്വം പ്രകൃതിജന്യമായ അസംസ്കൃത പദാർത്ഥങ്ങൾ കുറപ്പിക്കുവാൻ സമ്മർദ്ദം ചെലുത്തുവാൻവേണ്ടി നടത്തുന്ന പ്രചരണമാണതു്. അങ്ങിനെ വില കുറച്ചു കിട്ടിയാൽ ഉല്പാദനച്ചിലവിലുണ്ടാവുന്ന താരതമ്യേന

കുറവുണ്ടാവുമെന്നും കൂടുതൽ വമ്പിച്ച ലാഭം കിട്ടുവാൻ അതുവഴി സാധിക്കുമെന്നും അവക്കറിയാം.

രണ്ടാമതായി സാവ്വദേശീയ വ്യാപാരത്തിൽ അർദ്ധവികസിത നാട്ടുകൾക്കുണ്ടായിരുന്ന പങ്ക് കുറഞ്ഞുവരികയാണെന്നിരിക്കിലും സാമ്രാജ്യത്വനാട്ടുകളുമായി അവർ നടത്തുന്ന വ്യാപാരത്തിന്റെ ആകത്തുക വർദ്ധിച്ചുവരികയാണ്. അതിൻഫലമായി അത്തരം വ്യാപാരങ്ങളിൽനിന്നുള്ള കുത്തകകളുടെ ലാഭവും വർദ്ധിച്ചിട്ടുണ്ട്. കുത്തക മുതലാളിത്തം ആഭ്യന്തരമായ വില്പനകളുടെ പ്രശ്നത്തിനു പരിഹാരം കാണാൻ കഴിവില്ലാതെ വിദേശക്കമ്പോളങ്ങളിലെ വില്പന വിപുലീകരിക്കുവാൻ പാടുപെടുകയാണ്. സാമ്രാജ്യത്വനാട്ടുകൾ അവരുടെ ആഭ്യന്തരമായ സാമ്പത്തിക വൈരുദ്ധ്യങ്ങൾ അന്യനാട്ടുകളുടെ ചിലവിൽ പരിഹരിക്കുവാനാണ് ശ്രമിച്ചിട്ടുള്ളത്, അതിനാണ് അവർ ഇന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നതും, അതിൽ ആദ്യമായും അവർ ഉപയോഗപ്പെടുത്തുക അർദ്ധവികസിത നാട്ടുകളെയാണ്,

KOTTAYAM PUBLIC LIBRARY KOTTAYAM

മൂന്നാമതായി മൂലധനം അതിന്റെ സ്വഭാവമനുസരിച്ചുതന്നെ ദേശീയമായ അതൃത്തികൾ അതിലംഘിച്ചുകൊണ്ടു മുന്നോട്ടുപോവുകയാണ്. സാമ്രാജ്യത്വനാട്ടുകളിൽ മൂലധനം മുമ്പുതന്നെ കെട്ടിപ്പിണഞ്ഞാണ് കിടന്നിരുന്നത്. ആ സ്ഥിതിക്ക് ഇന്നത്തെ സാമ്പത്തികപുരോഗതിയിലൂടെ കൂടുതൽ സാന്ദ്രത കൈവന്നിട്ടുണ്ട്. അതോടെ മൂലധനം കയറുമതിചെയ്യുന്നതിനുള്ള സാദ്ധ്യതകൾ വിപുലീകരിക്കുവാനും അതുപയോഗിച്ചുകൊണ്ടു വിദേശമേഖലകളിൽ സൂത്രവിദ്യകൾ പ്രയോഗിക്കുവാനും സാധിക്കത്തക്കവണ്ണം വികസ്വരനാട്ടുകളിൽ മുതലാളിത്തത്തിന്റെ രാഷ്ട്രീയനയം നില

ഉറപ്പിക്കേണ്ടുന്ന ആവശ്യകത ഒരു പ്രശ്നമായി ഉയൎന്നുവന്നിരിക്കയാണ്. മുൻ കോളനികളും അധീശനാട്ടുകളും തമ്മിൽ അധ്വാനശക്തി, ഭൂമി മുതലായവയുടെ വിലയിൽ ഭീമമായ അന്തരങ്ങൾ നിലനില്ക്കുന്ന കാലത്തോളം ഈ മുൻകോളനികളെ മൂലധനനിക്ഷേപത്തിന്നും ആദായകരമായ അധ്വാനശക്തിക്കും വേണ്ടി സ്വന്തം അധീനത്തിൽതന്നെ നിലനിൎത്തുവാൻ കുത്തകമുതലാളിമാർ ആഗ്രഹിക്കാതിരിക്കയില്ല.

നാലാമതായി ഈ രാജ്യങ്ങളെ ചൂഷണംചെയ്യുന്നതിലുള്ള സാമ്പത്തിക താല്പര്യങ്ങൾക്ക് പുറമെ സാമ്രാജ്യത്വനാട്ടുകൾക്ക് സമരതന്ത്രപ്രധാനമായ വീക്ഷണകോണിൽനിന്നും ഈ രാജ്യങ്ങളിൽ താല്പര്യമുണ്ട്. ഇവിടങ്ങളിൽ സൈനികത്താവളങ്ങൾ നിലനിൎത്തുവാനും പുതുതായി നിൎമ്മിക്കുവാനും, ന്യൂക്ലിയർ പരീക്ഷണത്തിന്നുള്ള മേഖലയായി ഉപയോഗപ്പെടുത്തുവാനും സാമ്രാജ്യത്വരാഷ്ട്രങ്ങൾക്ക് ആഗ്രഹമുണ്ട്. അവയിൽ ചിലവയെ വിവിധപ്രദേശങ്ങളിൽ സാമ്രാജ്യത്വസ്വാധീനം വികസിപ്പിക്കുന്നതിന്നു പററിയ സുരക്ഷിതകേന്ദ്രങ്ങളായോ ലോകസോഷ്യലിസ്റ്റ്സമുദായത്തിന്നെതിരായ ആക്രമണപ്രവൎത്തനങ്ങൾക്കും തുറപ്പൻ പണികൾക്കുമുള്ള മുന്നേററസ്ഥാനങ്ങളായോ മാററുവാനും കുത്തകമുതലാളിമാർ ആഗ്രഹിക്കുന്നുണ്ട്.

അതുകൊണ്ടാണ് വികസ്വരനാട്ടുകളിൽ മുതലാളിത്തത്തെ സംരക്ഷിക്കുകയും ലോകമുതലാളിത്വസമ്പദ്‌വ്യവസ്ഥയുടെ സഞ്ചാരപഥത്തിൽതന്നെ അവയെ നിലനിൎത്തുകയും ചെയ്യണമെന്ന നയം വൎത്തമാനസാമ്രാജ്യത്വത്തിന്റെ പുത്തൻ കോളനിമേധാവിത്വനയത്തിലെ ആണിക്കല്ലായി തീൎന്നിട്ടുള്ളതു്. അക്കാരണത്താൽതന്നെയാണ് സ്വായുധബലം

ഉപയോഗിച്ചു ഈ നയം മററുള്ളവരുടെ മേൽ വെച്ചുകെട്ടുന്നതിന്നു സാമ്രാജ്യത്വത്തിനു സങ്കോചമില്ലാത്തതും. അതേ കാരണംകൊണ്ടാണ് സാമ്പത്തിക സ്വാതന്ത്ര്യത്തിന്നുവേണ്ടിയുള്ള സമരം മുതലാളിത്തത്തിന്നെതിരായ സമരംകൂടിയായിതീൎന്നിട്ടുള്ളതു്.

സാമ്പത്തികമായ സ്വാതന്ത്ര്യം കൈവരിക്കണമെങ്കിൽ വികസ്വരനാട്ടുകൾ പ്രാധാനപ്പെട്ട ഒട്ടേറെ ആഭ്യന്തരനടപടികൾ എടുക്കേണ്ടതായിട്ടുണ്ടു്. വിദേശക്കുത്തകകളുടെ സ്വത്തുക്കൾ ദേശസാല്കരിക്കുക; സമ്പദ് വ്യവസ്ഥയിലെ പൊതുമേഖലയ്ക്കു് എല്ലാതരത്തിലുമുള്ള പ്രോത്സാഹനവും നല്കുകയും സാമ്പത്തികമായ ആസൂത്രണത്തെ വികസിപ്പിക്കുകയും ചെയ്തുകൊണ്ടു് ത്വരിതഗതിയിലുള്ള സാമ്പത്തിക വികസനത്തിനാവശ്യമായ ആഭ്യന്തരവിഭവങ്ങളേയും ശക്തികളേയും സമാഹരിച്ചുപയോഗിക്കുവാൻ സാദ്ധ്യതയുണ്ടാക്കുക; വ്യവസായവല്കരണം നടപ്പിലാക്കുകയും അതിൽക്കൂടി കോളനിമാതൃകയിലുള്ള സമ്പദ്‌വ്യവസ്ഥയെ തുടച്ചുനീക്കുവാനും സാമ്രാജ്യത്വരാഷ്ട്രങ്ങളിന്മേലുള്ള ആശ്രിതത്വം കുറച്ചുകൊണ്ടുവരുവാനും കുത്തകമുതലാളിമാരുടെ സൎവ്വാധിപത്യത്തെ ചെറുത്തുനില്ക്കുവാനുമുള്ള കരുത്ത് വളൎത്തിക്കൊണ്ടുവരിക; ഭൂവുടമകളുടെയും പണമിടപാടുകാരുടെയും അടിമത്വത്തിൽനിന്നും കൃഷകനെ മോചിപ്പിക്കുവാനും അവൻെറ ജീവിതനിലവാരം ഉയൎത്തുവാനും വ്യവസായത്തിനാവശ്യമായ ഒരാഭ്യന്തര വിപണി സൃഷ്ടിക്കുവാനുമുള്ള ലക്ഷ്യം വെച്ചുകൊണ്ടു് കാർഷിക പരിഷ്കാരങ്ങൾ നടപ്പിലാക്കുക.

ഈ ജനാധിപത്യപരിപാടിയെ മാത്രമെടുത്താൽ അതു ജനാധിപത്യവിപ്ലവത്തിൻെറ ചട്ടക്കൂട്ടിന്നപ്പുറം പോകു

ന്നില്ല. എന്തുകൊണ്ടെന്നാൽ ആ പരിപാടിയിലടങ്ങിയിരിക്കുന്ന യാതൊരു നടപടിയും സോഷ്യലിസ്റ്റ്സ്വഭാവമുള്ളതല്ല; അവ കോളനിവാഴ്ചയുടെ പൈതൃകത്വം തുടച്ചുനീക്കുവാനുദ്ദേശിച്ചുകൊണ്ടുള്ളവ മാത്രമാണ്. സാമ്രാജ്യത്വത്തിന്നെതിരായി പോരാടിക്കൊണ്ടിരിക്കുന്ന ദേശീയ ബൂർഷ്വാസിയും ഈ ജനാധിപത്യപരിപാടി നടപ്പിലാക്കുന്നതിൽ പങ്കുചേരുന്നുണ്ട്. എന്നാൽ ഈ പരിപാടി മുഴുവനുമായി നടപ്പിൽ വരുത്തുകയെന്നതു് ബൂർഷ്വാ നേതൃത്വത്തിന്റെ കഴിവിന്നപ്പുറമുള്ള കാര്യമാണെന്നു് അനുഭവം തെളിയിച്ചതാണ്.

വികസ്വരരാജ്യങ്ങളിലെ ബൂർഷ്വാസിക്കു് സാമ്രാജ്യവിരുദ്ധവും നാടുവാഴിത്തവിരുദ്ധവുമായ ജനാധിപത്യവിപ്ലവത്തെ അതിന്റെ യുക്തിസഹമായ പരിണാമത്തിലെത്തിക്കുവാൻ കഴിവില്ല ബൂർഷ്വാസിയുടെ നായകത്വത്തിൽ ഈ ജനാധിപത്യപരിപാടി നടപ്പിൽ വരുത്തുവാൻ സാധിക്കയില്ല; എന്തുകൊണ്ടെന്നാൽ ഈ പരിപാടി മുതലാളിത്തത്തിന്റെ സങ്കുചിതമായ സീമകളെ അതിലംഘിച്ചു മുന്നോട്ടു നീങ്ങുന്നുണ്ട്. ഇന്നത്തെ ഘട്ടത്തിൽ ദേശീയ വിമോചന വിപ്ലവം ബൂർഷ്വാ–ജനാധിപത്യവിപ്ലവത്തേക്കാൾ കൂടുതൽ പരപ്പും ആഴവും ഉള്ളതാണ്.

മുതലാളിത്തവികസനത്തിന്റെ പാത പിൻപറ്റുന്ന പക്ഷം സാമ്പത്തികസ്വാതന്ത്ര്യം നേടുവാനോ പിന്നോക്കനിലയെ അതിജീവിക്കുവാനോ സാധ്യമാകയില്ലെന്നു് വിമോചിതരാഷ്ട്രങ്ങളുടെ അനുഭവങ്ങൾ അവിതർക്കിതമാംവണ്ണം തെളിയിക്കുന്നുണ്ട്.

മുതലാളിത്തവികസനത്തിൽ അന്തർഭവിച്ചുകിടക്കുന്ന

ളു സാർവ്വദേശീയമായി മുതലാളിത്തം നടപ്പാക്കിയ തൊഴിൽവിഭജനമേഖലയിൽത്തന്നെ വിമോചിതരാഷ്ട്രങ്ങളെ പിടിച്ചുനിർത്തുകയെന്നതാണ്. അങ്ങനെയായാൽ സാമ്രാജ്യത്വനാടുകളുമായി സമത്വം ലഭിക്കാതെ കാർഷികോല്പന്നങ്ങളും അസംസ്കൃതപദാർത്ഥങ്ങളും നല്കുന്ന ഒരനുബന്ധമായി ഈ വിമോചിതരാഷ്ട്രങ്ങൾ തുടരേണ്ടിവരും.

വികസ്വരനാടുകളിലെ സമ്പദ്‌വ്യവസ്ഥയുടെ കോളനിഘടനക്കു മൗലികമായ മാററങ്ങൾ വരുത്തുവാൻ മുതലാളിത്തത്തിന്നു സാദ്ധ്യമല്ല. പ്രാദേശികമായ ദേശീയ മൂലധനം ദുർബ്ബലമാണ്. യഥാർത്ഥമായ വ്യവസായവല്ക്കരണം നടപ്പിലാക്കുവാനോ കൃഷിയിൽ ഒരു മുന്നേററം കൈവരുത്തുവാനോ ഉള്ള കഴിവ് അതിന്നില്ല. ദേശീയ വികസനത്തിൻെറ ഭാരമേറിയ കടമകൾ നിറവേററുവാൻ പര്യാപ്തമായ തോതിൽ വിഭവങ്ങൾ സംഭരിക്കുവാനും ഉപയോഗപ്പെടുത്തുവാനും മൂലധനസംഭരണത്തിനുള്ള മുതലാളിത്തരീതികൾ മുഖേന സാദ്ധ്യമല്ല. അതിൻഫലമായി അർദ്ധവികസിതനാടുകളിലെ സാമ്പത്തികവികസനത്തിൻെറ നിലവാരവും വ്യാവസായികമായി വികസിച്ച രാഷ്ട്രങ്ങളുടെ വികസനത്തിൻെറ നിലവാരവും തമ്മിലുള്ള വിടവ് നികത്തുവാനാവശ്യമായ തോതിലുള്ള ഒരു സാമ്പത്തിക വളർച്ചക്കു് ഉറപ്പുനല്കുന്ന കാര്യത്തിൽ മുതലാളിത്തം നിസ്സഹായമാണ്.

മുതലാളിത്തമെന്നതു് വേദനാജനകമാംവിധം മന്ദഗതിയിൽ നീങ്ങുന്ന ഒരു പ്രക്രിയയാണ്, അതിൽ അദ്ധ്വാനിച്ചു ജീവിക്കുന്ന വർഗ്ഗങ്ങളുടെ, പ്രത്യേകിച്ചും കർഷകവർഗ്ഗത്തിൻെറ, പാപ്പരീകരണംകൂടി ഉൾക്കൊള്ളുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന രാജ്യങ്ങളിൽ മുതലാളി

ത്തബന്ധങ്ങളുടെ പുനരുല്പാദനം സൂചിപ്പിക്കുന്നതു ജനസംഖ്യയിൽ ബഹുഭൂരിപക്ഷം വരുന്നവരെ സംബന്ധിച്ചും ദാരിദ്ര്യത്തിൻെറയും ചൂഷണത്തിൻെറയും ദുരിതങ്ങളുടെയും പുനരുല്പാദനം (അതുതന്നെ വദ്ധമാന തോതിൽ) നടക്കുന്നുവെന്നാണ്. എല്ലാററിനും പുറമെ ഈ നാട്ടുകളിൽ മുതലാളിത്തം വികസിക്കുന്നതുതന്നെ എത്രയും ജുഗുപ്സാവഹമായ രൂപങ്ങളിൽ, മധ്യകാലാവശിഷ്ടങ്ങളുമായും, മററു തരത്തിലുള്ള കാലഹരണംവന്ന സാമൂഹ്യ–സാമ്പത്തിക ബന്ധങ്ങളുമായും കെട്ടിപ്പിണഞ്ഞുകൊണ്ടുതന്നെയാണ്. എവിടെയെല്ലാം വിമോചിതരാഷ്ട്രങ്ങളിൽ ബഹുജനങ്ങളെ സൃഷ്ടിപരമായ സജീവപ്രവത്തനത്തിലേക്കു് ആകർഷിക്കുവാൻ സാധിച്ചിട്ടുണ്ടോ, അവിടെയെല്ലാം സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അവരുടെ സഹായം നേടുവാൻ സാധിച്ചിട്ടുണ്ടോ, എവിടെയെല്ലാം സാമൂഹ്യജീവിതത്തെ സുധീരം ജനാധിപത്യവൽക്കരിക്കുവാൻ സാധിച്ചിട്ടുണ്ടോ ആ രാഷ്ട്രങ്ങളിൽ ദേശീയ പുനർനിർമ്മാണത്തിൽ ഏററവും വലിയ വിജയങ്ങൾ നേടുവാൻ സാധിച്ചിട്ടുണ്ടെന്നാണ് അനുഭവംകൊണ്ടു മനസ്സിലാവുന്നതു്. ഇത്തരം നടപടികളെടുക്കുവാൻ മുതലാളിത്തത്തിനു കഴിവില്ല. ബഹുജനങ്ങളുടെ സൃഷ്ടിപരമായ മുൻകൈ തടഞ്ഞുവെക്കുവാൻ സാധ്യമായതെല്ലാം അതു ചെയ്യും. ദേശീയ പുനരുദ്ധാരണത്തിൻെറ കടമകൾ നിറവേററുന്നതിന്നുവേണ്ടി ബഹുജനങ്ങളെ അണിനിരത്തുന്നതിൽ അതിന്നു ഭയമുണ്ട്.

സാമ്പത്തികമായി അദ്ധവികസിതമായ രാഷ്ട്രങ്ങളുടെ മർമ്മപ്രധാനമായ ദേശീയ കടമകൾ നിറവേററുന്നതിൽ മുതലാളിത്തം നിസ്സഹായമാണെന്നു അനുഭവത്തിൽ നാം കാണുന്നതാണ്. ആ രാഷ്ട്രങ്ങൾക്ക് ഒരു ഭാസുരഭാവി നേടു

(1513)



വാനുള്ള പാത ചൂണ്ടിക്കാണിച്ചുകൊടുക്കുവാൻ മുതലാളിത്തത്തിനു സാധ്യമല്ല. മുതലാളിത്തത്തിനുതന്നെ ചരിത്രപരമായി യാതൊരു ഭാവിയുമില്ലല്ലോ.

ഈ നാട്ടുകളിൽ ഇതിൽനിന്നും വ്യത്യസ്തമായ ഒരു പാത, മുതലാളിത്തേതര സോഷ്യലിസ്റ്റ്പാത, വികസന കാര്യത്തിൽ സ്വീകരിക്കപ്പെട്ടുവാനുള്ള വസ്തുനിഷ്ഠമായ സാദ്ധ്യത ഇന്നുണ്ടോ? ചെറുകിട ചരക്കുല്പാദനം ആധിപത്യം വഹിക്കുന്ന നാട്ടുകളിൽ സോഷ്യലിസ്റ്റ്‌വികസനത്തിന്നുള്ള ഒരു പന്ഥാവിന്നുവേണ്ടി അന്വേഷണം നടത്തുന്നതു് നിഷ്ഫലമാണോ? ചെറുകിട ചരക്കുല്പാദനം നിമിഷംതോറും, മണിക്കൂർതോറും വിപുലമായ തോതിൽ മുതലാളിത്തത്തിന്നു ജന്മം നല്കുന്നുവെന്നതു് എല്ലാവക്കും അറിയാവുന്നതാണ്. ദേശീയ ജനാധിപത്യവിപ്ലവം മുതലാളിത്തത്തിന്നുള്ള മണ്ണ് ഫലഭൂയിഷ്ഠമാക്കുവാൻ ബാദ്ധ്യതപ്പെട്ടതാണെന്നും ആ വിപ്ലവത്തിൻെറ സ്വഭാവത്തിൽനിന്നുതന്നെ അതിന്നു ബൂർഷ്വാജനാധിപത്യവിപ്ലവത്തിൻെറ സീമകൾക്കപ്പുറം പോകുവാൻ വയ്യെന്നു വ്യക്തമാണെന്നുമല്ലേ ഇത്തരം വാദങ്ങളിൽനിന്നെല്ലാം സിദ്ധമാവുന്നതു്?

നാം സിദ്ധാന്തപരമായി അമൂർത്തമായി വാദപ്രതിവാദം നടത്തുകയും സമൂർത്തമായ ചരിത്രപരിതസ്ഥിതികളുടെ നേരെ കണ്ണടക്കുകയും ചെയ്യുന്നപക്ഷം ചെറുകിട ചരക്കുല്പാദനം മുതലാളിത്തത്തെ വളർത്തിക്കൊണ്ടുവരുന്നുവെന്ന വസ്തുതയിൽനിന്നും അപ്പുറം കടക്കുവാൻ നമുക്കു സാധിക്കയില്ല. വികസിതങ്ങളായ പാശ്ചാത്യരാജ്യങ്ങളിൽ വിപ്ലവം വിജയിക്കുന്നപക്ഷം റഷ്യയിലെ വില്ലേജ് കമ്യൂണുകൾക്കു മുതലാളിത്തേതര മാർഗ്ഗത്തിലൂടെ വികസനം പ്രാപിക്കുവാ

നുള്ള സാദ്ധ്യതയുമുണ്ടെന്നു് മാർക്സ് അംഗീകരിച്ചിരുന്നു. സമൂർത്തമായ ചരിത്രപരിതസ്ഥിതികളെ ശരിയ്ക്കും വിശകലനം ചെയ്കതിൽനിന്നാണു് മാർക്സിന്നു ആ നിഗമനത്തിലെത്താൻ സാധിച്ചതു്. നമ്മുടെ കാലത്തു് ദേശീയ വിമോചനവിപ്ലവം വികസിച്ചുവരുന്നതിലുള്ള വിജയസാദ്ധ്യതയുടെ നേരെ ഒരു പുതിയ സമീപനം സ്വീകരിക്കുവാൻ ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയുടെ രൂപീകരണം നമുക്കു കഴിവുണ്ടാക്കിയിട്ടുണ്ടു്; നാമതിന്നു ബാദ്ധ്യസ്ഥരുമാണു്.

ഈ സ്ഥിതിയിൽ യുവവിമോചിത രാഷ്ട്രങ്ങളുടെ ഇനിയങ്ങോട്ടുള്ള വികാസത്തിന്നുള്ള വിജയസാദ്ധ്യതയെന്താണു്? ഈ ചോദ്യത്തിന്നു മറുപടി പറയാൻ സാധിക്കണമെങ്കിൽ കോളനിരീതിയിലുള്ള ആശ്രിതത്വത്തിൽനിന്നും സ്വയം സ്വതന്ത്രരായിട്ടുള്ള രാജ്യങ്ങളിൽ ഇന്നു നടന്നുകൊണ്ടിരിയ്ക്കുന്ന ആഭ്യന്തര പ്രവർത്തനക്രമങ്ങളെ അഗാധതലത്തിൽതന്നെ വിശകലനം ചെയ്യേണ്ടതായിട്ടുണ്ടു്. ഈ പ്രവർത്തനക്രമങ്ങളുടെ പഠനം നടത്തേണ്ടതു് ഇവയെ മാത്രം ഒറ്റതിരിച്ചു് എടുത്തിട്ടല്ല. ലോകവ്യാപകമായ തോതിൽ മുതലാളിത്തത്തിൽനിന്നും സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനം നടക്കുന്ന കാലഘട്ടത്തിൽ മാനവസമുദായത്തിന്റെ വികാസത്തിലെ പൊതു ഗതിക്രമത്തിന്റെ ഭാഗമെന്ന നിലയ്ക്കു് ഈ പ്രവർത്തനക്രമങ്ങളെപററി പഠനം നടത്തണം. വ്യത്യസ്തരാജ്യങ്ങളിൽ നിലനില്ക്കുന്ന ചുററുപാടുകളുടെ വൈവിധ്യവും വികസനത്തിനുള്ള മാർഗ്ഗങ്ങളുടെ സവിശേഷതകളും വെച്ചുകൊണ്ടുതന്നെ ഈ നാട്ടുകൾക്കു പൊതുവായ ചില വികസനനിയമങ്ങൾ ഉണ്ടു്. അവ രണ്ടു വ്യവസ്ഥകൾ തമ്മിലുള്ള സമരത്തിൽനിന്നും ഉടലെടുത്തവയാണു്. സാമ്രാജ്യത്വം രൂപംകൊണ്ട ഘട്ടത്തിൽ തൊഴിലാ

ളിവിപ്ലവത്തെ ഏതെങ്കിലും ഒരു രാജ്യത്തിലെ ആഭ്യന്തര വികാസത്തിൻെറ മാത്രം ഫലമായിട്ട കണക്കാക്കിയാൽ മതിയായിരുന്നില്ല. അതിനെ സാമ്രാജ്യത്വത്തിൻെറ ലോകവ്യവസ്ഥയിലെ വൈരുധ്യങ്ങളുടെ വികാസത്തിന്റെ ഫലമായിട്ട്തന്നെ കണക്കാക്കേണ്ടതുണ്ടായിരുന്നു. ഇന്നു നിലനിൽക്കുന്ന പരിതസ്ഥിതികളിൽ ദേശീയ വിമോചന വിപ്ലവങ്ങളേയും അവയുടെ വികസനത്തിൻെറ ഭാവിയേയും ഏതെങ്കിലും ഒരു രാജ്യത്തിലെ ആഭ്യന്തരവികാസത്തിൻെറ നിലപാടിൽനിന്നുമാത്രം വിലയിരുത്തുന്നതു് അന്നത്തേതിനേക്കാൾ അപര്യാപ്തമായിരിക്കും. ലോകത്തിൽ സോഷ്യലിസവും സാമ്രാജ്യത്വവും തമ്മിൽ നടക്കുന്ന സമരത്തിൻെറ ഫലമായി സൃഷ്ടമായിത്തീരുന്ന ചുററുപാടുകളുമായി ഗാഢമായി ബന്ധിക്കപ്പെട്ടതായിട്ടുതന്നെ ഈ വിപ്ലവങ്ങളെ കണക്കാക്കണം.

ഒക്ടോബർ വിപ്ലവത്തിന്നുശേഷം രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളേയും രാഷ്ട്രങ്ങളുടെ ലോകവ്യവസ്ഥയേതന്നെയും നിർണ്ണയിച്ചുകൊണ്ടിരിക്കുന്നതു് സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ ഒരു ചെറിയ ഗ്രൂപ്പ് സോവിയററ്പ്രസ്ഥാനത്തിന്നെതിരായും രഷ്യയുടെ നേതൃത്വത്തിലുള്ള സോവിയററ്സ്റ്റേയിററുകൾക്കെതിരായും നടത്തിയ സമരമായിരുന്നുവെന്നു ലെനിൻ രേഖപ്പെടുത്തിയിട്ടുണ്ട്. സോഷ്യലിസം ഈ പ്രത്യേകപ്രശ്നത്തിൽ സാമൂഹ്യവികാസത്തിലെ നിർണ്ണായകശക്തിയായി മാറിക്കൊണ്ടിരിക്കുകയാണെന്നാണ് അദ്ദേഹം സൂചിപ്പിച്ചതു്. ഒരു ദേശീയപ്രശ്നമോ കോളനിപ്രശ്നമോ സംബന്ധിച്ച്, ലോകത്തിൻെറ അങ്ങേയററമത്തെ ഒരു കോണിനെ ബാധിക്കുന്നതായാലും തരക്കേടില്ല, ശരിയായ ഒരു നിഗമനത്തിലെത്തണമെങ്കിൽ ഈ ഘടകങ്ങളെയെല്ലാം കണ

ക്കിലെടുക്കേണ്ടതായിട്ടുണ്ട്. ഈയൊരു സമീപനംകൊണ്ടു മാത്രമേ കമ്യൂണിസ്റ്റ്പാർട്ടികൾക്ക്, അങ്ങേയററത്തെ വികസനം നേടിയ നാട്ടുകളിലായാലും ശരി സാമ്പത്തികമായി അത്രയൊന്നും വികസിച്ചിട്ടില്ലാത്ത നാട്ടുകളിലായാലും ശരി, കുററമററ ഒരു നയവും അടവുകളും സമരതന്ത്രവും രൂപീകരിക്കുവാൻ സാദ്ധ്യമാവൂ. ലോകത്തിലെ ദേശീയവിമോചനത്തിൻെറയും ദേശീയ ജനാധിപത്യവിപ്ലവത്തിൻെറയും സ്വഭാവത്തിൽ വന്നുചേന്ന മാററങ്ങൾ മനസ്സിലാക്കുവാൻ സാധ്യമാവുന്ന നിലപാട് അതു മാത്രമാണ്.

മുൻകാലങ്ങളിൽ, മുതലാളിത്തം ലോകത്തിൽ അവിഭക്തമായ ആധിപത്യം പുലത്തിയിരുന്ന ഘട്ടത്തിൽ, സ്വാതന്ത്ര്യസമ്പാദനംകൊണ്ട് ദേശീയമദ്ദനം ഉൻമൂലനം ചെയ്യുവാനും, അങ്ങേയററം വന്നാൽ, കോളനിനാട്ടുവാഴിത്ത വ്യവസ്ഥയിൽനിന്നും മുലതാളിത്തത്തിലേക്കുള്ള പരിവത്തനത്തിനുള്ള മുൻ ഉപാധികൾ സൃഷ്ടിക്കുവാനും മാത്രമാണ് സാധ്യമായിരുന്നതു്. ഇന്നത്തെ നിലയിൽ അത്രമാത്രം നടത്തിയാൽ പോര. നമ്മുടെ ഈ കാലഘട്ടത്തിൽ, ലോകവ്യാപകമായ തോതിൽ സോഷ്യലിസം മുതലാളിത്തത്തെ പരാജയപ്പെടുത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ, സാമ്രാജ്യവിരുദ്ധ നാട്ടുവാഴി—വിരുദ്ധ ദേശീയ വിപ്ലവം ബൂർഷ്വാജനാധിപത്യവിപ്ലവത്തിൻെറ കടമകൾ നിറവേററുന്നതിന്നകത്ത്മാത്രം ഒതുങ്ങിനിൽക്കുന്നതാവുകയില്ല. ഞെട്ടിയുണത്തപ്പെട്ട ബഹുജനങ്ങൾ, സ്വന്തം സംഘടനകൾ കെട്ടിപ്പടുത്തുകൊണ്ടും, രാഷ്ട്രീയബോധം ഉൾക്കൊണ്ടുകൊണ്ടും അഗാധതലസ്പശിയായ സാമൂഹ്യവിപ്ലവത്തിന്നുവേണ്ടി വെമ്പൽ കൊള്ളുകയാണ്.

ദേശീയ വിമോചനവിപ്ലവങ്ങൾ പുതിയ പരിതഃസ്ഥിതിയിൽ നടക്കുന്ന ഒരു പുതിയതരം വിപ്ലവമാണ്. അവ ഒരു തരം ജനാധിപത്യവിപ്ലവമാണ്; എന്നാൽ സ്വഭാവത്തിലും, സവിശേഷതകളിലും, അവയുടെ പ്രേരകശക്തിയുടെയും കടമകളുടേയും കാര്യത്തിൽ അവ ബൂർഷ്വാജനാധിപത്യവിപ്ലവത്തിൽനിന്നും വ്യത്യസ്തമാണ്. കോളനികളിലേയും മർദ്ദിതജനവിഭാഗങ്ങളുടെ നാട്ടുവാഴിവിരുദ്ധ, സാമ്രാജ്യവിരുദ്ധ ദേശീയവിമോചന വിപ്ലവങ്ങളായിട്ടാണ് അവ ഉടലെടുക്കുകയും വികസിക്കുകയും ചെയ്യുന്നതെന്ന വസ്തുത അവയുടെ മൗലികമായ സ്വഭാവവിശേഷമാണ്. യുഗങ്ങളായി നില നില്ക്കുന്ന പിന്നോക്കാവസ്ഥയ്ക്ക് അറുതിവരുത്തണമെന്ന ആത്മനിഷ്ഠമായ ആവശ്യത്തിൽനിന്നാണ് അവ ജനിയ്ക്കുന്നതു്. സാമ്രാജ്യവിരുദ്ധ വിമോചന വിപ്ലവങ്ങളെന്ന നിലയ്ക്കാരംഭിച്ച് പൊതുവെ മുതലാളിത്തത്തിന്നെതിരായാണ് യുക്തിയുക്തമായ രീതിയിൽ അവയുടെ കുന്തമുനതിരിയുക.

ആധുനികകാലത്തെ ദേശീയ-വിമോചനവിപ്ലവങ്ങൾ നിലവിലുള്ള വ്യവസ്ഥയെ സാമൂഹ്യമായി പുനസ്സംഘടിപ്പിക്കുകയെന്ന പ്രശ്നം അടിയന്തരലക്ഷ്യമായി മുന്നോട്ടുവരുന്നില്ലെന്നിരിക്കിലും അവയുടെ വർഗ്ഗപരമായ ഉള്ളടക്കവും സാമൂഹ്യമായ പ്രവണതയും ബൂർഷ്വാസിയുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്ന സീമയ്ക്കപ്പുറം അവയെ കൊണ്ടുപോകുന്നതായിരിയ്ക്കും. ദേശീയ ബൂർഷ്വാസി ഭരണാധികാരത്തിൽ വന്നിരുന്നാൽതന്നെയും വിപ്ലവത്തെ അവസാനഘട്ടത്തിൽ മുതലാളിത്തപരമായ ചട്ടക്കൂടിനുള്ളിൽ ഒതുക്കിനിത്താൻ അവക്കു കഴിയുന്നതല്ല. അടിയന്തിര ജനാധിപത്യ

കടമകൾ നിറവേററുന്നതുതന്നെ മുതലാളിത്തത്തിന്നെതിരായ നടപടികളായിട്ടാണ് തീരുക. അങ്ങിനെ മുതലാളിത്തബന്ധങ്ങൾക്ക് വഴിതുറന്നുകൊടുക്കുന്നതിന്നു പകരം ഈ വിപ്ലവങ്ങൾ നാടുവാഴിത്തത്തിന്നും മുതലാളിത്തത്തിന്നുമെതിരായ സമരങ്ങളിൽകൂടി കൂടുതൽ ആഴവും പരപ്പും നേടിക്കൊണ്ടു വികസിച്ചു മുന്നോട്ടു നീങ്ങുമെന്നു് തീച്ച്യയാണ്. "ഭാവിയിൽ ലോകവിപ്ലവത്തിന്നുവേണ്ടി നടക്കുന്ന സമരങ്ങളിൽ ലോകത്തിലെ ഭൂരിപക്ഷം ജനങ്ങളുടെ പ്രസ്ഥാനം ആദ്യത്തിൽ ദേശീയവിമോചനമാണ് ലക്ഷ്യമാക്കുകയെന്നിരിക്കിലും മുതലാളിത്തത്തിന്നും സാമ്രാജ്യത്വത്തിനും എതിരായാണ് നീങ്ങുക" എന്നു ലെനിൻ ദീർഘദർശനം ചെയ്തിട്ടുണ്ട്.* ദേശീയമായ ജനകീയ ജനാധിപത്യവിപ്ലവം സോഷ്യലിസ്റ്റ് വിപ്ലവമായി വളരുമെന്ന സിദ്ധാന്തംതന്നെ യഥാത്ഥത്തിൽ അതാണ്. ദേശീയമദ്ദനത്തിൽനിന്നും വിമോചനം നേടി, മൗലികസാമൂഹ്യ പരിവത്തനങ്ങളുടെ ഘട്ടത്തിലേയ്ക്കു കടന്നുകഴിഞ്ഞിട്ടുള്ള ഒട്ടുമറെ നാടുകളിൽ നടന്നുകൊണ്ടിരിയ്ക്കുന്ന പ്രക്രിയകളുടെ ഗഹനമായ സാരാംശം ഈ വളച്ച്യയിലാണ് നമുക്കു കാണാൻ കഴിയുക. ദേശീയ സ്വാതന്ത്ര്യം ആയുധബലംകൊണ്ടു നേടിയ രാജ്യങ്ങളിൽ പോലും നിശതമായ വർഗ്ഗസമരത്തിൽകൂടിയാണ് ഈ വളച്ച്യടയുന്നതെന്നും അതിൻെറകൂടെ അനിവാര്യമായും സായുധകലാപമോ ആഭ്യന്തരയുദ്ധമോ ആവശ്യമായി വരാറില്ലെന്നും നാം അനുഭവത്തിൽകൂടി മനസ്സിലാക്കിയിട്ടുണ്ട്.

സാമൂഹ്യ സാമ്പത്തിക വികാസത്തിൻെറ വ്യത്യസ്തപതനങ്ങളിൽ സ്ഥിതിചെയ്യുന്ന രാജ്യങ്ങളിലാണ് ഇന്നു ദേ

---

* V. I. Lenin, Works, Vol. 32, p 458

ശീയവിമോചന വിപ്ലവങ്ങൾ നടന്നുകൊണ്ടിരിയ്ക്കുന്നതു് ചില രാജ്യങ്ങൾക്കു വികസിതമായ വ്യവസായമുണ്ടു്; അവിടങ്ങളിൽ വർഗ്ഗവിവേചനം ഉയൎന്ന നിലവാരത്തിൽ എത്തിയിട്ടുമുണ്ടു്. മററു ചിലവയിൽ മുളച്ചുവരുന്ന വ്യവസായവും ഒരു ചെറിയ തൊഴിലാളിവർഗ്ഗവുമാണുള്ളതു്. ഇതിന്നും പുറമെ വർഗ്ഗങ്ങളുടെ രൂപീകരണംതന്നെ ആരംഭദശയിലുള്ള നാട്ടുകളുമുണ്ടു്. ഈ വ്യത്യസ്തതയുടെ മുദ്രകൾ വ്യത്യസ്തരാജ്യങ്ങളിൽ നടക്കുന്ന ദേശീയ വിമോചനവിപ്ലവങ്ങളിൽ പതിഞ്ഞിട്ടുണ്ടു്. എന്നാൽ ആ മുദ്രകൾ സോഷ്യലിസത്തിലേയ്ക്കുള്ള പരിവൎത്തനത്തിന്നു തടസ്ഥമായിത്തീരുകയില്ല.

ദേശീയ വിമോചനവിപ്ലവം സോഷ്യലിസ്റ്റ് വിപ്ലവമായി വളൎന്നു വരുന്നതിനാൽ വ്യത്യസ്തമായ മാതൃകകളാണു് സ്വീകരിക്കപ്പെടുന്നതു്; ചില നാട്ടുകളിൽ, ഉദാഹരണത്തിന്നു ക്യൂബയിലും ആൾജീരിയയിലും, ബഹുജനങ്ങളുടെ പ്രവൎത്തനങ്ങളും അവരുടെ നിൎണ്ണായകമായ പങ്കും നേരിട്ടുതന്നെ കാണാനുണ്ടായിരുന്നു, അവ അടിയിൽനിന്നുതന്നെ വളൎന്നു വികസിച്ചുവന്നതായിരുന്നു. എന്നാൽ ആദ്യഘട്ടത്തിൽ വിപ്ലവത്തിനുള്ള പ്രത്യേക ശക്തിയായി തീരത്തക്കവണ്ണം ബഹുജനങ്ങളുടെ നേരിട്ടുള്ള വിപ്ലവമുന്നേററം പ്രകടിതമല്ലാതിരിക്കുകയും പരിവൎത്തനങ്ങൾ മുകളിൽനിന്നും നടപ്പിലാക്കുകയും ചെയ്തിട്ടുള്ള നാട്ടുകളിൽപോലും ഈ പരിവൎത്തനങ്ങൾ നടപ്പിലാക്കുവാൻ സാധിയ്ക്കണമെങ്കിൽ രാഷ്ട്രീയാധികാരത്തിന്നുള്ള ബഹുജനങ്ങളുടെ പിൻതുണ ലഭിക്കാതെ സാധ്യമല്ല

ദേശീയ വിമോചനവിപ്ലവം ക്ഷയോന്മുഖമായി തക

രുന്നതു് ഒഴിവാക്കണമെങ്കിൽ അതു് നാട്ടുവാഴിവിരുദ്ധസാമ്രാജ്യ-വിരുദ്ധവിപ്ലവം പൂർത്തിയാവത്തക്കവണ്ണം വികസിക്കണം.

ദേശീയ ബൂർഷ്വാസി വിദേശകുത്തകകളുമായിട്ടുള്ള വൈരുദ്ധ്യങ്ങൾക്കു പരിഹാരം കാണുന്നതു് അവരുമായി രാജിത്തീർപ്പുകളുണ്ടാക്കിയും സഹകരണത്തിനുള്ള രൂപങ്ങളിലും നിബന്ധനകളിലും ഭേദഗതികൾ വരുത്തിയുമാണ്; അല്ലാതെ വിദേശകുത്തകൾക്കെതിരായി പതറിച്ചയില്ലാത്ത സമരങ്ങൾ നടത്തിക്കൊണ്ടല്ലതന്നെ. വിദേശമൂലധനത്തെ നാട്ടിൽനിന്നും തുരത്തുന്നതിനേക്കാൾ അവർ ഇഷ്ടപ്പെടുന്നതു് സമത്വാടിസ്ഥാനത്തിൽ വിദേശമൂലധനവുമായിട്ടുള്ള പങ്കാളിത്തമാണ്; സാധാരണമായി സാമ്രാജ്യത്വകുത്തകകളുടെ സ്വത്തു് ദേശസാൽക്കരിക്കുക മുതലായ തീവ്രനടപടികളൊന്നും നേഷനൽ ബൂർഷ്വാസി അതിൻെറ വർഗ്ഗസ്വഭാവം ഹേതുവായി സ്വീകരിക്കാറില്ല.

മുതലാളിത്തം ഉദയംചെയ്ത ഘട്ടത്തിൽ, അതിൻെറ വികാസം മുന്നോട്ടു പോയ്ക്കൊണ്ടിരുന്ന അവസരത്തിൽ, വ്യവസായവൽക്കരണം ബൂർഷ്വാസിയെ സംബന്ധിച്ചേടത്തോളം മർമ്മപ്രധാനമായ ഒരു പ്രശ്നമായിരുന്നു. ഇന്നു് ഈ കടമ നിറവേറുവാനുള്ള കഴിവുപോലും അവർക്കില്ല. പ്രാദേശിക മുതലാളിമാർ രംഗത്തു വരാൻ തുടങ്ങുകയും ദുർബ്ബലരായി നിലക്കൊള്ളുകയും ചെയ്യുന്ന നാട്ടുകളിൽ സ്വകാര്യമുതലാളിമാർക്കു് ഒരു നവീന വ്യവസായംപോലും കെട്ടിപ്പടുക്കുവാനുള്ള കഴിവില്ല. സാമ്പത്തികമായി പ്രാദേശികമുതലാളിവർഗ്ഗം ആവശ്യമായത്ര കരുത്താർജ്ജിച്ചുകഴിഞ്ഞ നാട്ടുകളിൽ, ദേശീയമായ ലക്ഷ്യങ്ങളുടെയും കടമകളുടെയും കാര്യമിരിക്കട്ടെ, സ്വന്തം വർഗ്ഗത്തിൻെറ താല്പര്യങ്ങൾ ശരിക്കും

ഗ്രഹിക്കുന്നതിന്നുപോലും അവർ പ്രാപ്തരല്ല. പ്രാരംഭിക ലാഭം കുറഞ്ഞതോതിൽ മാത്രം ലഭിക്കുന്ന സാമ്പത്തികമേഖലകളിൽ മൂലധനം നിക്ഷേപിക്കുന്നതിന്നു പകരം ഊഹക്കച്ചവടത്തിൽ ഏപ്പെടുവാനും, ഭൂമിയിലും തോട്ടങ്ങളിലും പണമിറക്കുവാനും വിദേശക്കമ്പനികളിലെ ഷെയറുകൾ വിലക്കെടുക്കുവാനും ആഡംബരസാമഗ്രികൾ ഇറക്കുമതിചെയ്യുവാനുമാണ് അത്തരക്കാരിഷ്ടപ്പെടുന്നതു്; അത്രമാത്രം സ്വാത്ഥംഭരികളായിട്ടാണ് അവർ പ്രവത്തിക്കുക.

ചരിത്രത്തിൽനിന്നും തങ്ങൾക്കാവശ്യമുള്ള ചില പാഠങ്ങൾ ബൂർഷ്വാസി പഠിച്ചിട്ടുണ്ട്. സാമൂഹ്യരംഗത്തുണ്ടാവുന്ന പരിവത്തനപരമ്പരകളോടൊപ്പംതന്നെ ബഹുജനങ്ങളുടെ വദ്ധമാനമായ തോതിലുള്ള പ്രവത്തനങ്ങൾ നടക്കുമെന്നും ഇടതുപക്ഷശക്തികൾ കൂടുതൽ ബലം നേടുമെന്നും അതെല്ലാം ചേന്ന് ഒടുവിൽ മുതലാളിത്തവിരുദ്ധ ചിന്താഗതികൾ വളന്നുവരുന്നതിന്നിടയാക്കുമെന്നും ബൂർഷ്വാസിക്കു് അറിയാം.

ഇതിന്നുംപുറമെ കാഷികപ്രശ്നവും കഷകന്റെ പ്രശ്നവും പരിഹരിക്കുന്നതിൽ തങ്ങൾക്കുള്ള കഴിവില്ലായ്മ ദേശീയ ബൂഷ്വാസി വ്യക്തമാക്കിയിരിക്കുന്നു. ഈ പ്രശ്നമാണെങ്കിൽ അദ്ധവികസിത നാടുകളിലെ മമ്മപ്രധാനമായ പ്രശ്നങ്ങളിലൊന്നാണ്. ഈ പ്രശ്നത്തിന്നു പരിഹാരം കാണാതെ ദേശീയ വിമോചന വിപ്ലവത്തിന്നു മുന്നോട്ടു പോകുവാൻ സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ ഇത്തരം നാടുകളിൽ വിപ്ലവശക്തികളുടെ അവലംബമായി നിലകൊള്ളുന്ന ജനസംഖ്യയിൽ ബഹുഭൂരിപക്ഷം വരുന്നവർ കൃഷിക്കാരാണ്. വിപ്ലവത്തിന്നു് പരപ്പും ആഴവും കൂട്ടുന്നതിന്നുള്ള

മുഖ്യോപാധിയാണ് കൃഷകരുടെ ആവശ്യങ്ങൾ നിറവേററുകയെന്നതു്.

എന്നാൽ ബൂർഷ്വാസി ഈ പ്രശ്നം പരിഹരിക്കുകയില്ല. അവർ നടപ്പിൽ വരുത്തിയ കാർഷികപരിഷ്ക്കാരങ്ങൾ ഭൂമിയ്ക്കുവേണ്ടിയുള്ള ദാഹം ശമിപ്പിയ്ക്കുകയോ കൃഷിക്കാരനനുഭവിയ്ക്കുന്ന അർദ്ധനാടുവാഴിത്തരീതിയിലുള്ള ചൂഷണം അവസാനിപ്പിയ്ക്കുകയോ ചെയ്തിട്ടില്ല. മിക്ക ഭൂസ്വത്തുക്കളും ഇപ്പോഴും അതിൻെറ മുൻഉടമകളുടെ കയ്യശംതന്നെയിരിക്കുകയാണ്. അവ ഇന്നും കൃഷകവർഗ്ഗത്തെ മുതലാളിത്തത്തിന്നു മുൻപുണ്ടായിരുന്ന രീതിയിൽതന്നെ അടിമകളാക്കി നിർത്തുന്നതിന്നുള്ള അടിസ്ഥാനം സൃഷ്ടിക്കുകയാണു ചെയ്യുന്നതു്.

ബൂഷ്വാസി കൊണ്ടുവന്ന ഈ പരിഷ്ക്കാരങ്ങളെല്ലാം നടപ്പിലാക്കിക്കഴിഞ്ഞാൽപോലും മിക്ക കൃഷകർക്കും ഒന്നുകിൽ തീരെ ഭൂമി കിട്ടുകയില്ല, അല്ലെങ്കി കിട്ടിയ ഭൂമി സ്വതന്ത്രമായ ഒരു ജീവിതം നയിക്കുവാൻ മതിയാവുകയില്ല. ഉദാഹരണത്തിനു സിറിയയിൽ ആകെയുള്ള കൃഷകരിൽ പത്തുപതിനഞ്ച് ശതമാനം പേർക്കേ ഭൂമി ലഭിച്ചുള്ളൂ; ഇറാക്കിൽ 15—20 ശതമാനം പേർക്കും, വെനിസ്വലായിൽ 15—20 ശതമാനം പേർക്കും, ബൊാലിവിയയിൽ 10—12 ശതമാനം പേർക്കുമാണ് ഭൂമി ലഭിച്ചതു്. മററു പലേടത്തും സ്ഥിതി അതുതന്നെയാണ്. സാമാന്യം ഉയൎന്നതോതിലുള്ള പ്രതിഫലം വാങ്ങി ഭൂമി നൽകുന്ന പ്രദേശങ്ങളിൽ ഭൂപുനർവിഭജനംകൊണ്ടു യഥാർത്ഥത്തിൽ ഗുണം ലഭിയ്ക്കുക സാമാന്യം ഭേദപ്പെട്ട നിലയിൽ ജീവിയ്ക്കുന്ന കൃഷീവലന്മാരുടെ ഒരു ചെറിയ അണ്ണിയ്ക്കുമാത്രമാണ്. എന്തുകൊണ്ടെന്നാൽ കൃഷകബഹുജനങ്ങൾക്ക് ഈ പ്രതിഫലത്തുകകൾ നൽകുവാനാവശ്യ

മായത്ര പണമില്ല ചില പ്രദേശങ്ങളിൽ ഭേദപ്പെട്ട രീതിയിൽ ജീവിയ്ക്കുന്ന കർഷകർക്ക് ചില ആനുകൂല്യങ്ങൾ നൽകപ്പെട്ടുന്നുണ്ട്. അത്തരം ആനുകൂല്യങ്ങൾ വൻകിട ഭൂവുടമകളുടെ താല്പര്യങ്ങൾ മാത്രമല്ല നിഹനിയ്ക്കുന്നതു്; ചെറുകിട കൃഷിക്കാരുടെയും ഭൂരഹിതരായ കർഷകരുടെയും താല്പര്യങ്ങൾക്കുകൂടി ഹാനിവിളയിക്കുന്നു. ഇതിൽ ഭരണാധികാരിവർഗ്ഗത്തിനുള്ള പോരു്, കർഷകരെ ഭിന്നിപ്പിച്ചു് സാമ്പത്തികശേഷിയുള്ള കർഷകരെ അവരുടെ ബന്ധുക്കൾക്കെതിരായി തിരിച്ചുവിട്ടു ഗ്രാമപ്രദേശങ്ങളിൽ കൂട്ടതൽ പിൻതുണയാർജിയ്ക്കുകയെന്നതാണു്.

അതേയവസരത്തിൽ അധ്വാനിച്ചു ജീവിയ്ക്കുന്ന കർഷകബഹുജനങ്ങൾ മുൻപെന്നപോലെ വൻകിട ഭൂവുടമകളുടെ ഭൂമികളിൽ ജോലിചെയ്തു് അവർക്കു വമ്പിച്ച പാട്ടം കൊടുത്തു ജീവിക്കേണ്ടിവരുന്നു. പാട്ടത്തിൻെറ തോതു, നിയമപ്രകാരം തന്നെ പലപ്പോഴം വിളവിൻെറ പകുതിയോ അതിലധികമോ ആവാറുണ്ടു്.

അതേയവസരത്തിൽ ദേശീയബൂർഷ്വാസിയുടെ നേതൃത്വത്തിൽ നടപ്പാക്കപ്പെട്ടിട്ടുള്ള കാർഷികപരിഷ്കാരങ്ങൾ കർഷകരനുഭവിച്ചിരുന്ന അർദ്ധനാട്ടുവാഴിത്തപരമായ ചൂഷണത്തെ ഒരതുത്തിവരെ പരിമിതപ്പെടുത്തിയിട്ടുണ്ടു്. മൊത്തത്തിൽ ആ പരിഷ്കാരങ്ങൾ പാട്ടം വഴിയായും കർഷകരെ അർദ്ധനാട്ടുവാഴിത്തരീതിയിൽ അടിമപ്പെടുത്തിവെക്കുന്ന ഇതരമാർഗ്ഗങ്ങളിൽകൂടിയും ഭൂവുടമകൾക്കു ലഭിച്ചിരുന്ന വരുമാനത്തിൽ കുറവു വരുത്തിയിട്ടുണ്ടു്. ഇതു കാരണമായും ഈ രാജ്യങ്ങളിൽ മുതലാളിത്തപരമായ പൊതുവികസനത്തിൻെറ ത്വരിതഗതിയിലുള്ള വളർച്ചയുടെ ഫലമായും ഭൂവുട

മകൾ വർദ്ധമാനമായ തോതിൽ കൂലിവേലയും കാർഷിക യന്ത്രങ്ങളും ഉപയോഗപ്പെടുത്തി വ്യവസായവൽകൃതമായ കാർഷികപ്രവർത്തനത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിൻഫലമായി തങ്ങൾ ഇന്നലെവരെ കൃഷിചെയ്തുവന്ന ഭൂമിയിൽനിന്നും കർഷകർ ഓടിക്കപ്പെടുന്നു. തന്നിമിത്തം ഭൂമിയ്ക്കുള്ള ദാഹം കർഷകരുടെയിടയിൽ കൂടുതൽ തീവ്രമായിത്തീരുന്നു. മറ്റേതൊരു രാജ്യങ്ങളിൽ കാർഷികപരിഷ്കാരങ്ങൾ നടപ്പിലായതിനെതുടർന്ന് കർഷകരെ ഭൂമിയിൽനിന്നും തുരത്തിയതിൻഫലമായി അധ്വാനിയ്ക്കുന്ന കർഷകർ ഉപയോഗപ്പെടുത്തിയിരുന്ന ഭൂമിയുടെ വിസ്തൃതി വർദ്ധിയ്ക്കുന്നതിന്നു പകരം കറയുകയാണ് ചെയ്തതെന്നു വസ്തുതകൾ വിളിച്ചുപറയുന്നു. (ഇന്ത്യ, പാക്കിസ്ഥാൻ, ഇതര നാടുകൾ) അതേയവസരത്തിൽ സ്വന്തമായ ഭൂമിയിൽ കൃഷിനടത്തുന്ന കർഷകരുടെ എണ്ണത്തിൽ ഒരു ചെറിയ വളർച്ച ഉണ്ടായിട്ടുണ്ടുതാനും. ഈ നാടുകളിലെ ഗവർമെൻറുകൾ കാർഷികസഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിയ്ക്കുവാനും വേണ്ടി എടുക്കുന്ന അപൂർണ്ണമായ നടപടികൾ (സാമൂഹ്യ വികസനപദ്ധതിയെന്നു പറയപ്പെടുന്നതടക്കം) കർഷകരെ ദാരിദ്ര്യത്തിൽനിന്നും നാശത്തിൽനിന്നും സംരക്ഷിക്കുന്നില്ല. ബൂർഷ്വാസമ്പ്രദായത്തിൽക്കൂടിയാണെന്നിരിക്കിലും വിവിധ രീതിയിലുള്ള നാടുവാഴിത്താവശിഷ്ടങ്ങൾ ഉൻമൂലനം ചെയ്തു് ഒരളവുവരെ കാർഷികരംഗത്ത് ഉല്പാദനശക്തികളുടെ വളർച്ചയ്ക്കു സഹായം നല്കിയിട്ടുണ്ടെന്നു് പറയാതെതന്നെ വ്യക്തമാണല്ലോ. അതുകൊണ്ടുമാത്രം വികസ്വരനാടുകളിലെ കാർഷികപ്രശ്നത്തിലും കർഷകപ്രശ്നത്തിലും ഉൾക്കൊള്ളുന്ന എല്ലാ കാര്യങ്ങൾക്കും പരിഹാരമുണ്ടായിട്ടില്ല. ഉണ്ടാക്കുവാൻ അതിന്നുമാത്രമായി കഴിയുകയുമില്ല.

കൃഷിയിലെ ഉല്പാദനശക്തികളുടെ വികാസത്തിന്റെ നിലവാരം വളരെയേറെ താഴ്ന്നതാണെന്നതു് പരിതസ്ഥിതികളെ കൂടുതൽ വഷളാക്കുന്നുണ്ടു്. ഏഷ്യയിലെയും ആഫ്രിക്കയിലെയും ലററിനമേരിക്കയിലെയും മിക്ക രാജ്യങ്ങളിലും കാർഷികോല്പാദനം ജനസംഖ്യയിലെ വളർച്ചയുടെ പിന്നിലായിട്ടാണ് നീങ്ങുന്നതു്. ആളോഹരിയായി നോക്കിയാൽ യുദ്ധത്തിനു മുൻപുണ്ടായിരുന്ന നിലവാരത്തേക്കാൾ അതു് താഴെയാണ്. (ഉദാഹരണത്തിനു ലററിനമേരിക്കയിൽ 3 മുതൽ 5 വരെ ശതമാനത്തോളം കുറവുകാണാം)

ഉൾനാടൻപ്രദേശങ്ങളിൽ കണക്കിലധികം ജനപ്പെരുപ്പമുണ്ടു്. 'ആവശ്യത്തിലധിക'മായ ഗ്രാമീണത്തൊഴിലാളികൾ ദശലക്ഷക്കണക്കിലുണ്ടു്; അവരെയെല്ലാം വേഗത്തിൽ വ്യവസായങ്ങളിൽ ഉൾക്കൊള്ളുവാൻ സാധിക്കയില്ല അതുകൊണ്ടാണ് അർദ്ധവികസിതനാട്ടുകളിലെ ജനങ്ങൾ കാർഷികപ്രശ്നത്തിന്നു പരിഹാരം കാണുകയെന്നതിന്റെ ആവശ്യകതയെ അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്നതു്; അതു സാധിച്ചാൽ ജോലിചെയ്യുവാൻ പ്രാപ്തിയുള്ള ആളുകൾക്കു് കൃഷിയിൽതന്നെ ജോലിനല്കുന്നതിന്നുള്ള സാധ്യത വളരെയേറെ വർദ്ധിക്കും.

ഭരണാധികാരം ബൂർഷ്വാസിയുടേയും ഭൂവുടമകളുടേയും കൈകളിൽ പെട്ടുപോയ വിമോചിതരാഷ്ട്രങ്ങളിലെ ഭരണാധികാരിവർഗ്ഗം കർഷകരുടെ താല്പര്യങ്ങൾക്കനുകൂലമായി ദൂരവ്യാപകമായ കാർഷികപരിഷ്കാരങ്ങൾ നടപ്പിലാകുവാൻ കൂട്ടാക്കാത്തതു് ഈ രാജ്യങ്ങളിലെ സമ്പദ്‌വ്യവസ്ഥയെ മാത്രമല്ല സാമൂഹ്യ രാഷ്ട്രീയവികാസത്തെപ്പോലും നിഷേധാത്മകമായി സ്വാധീനിച്ചിട്ടുണ്ടു്. ഭൂവുടമസമ്പ്രദാ

യം സംരക്ഷിച്ചു നിലനിൎത്തുക എന്നതിൻെറ അൎത്ഥം രാഷ്ട്രീയപിന്തിരിപ്പത്തത്തിൻെറ ദൃഢമൂലമായ അടിത്തറകളിലൊന്നു ഇന്നും നിലനിൎത്തുകയെന്നാണ്. കമ്യൂണിസ്റ്റ് വിരുദ്ധമുദ്രാവാക്യങ്ങളുടെ മറവിൽ പ്രവൎത്തിക്കുന്നതും അങ്ങേയറ്റത്തെ സങ്കുചിത ദേശീയത്വത്തിൻെറ ഭ്രാന്തിന്നു വിധേയവും സാമ്രാജ്യത്വാനുകൂലിയും അങ്ങേയററത്തെ പിന്തിരിപ്പനുമായ സാമൂഹ്യപ്രസ്ഥാനങ്ങൾക്കും പാർട്ടികൾക്കുമാണ് ഭൂവുടമകൾ പിൻതുണ നല്കുക. ഈ വക പ്രസ്ഥാനങ്ങളും പാർട്ടികളും ദേശീയവിമോചനവിപ്ലവങ്ങളുടെ അർദ്ധവികസിതനാട്ടുകളിലെ ജനതകൾ ആദ്യഘട്ടത്തിൽ ആൎജ്ജിച്ച ജനാധിപത്യപരമായ നേട്ടങ്ങൾക്കെതിരായി ഭയങ്കര സമരം നടത്തിക്കൊണ്ടിരിക്കുന്നവയാണ്.

വിമോചനത്തിന്നുശേഷം ദേശീയ ബൂർഷ്വാസിയോ മററു ചൂഷകവർഗ്ഗങ്ങളുടെ അണിയോ അധികാരത്തിൽ വന്നിട്ടുള്ള നാട്ടുകളിൽ കാർഷികപ്രവൎത്തനം നടത്താനുള്ള ചുററുപാട്ടുകളിൽ അധ്വാനിക്കുന്ന കൃഷിക്കാൎക്കനുകൂലമായ മാററങ്ങൾ സ്വാതന്ത്ര്യത്തിൻെറ വർഷങ്ങളിൽപോലും സുദുർലഭമായേ ഉണ്ടായിട്ടുള്ളു.

അടുത്ത കാലത്തായി പുതുതായി സ്വാതന്ത്ര്യം ലഭിച്ച നാട്ടുകളിലെ കർഷകർ നാട്ടുവാഴിത്തത്തിൻെറ അവശിഷ്ടങ്ങൾക്കെതിരായി മാത്രമല്ല നികുതിനയത്തിന്നും വിലനയത്തിനുമെതിരായും ദേശീയബൂർഷ്വാസി കൈക്കൊണ്ടിട്ടുള്ള ഇതരനടപടികൾക്കെതിരായും കൂടുതൽ കൂടുതൽ വേഗത്തിൽ രംഗത്തു വന്നുകൊണ്ടിരിക്കുന്നുണ്ട്.

ബൂർഷ്വാഗവർമെൻറുകൾ തങ്ങൾക്കു ഭൂമി നല്കുമെന്നോ ചൂഷണത്തിൽനിന്നും പൂൎണ്ണമായ മോചനം നൽകുമെ

ന്തോ പ്രതീക്ഷിയ്ക്കുവാൻ വയ്യെന്നു കർഷകബഹുജനങ്ങളെ ഈ നാട്ടുകളിലെ വിപ്ലവത്തിൻെറ ഗതിക്രമം ബോധ്യപ്പെട്ടുത്തിക്കൊണ്ടിരിക്കുകയാണ്.

നേതൃത്വപരമായ പങ്കുവഹിക്കുന്ന കർഷകപ്രതിനിധികൾ കൂട്ടതൽ കൂട്ടതൽ ദൃഢതയോടെ മുതലാളിത്തത്തെ നിരാകരിച്ചുകൊണ്ടിരിക്കുകയാണ്; സാമ്പത്തികവും സാമൂഹ്യവുമായ വികസനം നേട്ടവാൻ മററു മാർഗ്ഗങ്ങളന്വേഷിച്ചുകൊണ്ട് സോഷ്യലിസത്തിൻെറ ആശയങ്ങളിലേയ്ക്കു അവർ തിരിയുകയാണ്.

ഈ പുതിയ ഘട്ടത്തിലെ സാമ്രാജ്യ—വിരുദ്ധസമരത്തിൻെറ നേതൃത്വം വഹിയ്ക്കുവാനും മൗലികമായ സാമ്പത്തിക സാമൂഹ്യ പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തുവാനും സാമൂഹ്യവ്യവസ്ഥയിൽനിന്നും കോളനിഘടനയെ തകർത്തെറിയുവാനുമുള്ള ബൂർഷ്വാസിയുടെ കഴിവുകേട് അവർ തെളിയിച്ചുകഴിഞ്ഞു. ബഹുജനങ്ങളുടെ ജീവിതം ഉയർത്തിക്കൊണ്ടുവരുവാനും നീചമായ ദാരിദ്ര്യം ഉച്ചാടനം ചെയ്യുവാനും അതിന്നു സാധ്യമല്ലെന്നും തെളിഞ്ഞിരിയ്ക്കുന്നു. ഇതെല്ലാംതന്നെ ജനങ്ങളിൽ അഗാധമായ നൈരാശ്യം ഉളവാക്കിയിട്ടുണ്ട്; ദേശീയ കടമകൾ നിറവേററുന്നതിൽ മുതലാളിത്തസമ്പ്രദായങ്ങൾ മതിയാകുമെന്നുള്ള അവരുടെ വിശ്വാസം തകർന്നിരിയ്ക്കുന്നു. ഒരു സാമൂഹ്യവ്യവസ്ഥയെന്ന നിലയിൽ മുതലാളിത്തം കൊള്ളരുതാത്തതായി അധഃപതിച്ചിരിക്കുന്നു. സമ്പദ്‌വ്യവസ്ഥയെ പുനസ്സംഘടിപ്പിയ്ക്കുകയും വികസിപ്പിയ്ക്കുകയും ചെയ്യുന്നതിന്നാവശ്യമായ വിഭവങ്ങൾ സമാഹരിയ്ക്കുമെന്നതിന്നുറപ്പുവരുത്തുവാനും ബഹുജനങ്ങളുടെ ദാരിദ്ര്യം നാമാവശേഷമാക്കുവാനും ചിതറിയ മട്ടിൽ

ഒററതിരിഞ്ഞുണ്ടാവുന്ന മുതലാളിത്ത വികസനത്തിന്നു സാധിക്കയില്ലെന്നു ഏററവും സുഗ്രഹമായ രീതിയിൽ തെളിയിക്കപ്പെട്ടിരിക്കുന്നു. ഭരണകൂടത്തിൻെറ ഇടപെടൽ കൂടാതെ ഒരടി മുന്നോട്ടുപോകാൻ മുതലാളിത്തത്തിന്നു സാധ്യമല്ലെന്നും തെളിഞ്ഞു. ഇതു കാരണമായി സാമൂഹ്യഘടനയുടെ ഒരു രൂപമെന്ന നിലയിൽ സോഷ്യലിസത്തിൻെറ പ്രസ്ഥാനത്തിലേക്കു തിരിയുവാൻ ഒട്ടേറെ നാട്ടുകളിലെ ദേശീയനേതാക്കന്മാർ നിർബ്ബന്ധിതരായിരിക്കയാണ്.

വിപ്ലവം നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ചെറിയതോതിലുള്ള സ്വത്തുടമകളെന്നു പറയാവുന്ന എല്ലാ വർഗ്ഗങ്ങളും, കാര്യങ്ങളുടെ യുക്തിസഹമായ പ്രവർത്തനത്തിൻെറ ഫലമായി, ഭരണകൂടത്തിൻെറയും ഭരണാധികാരത്തിൻെറയും സാരഥ്യത്തിൽനിന്നും നിഷ്കാസിതരാവുമെന്നും അവർ ക്രമേണ ക്രമേണയായി തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തിലുള്ള അധ്വാനിക്കുന്ന ജനാവലിയുടെ കൈകളിൽ വന്നു വീഴുമെന്നും ലെനിൻ എഴുതുകയുണ്ടായി. കോളനിവാഴ്ചയിൽ നിന്നും സ്വയം മോചനം നേടിയ ഒട്ടേറെ നാട്ടുകളിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന സാമ്രാജ്യത്വവിരുദ്ധ നാട്ടുവാഴിവിരുദ്ധ ജനാധിപത്യവിപ്ലവങ്ങളിൽ അത്തരത്തിലുള്ള ഒരു സംഭവവികാസമാണ് നാം കണ്ടുകൊണ്ടിരിക്കുന്നതു്. എന്തെങ്കിലും ഒരു കാരണത്താൽ തൊഴിലാളിവർഗ്ഗത്തിന്നു നേതൃത്വപരമായ പങ്ക് വഹിക്കുവാൻ സാധിക്കാത്ത നാട്ടുകളിൽപോലും ഭരണാധികാരം അധ്വാനിക്കുന്ന ജനതയുടെ കൈകളിലേക്കു ക്രമേണ വന്നുചേരുവാനുള്ള പ്രവണത മുന്നണിയിൽ വന്നിട്ടുണ്ടു്. ഈ പ്രവണതയുടെ പ്രണേതാവായിക്കൊണ്ട് വിപുലമായ ബഹുജനങ്ങളുടെ പ്രാതിനിധ്യ

മുള്ള വിപ്ലവജനാധിപത്യശക്തികളുടെ നേതൃത്വം മുന്നേറി ക്കൊണ്ടു വരികയാണു്.

സാമ്രാജ്യത്വത്തിൻെറ ആക്രമണശക്തികളിൽനിന്നും സ്വന്തം ആസ്തിക്യത്തിന്നുതന്നെ നേരിട്ടുള്ള ഭീഷണിയായി വന്നിട്ടുള്ള യുവരാഷ്ട്രങ്ങളിൽ മൗലികമായ സാമൂഹ്യ പരിഷ്കാരങ്ങളാവശ്യപ്പെടുന്ന മുദ്രാവാക്യങ്ങളുടെ കീഴിൽ ബഹുജനങ്ങളുടെ ഐക്യം അതിവേഗത്തിൽ വളൎന്നുവന്നിട്ടുണ്ടു്. ജനകീയവിപ്ലവത്തെ ഞെക്കിക്കൊല്ലുവാൻ അമേരിക്കൻ സാമ്രാജ്യത്വം നടത്തിയ പരിശ്രമത്തെ ചെറുത്തു പരാജയപ്പെടുത്താൻവേണ്ടി ക്യൂബയിലെ ബഹുജനങ്ങൾ ഒരമെക്കെട്ടായി നിന്നു. ആൾജീരിയയിൽ ഫ്രഞ്ച്കോളനിമേധാവികളെ തുരത്തിയോടിച്ച വിപ്ലവകാരികളായ ജനത സാമ്പത്തികമായ അരാജകത്വം സൃഷ്ടിക്കുവാനും രാഷ്ട്രീയജീവിതം താറുമാറാക്കുവാനുള്ള സാമ്രാജ്യത്വ ഗൂഢാലോചനയെ തകൎക്കുകയുണ്ടായി. ബർമ്മയും മററു പല നാടുകളും സാമ്രാജ്യത്വത്തിൻെറ തുരപ്പൻപണികൾക്കും നശീകരണപ്രവൎത്തനങ്ങൾക്കും സാമ്പത്തികസമ്മൎദ്ദത്തിനും വിധേയമാക്കപ്പെട്ടിരുന്നു; ഇതിൻെറ പ്രത്യാഘാതമായി രാഷ്ട്രീയനേതൃത്വം ഇടത്തോട്ടു നീങ്ങി. ദേശീയസ്വാതന്ത്ര്യം സംരക്ഷിക്കുവാനും രാജ്യത്തിനകത്തുള്ള സാമ്രാജ്യത്വത്തിൻെറ മുഖ്യമായ അവലംബങ്ങളെ വേരോടെ പിഴുതെറിയുവാനും അവർ നടപടികളെടുത്തു.

ലോകസോഷ്യലിസത്തിൻെറ മാതൃകയും സ്വാധീനശക്തിയും, സായുധാക്രമണത്തിൻെറയവസരത്തിലും സാമ്പത്തികോപരോധത്തിന്നു വിധേയമായ കാലയളവിലും ക്യൂബക്കും ഈജിപ്തിന്നും സോവിയററ്യൂനിയൻ നല്കിയ പതറിച്ചയില്ലാത്ത പിൻതുണയും, കോളനിമേധാവികൾക്കെതിരായ

യുദ്ധത്തിൽ ആൾജീറിയൻ ജനതയ്ക്കു ലഭിച്ച സോവിയററ് സഹായവും എല്ലാം ചേൎന്നു് ബഹുജനങ്ങളുടെ ദൃഷ്ടിയിൽ ലോകസോഷ്യലിസത്തിൻെറ അന്തസ്സ് മുമ്പെന്നത്തേക്കാളുമധികം ഉയൎന്നിട്ടുണ്ടു്. സ്വാതന്ത്ര്യവും നീതിനിഷ്ഠവുമായ ഒരു പുതിയ സമുദായം കെട്ടിപ്പടുക്കുവാനുള്ള പരിപാടിയുമായി, ദ്രുതഗതിയിലുള്ള ഭൗതിക സാംസ്കാരികപുരോഗതിക്കുള്ള പരിപാടിയുമായി, സോഷ്യലിസ്റ്റ് മുദ്രാവാക്യങ്ങൾ താദാത്മ്യം പ്രാപിച്ചിരിക്കയാണെന്നു ബഹുജനങ്ങൾക്കു മനസ്സിലായിതുടങ്ങിയിരിക്കുന്നു.

ഈ പരിതസ്ഥിതികളിൽനിന്നു വിപ്ലവജനാധിപത്യനേതൃത്വം ഉയൎന്നുവന്നിട്ടുള്ളതു് ഈ നേതൃത്വം ചില രാജ്യങ്ങളിൽ സോഷ്യലിസ്റ്റ് നിലപാടുകളിലേയ്ക്കു, മൗലികമായും മുതലാളിത്തവിരുദ്ധ നിലപാടുകളിലേയ്ക്കു, നീങ്ങിയിട്ടുണ്ടു്. ഏററവും മുന്നിൽ നിൽക്കുന്ന ഇതിൻെറ പ്രതിനിധികൾ സോഷ്യലിസ്റ്റ് ആശയത്തെ ഒരു പരിധിയോളം അംഗീകരിക്കുന്നതിനെ അനുകൂലിക്കുന്നവരാണു്. മുതലാളിത്തവുമായി അവർ തെറ്റിപ്പിരിയാനുള്ള കാരണം മുൻ വിധിയുടെ അടിസ്ഥാനത്തിലുള്ള ആശയഗതികളൊന്നുമല്ല. വിപ്ലവത്തിൻെറ ഗതിക്രമത്തിലുള്ള അനുഭവങ്ങളിൽനിന്നും തീരുമാനിക്കപ്പെട്ടതാണതു്. സാമ്രാജ്യത്വത്തിന്നും അതിൻെറ പ്രധാനാവലംബമായ ശക്തികൾക്കും എതിരായ രാജ്യത്തിനകത്തുള്ള പിന്തിരിപ്പൻ ശക്തികൾക്കെതിരായ—സമരങ്ങളുടെ, അതായതു് ബഹുജനങ്ങളുടെ യഥാർത്ഥസമരങ്ങളുടെ, യുക്തിസഹമായ പരിണാമമായി വിപ്ലവപരമായ ജനാധിപത്യനേതൃത്വം കൂടുതൽ കൂടുതൽ ഇടത്തോട്ടു നീങ്ങുവാനും വൎദ്ധമാനമായ തോതിലുള്ള മൗലികപരിഷ്ക്കാരങ്ങൾ

ക്കനുകൂലമായ നിലപാടെടുക്കുവാനും ഇടയായി. യഥാൎത്ഥമായ ദേശീയസ്വാതന്ത്ര്യം നേടുവാനും, കോളനിഘടനയെ പൂൎണ്ണമായി തകൎത്തെറിയുവാനും, ബഹുജനങ്ങൾക്കു ക്ഷേമം കൈവരുത്തുവാനും സാധിക്കണമെങ്കിൽ സ്വന്തം നാട്ടിനകത്തുള്ള ജനങ്ങളുടെ പിൻബലവും പുറമെനിന്നുള്ള പിന്തുണയുടെ നിൎണ്ണായകമായ ഉപകരണമെന്ന നിലയ്ക്കു് സോഷ്യലിസ്റ്റ്നാട്ടുകളുടെ സഹായവും നേടിക്കൊണ്ടുമാത്രമേ സാധ്യമാകയുള്ളൂ. ഈ വസ്തുത അനുഭവങ്ങളിൽക്കൂടി ഈ നേതാക്കന്മാർ പഠിച്ചുകഴിഞ്ഞിരിക്കുന്നു.

KOTTAYAM PUBLIC LIBRARY • KOTTAYAM •

ഈ സമരത്തിന്റെ മധ്യത്തിൽത്തന്നെ ഈ നേതാക്കന്മാരിൽ ചിലർ പിൻവാങ്ങി സാമ്രാജ്യത്വത്തിന്റെ ബന്ധുത്വം സ്വീകരിച്ചുകൊണ്ടു് എതിർവിപ്ലവത്തിന്റെ പാത പിൻപററുകയുണ്ടായി. എന്നാൽ ജനങ്ങളുമായി ഗാഢമായ ബന്ധമുള്ള വിപ്ലവകാരികളായ ഇടത്തുവിഭാഗം നേതാക്കൾ ഒടുവിലായി തൊഴിലാളിവൎഗ്ഗസിദ്ധാന്തത്തിലും സോഷ്യലിസത്തിലും ചെന്നെത്തി. "പരിവൎത്തനഘട്ടത്തിലെ" സോഷ്യലിസമെന്നു ലെനിൻ നിൎവ്വചിച്ച പെററിബൂർഷ്വാ സോഷ്യലിസം, സാങ്കല്പിക സോഷ്യലിസം, മററു വിവിധ രൂപങ്ങളിലുള്ള സോഷ്യലിസം എന്നിവയിൽക്കൂടിയെല്ലാമാണ് ഈ നിലയിൽ അവർ എത്തിച്ചേൎന്നതു്. ഇടത്തരം ബുദ്ധിജീവികളിൽനിന്നും ഉയൎന്നുവരുന്ന ആത്മാൎത്ഥതയും ആൎജ്ജവവുമുള്ള രാഷ്ട്രീയനേതാക്കൾ സംഭവവികാസങ്ങളുടെ യുക്ത്യനുസൃതമായ പ്രേരണകളുടെ ഫലമായി നിൎണ്ണായകമായ രാഷ്ട്രീയശക്തി എന്ന നിലയ്ക്കു തൊഴിലാളിവൎഗ്ഗത്തിനുള്ള പങ്കു് മനസ്സിലാക്കുകയും തൊഴിലാളിവൎഗ്ഗത്തിന്റെ സിദ്ധാന്തം സ്വായത്തമാക്കുകയും ചെയ്യും.

വിപ്ലവജനാധിപത്യനേതാക്കന്മാർ* മാക്സിസത്തിൻെറ നിശമനങ്ങളോടെല്ലാം യോജിയ്ക്കുന്നില്ലെന്നതുകൊണ്ടാണോ അവർ കമ്യൂനിസ്റ്റ്കാരല്ലെന്നതുകൊണ്ടോ അവരോടു അകൽച്ചകാണിക്കുകയോ സംശയത്തോടെ പെരുമാറുകയോ ചെയ്യുവാൻ പാടില്ല. അനുഭവങ്ങളിൽക്കൂടി വിപ്ലവകാരികളായ ജനാധിപത്യവാദികൾ മാർക്സിസം ലെനിനിസത്തിൽ ചെന്നെത്തുമെന്നും അതിന്നവരെ സഹായിക്കുന്നതു് തങ്ങളുടെ കടമയാണെന്നും കമ്യൂണിസ്റ്റ്കാർ ഉറച്ചു വിശ്വസിയ്ക്കുന്നുണ്ടു്.

അധികാരം പിടിച്ചെടുക്കുവാൻ പര്യാപ്തമായ തോതിൽ ബലവും, സംഘടനയും സ്വാധീനശക്തിയുമുണ്ടായിരുന്നുവെങ്കിൽ തൊഴിലാളിവർഗ്ഗത്തിൻെറ മുന്നണിപ്പട എന്തൊക്കെ ചെയ്യുമായിരുന്നുവോ അതൊക്കെത്തന്നെയാണ് റവല്യൂഷനറി ഡമോക്രാറ്റുകളും സാരാംശത്തിൽ, ചെയ്യുവാൻ ആരംഭിച്ചതു്. അവർ സാമ്രാജ്യത്വത്തിൻെറ രാഷ്ട്രീയവാഴ്ചയുടെ എല്ലാ വിശേഷലക്ഷണങ്ങളേയും ഉന്മൂലനം ചെയ്തുകൊണ്ടിരിക്കുകയാണ്; വിദേശസ്ഥാപനങ്ങളെല്ലാ ദേശസാൽക്കരിക്കുകയെന്ന പാതയിലേയ്ക്കു അവർ നീങ്ങിക്കൊണ്ടിരിക്കുകയാണ്; വിദേശനയത്തിൽ കോളനിമേധാവിത്വത്തിനെതിരായതും മറ്റിതരരാഷ്ട്രങ്ങൾക്കു പിൻതുണ നല്കുന്നതുമായ ഒരു ലൈനാണ് അവർ തുടൎന്നുകൊണ്ടിരിയ്ക്കുന്നതു്; സാമ്രാജ്യത്വവാദികളുടെ സൈനികസഖ്യങ്ങളെ അവർ നിരാകരിക്കുന്നു. സമാധാനത്തിനുവേണ്ടിയും സോഷ്യലിസ്റ്റ് നാടുകളുമായി

* പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളിലെ വിപ്ലവകാരികളും ജനാധിപത്യവാദികളുമായ നേതാക്കന്മാൎക്കു വെല്യൂഷനറി ഡെമോക്രാറ്റ്സ് എന്നു പറയാറുണ്ടു് (പരിവൎത്തകൻ.)

ഗാഢമായ സൗഹാർദ്ദബന്ധങ്ങൾ സ്ഥാപിക്കുന്നതിന്നു വേണ്ടിയും പോരാടിക്കൊണ്ടിരിക്കുന്നു. ഈ പുതിയ കടമകൾ നിറവേററുവാനുള്ള കഴിവ് പഴയ ഭരണയന്ത്രത്തിനില്ലെന്നു ബോധ്യപ്പെട്ടതിൻെറ ഫലമായി വിപ്ലവജനാധിപത്യവാദികൾ ബഹുജനങ്ങളെ അടിയിൽനിന്നും ഉയർത്തിക്കൊണ്ടുപോവുകയാണ്. ശരിക്കും പറഞ്ഞാൽ ഇതു ദേശീയ ജനാധിപത്യത്തിൻെറ പരിപാടിയല്ലാതെ മറെറാന്നുമല്ല.

യുവപരമാധികാര രാഷ്ട്രങ്ങളിൽ വളന്നുവരുന്ന വർഗ്ഗസമരങ്ങളെ മാർക്സിസ്റ്റ് ലെനിസ്റ്റ് രീതിയിൽ വിശകലനം ചെയ്തുകൊണ്ടുമാത്രമേ ദേശീയ വിമോചനവിപ്ലവത്തിൻെറ ഗതിക്രമവും അതിൻെറ വിജയസാധ്യതയും തെററുകൂടാതെ വിലയിരുത്തുവാൻ സാധ്യമാകയുള്ളൂ. ഇന്നു [1] റവലൃൂഷനറി ഡെമോക്രാററുകൾ വഹിക്കുന്ന പങ്കിനെപ്പററി നമുക്കു പറയാൻ സാധിക്കുന്നുണ്ട്. എന്നാൽ കമ്യൂണിസ്റ്റ്കാരായ നമുക്കറിയാം ഈ രാജ്യങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന വർഗ്ഗസമരത്തിൻെറ പ്രവണതയുടെയും ബഹുജനങ്ങളുടെ വിപ്ലവപരമായ മുന്നേററത്തിൻെറയും ഫലമായിട്ടാണ്, അവർക്കീ പങ്കുവഹിക്കുവാൻ സാധ്യമായത്. ഈ ബഹുജനങ്ങളാവട്ടെ പുത്തൻ കോളനിമേധാവിത്വത്തിന്നെതിരായി നിഷ്ക്കൃയകമായ നിലപാട് സ്വീകരിക്കുകയും ദേശീയ വിമോചനവിപ്ലവം പൂർത്തീകരിക്കുവാനും മുതലാളിത്തേതരമായ വികസനപാതയിലേക്കുള്ള, സോഷ്യലിസ്റ്റ് പാതയിലേക്കുള്ള, പരിവത്തനത്തിന്നുവേണ്ടിയും നിർബ്ബന്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ആധുനികയുഗത്തിൽ ദേശീയവി

---

1. സവിശേഷരീതിയിൽ പ്രവത്തിച്ചുകൊണ്ടിരുന്ന വിപ്ലവകാരികളായ ജനാധിപത്യവാദികൾക്കു നല്ലപ്പെട്ടനു പേരാണിതു്.

മോചനസമരങ്ങൾക്കുണ്ടായ എല്ലാ വിജയങ്ങളേയും ലോക സോഷ്യലിസ്റ്റ് ശക്തികളുടെ, ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ, നേട്ടങ്ങളുമായി ബന്ധപ്പെട്ടവയായിട്ടാണ് മാർക്സിസ്റ്റ് ലെനിനിസ്റ്റുകാരായ നാം കണക്കാക്കുന്നത്.

ദേശീയ വിമോചനവിപ്ലവത്തിൻെറ എല്ലാ പതനങ്ങളിലും സാമ്രാജ്യത്വത്തിന്നെതിരായും, രാഷ്ട്രീയവും സാമ്പത്തികവുമായ വിമോചനത്തിന്നുവേണ്ടിയും, സ്വന്തം നാടിൻെറ സാമൂഹ്യമായ പുനരുദ്ധാരണത്തിന്നുവേണ്ടിയും ജനങ്ങളുടെ സ്വാതന്ത്ര്യത്തിന്നുവേണ്ടിയും നടന്ന എല്ലാ സമരങ്ങളിലും കമ്യൂണിസ്റ്റുകാർ മുന്നണിപ്പോരാളികളായിരുന്നു. ബഹുജനങ്ങളുടെ താല്പര്യങ്ങൾക്കുവേണ്ടി യഥാർത്ഥത്തിൽ വാദിക്കുന്നവരും ദേശീയവിമോചനത്തിന്നുവേണ്ടി അദമ്യമായി പോരാടുന്നവരും തങ്ങളാണെന്നു കമ്യൂണിസ്റ്റ്കാർ എല്ലായിടത്തും തെളിയിച്ചിട്ടുണ്ട്.

സമൂർത്തമായ പരിതസ്ഥിതികളുടെ സവിശേഷത കാരണം സമരത്തിൻെറ മുന്നണിയിൽ നില്ക്കുവാനോ ദേശീയവിമോചനവിപ്ലവത്തിൻെറ നേതൃത്വം കയ്യേല്ക്കുവാനോ സാധ്യമായിട്ടില്ലാത്ത പ്രദേശങ്ങളിൽപോലും കമ്യൂണിസ്റ്റുകാർ അനിവാര്യമായും സമരം ചെയ്യുന്ന ബഹുജനങ്ങളുടെയിടയിലായിരുന്നു. ഇടക്കിടക്ക് അവർ ഉയർത്തുന്ന മുദ്രാവാക്യങ്ങൾ റവല്യൂഷനറി ഡെമോക്രാറ്റുകളുടെ മുദ്രാവാക്യങ്ങളായിത്തീരാറുണ്ട്, ഈ ഡെമോക്രാറ്റുകൾ തങ്ങളുടെ വിപ്ലവപരമായ അടവുകൾ സ്വായത്തമാക്കിയത് സാരാംശത്തിൽ കമ്യൂണിസ്റ്റുകാരിൽനിന്നാണ്.

ദേശീയ വിമോചനവിപ്ലവങ്ങളുടെ ഭാവിക്കുള്ള ഉത്തരവാദിത്വം ഇന്നു മുമ്പെന്നത്തേക്കാളും കമ്യൂണിസ്റ്റ്കാരാ

ണ് വഹിക്കുന്നതു്. ഇന്നുള്ള ശക്തികളുടെ സന്തുലിതാവസ്ഥയെ മാർക്സിസ്റ്റുകാർ ശരിക്കും വിശകലനം ചെയ്യുകയും ബഹുജനങ്ങൾക്കു കുററമററ മുദ്രാവാക്യങ്ങൾ നല്കുകയും ചെയ്യേണ്ടതുണ്ടു്. നിശിതവും കെട്ടിപ്പിണഞ്ഞുകിടക്കുന്നതുമായ വർഗ്ഗസംഘട്ടനത്തിൽ ശരിയായ സമീപനമെന്തെന്നും വിപ്ലവം വിജയത്തിലേക്കു നയിക്കുന്ന ശക്തികളേതെന്നും വിപ്ലവത്തെ തടസ്ഥപ്പെടുത്തുവാൻ പാടുപെടുന്ന ശക്തികളേതെന്നും ബഹുജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കേണ്ടുന്ന ബാധ്യത ഇന്നു മാർക്സിസ്റ്റ്‌ലെനിനിസ്റ്റ്‌കാർക്കുണ്ടു്. സമരം എങ്ങനെ വളർത്തിക്കൊണ്ടുവരണമെന്നുള്ള വ്യക്തമായ ധാരണ ബഹുജനങ്ങൾക്കുണ്ടാകുവാനും വിപ്ലവപരമായ പരിഷ്കാരങ്ങളുടെ ഹൃദയവും തലച്ചോറും ആയിത്തീരുവാനുള്ള എല്ലാ സാധ്യതകളും ഇന്നു കമ്യൂണിസ്റ്റ്‌കാർക്കുണ്ടു്.

നമ്മുടെ കാലഘട്ടത്തിൽ സോഷ്യലിസത്തിൻെറ ചക്രവാളം എത്രകണ്ടു് വിപുലമായിത്തീർന്നിട്ടുണ്ടെന്നും മുതലാളിത്തത്തിൽനിന്നും തെററിപ്പിരിയുവാൻ തീരുമാനിച്ചിട്ടുള്ള നാടുകൾക്കു മുന്നിൽ എന്തെല്ലാം അഭ്യുദയപ്രത്യാശകൾ കിടക്കുന്നുണ്ടെന്നും തെളിയിക്കുന്നുവെന്നതാണ് ഈ പുതിയ പ്രവണതകളുടേയും പ്രക്രിയകളുടേയും പ്രാധാന്യം. മുൻകാലത്ത്, ലോകസോഷ്യലിസ്റ്റ്‌വ്യവസ്ഥ നിലവിൽ വരുന്നതിനു മുൻപ്, അർദ്ധവികസിതനാടുകൾക്കു സോവിയററ് യൂനിയനും ഇതര സോഷ്യലിസ്റ്റ് നാടുകളും വിപുലമായ തോതിൽ സാമ്പത്തികസഹായം നൽകുവാൻ ആരംഭിക്കുന്നതിനു മുൻപ്, ഏഷ്യയിലും ആഫ്രിക്കയിലും സോഷ്യലിസ്റ്റ് പരിഷ്കാരങ്ങളുടെ വിജയസാധ്യത മിക്കവാറും നീണ്ടുനില്ക്കുന്ന ഒരു കാലഘട്ടവുമായി ബന്ധപ്പെട്ടതിയാണു് കണക്കാക്കിയതു്. ഈ നീണ്ട കാലഘട്ടത്തിനുള്ളിൽ സോഷ്യ

ലിസ്റ്റ് വികസനത്തിലേയ്ക്കുള്ള പരിവർത്തനത്തിനാവശ്യമായ മുൻ ഉപാധികൾ പക്വതയടയേണ്ടതാവശ്യമായിരുന്നു. മേലെ വിവരിച്ചതരത്തിലുള്ള ഒരു ജനാധിപത്യപരിപാടിയുടെ രൂപത്തിൽ അത്തരത്തിലുള്ള ഘട്ടം ഇന്നും അത്യാവശ്യമാണ്. എന്നാൽ വ്യത്യാസമെന്താണെന്നുവെച്ചാൽ ചില നിശ്ചിത പരിതസ്ഥിതികളിൽ ഈ ഘട്ടം ദ്രുതഗതിയിൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്നതാണ്. സാമ്പത്തികമായി വേണ്ടുന്നത്ര വികസിതമല്ലാത്ത ഓരോ രാജ്യവും അനിവാര്യമായും ഉല്പാദനശക്തികൾ മുതലാളിത്തരീതിയിൽ വികസിച്ചുകൊണ്ടുവരുന്ന ഒരു കാലഘട്ടം കടന്നുപോരേണ്ടതായിട്ടുണ്ട് എന്ന് ഇന്നു ധരിയ്ക്കുന്നതു് തെററാണ്. ആധുനികഘട്ടത്തിൽ ഭൗതികമായ അർത്ഥത്തിലായാലും ധാർമ്മികവും രാഷ്ട്രീയവുമായ അർത്ഥത്തിലായാലും ലോകസോഷ്യലിസ്റ്റ് വ്യവസ്ഥ അന്താരാഷ്ട്രീയമായ നിലവാരത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിപ്പടയുടെ കടമകൾ നിറവേററിക്കൊണ്ടിരിയ്ക്കുന്നുണ്ട്.

ഈ നിർണ്ണായകമായ സ്ഥിതിവിശേഷമാണ് മുതലാളിത്തനുകം വലിച്ചെറിഞ്ഞ രാജ്യങ്ങൾക്കു മുതലാളിത്തേതര മാർഗ്ഗത്തിലൂടെയും ഒടുവിലായി സോഷ്യലിസ്റ്റ്പാതയിലൂടെയുള്ള വികസനത്തിന്റെ വിജയസാധ്യത നിർണ്ണയിക്കുന്നതു്. ലെനിൻ ഒരിക്കൽ ഇങ്ങനെ എഴുതി, ..."പിന്നോക്കം നിൽക്കുന്ന ജനതകൾക്കു് മുതലാളിത്തേതരമാർഗ്ഗം ഒഴിച്ചുകൂടാത്തതാണെന്നു ചിന്തിക്കുന്നതു തെററായിരിക്കും.......... വികസിതനാടുകളിലെ തൊഴിലാളിവർഗ്ഗത്തിന്റെ സഹായത്തോടെ പിന്നോക്കനിലയിലുള്ള രാജ്യങ്ങൾക്ക് നേരിട്ട സോവിയററ് സമ്പ്രദായത്തിലേയ്ക്കു കടക്കാവുന്നതാണ്"; തുടർന്നു വികസനത്തിന്റെ ചില പ്രത്യേക ഘട്ടങ്ങളിൽക്കൂടി ക

മ്യൂണിസത്തിലേയ്ക്കു, മുതലാളിത്തഘട്ടത്തെ മറികടന്നുകൊണ്ടുതന്നെ, പ്രവേശിക്കാവുന്നതാണ്."* ലെനിൻെറ ഈ നിർദ്ദേശങ്ങൾ സാധുവാണെന്നു് ചരിത്രം വളരെ മുൻപുതന്നെ തെളിയിച്ചതാണു്; സോവിയററ് സെൻട്രൽ ഏഷ്യൻ റിപ്പബ്ലിക്കുകളും മംഗോളിയൻ പീപ്പ്ൾസ് റിപ്പബ്ലിക്കും മുതലാളിത്തവികസനഘട്ടത്തിൽക്കൂടി കടന്നുപോവാതെതന്നെ സോഷ്യലിസത്തിൻെറ ഘട്ടത്തിലേയ്ക്കു പ്രവേശിക്കുകയുണ്ടായി. ആ രാജ്യങ്ങൾ പിന്നോക്കനിലയും അജ്ഞതയും അവസാനിപ്പിച്ചു സാമൂഹ്യ—സാമ്പത്തിക പുരോഗതിയിൽ ഒരു ഉയർന്ന നിലവാരം കൈവരിച്ചിരിക്കുകയാണു്. ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയുടെ ശക്തിയും പ്രതാപവും വമ്പിച്ച തോതിൽ വളർന്നുവന്നതിൻെറ മുദ്രപതിച്ചിരിക്കുന്ന ഇന്നത്തെ പരിതസ്ഥിതിയിൽ ചില ആഫ്രിക്കൻ രാജ്യങ്ങളും ഏഷ്യൻ രാജ്യങ്ങളും ഭേദഗതി ചെയ്ത രൂപത്തിൽ—സോവിയററ്ഭരണമില്ലാതെയും തൊഴിലാളിവർഗ്ഗസർവ്വാധിപത്യമില്ലാതെയും—അതേ പന്ഥാവ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്. ലോകത്തിലെ ശക്തികളുടെ സന്തുലിതാവസ്ഥ സാമ്രാജ്യത്വത്തിന്നു ഹാനികരമായ തരത്തിലും സോഷ്യലിസത്തിന്നു അനുകൂലമായും മാറിക്കൊണ്ടിരിക്കുന്ന ചുററുപാടുകളിൽ മുൻപു കോളനികളോ അർദ്ധകോളനികളോ ആയിരുന്ന നാടുകളുടെ മുൻപിൽ തുറന്നുകിടക്കുന്ന സോഷ്യലിസത്തിലേയ്ക്കുള്ള പാതയാണു് മുതലാളിത്തേതര വികസനം. അതേയവസരത്തിൽ മുതലാളിത്തേതര വികസനം വിപ്ലവപരമായ ഒരു പ്രക്രിയകൂടിയാണ്. ഈ പ്രക്രിയയിൽ ദേശീയ വിമോചനവിപ്ലവം സ്ഥിരതയോടും ക്രമപ്രവൃദ്ധമായും ഒട്ടേറെ ഇടക്കാലഘട്ടങ്ങളിൽക്കൂടി സോഷ്യലിസ്റ്റ് വിപ്ലവമായി

---

* V. I. Lenin, Works, Vol 31, p. 219.

വികസിയ്ക്കും. ജനാധിപത്യപരിപാടിയനുസരിച്ച് എടുക്കപ്പെടുന്ന നടപടികൾ വിപ്ലവം മുന്നോട്ടുപോകുന്നതിന്നനുയോജ്യമായി വികസിതമായ രീതിയിലും വ്യാപകമായ തോതിലും നടപ്പിൽ വരുന്നതോടെ അവ മുതലാളിത്തേതര വികസനത്തിനുള്ള പ്രേരകശക്തികളായി മാറും. വിപ്ലവത്തിന്റെ വികാസത്തിലുണ്ടാവുന്ന ഒരു രാഷ്ട്രീയ രൂപമാണ് ദേശീയ ജനാധിപത്യഭരണകൂടം. ജനാധിപത്യപരിപാടി നടപ്പിലാക്കുവാനുള്ള ഒരുപകരണമായിട്ടാണ് അതു് ഉദയം ചെയ്യുന്നതു്. അതു പിന്നീട് മുതലാളിത്തേതരവികസനത്തിലേയ്ക്കും സോഷ്യലിസ്റ്റ് വികസനത്തിലേയ്ക്കുമുള്ള പരിവർത്തനത്തിനുള്ള ഒരുപകരണമായിത്തീരും. ദേശീയ വിമോചനപരവും, ദേശീയജനാധിപത്യപരവും, സാമ്രാജ്യവിരുദ്ധ നാടുവാഴിത്തവിരുദ്ധവുമായ വിപ്ലവത്തിന്റെയാകെ മൊത്തമുള്ള പ്രക്രിയയുടെ യുക്ത്യനുസൃതമായ പരിണാമമെന്ന നിലയ്ക്കാണ് സോഷ്യലിസം മുന്നിൽ വരുന്നതു്. യുഗങ്ങളായി നിലനിന്നുവരുന്ന പിന്നോക്കനിലയ്ക്കറുതിവരുത്തുവാനും ദേശീയമായ യുവത്വം വീണ്ടെടുക്കുവാനും സാമൂഹ്യപുരോഗതി കൈവരിക്കുവാനും അതിവേഗത്തിൽ സാധിക്കുമെന്നതിന്നുറപ്പുനല്കുന്ന ഏക മാർഗ്ഗമെന്നനിലയ്ക്കാണ് സോഷ്യലിസ്റ്റ്‌വികസനമാർഗ്ഗം കൈക്കൊള്ളുന്നതു്.

മുതലാളിത്തേതര മാർഗ്ഗം സ്വീകരിച്ചുകഴിഞ്ഞിട്ടുള്ള രാജ്യങ്ങളുടെ ചരിത്രത്തെ പിന്നോട്ടു തിരിക്കുവാനും എതു വിപ്ലവം ഇറക്കുമതിചെയ്യുവാനും സാമ്രാജ്യത്വം നടത്തുന്ന പരിശ്രമങ്ങളെ പരിമിതപ്പെടുത്തുന്നതു് അഥവാ ആകെ മൊത്തം ചൈതന്യരഹിതമാക്കുന്നതു് ലോകസോഷ്യലിസം നൽകുന്ന പിൻതുണയാണ്. എത്രയും വേദന കുറഞ്ഞ രീതിയിൽ ലോകമുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ മുഷ്ടി

യിൽനിന്നും സ്വയം വിമുക്തമാവുന്നതിന്നു ഈ രാജ്യങ്ങൾക്ക സോഷ്യലിസ്റ്റ്രാഷ്ട്രങ്ങളുടെ സാമ്പത്തികസഹായം കഴിവുണ്ടാക്കുന്നുണ്ട്.

മുതലാളിത്തേതരമാർഗ്ഗത്തെപററിയുള്ള ലെനിസ്റ്റ് സിദ്ധാന്തത്തെ നമ്മുടെ അനുഭവങ്ങൾ സാധൂകരിയ്ക്കുന്നുണ്ട്. "വികസിതനാട്ടുകളിലെ തൊഴിലാളിവർഗ്ഗത്തിൻെറ സഹായത്തോടെ," അദ്ധ്വികസിതനാട്ടുകൾക്ക് ഒരു സാമൂഹ്യവ്യവസ്ഥയെന്ന നിലയിലും വികസനത്തിൻെറ ഒരു ഘട്ടമെന്ന നിലയിലും മുതലാളിത്തത്തെ മറികടന്നു പോകുവാൻ സാധ്യമാണു്. അതാണു് ലെനിൻ പഠിപ്പിച്ചിട്ടുള്ളതു്. മാർക്സിസ്റ്റ്ലെനിനിസ്റ്റ് സിദ്ധാന്തത്തിൻെറ പരിശുദ്ധി ഉയർത്തിപ്പിടിക്കുകയും പ്രായോഗികരംഗത്ത് തൊഴിലാളിവർഗ്ഗവും ദേശീയ വിമോചനത്തിൻെറ ശക്തികളും തമ്മിലുള്ള സഖ്യത്തെ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതു് നമ്മുടെ കർത്തവ്യമാണു്. ഇതു ലോകസോഷ്യലിസ്റ്റ്വിപ്ലവത്തിൻെറ വിജയത്തിനുള്ള ഉറപ്പാണു്.

X X X X X

മുതലാളിത്തത്തിൽനിന്നും സോഷ്യലിസത്തിലേയ്ക്കുള്ള മനുഷ്യരാശിയുടെ പ്രയാണം ആത്മീയമേഖലയിൽ പ്രതിഫലിതമാവുന്നതു് രണ്ടു് സിദ്ധാന്തങ്ങൾ തമ്മിലുള്ള തീഷ്ണമായ സമരത്തിലാണു്—കമ്യൂണിസ്റ്റ്സിദ്ധാന്തവും ബൂർഷ്വാസിദ്ധാന്തവും. കമ്യൂണിസ്റ്റ്സിദ്ധാന്തം ഉടലെടുത്ത നിമിഷം മുതൽ നടന്നുകൊണ്ടിരിയ്ക്കുന്ന ഒരു സമരമാണിതു്. അതിൻെറ പരിണാമം തുടർച്ചയായി വളർന്നുവന്നിട്ടുണ്ട്. ആദ്യകാലത്ത്, ചൂഷകവർഗ്ഗത്തിൻെറ ആശയങ്ങൾ മനുഷ്യരു

ടെ മസ്തിഷ്ക്കത്തിൽ മിക്കവാറും പൂൎണ്ണമായ തോതിൽ ആധിപത്യം വഹിച്ചിരുന്ന ഘട്ടത്തിൽ, തൊഴിലാളിവർഗ്ഗത്തിൻെറയും മററിതരജനങ്ങളുടേയും അഭിലാഷങ്ങൾക്കും താല്പര്യങ്ങൾക്കും രൂപം കൊടുത്തുകൊണ്ടും അവരുടെ വിപ്ലവപരമായ വിമോചനത്തിനുള്ള മാർഗ്ഗം നിർദ്ദേശിച്ചുകൊണ്ടും വ്യക്തമായും നിർവ്വചിക്കപ്പെട്ട ഒരു ശാസ്ത്രീയസിദ്ധാന്തം അവതരിപ്പിച്ചുകൊണ്ടുതന്നെ ചൂഷകവർഗ്ഗത്തിൻെറ ആശയങ്ങളെ എതിൎക്കേണ്ടതാവശ്യമായിത്തീൎന്നു. ഇന്നത്തെ ഘട്ടത്തിൽ പ്രസ്തുത സിദ്ധാന്തത്തിലെ ആശയങ്ങൾക്ക് അസമത്വത്തേയും അനീതിയേയും ഒരുവനു മറെറാരാളെ ചൂഷണംചെയ്യാനുള്ള അവകാശത്തേയും ഉയൎത്തിപ്പിടിക്കുന്ന ആശയങ്ങളുടെയും അഭിപ്രായഗതികളുടെയും മേൽ അവസാനവിജയംവരിക്കാനുള്ള സമരമാണ് ഇന്നു നടന്നുകൊണ്ടിരിക്കുന്നതു്.

മുൻകാലത്തു് വിപ്ലവകാരികളായ തൊഴിലാളിവൎഗ്ഗത്തിൻെറ മുന്നണിപ്പടയിലെ അണികളിൽ ശാസ്ത്രീയ സോഷ്യലിസത്തിൻെറ സിദ്ധാന്തങ്ങൾ ഉറപ്പിക്കുക എന്നതായിരുന്നു കടമ. ഇന്നു തൊഴിലാളിവർഗ്ഗത്തിൻെറ സിദ്ധാന്തം ദശലക്ഷക്കണക്കിലുള്ള അധ്വാനിക്കുന്ന ജനങ്ങളെ ആകർഷിച്ചണിനിരത്തിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളിവൎഗ്ഗത്തിൽപെടാത്ത വലിയ ജനവിഭാഗങ്ങളടക്കം ഈ സിദ്ധാന്തം അംഗീകരിക്കുന്നുണ്ടു്. അതിനും പുറമെ ഒരു പുതിയ സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിൽ കോടിക്കണക്കിലുള്ള ജനങ്ങൾ ആ സിദ്ധാന്തത്തെ മാർഗ്ഗദൎശകമായി കണക്കാക്കുകയും ചെയ്യുന്നു.

ലോകരംഗത്ത് സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ പ്രത്യക്ഷപ്പെട്ടതോടെ, പ്രത്യേകിച്ചും ലോകസോഷ്യലിസ്റ്റ് വ്യവസ്ഥ

രൂപീകൃതമായതോടെ സാവ്വദേശീയപ്രശ്നങ്ങളിൽ ആശയങ്ങളുടെ സമരം നേതൃഘടകമായിത്തീൎന്നു. മാർക്സിസ്റ്റ്–ലെനിനിസ്റ്റ് ആശയങ്ങൾ ഒരു വമ്പിച്ച ഭൗതികശക്തിയായി വളൎന്നു. പ്രസ്തുത ആശയങ്ങൾ ഇന്നു നമ്മുടെ ഭൂഗോളത്തിലാകമാനം ജൈത്രയാത്ര നടത്തുന്നുണ്ടു്. മനുഷ്യൻെറ ആത്മീയ വികസനത്തിൻെറ പ്രധാനമായ പ്രവണത നിൎണ്ണയിക്കുന്നതു് ഈ ആശയങ്ങളാണു്.

മുതലാളിത്തനാട്ടുകളിലെ അധ്വാനിയ്ക്കുന്ന ജനവിഭാഗങ്ങളുടെ മേൽ ബൂർഷ്വാസിദ്ധാന്തങ്ങൾക്കും വാദഗതികൾക്കും ഉണ്ടായിരുന്ന സ്വാധീനശക്തി ഗണ്യമായ തോതിൽ ദുർബ്ബലമായി വരികയാണു്. ഈ ആശയങ്ങൾക്കും വാദതികൾക്കും ചരിത്രത്തിൻെറ പരീക്ഷയിൽ വിജയം നേടുവാൻ സാധിച്ചില്ലെന്നതാണു് വസ്തുത. ജീവിതം ഉന്നയിച്ച പ്രശ്നങ്ങൾക്കു ഉത്തരം നല്കുവാൻ അവയ്ക്കു കഴിയുന്നില്ല. ആധുനിക ബൂർഷ്വാസിയ്ക്കുണ്ടായ ആത്മീയാധഃപതനം ചരിത്രപരമായ ഒരു വസ്തുതയാണു്. അവക്ക് സമൂഹത്തിലുള്ള ഇന്നത്തെ വസ്തുനിഷ്ഠമായ പദവിയാണ് ഈ അധഃപതനത്തിന്നു കാരണം.

ലോകസോഷ്യലിസത്തിന്റെയും വിപ്ലവപരമായ തൊഴിലാളിപ്രസ്ഥാനത്തിൻെറയും ദേശീയ വിമോചനപ്രസ്ഥാനത്തിൻെറയും ശക്തികൾ കൂടുതൽ ബലം നേടുന്നതോടെ സാവ്വദേശീയമായ നിലവാരത്തിൽ നടക്കുന്ന വർഗ്ഗസമരത്തിൻെറ മുൻനിരയിലേയ്ക്കു ആശയപരമായ യുദ്ധം സ്ഥാനംപിടിച്ചിരിക്കുകയാണു്.

സോഷ്യലിസ്റ്റ് ആശയങ്ങളുടെ വിജയകരമായ പ്രചരണത്തിനു ബദലായി നിൎത്തുവാൻ കഴിയുന്ന ഒരു ആശയം

കണ്ടുപിടിക്കുവാൻ മുമ്പൊരിക്കലും സാമ്രാജ്യത്വബൂർഷ്വാസി ഇത്ര വമ്പിച്ച പരിശ്രമം നടത്തേണ്ടിവന്നിട്ടില്ല. കമ്യൂണിസ്റ്റ് വിരോധമാണ്—സോഷ്യലിസ്റ്റ് വ്യവസ്ഥയെപറ്റിയുള്ള തെറിപ്രചരണം, കമ്യൂണിസ്റ്റ് പാർട്ടികളുടെ നയങ്ങളെയും ലക്ഷ്യങ്ങളേയും ദുർവ്യാഖ്യാനം ചെയ്യൽ, മാർക്സിസ്റ്റ് ലെനിനിസ്റ്റ് സിദ്ധാന്തങ്ങളെ തെററിദ്ധരിപ്പിക്കൽ എന്നിവ—ഇന്നു ബൂർഷ്വാസിയുടെ കയ്യിലുള്ള പ്രധാനപ്പെട്ട ആശയ--രാഷ്ട്രീയായുധം. ബഹുജനങ്ങളെ തെററിദ്ധരിപ്പിക്കുവാനുദ്ദേശിച്ചുകൊണ്ടുള്ള പ്രചരണപ്രവർത്തനങ്ങളാണ് ഇന്നു സാമ്രാജ്യഭരണയന്ത്രത്തിൻെറ മുഖ്യമായ കടമയായിതീർന്നിരിക്കുന്നതു്.

കമ്യൂണിസ്റ്റ് വിരോധത്തിൻെറ വ്യാഖ്യാതാക്കൾ പഴയ കാലഹരണംവന്ന പ്രചരണരീതികൾ ഉപേക്ഷിച്ചിട്ടില്ല. എന്നാൽ അവർ വ്യാമോഹം സൃഷ്ടിക്കത്തക്ക പുതിയ രീതികൾ ഉപയോഗിക്കുന്നുണ്ടുതാനും. "മോഷ്ടിക്കപ്പെട്ട മുദ്രാവാക്യ"ങ്ങളെ അവലംബിക്കുകയെന്ന അടവുകൾ പ്രയോഗിച്ചുകൊണ്ടും യഥാർത്ഥമായ ആശയങ്ങളെ വഞ്ചനാപരമായി മൂടിവെച്ചുകൊണ്ടും അവർ പ്രചരണം നടത്തുന്നുണ്ട്. അതിനും പുറമെ കൂടുതൽ അപകൃഷ്ടമായവികാരങ്ങളെ ഉത്തേജിപ്പിക്കുവാനായി അവർ കഠിനമായി അധ്വാനിക്കുന്നു. അങ്ങേയററത്തെ ദേശീയ വികാരങ്ങളുടെയും, ആക്രമണാസക്തമായ സങ്കുചിത ദേശീയത്വത്തിൻെറയും വർഗ്ഗപരമായ അസഹിഷ്ണതയുടേയും ബീജങ്ങൾ അവർ വിതച്ചുകൊണ്ടിരിക്കുകയാണു്.

തെററായ വിവരങ്ങൾ പ്രചരിപ്പിക്കൽ, വ്യാജനിർമ്മിതമായ കിംവദന്തികൾ മുതലായവയിൽകൂടി ബൂർഷ്വാ

സി ഇന്നു നടത്തുന്ന "മനശ്ശാസ്ത്രപരമായ പോരാട്ടം" എന്നു പറയപ്പെട്ടുന്നതൊന്നും ഉപേക്ഷിയ്ക്കുവാൻ അവക്ക് സാധ്യമല്ല. ബൂർഷ്വാസിദ്ധാന്തങ്ങൾ അഗാധമായ കുഴപ്പത്തിലാണെന്നും കമ്യൂണിസ്റ്റ്‌വിരോധത്തിൻെറ ശക്തിയായിരിക്കുന്നുവെന്നുമാണ് അതു സൂചിപ്പിയ്ക്കുന്നതു്.

സമാധാനപരമായ സഹവത്തനത്തിൻെറ ചുററുപാട്ടകളിൽ മാർക്സിസ്റ്റ് ലെനിസ്റ്റ് ആശയങ്ങൾക്കുവേണ്ടി നാം നടത്തുന്ന സമരം ഏററവും ഉൽകൃഷ്ടവും നീതിനിഷ്ഠവുമായ ഒരു സാമൂഹ്യവ്യവസ്ഥയ്ക്കു വേണ്ടിയുള്ള സമരമാണ്; മാനവരാശിയുടെ വിജയത്തിന്നുവേണ്ടിയുള്ള സമരമാണ്. ദേശീയവും സാമൂഹ്യവുമായ നീതിയുടെയും ജനാധിപത്യത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും വിജയത്തിനായുള്ള സമരമാണ്.

ബൂർഷ്വാസിദ്ധാന്തങ്ങൾക്കെതിരായി വിട്ടുവീഴ്ചയില്ലാത്ത സമരം നടത്തുന്നതിൽക്കൂടി നാം കോടിക്കണക്കിലുള്ള നമ്മുടെ വർഗ്ഗസഹോദരന്മാരെ, ബൂർഷ്വാസിദ്ധാന്തങ്ങളുടെ പിടിയിൽനിന്നും വിമുക്തരാക്കുവാനും മനുഷ്യന്നു് കൂടുതൽ ഭൂതിമത്തായ ഒരു ഭാവി നേടിയെടുക്കാനുള്ള സമരത്തിൽ അവരെ ഭാഗഭാക്കുകളാക്കിത്തീക്കുവാണ് പോരാട്ടുന്നതു്. ഈ സമരം നടത്തുന്നതിലുള്ള വിഷമതകളുടെ കാഠിന്യം കുറച്ചുകാണുന്നതു് അബദ്ധമായിരിക്കും. നാം ഇന്നു പോരാടിക്കൊണ്ടിരിയ്ക്കുന്നതു പരിചയസമ്പന്നനും ചതിയനുമായ ഒരു ശത്രുഃവാടാണ്; ആശയപരമായ മയക്കുമരുന്നുകൾ സേവിപ്പിയ്ക്കുന്നതിന്നു ഉപയോഗപ്പെടുത്തുന്ന അടവുകളും, സൂത്രങ്ങളും, സമ്പ്രദായങ്ങളും അവർ മാററിക്കൊക്കിരിയ്ക്കുന്നുണ്ട്. ആശയപരമായ സമരമുന്നണിയിലെ പോരാട്ടങ്ങളിൽ സാമ്രാജ്യത്വശക്തികൾ രാഷ്ട്രീയസമരതന്ത്രത്തിലെ ഏതെങ്കിലും വശത്തേയോ ഏതെങ്കിലും പ്രവണതയേയോ

കമ്യൂണിസ്റ്റ്കാർ വിഗണിക്കുന്നതു് ആപത്തായിരിക്കും. ബൂർഷ്വായിയുടെ കുടിലതന്ത്രങ്ങളെ തുറന്നുകാട്ടുന്ന കാര്യത്തിൽ കമ്യൂണിസ്റ്റ്കാർ പ്രാകൃതമായ നിലപാടുകൾ സ്വീകരിക്കരുതു്. തങ്ങളുടെ പ്രചാരണം കഴിയുന്നത്ര ഫലപ്രദമാക്കണമെന്ന ഉദ്ദേശ്യത്തോടെ കമ്യൂണിസ്റ്റ്കാർ വിവിധ ജനവിഭാഗങ്ങളുടെ മദ്ധ്യത്തിൽ ബൂർഷ്വാസി നടത്തുന്ന ആശയപ്രചരണത്തിലുള്ള വ്യത്യസ്തമായ സ്വഭാവവിശേഷങ്ങൾ ശ്രദ്ധിച്ചു പഠിച്ചുകൊണ്ടു് അതിനെ നേരിടണം.

ബൂർഷ്വാസിയുടെ ആശയങ്ങൾ പരസ്യമായിത്തന്നെ പ്രചരിപ്പിക്കുന്നവരെ തുറന്നുകാട്ടുന്ന അതേ അവസരത്തിൽ തന്നെ വലതുപക്ഷ സോഷ്യൽ ഡമോക്രാററുകാരെപ്പോലെ ബൂർഷ്വാസിയുടെ ആധിപത്യത്തെ സംരക്ഷിക്കുവാൻ പ്രച്ഛന്നമായി ശ്രമിക്കുന്നവർക്കെതിരായ സമരത്തിന്നു യാതൊരു വിധത്തിലും അയവുവരുത്തിക്കൂടാ. എന്തുകൊണ്ടെന്നാൽ തൊഴിലാളിപ്രസ്ഥാനത്തിൽ മിതവാദിത്വപരവും റിവിഷനിസ്റ്റുമായ വ്യാമോഹങ്ങൾ പരത്തിവിടുന്നതു് അവരാണ്. അതേയവസരത്തിൽതന്നെ മാർക്സിസം—ലെനിനിസത്തിന്നും റിവിഷനിസ്റ്റ് രീതിയിലോ, 'ഇടതുപക്ഷ' ഡോഗ്മാററിക്ക് രീതിയിലോ, ദേശീയമായോ വരുന്ന വ്യതിയാനങ്ങൾക്കെതിരായ സമരം ലോകകമ്യൂണിസ്റ്റ്പ്രസ്ഥാനം ദൃഢനിശ്ചയത്തോടെ തുടന്നു നടത്തിക്കൊണ്ടിരിക്കുന്നതുമാണ്.

മാർക്സിസം ലെനിനിസത്തിന്റെ സൃഷ്ടിപരമായ വികാസത്തെ കേന്ദ്രബിന്ദുവാക്കിക്കൊണ്ടാണു് ലോകവിപ്ലവപ്രസ്ഥാനത്തിൻെറ ആശയപരവും രാഷ്ട്രീയവുമായ ജീവിതം മുന്നോട്ടു നീങ്ങുന്നതു്. അടുത്തു കഴിഞ്ഞ ചില വർഷങ്ങളിലായി ലോകത്തിൽ മൗലികമായ മാററങ്ങൾ വന്നിട്ടുണ്ടു്. അതിൻഫലമായി മനുഷ്യരാശിയെ ഇന്നു അലട്ടിക്കൊണ്ടിരിക്കുന്ന പ്രധാന പ്രശ്നങ്ങൾക്കു മാർക്സിസ്റ്റ്–ലെനിനിസ്റ്റുകാർ

മറുപടി പറയേണ്ടിയിരിക്കുന്നു. ഈ പ്രശ്നങ്ങൾക്ക് ഉത്തരം കാണുവാനും വർത്തമാനകാലത്തും ഭാവിയിലുമുള്ള ലോകവികാസത്തെ കുറ്റമററരീതിയിൽ വിശകലനം ചെയ്യുവാനും സാധിക്കണമെങ്കിൽ സൃഷ്ടിപരമായ വിപ്ലവചിന്തയിൽ ഒരു പുതിയ മുന്നേററം ആവശ്യമായി വന്നു. സി. പി. എസ്. യു. വിൻെറ ഇരുപതാം കോൺഗ്രസ്സ് ഈ പ്രശ്നങ്ങൾക്കു ഉത്തരം കാണുന്നതിന്നു അനുകൂലമായ ചുററുപാടുകൾ സൃഷ്ടിച്ചിട്ടുണ്ട്. സാർവ്വദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ പ്രസ്തുത കോൺഗ്രസ്സ് ഒരു പുതിയ ഘട്ടത്തിൻെറ ആഗമനം കുറിച്ചിരിക്കുകയാണ്. വ്യക്തിപൂജാസിദ്ധാന്തത്തിൻെറ ദൂഷ്യഫലങ്ങൾ രാഷ്ട്രീയജീവിതത്തിൻേറയും ആശയപരമായ ജീവിതത്തിൻേറയും എല്ലാ മേഖലകളിലെയും മുന്നോട്ടുള്ള ഗതിയെ തടസ്ഥപ്പെടുത്താതാക്കിതീർക്കുവാൻ സ്ഥിരോത്സാഹത്തോടെ പരിശ്രമിച്ചതിൻെറ ഫലമായി മാർക്സിസ്റ്റ്—ലെനിനിസ്റ്റ് സിദ്ധാന്തത്തിൽനിന്നുള്ള റിവിഷനിസ്റ്റ് വ്യതിയാനങ്ങൾക്കും ഡോക്മാററിസ്റ്റ് വ്യതിയാനങ്ങൾക്കും മാരകമായ പ്രഹരം ഏല്പിക്കുവാൻ സാധിച്ചിരിക്കുന്നു.

കമ്യൂണിസ്റ്റ്—വർക്കേഴ്സ് പാർട്ടിയുടെ മോസ്കോസമ്മേളനമംഗീകരിച്ച പ്രഖ്യാപനവും പ്രസ്താവനയും, സി. പി. എസ്. യു. വിൻെറ പരിപാടി, സഹോദരകമ്യൂണിസ്റ്റ്പാർട്ടികളുടെ പരിപാടികൾ മുതലായി സൃഷ്ടിപരമായ മാർക്സിസത്തിൻെറ മുൻപന്തിയിൽ പെട്ട ചില രേഖകൾ ലോകകമ്യൂണിസ്റ്റ്പ്രസ്ഥാനം ആവിഷ്കരിച്ചിട്ടുണ്ട്. 1957 ലെ പ്രഖ്യാപനത്തിലും 1960ലെ പ്രസ്താവനയിലും ലോകകമ്യൂണിസ്റ്റ്പ്രസ്ഥാനം നിർവ്വചിച്ചിട്ടുള്ള പൊതുനയം കമ്യൂണിസ്റ്റ്കാരായ നാം ഉയർത്തിപ്പിടിക്കുന്നുണ്ട്.

ലോകശക്തികളുടെ സന്തുലിതാവസ്ഥ തങ്ങൾക്കനുകൂ

ലമായി തിരിക്കുവാൻ സാധിയ്ക്കുമെന്നു സാമ്രാജ്യത്വശക്തികൾ ആശിയ്ക്കുന്നുണ്ടു്. ചരിത്രപരമായ സംഭവങ്ങളുടെ ഗതിക്രമത്തെ പിന്നോട്ടു തിരിക്കുക അസാധ്യമാണു്. ഇന്നത്തെ ഘട്ടത്തിൽ ലോകവികാസം നിർണ്ണയിക്കുന്നതു് സോഷ്യലിസ്റ്റ്ശക്തികളാണു്. നമ്മുടെ കാലഘട്ടത്തിൽ ആധിപത്യം വഹിയ്ക്കുന്ന ഈ പ്രവണതയെ താല്ക്കാലികമായുണ്ടാവുന്ന വിഷമതകൾക്കു തടഞ്ഞുനിർത്താനാവില്ല.

നമ്മുടെ കാലഘട്ടത്തിലെ എല്ലാ വിപ്ലവശക്തികളുടേയും മുഖ്യശത്രു സാമ്രാജ്യത്വമാണു്. സാമ്രാജ്യ വിരുദ്ധസമരത്തിലാണു് കമ്യൂണിസ്റ്റ്കാർ അവരുടെ എല്ലാ സമരശക്തിയും കേന്ദ്രീകരിയ്ക്കുന്നതു്. സാമ്രാജ്യവിരുദ്ധമുന്നണിയുടെ നേതൃസ്ഥാനത്താണു് സോവിയററുയൂനിയൻ നില്ക്കുന്നതു്. സാമ്രാജ്യത്വത്തിന്നെതിരായ സമരത്തിൻെറ ഭാരം പ്രധാനമായും വഹിക്കേണ്ടുന്ന ഉത്തരവാദിത്വം സോവിയററുയൂനിയൻെറ കൈകളിലാണു് ചരിത്രം അർപ്പിച്ചിരിക്കുന്നതു്.

ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്നുള്ള വിഷമതകളെല്ലാം പരിഹരിയ്ക്കുമെന്നും തൊഴിലാളിവർഗ്ഗത്തിൻെറ മഹത്തായ ലക്ഷ്യം നേടുവാനും സമാധാനത്തിൻെറയും രാഷ്ട്രങ്ങളുടെ ഭദ്രതയുടേയും പ്രശ്നങ്ങൾ പരിഹരിക്കുവാനും കമ്യൂണിസത്തിൻെറ വിജയത്തിനുവേണ്ടിയും നടത്തുന്ന സമരത്തിൽ പുതിയ വിജയങ്ങൾ കൈവരിയ്ക്കുമെന്നും നമുക്കു ഉറച്ച ബോധ്യമുണ്ടു്. ഒന്നാം ഇൻടർനേഷനലിൻെറ മഹാന്മാരായ സ്ഥാപകന്മാരാണു് നൂറു വർഷങ്ങൾക്കു മുൻപു് കമ്യൂണിസത്തിൻെറ വിശിഷ്ട വൈജയന്തി ഉയർത്തിപ്പിടിച്ചതു്.

★

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. 900 Acc. No. 32795

This book should be returned on or before the date last stamped below.

12 DEC 2015

If the book is not returned on due date
a fine of 20 Ps. per day will be charged

൧൦൦

MAN - L

32795

മാന്വൽ അർന്ദു

ലോക.വികാസത്തിന്റെ നാഴ്ദാൺ

KOTTAYAM PUBLIC LIBRARY

Call No. M900 MAN-L Acc. No. 32795

Author വാന്യൻ അർന്ദു

Title ലോകവിക്ഷോഭത്തിന്റെ നൂറ്റാണ്ട്